# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 മേയ് 10, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മേയ് 10, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

287/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. ...25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. ...25
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. ...62

**II അടിയന്തരപ്രമേയം**

നാണ്യവിളകളുടെ വിലത്തകർച്ച
(അവതരണാനുമതി നിഷേധിച്ചു) .. ...364

**III ശ്രദ്ധ ക്ഷണിക്കൽ**

1. ആർഭാട വിവാഹങ്ങൾ

— ശ്രീ. മുല്ലക്കര രത്നാകരൻ .. ...387

2. അവയവം മാറ്റിവയ്ക്കൽ നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ

— ശ്രീ. സി. മമ്മൂട്ടി .. ..391

**IV സബ്മിഷൻ**

1. കുഞ്ഞാമിനയുടെ മരണം

— ശ്രീ. കെ. സി. ജോസഫ് .. ...395

2. വിദ്യാഭ്യാസ വായ്പ

— ശ്രീ. പി. സി. ജോർജ് .. ....396

3. ഫയർ സ്റ്റേഷൻ

— ശ്രീ. വി. ടി. ബൽറാം .. ....398

4. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ പ്രവർത്തനം

— ശ്രീ. വി. എസ്. അച്ചുതാനന്ദൻ .. ...399

5. കുടിവെള്ള പദ്ധതി

— ശ്രീ. മഞ്ഞളാംകുഴി അലി .. ...401

പേജ്

6. മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

– ശ്രീ. എൻ. വിജയൻ പിള്ള .. ...403

7. ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

– ശ്രീ. വി. അബ്ദുറഹിമാൻ .. ...405

8. മാവേലിക്കര ജില്ലാ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കൽ

– ശ്രീ. ആർ. രാജേഷ് .. ...406

9. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ലാബ്, ഡയാലിസിസ് യൂണിറ്റുകൾ

– ശ്രീ. അനിൽ അക്കര .. ...408

10. പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

– ശ്രീ. ബി. ഡി. ദേവസ്സി .. ...410

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** .. ...411

**VI റിപ്പോർട്ട് സമർപ്പണം**

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ .. ...413

**VII അവകാശ ലംഘന നോട്ടീസ്**

മഹാരാജാസ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന—

ശ്രീ. പി. ടി. തോമസ്

ശ്രീ. ഹൈബി ഈഡൻ .. ...414

**VIII ക്രമപ്രശ്നം**

റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും നിയമത്തിലെ അവ്യക്തത—

ശ്രീ. എം. ഉമ്മർ .. ...417

*പേജ്*

**റൂളിംഗ്** .. ...418

**IX ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. ...419

**X അറിയിപ്പ്**

ചിത്രപ്രദർശനം—

മി. സ്പീക്കർ .. ...521

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 10, ബുധൻ*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2017 മേയ് മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *301

ചോദ്യം നമ്പർ *301-ഉം *316-ഉം ക്ലബ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ചിറ്റയം ഗോപകുമാർ നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യം സമാനമല്ലാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

### ഭക്ഷ്യ ഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ

1 (*301) ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഗണിച്ച് ഭക്ഷ്യ ഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിവരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; ആവശ്യങ്ങളിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ,

(എ-സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർനിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനുമാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുതലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡ മനുസരിച്ചാണ് അധികവിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ OMSS നിരക്കിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി സംസ്ഥാനത്ത് വിതരണം നടത്തുന്നുണ്ട്.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: സർ, ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം, ട്രാൻസ്പാരൻസി പോർട്ടൽ, പരാതി പരിഹാര സംവിധാനം, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങൾ റേഷൻ വിതരണ മേഖലയിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയും; ഇതിന് എന്തെല്ലാം നടപടി സ്വീകരിച്ചു?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ജി.പി.എസ്. സംവിധാനം നടപ്പിൽ വരുത്തുന്നതിനും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനും വേണ്ട ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ജൂൺ, ജൂലായ് മാസത്തോടെ ഈ രണ്ടു ഘടകങ്ങളും പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരും മത്സ്യത്തൊഴിലാളികളും അംഗവൈകല്യമുള്ളവരും മുൻഗണനാ പട്ടികയിൽ നിന്ന് പുറത്തായപ്പോൾ അനർഹരായ പലരും മുൻഗണനാ പട്ടികയിൽ വരികയുണ്ടായി. ഇത് എപ്രകാരം സംഭവിച്ചുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് കറക്ട് ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിച്ചു?

ശ്രീ. പി. തിലോത്തമൻ: സർ, അർഹതയുള്ള കുറച്ചു വിഭാഗം ആളുകൾ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവായതായി കണ്ടിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്. അവരുടെയെല്ലാം അപ്പീലുകൾ ലഭ്യമായിട്ടുണ്ട്. അത് സ്ക്രൂട്ടിണൈസ് ചെയ്ത് ആവശ്യമായ അന്വേഷണം നടത്തി അതിന്മേൽ തീർപ്പ് കൽപ്പിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് നൽകിയ മറുപടിയിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. നമുക്ക് കൂടുതൽ ഭക്ഷ്യധാന്യം ആവശ്യമാണ്. ഏകദേശം 14 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട്. ഇപ്പോഴുള്ള ബോഗസ് കാർഡുകളെല്ലാം ഒഴിവാക്കിക്കഴിഞ്ഞാൽ OMSS-നെ ആശ്രയിക്കാതെ തന്നെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊടുത്തിരുന്നതുപോലെ 8 മുതൽ 10 കിലോ ധാന്യം നോൺ പ്രയോറിറ്റി വിഭാഗത്തിന് സ്ഥിരമായി കൊടുക്കാൻ സാധിക്കും. അതിനുള്ള സാഹചര്യമുണ്ടാകുമോ; അതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തന്നെ ധാന്യവിതരണം തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ മാസം മുതൽ 8 കിലോഗ്രാം ധാന്യം നോൺ പ്രയോറിറ്റി/നോൺ സബ്സിഡി വിഭാഗത്തിന് കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു ഗോതമ്പ് സംസ്കരണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഗോതമ്പ് ആട്ടയാക്കി റേഷൻ കടകളിലൂടെ ചുരുങ്ങിയ വിലയ്ക്ക് വിതരണം ചെയ്യുന്നതിനാണ് ആ സംസ്കരണ കേന്ദ്രം ആരംഭിച്ചത്. എന്നാൽ ഗോതമ്പ് ലഭിക്കുന്നില്ല എന്നതുകൊണ്ട് ഡിസംബർ മാസം മുതൽ ആ സ്ഥാപനം അടച്ചുപൂട്ടിയിരിക്കുകയാണ്. അതേസമയം ലോക്കൽ മാർക്കറ്റിൽ ആട്ട വളരെ ഉയർന്ന വിലയ്ക്ക് വിൽക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും 15 രൂപയ്ക്ക് താഴെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത് പുറത്ത് പ്രൈവറ്റ് ഏജൻസികൾ 40 രൂപയ്ക്കും 50 രൂപയ്ക്കും കൊടുത്തുകൊണ്ടിരിക്കുന്ന അവസ്ഥ ഇന്ന് നിലനിൽക്കുകയാണ്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ രണ്ട് രൂപയ്ക്ക് ഗോതമ്പ് ലഭിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോതമ്പ് സംസ്കരണ കേന്ദ്രത്തിൽ എത്തിച്ചുകൊടുക്കാനും അവിടെനിന്ന് അത് സംസ്കരിച്ച് റേഷൻ കടകളിലൂടെ വിതരണം ചെയ്യാനുമുള്ള നടപടി ഗവൺമെന്റ് അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, കേന്ദ്ര ഗവൺമെന്റ് ജനുവരി മാസം മുതൽ മാർച്ച് മാസം വരെയുള്ള മൂന്ന് മാസക്കാലം ടൈഡ് ഓവർ അലോട്ട്മെന്റിൽ ഗോതമ്പ് നൽകിയിരുന്നില്ല. ആ സന്ദർഭത്തിൽ ഗോതമ്പിനുപകരം അരിയാണ് നമുക്ക് ലഭിച്ചത്. ഇപ്പോൾ ഏപ്രിൽ മാസം മുതൽ ഗോതമ്പ് ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. ഗോതമ്പ് ആട്ടയാക്കി നൽകുന്നതിനുള്ള നടപടികൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. താമസിയാതെ തന്നെ അതിന്മേൽ തീരുമാനം കൈക്കൊള്ളും.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, 2013 സെപ്റ്റംബർ 12-ന് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നപ്പോൾ ഇന്ത്യയിലെ മൂന്നിൽ രണ്ട് വരുന്ന 80 കോടിയോളം ജനങ്ങൾക്ക് മൂന്ന് രൂപ നിരക്കിൽ അഞ്ച് കിലോ അരിയും രണ്ട് രൂപ നിരക്കിൽ ഗോതമ്പും ഒരു രൂപ നിരക്കിൽ മറ്റ് ധാന്യങ്ങളും കൊടുക്കണമെന്നുള്ള സങ്കല്പമായിരുന്നു ഉണ്ടായിരുന്നത്. ഏകദേശം 1.5 ലക്ഷം കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രധാന മാറ്റം മൊത്ത വിതരണ മേഖലയെ ഇല്ലായ്മ ചെയ്യുക അല്ലെങ്കിൽ വാതിൽപ്പടി വിതരണം നടത്തുക എന്നുള്ളതായിരുന്നു. വാതിൽപ്പടി വിതരണം അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുവെന്ന ആക്ഷേപം ശക്തമാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് 428 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ആ പാക്കേജിൽ കമ്മീഷൻ വർദ്ധനവ്, ഇൻസെന്റീവ്, സ്പോട്ട് പേമെന്റ്, ഇടക്കാലാശ്വാസം തുടങ്ങി നിരവധി കാര്യങ്ങൾ മുന്നോട്ടുവച്ചിരുന്നു. ഇവ നിലനിൽക്കുമ്പോൾ തന്നെ വാതിൽപ്പടി വിതരണത്തിനെതിരെ സ്വകാര്യ മൊത്തവ്യാപാരികൾ ഹൈക്കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്തു. ആ ഹർജിയിൽ വ്യാപാരികൾക്ക് അനുകൂലമായിട്ടുള്ള നിലപാടാണ് സംസ്ഥാന ഗവൺമെന്റ് എടുത്തിരിക്കുന്നതെന്ന ശക്തമായ ആക്ഷേപമുണ്ട്. ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഭക്ഷ്യ ഭദ്രതാ നിയമം രാജ്യത്ത് നടപ്പിലാകുന്നത് 2013 ജൂലൈ 5 മുതലാണ്. ആ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ വൈകിയതിനുള്ള കാരണം എല്ലാവർക്കും അറിയാവുന്നതാണ്. ഭക്ഷ്യ ഭദ്രതാ നിയമം എല്ലാ ഘടകങ്ങളോടുംകൂടി നടപ്പിൽ വരുത്താനുള്ള വലിയ ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുവേണ്ട ഭഗീരഥ പ്രയത്നത്തിലാണ് ഭക്ഷ്യ വകുപ്പും ഗവൺമെന്റും. ഇതിൽ ഏതെങ്കിലും ഒരു ഘടകം ഒഴിവാക്കിക്കൊണ്ട് നിയമം നടപ്പിലാക്കുക എന്നുള്ളത് ഗവൺമെന്റിന്റെ നയമല്ല. മാർച്ച് മാസത്തിൽ കൊല്ലം ജില്ലയിലാണ് വാതിൽപ്പടി റേഷൻ വിതരണം ആരംഭിച്ചത്. തുടർന്ന് ആറ് ജില്ലകളിൽ കൂടി ഈ മാസം ആരംഭിച്ചു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി റേഷൻ വിതരണം നടത്തുന്നതിനുള്ള ധാന്യസംഭരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് ഈ മാസം മുതൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അടുത്ത മാസമാകുമ്പോൾ ആ ഏഴ് ജില്ലകളിലും വാതിൽപ്പടി വിതരണം നടത്തും. വാതിൽപ്പടി വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു അട്ടിമറിയുമില്ല. ഹോൾസെയിൽ വ്യാപാരികൾ കോടതിയെ സമീപിച്ചുവെന്നുള്ളത് ശരിയാണ്. അവർ കൊടുത്ത കേസ്സുകൾ തള്ളിക്കൊണ്ട് ഗവൺമെന്റിന് അനുകൂലമായ നിലപാടാണ് ഹൈക്കോടതി സ്വീകരിച്ചത്. നിലവിൽ ഇനി ഒരു കേസും ബാക്കിയില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കേണ്ട അരി മുഴുവനായി വാങ്ങിയെടുക്കുന്ന കാര്യത്തിൽ വിജയിക്കാൻ കഴിഞ്ഞില്ല എന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഏതാണ്ട് 13000-ത്തോളം പേർക്ക് റേഷൻ കാർഡുണ്ടെങ്കിലും അവർ റേഷൻ വാങ്ങുന്നവരല്ല അല്ലെങ്കിൽ അവർക്ക് അതിന്റെ ആവശ്യമില്ല എന്ന് കഴിഞ്ഞ ദിവസം അങ്ങ് സൂചിപ്പിക്കുകയുണ്ടായി.

യഥാർത്ഥ പ്രശ്നം അതാണെന്നുള്ളത് അപ്പുറത്തും ഇപ്പുറത്തുമുള്ള നമുക്ക് അറിയാം. അതുകൊണ്ട് നമുക്ക് ലഭിക്കുന്ന അരി സാധാരണക്കാരന് ലഭ്യമാക്കാനുള്ള നടപടിയെടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ മുമ്പിലുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം. 13000-ത്തോളം ആളുകൾ എന്നതാണ് കണക്കെങ്കിലും ഇന്നും റേഷൻ വാങ്ങാത്ത ആളുകൾ ധാരാളമുണ്ട്. അവരെക്കൂടി ഈ 13000-ന്റെ കണക്കിൽ ഉൾപ്പെടുത്തി ആർക്കൊക്കെയാണോ റേഷൻ ലഭിക്കേണ്ടത് അവർക്ക് റേഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, കേന്ദ്രത്തിൽനിന്ന് വിഹിതം വാങ്ങിയെടുക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിട്ടില്ല. 2013-ൽ ആണ് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വരുന്നത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് 14.25 ലക്ഷം മെട്രിക് ടൺ ധാന്യം സംസ്ഥാനത്തിന് നിശ്ചയിച്ചത്. 2010-11, 2011-12 കാലയളവിലെ ശരാശരി ഉപഭോഗത്തിന്റെ കണക്കുകൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടും അധിക വിഹിതം കണക്കാക്കാതെയുമാണ് tied over allotment നിശ്ചയിച്ചത്. ഇതേ രീതി തന്നെയാണ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും നിശ്ചയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ല. അധിക വിഹിതം വേണമെന്നുണ്ടെങ്കിൽ ഒ.എം.എസ്.എസ്. പ്രകാരം എഫ്.സി.ഐ.-യിൽനിന്ന് കൂടുതൽ വില കൊടുത്ത് അരി വാങ്ങാം എന്നാണ് കേന്ദ്ര സർക്കാർ രേഖാമൂലം അറിയിച്ചത്. 13,000 റേഷൻ കാർഡുടമകൾ ഞങ്ങൾക്ക് അരി വേണ്ട, റേഷൻ കാർഡ് തന്നാൽ മതി എന്നുപറഞ്ഞത് ശരിയാണ്. അത്തരം ആളുകൾ ഇനിയും ധാരാളമുണ്ട്. ഇങ്ങനെ റേഷൻ വേണ്ടാത്ത ആളുകൾ പരസ്യമായി അത് പ്രകടിപ്പിക്കാതെ രഹസ്യമായി വന്ന് സറണ്ടർ ചെയ്താൽ വളരെ ഉപകാരപ്രദമാകും എന്ന് ജനങ്ങളോട് പരസ്യമായി അപ്പീൽ ചെയ്തിട്ടുണ്ട്. 13,000 റേഷൻ കാർഡുടമകൾ എന്നത് ഇപ്പോൾ 13,900 ആയി എന്ന പ്രത്യേകതയുമുണ്ട്. പിന്നീട് duplication-നെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. അതായത് ഒരു കുടുംബത്തിൽ രണ്ട് മൂന്ന് റേഷൻ കാർഡുകളുണ്ടാകും. ഒരംഗത്തിന് തന്നെ പല റേഷൻ കാർഡുകളിലായി അരി ലഭിക്കുന്ന അവസ്ഥ. അത് ഒഴിവാക്കാനായി റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലുള്ള ആധാർ സീഡിംഗ് 90%-വും നടത്തിക്കഴിഞ്ഞു. അംഗങ്ങളുടെ അടിസ്ഥാനത്തിൽ ആധാർ സീഡിംഗ് നടത്തിയത് 77.5% വരെയെത്തിയിട്ടുണ്ട്. എല്ലാ റേഷൻ കാർഡുകളിലും 100% ആധാർ സീഡിംഗ് നടത്താനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, പ്രൊഫ. കെ. വി. തോമസ് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ സംസ്ഥാനത്തിന്റെ അരി വിഹിതം വെട്ടിക്കുറച്ചതിനെക്കുറിച്ച് ഒരക്ഷരം മിണ്ടാതിരുന്ന യു.ഡി.എഫ്. സർക്കാർ 2013-ലെ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്ന കാര്യത്തിലും അലംഭാവം കാണിച്ചു. അതിന്റെ ഫലമായിട്ടാണ് അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് ഇപ്പോൾ കേരളത്തിൽ വലിയ കുറവ് അനുഭവപ്പെടുന്നത്. ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ വിഹിതം വർദ്ധിപ്പിച്ചു തരണമെന്ന് നിരന്തരമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും ഫലപ്രാപ്തിയിലെത്താൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഒ.എം.എസ്.എസ് പ്രകാരം എഫ്.സി.ഐ.-യിൽ നിന്ന് കൂടിയ വിലയ്ക്ക് അരിയെടുത്ത് സബ്സിഡി റേറ്റിൽ സംസ്ഥാനത്ത് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അധിക വിഹിതം കൂടിയ വിലയ്ക്ക് വാങ്ങിയും മറ്റ് സംസ്ഥാനങ്ങളിൽ പോയി അരി സംഭരിച്ചും ഓപ്പൺ മാർക്കറ്റിൽ സെയിൽസ് നടത്തിയുമാണ് അരിയുടെ വില ഏറെക്കുറെ താഴേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, റേഷൻ വിതരണത്തെക്കുറിച്ച് ധാരാളം ആക്ഷേപങ്ങളും ഗുണഭോക്താക്കൾക്ക് കൃത്യമായി അരി, പഞ്ചസാര മുതലായവ ലഭിക്കുന്നില്ലെന്ന പരാതിയും നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ഓരോ റേഷൻ കടയുടേയും വിവരം ലഭ്യമാകുന്ന രീതിയിൽ എല്ലാ കടകളേയും ബന്ധിപ്പിക്കുന്ന വിധത്തിൽ ഇന്റർനെറ്റ് കണക്ഷൻ കൊടുക്കുന്ന ഒരു പരിഷ്കാരം കൊണ്ടുവരാമോ?

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എഫ്.എസ്.എ. പ്രകാരമുള്ള നടപടി ക്രമങ്ങളെല്ലാം പൂർത്തിയായി അരി വിതരണം നടത്തുമ്പോൾ ഇത്തരത്തിലുള്ള പരിഷ്കാരങ്ങളുണ്ടാകും. അതിന്റെ ആദ്യഭാഗമാണ് വാതിൽപ്പടി റേഷൻ വിതരണം. എല്ലാ ഹോൾസെയിൽ കച്ചവടക്കാരേയും ഒഴിവാക്കി ഗവൺമെന്റിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് അരി സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും. വാതിൽപ്പടി റേഷൻ വിതരണത്തിന്റെ അടുത്ത ഘട്ടമായ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പരിപൂർണ്ണതയിലേയ്ക്കെത്തുമ്പോൾ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ ഉണ്ടാകും. ഇപ്രകാരം സാധനങ്ങൾ വിതരണം നടത്തുമ്പോൾ വളരെ സുതാര്യമായി ഈ രംഗത്ത് പ്രവർത്തനം നടത്താൻ കഴിയും. ഒരു ക്രമക്കേടും റേഷൻ രംഗത്തുണ്ടാവില്ല എന്ന് ഉറപ്പിച്ചു പറയാൻ കഴിയുന്ന ഒരു അവസ്ഥയാണുണ്ടാകുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പേരിൽ കേരളത്തിലെ സാധാരണക്കാരുടെ അന്നം മുട്ടിച്ച ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരും ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ്ബും കേന്ദ്രത്തിൽ ഈ ബിൽ അവതരിപ്പിച്ച പ്രൊഫ. കെ. വി. തോമസും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് എല്ലാവർക്കും അറിയാം. ഇത് പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് കുറേയേറെ പരിശ്രമങ്ങൾ നടത്തി കൊണ്ടിരിക്കുകയാണ്. കുറവ് വന്ന 16 ലക്ഷം മെട്രിക് ടൺ അരി പുനഃസ്ഥാപിച്ച് സാധാരണ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ്. ഇതിൽ ഒരു മണി ധാന്യം പോലും ചോരാതെ ജനങ്ങളിലേയ്ക്കെത്തിക്കാൻ വേണ്ട നടപടികളാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, പ്രിന്റ് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം കാരണം പുതിയ റേഷൻ കാർഡുകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്ന പരാതിയുണ്ട്. വാതിൽപ്പടി റേഷൻ വിതരണം കൊല്ലം ജില്ലയിൽ മാത്രമേ തുടങ്ങിയിട്ടുള്ളൂ. മറ്റ് ജില്ലകളിൽ ഇതുവരെ അതിന്റെ പൂർണ്ണത ലഭിച്ചിട്ടില്ല. ഇത്രയധികം കാലതാമസം നേരിടുന്നതുകൊണ്ട് എന്റെ മണ്ഡലത്തിലുൾപ്പെടെ സാധാരണക്കാരായ ആളുകൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. റേഷൻ കാർഡിന്റെ പുറംചട്ടയും അകത്തുള്ള വിവരങ്ങളും ഉൾപ്പെടെ കാർഡ് വിതരണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും?

ശ്രീ. പി. തിലോത്തമൻ: സർ, വാതിൽപ്പടി റേഷൻ വിതരണം മാർച്ച് മാസം മുതൽ കൊല്ലം ജില്ലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തുടർന്ന് ആറ് ജില്ലകളിൽ കൂടി ഈ മാസം ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഏഴ് ജില്ലകളിലേയ്ക്കുള്ള അരി സംഭരിക്കാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത മാസം മുതൽ വാതിൽപ്പടി റേഷൻ വിതരണം സംസ്ഥാനത്തൊട്ടാകെ പൂർണ്ണമാകും. കാർഡ് വിതരണം പലവിധ കാരണങ്ങളാലാണ് വൈകുന്നത്. റേഷൻ കാർഡ് പ്രിന്റ് ചെയ്യാൻ ഏൽപ്പിച്ച കെ.ബി.പി.എസ്. അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചു. പുറംചട്ട തയ്യാറാക്കിത്തരേണ്ട സി-ഡിറ്റിന് ലാമിനേഷന്റെ കാര്യത്തിൽ ചില സാങ്കേതിക തകരാറുകൾ ഉണ്ടായി. പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കിക്കൊടുക്കുന്നതിലും ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായി. അങ്ങനെ അൽപ്പം വൈകി. കൊല്ലം ജില്ലയിൽ പുനലൂർ താലൂക്ക് ഒഴികെ ബാക്കിയെല്ലായിടത്തും ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലും റേഷൻ കാർഡുകളെത്തിച്ചുകഴിഞ്ഞു. ആറ് ജില്ലകളിൽ 15-ാം തീയതി എത്തിക്കും. ശേഷിക്കുന്ന ജില്ലകളിൽ ഈ മാസം അവസാനം എത്തിക്കുമെന്നാണ് സി-ഡിറ്റ് അവസാനമായി അറിയിച്ചിരിക്കുന്നത്.

ശ്രീ. വി. ജോയി: സർ, ആശ്രയ പദ്ധതിയിൽ അംഗങ്ങളായവർ, മാനസിക-ശാരീരിക വൈകല്യങ്ങളുള്ളവർ, ഓട്ടിസം ബാധിച്ചവർ, വിധവകൾ, ക്യാൻസർ രോഗികൾ, ശയ്യാവലംബികൾ തുടങ്ങിയവരെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്യാൻസർ രോഗികളും ശയ്യാവലംബരായവരും എത്ര തന്നെ പരാതികൊടുത്താലും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അത് പരിഗണിക്കുന്നില്ല. സമയബന്ധിതമായി അത് പരിഗണിച്ച് പാവപ്പെട്ട ആളുകളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാ പട്ടികയും മുൻഗണനേതര പട്ടികയും തയ്യാറാക്കുന്നതിൽ മാനുവലായി ഒരു കാര്യവും ചെയ്തിട്ടില്ല. ക്ലേശഘടകങ്ങളുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രയോറിറ്റി/നോൺ-പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത് പ്രസിദ്ധീകരിച്ചതിന്മേൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്ലെയിംസ് കിട്ടിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ എൻക്വയറിയിലൂടെ അനർഹരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ കുറ്റമറ്റരീതിയിൽ പ്രയോറിറ്റി-നോൺപ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാനുള്ള ശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതോടുകൂടി മുമ്പുണ്ടായിരുന്ന പി.എഫ്.എ. ആക്ടും മായം ചേർക്കൽ തടയാനുള്ള സംവിധാനങ്ങളും നിലച്ചുപോയിട്ടുണ്ട്. മായം ചേർക്കൽ തടയാനും സാമ്പിൾ എടുക്കാനും പ്രോസിക്യൂട്ട് ചെയ്യാനുമൊക്കെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഈ ഗവൺമെന്റ് വന്നതിനു ശേഷം എത്ര കേസ്സുകൾ പുതിയതായി പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, മായം ചേർക്കൽ കണ്ടുപിടിക്കുന്നത് ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. സിവിൽ സപ്ലൈസ് വകുപ്പും അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ സാമ്പിൾ എടുത്ത് സി.എഫ്.ആർ.ഡി. ലാബിൽ പരിശോധന നടത്തിയതിനുശേഷമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്. പരിശോധന നടത്തിയ മറ്റ് കേസ്സുകളെ സംബന്ധിച്ച് നോട്ടീസ് ഉണ്ടെങ്കിലേ പറയാൻ കഴിയുകയുള്ളൂ.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, അഞ്ഞൂറിലേറെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൃത്യമായ കണക്ക് ഇന്നലെ എന്റെ കൈവശം ഉണ്ടായിരുന്നു. അതുസംബന്ധിച്ച് ലിസ്റ്റ് നോക്കിയതിനു ശേഷം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാം. നൂറിലേറെ കേസ്സുകൾ കോടതിയിലെത്തിയിട്ടുണ്ട്. ബാക്കിയുള്ളതിന്റെ നടപടിക്രമം നടന്നുകൊണ്ടിരിക്കുകയാണ്. സന്തോഷകരമായ വാർത്ത ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൂന്ന് ലാബുകൾക്കും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട് എന്നതാണ്. പരിശോധന കുറച്ചു കൂടി ഊർജ്ജിതമാക്കുന്നുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, കേരളത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ധൈര്യമായി നടപ്പിലാക്കിയ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇവിടെ ഫ്ലോട്ടിംഗ് പോപ്പുലേഷൻ ഉണ്ട്. റേഷന് അർഹതപ്പെട്ട ജെനുവിൻ കാറ്റഗറിയായ ധാരാളം ഇതര സംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്കു കൂടി റേഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനെ കുറിച്ച് സംസ്ഥാന സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, വർദ്ധിച്ചുവരുന്ന ജനസംഖ്യ, അന്യസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം, ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ഉണ്ടാകുന്ന അധികച്ചെലവ് മുതലായവ കണക്കിലെടുത്ത് അധികവിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും ഇതൊന്നും കേന്ദ്ര സർക്കാർ പരിഗണിച്ചില്ല. അതുകൊണ്ട് അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യം പ്രത്യേകമായി അഡ്രസ് ചെയ്യുന്നതിന് അതിന്റേതായ പരിമിതികളുണ്ട്.

## ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ

2 (*302) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എൻ വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മാനവശേഷി വികസനത്തിനും തൊഴിൽ രംഗത്തും ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) സേവനരംഗത്തും ഭരണസംവിധാനത്തിലും വിവരസാങ്കേതിക വിദ്യയുടെ പ്രയോഗം ഏതെല്ലാം വിധത്തിൽ സാധ്യമാകുമെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വിവര സാങ്കേതിക വിദ്യയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. ഈ വസ്തുത മനസ്സിലാക്കി അവ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്നവയാണ് ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ:

1. കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുക.
2. മികച്ച ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക.
3. മനുഷ്യ വിഭവശേഷി, വാണിജ്യ വളർച്ച എന്നീ ഘടകങ്ങൾ ഉറപ്പാക്കാൻ വിവരസാങ്കേതിക വിദ്യയുടെ അർത്ഥപൂർണ്ണമായ ഉപയോഗം സാധ്യമാക്കുക.
4. യുവസംരംഭകരെ വാർത്തെടുക്കുന്നതോടൊപ്പം ഐ.ടി. വ്യവസായത്തിന് ഗുണമേന്മയുള്ള മനുഷ്യ വിഭവശേഷി ഉറപ്പാക്കുക.

(ബി) വിവരസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ടെലികോം/മൊബൈൽ മേഖലകൾ, ഇവയുടെ അനുബന്ധ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് ഐ.ടി. മേഖലയുടെ അഭിവൃദ്ധിക്കായി പ്രസ്തുത നയത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേഖലകളിലെ വളർച്ച ലക്ഷ്യമിടുന്നു:

1. മാനവശേഷി മൂലധന വികസനം;

2. ഐ.ടി. പാർക്കുകൾ ഉൾപ്പെടെ പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ;

3. വിഭവ സമാഹരണം;

4. ഡിജിറ്റൽ സാക്ഷരത, ഇ-കൊമേഴ്സ്;

5. ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ;

6. ഫാബ് ലാബുകൾ മുതൽ സ്മാർട്ട് ഗ്രാമങ്ങൾ വരെ;

7. അർത്ഥവത്തായ വ്യവസായ വികസനം തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയും പരമാവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ ഐ.ടി. നയത്തിന് സാധിക്കും. എല്ലാ തലത്തിലുമുള്ള ജനവിഭാഗങ്ങൾക്കും ഐ.ടി.-യുടെ പ്രയോജനം ലഭ്യമാക്കുമെന്ന് നയം ഉറപ്പാക്കുന്നതാണ്.

(സി) സേവന രംഗത്തും ഭരണ സംവിധാനത്തിലും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനായി നിരവധി പദ്ധതികൾ ഐ.ടി. നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനമായവ താഴെപ്പറയുന്നവയാണ്:

* സർക്കാർ സേവനങ്ങൾ നൂതന സംവിധാനങ്ങൾ വഴി സുഗമവും സുതാര്യവുമാക്കി എല്ലാ ജനവിഭാഗങ്ങളിലും എത്തിച്ച് ഡിജിറ്റൽ സാങ്കേതികവിദ്യയെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക.
* സംസ്ഥാന സർക്കാരിന്റെ സേവനങ്ങൾക്കായി ഒരു ഏകജാലക സ്റ്റേറ്റ് പോർട്ടൽ സംവിധാനം, മൊബൈൽ ആപ്ലിക്കേഷൻസ്, അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, സ്റ്റേറ്റ് കോൾ സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയുക്ത ഇ-ഗവേണൻസ് പദ്ധതികൾ.
* ഡിജിറ്റൽ സാങ്കേതിക വിദ്യയെ വ്യത്യസ്ത തലത്തിൽ പ്രയോജനപ്പെടുത്താൻ ഉതകുംവിധമുള്ള ഡാറ്റാ സെന്ററുകൾ, ഓപ്പൺ ലൈവ് പോർട്ടലുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ, വിവിധ വകുപ്പുകളിലെ ഐ.ടി. സെല്ലുകൾ.
* സർക്കാരിന്റെയും വിവിധ വകുപ്പുകളുടെയും ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പുകളും ഉൾപ്പെടുത്തിയുള്ള GIS സംവിധാനം.

ശ്രീ. ഐ. ബി. സതീഷ്: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട 2017-ലെ ഐ.ടി. ആക്ടും എട്ട് ഉപനയങ്ങളും കേരളത്തിലെ ഐ.ടി. വികസനത്തിലെ ശ്രദ്ധേയമായ ചുവടുവയ്പ്പാണ്, ഇന്ത്യക്ക് തന്നെ മാതൃകയാണ്. ശ്രദ്ധേയമായ മനുഷ്യവിഭവ ശേഷിയുള്ള കേരള സംസ്ഥാനത്ത് പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിൽ സാധ്യതകളാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഐ.ടി. രംഗത്ത് പൊതുവെ ഒരു മാന്ദ്യാവസ്ഥ ഇപ്പോൾ പല കാരണങ്ങളാൽ വന്നുചേർന്നിട്ടുണ്ട്. എങ്കിലും പരമാവധി തൊഴിലവസരങ്ങൾ ഈ രംഗത്ത് ഉറപ്പുവരുത്തണമെന്ന് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, കമ്പ്യൂട്ടർ പരിജ്ഞാനത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ ഏറെ മുന്നിലാണ്. ഇ-ഗവേണൻസ് ശക്തമാക്കാനും പേപ്പർരഹിത ഓഫീസുകൾ യാഥാർത്ഥ്യമാക്കാനുമുള്ള ശ്രമം നമ്മൾ ആരംഭിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിൽ എല്ലാവർക്കും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാൻവേണ്ട സമീപനം സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സർക്കാർ ഇപ്പോൾ തന്നെ നടപടി സ്വീകരിച്ചു തുടങ്ങുകയാണ്. സമയബന്ധിതമായി എല്ലാ വീടുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സർക്കാർ നീക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുക എന്ന കാഴ്ചപ്പാട് നമ്മുടെ ഐ.ടി. നയം മുന്നോട്ടു വയ്ക്കുന്നുണ്ട്. അതിൽ നിക്ഷേപങ്ങൾ വരേണ്ട പ്രധാന മേഖല എന്നുപറയുന്നത് ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് ഉൾപ്പെടെയുള്ള ഐ.ടി. പാർക്കുകളിൽ നിന്നാണ്. കോഴിക്കോട് സൈബർ പാർക്കുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. അവിടെ ഇതിന്റെ തുടക്കകാലത്ത് NASCOM-ന്റെ സഹായത്തോടെ വലിയ ഐ.ടി. കമ്പനികളുടെ സി.ഇ.ഒ.-മാരുടെ മീറ്റിംഗ് വിളിച്ചപ്പോൾ അവർ വലിയ താൽപ്പര്യം പ്രകടിപ്പിക്കുകയും എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ താൽപ്പര്യക്കുറവ് കാണിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് മുൻകയ്യെടുത്ത് നമ്മൾ ഓഫർ ചെയ്യുന്ന സൗകര്യങ്ങൾ ഐ.ടി. കമ്പനികളെ ബോദ്ധ്യപ്പെടുത്താനും അവരെ കൊണ്ടു വരാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; അങ്ങനെ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഐ.ടി. രംഗത്തെ സാധ്യതകൾ പരമാവധി ഉപയോഗിക്കണമെന്ന് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഐ.ടി. രംഗത്ത് ലോകം ശ്രദ്ധിക്കുന്ന തരത്തിലുള്ള ആളുകളുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുകയാണ്. അവരുമായി ഒരു ചർച്ച നടന്നിരുന്നു. അതുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ അവർ മുന്നോട്ടുവച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സർക്കാർ ഫലപ്രദമായ നടപടികൾ നീക്കിത്തുടങ്ങുകയാണ്. അതിലൂടെ ലോകത്തിലുള്ള പ്രധാനപ്പെട്ട കമ്പനികളുമായി ബന്ധപ്പെടാനും അവരെ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്.

ശ്രീ. എസ്. ശർമ്മ: സർ, ഐ.ടി. രംഗത്തുള്ള മാറ്റവും വളർച്ചയുമാണ് ഈ യുഗത്തിന്റെ നേതൃത്വപരമായ ദൗത്യമെന്ന് എല്ലാവർക്കുമറിയാം. ഏറ്റവും ഫലപ്രദമായ ഒരു ഐ.ടി. നയം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.ടി. രംഗത്തെ നേട്ടങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാകണമെങ്കിൽ ഐ.ടി. സാക്ഷരത ഒരു പ്രധാന ഘടകമാണ്. 1989-കളിൽ സമ്പൂർണ്ണ സാക്ഷരതയ്ക്കുവേണ്ടി കേരളം കൂട്ടായ പരിശ്രമം നടത്തിയപ്പോൾ അന്ന് കേരളത്തിന്റെ മുമ്പിൽ മോഡലായി അവതരിപ്പിച്ചത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ നഗരമായ കോട്ടയമാണ്. പിന്നീട് കേരളവും ആ നിലയിലേയ്ക്ക് വന്നു. അതുപോലെ പൈലറ്റ് പ്രോജക്ടായി, ഐ.ടി. സാക്ഷരതയ്ക്കു വേണ്ടി കോർപ്പറേഷൻ, നഗരസഭ, തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവയിൽ ഏതെങ്കിലും ഒരു പ്രദേശം പ്രത്യേകമായി തെരഞ്ഞെടുത്ത് മോഡലായി കാണിച്ചു കൊടുക്കാനും അതുവഴി കേരളത്തെ ഐ.ടി. സാക്ഷരതയിലേയ്ക്ക് നയിക്കുന്നതിനും ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഡിജിറ്റൽ സാക്ഷരത വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഡിജിറ്റൽ സാക്ഷരതയിലൂടെ വിവരസാങ്കേതിക മേഖലയ്ക്ക് ആവശ്യമായ മാനവവിഭവശേഷി നേടാൻ സംസ്ഥാനം പരമാവധി ശ്രദ്ധിക്കുക തന്നെ ചെയ്യും. ഇതിൽ ഐ.സി.റ്റി. അക്കാഡമി ശക്തിപ്പെടുത്തുക, ദേശീയ-അന്തർദ്ദേശീയ ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ഉയർത്തി കൊണ്ട് വരാൻ കഴിയുക, ഓൺലൈൻ കോഴ്സുകൾ പ്രോത്സാഹിപ്പിക്കുക, എഞ്ചിനീയറിംഗ് പാഠ്യപദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി പഠിപ്പിക്കുക തുടങ്ങിയ നടപടികളെല്ലാം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ട്. വ്യവസായങ്ങൾക്ക് അനുയോജ്യമായ, സാങ്കേതികവിദ്യകളിൽ നൈപുണ്യമുള്ള തൊഴിൽസമൂഹം വാർത്തെടുക്കാനും ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം എല്ലാവരിലും ഡിജിറ്റൽ സാക്ഷരത എത്തിക്കുന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകാൻ ഉദ്ദേശിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള പരിപാടികളും നമുക്ക് ആലോചിക്കാവുന്നതാണ്.

മി. സ്പീക്കർ: കേരളം ഒരു ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാകണമെന്നുള്ളത് അത്യാവശ്യമാണ്. നിയമസഭ ഡിജിറ്റലാക്കാൻവേണ്ടി നമ്മൾ ഒരു ശ്രമം നടത്തി. മൊബൈൽ ആപ്ലിക്കേഷൻസ് ഡൗൺലോഡ് ചെയ്യാത്ത എത്ര അംഗങ്ങളുണ്ടെന്നുള്ളത് സ്വയം വിമർശനപരമായി പരിശോധിക്കുന്നത് നല്ലതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃത ആസൂത്രണ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി രൂപീകരിച്ച ഐ.കെ.എം.-ന്റെ പ്രവർത്തനത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ വർഷവും പദ്ധതി ആസൂത്രണ സമയത്തും നിർവ്വഹണ സമയത്തും സോഫ്റ്റ്‌വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടാകുകയും അവ പരിഹരിക്കാൻ ദീർഘകാലം വേണ്ടിവരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ ആ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഐ.ടി. എക്സ്പോർട്ടിൽ ഇന്ത്യയിൽ മാത്രമല്ല ലോകത്തെമ്പാടും പ്രതിസന്ധി നേരിടുന്ന ഒരു കാലമാണ്. ലോക സാമ്പത്തിക രംഗത്തുണ്ടായിരിക്കുന്ന മാന്ദ്യമാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. അത് കണക്കിലെടുത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കത്തക്ക നിലയിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഇപ്പോൾ ധാരാളം ചെറുപ്പക്കാർ ഈ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് ഇൻസെന്റീവും പ്രോത്സാഹനവും നൽകാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പുകളെക്കുറിച്ച് പറഞ്ഞ കാര്യം വളരെ ശരിയാണ്. സ്റ്റാർട്ടപ് രംഗത്ത് ഇപ്പോൾ ധാരാളം വിദ്യാർത്ഥികൾ വന്നുകൊണ്ടിരിക്കുന്നു. അവരെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതു പോലെ സ്റ്റാർട്ടപ്പുകൾക്കാവശ്യമായ എല്ലാ പ്രോത്സാഹനവും സർക്കാർ നൽകുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഐ.ടി. മേഖല ഗ്ലോബൽ സ്ലോഡൗണിലേയ്ക്ക് പോകുകയാണെന്നുള്ള നെഗറ്റീവായ ഒരു വാർത്ത ഇന്നലത്തെ ഒരു പ്രധാന പത്രത്തിൽ കണ്ടു. പ്രധാനപ്പെട്ട giant കമ്പനികൾ ആളുകളെ lay off ചെയ്യുന്നതിനെപ്പറ്റിയുള്ള വാർത്തകൾ നാം നിരന്തരമായി കേട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള പല പദ്ധതികളും സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് ഇത്തരം സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനം എവിടെ വരെയായി; കണ്ണൂർ പോലെയുള്ള ജില്ലകളിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലടക്കം സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അക്കാര്യത്തിൽ എല്ലാ പ്രോത്സാഹനവും നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കുറേ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതായി വരും. കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്ന ഘട്ടത്തിൽ പുതിയ കേന്ദ്രങ്ങൾ ആവശ്യമാണെങ്കിൽ അപ്പോൾ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എ. എൻ. ഷംസീർ ചൂണ്ടിക്കാണിച്ചതു പോലെ ഐ.ടി. രംഗത്ത് ഒരു സ്തംഭനാവസ്ഥ നേരിടുന്നുണ്ട്. പുതിയ അമേരിക്കൻ പ്രസിഡന്റിന്റെ നയം ഔട്ട് സോഴ്സിംഗ് നിർത്തലാക്കുക എന്നതാണ്. അതെല്ലാവരും പിന്തുടരുന്നതാണ്. ഐ.ടി. ബെയ്സ്ഡ് ഇൻഡസ്ട്രീസിന്റെയെല്ലാം പ്രധാന വരുമാനമാർഗ്ഗം ഔട്ട് സോഴ്സിംഗ് ആണ്. അത് കണക്കിലെടുത്ത് സ്മാർട്ട് സിറ്റിയുടെ അടുത്തഘട്ട വികസനത്തെക്കുറിച്ച് അങ്ങ് ചർച്ച നടത്തുമെന്ന് വാർത്തകളിൽ വായിക്കാനിടയായി. ദുബായ് ഗവൺമെന്റ് അതുമായി മുന്നോട്ടുപോകാൻ താല്പര്യം കാണിക്കുന്നുണ്ടോ; അതിന്റെ രണ്ടാംഘട്ട വികസനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ ആശങ്കകൾക്ക് അടിസ്ഥാനമില്ല. അവർ സമയബന്ധിതമായി ആ പരിപാടി തീർക്കുമെന്ന മട്ടിലാണ് നീങ്ങുന്നത്. അതിന് പണവും വകയിരുത്തിക്കഴിഞ്ഞു എന്നുള്ള വിവരം കിട്ടിയിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊരട്ടിയിൽ ആരംഭിച്ച ഐ.ടി. പാർക്കിൽ മുപ്പത്തിയഞ്ചോളം സ്ഥാപനങ്ങളിലായി ആയിരത്തോളം ആളുകൾ പണിയെടുക്കുന്നുണ്ട്. അവിടെ മൂന്ന് ലക്ഷം സ്ക്വയർ ഫീറ്റിൽ ഒരു ബിൽഡിംഗിന്റെ പണി പൂർത്തീകരിച്ചിരിക്കുകയാണ്. ഇവിടേയ്ക്ക് വലിയ കമ്പനികളെ ആകർഷിക്കുന്നതിനും കൊരട്ടി ഐ.ടി. പാർക്കിന്റെ അടുത്ത ഘട്ട വികസനത്തിനും ഗവൺമെന്റ് ആവശ്യമായ കാര്യങ്ങൾ ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഐ.ടി. വികസനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് എറണാകുളം. എറണാകുളത്തിനടുത്താണ് കൊരട്ടി എന്നുള്ളതുകൊണ്ട് അത് നല്ല പ്രോത്സാഹജനകമായി മാറിയിട്ടുണ്ട്. അതുകൊണ്ട് ആ സ്ഥലം ഐ.ടി. സംരംഭകർ താല്പര്യപ്പെടുന്നുണ്ടെങ്കിൽ കൂടുതൽ വികസിച്ചു വരുമെന്നുതന്നെ കണക്കാക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ഐ.ടി. വികസനത്തിൽ കേരളം ഇപ്പോഴും വളരെ പിന്നിലാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളെല്ലാം വികസനത്തിന്റെ കാര്യത്തിൽ വളരെ മുന്നിലാണ്. ഇവിടെ സ്മാർട്ട് സിറ്റി അടക്കമുള്ള പദ്ധതികളാണ് പ്രധാനമായും വരുന്നത്. ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ഏറ്റവും കൂടുതലായി ശ്രദ്ധിക്കപ്പെടേണ്ടത് പശ്ചാത്തല സൗകര്യ വികസനമാണ്. റോഡുകളും കുടിവെള്ളവും വൈദ്യുതിയുമടക്കമുള്ള കാര്യങ്ങൾ വേഗത്തിലാക്കാനുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്. സ്മാർട്ട് സിറ്റിയുടെ ഉത്ഭവകാലം മുതലുണ്ടായ ഏറ്റവും വലിയ പ്രതിസന്ധിയെന്ന് പറയുന്നതും അതുതന്നെയാണ്. അത്തരം വിഷയങ്ങളിൽ ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് കൊടുത്തുകൊണ്ട് പശ്ചാത്തല സൗകര്യ വികസനത്തിന് പ്രാധാന്യം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമുക്ക് ആർജ്ജിക്കേണ്ട രീതിയിലുള്ള നേട്ടം ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതിന് അതിന്റേതായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. അതിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് എല്ലാവിധത്തിലും സ്വാഗതാർഹമായ സൗകര്യങ്ങളുണ്ടെങ്കിലും ഇവിടം എന്തോ ഭയങ്കര കുഴപ്പം പിടിച്ച സ്ഥലമാണെന്ന തരത്തിലുള്ള സന്ദേശമാണ് പലപ്പോഴും പുറത്തുവിട്ടുകൊണ്ടിരിക്കുന്നത്. അത് സംരംഭകരെ ഇങ്ങോട്ട് വരുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നില്ലേ എന്ന് പൊതുവേ ചിന്തിക്കേണ്ടതായിട്ടുണ്ട്. മറ്റ് കാര്യങ്ങളെല്ലാം മാറ്റിവച്ച്, ശാന്തമായി ഇത്തരം കാര്യങ്ങൾ ആലോചിക്കേണ്ട ഒരു ഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. കേരളത്തിൽ സംരംഭകരെ കൊണ്ടുവരുന്നതിനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ പശ്ചാത്തല സൗകര്യം നല്ലതുപോലെ വികസിക്കണം. രാവിലെ മുതൽ രാത്രി 12 മണി വരെ ജോലിചെയ്യുന്ന ചെറുപ്പക്കാർക്ക് ആ സ്ഥാപനത്തിനടുത്തുതന്നെ സൗകര്യപ്രദമായ സൗകര്യങ്ങളുണ്ടാകണം. പശ്ചാത്തല സൗകര്യമെന്ന് പറഞ്ഞാൽ റോഡിന്റെ വികസനം മാത്രമല്ല മറ്റ് കാര്യങ്ങൾ കൂടിയുണ്ടാകണം. അതിനെല്ലാം ഉതകുന്ന തരത്തിൽ നമ്മുടെ നാടിനെ ഒരുക്കിയെടുക്കേണ്ടതായിട്ടുണ്ട്. ആവശ്യമായ ഹോട്ടലുകളും രുചികരമായ ഭക്ഷണം കഴിക്കാനുള്ള സൗകര്യവും എന്റർടെയിൻമെന്റിനുള്ള സൗകര്യങ്ങളും വേണം. അങ്ങനെയുള്ള എല്ലാ കാര്യങ്ങളോടുംകൂടിയ പശ്ചാത്തല സൗകര്യമാണ് വേണ്ടത്. അതേസമയം യാത്രാസൗകര്യവും ഉണ്ടാകേണ്ടതാണ്. അതിനൊക്കെയാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ. പി: സർ, ഐ.ടി. മേഖലയിൽ കുത്തകവൽക്കരണം വളരെ ശക്തമാണ്. ഇതിന് ബദലായി ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകൾ ഡെവലപ് ചെയ്യുന്ന ആളുകളെ പ്രൊമോട്ട് ചെയ്താൽ ഒരു പരിധിവരെ കാര്യങ്ങളൊക്കെ വളരെ ചെലവ് കുറഞ്ഞ രീതിയിൽ നിർവ്വഹിക്കാൻ സാധിക്കും. ഗവൺമെന്റ് ഓഫീസുകൾ അടക്കമുള്ളത് സ്മാർട്ടാക്കാൻ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യാനുള്ള നയം രൂപീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് വേറൊരു ഭാഗമാണ്. ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഇപ്പോൾ തന്നെ പരമാവധി ഉപയോഗിക്കുന്നുണ്ട്. അക്കാര്യത്തിൽ വേറെ പ്രശ്നങ്ങളൊന്നുമില്ല.

## മാതൃഭാഷ നിർബന്ധമാക്കുന്നതിന് നടപടി

3 (*303) ശ്രീ. ജോൺ ഫെർണാണ്ടസ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി ഭാഷയും അദ്ധ്യയന ഭാഷയും മാതൃഭാഷയാക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഭരണഭാഷ മലയാളമാക്കുന്നതോടൊപ്പം ഭരണ രംഗത്തേയ്ക്ക് തെരഞ്ഞെടുക്കാൻ പി.എസ്.സി. നടത്തുന്ന പരീക്ഷകൾ മാതൃഭാഷാ പ്രയോഗ പ്രാവീണ്യം കൂടി പരിശോധിക്കുന്ന രീതിയിൽ മാറ്റം വരുത്താൻ നടപടിയെടുക്കുമോ;

(സി) പ്രീ-പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസം മാതൃഭാഷയിൽ മാത്രമേ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കേരളത്തിൽ ഹൈക്കോടതിയുടേയും എല്ലാ കീഴ്കോടതികളുടേയും വിധിപ്രസ്താവം ഉൾപ്പെടെയുള്ള കോടതി കാര്യങ്ങളെല്ലാം മലയാളത്തിലാക്കുന്നതിന് വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 24-5-1985-ലെ സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു.

സാധാരണ ഗതിയിൽ എല്ലാ സ്കൂളുകളിലേയും ബോധനരീതി മലയാളമായിരിക്കണമെന്ന് കെ.ഇ.ആർ. അദ്ധ്യായം VIII, റൂൾ 7 (1)-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മാതൃഭാഷാ പഠനത്തിന്റെ നിലവിലുള്ള അവസ്ഥ, ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി ഡോ. ആർ. വി. ജി. മേനോൻ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയും ഇതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രൊഫ. ഒ. എൻ. വി. കുറുപ്പ് അദ്ധ്യക്ഷനായ ഒരു സമിതിയും രൂപീകരിച്ചിരുന്നു.

(ബി) മാതൃഭാഷാ പ്രയോഗ പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ പരീക്ഷയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. കമ്പനി/കോർപ്പറേഷൻ/ ബോർഡ്/സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് (ബിരുദതല പരീക്ഷകൾക്ക്) മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിൽ പത്ത് മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്താനും എൽ.ഡി.സി., എൽ.ജി.എസ്. തസ്തികകൾക്ക് നിലവിലെ ഭാഷാ ചോദ്യങ്ങളുടെ രീതി തുടരാനും പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

പി.എസ്.സി. ചോദ്യങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലെ ചോദ്യങ്ങൾക്കൊപ്പം മലയാളം/കന്നട/തമിഴ് ഭാഷകളിൽ കൂടി ചോദ്യങ്ങൾ ഉൾപ്പെടുത്താൻ 3-5-2017-ൽ മുഖ്യമന്ത്രിയും പി.എസ്.സി. ചെയർമാനും പങ്കെടുത്ത യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ മാതൃഭാഷ ബോധനമാധ്യമമായി സ്വീകരിക്കണമെന്ന എസ്.സി.ഇ.ആർ.ടി.-യുടേയും കരിക്കുലം കമ്മിറ്റിയുടെയും നിർദ്ദേശം സർക്കാർ അംഗീകരിച്ച് 11-8-2014-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ടവർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബന്ധ ഭാഷയായി പഠിപ്പിക്കണമെന്ന് വ്യവസ്ഥചെയ്യുന്ന 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനെത്തുടർന്ന് 2015 ഡിസംബർ 17-ന് ഈ സഭ ഒരു സമഗ്ര മലയാളഭാഷാ നിയമം പാസ്സാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഉൾക്കൊള്ളിക്കേണ്ട പലതും ഉൾക്കൊള്ളിക്കാതെ കരചരണങ്ങൾ ഛേദിച്ച നിലയിലായിരുന്നു ആ നിയമം ഇവിടെ പാസ്സാക്കിയത്. കോടതി ഭാഷ മലയാളത്തിലാക്കണമെന്നുകൂടി ഉൾപ്പെടുത്തിക്കൊണ്ട് ആ നിയമം പരിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോടതിഭാഷ മലയാളത്തിലാക്കണമെന്നുള്ള പൊതുവായ വികാരം നമ്മുടെ നാട്ടിലുള്ളതാണ്. കീഴ്കോടതികളിലെ വിധിപ്രസ്താവം ഉൾപ്പെടെയുള്ള കാര്യങ്ങൾ മലയാളത്തിലാക്കാൻ വലിയ പ്രയാസം വരില്ല. എന്നാൽ ഹൈക്കോടതിയിൽ എത്തുമ്പോൾ ചില പ്രയാസങ്ങൾ സ്വാഭാവികമായും ഉണ്ടാകും. ഹൈക്കോടതിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ സുപ്രീംകോടതി വരെ പോകുന്നതാണ്. അതിനൊക്കെയുള്ള സൗകര്യങ്ങൾ വേണ്ടതായി വരും. ഇക്കാര്യം ഹൈക്കോടതിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഹൈക്കോടതിയും സമ്മതിച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കക്ഷികൾക്ക് കോടതി ഉത്തരവുകൾ ഇംഗ്ലീഷിൽ നൽകുന്നതോടൊപ്പം മലയാളത്തിലും നൽകാനാവശ്യമായ ഒരു നിർദ്ദേശം കൂടി ഗവൺമെന്റിന് ഹൈക്കോടതി മുമ്പാകെ വയ്ക്കാവുന്നതാണ്. ആ നിലയ്ക്ക് ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കീഴ്കോടതികളുടെ കാര്യങ്ങൾ പൂർണ്ണമായും മലയാളത്തിലാക്കണമെന്ന് നമുക്ക് ഇപ്പോൾ തന്നെ പറയാവുന്നതാണ്. അത് ഏറെക്കുറെ സമ്മതിച്ച് കഴിഞ്ഞിട്ടുമുണ്ട്. അതിനപ്പുറമുള്ള കാര്യങ്ങൾ ഹൈക്കോടതിയുമായി ചർച്ച ചെയ്തുകൊണ്ടു മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. നമുക്ക് ഏകപക്ഷീയമായി ഒരു തീരുമാനമെടുക്കാൻ കഴിയില്ല.

പ്രൊഫ. കെ. യു. അരുണൻ: സർ, കോടതികളുടെ ഭാഷയെ സംബന്ധിച്ച് പറയുമ്പോൾ, ഇന്നുതന്നെ 'Supreme Court sentences Justice Karnan to six months in Jail for contempt' എന്നാണ് വാർത്ത. അവർ contempt-ൽ അവസാനിപ്പിച്ചു. 'Contempt of court' എന്നുള്ളത് പിന്നീടാണ് വരുന്നത്. ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം അയാൾക്ക് കോടതിയുമായി നിരന്തര ബന്ധമുണ്ടെങ്കിൽ മാത്രമേ അവസാനിപ്പിച്ച സ്ഥലത്തുനിന്ന് തുടങ്ങാൻ പറ്റുകയുള്ളൂ. ഭരണഭാഷ മലയാളത്തിലാക്കുമ്പോൾ സമസ്ത വൈജ്ഞാനിക മണ്ഡലങ്ങളിലുള്ള വിവരണങ്ങളും മലയാളത്തിലാക്കേണ്ടതുണ്ട്. 1960 മുതൽ ഭരണഭാഷയും മറ്റും മലയാളത്തിലാക്കാനുള്ള പരിശ്രമത്തിൽ ധാരാളം പ്രശ്നങ്ങളുണ്ടായിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ....

പ്രൊഫ. കെ. യു. അരുണൻ: സർ, അജ്മൽ കസബിനെതിരെ കോടതി വിധി വന്നപ്പോഴും വധശിക്ഷ വിധിച്ചപ്പോഴും പറഞ്ഞു, 'He washed his hands' പത്രങ്ങളുടെ ഭാഷയാണിത്; മലയാളത്തിൽ അത് വന്നില്ല. 'But we stained ours' എന്ന് കോടതി പറഞ്ഞു. അടിത്തട്ടിലേയ്ക്ക് പോകുന്ന സന്ദർഭത്തിൽ പറഞ്ഞു, അള്ളാ എന്നോട് പൊറുക്കണേ. അതുകൊണ്ടാണ് 'He washed his hands' എന്നുപറഞ്ഞത്. 'But we stained ours' അയാൾക്ക് മാപ്പ് കൊടുത്തില്ല. അതുകൊണ്ട് നമ്മുടെ കൈകളിലേയ്ക്ക് നോക്കാൻ പറഞ്ഞു, അവിടെ അഴുക്ക് പുരണ്ടിട്ടുണ്ട്. അഫ്സൽ ഗുരുവിന്റെ വിധി വന്നപ്പോഴും ഇതുപറഞ്ഞു. 'ഫ്രണ്ട്ലൈനി'ൽ എഴുതിയത് 'Hanged by stealth'-ചതിയിലൂടെ തൂക്കി കൊന്നു എന്നാണ്. കോടതി ഭാഷകളൊക്കെ ഇപ്പോഴും സങ്കീർണ്ണ ജടിലമായ ആംഗലേയ ഭാഷയിലായതുകൊണ്ട് പലപ്പോഴും പൊതുജനാഭിപ്രായം സ്വരൂപിക്കാനുള്ള സാധ്യതകൾ കുറയുന്നു. അതുകൊണ്ട് ആ രീതിയിലേയ്ക്ക് പ്രവേശിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ തയ്യാറുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, മലയാളത്തിന് പ്രശ്നങ്ങൾ വന്നത് കോടതി ഭാഷയുടെ ഭാഗമായിട്ടുമാത്രമല്ല. ഞാൻ കുറച്ചുനാൾ മുമ്പ് തിരുവനന്തപുരത്തു വച്ച് മലയാളം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പരിപാടിയിൽ പങ്കെടുത്തു. ആ പരിപാടിക്ക് തുടക്കം കുറിച്ച ആൾ പറയുകയാണ്, വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർക്ക് ബസ്സിന്റെ ബോർഡ് നോക്കി വായിച്ചു മനസ്സിലാക്കാൻ പോലും കഴിയുന്നില്ല എന്ന്. നമ്മുടെ സമൂഹത്തിന്റെ സ്ഥിതിയാണിത്. നല്ല വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാർക്ക് മലയാളത്തിൽ എഴുതിയിരിക്കുന്ന ബസ്സിന്റെ ബോർഡ് പോലും നോക്കി വായിക്കാൻ കഴിയാത്ത തരത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. അതാണ് മലയാളത്തെക്കുറിച്ച് പറയുമ്പോൾ ആദ്യം ചിന്തിക്കേണ്ട കാര്യം. സമൂഹത്തിൽ വന്നിട്ടുള്ള ആ മാറ്റത്തിനെതിരെയാണ് നാം ശബ്ദിക്കേണ്ടത്. കോടതി ഭാഷയുടെ കാര്യത്തിൽ ആവശ്യമായ മാറ്റം വരുത്താം. ഇംഗ്ലീഷ് എന്നുപറഞ്ഞാൽ പെട്ടെന്ന് സ്വായത്തമാക്കേണ്ടതാണ് എന്നുള്ള ഒരു ചിന്ത ആളുകളിൽ ഉണ്ടാകുകയാണ്. ഒരു പിന്തുണയും കൊടുക്കാൻ പറ്റാത്ത കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെപ്പോലും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലേയ്ക്ക് അയയ്ക്കാനുള്ള ഒരു ത്വര വന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾ മിടുക്കന്മാരും മിടുക്കികളുമായി വരുന്നു; അവർ പഠിച്ച് പാസ്സാകുന്നു. അവസാനം മലയാളം വായിക്കാൻ പറ്റാത്ത അവസ്ഥയിൽ ചെന്നുനിൽക്കുന്നു. ഇങ്ങനെയുള്ള ആളുകളെ മലയാളം പഠിപ്പിക്കുന്ന ഒരു പരിപാടിയിൽ പങ്കെടുത്തപ്പോഴാണ് അക്കാര്യം മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനാണ് നാം മുൻതൂക്കം കൊടുക്കേണ്ടത്. കോടതിയുടെ കാര്യത്തിൽ ആവശ്യമായ നടപടി ഇപ്പോൾ സ്വീകരിക്കുന്നുണ്ട്; അത് തുടരുകയും ചെയ്യും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സമൂഹത്തിന്റെ ചരിത്രപരമായ വളർച്ചയിൽ നമ്മുടെ മാതൃഭാഷക്ക് വലിയ ഒരു പങ്കുണ്ട്. അമ്മിഞ്ഞപ്പാലുപോലെ പരിശുദ്ധമായ മാതൃഭാഷ അഭിമാനബോധമുള്ള പൗരന്മാരെ രൂപപ്പെടുത്തുമെന്ന തിരിച്ചറിവ് ഈ സർക്കാരിനുണ്ടായിട്ടുണ്ട്. എന്റെ ചോദ്യം, മലയാളം പഠിക്കാതെ കേരളത്തിൽ 10-ാം തരം ജയിക്കാനാവില്ലെന്ന തീരുമാനം സർക്കാർ സ്വീകരിക്കുമോ എന്നതാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുള്ള വിഷയം. ഏതായാലും കുട്ടികളെല്ലാം മലയാളം പഠിക്കണമെന്നുള്ള നിലയിലേയ്ക്ക് നമ്മൾ എത്തുകയാണ്. ഇവിടെയുള്ള സ്കൂളുകളിലെല്ലാം കുട്ടികൾ മലയാളം പഠിക്കണം.

ശ്രീ. കെ. മുരളീധരൻ: സർ, തലസ്ഥാനത്തെ ഒരു എം.എൽ.എ. എന്നുള്ള നിലയിൽ കഴിഞ്ഞ ആറ് കൊല്ലം കൊണ്ട് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് സർക്കാർ പരിപാടികളുടെ ക്ഷണക്കത്തുകൾപോലും ചില ഡിപ്പാർട്ടുമെന്റുകൾ ഇംഗ്ലീഷിൽ തയ്യാറാക്കുന്നുവെന്നതാണ്. മറ്റ് സ്റ്റേറ്റിലുള്ളവർ പങ്കെടുക്കുന്നുണ്ടോ എന്ന് ഞാൻ ചോദിക്കാറുണ്ട്. ഇല്ല, നമ്മൾ മാത്രമേയുള്ളൂവെന്ന് പറയും. പിന്നെ ഇംഗ്ലീഷിൽ അച്ചടിക്കേണ്ട കാര്യമില്ല. ഇത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റുകൾക്ക് കർശന നിർദ്ദേശം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ നല്ല ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. മലയാളത്തിൽ തന്നെ അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ട കാര്യങ്ങൾ ഇംഗ്ലീഷിൽ കൊടുക്കേണ്ട യാതൊരു കാര്യവുമില്ല. മലയാളത്തിൽ തന്നെ പ്രസിദ്ധീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വീകരിക്കാവുന്നതാണ്.

ശ്രീ. എം. സ്വരാജ്: സർ, ഒരു റെസിഡൻഷ്യൽ സ്കൂളിൽ മലയാളത്തിൽ സംസാരിച്ചതിന്റെ പേരിൽ ഒരു വിദ്യാർത്ഥിയുടെ തല അദ്ധ്യാപകർ മുണ്ഡനം ചെയ്ത വാർത്ത കുറച്ച് വർഷങ്ങൾക്കുമുമ്പാണ് പുറത്തുവന്നത്. അത് കേരളത്തിൽ വലിയ കോളിളക്കമുണ്ടാക്കിയ സംഭവമായിരുന്നു. ഇപ്പോഴും കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിലുൾപ്പെടെ മലയാള ഭാഷയിൽ ഏതെങ്കിലും ഒരു വാക്ക് സംസാരിച്ചാൽ കനത്ത പിഴ ഈടാക്കുന്നതായിട്ടുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇത് ഭാഷയുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യമാണ്. ഇത്തരം കുറ്റകൃത്യങ്ങളെ പ്രത്യേകമായി കൈകാര്യം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബിൽ നിയമമാകുന്നതോടെ ഇതിനെല്ലാം പരിഹാരമാകും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മലയാളം ഭരണഭാഷയും നിർബന്ധ ഭാഷയുമാക്കേണ്ട സംസ്ഥാനം കേരളം തന്നെയാണ്. കർണ്ണാടകയും മഹാരാഷ്ട്രയും അങ്ങനെ ആക്കുകയില്ല. കേരളം മലയാളം നിർബന്ധമാക്കാൻ പോകുന്നുവെന്ന് കേട്ടപ്പോൾ തന്നെ കാസർഗോഡ് 'linguistic minority area'-യിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആശങ്കയും ഉത്കണ്ഠയും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് നന്നായറിയാം. ഈ ആശങ്കയും ഉത്കണ്ഠയും ദൂരീകരിക്കാൻ സർക്കാർ ശ്രമിക്കുമോ? പ്രൈമറി വിദ്യാഭ്യാസം മലയാളത്തിലാക്കണമെന്നുള്ള അഭിപ്രായം പലഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഈ കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഒരു തരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. നമ്മൾ ഊന്നൽ നൽകുന്നത് മാതൃഭാഷയിലൂടെയുള്ള പഠനത്തിനാണ്. മലയാളം പഠിക്കണമെന്ന് പറയാൻ കാരണം അതാണ്. ഭാഷാ ന്യൂനപക്ഷത്തിന്റെ പ്രശ്നത്തിൽ, കന്നഡയും തമിഴുമാണല്ലോ നമ്മുടെ സംസ്ഥാനത്തുള്ളത്. ബോധന മാധ്യമമായി കന്നഡ മേഖലയിൽ കന്നഡയും തമിഴ് മേഖലയിൽ തമിഴുമാണ്. അത് സ്വാഭാവികമായും തുടരും. അത് തുടരേണ്ടതില്ലെന്ന് പറഞ്ഞാൽ മാത്രമേ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രയാസമുണ്ടാകുകയുള്ളൂ. കേരള സംസ്ഥാനത്തിനകത്താണ് അവർ ജീവിക്കുന്നത്. അവരും മലയാളം അറിഞ്ഞിരിക്കണം. അതുകൊണ്ട് മലയാള ഭാഷ കൂടി അവർ പഠിക്കണം. ബോധന മാധ്യമം ഏതാണോ, ആ ഭാഷ ന്യൂനപക്ഷ ഭാഷയായിക്കോട്ടെ, എന്നാൽ മലയാളം മറ്റൊരു ഭാഷയായി അവർ പഠിക്കണം. ഇതുമാത്രമേ അക്കാര്യത്തിൽ പറയുന്നുള്ളൂ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നമ്മുടെ ഭാഷ നേരിടുന്ന വലിയൊരു പ്രശ്നം പുതിയതായി ശാസ്ത്രത്തിലും നിയമത്തിലുമുണ്ടാകുന്ന വാക്കുകൾക്കു പകരം മലയാള വാക്ക് ഉണ്ടാകുന്നില്ല എന്നതാണ്. അത്തരം വാക്കുകൾ മലയാളീകരിക്കണം. എല്ലാ ഭാഷകളും ചെയ്യുന്നത് അങ്ങനെയാണ്. അത്തരം ഗവേഷണങ്ങൾ തമിഴിൽ നടക്കുന്നതുപോലെയോ മറ്റ് വിദേശഭാഷകളിൽ നടക്കുന്നതുപോലെയോ മലയാളവുമായി ബന്ധപ്പെട്ട് നടക്കുന്നില്ല. മലയാള ഭാഷ ലോകഭാഷയായി അല്ലെങ്കിൽ നമ്മുടെ ഭാഷ ലോകത്തുള്ള മറ്റ് ഭാഷകളുമായി ബന്ധപ്പെട്ട് വളരുന്നതിന് നിയമങ്ങൾ കൊണ്ടുവരുന്നതിനോടൊപ്പം ഭാഷ വളർത്തുന്നതിന് അത്തരം ഗവേഷണ സ്ഥാപനങ്ങൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഭാഷയെ പുതിയ വാക്കുകൾ ചേർത്ത് വളർത്തേണ്ടതുണ്ട്. അതിനുള്ള സൗകര്യം ഉണ്ടാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പറഞ്ഞ കാര്യം ശരിയാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ മലയാള ഭാഷ സമ്പുഷ്ടമാകുന്നത് കൂടുതൽ പദങ്ങൾ വന്നുചേരുമ്പോഴാണ്. സാധാരണ നിലയ്ക്ക് നമ്മൾ ഉപയോഗിക്കുന്ന ഭാഷയിൽ

മലയാളമല്ലാത്ത ഒട്ടേറെ പദങ്ങൾ ഉണ്ടാകും. അതൊക്കെ ഇപ്പോൾ മലയാള പദമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ശാസ്ത്ര-സാങ്കേതിക രംഗത്തുള്ള ചില പദങ്ങൾക്ക് വേറെ പദം കണ്ടുപിടിക്കുന്നതിനു പകരം ആ പദം തന്നെ സ്വീകരിക്കാൻ കഴിയും. യോജിച്ച മലയാള പദം ഉണ്ടെങ്കിൽ അതും കണ്ടുപിടിക്കാം. അദ്ദേഹം നിർദ്ദേശിച്ചതുപോലെ അതിനുതകുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മലയാളം നിർബന്ധ ഭാഷയാക്കുന്നത് നല്ല കാര്യമാണ്. ബഹുമാന്യനായ കെ. മുരളീധരൻ, എം.എൽ.എ ക്ഷണക്കത്തുകളിൽ മലയാളം ഉപയോഗിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പല സംസ്ഥാനങ്ങളിലേയ്ക്കും നമുക്ക് യാത്ര ചെയ്യേണ്ടിവരാറുണ്ട്. ബാംഗ്ലൂരിലേയ്ക്കോ, ഹൈദരാബാദിലേയ്ക്കോ പോകുമ്പോൾ സ്ഥലപ്പേരുകൾ കന്നട ഭാഷയിൽ എഴുതിയിരുന്നാൽ നമുക്ക് എങ്ങനെ മനസ്സിലാകും? എന്നാൽ ഇംഗ്ലീഷിൽ കൂടി എഴുതിയിരുന്നാൽ ഈ സ്ഥലത്തേയ്ക്ക് ഇത്ര ദൂരം ഉണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കും. മലയാളത്തിന്റെ കാര്യത്തിൽ എനിക്ക് ചില അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഏതാണ് ശുദ്ധഭാഷ എന്ന് പറയാൻ കഴിയുമോ? ഇടുക്കിയിൽ ഒരു ഭാഷ, ഏറനാട്ടിൽ ഒരു ഭാഷ, തൃശ്ശൂരിൽ ഒരു ഭാഷ. അങ്ങനെയാണ് സ്ഥിതി.

മി. സ്പീക്കർ: ആധുനിക മലയാള ഭാഷയ്ക്ക് കുറേ സംഭാവന ചെയ്യുന്ന ആളാണ് അങ്ങ്.

ശ്രീ. പി. കെ. ബഷീർ: സർ, അന്യസംസ്ഥാനത്തുനിന്ന് ഒരാൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുമ്പോൾ, പൊതുമരാമത്ത് വകുപ്പിന്റെ ബോർഡ് മലയാളത്തിൽ മാത്രം എഴുതിയാൽ പോര ഇംഗ്ലീഷിലും എഴുതണം. നമ്മൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ ട്രെയിനുകളിലെ കോച്ചുകളിൽ തെലുങ്ക് ഭാഷയിൽ എഴുതിയിട്ടുണ്ടാകാം. അതിന് താഴെ ഇംഗ്ലീഷിൽ എഴുതിയിട്ടുണ്ടെങ്കിൽ നമുക്ക് മനസ്സിലാകും. സ്കൂളുകളിലും നാട്ടിലുമെല്ലാം മലയാള ഭാഷ പഠിക്കണം. അത് നല്ലത് തന്നെയാണ്. എന്നാൽ നമ്മുടെ റോഡുകളിൽ പി.ഡബ്ല്യൂ.ഡി. ബോർഡുകൾ വയ്ക്കുമ്പോൾ മലയാളത്തിന്റെ കൂടെ ഇംഗ്ലീഷിലും എഴുതണം. സാക്ഷരതാ സംസ്ഥാനമായ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ ഇത്തരമൊരു നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മൾ ഒരു ഘട്ടത്തിലും അനാവശ്യമായ തരത്തിലുള്ള ഭാഷാ ഭ്രാന്തൊന്നും കാണിച്ചിട്ടില്ല. പ്രായോഗികമായ നിലപാടുകൾ മാത്രമേ എല്ലാകാലത്തും സ്വീകരിച്ച് പോന്നിട്ടുള്ളൂ. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച തരത്തിലുള്ള പ്രായോഗിക പ്രശ്നം ഏതെങ്കിലും തരത്തിൽ ഉയർന്നു വരുന്നുണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതാണ്. ശബരിമലയിലൊക്കെ പോകുന്ന ആളുകൾ പുറമെനിന്ന് വരുമ്പോൾ ശബരിമലയിലേയ്ക്ക് പോകുന്ന റൂട്ട് മനസ്സിലാകാതെ വിഷമിക്കുന്നുവെന്ന് ഇതുവരെ കേട്ടിട്ടില്ല. അങ്ങനെ ഉണ്ടെങ്കിൽ നമുക്ക് ആ പ്രശ്നം പരിഹരിക്കാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, മാതൃഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സർക്കാർ ആവിഷ്കരിക്കുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. എന്നാൽ ഇംഗ്ലീഷ് അറിയാത്ത സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കയ്യിൽ കിട്ടുന്ന പല കാര്യങ്ങളും ഇംഗ്ലീഷിലാണ്. സൂപ്പർ മാർക്കറ്റുകളിൽ പോകുമ്പോൾ അടുക്കളയിൽ ഉപയോഗിക്കുന്ന പല സാധനങ്ങളുടേയും ബിൽ, ഉദാഹരണത്തിന് കൊറിയാണ്ടർ എന്നുള്ളത് മലയാളത്തിൽ എന്താണെന്ന് മനസ്സിലാക്കാൻ സാധാരണക്കാർക്ക് സാധിക്കുന്നില്ല. ബില്ലിംഗ് മലയാളത്തിലാക്കാനുള്ള ഒരു തീരുമാനം ഉണ്ടാകുമോ? അതോടൊപ്പം സർക്കാർ ആശുപത്രികളിൽ ഇംഗ്ലീഷിലാണ് മരുന്നുകളുടെ കുറിപ്പ് എഴുതുന്നത്. അതും വായിക്കാൻ സാധാരണക്കാർക്ക് കഴിയുന്നില്ല. മലയാളത്തിൽ കൂടി മരുന്നുകളുടെ പേര് എഴുതി നൽകുന്ന രീതി സ്വീകരിക്കുമോ? അത്തരത്തിൽ സാധാരണക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാതൃഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, മലയാളം വ്യാപകമാക്കണമെന്ന് വരുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങളാണിത്. അവ ഓരോന്നിന്റേയും നില പരിശോധിച്ച് ഉചിതമായ നിലപാട് എടുക്കാം.

ഡോ. എൻ. ജയരാജ്: സർ, സ്കൂളുകളിൽ മലയാളം നിർബന്ധിത ഭാഷയായി കൊണ്ടുവരുന്നതിനോടൊപ്പം സി.ബി.എസ്.ഇ. സ്കൂളുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കണം എന്നൊരു ആശയം ബില്ലിനകത്തുണ്ട്. പുതിയ സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുമ്പോൾ ആ വിഷയം ഉണ്ടാകുന്നില്ല. എന്നാൽ നിലവിലുള്ള സി.ബി.എസ്.ഇ. ഉൾപ്പെടെ മറ്റ് സിലബസ്സുകളുള്ള സ്കൂളുകളിൽ അവർ അതെങ്ങനെ നടപ്പാക്കും എന്നുള്ള പ്രായോഗിക പ്രശ്നം തീർച്ചയായും ഉണ്ടാകും. ഇക്കാര്യത്തിൽ എന്ത് സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? നിയമം പാസ്സായിക്കഴിയുമ്പോൾ ഉണ്ടാകുന്ന ഒരു പ്രായോഗിക ബുദ്ധിമുട്ടുണ്ട്. പല സ്കൂളുകൾക്കും എൻ.ഒ.സി. കൊടുത്തു കഴിഞ്ഞതാണ്. ആ സ്കൂളുകളെ നമുക്ക് നിർബന്ധിക്കാൻ കഴിയുമോ? കാരണം അത് സെൻട്രൽ സിലബസ്സുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്കൂളുകളാണ്. കേരളത്തിലെ സിലബസ്സായാൽ പ്രശ്നമില്ല. അത്തരം സ്കൂളുകളിൽ എങ്ങനെയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് മലയാളം പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നതാണ് നമ്മുടെ ലക്ഷ്യം. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇത്തരം സ്കൂളുകളിൽ ഉയർന്ന ക്ലാസ്സിലുള്ള കുട്ടികളെ മലയാളം പഠിപ്പിക്കുക എന്നുപറഞ്ഞാൽ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകും. അവർ ചെറിയ ക്ലാസ്സ് മുതൽ പഠിച്ചിട്ടില്ല. എന്നാൽ ഒന്നാം തരത്തിൽ ചേരുന്ന കുട്ടിക്ക് മലയാളം പഠിക്കുന്നതിൽ എന്താണ് പ്രയാസം? മലയാളം ഭാഷയായി പഠിക്കുന്നതിന് ഒരു പ്രയാസവും അവിടെയില്ല. അവിടെ ബോധന മാധ്യമം മലയാളമാക്കണമെന്ന് നമ്മൾ നിർബന്ധിക്കുന്നില്ല. എന്നാൽ മലയാളം ഒരു ഭാഷയായി പഠിച്ചിരിക്കണം. അക്കാര്യം മറ്റ് പ്രയാസങ്ങൾ ഇല്ലാതെ നടപ്പാക്കാൻ കഴിയുന്നതാണ്. ഇതു മാത്രമാണ് നാം നിർബന്ധിക്കുന്നത്.

## റേഷൻ കടകളുടെ നവീകരണം

4 (*304) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന തരത്തിൽ റേഷൻ കടകൾ നവീകരിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ടോ; ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് പൂർത്തിയായിട്ടുണ്ടോ;

(സി) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് അനുവദിച്ചു വരുന്ന കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; കമ്മീഷൻ അപര്യാപ്തമെന്ന പേരിൽ കരിഞ്ചന്ത വിൽപ്പന നടത്തുന്നവരെയും അല്ലെങ്കിൽ വ്യാപാരം തന്നെ അവസാനിപ്പിച്ച് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവരെയും നിയന്ത്രിക്കാനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ഇല്ല.

(ബി) വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് പൂർത്തിയായിട്ടില്ല.

(സി) സംസ്ഥാനത്തെ റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് 1-1-2015 മുതൽ ക്വിന്റലിന് 60 രൂപയിൽനിന്നും പരമാവധി 100 രൂപയായി കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഉണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്താൻ സാധിക്കുന്നതല്ല. കൂടാതെ, റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമയ്ക്ക് അറിയിപ്പ് നൽകുന്നത് വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഉത്സവ കാലങ്ങളിൽ കേന്ദ്രപൂളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട അധിക അരി വിഹിതവും മാതൃശിശുക്ഷേമ പദ്ധതികൾക്കും ഉച്ചക്കഞ്ഞി വിതരണത്തിനുമുള്ള സൗജന്യ നിരക്കും അതോടൊപ്പം അധിക ധാന്യവിഹിതവും നേടിയെടുക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇതിനെല്ലാം കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുള്ളതാണ്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അത് നേടിയെടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അധിക ധാന്യവിഹിതം സംബന്ധിച്ച് നേരത്തേ പറഞ്ഞതാണ്. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും നമുക്ക് ലഭിച്ചിട്ടില്ല. സ്കൂൾ വിദ്യാർത്ഥികൾക്കുള്ളതെല്ലാം വേറെ അലോട്ട്മെന്റാണ്.

ശ്രീ. സി. കൃഷ്ണനു വേണ്ടി ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, വാതിൽപ്പടി റേഷൻ വിതരണം പരീക്ഷണാർത്ഥം നടപ്പാക്കുന്നത് തൃപ്തികരമായാണ് പോകുന്നത്. അത് പൂർണ്ണമായി വരുമ്പോൾ റേഷൻ കടകളുടെ സ്ഥിതി എന്താകും?

ശ്രീ. പി. തിലോത്തമൻ: സർ, വാതിൽപ്പടി റേഷൻ വിതരണം പൈലറ്റ് പ്രോജക്ടായി ആരംഭിച്ചിട്ടുണ്ട്. മാർച്ച് മാസം മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം നടത്തുന്നുണ്ട്. ഒരു മാസത്തെ അനുഭവത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് നമ്മുടെ റേഷൻ കടകളിലെ അരി മിച്ചമാണ് എന്നതാണ്. അതുകൊണ്ട് നോൺ പ്രയോറിറ്റി ലിസ്റ്റിലെ സെയിൽസ് സബ്സിഡി വിഭാഗത്തിൽപ്പെടുന്ന 121 ലക്ഷം പേരിൽ ഒരാൾക്ക് 2 കിലോഗ്രാം അരി എന്നുള്ളത് 3 കിലോഗ്രാമായി വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.

ശ്രീ. ആന്റണി ജോൺ: സർ, റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകൾ വഴി വിൽക്കുന്ന അവശ്യ സാധനങ്ങൾ കൂടി റേഷൻകടകൾ വഴി ലഭ്യമാക്കാൻ അനുമതി നൽകുക വഴി റേഷൻ കടകളെ പുതിയ രൂപത്തിലേയ്ക്ക് മാറ്റാനുള്ള ഇടപെടൽ നടത്തുമോ?

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എഫ്.എസ്.എ. പൂർണ്ണമായി നടപ്പാക്കിയതിനു ശേഷം ബഹുമാന്യനായ അംഗം പറഞ്ഞ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, റേഷൻ കടകളിലെ സെയിൽസ്മാൻമാരുടെ നിയമനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഒരു റേഷൻ കടയിലേയ്ക്ക് ഉപഭോക്താക്കൾക്ക് വന്നുപോകാനുള്ള ദൂരം നിശ്ചയിച്ചിട്ടുണ്ടോ; അത് സംബന്ധിച്ച് വ്യക്തമാക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്ത് 14,335 റേഷൻകടകളാണ് നിലവിലുള്ളത്. ഇവിടെ പരിശോധന നടത്തിയപ്പോൾ ഒരു ചെറിയ വിഭാഗം റേഷൻ കടകൾ 300-350 റേഷൻ കാർഡിൽ താഴെയുള്ളവയാണ്. അതുപോലെ 1500-2000 റേഷൻ കാർഡുകൾ ഉള്ള റേഷൻ കടകളുമുണ്ട്. ഇത് പരിഗണിച്ച് ആവശ്യമായ പുനഃസംവിധാനം ചെയ്യണമെന്ന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതൊക്കെ ഭാവിയിൽ ചെയ്യേണ്ട കാര്യങ്ങളാണ്. വളരെയധികം ദൂരം സഞ്ചരിച്ച് റേഷൻ വാങ്ങാൻ പോകേണ്ട സ്ഥിതി ആദിവാസി മേഖലകളിലാണ് ഇപ്പോഴുള്ളത്. അതിന് മൊബൈൽ സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്താനുള്ള ആലോചന ഇപ്പോഴുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**പോക്സോ നിയമപ്രകാരം ജയിൽ ശിക്ഷ അനുഭവിക്കുന്ന ആദിവാസി യുവാക്കൾ**

5 (T* 305) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രാചാരപ്രകാരം ശൈശവവിവാഹം നടത്തുന്ന ആദിവാസി യുവാക്കൾ 2012-ലെ പോക്സോ നിയമപ്രകാരം ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഗോത്രവർഗ്ഗ ആചാര പ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വിവാഹം ചെയ്ത് കുടുംബജീവിതം നയിക്കുന്ന ആദിവാസി യുവാവ് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള നിയമത്തിന്റെ ലംഘനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട് ജയിലിലടക്കപ്പെടുന്ന സ്ഥിതിവിശേഷം ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* T - മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നാണ് സമീപകാലത്തെ സംഭവങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ ശൈശവ വിവാഹം നിരോധിക്കുകയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതും ഗുരുതരമായ കുറ്റങ്ങളായതിനാൽ ഇക്കാര്യത്തിൽ ഊർജ്ജിതമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമാകുക.

കേരളത്തിലെ ആദിവാസികളിൽ 40 ശതമാനത്തോളം വസിക്കുന്ന വയനാട് ജില്ലയിൽ 3201 പട്ടികവർഗ്ഗ, പട്ടികജാതി കോളനികളാണുള്ളത്. ആയതിൽ 2975 കോളനികൾ പട്ടികവർഗ്ഗ കോളനികളാണ്. ഈ കോളനികളിൽ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന പണിയൻ, നായ്ക്കർ, കാട്ടു നായ്ക്കർ, തേൻ കുറുമർ തുടങ്ങി ഏറ്റവും താഴെക്കിടയിലുള്ള ഈ വിഭാഗം സാമ്പത്തികമായും സാമൂഹികമായും ഇന്നും പിൻനിരയിൽതന്നെയാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള നിയമത്തിന്റെ കാര്യങ്ങൾ അവർക്ക് ബോധ്യമില്ല. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ഗോത്രാചാരപ്രകാരം വിവാഹം ചെയ്ത കുറ്റത്തിന് അവരുടെ ഭർത്താക്കന്മാർ ജയിലിൽ കിടക്കുന്നതിനാൽ ഈ പെൺകുട്ടികളിൽ ചിലർ ഇപ്പോഴും പുനരധിവാസ കേന്ദ്രങ്ങളിലാണ് കഴിഞ്ഞുവരുന്നത്. ഇത്തരം സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പ് ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെക്കുറിച്ചും ശൈശവ വിവാഹത്തിന്റെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി, എസ്.സി./എസ്.റ്റി. മോണിറ്ററിംഗ് കമ്മിറ്റി എന്നീ പദ്ധതികളിലൂടെ ആദിവാസി കോളനി സന്ദർശിച്ച് ഈ നിയമത്തെക്കുറിച്ചും സ്ത്രീ സുരക്ഷയെക്കുറിച്ചും ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഗൗരവകരമായ ഇടപെടലുകൾ നടത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## 1977-ന് മുമ്പ് ഭൂമി കൈവശം വച്ചിട്ടുള്ള എല്ലാവർക്കും പട്ടയം

6 (*306) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ന് മുമ്പ് ഭൂമി കൈവശം വച്ചിട്ടുള്ള എല്ലാവർക്കും 2017 മേയ് മാസത്തിൽ പട്ടയം നൽകാൻ മുഖ്യമന്ത്രി വിളിച്ചുചേർത്ത സർക്കാരിന്റെ ഉന്നതതല യോഗം തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ യോഗതീരുമാനപ്രകാരം റവന്യൂ അധികൃതർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇന്നത്തെ നിലയിൽ അർഹതപ്പെട്ടവർക്കെല്ലാം പട്ടയം നൽകാൻ എന്നത്തേക്ക് സാധ്യമാകുമെന്ന് വ്യക്തമാക്കുമോ;

(സി) പത്ത് സെന്റിൽ താഴെ കൈവശം വെച്ച് വീടും കൃഷിയുമായി കഴിയുന്നവർക്ക്, പ്രത്യേകിച്ച് മറ്റ് ഭൂമി സ്വന്തമായിട്ടില്ലാത്തവർക്ക് കൂടി പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടത്തിന് വിധേയമായി 1-1-1977-ന് മുമ്പുള്ളതും നിയമപരമായി അർഹതയുള്ളവരുമായ കുടിയേറ്റക്കാർക്ക് പട്ടയം നൽകാനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണെന്ന് 4-1-2017-ലും 21-4-2017-ലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് മേയ് 13-നും ഇടുക്കിയിൽ മേയ് 21-നും പട്ടയവിതരണത്തിനുള്ള പരിപാടികൾ നിശ്ചയിച്ചിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള യോഗ തീരുമാനപ്രകാരം ഇടുക്കി ജില്ലയിലെ ഏഴ് ഭൂമി പതിവ് ഓഫീസുകൾ മുഖേന അർഹരായ മുഴുവൻ അപേക്ഷകർക്കും പട്ടയം നൽകുന്നതിനുള്ള ഊർജ്ജിത കർമ്മപദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നടന്നുവരുന്നു. ഏകദേശം 5000-ത്തിലധികം പട്ടയം ഈ മാസാവസാനത്തോടെ വിതരണം ചെയ്യും. എറണാകുളം ജില്ലയിൽ സംയുക്ത പരിശോധന കഴിഞ്ഞ ആലുവ, കുന്നത്തുനാട് താലൂക്കുകളിൽ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ 1/2017 മുതൽ 4/2017 വരെ 23 അപേക്ഷകളിലായി 5.5814 ഹെക്ടർ വനഭൂമി പതിച്ച് നൽകിയിട്ടുള്ളതും ഇതുവരെയായി മൊത്തം 3956 പേർക്കായി 1171.8005 ഹെക്ടർ വനഭൂമി പതിച്ചു നൽകിയിട്ടുള്ളതുമാണ്. അർഹതപ്പെട്ടവർക്കെല്ലാം പതിവ് ചട്ടത്തിലെ നടപടിക്രമം പാലിച്ച് പട്ടയം നൽകുന്നതാണ്.

(സി) ഇക്കാര്യത്തിൽ നിയമം അനുശാസിക്കുംവിധം തീരുമാനം കൈക്കൊള്ളുന്നതാണ്.

**പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദപരമാക്കുന്നതിന്സ്വീകരിച്ച നടപടി**

7 (*307) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അമിത രാഷ്ട്രീയവൽക്കരണത്തിന്റെ ഫലമായി പോലീസ് സേന നിർവീര്യമാക്കപ്പെട്ടെന്ന ആക്ഷേപം പരിഹരിച്ച് ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) സാമൂഹ്യ വിരുദ്ധരെയും ഗുണ്ടകളെയും അമർച്ച ചെയ്യാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) സാധാരണക്കാർക്ക് നിർഭയം കടന്നുചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദപരമാക്കുന്നതിന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ക്രമസമാധാനപാലനത്തിന് പോലീസ് സേന സജ്ജമാണ്. യാതൊരുവിധ നിർവീരീകരണവും ഇപ്പോൾ പോലീസ് സേനയെ ബാധിച്ചിട്ടില്ല. ക്രമസമാധാന പാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളെ അതിന്റെ വകുപ്പ് അനുസരിച്ച് പുനർ നിശ്ചയിക്കുകയും ഇത്തരം കേസുകളുടെ അന്വേഷണ ചുമതല സി.ഐ.മാരെ ഏൽപ്പിച്ചുകൊണ്ടും സംസ്ഥാന പോലീസ് മേധാവി 2-2-2017-ൽ സർക്കുലർ നമ്പർ 6/2017 ആയി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് ജനമൈത്രി പോലീസ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചും പോലീസ് ബീറ്റ് സംവിധാനം ശക്തിപ്പെടുത്തിയും പൊതുജന പങ്കാളിത്തത്തോടു കൂടി ബീറ്റ് സമിതി രൂപീകരിച്ചും അപ്പപ്പോഴുണ്ടാകുന്ന ചെറിയ ക്രമസമാധാന പ്രശ്നങ്ങളിൽ നേരിട്ട് ഇടപെട്ട് രമ്യമായി പരിഹരിക്കുന്നതിനും അതുവഴി സാമൂഹ്യവിരുദ്ധ ശക്തികളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിനും കഴിഞ്ഞുവരുന്നു. കൂടാതെ സ്ത്രീകളുടെയും, കുട്ടികളുടെയും പ്രത്യേക സുരക്ഷയ്ക്കായി പിങ്ക് പോലീസ് പട്രോളിംഗ്, വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ഹെൽപ്പ് ഡെസ്ക്, വയോജനങ്ങൾക്കായി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുതലായവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയും ക്രമസമാധാനപാലനം പരിപാലിച്ചുവരുന്നു.

പൊതുസ്ഥലങ്ങൾ, സ്കൂൾ, കോളേജ്, ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും പിങ്ക് പട്രോൾ സംഘം പട്രോളിംഗ് നടത്തി വരുന്നു. അത്യാവശ്യഘട്ടങ്ങളിൽ സ്ത്രീകൾക്ക് പിങ്ക് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേയ്ക്ക് ഏത് സമയത്തും വിളിക്കുന്നതിനും, ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ട്രാഫിക്ക് ബോധവൽക്കരണത്തിനുവേണ്ടി ശുഭയാത്ര എന്ന പദ്ധതി നടപ്പാക്കിവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതി സംസ്ഥാന പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിലൂടെ നിയമത്തെ അനുസരിക്കുന്ന ഒരു ജനതയെ വാർത്തെടുക്കുവാനുള്ള ഒരു ശ്രമം നടത്തുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും,

അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ച് വരുന്നുണ്ട്. ഇതുകൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിച്ചുവരുന്നു.

(ബി) ഗുണ്ടാ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാനായി സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും (SAGS) എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ഗുണ്ടകളെ കുറിച്ചുള്ള വിവരങ്ങൾ ഗുണ്ടാ വിരുദ്ധ സ്ക്വാഡ് വഴിയും വിശ്വസ്തരായ ആളുകളിൽനിന്നും ശേഖരിക്കുകയും ഇവരുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്തുവരുന്നു. അപ്രകാരം ജില്ലകളിലെ ആന്റി സോഷ്യലുകളുടെ വിശദമായ പട്ടിക തയ്യാറാക്കിയിട്ടുള്ളതും ടിയാളുകളുടെ കേസുകളുടെ സ്വഭാവത്തിന്റെയും നിലവിലെ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലെ ഹാർഡ് കോർ ക്രിമിനൽ, ആക്ടീവ് ക്രിമിനൽ, ഇനാക്ടീവ് ക്രിമിനൽ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് ടിയാളുകളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. ഇത്തരം സാമൂഹ്യവിരുദ്ധരെപ്പറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെയും, ജില്ലാ കളക്ടർമാരെയും റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽമാരെയും അറിയിക്കുകയും ഇവരുടെ പേരിൽ ക്രിമിനൽ നടപടി നിയമത്തിലെ സുരക്ഷാ നടപടിക്രമങ്ങൾ പാലിച്ചും KAAPA ആക്ട് ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തുവരുന്നു. ഇക്കാര്യത്തിലുള്ള തുടർനടപടികളും രഹസ്യാന്വേഷണ വിഭാഗം നിരീക്ഷിച്ചു വരുന്നു. എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തി പോലീസ് പട്രോളിംഗ് കാര്യക്ഷമമായി നടത്തിവരുന്നതും ക്രമസമാധാന ലംഘകർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചും വരുന്നു.

(സി) സാധാരണക്കാർക്ക് നിർഭയം പോലീസ് സ്റ്റേഷനുകളിൽ കടന്ന് ചെല്ലാവുന്ന ജനസൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 290 ലക്ഷം രൂപയും കൂടുതൽ സ്ഥല സൗകര്യം അനുവദിക്കുന്നതിന് 500 ലക്ഷം രൂപയും പോലീസ് സ്റ്റേഷനുകൾ ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക് കൂടി കടന്നു വരത്തക്കരീതിയിൽ മാറ്റം വരുത്തുന്നതിന് 500 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. സാധാരണക്കാർക്ക് നിർഭയം കടന്നു ചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദപരമാക്കുന്നതിനായി ജനമൈത്രി പോലീസ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. സംസ്ഥാനത്തുള്ള ഭൂരിപക്ഷം പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിന്

റിസപ്ഷൻ, വനിതാ ഹെൽപ്പ് ഡെസ്ക്, ടോയ്‌ലറ്റോടുകൂടിയുള്ള വിസിറ്റേഴ്സ് റൂം, മുതലായവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വയോജനങ്ങൾക്കായി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക സുരക്ഷയ്ക്കായി പിങ്ക് പോലീസ് പട്രോളിംഗ്, വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ഹെൽപ്പ് ഡെസ്ക് മുതലായ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

**സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് മരുന്നുകൾ സൂക്ഷിക്കാൻ നടപടി**

8 (*308) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകൾ സൂക്ഷിക്കുന്നതിന് മൊത്ത, ചില്ലറ വില്പനശാലകൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്; വ്യക്തമാക്കുമോ;

(ബി) മരുന്നുകളിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങൾ, സംയുക്തങ്ങൾ ഇവ ചൂട്, ഈർപ്പം, സൂര്യപ്രകാശം, പൊടി തുടങ്ങിയവയുമായി പ്രതിപ്രവർത്തിക്കാനുള്ള സാധ്യത എത്രത്തോളമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ അന്തരീക്ഷ ഊഷ്മാവിലുണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് മരുന്ന് വില്പന ശാലകളിലും വീടുകളിലും മരുന്നുകൾ സൂക്ഷിക്കുമ്പോൾ അവ കൃത്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉതകുന്നവിധത്തിൽ ബോധവൽക്കരണ പരിപാടികൾക്കായി നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മരുന്ന് വിതരണ/വിൽപ്പന ലൈസൻസുകൾ അനുവദിക്കുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക് ചട്ടത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം വിസ്തീർണ്ണമുള്ള മുറിയും, മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിലുടനീളം ഗുണനിലവാരം നിലനിർത്തുന്നതിനായുള്ള സംഭരണ സംവിധാനങ്ങളും, ഇത്തരം കാര്യങ്ങൾ പാലിക്കപ്പെടുന്നതിനും ഡോക്ടറുടെ കുറിപ്പടിക്കനുസൃതമായി മാത്രം മരുന്നുകൾ വിൽപ്പന നടത്തുന്നതിനുമായി രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനവുമാണ് ആവശ്യമായിട്ടുള്ളത്. കൂടാതെ ലൈസൻസുകൾ ലഭ്യമായശേഷം മരുന്നുകളുടെ സംഭരണ/വിതരണ രീതികൾ ഡ്രഗ്സ് &കോസ്മെറ്റിക്സ് റൂൾസിലെ ചട്ടം 65-ൽ പ്രതിപാദിച്ചിട്ടുള്ളതു പ്രകാരമാണ് നടത്തേണ്ടത്.

(ബി) ഭൗതിക സാഹചര്യങ്ങളുടെ സ്വാധീനത്താൽ മരുന്നുകളിലടങ്ങിയിരിക്കുന്ന രാസഘടകങ്ങൾക്ക് വ്യതിയാനങ്ങൾ കണ്ടുവരുന്നതിന്റെ അടിസ്ഥാനത്തിൽ ചൂട്, ഈർപ്പം, സൂര്യപ്രകാശം തുടങ്ങിയവയുടെ പ്രവർത്തനംമൂലം ഇവയുടെ പ്രതിപ്രവർത്തനത്തെക്കുറിച്ച് കൃത്യമായി പഠനങ്ങൾ നടത്തിയാണ് ഓരോ മരുന്നിന്റെയും കാലാവധി നിശ്ചയിക്കുന്നത്. രാജ്യാന്തര തലത്തിൽ എല്ലാ രാജ്യങ്ങളുടേയും ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്ത് സോണുകളായി തരംതിരിച്ചാണ് ഇത്തരം പഠനങ്ങൾ നടത്തുന്നത്.

(സി) അന്തരീക്ഷ ഊഷ്മാവ് കൂടാതെ ഈർപ്പം, സൂര്യപ്രകാശം എന്നിവയുടെ ഏറ്റവും ഉയർന്ന പരിധിയെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളെ ആസ്പദമാക്കിയാണ് മരുന്നുകൾക്ക് ഷെൽഫ് ലൈഫ് നിശ്ചയിച്ചുറപ്പിക്കുന്നത്. ആയതിനാൽ സംസ്ഥാനത്തെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങളിലും മരുന്നുകളുടെ ഗുണനിലവാരം നിലനിർത്തപ്പെടുന്നുണ്ട്. എന്നാൽ ഈ കാര്യങ്ങളൊന്നും കണക്കിലെടുക്കാതെയുള്ള വളരെ അലക്ഷ്യമായ കൈകാര്യം ചെയ്യൽമൂലം മരുന്നുകളുടെ ഗുണനിലവാരം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങളൊഴിവാക്കുന്നതിനായി ലൈസൻസികൾക്കായി ബോധവൽക്കരണ പരിപാടികൾ അതാത് ജില്ലാ കാര്യാലയങ്ങളിൽ നടത്തുന്നുണ്ട്.

## പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

9 (*309) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; ബോർഡ് വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) മുപ്പതു ലക്ഷത്തിലധികം വരുന്ന പ്രവാസി കേരളീയരിൽ അഞ്ചു ശതമാനത്തിൽ താഴെ ആളുകൾ മാത്രം പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ തയ്യാറായത് മുഖ്യമായും ആനുകൂല്യങ്ങൾ അനാകർഷകമായതുകൊണ്ടാണ് എന്നതിനാൽ ഇതു പരിശോധിച്ച് പദ്ധതി ആകർഷകമാക്കാൻ നടപടിയെടുക്കുകയും സർക്കാർ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(സി) 60 വയസ്സുവരെ പ്രതിമാസം 300 രൂപ അടയ്ക്കുന്ന ആളിന് നിലവിലുള്ള പെൻഷൻ തീർത്തും അനാകർഷകമായതിനാൽ അത് ഉചിതമായി പരിഷ്കരിക്കാൻ സാധ്യമാകുമോ എന്ന് പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രവാസി ക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. 2017 മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് ക്ഷേമനിധിയിൽ 1,60,860 അംഗങ്ങളാണുള്ളത്. ഇത് പത്ത് ലക്ഷത്തിലേയ്ക്ക് ഉയർത്തുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. 20-12-2016 മുതൽ അംഗത്വത്തിനും അംശദായം അടയ്ക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമത്തിനായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്:

- പെൻഷൻ
- കുടുംബ പെൻഷൻ
- മരണാനന്തര ധനസഹായം
- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസാനുകൂല്യം.

(ബി) ബോർഡിൽ ഓരോ വർഷവും അംശദായമായി പിരിഞ്ഞുകിട്ടുന്ന തുകയുടെ 2% തുകയാണ് ബോർഡിലേയ്ക്കുള്ള സർക്കാർ വിഹിതം. പ്രവാസി ക്ഷേമനിധി കൂടുതൽ ആകർഷകമാക്കാനായി നിലവിലെ പെൻഷൻ 500 രൂപയിൽ നിന്നും 2000 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് ഈ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച് തുക വകയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ നിലവിലുള്ള പെൻഷൻ 500 രൂപയിൽനിന്നും 2,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്ത്രീകളുടെ ഉന്നമനവും സുരക്ഷിതത്വവും**

10 (*310) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രക്രിയയിൽ സ്ത്രീ സമത്വമെന്ന കാഴ്ചപ്പാട് ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് വനിതാ ക്ഷേമ വകുപ്പ് രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ;

(ബി) വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ്;

(സി) സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ നിർഭയമായും സുരക്ഷിതമായും ജീവിക്കുന്നതിനുവേണ്ട സാമൂഹ്യ സാഹചര്യം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) വനിതാ ക്ഷേമ വകുപ്പ് രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ബി) വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വിധവാ പുനർവിവാഹ പദ്ധതി (മംഗല്യ)
2. ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ധനസഹായ പദ്ധതി
3. ജയിൽ കുറ്റവാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
4. വനിതാ ഗൃഹനാഥകളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
5. മാതൃത്വ ധനസഹായ പദ്ധതി
6. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന യോഗ്യരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ സൗകര്യം ലഭ്യമാക്കുകയും തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കാത്ത വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി തൊഴിലെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ നിർഭയമായും സുരക്ഷിതമായും ജീവിക്കുന്നതിനുവേണ്ട സാമൂഹ്യ സാഹചര്യം സൃഷ്ടിക്കുന്നതിന് വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരെ സംയോജിപ്പിച്ച് സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ, വിഷയത്തെയും നിയമത്തെയും ജീവനക്കാർക്കും ഗുണഭോക്താക്കൾക്കും പരിചയപ്പെടുത്തുന്ന വിവിധ പരിശീലന പരിപാടികൾ എന്നിവ വകുപ്പുതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**മായം കലർത്തുന്നത് തടയാൻ ഭക്ഷ്യവകുപ്പിനുള്ള സംവിധാനങ്ങൾ**

11 (*311) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. സി. മമ്മൂട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്താൻ ഭക്ഷ്യ വകുപ്പിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മായം ചേർക്കലിനെതിരെ ആരോഗ്യവകുപ്പിനുകീഴിൽ പരിശോധനാ സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ, ഇരുവിഭാഗങ്ങളുടെയും ഏകോപനം ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) നിത്യോപയോഗ സാധനങ്ങളായ അരി, വെളിച്ചെണ്ണ, ധാന്യങ്ങൾ എന്നിവയിലെല്ലാം അതീവ ഹാനികരമായ മായവും ചായവും ചേർക്കുന്ന ഗുരുതരമായ സ്ഥിതിയിൽ ഭക്ഷ്യവകുപ്പ് കർശന പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്താൻ ആവശ്യമായ സന്ദർഭങ്ങളിൽ സാധനങ്ങളുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കൂടാതെ കോന്നിയിലുള്ള സി.എഫ്.ആർ.ഡി. ലാബിലും എല്ലാ ഭക്ഷ്യവസ്തുക്കളും റാൻഡമായി സാമ്പിളെടുത്ത് പരിശോധന നടത്തിവരുന്നു. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സംസ്ഥാനത്തെ സിവിൽ സപ്ലൈസ് വില്പനശാലകളിൽ നിന്നും ഡിപ്പോകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ഐ.എസ്.ഒ. 22000/എച്ച്.എ.സി.സി.പി/അഗ്മാർക്ക്/എഫ്.എസ്.എസ്.എ.ഐ.ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് സി.എഫ്.ആർ.ഡി.-യിൽ ഗുണനിലവാര പരിശോധന നടത്തുന്നു.

(ബി) ആരോഗ്യ വകുപ്പുമായി ഏകോപിച്ച് മായം ചേർക്കലിനെതിരെ ഒരു സംവിധാനവും നിലവിലില്ല.

(സി) സ്വീകരിക്കും. സപ്ലൈകോ വില്പനശാലകളിലേയ്ക്ക് വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളിൽ ഹാനികരമായ മായം ചേർക്കുന്നത് തടയുന്നതിന് ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലുണ്ട്. കുറ്റക്കാർക്കെതിരായി കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

## വിഷാദരോഗ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ

12 (*312) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ, പ്രത്യേകിച്ച് സ്ത്രീകളുടെയിടയിൽ വിഷാദരോഗം കൂടുതലായി ബാധിക്കുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(ബി) വിഷാദരോഗികളെ കണ്ടെത്തുവാനും ചികിത്സ നൽകുവാനും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ, നഴ്സ് തുടങ്ങിയവർക്ക് ഇതിനുള്ള പരിശീലനം നൽകുവാൻ പദ്ധതിയുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സമൂഹത്തിൽ സ്ത്രീകൾക്കാണ് വിഷാദരോഗം കൂടുതലായി കണ്ടുവരുന്നത്. വിഷാദരോഗത്തിന്റെ കണക്ക് എടുക്കുമ്പോൾ പുരുഷന്മാരുടെ ശരാശരിയെക്കാൾ ഏകദേശം ഇരട്ടിയോളമാണ് സ്ത്രീകളുടെ ശരാശരി, ജൈവശാസ്ത്രപരമായ കാരണങ്ങൾ ഹോർമോൺ വ്യതിയാനങ്ങൾ സാമൂഹ്യ കാരണങ്ങളായ ഗാർഹിക പീഡനം, സാമ്പത്തിക പ്രതിസന്ധി, ഭർത്താവിന്റെ മദ്യപാനം, സാമൂഹിക പിന്തുണയുടെ കുറവ് ഇവയാണ് വിഷാദരോഗം കൂടുതലായി ബാധിക്കുന്നതിന് കാരണം.

(ബി) ഉണ്ട്. ആദ്യഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് ഇവയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

(സി) മേൽപ്പറഞ്ഞ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് ഇതിനുള്ള പരിശീലനം നൽകുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വിവരസാങ്കേതികവിദ്യാ വ്യവസായത്തിന്റെ സാധ്യത വികസിപ്പിക്കുന്നതിന് നടപടി

13 (*313) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണരഹിതവും താരതമ്യേന വളരെ കുറച്ചു സ്ഥലം മാത്രം ആവശ്യമുള്ളതുമായ വിവരസാങ്കേതികവിദ്യാ വ്യവസായം സംസ്ഥാനത്ത് ഒരു മുഖ്യ തൊഴിൽ മേഖലയെന്ന നിലയിൽ വളർത്തിയെടുക്കാനായി എന്തെല്ലാം പദ്ധതികളാണുള്ളത്; വിശദമാക്കുമോ;

(ബി) നഗര കേന്ദ്രീകൃതമെന്നതിനുപരി ഗ്രാമപ്രദേശത്തേയ്ക്കുകൂടി ഈ വ്യവസായത്തിന്റെ സാധ്യത വികസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളുണ്ടോ; ഗ്രാമീണമേഖലയിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഐ.ടി. ഒരു മുഖ്യതൊഴിൽ മേഖലയായി വളർത്തിയെടുക്കുന്നതിനോടൊപ്പം തന്നെ ഈ മേഖലയിലെ നീതിരഹിതമായ തൊഴിൽചൂഷണം തടയാൻ വേണ്ട സംവിധാനവും ഏർപ്പെടുത്തുവാൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ മലിനീകരണ രഹിതവും താരതമ്യേന വളരെ കുറച്ച് സ്ഥലം മാത്രം ആവശ്യമുള്ളതുമായ വിവരസാങ്കേതിക വിദ്യയുള്ള നിർണ്ണായകമായ പങ്ക് മനസ്സിലാക്കി ഐ.ടി.-യെ ഒരു മുഖ്യതൊഴിൽ മേഖല എന്ന നിലയിൽ വളർത്തിയെടുക്കാനായി നിരവധി പദ്ധതികളാണ് പുതിയ ഐ.ടി. നയം 2017-ൽ (കരട്) ഉൾപ്പെടുത്തിയിട്ടുള്ളത്.

അവയിൽ പ്രധാനമായവ കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുക, മികച്ച ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക തുടങ്ങിയവയാണ്.

(ബി) ഒരു വ്യവസായമെന്ന രീതിയിൽ നഗര കേന്ദ്രീകൃതമായിട്ടാണ് ഐ.ടി. വ്യവസായത്തിന്റെ സാധ്യതയുള്ളത്. എന്നാൽ സ്മാർട്ട് ഗ്രാമങ്ങൾ/സ്മാർട്ട് പഞ്ചായത്തുകൾ, ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച് പദ്ധതി, ഗ്രാമീണ മേഖലകളിലെ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്താനുള്ള ഓൺലൈൻ വിപണന കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഐ.ടി. നയത്തിൽ മിനിമം കൂലി ഉറപ്പുവരുത്തുക, തൊഴിൽ ചൂഷണം തടയുക, തൊഴിൽ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഐ.ടി. പാർക്കുകളിലെ കമ്പനികളിൽ തൊഴിൽ ചൂഷണവും, തട്ടിപ്പും തടയുന്നതിനായി കമ്പനികളും, പാർക്കുകളുമായുള്ള കരാറിൽ നിയമാനുസൃതമായ എല്ലാ സേവന വേതന വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## സൗജന്യ വൈ-ഫൈ സൗകര്യം

14 (*314) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരക്കേറിയ ബസ് സ്റ്റാൻഡുകളിലും പാർക്കുകളിലും സൗജന്യ വൈ-ഫൈ സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച 'ആയിരം വൈ-ഫൈ ഹോട്ട് സ്പോട്ട് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്നും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ 1000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുമ്പോൾ ഓരോ ഹോട്ട് സ്പോട്ടുകളുടെയും ദൂരപരിധിക്കുള്ളിൽ വരുന്ന പൊതുജനങ്ങൾക്ക് നിശ്ചിത സമയം സൗജന്യ ഇന്റർനെറ്റ് സേവനം ലഭ്യമാകുന്നതാണ്. ഓരോ ജില്ലകളിലും വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ അതത് ജില്ലാ കളക്ടർമാർ കണ്ടെത്തുകയും, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ 21-4-2017-ൽ സർവ്വീസ് പ്രൊവൈഡർമാരിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (Expression of Interest) ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യത നേടുന്ന കമ്പനികളിൽനിന്നും ടെണ്ടർ നടപടികളിലൂടെ സർവ്വീസ് പ്രൊവൈഡറെ കണ്ടെത്തിയ ശേഷം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം 1000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ കൂടി സ്ഥാപിക്കുന്നതാണ്.

## ക്യാൻസർ പോലുള്ള മാരക രോഗങ്ങളുടെ ചികിത്സ

15 (*315) ശ്രീ. കെ. ആൻസലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ പോലുള്ള മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി പുതുതായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ മതിയായ തോതിൽ ഏർപ്പെടുത്താനായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) മേൽത്തട്ട് ചികിത്സാ സംവിധാനത്തിലെ രോഗീബാഹുല്യം കുറയ്ക്കാനും ആവശ്യത്തിന് വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും ശ്രദ്ധ പതിപ്പിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ക്യാൻസർ ചികിത്സയ്ക്കായി പുതുതായി ആർ.സി.സി.-യിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സംവിധാനങ്ങൾ താഴെപ്പറയുന്നവയാണ്:

റേഡിയോതെറാപ്പി ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഒരു പഴയ കൊബാൾട്ട് മെഷീനും ഒരു ലീനിയർ ആക്സിലറേറ്ററും മാറ്റി പുതിയ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ന്യൂക്ലിയർ ഡിവിഷനിൽ പെറ്റ്/സി.റ്റി. സ്കാനർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ പുതിയതായി സ്പെക്റ്റ്/സി.റ്റി. ഗാമ ക്യാമറ, സ്പെക്റ്റ് ഗാമ ക്യാമറ എന്നിവ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കുന്നു. സ്തനാർബുദം ഉള്ള രോഗികളുടെ എല്ലുകളുടെ സാന്ദ്രത അളക്കുന്നതിനുള്ള ഡെക്സാ (DEXA) സ്കാനർ, ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം, പഴയ MRI മാറ്റി പുതിയ MRI എന്നിവയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തല, കഴുത്ത് എന്നിവിടങ്ങളിൽ ക്യാൻസർ ബാധിച്ചിട്ടുള്ള രോഗികളുടെ എക്സ്-റേ എടുക്കുന്നതിനുള്ള ഓർത്തോപാൻ റ്റോമാഗ്രാം, കരളിൽ ക്യാൻസർ ബാധിതരായ രോഗികളെ ചികിത്സിക്കുന്നതിനുള്ള റേഡിയോ ഫ്രീക്വൻസി അബലേഷൻ (RFA) എന്നീ മെഷീനുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

രോഗികളുടെ ബാഹുല്യവും ആർ.സി.സി.-യുടെ പ്രാധാന്യവും കണക്കിലെടുത്ത് 1,34,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു പത്തുനില കെട്ടിടം നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒ.പി. വിഭാഗം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ 14 നില കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ആറ് ഓപ്പറേഷൻ തിയേറ്ററുകളുണ്ട്. ഇതിൽ രണ്ടെണ്ണം പൂർണ്ണമായും നവീകരിച്ചതാണ്. മറ്റുള്ളവയുടെ നവീകരണത്തിനായിട്ടുള്ള പ്രവർത്തനം തുടർന്നുവരുന്നു. ഇതിൽ ഇന്റർവെൻഷണൽ എൻഡോസ്കോപ്പി സർവ്വീസ്, മിഡിയാസ്റ്റിനോസ്കോപ്പി എന്നീ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. റേഡിയേഷൻ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി എന്നീ വിഭാഗങ്ങളിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സെൻട്രൽ സ്റ്റെറയിൽ സപ്ലേ ഡിവിഷൻ (CSSD) യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. പാത്തോളജി ഡിവിഷനിൽ ഉണ്ടായിരുന്ന മോളിക്യുലാർ ലാബിനെ നൂതന സങ്കേതങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിപുലീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ഡിവിഷനിൽ 2 ആഫറസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നാല് കിടക്കകളോടുകൂടിയ ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് പത്ത് കിടക്കകളോടുകൂടിയ യൂണിറ്റാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുതിയതായി പണിയുന്നതിന് ഭരണാനുമതി നൽകിയ കെട്ടിടത്തിൽ പേ വാർഡുകൾ ഐഡിൻ വാർഡ്, റേഡിയോ തെറാപ്പി മെഷീനുകൾ വയ്ക്കുന്നതിനുള്ള മുറികൾ, ബ്രാക്കിതെറാപ്പി സ്യൂട്ട്, റേഡിയേഷൻ പ്ലാനിംഗിനുള്ള സിമുലേറ്ററുകൾ, മെഡിക്കൽ ഓങ്കോളജി വാർഡ്, റോബോട്ടിക് സർജറിക്കുള്ള സംവിധാനത്തോടുകൂടിയ ആറ് ഓപ്പറേഷൻ തിയേറ്ററുകൾ, സംയോജിത ചികിത്സാ സങ്കേതം (Integrated Medicine Division) എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മലബാർ ക്യാൻസർ സെന്ററിൽ നിലവിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴികെ താഴെപ്പറയുന്ന മറ്റെല്ലാം ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്.

ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയഷൻ ചികിത്സാ സൗകര്യം, ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോകെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം, 4D സ്കാനർ, സി.ടി. സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി. സ്കാൻ, 500 എം.എ. എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം, ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം, എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ തുടങ്ങിയവ ലഭ്യമാണ്.

കൂടാതെ, രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്, ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ, പാലിയേറ്റീവ് കെയർ വിഭാഗം, പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ്, 200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക് എന്നിവ ലഭ്യമാണ്. മറ്റ് ആശുപത്രികളിലെ ക്യാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.-യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലി മെഡിസിൻ സംവിധാനവും ലഭ്യമാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം എന്നീ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. നിലവിൽ കോട്ടയം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ആധുനിക ഉപകരണമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതുതായി ഒരു ലീനിയർ ആക്സിലറേറ്ററും, ഒരു കൊബാൾട്ട് മെഷീനും ഒരു ബ്രേക്കി തെറാപ്പി മെഷീനും വാങ്ങാനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 45.5 കോടി രൂപ ചെലവിൽ ടെർഷ്യറി ക്യാൻസർ സെന്റർ സംവിധാനം ഒരുക്കുവാനായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടവും ചികിത്സാ ഉപകരണങ്ങളും സജ്ജമാക്കിവരുന്നു. കൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ ലീനിയർ ആക്സിലറേറ്റർ, കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമതായി ഒരു ലീനിയർ ആക്സിലറേറ്റർ, ആലപ്പുഴ മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സാ ഉപകരണമായ ബ്രേക്കി തെറാപ്പി മെഷീൻ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

എല്ലാ ജില്ലയിലും ഒരു ക്യാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയത്തോടെ ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതി ആരോഗ്യ വകുപ്പിനുകീഴിൽ എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കുകയും ഇരുപത്തയ്യായിരത്തോളം കീമോ തെറാപ്പികൾ ഇതിനോടകം നൽകുകയും ചെയ്തിട്ടുണ്ട്. ഓറൽ ക്യാൻസർ ഡിറ്റക്ഷൻ യൂണിറ്റ്, പക്ഷാഘാത ചികിത്സാ യൂണിറ്റ് എന്നിവ എല്ലാ ജില്ലാ ആശുപത്രികളിലും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം എല്ലാ ജില്ലാ ആശുപത്രികളിലും പാലിയേറ്റീവ് കീമോതെറാപ്പി വിഭാഗം ആരംഭിക്കുന്നതിനും ശ്വാസകോശ രോഗങ്ങളെ ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമിനറി ഡിസീസ് ചികിത്സിക്കുന്നതിനുള്ള ആധുനിക ചികിത്സാ സങ്കേതങ്ങൾ അടങ്ങിയ ചികിത്സാ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുമായി എല്ലാ വർഷവും ബജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിക്കുകയും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പി.എം.എസ്.എസ്.വൈ. (PMSSY) പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ വിഹിതമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 10 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗത്തെ അർബുദ രോഗ ചികിത്സയ്ക്കുള്ള സമഗ്ര കേന്ദ്രമാക്കി മാറ്റുന്നതിന് മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചു.

ആരോഗ്യവകുപ്പിനുകീഴിലെ ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. നവകേരള മിഷന്റെ ഭാഗമായ ആർദ്രം ദൗത്യത്തിൽ ഉൾപ്പെടുത്തി ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനായി നിശ്ചിത മാനദണ്ഡപ്രകാരം സൗകര്യങ്ങൾ ക്രമീകരിച്ച് ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/ജനറൽ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനായി 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ആരോഗ്യവകുപ്പിന്റെ കീഴിലെ 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കിഫ്ബി മുഖാന്തരം നടത്തിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരമുള്ള കാത്ത് ലാബ് ആരംഭിച്ചു കഴിഞ്ഞാൽ സാധാരണക്കാരായ ഹൃദ്രോഗികൾക്ക് ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാതെ കുറഞ്ഞ നിരക്കിൽ ഹൃദ്രോഗ ചികിത്സ സർക്കാർ

ആശുപത്രികളിൽ ലഭ്യമാകുന്നതാണ്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2000 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യത്തിനുള്ള ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കാത്ത് ലാബുകൾ ഇല്ലാത്ത ജില്ലാതല ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ജില്ല/ താലൂക്കുതല ആശുപത്രികൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ഉൾപ്പെടുത്തി 23 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 45 കോടി രൂപയും ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇവ കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് അനുസരിച്ച് ആർദ്രം മിഷനുമായി ബന്ധപ്പെട്ട് ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിനുകീഴിലെ വിവിധ ആശുപത്രികളിലായി 5257 അധിക തസ്തികകൾ മൂന്നു വർഷംകൊണ്ട് സൃഷ്ടിക്കുമെന്നും 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട 590 ഇനം ജനറിക് മരുന്നുകളാണ് സൗജന്യമായി നൽകിവരുന്നത്. രോഗികൾ വഹിക്കേണ്ടതായ ചികിത്സാ ചെലവ് പരമാവധി കുറയ്ക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി രോഗ ചികിത്സയ്ക്ക് അത്യന്താപേക്ഷിതമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. വിവിധ സ്പെഷ്യാലിറ്റികളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഈ പദ്ധതിക്കാവശ്യമായ 246 ഇനം മരുന്നുകളുടെ പട്ടിക തയ്യാറാക്കുകയും ഇതിന്റെ പ്രാരംഭഘട്ടമായി സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നൽകിയ വാർഷിക ഇൻഡന്റ് അനുസരിച്ച് അവ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിൽ കുറഞ്ഞ ചെലവിൽ ഡയാലിസിസ് നടത്തിക്കൊടുക്കുവാൻ വേണ്ടി സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു. കിഫ്ബി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ആവശ്യമായ എല്ലാ ആധുനിക ഉപകരണങ്ങളും സജ്ജീകരിച്ച് ഡയാലിസിസ് ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നേഴ്സുമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) മേൽത്തട്ട് ചികിത്സാ സംവിധാനത്തിലെ രോഗി ബാഹുല്യം കുറയ്ക്കുന്നതിനായി തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി ആർദ്രം ദൗത്യം പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

**വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോയുടെ സംഭരണശാലകൾ**

16 (*316) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം എല്ലാ ജില്ലയിലും നടപ്പാക്കിക്കഴിഞ്ഞോ;

(ബി) വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ എത്ര സംഭരണ ശാലകൾ സജ്ജമാക്കിയിട്ടുണ്ട്; ഇനിയും ഗോഡൗണുകൾ തയ്യാറാക്കാത്ത താലൂക്കുകൾ ഉണ്ടോ;

(സി) സപ്ലൈകോ ഏത് ഏജൻസി മുഖാന്തരമാണ് സംഭരണശാലകൾ കണ്ടെത്തിയിട്ടുള്ളത്;

(ഡി) സംഭരണ ശാലകൾക്ക് സപ്ലൈകോ നിശ്ചയിച്ചിട്ടുള്ള വാടക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇല്ല.

(ബി) എല്ലാ താലൂക്കുകളിലുമായി ഇതിനോടകം 90 സംഭരണശാലകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഗോഡൗണുകൾ കണ്ടെത്തുവാനായി, സപ്ലൈകോ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയത്.

(ഡി) സംഭരണശാലകൾക്ക് സപ്ലൈകോ വാടക നിശ്ചയിച്ചിട്ടില്ല. സംഭരണശാല സ്ഥിതി ചെയ്യുന്ന പ്രദേശത്തെ നിലവിലുള്ള വാടക, സ്ഥലത്തിന്റെ പ്രാധാന്യം മുതലായവ കണക്കിലെടുത്താണ് വാടക നിശ്ചയിക്കുന്നത്.

## ട്രെയിനുകളിലെയും റെയിൽവേ സ്റ്റേഷനുകളിലെയും കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

17 (*317) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേരളാ പോലീസിന് സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ട്രെയിൻ യാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും ട്രെയിനിലെയും റെയിൽവേ സ്റ്റേഷനുകളിലെയും കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും എന്തെല്ലാം നടപടികളാണ് കേരള പോലീസിന്റെ കീഴിലുള്ള റെയിൽവേ പോലീസും സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) ട്രെയിനുകളിലെ സ്ത്രീ സുരക്ഷ ഫലപ്രദമാക്കുവാൻ റെയിൽവേ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേരളാ പോലീസിന് സംവിധാനം നിലവിലുണ്ട്. ട്രെയിൻ യാത്രക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ എറണാകുളം, പാലക്കാട് കേന്ദ്രീകരിച്ച് സബ് ഡിവിഷൻ തലത്തിൽ ഡിവൈ.എസ്.പി.-മാരും, തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സർക്കിൾ തലത്തിൽ സർക്കിൾ ഇൻസ്പെക്ടർമാരും 13 റെയിൽവേ പോലീസ് സ്റ്റേഷനുകളും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്ന കേന്ദ്രസേനയുടെ പ്രവർത്തനം കൂടാതെയുള്ള കേരളാ പോലീസിന്റെ പ്രവർത്തനങ്ങളാണിവ. കഴിഞ്ഞ മൂന്നു വർഷത്തിൽ സംസ്ഥാനത്ത് റെയിൽവേ യാത്രക്കിടയിൽ സ്ത്രീകളെയും, കുട്ടികളെയും ഉപദ്രവിച്ചതുമായി ബന്ധപ്പെട്ട് 383 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രെയിൻ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ട്രെയിൻ യാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും, കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും, റെയിൽവേ പോലീസ് റെയിൽവേ

പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടി വിവിധ സംഘടനകളെ ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളിലും, ട്രെയിനുകളിലും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ സ്ത്രീകളുടെ സുരക്ഷയ്ക്കായും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും മറ്റ് നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ജുവനൈൽ ഓഫീസർമാരെയും, വനിതാ പോലീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജുവനൈൽ യൂണിറ്റുകൾ രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് നോഡൽ ഓഫീസറായി DySP, DCRB റെയിൽവേയ്സിനെ നിയമിച്ചിട്ടുള്ളതുമാണ്.

(സി) സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും അടിയന്തര സഹായം ലഭിക്കുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസുമായി ബന്ധപ്പെടുന്നതിന് ഒരു റെയിൽവേ അലർട്ട് സിസ്റ്റം നടപ്പാക്കിയിട്ടുള്ളതും ഇത് 24 മണിക്കൂറും പ്രവർത്തനസജ്ജവുമാണ്. സ്ത്രീകളുടെ സുരക്ഷയ്ക്കായും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും മറ്റ് നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ജുവനൈൽ ഓഫീസർമാരെയും, വനിതാ പോലീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജുവനൈൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

## ഇടുക്കിയിൽ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് അനുമതി നിഷേധിച്ചതിന്റെ അടിസ്ഥാനം

18 (*318) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് അനുമതി ലഭിക്കാത്ത കാര്യം മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഏതെല്ലാം തരം മരം മുറിക്കുന്നതിനാണ് മുൻകാലങ്ങളിൽ അനുമതി നൽകിയിട്ടുള്ളതെന്നും ഇപ്പോൾ അനുമതി നിഷേധിച്ചതിന്റെ അടിസ്ഥാനമെന്തെന്നും അറിയിക്കാമോ;

(സി) ഇക്കാര്യത്തിൽ പ്രസ്തുത യോഗം കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അത് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) പുതുതായി അനുമതി നിഷേധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. മരം മുറിക്കുന്നതിനുള്ള നിബന്ധനകൾ ജനദ്രോഹപരമല്ലാതെയും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിലും ക്രമീകരിക്കുന്നതിന് 2005-ലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പ്രോത്സാഹന നിയമത്തിൽ പ്രായോഗിക മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിശോധിക്കാൻ റവന്യൂ-വനം വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പതിച്ചു കിട്ടിയ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനെ സംബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള തടസ്സങ്ങൾ ജനദ്രോഹപരമല്ലാതെയും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലും പുനഃപരിശോധിക്കുവാൻ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

ഏലം കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികൾ ചെയ്തിട്ടുള്ള ഭൂമിക്ക് മാത്രമേ സി.എച്ച്.ആറിൽ പട്ടയം നൽകിയിട്ടുള്ളൂ എന്ന പശ്ചാത്തലത്തിൽ Kerala Land Assignment (Regularisation of occupation of Forest Land prior to 1-1-1977) Special Rules 1993-യുടെ ബന്ധപ്പെട്ട വകുപ്പിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുവാൻ യോഗത്തിൽ തീരുമാനിച്ചു.

**അവയവദാനം പ്രോത്സാഹിപ്പിക്കാൻ നടപടി**

19 (*319) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവങ്ങൾ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) അവയവദാതാക്കളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് അവയവ കച്ചവടം നടക്കുന്നുവെന്ന പ്രചരണം, മസ്തിഷ്കമരണം സംഭവിക്കുന്നവരുടെ അവയവങ്ങൾ ദാനം ചെയ്യുന്നതിൽ നിന്നും ബന്ധുക്കളെ അകറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തി അവയവദാനത്തിന്റെ മഹത്വം സമൂഹത്തിൽ എത്തിക്കുന്നതിന് കൂടുതൽ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി&ഡി) ഇക്കാര്യം പരിശോധനാ വിധേയമാക്കുന്നതാണ്. എന്നിരുന്നാലും പൊതുസമൂഹത്തിൽ മരണാനന്തര അവയവദാനത്തെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും അവയവദാനത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുമായി സെമിനാറുകൾ, ശില്പശാലകൾ, മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുവാനായി പ്രശസ്ത സിനിമാതാരം പത്മശ്രീ ഡോ. മോഹൻലാലിനെ ഗുഡ് വിൽ അംബാസിഡറായി നിയമിക്കുകയുണ്ടായി.

**സ്നേഹപൂർവ്വം പദ്ധതി**

20 (*320) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കൃഷ്ണൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥരായ കുട്ടികൾക്കായി 'സ്നേഹപൂർവ്വം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരിച്ചുപോകുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്.

നഗര പ്രദേശങ്ങളിൽ 27,375 രൂപയും ഗ്രാമ പ്രദേശങ്ങളിൽ 20,000 രൂപയും വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്നു:

| | | |
|---|---|---|
| 1 മുതൽ 5-ാം ക്ലാസ്സുവരെ | - | 300 രൂപ |
| 6 മുതൽ 10-ാം ക്ലാസ്സുവരെ | - | 500 രൂപ |
| +1 +2 ക്ലാസ്സുകളിൽ | - | 750 രൂപ |
| ഡിഗ്രി/പ്രൊഫ. കോഴ്സുകൾക്ക് | - | 1,000 രൂപ |

ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് ഓരോ അദ്ധ്യയന വർഷത്തിലും വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നു. 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്.

(സി) കേരള സാമൂഹ്യ സുരക്ഷാമിഷൻ.

(ഡി) നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റ് വിഹിതത്തിനുപുറമെ അധികമായി വേണ്ടിവരുന്ന തുക കണ്ടെത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വിഹിതത്തിൽ നിന്നുമാണ്.

**കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണങ്ങളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ**

21 (*321) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം പഞ്ചവൽസര പദ്ധതികൾക്ക് പകരമായി ആവിഷ്കരിക്കുന്ന പതിനഞ്ച് വർഷത്തേക്കുള്ള വികസന പദ്ധതികൾ അടങ്ങിയ ദർശനരേഖയുടെ കരടിന് നീതി ആയോഗിന്റെ ആംഗീകാരം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത

രേഖയിൽ കേരളത്തിന്റെ താത്പര്യങ്ങളും ആവശ്യങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദർശനരേഖയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) നീതി ആയോഗിന്റെ യോഗത്തിൽ അടുത്ത ഏഴ് വർഷത്തെ ഇടക്കാല പദ്ധതിക്കും ആദ്യ മൂന്നുവർഷത്തെ കർമ്മ പദ്ധതിക്കും രൂപം നല്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ ആസൂത്രണ ബോർഡിന്റെ നിലപാടുകൾ വ്യക്തമാക്കാമോ; ഏതു തരത്തിലുള്ള മാറ്റങ്ങളാണ് പദ്ധതി ആസൂത്രണങ്ങളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഒരു പൊതുചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പഞ്ചവൽസര പദ്ധതികൾക്ക് പകരമായി കേന്ദ്രം ആവിഷ്കരിക്കുന്ന 15 വർഷത്തേയ്ക്കുള്ള ദർശനരേഖയുടെ കരട്, നീതി ആയോഗ് തയ്യാറാക്കിവരികയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals) സാമൂഹ്യ ലക്ഷ്യങ്ങളും (Social Goals) 15 കൊല്ലത്തിനുള്ളിൽ നേടിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ദർശനരേഖ, നീതി ആയോഗ് തയ്യാറാക്കിവരുന്നത്. സംസ്ഥാന സർക്കാർ 13-ാം പഞ്ചവൽസര പദ്ധതിയുമായി മുന്നോട്ടുപോകുവാൻ തീരുമാനിച്ച സാഹചര്യത്തിൽ സംസ്ഥാന പഞ്ചവൽസര പദ്ധതിയുടെ ഭാഗമായിട്ടുള്ള ലക്ഷ്യങ്ങൾ നീതി ആയോഗിനെ അറിയിച്ചിട്ടുണ്ട്. ദർശനരേഖയുടെ കരട് ലഭിച്ചതിനുശേഷം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളും ആവശ്യങ്ങളും അറിയിക്കുന്നതാണ്. ഇപ്പോൾ പതിനഞ്ച് വർഷത്തെ ദർശനരേഖയുടെ ആദ്യ മൂന്നു വർഷത്തെ ആക്ഷൻ അജണ്ടയുടെ കരട് നീതി ആയോഗ് അംഗീകരിച്ചിട്ടുണ്ട്.

(ബി) 15 വർഷ ദർശനരേഖയുടെ ഭാഗമായി കൈവരിക്കേണ്ട ലക്ഷ്യങ്ങൾക്കായി 7 വർഷ സ്റ്റ്രാറ്റജിയും 3 വർഷ ആക്ഷൻ അജണ്ടയും നീതി ആയോഗ് തയ്യാറാക്കി വരികയാണ്. ഇതിൽ 3 വർഷ ആക്ഷൻ അജണ്ടയുടെ കരട് 23-4-2017-ൽ നടന്ന നീതി ആയോഗിന്റെ ഗവേണിംഗ് കൗൺസിലിൽ സമർപ്പിക്കുകയുണ്ടായി. പതിനാലാം ധനകാര്യ കമ്മീഷന്റെ അവശേഷിക്കുന്ന കാലയളവിൽ (2017-18 മുതൽ 2019-20 വരെ) കേന്ദ്രത്തിൽ സമാഹരിക്കാനുള്ള വരുമാനവും ചെലവും കണക്കിലെടുത്തുകൊണ്ട് സാമൂഹ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്ന തരത്തിൽ ചെലവിനത്തിൽ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ കരടിനെക്കുറിച്ച് നീതി ആയോഗ് സംസ്ഥാനങ്ങളോട് അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇത് പഠിച്ചതിനുശേഷം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളും ആവശ്യങ്ങളും ഉറപ്പുവരുത്തി കൊണ്ടുമാത്രമേ ഈ കരട് അംഗീകരിക്കുകയുള്ളൂ എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

## കേരളത്തിലെ ഹൃദയ ശസ്ത്രക്രിയ നിരക്ക്

22 (*322) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൃദയശസ്ത്രക്രിയ നിരക്ക് രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ളതിനേക്കാൾ വളരെ ഉയർന്ന തോതിലാണെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ;

(ബി) ആൻജിയോപ്ലാസ്റ്റി ചികിത്സയിൽ സ്റ്റെന്റിന്റെ വിലയിലും, അത് നിയന്ത്രണവിധേയമാക്കേണ്ട സാഹചര്യം വന്നപ്പോൾ ചികിത്സാനിരക്കിലും അമിത വർദ്ധന വരുത്തി രോഗികളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കാനായി ചികിത്സാ പാക്കേജ് നിരക്ക് നിശ്ചയിക്കാൻ സാധ്യമാകുമോ;

(സി) സംസ്ഥാനത്തെ ആൻജിയോപ്ലാസ്റ്റി ചികിത്സയിൽ തൊണ്ണൂറ് ശതമാനവും സ്വകാര്യ മേഖലയിലാണെന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായി സർക്കാർ മേഖലയിൽ ഈ രംഗത്ത് സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേരളത്തിലെ ഹൃദയ ശസ്ത്രക്രിയ നിരക്ക് ഏകീകൃതമായ രീതിയിലല്ല ഇന്ന് നിലനിൽക്കുന്നത്. അക്യൂട്ട് ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്ന രോഗികൾക്ക് വേണ്ടിയുള്ള എമർജൻസി ആൻജിയോപ്ലാസ്റ്റി നിരക്ക് കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുടുതലാണ്.

(ബി) ആൻജിയോപ്ലാസ്റ്റിക്കായി ഉപയോഗിക്കുന്ന സ്റ്റെന്റിന്റെ വിലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ ചികിത്സാനിരക്കുകളുടെ നിയന്ത്രണവും ഏകീകരണവും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കുന്നതോടെ സാധ്യമാകുന്നതാണ്.

(സി) ആൻജിയോപ്ലാസ്റ്റി ചികിത്സ സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിനുകീഴിലുള്ള രണ്ട് ജില്ലാ ആശുപത്രികളിലും ലഭ്യമാണ്. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലും ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദയശസ്ത്രക്രിയ ലഭ്യമാണ്. എന്നാൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗികളുടെ എണ്ണത്തിന് ആനുപാതികമായി

സർക്കാർ മേഖലയിൽ ആൻജിയോപ്ലാസ്റ്റി ചികിത്സാ സൗകര്യങ്ങളുടെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് കൂടുതൽ സ്ഥാപനങ്ങളിൽ കാത്ത് ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി നിലവിൽ വരുന്നതോടെ കൂടുതൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിൽ ഉള്ളതിനുപുറമേ രണ്ടാമതൊരു കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമതൊരു കാത്ത് ലാബ് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം, പാരിപ്പള്ളി എന്നീ മെഡിക്കൽ കോളേജുകളിൽ ഈ വർഷം തന്നെ കാത്ത് ലാബ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ കാത്ത് ലാബ് ആരംഭിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**തൊഴിൽനഷ്ട ഭീതിയിലായ പ്രവാസികളുടെ ആശങ്കയകറ്റാൻ നടപടി**

23 (*323) ശ്രീ. എം. മുകേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിലെ (ഷോപ്പിംഗ് മാൾ) തൊഴിൽ തദ്ദേശീയർക്കു മാത്രമായി പരിമിതപ്പെടുത്തിയത് അവിടെ പണിയെടുക്കുന്ന പതിനായിരക്കണക്കിന് കേരളീയരുടെ മടക്കത്തിനിടയാക്കാൻ സാധ്യതയുള്ള കാര്യം പരിശോധിച്ചിരുന്നോ;

(ബി) വ്യാപകമായ തോതിൽ പ്രവാസികൾ മടങ്ങേണ്ടിവരികയാണെങ്കിൽ അവരുടെ പുനരധിവാസത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽനഷ്ട ഭീതിയിലായ പ്രവാസി തൊഴിലാളികളുടെ അശങ്കയകറ്റാൻ ഏതുതരത്തിൽ ഇടപെടാൻ സാധ്യമാകുമെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പരിശോധിച്ചിരുന്നു.

(ബി) ഗൾഫ് നാടുകളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവൽക്കരണവും എണ്ണയുടെ വിലക്കുറവുകൊണ്ടുണ്ടായ സാമ്പത്തിക പ്രതിസന്ധിയും കാരണം പ്രവാസി

മലയാളികൾ ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താരതമ്യേന അവിദഗ്ദ്ധ തൊഴിലാളികളെയാണ് ഇത് ബാധിക്കുന്നത്. സംസ്ഥാന സർക്കാർ ഇത്തരം പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി സാധ്യമായ എല്ലാ മുന്നൊരുക്കങ്ങളും ചെയ്തുവരുന്നുണ്ട്. തിരികെ എത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയുണ്ട്. ഈ പദ്ധതി പ്രകാരം ഇരുപത് ലക്ഷം രൂപ വരെ മുതൽ മുടക്ക് ആവശ്യമായി വരുന്ന സംരംഭങ്ങൾക്ക് പതിനഞ്ച് ശതമാനം വരെ മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം ലോൺ തിരിച്ചടവിന് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകിവരുന്നു. കൂടാതെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനവും നൽകാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികൾ മുഖാന്തിരം ചെയ്യാനും, കൂടാതെ ആ രാജ്യത്തെ ചേമ്പർ ഓഫ് കൊമേഴ്സ്, മറ്റ് വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ആശയ വിനിമയം നടത്തി മറ്റ് സ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനായി സാധ്യമായ നടപടികൾ സ്വീകരിക്കാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

**പകർച്ചവ്യാധികൾ വ്യാപകമാകാതിരിക്കാനുള്ള മുൻകരുതൽ**

24 (*324) <u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്1 എൻ1 വൈറസ് രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനെതിരെ സ്വീകരിച്ച ജാഗ്രതാ നടപടികൾ അറിയിക്കാമോ; മരുന്ന് ലഭ്യത ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ വ്യാപകമാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണ്;

(സി) മഴക്കാല പൂർവ ശുചീകരണത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) 2017 വർഷത്തിന്റെ തുടക്കത്തിൽ ആദ്യത്തെ 2 മാസങ്ങളിൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ എച്ച്1 എൻ1-ന്റെ ഒരു നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നേരിട്ടും, അവലോകന യോഗങ്ങളിലുമായി നൽകി. ഇതിനായി ജില്ലകളിൽ, ജില്ലാ പര്യവേക്ഷണ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി. ആരോഗ്യവകുപ്പ് ഡയറക്ടർ ഈ കാലയളവിൽ 2 തവണകളായി ജനങ്ങൾക്കും ഡോക്ടർമാർക്കും വേണ്ടി ജാഗ്രതാ പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചു. സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സയ്ക്ക് ആവശ്യമായ ഒസൽറ്റാമിവിർ (OSELTAMIVIR) മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ വേണ്ടി ആശുപത്രികളിലും കെ.എം.എസ്.സി.എൽ. വഴിയും ഉള്ള നടപടികൾ സ്വീകരിച്ചു. ചികിത്സ നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗരേഖകൾ എല്ലാ മാർഗ്ഗങ്ങളിൽ കൂടെയും പുനർവിതരണം നടത്തുകയും ആരോഗ്യ വകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി മുതലായ ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ, ഐ.സി. സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. രോഗത്തിന്റെ സ്ഥിതി നിലവാരവും സംസ്ഥാനത്തെ അവസ്ഥയും ദൈനംദിനമായി വിലയിരുത്താൻ വേണ്ട അധിക നിർദ്ദേശങ്ങൾ പരിഗണിക്കാനും എച്ച്1 എൻ1 സംസ്ഥാന കൺട്രോൾ റൂം ദിവസവും പ്രവർത്തിച്ചു വരുന്നു.

ഗർഭിണികൾക്കുള്ള പ്രത്യേക ഹൈറിസ്ക് പരിഗണിച്ചുകൊണ്ട് അവരെ ആഴ്ചയിൽ 3 തവണ അവരുടെ ആരോഗ്യം വിലയിരുത്താനും വേണ്ടിവന്നാൽ അടിയന്തര ചികിത്സ നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ ഇതിനു പുറമേ നൽകിയിട്ടുണ്ട്.

ജനങ്ങൾക്കുള്ള സംശയനിവാരണത്തിനും സേവന സഹായങ്ങൾക്കും വേണ്ടി "ദിശ" എന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പ് കോൾ സെന്റർ (0471-2552056 അല്ലെങ്കിൽ 1056 ടോൾഫ്രീ) വഴി സംവിധാനങ്ങൾ നിലവിൽ വരുത്തി.

എച്ച്1 എൻ1 ചികിത്സ നൽകാൻ ആവശ്യമുള്ള പരിശീലനം ഡോക്ടർമാർക്ക് ജില്ലാ മെഡിക്കൽ ആഫീസർ തലത്തിലും പരിഭ്രാന്തി കൂടാതെ കാര്യക്ഷമമായി ഈ അവസ്ഥ നേരിടാൻ ആവശ്യമായ അറിവ് ജനങ്ങൾക്ക് നൽകാൻ ടി.വി., റേഡിയോ, പത്രമാധ്യമങ്ങളിൽ കൂടിയുള്ള ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് എച്ച്1 എൻ1 കൂടുതൽ വരുവാൻ സാഹചര്യമുള്ളവർക്ക് നൽകുന്നതിനുള്ള സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി&സി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഓരോ ജില്ലകളിലെയും പ്രത്യേകതകളും ആവശ്യങ്ങളും അടിസ്ഥാനപ്പെടുത്തി ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായ നടപ്പാക്കി വരുന്നു. മഴക്കാലം തുടങ്ങുന്നതിന് മുമ്പേ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ശുചിത്വമിഷനേയും ഇതര വകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ, ബോധവൽക്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കിവരുന്നു. തന്മൂലം പകർച്ചവ്യാധികൾ വരാനുള്ള സാഹചര്യം ഒരളവുവരെ നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടെയും, മരുന്നിന്റെയും രോഗനിയന്ത്രണത്തിനുള്ള സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പ് വരുത്താനായി ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടി 2017-ന്റെ ഭാഗമായി വിവിധ വിഭാഗങ്ങളുടെ ഏകോപനം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-3-2017 -ൽ യോഗം ചേർന്ന് ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ജനമൈത്രി പോലീസിന്റെ പ്രവർത്തനം

25 (*325) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അഴിമതി ചെറുക്കൽ, തുല്യ പരിഗണന ലഭ്യത, നീതി ഉറപ്പാക്കൽ, മതേതര സംരക്ഷണ ഇടപെടൽ എന്നിവ കൂടി ജനമൈത്രി പോലീസിന്റെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിയമ വിരുദ്ധ കാര്യങ്ങളിൽ ഏർപ്പെടുന്നവർക്ക് നിയമ ബോധവത്ക്കരണം നൽകുന്ന കാര്യത്തിൽ ഈ സംവിധാനം ഉപയോഗപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. ജനമൈത്രി പോലീസ് പദ്ധതിയുടെ ഗുണഫലങ്ങൾ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് (TISS), രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കെ.പി.എം.ജി. എന്നീ സ്ഥാപനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കൂടാതെ വ്യക്തികളും പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ജനമൈത്രി പോലീസിംഗ് സംവിധാനം കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ജനമൈത്രി

സുരക്ഷാ പദ്ധതി എന്നത് നിയമപരിപാലനത്തിനും ക്രമസമാധാനപാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പോലീസിംഗ് സംവിധാനമാണ്. തന്മൂലം ജനങ്ങൾക്ക് പോലീസിനോടുള്ള മനോഭാവത്തിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായുള്ള ഭവനസന്ദർശനവും ജനമൈത്രി സുരക്ഷാ സമിതിയും ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും നേരിട്ട് ഇറങ്ങി ചെല്ലാൻ സഹായിക്കുന്നുണ്ട്. വിവിധ ബീറ്റുകളിലേയ്ക്ക് ബീറ്റ് ഓഫീസർമാരും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും സന്ദർശനം നടത്തി റിപ്പോർട്ടുകളും വിശദവിവരങ്ങളും ലഭ്യമാക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും നടത്തുകവഴി ആരോഗ്യരംഗത്തും പോലീസ് ഇടപെടുന്നുണ്ട്. കൂടാതെ മദ്യമയക്കുമരുന്നിനെതിരെയുള്ള ബോധവത്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ, ട്രാഫിക് ബോധവത്കരണ പരിപാടികൾ തുടങ്ങിയവയിലൂടെ ജനങ്ങളെ പങ്കെടുപ്പിച്ചും അവരുടെ വിശ്വാസം ആർജ്ജിച്ചും ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു.

(ബി) അഴിമതി ചെറുക്കൽ, തുല്യ പരിഗണന ലഭ്യത, നീതി ഉറപ്പാക്കൽ, മതേതര സംരക്ഷണ ഇടപെടൽ എന്നിവയെല്ലാം ഇപ്പോൾ തന്നെ ജനമൈത്രി പോലീസിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നുണ്ട്.

(സി) സമൂഹത്തിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും മറ്റ് ദുഷിച്ച പ്രവണതകളും ജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ തടയുന്നതിനുള്ള ശ്രമം ജനമൈത്രി പോലീസ് നടത്തുന്നുണ്ട്. കുറ്റകൃത്യങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ബീറ്റുകൾ കൃത്യമായി പോവുകയും സുരക്ഷ സമിതി യോഗങ്ങൾ കൂടി നിയമവിരുദ്ധ കാര്യങ്ങളിൽ ഏർപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റിയും ജനങ്ങൾക്ക് ബോധവത്കരണം നൽകുന്ന പരിപാടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തിവരുന്നു.

## പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കാൻ നടപടി

26 (*326) ശ്രീ. പി. വി. അൻവർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ തൊഴിൽ ചെയ്തു വരുന്ന പ്രവാസി മലയാളികൾ ആഗോളമാന്ദ്യത്തിന്റെയും ദേശസാൽക്കരണത്തിന്റെയും ഫലമായി തൊഴിൽ സുരക്ഷിതത്വമില്ലാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മടങ്ങേണ്ടിവരുന്ന പ്രവാസി മലയാളികളെ പുനരധി വസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്താൻ എന്തെല്ലാം നിലയിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നു; വായ്പകൾ ഉൾപ്പെടെയുള്ള പുനരധിവാസ പദ്ധതികൾ വിപുലപ്പെടുത്താൻ ബാങ്ക് അധികൃതരുമായി ചർച്ച നടത്തുമോ; വ്യക്തിപരമായും കൂട്ടായ്മയോടെയുമുള്ള സംരംഭങ്ങൾ ശക്തിപ്പെടുത്താൻ സർക്കാർ നൽകാനുദ്ദേശിക്കുന്ന സഹായങ്ങൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഗൾഫ് നാടുകളിലെ സ്വദേശിവൽക്കരണം, ആഗോളമാന്ദ്യം എന്നിവയുടെ ഫലമായി നിരവധി പ്രവാസി കേരളീയർ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കൈത്താങ്ങ് നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്തു ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയുമാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നത്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

(സി) പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രൈമറി അഗ്രിക്കൾച്ചറൽ സൊസൈറ്റികൾ, കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുമായി സഹകരിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുവരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച്, തിരിച്ചുവരുന്ന പ്രവാസികൾക്ക് വിവിധ മേഖലകളിൽ ഹ്രസ്വകാല പരിശീലനം നൽകി ചെറുകിട സംരംഭങ്ങൾ തുടങ്ങാനോ സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്താനോ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. താഴെപ്പറയുന്ന സേവനങ്ങളാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ചെയ്യാൻ ഉദ്ദേശിക്കുന്നത്.

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുക.

2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.

3. പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.

4. അപേക്ഷകർക്ക് സംരംഭം തുടങ്ങുന്നതിനുവേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം നൽകുക.

**ആരോഗ്യരംഗത്ത് ഐക്യരാഷ്ട്രസഭാ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി കൈവരിക്കേണ്ട നേട്ടങ്ങൾ**

27 (*327) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് ഐക്യരാഷ്ട്രസഭാ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി 2020-ഓടെ സംസ്ഥാനം കൈവരിക്കേണ്ട നേട്ടങ്ങളിൽ മുഖ്യമായവ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) സുസ്ഥിര വികസനലക്ഷ്യം നേടുന്നതിനായി വിവിധ തലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

(സി) മാതൃ-ശിശു മരണങ്ങൾ കുറയ്ക്കുന്നതിനും ശാരീരിക ആരോഗ്യത്തിനോടൊപ്പം മാനസികാരോഗ്യ സംരക്ഷണത്തിനും നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഓരോ മേഖലയിലും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

കുഷ്ഠരോഗം:

1. കേരളത്തിലെ എല്ലാ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും കുഷ്ഠ രോഗത്തിന്റെ പ്രാചുര്യം (prevalence)<0.1 ആക്കുക.

2. കുട്ടികളിൽ കണ്ടുവരുന്ന കുഷ്ഠരോഗം 1.17/മില്യനിൽനിന്നും <0.6% മില്യനാക്കി കുറയ്ക്കുക.

ലിംഫാറ്റിക് ഫൈലേറിയാസിസ്:

കേരളത്തിലെ എല്ലാ ജില്ലകളിലും mf പ്രാചുര്യം 1%-ൽ താഴെയാക്കുക.

ക്ഷയരോഗം:

2020-ഓടെ ക്ഷയരോഗം പൂർണ്ണമായും ഇല്ലാതാക്കി ചികിത്സ സാർവ്വത്രികമായി സൗജന്യമാക്കുക.

മലമ്പനി:

2020-ഓടുകൂടി തദ്ദേശീയ മലമ്പനി കേരളത്തിൽനിന്നും പൂർണ്ണമായും ഇല്ലായ്മ ചെയ്യുകയും 2018-ഓടെ മലമ്പനി മൂലമുള്ള മരണം ഒഴിവാക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജീവിതശൈലീ രോഗങ്ങളിൽ വിദഗ്ധ സമിതി മുന്നോട്ടുവച്ച സൂചികകൾ:

മുപ്പത് വയസ്സിനു മുകളിലുള്ളവരുടെ ഉയർന്ന രക്താദി സമ്മർദ്ദത്തിന്റെ പ്രാചുര്യം നിലവിൽ 30-40% ആണ്. 2020-ലും ഈ നിരക്ക് നിലനിർത്തുക.

മുപ്പത് വയസ്സിനു മുകളിലുള്ളവരുടെ പ്രമേഹരോഗത്തിന്റെ പ്രാചുര്യം നിലവിൽ 18-20% ആണ്. 2020-ലും ഈ നിരക്ക് നിലനിർത്തുക.

മദ്യത്തിന്റെ ഉപയോഗം നിലവിലെ നിരക്കിൽനിന്നും 5% കുറയ്ക്കുക. ഉപ്പിന്റെ ഉപയോഗം നിലവിലെ നിരക്കിൽനിന്നും 10% കുറയ്ക്കുക. പുകയിലയുടെ ഉപയോഗം നിലവിലെ നിരക്കിൽനിന്നും 30% കുറയ്ക്കുക. ഹൃദയാഘാതം തടയുവാനുള്ള ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത 50% വർദ്ധിപ്പിക്കുക. സംസ്ഥാനത്ത് 80% സ്ഥാപനങ്ങളിലെങ്കിലും ജീവിത ശൈലീരോഗങ്ങൾ ചികിത്സിക്കുന്നതിനാവശ്യമായ മരുന്നും അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്തണം. വിറക് തുടങ്ങിയ ഖരഇന്ധനങ്ങളുടെ നിലവിലെ ഉപയോഗത്തിൽ നിന്നും 50% കുറയ്ക്കുക. പഴം, പച്ചക്കറികൾ ആവശ്യത്തിന് കഴിക്കുന്ന ആളുകളുടെ എണ്ണം 20% വർദ്ധിപ്പിക്കുക.

മാനസികാരോഗ്യം:

വിദ്യാർഥികളിലെ വൈകാരിക പ്രശ്നങ്ങളും പെരുമാറ്റ വൈകല്യങ്ങളും 20-30%-ൽ നിന്നും 10% ആക്കി കുറയ്ക്കുക.

ദന്താരോഗ്യം:

6 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ ദന്തക്ഷയത്തിന്റെ പ്രാചുര്യം നിലവിലുള്ള നിരക്കായ 45-55%-ൽ നിന്നും 35-45% ആക്കുകയും നിലവിലുള്ള ശരാശരി DMFT (Decayed Missing Filled Tooth) ആയ 3 നിലനിർത്തുക.

35-40-നും ഇടയിൽ പ്രായമുള്ളവർക്കിടയിലെ മോണരോഗങ്ങളുടെ നിരക്ക് നിലവിലെ നിരക്കായ 50%-ൽ നിന്നും 40% ആയി കുറയ്ക്കുക.

ആൽക്കഹോൾ:

അപകടകരമായ രീതിയിൽ മദ്യപിക്കുന്നവരുടെ ശതമാനം 10% ആയി കുറയ്ക്കുക.

കാൻസർ:

പുരുഷൻമാരിലെ പുകവലി 20%-ൽ താഴെയാക്കി കുറയ്ക്കുക. പുകയില ചവയ്ക്കുന്നത് സ്ത്രീകളിലും പുരുഷൻമാരിലും നിലവിലുള്ളതിന്റെ 5% ആയി കുറയ്ക്കുക. ക്യാൻസർ ചികിത്സയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചികിത്സാ ചെലവ് 15% കുറയ്ക്കുക.

നേത്ര ആരോഗ്യം:

ചികിത്സ ലഭിക്കാതെ റിഫ്രാക്റ്റീവ് എറർ കൊണ്ടുണ്ടാകുന്ന അന്ധത 25% ആയും തിമിരം മൂലമുണ്ടാകുന്ന അന്ധത, ഡയബറ്റിക് റെറ്റിനോപ്പതി എന്നിവ മൂലമുണ്ടാകുന്ന അന്ധത ഇവയുടെ 25% ആയി കുറയ്ക്കുക.

(ബി) സംസ്ഥാന പദ്ധതി വിഹിതം വഴിയും, വിവിധ ആരോഗ്യ പരിപാടികളുടെ ഭാഗമായും ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെ പ്രവർത്തനങ്ങൾ വഴിയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. താഴെത്തട്ടിൽ ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക പ്രതിബന്ധങ്ങൾ പരിഹരിക്കാനും വിവിധ മേഖലകളുടെ ഒത്തുചേർന്ന പങ്കാളിത്തത്തിനുമായി ആരോഗ്യരംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതനുസരിച്ചുള്ള പ്രവർത്തന പരിപാടികൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി ചെയ്തുവരുന്നു. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളും ജില്ല/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിക്കുന്ന പ്രവർത്തനങ്ങളും സുസ്ഥിര വികസന ലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിന് സഹായകമാകുന്നതാണ്.

വിവിധ പകർച്ചവ്യാധി നിയന്ത്രണ ലക്ഷ്യങ്ങൾ ആർജ്ജി ക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് പ്രാഥമികാരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തുവരുന്നു.

(സി) മാതൃമരണങ്ങൾ/ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന് രണ്ടു പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി:

മാതൃമരണങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനായി കോൺഫിഡൻഷ്യൽ മെറ്റേണൽ ഡെത്ത് ഓഡിറ്റ് (Confidential Maternal Death Audit) നടപ്പിലാക്കി.

ആരോഗ്യ കുടുംബക്ഷേമ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും KFOG (കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി)-യുടെ സഹകരണത്തോടുകൂടി പദ്ധതി നടപ്പിലാക്കി വരുന്നു.

ഈ പദ്ധതിയുടെ ഭാഗമായി മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ് തെരഞ്ഞെടുക്കപ്പെടുന്ന ആശുപത്രികളിൽ നടപ്പിലാക്കി.

<u>ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ:</u>

നവജാത ശിശുക്കളുടെ ചികിത്സയ്ക്കായി SNCU (സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ്) NBSU (ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്) തുടങ്ങിയവ ആരംഭിച്ചു.

പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും NBCC (ന്യൂബോൺ കെയർ കോർണർ) സ്ഥാപിച്ചു.

ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ് രൂപപ്പെടുത്തി.

ഡോക്ടർമാർ, നേഴ്സ്, മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകുന്നതാണ്.

ശിശുമരണത്തിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഇൻഫന്റ് ഡെത്ത് ഓഡിറ്റ് വിപുലമായി നടപ്പാക്കുന്നതാണ്.

നവജാത ശിശുക്കൾക്ക് മെറ്റബോളിക് ഡിസീസ് (metabolic disease) നേരത്തെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നതിനായി ന്യൂബോൺ സ്ക്രീനിംഗ് (New Born Screening) പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

മാനസികാരോഗ്യ സംരക്ഷണത്തിനുവേണ്ടി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. കുട്ടികളിലെ പെരുമാറ്റ വൈകാരിക പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുക.
2. വിഷാദരോഗ ചികിത്സ പ്രാഥമികാരോഗ്യ തലത്തിൽ തന്നെ നടപ്പിൽ വരുത്തുക.
3. ആത്മഹത്യ നിരക്ക് കുറയ്ക്കുക.
4. മാനസിക രോഗമുള്ളവർക്കെല്ലാം ചികിത്സ ലഭ്യമാക്കുക.
5. മാനസിക രോഗികൾക്ക് സാമൂഹികാധിഷ്ഠിത പുനരധിവാസം.

## ആയുർവേദ ഗവേഷണ കേന്ദ്രം

28 (*328) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുഷ് വകുപ്പിന്റെ കീഴിൽ ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ കേന്ദ്രത്തെ ലോകോത്തര സ്ഥാപനമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ആയുർവേദത്തിൽ സംസ്ഥാനത്തിനുള്ള മേൽക്കോയ്മ ശക്തിപ്പെടുത്തുന്ന രീതിയിൽ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആവിഷ്കരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) 2016-17-ലെ ബജറ്റിൽ ഈ പദ്ധതിക്കുവേണ്ടി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച 20 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ നാഷണൽ ആയുഷ് മിഷന് കൈമാറിയിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശ്രീ. കേശവേന്ദ്ര കുമാർ, ഐ.എ.എസ്., അദ്ധ്യക്ഷനായുള്ള 11 അംഗ വിദഗ്ദ്ധ സമിതിയെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രസ്തുത സമിതി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് മാർച്ച് മാസത്തിൽ ഒരു ശില്പശാല സംഘടിപ്പിച്ചു. ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പുമന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 കോടി രൂപ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി മൂലധന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ആയുർവേദത്തിൽ സംസ്ഥാനത്തിനുള്ള മേൽക്കൊയ്മ ശക്തിപ്പെടുത്തുന്ന രീതിയിൽ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആവിഷ്കരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആയുർവേദത്തിന്റെ സമഗ്രമായ വികസനത്തിനും, ഗവേഷണത്തിനും ഊന്നൽ നൽകുന്ന രീതിയിൽ അന്തർദ്ദേശീയ നിലവാരമുള്ള ഒരു ആയുർവേദ പഠന ഗവേഷണകേന്ദ്രം 13-ാം പദ്ധതിക്കാലത്ത് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## സ്കൂളുകളിൽ കൗൺസിലിംഗ് ശക്തിപ്പെടുത്തുവാൻ നടപടി

29 (*329) ശ്രീ. അനിൽ അക്കര :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരായ ശാരീരിക-മാനസിക പീഡനങ്ങൾ വർദ്ധിക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിയിട്ടുള്ള കൗൺസിലിംഗ് ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ യോഗ്യതയുള്ള സ്ഥിരം കൗൺസിലർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉദ്ദേശിക്കുന്നുണ്ട്. 'സൈക്കോസോഷ്യൽ സർവ്വീസസ്' പദ്ധതി പ്രകാരമുള്ള സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം ലഭിക്കാത്ത 500 സ്കൂൾ കൗൺസിലർമാർക്ക് 10 ബാച്ചുകളിലായി 4 ദിവസം ദൈർഘ്യമുള്ള പരിശീലനം നൽകി ഓരോ ബാച്ചിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി സംബന്ധിച്ച ഒരു ഇവാലുവേഷൻ റിപ്പോർട്ട് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതുമാണ്.

(ബി) പെൺകുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിൽ യോഗ്യതയുള്ള സ്ഥിരം കൗൺസിലർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## രൂക്ഷമായ വരൾച്ച നേരിടുവാൻ കൃത്രിമ മഴ

30 (*330) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ച നേരിടുവാൻ കൃത്രിമമഴ പെയ്യിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി ക്ലൗഡ് സീഡിംഗ് സാങ്കേതിക വിദ്യയാണോ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച പരീക്ഷണം ആരംഭിച്ചുവോ; ഇതിനായി ഏത് ഏജൻസിയുടെ സഹായമാണ് തേടിയിട്ടുള്ളതെന്നും എന്തു ചെലവ് വരുമെന്നും വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരളത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ച നേരിടുന്നതിന് സാങ്കേതികവിദ്യ ഉപയോഗിച്ച് കൃത്രിമ മഴ പെയ്യിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ക്ലൗഡ് സീഡിംഗ് സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്.

(സി) ഇതുസംബന്ധിച്ച പരീക്ഷണം ആരംഭിച്ചിട്ടില്ല. കൃത്രിമ മഴയുടെ സാധ്യത പരിശോധിക്കുന്നത് സംബന്ധിച്ച് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സമർപ്പിച്ച പദ്ധതി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. KSEB ലിമിറ്റഡിനെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ സാങ്കേതിക ഏകോപനത്തിനായി ചുമതലപ്പെടുത്തുകയും കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായി ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷണം നടത്തുന്നതിനുള്ള ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ തീരുമാനിക്കും. ഇതിനായി വരുന്ന ചെലവ് എത്രയെന്ന് നിർണ്ണയിച്ചിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ ഇതിന്റെ ചെലവ് നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എം.എസ്.പി. കോൺസ്റ്റബിൾ നിയമനം

1 (2843) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. പ്രസിദ്ധീകരിച്ച എം. എസ്. പി.കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിയമനം ത്വരിതഗതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി. പ്രസിദ്ധീകരിച്ച എം.എസ്.പി. കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും 362 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. അതിൽ 258 പേരുടെ നിയമന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 2018 ജനുവരി 1 വരെ നിലവിൽ വരുന്ന 198 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും ഒഴിവുകൾ തിട്ടപ്പെടുത്തി പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വ്യാജ വികലാംഗ സർട്ടിഫിക്കറ്റ് ഹാജരാക്കി അനധികൃത നിയമനം**

2(2844) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ വികലാംഗ സർട്ടിഫിക്കറ്റ് ഹാജരാക്കി വയനാട് ജില്ലയിൽ അനധികൃത നിയമനം നടന്നത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ എത്ര പേർ നിയമനം നേടിയെന്നും അവരുടെ പേരും ഓഫീസുകളും ഏതെന്നും വെളിപ്പെടുത്തുമോ;

(സി) ഇവരിൽ എത്ര പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; അവരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ;

(ഡി) വ്യാജരേഖ ചമച്ച് സർക്കാർ ജോലി സമ്പാദിച്ച ഇവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുമോ;

(ഇ) അർഹരായ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ജോലി ലഭിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിമൂന്ന് പേർ.

1. ശ്രീമതി. ടി. ആർ. സുശീല, എസ്.വി.ഒ. അമ്പലവയൽ
2. ശ്രീ. ഷറഫുദ്ദീൻ, വി.എഫ്.എ., മാനന്തവാടി താലൂക്ക്
3. ശ്രീമതി ഷൈലജ.എം.പി., ഡി.എം.ഒ. ഓഫീസ്, മാനന്തവാടി (അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങി ഇപ്പോൾ കോഴിക്കോട് ജനറൽ ആശുപത്രിയിൽ ജോലി ചെയ്യുന്നു.)
4. ശ്രീമതി ഭാരതി, ഹെഡ് ക്ലാർക്ക്, സബ് കോടതി, സുൽത്താൻ ബത്തേരി

5. ശ്രീമതി ബീന സി.എസ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൽപ്പറ്റ.

6. ശ്രീമതി അനിത പനയൻതട്ട, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൽപ്പറ്റ.

7. ശ്രീമതി ഉഷാകുമാരി പിള്ള, ടി.ഡി.ഒ. മാനന്തവാടി

8. ശ്രീമതി ഷീന. കെ., കബനി പ്രോജക്റ്റ് മാനന്തവാടി.

9. ശ്രീ. മഹേഷ് മുതുമലയിൽ, ചീഫ് കൺസർവേറ്റർ ഓഫീസ്, നോർത്തേൺ സർക്കിൾ, താണ, കണ്ണൂർ

10. ശ്രീമതി ഓമന പി., കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, കൽപ്പറ്റ.

11. ശ്രീമതി പി. വനജ, അസിസ്റ്റന്റ് ഡയറക്ടർ, സഹകരണ വകുപ്പ്, കണ്ണൂർ

12. ശ്രീ. മനോജ്. റ്റി., പൊതുമരാമത്ത് വകുപ്പ്, പടിഞ്ഞാറത്തറ.

13. ശ്രീമതി ടി. പി. ബീബി, അസിസ്റ്റന്റ് ഡയറക്ടർ, ഓഡിറ്റ്, വയനാട്.

(സി&ഡി) ശ്രീമതി ടി. ആർ സുശീല, ശ്രീമതി ഷീന. കെ., ശ്രീ. മഹേഷ് മുതുമലയിൽ എന്നിവരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ശ്രീ. മനോജ് റ്റി. 11-10-2011 മുതൽ സസ്പെൻഷനിലാണ്. ശ്രീ. ഷറഫുദ്ദീനെ സർവ്വീസിൽ പുനഃ പ്രവേശിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

**പുതിയ തസ്തികകൾ**

3 (2845) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റ്/ പി.എസ്.സി./അഡ്വക്കേറ്റ് ജനറൽ ഓഫീസ്/യൂണിവേഴ്സിറ്റികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/വിവിധ വകുപ്പുകൾ എന്നിവയിലായി എത്ര തസ്തികകൾ സൃഷ്ടിച്ചു; ഏതെല്ലാം തസ്തികകൾ; വകുപ്പ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(ബി) തസ്തിക സൃഷ്ടിച്ചതുവഴി സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക ബാധ്യത എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ ആകെ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ജോയിന്റ് സെക്രട്ടറി | - | 1 |
| | (എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| | (ബി) ഓഫീസ് അറ്റൻഡന്റ് | - | 1 |
| 2. | സെക്ഷൻ ഓഫീസർ | - | 1 |
| 3. | അസിസ്റ്റന്റ് | - | 2 |
| 4. | കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 1 |
| 5. | ഓഫീസ് അറ്റൻഡന്റ് | - | 1 |

കൂടാതെ അസിസ്റ്റന്റ് തസ്തികയിൽ അഡീഷണൽ ട്ട കേഡറായി 13 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിന് 5,76,154 രൂപയുടെ സാമ്പത്തിക ബാധ്യത കണക്കാക്കുന്നു.

സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ രണ്ട് താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സെക്ഷൻ ഓഫീസർ | - | 1 |
| അസിസ്റ്റന്റ് | - | 1 |

പി.എസ്.സി.യിൽ 112 സ്ഥിരം തസ്തികകളും 8 ദിവസ വേതനാടിസ്ഥാനത്തിലുള്ള തസ്തികകളും ചേർത്ത് ആകെ 120 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോയിൽ 24 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - 1
2. സീനിയർ സൂപ്രണ്ട് - 1
3. ജൂനിയർ സൂപ്രണ്ട് - 2
4. ക്ലാർക്ക് - 20

വാർഷിക സാമ്പത്തിക ബാധ്യത 68,08,140 രൂപ പ്രതീക്ഷിക്കുന്നു.

അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ 32 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ**

4(2846) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്ര വിവാഹിതരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിൽ മിശ്ര വിവാഹിതർക്ക് എന്തെല്ലാം ധനസഹായങ്ങളും മറ്റു സൗകര്യങ്ങളുമാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(സി) മിശ്ര വിവാഹിതരുടെ മക്കൾക്ക് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ സംവരണം നൽകുന്നതിന് ഇപ്പോൾ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കുമോ;

(ഡി) മിശ്ര വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും എളുപ്പത്തിൽ നിയമ സാധുത നൽകുന്നതിനും സമൂഹത്തിൽ മതേതര കുടുംബങ്ങൾക്ക് സാമൂഹ്യസുരക്ഷയും സഹായവും നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹ്യനീതി വകുപ്പിൽനിന്നും നിലവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെടാത്ത മിശ്രവിവാഹിതർക്ക് ധനസഹായമായി 30,000 രൂപ നൽകിവരുന്നുണ്ട്. നിലവിൽ കഷ്ടതയനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിലെ മിശ്രവിവാഹ ദമ്പതികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും സ്വയംതൊഴിൽ ചെയ്യുന്നതിനായി 50,000 രൂപ അനുവദിച്ചുവന്നത് ഇപ്പോൾ 22-3-2017-ലെ സ.ഉ.(കൈ)നമ്പർ 20/2017/പജപവവിവ പ്രകാരം 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് വകുപ്പിന്റെ മറ്റ് എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000 രൂപ ധനസഹായം അനുവദിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതിമാരുടെ മക്കൾക്ക് എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകിവരുന്നു.

(സി) ഇല്ല.

(ഡി) മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമാക്കിയാണ് സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നത്.

## ആശ്രിത നിയമനം

5(2847) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകിയിട്ടുണ്ട്; നിയമനം നൽകിയവരുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകർക്ക് ഇനിയും തൊഴിൽ നൽകാനുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ആശ്രിത നിയമനത്തിനായി സമർപ്പിച്ച നിയമാനുസൃതമായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി നിയമനം നൽകുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരികയാണ്.

(സി) ഇല്ല.

(ഡി) 24/05/1999-ലെ സ.ഉ.(പി) 12/99/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിതർക്ക് നിയമനം നൽകിവരുന്നത്.

## ആശ്രിതനിയമനം

6(2848) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ആശ്രിത നിയമനം നടത്തിയിട്ടുണ്ട്;

(ബി) കഴിഞ്ഞ ഒരു വർഷമായി ആശ്രിത നിയമനം തടഞ്ഞുവച്ചിരിക്കുന്നു എന്ന ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരികയാണ്.

(ബി) ഇല്ല.

## ആശ്രിതനിയമനം

7(2849) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് എത്ര ആശ്രിത നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ആശ്രിത നിയമനം നടത്തുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുവരികയാണ്.

(ബി) ഇല്ല.

## ആധാർ കാർഡ് നിർബന്ധമാക്കുന്നതിനെതിരെ നടപടി

8(2850) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡ് സ്വതാല്പര്യപ്രകാരം എടുക്കേണ്ടതാണെന്നും ഇതു സംബന്ധിച്ച് മുമ്പുള്ള വിധി നിലനില്ക്കുമെന്നുമുള്ള, സുപ്രീം കോടതിയിലെ ബഹുമാനപ്പെട്ട ന്യായാധിപരായ എ. കെ. സിക്രി, അശോക് ഭൂഷൺ എന്നിവരടങ്ങുന്ന ബഞ്ചിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആധാർ ആക്ട് പ്രകാരം പൗരൻ ആധാർ സ്വതാല്പര്യപ്രകാരം എടുക്കേണ്ടതാണെന്നിരിക്കെ, ഇൻകം ടാക്സ് ആക്ട് പ്രകാരം സർക്കാർ ജീവനക്കാരോടും പെൻഷൻകാരോടും റിട്ടേൺ സമർപ്പിക്കാനായി ആധാർ കാർഡ് സമർപ്പിക്കണമെന്ന് നിർബന്ധമുന്നയിക്കുന്നത് സുപ്രീം കോടതി വിധിക്കെതിരാകുമെന്നതിനാൽ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ ഇതു നിർബന്ധമാക്കുന്നതു തടയുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) തുച്ഛമായ പെൻഷൻ വാങ്ങുന്ന സാമൂഹ്യപെൻഷൻകാരും ആധാർ സമർപ്പിക്കണമെന്ന നിബന്ധന പ്രസ്തുത കോടതി വിധിക്കുമുൻപ് സംസ്ഥാനത്തു നടപ്പിലാക്കിയിരുന്നത് റദ്ദാക്കാനും അതുവഴി സുപ്രീം കോടതി വിധി നടപ്പാക്കാനുമായി സ്വീകരിക്കുന്ന അടിയന്തര നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ആധാർ, പാൻ കാർഡ് ബന്ധിപ്പിക്കലിനെ സംബന്ധിച്ചുള്ള കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(സി) സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ നിർബന്ധമായും ആധാർ സമർപ്പിക്കണമെന്ന നിർദ്ദേശം നിലവിലില്ല. ഗുണഭോക്താവിന്റെ തിരിച്ചറിയൽ രേഖയായി ആധാർ അല്ലെങ്കിൽ മറ്റൊരു തിരിച്ചറിയൽ രേഖ സമർപ്പിക്കാവുന്നതാണ്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

9(2851) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പുതുതായി ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ ഒരു വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ;

(സി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്കായി 2016-17 സാമ്പത്തിക വർഷം മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്കായി ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ഏതെങ്കിലും തരത്തിലുള്ള കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ലെ ജി.ഒ.(പി) നമ്പർ 54/2017/ഫിൻ. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ തുക സംബന്ധിച്ച വ്യക്തത കൈവരികയുള്ളൂ.

(സി) 2016-17 -ലെ കണക്ക് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

(ഡി) ഇല്ല.

**ഇന്ത്യൻ സംസ്ഥാനങ്ങളിലെ സി.എം.എസ്. സർവ്വേ**

10 (2853) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സംസ്ഥാനങ്ങളിൽ ദേശീയ ഏജൻസിയായ സി.എം.എസ്. നടത്തിയ സർവ്വേയിൽ ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരിൽനിന്ന് വ്യത്യസ്തമായി അഴിമതിക്കെതിരെ ഈ സർക്കാർ സ്വീകരിച്ചുവരുന്ന ശക്തമായ നിലപാടിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ ഈ മാറ്റം ഉണ്ടായിട്ടുള്ളത് എന്നത് പ്രസ്തുത സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന്റെ നയപരിപാടിയുടെയും ശക്തമായ നിലപാടിന്റേയും വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങളുടെയും ഫലമായി കേരളത്തിലെ അഴിമതിയുടെ തോത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

11(2854) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കുമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതു ഇൻഷ്വറൻസ് കമ്പനി വഴിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ലെ ജി.ഒ.(പി) നമ്പർ 54/ 2017/ഫിൻ. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഐ.ആർ.ഡി.എ-യുടെ അംഗീകാരമുള്ള 4 പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് മുൻഗണന നൽകിക്കൊണ്ട് 28 ആരോഗ്യ ഇൻഷ്വറൻസ് കമ്പനികളെയും ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് പരിഗണിക്കുന്നതാണ്.

**മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ അവലോകനം**

12(2855) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി എം.എൽ.എ.-മാർ വിളിച്ചുചേർക്കുന്ന യോഗത്തിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**ജീവനക്കാരുടെ സ്ഥലം മാറ്റം**

13(2856) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, നിയമസഭ തുടങ്ങിയവ ഒഴികെ മറ്റ് വകുപ്പിലെ ജീവനക്കാരെ അവരവരുടെ താമസസ്ഥലമുള്ള ജില്ലകളിൽനിന്നും മറ്റ് ജില്ലകളിൽ ട്രാൻസ്ഫർ ചെയ്യുന്നതുമൂലം ജീവനക്കാരുടെ മാനസികവും ധനപരവും സേവനപരവുമായ കാര്യങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരമായി ഒഴിവുകൾ വരുന്ന മുറയ്ക്ക് താമസസ്ഥലമുള്ള ജില്ലകളിൽ തന്നെ പരമാവധി ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർ നൽകുന്ന ഓപ്ഷന്റെയും സ്റ്റേഷൻ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിലും മുൻഗണനാ വിഭാഗത്തിന്റെ പരിരക്ഷ ഉറപ്പാക്കിക്കൊണ്ടുമാണ് സ്ഥലംമാറ്റം നടത്തി വരുന്നത്. ജില്ലാടിസ്ഥാനത്തിലുള്ള നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് നിശ്ചിത കാലയളവിൽ നിയമനം ലഭിക്കുന്ന ജില്ലയിൽ തന്നെ തുടരേണ്ടിവരുന്നുണ്ട്.

**സർക്കാരിന്റെ പ്രവർത്തനത്തിൽ മാറ്റം**

14 (2857) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി.ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രവർത്തനത്തിൽ പാളിച്ചകൾ ഉള്ളതായും ജനങ്ങൾക്ക് മാറ്റം അനുഭവപ്പെടുന്ന തരത്തിൽ സർക്കാരിന്റെ പ്രവർത്തനത്തിൽ മാറ്റം വരുത്തണമെന്നും കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലയിലെ പ്രവർത്തനങ്ങളിലാണ് പാളിച്ചകൾ പറ്റിയതായി കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രസ്തുത മേഖലകളിൽ തിരുത്തൽ വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തിന്റെ സമഗ്രവികസനവും പൊതുജനക്ഷേമവും മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

**ഭരണാനുമതിക്കായി നൽകുന്ന പ്രൊപ്പോസലുകളിലെ കാലതാമസം**

15 (2858) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിലും ആസ്തി വികസന ഫണ്ടിലും ഉൾപ്പെട്ട് ഭരണാനുമതിക്കായി നൽകുന്ന പ്രൊപ്പോസലുകളിൽ ന്യായീകരിക്കാനാകാത്ത കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർന്നുള്ള വർഷങ്ങളിൽ ഇപ്രകാരം കാലതാമസം വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ക്രിയാത്മകമായ നടപടി സ്വീകരിയ്ക്കുമോ;

(സി) ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കുവാനും കാലതാമസം നേരിടേണ്ടിവരുന്നുണ്ട് എന്ന സാഹചര്യം ഒഴിവാക്കി, സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഒരു സ്റ്റാറ്റ്യൂട്ടറി ഷെഡ്യൂൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി**

16(2860) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതി എന്നാണ് നിലവിൽ വന്നത്;

(സി) പദ്ധതി നിലവിൽ വന്നശേഷം എത്ര പേർക്ക് ഇതുമൂലമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ചവരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്ന ആളുകൾക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി 20-8-2016-ലെ സ.ഉ.(പി) നമ്പർ 118/2016/ ധന. പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

അനുബന്ധമായി ചേർത്തിട്ടുള്ള പദ്ധതി മാർഗ്ഗരേഖയ്ക്ക് വിധേയമായി അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ച് കഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴ പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്.

(സി) ഈ പദ്ധതി നിലവിൽ വന്നശേഷം 1028 കുടുംബങ്ങൾക്ക് ഇതുമൂലമുള്ള ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ഉപദേശകർ

17(2861) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ഉപദേശകർ ഓരോരുത്തരുടെയും സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

## മുഖ്യമന്ത്രിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടത്തിയ താൽക്കാലിക നിയമനങ്ങൾ

18 (2862) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടത്തിയ താൽക്കാലിക നിയമനങ്ങളുടെ വിശദവിവരം നൽകാമോ; ഈ സ്ഥാപനങ്ങളിൽ സ്പെഷ്യൽറൂൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത താൽക്കാലിക നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങളുടെ വിശദവിവരം നൽകാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്ഥിരപ്പെടുത്തിയ ജീവനക്കാരെ പിരിച്ചുവിട്ട നടപടി

19(2863) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയ ഏതെങ്കിലും വിഭാഗത്തിലുള്ള ജീവനക്കാരെ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പിരിച്ചുവിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സെക്രട്ടേറിയേറ്റിലെ സുരക്ഷാവിഭാഗത്തിലെ ജീവനക്കാരെ ആരെയെങ്കിലും ഈ സർക്കാർ പിരിച്ചുവിട്ടിട്ടുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് റദ്ദ് ചെയ്ത് അവരെ ജോലിയിൽനിന്നും പിരിച്ചുവിട്ടത് എന്തടിസ്ഥാനത്തിലായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്തു പൊതുഭരണ സെക്രട്ടേറിയറ്റിൽ സെക്യൂരിറ്റി ഗാർഡായി സ്ഥിരപ്പെടുത്തിയ ചുവടെ പറയുന്ന 6 ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്:

1. ശ്രീ. എ. ഉദയകുമാർ
2. ശ്രീ. ടി. ശിവൻ
3. ശ്രീ. വി. ബാലഗോപാലൻ
4. ശ്രീ. എ. പി. ശൈലേന്ദ്രകുമാർ
5. ശ്രീ. സി. മുരുഗൻ
6. ശ്രീ. എ. ഗോപകുമാരൻ നായർ.

(സി) പൊതുഭരണ സെക്രട്ടേറിയറ്റിൽ സെക്യൂരിറ്റി ഗാർഡുമാരുടെ നിയമനം നടത്തുന്നതിനായുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് നിലനിന്നിരുന്ന കാലയളവിലാണ് മുൻ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 7-12-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 313/2015/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവന്ന 6 സെക്യൂരിറ്റി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ടി. നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ളവർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കാൻ തീരുമാനിച്ചു. ഒരു തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടത് ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിയമന രീതിയിൽ കൂടിയായിരിക്കും. കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സെക്യൂരിറ്റി ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്തേണ്ട തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നവരെ സ്ഥിരപ്പെടുത്താൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. ഇപ്രകാരം ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി 10-4-2006-ലെ സ്റ്റേറ്റ് ഓഫ് കർണ്ണാടക Vs ഉമാദേവി എന്ന കേസിലെ സുപ്രീം കോടതിയുടെ വിധിയുടെ അന്തസത്തയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ അപ്രകാരമുള്ള നിയമനങ്ങൾ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ ലംഘിച്ചുള്ള പുറംവാതിൽ നിയമനമായി മാത്രമേ കണക്കാക്കാൻ പറ്റുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിലാണ് 21-3-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 112/2017/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആറു സെക്യൂരിറ്റി ജീവനക്കാരെ പൊതുഭരണ വകുപ്പിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളത്.

## സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടികൾ

20(2864) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഓഫീസുകളിലാണ് ഇനി ഇ- ഓഫീസ് സംവിധാനം ഏർപ്പെടുത്താനുള്ളത്;

(ബി) സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം കാലോചിതമായി പരിഷ്ക്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) സെക്രട്ടേറിയറ്റിലെ ഫയൽ സംവിധാനം കടലാസ് രഹിതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ് വെയർ (ഇ-ഓഫീസ് version 2) വികസിപ്പിച്ചെടുക്കാൻ എൻ.ഐ.സി.-യുടെ പദ്ധതി നിർദ്ദേശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലെ ഫയൽ സംവിധാനം കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലും സെക്ഷനുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പുകളിൽ കൈകാര്യം ചെയ്തു വന്നിരുന്ന ഫിസിക്കൽ ഫയലുകൾ ഒട്ടുമിക്കതും ഇ-ഓഫീസിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തുകഴിഞ്ഞു. ഇ-ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ വകുപ്പുകളിലും നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മാസം മുതൽ, വകുപ്പുകളിലും സെക്ഷനുകളിലും ലഭ്യമാകുന്ന ഓരോ തപാലുകളും ഇ-ഓഫീസ് മുഖാന്തിരം ഇലക്ട്രോണിക്കായി മാത്രമേ കൈകാര്യം ചെയ്യുവാൻ പാടുള്ളൂവെന്ന കർശന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്. മാത്രവുമല്ല, ഒരിക്കൽ ഇ-ഫയലായി കൈകാര്യം ചെയ്ത ഫയൽ യാതൊരു കാരണവശാലും പ്രിന്റ് ചെയ്ത് ഫിസിക്കൽ ഫയലാക്കാൻ പാടുള്ളതല്ലെന്ന കർശന നിർദ്ദേശവും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും, വകുപ്പുകൾക്കും സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്. ഇ-ഓഫീസിൽ ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ അവരുടെ പ്രവൃത്തി സ്ഥലത്തു തന്നെ സഹായിക്കുന്നതിനായി സപ്പോർട്ട് എഞ്ചിനീയർമാരെ നിയോഗിച്ചിട്ടുണ്ട്.

## സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കാൻ നടപടി

21 (2865) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കലിന്റെ കണക്ക് പരിശോധിക്കാൻ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ഫയൽ തീർപ്പാക്കൽ പരിശോധിക്കുന്നതിനോടൊപ്പം മന്ത്രിമാരുടെ ഓഫീസുകളിൽ ഫയൽ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത് പരിഹരിക്കാനാവശ്യമായ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഭരണപരിചയമില്ലാത്ത ജീവനക്കാർ മന്ത്രിമാരുടെ ഓഫീസുകളിൽ ജോലി ചെയ്യുന്നതാണ് ഇത്തരത്തിൽ ഫയൽ നീക്കം ഗണ്യമായി കുറയാൻ കാരണമെന്ന ആരോപണം പരിശോധിക്കുമോ;

(ഡി) ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; 2017 ജനുവരി 31 വരെ ഈ സർക്കാർ തീർപ്പാക്കിയ ഫയലുകൾ, ഇനി തീർപ്പാക്കാനുള്ളവ എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എല്ലാ വകുപ്പുകളുടെയും പ്രതിമാസ ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തുകയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ട് ആവശ്യമായ നിർദ്ദേശങ്ങളോടുകൂടി എല്ലാ വകുപ്പുതലവൻമാർക്കും തുടർനടപടികൾക്കായി നൽകിവരുന്നുമുണ്ട്.

(ബി) മന്ത്രിമാരുടെ ഓഫീസുകളിൽ ഫയൽ തീർപ്പാക്കാൻ കാലതാമസം നേരിടുന്നില്ല. സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കലിനായി ഫയൽ അദാലത്തുകൾ നടത്തിയിട്ടുണ്ട്; ഉദ്യോഗസ്ഥതല യോഗങ്ങൾ വിളിക്കുകയും മന്ത്രിമാർ നേരിട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(സി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. 2016 ജൂൺ മുതൽ 2017 ജനുവരി 31 വരെ

| | | |
|---|---|---|
| ആരംഭിച്ച ഫയലുകൾ | - | 2,16,638 |
| തീർപ്പാക്കിയ ഫയലുകൾ | - | 1,24,999 (57.7%) |
| തീർപ്പാക്കാനുള്ളവ | - | 99,639 (42.3%) |

**സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്കുള്ള സഹായം**

22 (2866) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് നൽകുന്ന ഏതെങ്കിലും സഹായം കുറവ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയ്ക്കുശേഷം സർവ്വീസിൽ പ്രവേശിച്ചവരുടെ കാര്യത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടോ; എങ്കിൽ ആയതുപ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽനിന്ന് തുക തിരിച്ചുപിടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കുറവ് ചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടത് ഏത് തലത്തിലാണ്; എന്താണ് ഇത്തരത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് കാരണമായതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) 24-5-1999-ലെ ജി.ഒ.(പി) നമ്പർ 12/99/പി.&എ.ആർ.ഡി. എന്ന സർക്കാർ ഉത്തരവുപ്രകാരമുള്ള ആനുകൂല്യങ്ങളിൽ കുറവൊന്നും വരുത്തിയിട്ടില്ല.

**സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുവാൻ നടപടി**

23 (2867) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഭരണവേഗത കൂട്ടുവാൻ നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാണോ;

(ബി) സോഫ്റ്റ്‌വെയറിലെ തകരാറുമൂലം ഭരണം സ്തംഭനത്തിലാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വകുപ്പ് മേധാവികൾ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും ഉൾക്കൊള്ളാത്തതും സെക്രട്ടേറിയറ്റിലെ മാനുവൽ ഫയൽ നീക്കവും ഇ-പ്രോഗ്രാമിംഗും തമ്മിലുള്ള പൊരുത്തക്കേടും പ്രസ്തുത സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ പ്രതിബന്ധമായി നിൽക്കുന്നുവെന്നത് വസ്തുതയാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ സോഫ്റ്റ് വെയർ സ്ഥാപിച്ച് ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയിട്ടുള്ള ഇ-ഓഫീസ് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന ഇ-ഫയലിംഗ് സംവിധാനമാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷാന്ത്യത്തിൽ ഒരേ സമയം കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ടിവന്നപ്പോഴുണ്ടായ പ്രവൃത്തിഭാരംമൂലം ഇ-ഓഫീസ് സോഫ്റ്റ്‌വെയറിൽ വേഗതക്കുറവ് അനുഭവപ്പെട്ടിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) രഹസ്യവും, നിർണ്ണായക സ്വഭാവമുള്ളതുമായ ചില ഫയലുകൾ ഇലക്ട്രോണിക് ആയി മാറ്റുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളൊഴികെ, ഏതെങ്കിലും ഘടകങ്ങൾ സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നതിന് പ്രതിബന്ധമായി നിലനിൽക്കുന്നതായി കാണുന്നില്ല.

(ഡി) ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ്‌വെയർ (ഇ-ഓഫീസ് Version 2) വികസിപ്പിച്ചെടുക്കാൻ, എൻ.ഐ.സി.-യുടെ പദ്ധതി നിർദ്ദേശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഉപദേഷ്ടാക്കളെ നിയമിക്കുന്നതിലെ മാനദണ്ഡങ്ങൾ

24 (2868) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും ഉപദേഷ്ടാക്കളെ നിയമിക്കുന്ന കാര്യത്തിൽ മാനദണ്ഡങ്ങളെന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിൽ മുഖ്യമന്ത്രിയ്ക്കും മറ്റുമന്ത്രിമാർക്കുമായി എത്ര ഉപദേഷ്ടാക്കളാണുള്ളത്; ഓരോരുത്തരും ഏതൊക്കെ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരാണെന്ന് വ്യക്തമാക്കുമോ;

(സി) ബന്ധപ്പെട്ട മേഖലകളിലും വകുപ്പുകളിലും വ്യവസ്ഥാപിതമായി നിയമിക്കപ്പെട്ടിട്ടുള്ളതും അതാതു വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളുമായി ഉപദേഷ്ടാവിന്റെ ഉപദേശം, വൈരുദ്ധ്യമുണ്ടാക്കുന്ന സാഹചര്യത്തിൽ തീരുമാനങ്ങളിലെ കൃത്യത ഉറപ്പാക്കാൻ മുൻകരുതൽ എടുക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ അതാത് മേഖലകളിൽ പ്രാഗൽഭ്യം തെളിയിക്കപ്പെട്ടവരെയാണ് ഉപദേഷ്ടാക്കളായി നിയമിച്ചിട്ടുള്ളത്.

(ബി) വിവിധ മേഖലകളിലായി മുഖ്യമന്ത്രിയ്ക്ക് നിലവിൽ 6 ഉപദേശകർ ഉണ്ട്.

1. ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവ് - ഡി.ജി.പി. റാങ്കിലുള്ള മുൻ ഐ.പി.എസ്. ഉദ്യോഗസ്ഥനായ രമൺശ്രീവാസ്തവ

2. ശാസ്ത്ര ഉപദേഷ്ടാവ് - മുൻ വി.എസ്.എസ്.സി. ഡയറക്ടറായിരുന്ന ശ്രീ. എം. ചന്ദ്രദത്തൻ

3. സാമ്പത്തികഉപദേഷ്ടാവ്-ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗം പ്രൊഫസറും, വകുപ്പ് മേധാവിയുമായ ശ്രീമതി ഗീതാ ഗോപിനാഥ്

4. നിയമ ഉപദേഷ്ടാവ് - മുൻ നിയമസഭാ സെക്രട്ടറിയും NUALS-ന്റെ വൈസ് ചാൻസലറുമായിരുന്ന നിയമ വിദ്യാഭ്യാസ വിചക്ഷണൻ ഡോ. എൻ. കെ. ജയകുമാർ

5. മീഡിയ ഉപദേഷ്ടാവ് - ദൃശ്യമാധ്യമരംഗത്തെ പ്രഗത്ഭനായ ശ്രീ. ജോൺ ബ്രിട്ടാസ്

6. പ്രസ് അഡ്വൈസർ - പ്രശസ്ത സാഹിത്യകാരനും, മാധ്യമരംഗത്ത് പ്രവർത്തന മികവും, മുൻപരിചയവുമുള്ള ശ്രീ. പ്രഭാകരവർമ്മ.

മറ്റ് മന്ത്രിമാർക്കൊന്നും തന്നെ ഉപദേശകരെ നിയമിച്ചിട്ടില്ല.

(സി) മുഖ്യമന്ത്രി ആവശ്യപ്പെടുന്നപക്ഷം അദ്ദേഹത്തിന് ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധ ഉപദേശം നൽകുക എന്നതാണ് ഉപദേശകരുടെ ചുമതല. ഇവർ സർക്കാർ ഫയലിൽ അഭിപ്രായം രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

**ദുരിതാശ്വാസ സഹായത്തിനായി കെ. എം. ഹസീസിന്റെ അപേക്ഷ**

25 (2869) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി 17-3-2017-ലെ ഡി 170308071/സി.എം.ഒ., നമ്പരായി റവന്യൂ സ്പെഷ്യൽ സെക്രട്ടറിക്ക് നൽകിയിട്ടുള്ള ശ്രീ. കെ. എം. ഹസീസിന്റെ അപേക്ഷയിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഡി 170308071 പ്രകാരം ലഭിച്ച അപേക്ഷ പരിഗണിച്ച് അപേക്ഷകന്റെ സ്വന്തം ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,000 രൂപ ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ദേവികുളം സബ്കളക്ടർ ഔദ്യോഗിക സൗകര്യങ്ങൾ ദുരുപയോഗം ചെയ്ത നടപടി**

26 (2870) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം സബ് കളക്ടർ തന്റെ ഔദ്യോഗിക വാഹനവും ഗൺമാൻ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥരെയും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥൻ സുരേഷ് കുമാറിന് അനധികൃതമായി ഉപയോഗിക്കാൻ നൽകിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യത്തിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. അതുപരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ ഹാഡ പദ്ധതികൾ**

27(2871) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി (ഹാഡ)-യുടെ പ്രവർത്തന പരിധിയിൽ വരുന്ന വാമനപുരം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 'ഹാഡ'-യ്ക്കുവേണ്ടി വകയിരുത്തിയ 130 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി (ഹാഡ)-യുടെ പ്രവർത്തന പരിധിയിൽ വരുന്ന വാമനപുരം നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് പെരിങ്ങമലയാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 130 കോടി രൂപയിൽ 2015-16 സാമ്പത്തിക വർഷത്തിൽ നബാർഡ് പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്ന പ്രവർത്തികളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാൻഷെ XXI-ൽ ഉൾപ്പെടുത്തി 31 റോഡ് പ്രവർത്തികൾക്ക് 9.15 കോടി രൂപയുടെ ഭരണാനുമതിയും ട്രാൻഷെ XXII-ൽ ഉൾപ്പെടുത്തി 29 റോഡ് പ്രവൃത്തികൾക്ക് 9.78 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

**കേന്ദ്ര സംസ്ഥാന ബന്ധങ്ങളും കർഷകരുടെ നിലയും മെച്ചപ്പെടുത്തൽ**

28 (2872) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ വരുമാനം 2022-ഓടെ ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ പദ്ധതികളും നിർദ്ദേശങ്ങളും ആരാഞ്ഞ് കേന്ദ്ര സർക്കാർ നൽകിയ കത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പദ്ധതികൾ തയ്യാറാക്കുന്നതിനു മുൻപായി കർഷകരുമായോ കർഷക സംഘടനകളുമായോ മറ്റ് വിദഗ്ദ്ധരുമായോ കൂടിയാലോചനകൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വിഷയത്തിൽ കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ സ്വീകരിച്ച നടപടികളും കൂടിയാലോചനകളും സംബന്ധിച്ച് ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിവരങ്ങൾ ഉണ്ടെങ്കിൽ ലഭ്യമാക്കാമോ; കൃഷിയുമായി ബന്ധപ്പെട്ട സമഗ്ര മേഖലകളിലും ഇതിനെപ്പറ്റി അറിവ് നൽകി പരമാവധി കേന്ദ്ര സഹായം ഈ വിഷയത്തിൽ നേടാൻ എന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നു;

(സി) കേന്ദ്രത്തിൽനിന്ന് ലഭിച്ച കത്തിന്റെ വിവരം ആസൂത്രണ ബോർഡുമായി ചർച്ച ചെയ്തോ; ഈ വിഷയത്തിൽ ആസൂത്രണ ബോർഡ് നിലപാടെന്താണ്; അടിയന്തര പ്രാധാന്യമുള്ള ഇത്തരം വിഷയങ്ങൾ അതീവ ഗൗരവത്തോടെ സമയബന്ധിതമായി കൈകാര്യം ചെയ്യാനും ഉന്നത ഉദ്യോഗസ്ഥരെയും കൃഷി, മൃഗസംരക്ഷണ വകുപ്പുകളെയും കൂടുതൽ കാര്യക്ഷമമാക്കാനും താമസംവിനാ പ്രവർത്തിക്കാനും എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) കർഷക/കർഷകത്തൊഴിലാളി വരുമാനം 2022-ാം ആണ്ടോടെ ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കി ശിപാർശ സഹിതം കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന് ലഭ്യമാക്കുന്നതിന് കാർഷിക സർവ്വകലാശാലകളിലെയും കൃഷി അനുബന്ധ വകുപ്പുകളിലെയും ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെയും സ്ഥാപന മേധാവികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-4-2017-ന് പ്രത്യേക യോഗം ചേരുകയുണ്ടായി. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, ഡയറക്ടർ സി.എം.എഫ്. ആർ.ഐ., കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുകയുണ്ടായി. ചർച്ചയുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് നിലവിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

കൃഷി ചെലവ് പരമാവധി കുറച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന "കാർഷിക യന്ത്രവത്കരണം" (submission on agriculture Mechanisation) പദ്ധതിയിലൂടെ കാർഷിക ഉൽപ്പന്നങ്ങളുടെ വെയ്സ്റ്റേജ് പരമാവധി കുറച്ച് "കോൾഡ് ചെയ്ൻ" സംവിധാനത്തിലൂടെ കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനും (നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി മുഖേന) കാര്യക്ഷമമായ ആധുനിക ജലസേചന സംവിധാനങ്ങൾ - സൂക്ഷ്മജലസേചനം ഏർപ്പെടുത്തി ഉല്പാദനവും ഉല്പാദനക്ഷമതയും ഉറപ്പാക്കുന്ന സൂക്ഷ്മജലസേചനം (PMKSY Micro Irrigation), ഗുണമേന്മയുള്ള വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിലൂടെ ഉയർന്ന ഉല്പാദനവും ഉല്പാദനക്ഷമതയും കൈവരിക്കുന്നതിനും (Submission on Seeds and Planting material പദ്ധതിയിലൂടെ) പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പയിന്മേൽ ജപ്തി നടപടി**

29 (2873) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ എടുത്ത് പഠിക്കുകയും തുർന്ന് തൊഴിൽ ലഭിക്കാതെ വന്നതുമൂലമോ, കുടുംബത്തിന്റെ സാമ്പത്തിക തകർച്ചമൂലമോ വായ്പ കുടിശ്ശിക തിരിച്ചടക്കാൻ കഴിയാതെ വരികയും ചെയ്തവരുടെ മേൽ ബാങ്ക് സ്വീകരിച്ചുവരുന്ന ജപ്തി ഒഴിവാക്കാനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## ഉത്തരം

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (എഡ്യൂക്കേഷൻ ലോൺ റീ-പേയ്മെന്റ് സപ്പോർട്ട് സ്കീം) ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിക്ക് 26-4-2017-ന് ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- 1-4-2016-നുമുമ്പ് വായ്പാതിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലുവർഷത്തേയ്ക്ക് വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.
- 31-3-2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (എൻ.പി.എ.) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് സർക്കാർ സഹായം നൽകുന്നതാണ്.
- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കേ ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.
- മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.
- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.
- 1-4-2016-ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

## കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിലെ നിയമനങ്ങൾ

30 (2874) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിൽ ഇപ്പോൾ എത്ര പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്; ഇവർ ആരെല്ലാം;

(ബി) ഓരോരുത്തരുടെയും മാതൃവകുപ്പേതാണ്; ഇവർ എത്ര വർഷമായി ഡെപ്യൂട്ടേഷനിൽ തുടരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജൈവ വൈവിധ്യ ബോർഡിൽ പുതുതായി നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിവരം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ഡെപ്യൂട്ടേഷൻ മുഖേന ചുവടെ ചേർത്തിരിക്കുന്ന ആറ് പേർ ജോലി ചെയ്യുന്നു:

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ഡോ. ദിനേശൻ ചെറുവാട്ട് | മെമ്പർ സെക്രട്ടറി |
| 2 | ശ്രീമതി ജയലേഖാദേവി. ജെ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 3 | ഡോ. ലിൻഡ ജോൺ | പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ |
| 4 | ശ്രീമതി സ്റ്റെർലി. എസ് | സയന്റിഫിക് ഓഫീസർ |
| 5 | ശ്രീമതി സുനിത മേനോൻ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 6 | ശ്രീ. അജീഷ്ഖാൻ. എച്ച് | അസിസ്റ്റന്റ്-കം-കാഷ്യർ |

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 2017 ദേശീയ ജൈവവൈവിധ്യ സമ്മേളനത്തോടനുബന്ധിച്ച് മൂന്ന് മാസത്തേയ്ക്കുവേണ്ടി ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റിനെയും, രണ്ടു മാസത്തേയ്ക്ക് കുടുംബശ്രീ മുഖേന ഒരു കാഷ്വൽ സ്വീപ്പറെയും (പാർട്ട് ടൈം സ്വീപ്പർ മെഡിക്കൽ ലീവിൽ പ്രവേശിച്ചതിനാൽ) നിയമിച്ചു.

## രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം

31(2875) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത അക്കാഡമിയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഫെബ്രുവരി 2016 മുതൽ അക്കാദമിയിൽ പറക്കൽ പരിശീലനം വിവിധ കാരണങ്ങളാൽ മുടങ്ങിയിരിക്കുകയായിരുന്നു. അക്കാദമിയുടെയും സർക്കാരിന്റെയും നിരന്തര പരിശ്രമ ഫലമായി ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ (DGCA) റീ സർട്ടിഫിക്കേഷൻ പ്രോസസ് 2017 മാർച്ച് ആദ്യവാരത്തോടുകൂടി പൂർത്തിയാവുകയും മാർച്ച് 23-ാം തീയതി പ്രാബല്യത്തിൽ അക്കാദമിക്ക് പറക്കൽ പരിശീലനം പുനരാരംഭിക്കുന്നതിനുള്ള അനുമതി ഡി.ജി.സി.എ.-യിൽ നിന്ന് ലഭിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അക്കാദമിയിൽ പറക്കൽ പരിശീലനം മാർച്ച് 24-ാം തീയതി മുതൽ പുനരാരംഭിക്കുകയും ഊർജ്ജിതമായി തുടർന്നു വരികയും ചെയ്യുന്നു. നിലവിലുള്ള പൈലറ്റ് ട്രെയിനികളുടെ പറക്കൽ പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുക എന്നതാണ് അക്കാദമിയുടെ പ്രാഥമിക ലക്ഷ്യം. അതിനായി നിലവിൽ മൂന്ന് സെസ്ന വിമാനങ്ങൾ ഉപയോഗിച്ച് പ്രതിദിനം പരമാവധി സമയം പരിശീലനം നൽകിവരുന്നു. മൺസൂൺ കാലത്ത് ട്രെയിനികൾക്ക് പരിശീലനം മുടങ്ങാതെ ഉറപ്പുവരുത്തുന്നതിനായി മധുര, പോണ്ടിച്ചേരി തുടങ്ങിയ മൺസൂൺ കുറവായ എയർപോർട്ടുകളിൽ പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തിവരികയാണ്. പരിശീലനം മുടങ്ങാതെ നൽകുന്നതിനായി ഒരു എയർക്രാഫ്റ്റ് എഞ്ചിൻ കൂടി കരുതലായി വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. അക്കാദമിയിൽ നിലവിലുള്ള മൾട്ടി എഞ്ചിൻ വിമാനം കൂടി പരിശീലനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. ഇതോടെ പൈലറ്റ് ട്രെയിനികൾക്ക് 'മൾട്ടി എഞ്ചിൻ റേറ്റിംഗ്' കൂടി ലഭ്യമാകും.

ഒരു എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനും, ഒരു സിംഗിൾ എഞ്ചിൻ വിമാനം, സീ പ്ലെയിൻ, വിമാന എഞ്ചിൻ എന്നിവ വാങ്ങുന്നതിനും അക്കാദമി ഉദ്ദേശിക്കുന്നുണ്ട്. ആയത് ഫലപ്രാപ്തിയിൽ എത്തുന്ന മുറയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതിനും സമയബന്ധിതമായി മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

## തീരദേശ പരിപാലന നിയമപ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അപേക്ഷകൾ

32(2876) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എത്ര അപേക്ഷകൾ തീരദേശ പരിപാലന നിയമപ്രകാരം പരിശോധിച്ച് വരുന്നുണ്ട്; അപേക്ഷകരുടെ പേര് വിവരങ്ങളും നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ കാലതാമസം നേരിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കാമോ; പ്രസ്തുത അപേക്ഷകൾ എപ്പോൾ തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) അപേക്ഷകളുടെ ആധിക്യം കാരണം തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 29-4-2017-ന് ചേർന്ന കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 85-ാമത് യോഗ തീരുമാന പ്രകാരം 2017 മേയ് മാസത്തിൽ ഫയൽ അദാലത്ത് നടത്തി പരമാവധി അപേക്ഷകകളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ**

33 (2877) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളെ സംബന്ധിച്ച ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകളിൽ ഏത് റിപ്പോർട്ട് നടപ്പാക്കാനാണ് ഇപ്പോൾ തയ്യാറെടുപ്പ് നടത്തിയിട്ടുള്ളത്;

(ബി) പരിസ്ഥിതി ദുർബലം എന്ന് ഈ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് എത്ര വില്ലേജുകളെയാണ്; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) എത്ര കിലോ മീറ്റർ വരെയാണ് ഇവയുടെ ബഫർ സോൺ പരിധിയായി നിശ്ചയിച്ചിട്ടുള്ളത്;

(ഡി) പശ്ചിമഘട്ട മലനിരകളോട് ചേർന്ന് വരുന്ന ഈ പ്രദേശങ്ങളിലെ നിലവിലുള്ള ഡാമുകളും വൈദ്യുതി ഉത്പാദന കേന്ദ്രങ്ങളും ആശുപത്രികളും ഈ ബഫർ സോണിൽ ഉൾപ്പെട്ടാൽപ്പോലും ഭാവിയിൽ ഒഴിഞ്ഞു കൊടുക്കേണ്ടതായി വരുമോ;

(ഇ) ഈ സ്ഥലങ്ങൾ സംബന്ധിച്ച കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അന്തിമ വിജ്ഞാപനം പുറത്തിറങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഇത് പുറപ്പെടുവിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) ഇത് സംബന്ധിച്ച് കേരളത്തിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ ജനവാസ കേന്ദ്രങ്ങളേയും, കൃഷി സ്ഥലങ്ങളേയും പൂർണ്ണമായും ഇ.എസ്.എ.യിൽനിന്ന് ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം എത്രയും വേഗം പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) 123 വില്ലേജുകളെയാണ് പരിസ്ഥിതി ദുർബലമെന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടികയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി&ഡി) കസ്തൂരിരംഗൻ റിപ്പോർട്ടിൽ ബഫർ സോണിനെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല.

(ഇ) ഇല്ല. അന്തിമവിജ്ഞാപനം എത്രയുംവേഗം പുറപ്പെടുവിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(എഫ്) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

## കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ തീരദേശ പരിപാലന നിയമപ്രകാരം തീർപ്പുകല്പിക്കൽ

34(2878) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പരിപാലന നിയമപ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അനുമതി അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ടോ;

(ബി) ഇതിൽ എറണാകുളം ജില്ലയിൽനിന്നും 2016 ജനുവരിക്കുശേഷം ലഭിച്ച അപേക്ഷകളിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായ സാഹചര്യം വിശദീകരിക്കാമോ;

(ഡി) നിലവിൽ പ്രസ്തുത അപേക്ഷകൾ പരിശോധിക്കുന്ന സംവിധാനവും ഓഫീസും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 2016 മാർച്ച് 30-ന് അവസാനിക്കുകയും, പുതിയ അതോറിറ്റിയുടെ വിജ്ഞാപനത്തിന് കാലതാമസം ഉണ്ടാവുകയും ചെയ്തു. അതിനാലാണ് അപേക്ഷകൾ പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടായത്.

(ഡി) തീരദേശ പരിപാലന അതോറിറ്റിയുടെ സെക്രട്ടേറിയറ്റായി പരിസ്ഥിതി കാലാവസ്ഥാ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോറിറ്റിയുടെ ഓഫീസ് വിലാസം, ഫോൺ നമ്പറുകൾ, ഇ-മെയിൽ വിലാസം എന്നിവ ചുവടെ ചേർക്കുന്നു:

മെമ്പർ സെക്രട്ടറി,

കേരള തിരദേശ പരിപാലന അതോറിറ്റി, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്, ദേവീകൃപ, പള്ളിമുക്ക്-കണ്ണമ്മൂല റോഡ്, പേട്ട,

തിരുവനന്തപുരം-695 024. Ph. No.0471-2742264 (Office),

Website: www.envt.kerala.gov.in

E-mail; environmentdirectorate @ gmail.com

Kezmasandtd @ gmail.com

**കാലാവസ്ഥാവ്യതിയാനംമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ**

35 (2879) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും അതുമൂലമുണ്ടാകുന്ന അപകടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുവഴി വരുത്തിയതെന്ന് വിശദമാക്കാമോ; അതു സംബന്ധിച്ച് വിശദ പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനംമൂലം പരിസ്ഥിതിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് സമഗ്രമായി പഠനം നടത്തുന്നതിനായുള്ള സംരംഭത്തിന്റെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനംമൂലം സമുദ്ര നിരപ്പിലുണ്ടാകുന്ന ഉയർച്ചയും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് പഠനം നടത്തി. കൂടാതെ, പാലക്കാട് ജില്ലയിലെ വടകരപതി പഞ്ചായത്തിൽ ഭൂഗർഭ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ എൻ.സി.ഇ.എസ്.എസുമായി ചേർന്ന് നടത്തുന്നു. വിവിധ ഗവേഷണ പദ്ധതികൾക്ക് പുറമേ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങളിലും അവ നേരിടുന്നതിനുള്ള മാർഗ്ഗങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരെയും മുതിർന്ന ഉദ്യോഗസ്ഥരെയും, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരെയും ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനുബന്ധ വകുപ്പുകളെ വിവിധ സെക്ടറുകളായി തിരിച്ച് 'ഫോക്കൽ ടീം' ഉണ്ടാക്കി ഇവർക്കായി 'കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പുകൾ' സംഘടിപ്പിക്കുന്നു. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ കൃഷി, മത്സ്യബന്ധനം, ടൂറിസം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, അനെർട്ട്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് സമഗ്ര കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**തീരദേശപരിപാലന ചട്ടത്തിലെ വ്യവസ്ഥകൾ**

36 (T* 2880) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന ചട്ടത്തിലെ നിലവിലുള്ള വ്യവസ്ഥകൾമൂലം വീട് നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും തീരദേശത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ഈ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി പുതിയ വിജ്ഞാപനം ഇറക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ശൈലേഷ് നായിക് സമിതി റിപ്പോർട്ട് സംസ്ഥാനത്തെ തീരദേശ മേഖലയ്ക്ക് ആശ്വാസകരമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നവയാണോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പുതിയ വിജ്ഞാപനം ഇറക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഡോ. ശൈലേഷ് നായിക് സമിതിയുടെ റിപ്പോർട്ട് കേന്ദ്ര സർക്കാരിനാണ് സമർപ്പിച്ചിരിക്കുന്നത്. ഇതിന്റെ പകർപ്പ് ലഭ്യമല്ല. എന്നാൽ, തീരദേശ സംസ്ഥാനങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ റിപ്പോർട്ടിലുണ്ടാകുമെന്ന് കരുതുന്നു. ഇതനുസരിച്ചുള്ള പുതിയ വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

**തീരപ്രദേശങ്ങളിലുള്ള ഭവനനിർമ്മാണത്തിന് നിയന്ത്രണം**

37 (T* 2881) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ കേന്ദ്ര തീരദേശനിയന്ത്രണ വിജ്ഞാപനത്തിൽ മത്സ്യ തൊഴിലാളികൾക്ക് തീരപ്രദേശങ്ങളിലുള്ള ഭവനനിർമ്മാണത്തിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് ഇളവ് നൽകുന്നതിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ നിയോഗിച്ച ഡോ. ശൈലേഷ് നായക് കമ്മിറ്റി റിപ്പോർട്ടിൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് ഇളവ് നൽകുന്നതിനായി നടത്തിയിട്ടുള്ള പ്രധാന ശിപാർശകൾ വ്യക്തമാക്കുമോ; ആയത് കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് അനുകൂലമാണോ; വിശദമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 2011-ലെ പുതുക്കിയ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററും, കടലിൽ നിന്ന് വേലിയേറ്റ സ്വാധീനമുള്ള പുഴകൾ, കായലുകൾ എന്നിവയുടെ വേലിയേറ്റ രേഖയിൽനിന്നും പരമാവധി 100 മീറ്ററും തീരദേശ നിയന്ത്രണ മേഖലയിൽപ്പെടുന്നു. ഈ നിയന്ത്രണ മേഖലയെ സി.ആർ.ഇസഡ് I, സി.ആർ.ഇസഡ് II, സി.ആർ.ഇസഡ് III, സി.ആർ.എസഡ് IV സോണുകളായി തിരിച്ച് വ്യത്യസ്തമായ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സി.ആർ.ഇസഡ് III സോണിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെ നിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിരുന്നാലും 100 മീറ്ററിനും 200 മീറ്ററിനുമിടയിൽ തദ്ദേശവാസികൾക്കും, മത്സ്യത്തൊഴിലാളികൾക്കും വീടുകൾ പണിയാൻ തീരദേശ പരിപാലന അതോറിറ്റി അനുമതി നൽകിവരുന്നു. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിനും, 500 മീറ്ററിനും ഇടയിൽ ഗാർഹികാവശ്യത്തിനായി അനുമതി ലഭിക്കുന്നതാണ്. സി.ആർ.ഇസഡ് II മേഖലയിൽ അംഗീകൃതമായ റോഡോ, കെട്ടിടങ്ങളോ നിൽക്കുന്നതിന്റെ കരവശത്തേയ്ക്ക് നിർമ്മാണം അനുവദിക്കുന്നുണ്ട്.

(ബി) തദ്ദേശവാസികൾക്കും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും വീട് വയ്ക്കാനുള്ള നിബന്ധനകളിൽ ഇളവ് അനുവദിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിച്ച് ആവശ്യങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ. ശൈലേഷ് നായിക് സമിതി ഇക്കാര്യങ്ങൾ പഠിച്ച് ഇളവുകൾ നൽകുന്നതിനായി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ടി പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടില്ല.

## കെ.എസ്.സി.എസ്.റ്റി.ഇ.-യുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി

38(2882) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ശിപാർശ സി.ഡബ്ല്യൂ.ആർ.ഡി.എം.-ലും കെ.എസ്.സി.എസ്.റ്റി.ഇ.-യുടെ കീഴിലുള്ള മറ്റ് ആർ&ഡി സ്ഥാപനങ്ങളിലും നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.സി.എസ്.റ്റി.ഇ.-യുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## പി.എസ്.സി.വിജ്ഞാപനങ്ങൾ

39(2883) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരുവർഷ കാലയളവിൽ വിവിധ വകുപ്പുകളിലെ ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട് പി.എസ്.സി. എത്ര വിജ്ഞാപനങ്ങൾ ഇറക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ ?

ഉത്തരം

2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട് 530 വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | ജനറൽ റിക്രൂട്ട്മെന്റ് | - 179 |
| 2. | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക നിയമനം | - 57 |
| 3. | എൻ.സി.എ.വിജ്ഞാപനം | - 293 |
| 4. | ഭിന്നശേഷി വിഭാഗക്കാർക്കുള്ള പ്രത്യേക നിയമനം | - 1 |

## പി.എസ്.സി. റാങ്ക് ലിസ്റ്റ്

40 (T* 2884) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിൽ ഏതെല്ലാം വിഷയങ്ങളിൽ ആണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉള്ളത്;

(ബി) ഓരോ വിഷയത്തിലും റിപ്പോർട്ട് ചെയ്യപ്പെട്ട നിയമനമാകാത്ത എത്ര ഒഴിവുകൾ നിലവിൽ ഉണ്ട്;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത വിഷയങ്ങളിൽ പുതിയ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കാൻ സർക്കാർ ഇടപെടുമോ; എപ്പോൾ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഓരോ വിഷയത്തിലും റിപ്പോർട്ട് ചെയ്യപ്പെട്ടതിനുശേഷം നിയമനമാകാത്ത ഒഴിവുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിഷയം | ജൂനിയർ | സീനിയർ |
|---|---|---|---|
| 1 | മലയാളം | 2 | 15 |
| 2 | സംസ്കൃതം | 3 | ... |
| 3 | ഹിന്ദി | 14 | 7 |
| 4 | അറബിക് | 30 | ... |
| 5 | ഉറുദു | 4 | ... |
| 6 | ഇംഗ്ലീഷ് | 26 | 56 |
| 7 | ഹിസ്റ്ററി | 14 | 13 |
| 8 | പൊളിറ്റിക്സ് | 20 | Nil |
| 9 | കോമേഴ്സ് | 10 | Nil |
| 10 | ജോഗ്രഫി | 2 | 8 |
| 11 | കമ്പ്യൂട്ടർ സയൻസ് | 4 | 2 |
| 12 | സുവോളജി | 1 | ... |
| 13 | ബോട്ടണി | 3 | 3 |
| 14 | സോഷ്യോളജി | 3 | 2 |
| 15 | കെമിസ്ട്രി | 16 | 13 |
| 16 | ഗണിതം | 41 | 28 |
| 17 | ഇക്കണോമിക്സ് | 9 | 5 |
| 18 | സ്റ്റാസിസ്റ്റിക്സ് | 2 | 3 |

(സി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി.-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

41(2885) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.-യെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന വേക്കൻസികൾ കാലതാമസം ഇല്ലാതെ പി.എസ്.സി.-യെ അറിയിക്കുന്നതിനും പുതുതായി നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തതനുസരിച്ച് പരീക്ഷകൾ നടത്തി പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ ചിലതിൽനിന്ന് ഒരു നിയമനം പോലും നടത്താത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൃശ്ശൂർ ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ പി.എസ്.സി. നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 120 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ VARAM (Vaccancy Arising Reporting and Monitoring system) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28-2-2017-ന് മുമ്പ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

(സി) ഉണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ നൽകുന്നതിലേയ്ക്കായി ഒഴിവുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**മലയാളഭാഷയെ സംരക്ഷിക്കുന്നതിന് നടപടികൾ**

42 (2886) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഭരണഭാഷ മലയാളമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ;

(സി) കോടതി വ്യവഹാരങ്ങൾക്കുള്ള ഭാഷയായി മലയാളം ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്ക തടസ്സങ്ങളാണുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രേഷ്ഠഭാഷാ പദവി ലഭിച്ച 'മലയാള ഭാഷ'യുടെ ആദരാർത്ഥം മലയാളം സർവ്വകലാശാലയെ മലയാളത്തിന്റെ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുക, കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയിൽ മലയാളത്തിന് ക്ലാസ്സിക്കൽ ചെയർ ആരംഭിക്കുക, കേരളത്തിന്റെ 60-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 'ആഗോള മലയാള സമ്മേളനം' സംഘടിപ്പിക്കുക, ഗവേഷണം, പ്രസിദ്ധീകരണം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് 'ഒറ്റത്തവണ' ധനസഹായം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) കേരളത്തിന് ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടി ആരംഭിച്ചത് 1957-ലാണ്. 1969-ൽ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നടപ്പിലാക്കുകയും ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല സമിതിയും, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല സമിതിയും, വകുപ്പ് സെക്രട്ടറിമാരുടെ അദ്ധ്യക്ഷതയിൽ വകുപ്പുതല സമിതിയും,ജില്ലാ കളക്ടറുകളുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ഏകോപന സമിതിയും രൂപവൽക്കരിച്ചിട്ടുണ്ട്. കോഡുകളും മാന്വലുകളും, ഫാറങ്ങളും പരിഭാഷപ്പെടുത്തുന്നതിനായി ഓരോ വകുപ്പുകളിലും പരിഭാഷാ സെല്ലുകൾ രൂപീകരിക്കണമെന്നും, ഉദ്യോഗസ്ഥർക്ക് ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം എന്നിവ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ളതും ഇനി രൂപീകരിക്കുന്നതുമായ എല്ലാ വകുപ്പുകളിലും

സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴുംകന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് 13-1-2015-ാം തീയതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കുറിപ്പു ഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ.

i. (എ) കേന്ദ്ര സർക്കാർ (ബി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ (സി) ഹൈക്കോടതി, സുപ്രീം കോടതി (ഡി) അന്യ സംസ്ഥാനങ്ങൾ (ഇ) അന്യരാജ്യങ്ങൾ (എഫ്) സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാ ന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ.

ii. ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ മാത്രം ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2017 മേയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടും മേൽപ്പറഞ്ഞ വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും 26-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 6/2017/ഉഭപവ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**കേരളാ പോലീസിലെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റുകൾ**

43(2887) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-6-2016-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച കേരളാ പോലീസിലെ കെ.എ.പി-1, കെ.എ.പി-5, കെ.എ.പി-4, എസ്.എ.പി. റാങ്ക് ലിസ്റ്റിൽനിന്നും കുറച്ച് പേർക്ക് ആണ് നിയമനം ലഭിച്ചിട്ടുള്ളത് എന്നതിനാൽ ഒരു വർഷം വരെ മാത്രം കാലാവധിയുള്ള ഈ ലിസ്റ്റിന്റെ കാലാവധി നീട്ടിനല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേരളാ പോലീസിൽ 6621 ഒഴിവുകൾ ഉള്ളതായി ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതു നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ എത്ര പേരെ പോലീസിൽ നിയമിക്കാൻ കഴിയും;

(ഡി) 2016-ൽ പി. എസ്.സി. പ്രസിദ്ധീകരിച്ച കെ.എ.പി. II (തൃശ്ശൂർ) ആംഡ് പോലീസ് റാങ്ക് ലിസ്റ്റിൻെറ കാലാവധി ജൂൺ 2017-ൽ അവസാനിക്കുമെന്നതിനാൽ ഈ ലിസ്റ്റ് നീട്ടി നൽകാൻ സാധിക്കുമോ?

ഉത്തരം

(എ) 21-6-2016-ന് പ്രസിദ്ധീകരിച്ച പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം ഒരു വർഷമോ ടി പട്ടികയിൽനിന്നും നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം ആരംഭിച്ച് ഒരു മാസം വരെയോ ഏതാണ് അവസാനം വരുന്നത് അതുവരെ ആയിരിക്കും. ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നത് തൽക്കാലം പരിഗണനയിലില്ല.

(ബി) കേരളാ പോലീസിലുണ്ടായ ഒഴിവുകൾ മുഴുവനും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഒഴിവ് വരുന്ന തസ്തികകളിൽ പുതിയ നിയമനം നടത്തുവാൻ കഴിയും. എന്നാൽ ഇക്കാര്യത്തിൽ കൃത്യമായ കണക്കെടുപ്പ് പ്രായോഗികമല്ല.

(ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഹയർ സെക്കന്ററി അദ്ധ്യാപക വിഭാഗത്തിലെ നിയമനങ്ങൾ**

44 (2888) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഹയർ സെക്കന്ററി അധ്യാപക തസ്തികയിലേയ്ക്ക് ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ് വിഷയങ്ങളിൽ ജൂനിയർ, സീനിയർ റാങ്ക് ലിസ്റ്റുകളിൽനിന്നും നടന്ന നിയമനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നിയമനത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിലേയ്ക്ക് ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ് വിഷയങ്ങളിൽ ജൂനിയർ, സീനിയർ റാങ്ക് ലിസ്റ്റുകളിൽനിന്നും നടന്ന നിയമനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | നിയമനങ്ങൾ |
|---|---|
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) കെമിസ്ട്രി | 28 |
| എച്ച്.എസ്.എസ്.ടി. കെമിസ്ട്രി | 2 (സ്പെഷ്യൽ റിക്രൂട്ട്മെന്റ് - എസ്.റ്റി. മാത്രം) |
| എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഹിസ്റ്ററി | 2 |
| എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി | 4 |
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) പൊളിറ്റിക്കൽ സയൻസ് | 6 |
| എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ് | 8 |
| എച്ച്.എസ്.എസ്.ടി. സോഷ്യൽ വർക്ക് | 1 |
| എച്ച്.എസ്.എസ്.ടി. (ജൂനിയർ) ജോഗ്രഫി | 2 |
| എച്ച്.എസ്.എസ്.ടി. ജോഗ്രഫി | 5 |

(ബി) ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ് വിഷയങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നിയമനത്തിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തസ്തിക | നിയമനങ്ങൾ |
|---|---|
| എച്ച്.എസ്.എസ്.ടി. കെമിസ്ട്രി | 2 (സ്പെഷ്യൽ റിക്രൂട്ട്മെന്റ്- പട്ടികജാതി മാത്രം) |
| എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ് | 6 (പട്ടികജാതി/പട്ടികവർഗ്ഗം)<br>2 (പട്ടിക വർഗ്ഗം മാത്രം) |
| എച്ച്.എസ്.എസ്.ടി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് | 5-(പട്ടികജാതി/പട്ടികവർഗ്ഗം)<br>1-(പട്ടികവർഗ്ഗം മാത്രം) |
| എച്ച്.എസ്.എസ്.ടി. ജോഗ്രഫി | 3 |

(സി) ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ് വിഷയങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) കെമിസ്ട്രി | 16-(എൻ.സി.എ.-5, പട്ടികജാതി/പട്ടികവർഗ്ഗം-7, എൻ.ജെ.ഡി.-2, പി.എച്ച്-2) |
| എച്ച്.എസ്.എസ്.ടി. കെമിസ്ട്രി | 13-(പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാത്രമുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്) |
| എച്ച്.എസ്.എസ്.ടി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് | 4- (പട്ടികജാതി/പട്ടികവർഗ്ഗം മാത്രം)<br>1- (പട്ടികവർഗ്ഗം മാത്രം) |
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) ഹിസ്റ്ററി | 5- (ജനറൽ)<br>9- (പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗം മാത്രം) |
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) ജോഗ്രഫി | 1 |
| എച്ച.എസ്.എസ്.ടി.ജോഗ്രഫി | 6 |

**ഹയർ സെക്കന്ററി കൊമേഴ്സ് (ജൂനിയർ ആന്റ് സീനിയർ) നോൺ വൊക്കേഷണൽ ടീച്ചർ റാങ്ക് ലിസ്റ്റ് കാലാവധി**

45 (2889) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി കോമേഴ്സ് (ജൂനിയർ ആൻഡ് സീനിയർ) നോൺ വൊക്കേഷണൽ ടീച്ചർ റാങ്ക് ലിസ്റ്റ് കാലാവധി എന്ന് തീരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ ഉദ്യോഗാർത്ഥികൾ നൽകിയ നിവേദനം പരിഗണിച്ചിട്ടുണ്ടോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും എത്ര വേക്കൻസി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## എച്ച്.എസ്.എസ്.എ. സാമൂഹ്യശാസ്ത്രം പി.എസ്.സി.റാങ്ക് ലിസ്റ്റ്

46 (T* 2890) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം വിഷയത്തിൽ വിവിധ ജില്ലകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ഏത് തീയതിക്കാണ് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചത്;

(ബി) സാമൂഹ്യശാസ്ത്രം വിഷയത്തിൽ വിവിധ ജില്ലകളിൽ അധ്യാപക ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര എണ്ണം വീതമെന്ന് വിശദമാക്കാമോ;

(സി) ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം അധ്യാപക നിയമനത്തിനായി 2016 ഒക്ടോബർ 1-ന് ജില്ലകളിൽ പി.എസ്.സി. പരീക്ഷ നടന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ തുടർനടപടികൾ ഏതുവരെയായെന്ന് അറിവുണ്ടോ; റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) (മലയാളം മാധ്യമം) തസ്തികയ്ക്ക് ഒരു ജില്ലയിലും റാങ്ക് ലിസ്റ്റ് നിലവിലില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച തീയതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 28-4-2015 |
| 2. | കൊല്ലം | - | 17-11-2014 |
| 3. | പത്തനംതിട്ട | - | 2-12-2014 |
| 4. | ആലപ്പുഴ | - | 24-7-2015 |
| 5. | കോട്ടയം | - | 10-9-2014 |
| 6. | ഇടുക്കി | - | 16-3-2015 |
| 7. | എറണാകുളം | - | 12-1-2015 |
| 8. | തൃശ്ശൂർ | - | 12-9-2015 |
| 9. | പാലക്കാട് | - | 20-8-2015 |

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| | | | |
|---|---|---|---|
| 10. | മലപ്പുറം | - | 25-4-2015 |
| 11. | കോഴിക്കോട് | - | 21-5-2015 |
| 12. | വയനാട് | - | 2-3-2015 |
| 13. | കണ്ണൂർ | - | 7-3-2015 |
| 14. | കാസർഗോഡ് | - | 6-10-2014 |

(ബി) ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) (മലയാളം മാധ്യമം) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 10 |
| കൊല്ലം | - | 20 |
| പത്തനംതിട്ട | - | 4 |
| ആലപ്പുഴ | - | 9 |
| കോട്ടയം | - | ഇല്ല. |
| ഇടുക്കി | - | 8 |
| എറണാകുളം | - | 5 |
| തൃശ്ശൂർ | - | 5 |
| പാലക്കാട് | - | ഇല്ല |
| മലപ്പുറം | - | 10 |
| കോഴിക്കോട് | - | 9 |
| വയനാട് | - | ഇല്ല. |
| കണ്ണൂർ | - | 9 |
| കാസർഗോഡ് | - | 10 |

കോട്ടയം ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ പ്രൊമോഷൻ, അന്തർജില്ലാ സ്ഥലം മാറ്റം എന്നിവയ്ക്കായി മാറ്റിവച്ചിരിക്കുന്നു. വയനാട് ജില്ലയിൽ കേഡർ സ്ട്രെങ്ത് അനുപാതം കൂടുതലായതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) നടന്നിട്ടുണ്ട്.

(ഡി) ചുരുക്കപട്ടിക പ്രസിദ്ധീകരിച്ച് അഭിമുഖംകൂടി പൂർത്തിയാക്കി അടുത്ത അദ്ധ്യയന വർഷത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയെന്ന ലക്ഷ്യത്തോടെ പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചുവരുന്നു.

## പോലീസ് കോൺസ്റ്റബിൾ നിയമനം

47 (2891) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ പുരുഷ-വനിത റാങ്ക് ലിസ്റ്റുകളിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ച് പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) 2016 ജനുവരി മുതൽ നാളിതുവരെ പുരുഷ-വനിതാ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ബറ്റാലിയൻ | നിയമന ശിപാർശ | |
|---|---|---|
| | സിവിൽ പോലീസ് ഓഫീസർ | വനിതാ സിവിൽ പോലീസ് ഓഫീസർ |
| SAP | 482 | 13 |
| KAP I | 217 | 43 |
| KAP II | 595 | 59 |
| KAP III | 383 | 86 |
| KAP IV | 376 | 64 |
| KAP V | 250 | 42 |
| MSP | 198 | 66 |
| Total | 2501 | 373 |

(ബി) ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തി പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ നിർത്തിവയ്ക്കാനുള്ള പി.എസ്.സി. തീരുമാനം

48 (2892) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ നിർത്തിവയ്ക്കുവാൻ പി.എസ്.സി. തീരുമാനം എടുത്തിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി കെ.ടെറ്റ് എന്ന ടെസ്റ്റ് കൂടി ഉൾപ്പെടുത്തി കേരള വിദ്യാഭ്യാസ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ ഉടനടി ആരംഭിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് കൂടി നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് നിലവിൽ വരികയുണ്ടായി. (30-8-2016-ലെ ജി.ഒ.(പി) നമ്പർ 145/16/പൊവി.വ തീയതി 30-8-2016). എൽ.പി.എസ്.എ., യു.പി.എസ്.എ.. തസ്തികകളുടെ തെരഞ്ഞെടുപ്പിനായി 10-9-2014-ൽ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണിച്ച് ഏതാനും ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ ടി തസ്തികകളുടെ തെരഞ്ഞെടുപ്പ് നടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിനെതിരെ പി.എസ്.സി. ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ആയത് കോടതിയുടെ പരിഗണനയിലാണ്.

30-8-2016-നു മുമ്പ് വിജ്ഞാപനം ചെയ്ത് റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച തസ്തികകളുടെ നിയമന ശിപാർശ നടപടി താൽക്കാലികമായി നിർത്തിവയ്ക്കാൻ ബഹുമാനപ്പെട്ട കമ്മീഷൻ 20-3-2017-ൽ തീരുമാനിച്ചിരുന്നു. എന്നാൽ ടി വിഷയത്തിന്റെ വിവിധ വശങ്ങൾ വീണ്ടും പരിശോധിച്ച് കമ്മീഷൻ 30-8-2016-ന് മുമ്പ് വിജ്ഞാപനം ചെയ്തതും ഇപ്പോൾ നിയമന ശിപാർശ ചെയ്യുമ്പോൾ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച OP(KAT) 179/2016 നമ്പർ ഹർജിയിലെ അന്തിമ വിധിക്കും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും വിധേയമായാണ് നിയമന ശിപാർശ എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി നിയമന ശിപാർശ പുനരാരംഭിക്കാൻ 27-3-2017-ൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം-2009-ലെ 2(n) പ്രകാരം TET

(ടെറ്റ്) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ സ്കൂൾ അദ്ധ്യാപകരായി നിയമിക്കാനാകുകയുള്ളൂ. തദനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളിൽ കെ-ടെറ്റ് നിർബന്ധിത യോഗ്യതയായി. 2012-13 അദ്ധ്യയനവർഷം മുതൽ നിയമിതരായവർക്ക് 2018-നുള്ളിൽ ടി യോഗ്യത കരസ്ഥമാക്കിയിരിക്കണമെന്ന വ്യവസ്ഥയോടെ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

30-8-2016-ലെ സ.ഉ.(പി) നമ്പർ 145/2016-പൊ.വി.വ പ്രകാരം സർക്കാർ സ്കൂളിലെ അദ്ധ്യാപക തസ്തികകൾക്ക് കെ-ടെറ്റ് നിർബന്ധിത യോഗ്യതയാക്കിയിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ നയത്തിന് സംസ്ഥാന നിയമങ്ങളെക്കാൾ പ്രാമുഖ്യമുള്ളതിനാൽ കെ.ഇ.ആർ.ഭേദഗതി ചെയ്തില്ലെങ്കിലും ഇക്കാര്യത്തിന് നിയമ സാധുതയുണ്ട്. എങ്കിലും ഇക്കാര്യത്തിൽ, ആവശ്യമെങ്കിൽ കെ.ഇ.ആർ. അദ്ധ്യായം 31-ൽ ഭേദഗതി വരുത്തുന്നതാണ്. സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ വിഷയത്തിൽ, പി.എസ്.സി.-യുടെ തീരുമാനത്തിനനുസൃതമായി വ്യക്തമായ തുടർനടപടികളും സ്വീകരിക്കുന്നതാണ്.

## ലക്ചറർ ഇൻ കൊമേഴ്സ് തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം

49 (2893) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ കോമേഴ്സ് തസ്തികയുടെ (കാറ്റഗറി നമ്പർ 592/2012)റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) അഭിമുഖ പരീക്ഷ കഴിഞ്ഞതിനുശേഷവും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ എന്ത് സാങ്കേതിക തടസ്സമാണ് നിലനിൽക്കുന്നത് എന്ന് അറിയിക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കും എന്ന് അറിയിക്കാമോ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ കൊമേഴ്സ് തസ്തികയുടെ (കാറ്റഗറി നമ്പർ 592/2012) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത് സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA2609/2016 മേൽ 20-12-2016-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന് 30-3-2017 വരെ പ്രാബല്യം നൽകിയിരിക്കുകയാണ്. പ്രസ്തുത തീയതിക്കുശേഷം നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്. ആകെ 46 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനതല നിയമനമാണ് നടത്തുന്നത് ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

## ലാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റ്

50(2894) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 567/13 പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ് (ഓഫീസ് അറ്റൻഡന്റ്) തസ്തികയിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറത്തിറക്കിയത് എന്നാണ്;

(ബി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി ; എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചു; ഇത് മെയിൻ ലിസ്റ്റിന്റെ എത്ര ശതമാനം വരും; വ്യക്തമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റിൽനിന്നും ആദ്യനിയമനം ഓരോ ജില്ലയിലും നൽകിയിട്ടുള്ളത് എന്നാണ് എന്ന് വ്യക്തമാക്കാമോ; നിയമനം ഇത്രയും വൈകാനിടയാക്കിയ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ എൽ.ജി.എസ്. ലിസ്റ്റിൽനിന്നും എത്രപേർക്ക് ആകെ നിയമനം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) മൂന്ന് വർഷ കാലാവധിയുള്ള റാങ്ക് ലിസ്റ്റ് നിലവിലിരിക്കുകയും റാങ്ക് ലിസ്റ്റിൽ നിന്ന് കേവലം ഇരുപത് ശതമാനത്തിൽ താഴെ മാത്രം നിയമനം നടക്കുകയും കാലാവധി ഇനിയും ഒന്നേകാൽ വർഷത്തോളം ബാക്കി നിൽക്കുകയും ചെയ്യുമ്പോൾ എൽ.ജി.എസ്.-നായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി. തയ്യാറെടുക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ്; എൽ.ജി.എസ്.-ന്റെ യോഗ്യതാ മാനദണ്ഡത്തിന് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ജി) ഇനിയൊരു പരീക്ഷ എഴുതാൻ പ്രായപരിധി അനുവദിക്കുകയോ യോഗ്യതാമാനദണ്ഡം അനുവദിക്കുകയോ ചെയ്യാത്ത തൊണ്ണൂറ് ശതമാനം പേർ ഉൾപ്പെടുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ആളുകൾക്ക് നിയമനം നൽകാനും റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ മാത്രം പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 31-12-2013-ൽ.

(ബി) 30-6-2015-ൽ.

(സി-ഇ) മുൻ റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകേണ്ട ഒഴിവുകൾ ഉള്ളതിനാൽ അതിൽനിന്നും നിയമന ശിപാർശ നൽകുന്നതിനും പുതിയ ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനുള്ള ക്ലിയറൻസ് ലഭ്യമാക്കുന്നതിനും മറ്റുമായി എടുത്ത സ്വാഭാവികമായ കാലതാമസമാണ് നിയമനം വൈകുവാൻ ഇടയാക്കിയത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നടന്ന നിയമനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(എഫ്) വിവിധ വകുപ്പുകളിലെ എൽ.ജി.എസ്. തസ്തികയുടെ നിയമനത്തിനായി 30-6-2015-ൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക നിലവിൽ വരുവാൻ വേണ്ടിയുള്ള പ്രാരംഭ നടപടിയായി വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1-7-2011-ലെ ജി.ഒ.(എംഎസ്.) 21/11/ ഉ.ഭ.പ.വ. ഉത്തരവുപ്രകാരം സർക്കാരിലെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനുള്ള യോഗ്യത ഏഴാം ക്ലാസ് പാസ്സായിരിക്കേണ്ടതും എന്നാൽ ഡിഗ്രി യോഗ്യത കൈവരിക്കാൻ പാടില്ലെന്നുമായി പരിഷ്കരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 4-6-2016-ലെ ജി.ഒ.(പി)നമ്പർ 12/2016/പി & എ ആർ ഡി പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾ 8-ൽ ഭേദഗതി (നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങളെ ബാധിക്കാത്ത രീതിയിൽ വരുത്തിയിട്ടുണ്ട്.)

(ജി) 30-6-2015-ന് നിലവിൽ വന്ന പട്ടികയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ലിസ്റ്റ് നിലവിൽ വരികയെന്ന ലക്ഷ്യത്തോടെയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ സിവിൽ പോലീസ് ഓഫീസറുടെ റാങ്ക് ലിസ്റ്റ്

51 (2895) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സിവിൽ പോലീസ് ഓഫീസറുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഈ ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിലുള്ള മുഴുവൻപേരേയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) റാങ്ക് പട്ടിക നിലവിൽ വന്നത് 21-6-2016-ന് ആണ്. 10 മാസം പൂർത്തിയായിട്ടുണ്ട്.

(ബി) 217 പേർക്ക് നിയമന ശിപാർശ നൽകി. വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം ലിസ്റ്റിന്റെ കാലാവധി നിലവിൽ വന്ന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ ലിസ്റ്റിൽനിന്നും അവസാനമായി നിയമന ശിപാർശ നൽകപ്പെട്ടവരുടെ പരിശീലനം ആരംഭിച്ച് ഒരു മാസം വരെ ഏതാണോ അവസാനം വരുന്നത് അതുവരെ ആയിരിക്കും.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തി പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഫയലുകളും ഉത്തരവുകളും മലയാളത്തിൽ ആക്കണമെന്ന ഉത്തരവ്

52 (2896) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഫയലുകൾ മലയാളത്തിൽ ആയിരിക്കണമെന്നും സർക്കാർ ഉത്തരവുകളും മറ്റും മലയാളത്തിൽ പുറപ്പെടുവിക്കണമെന്നതും സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എല്ലാ ഫയലുകളും ഉത്തരവുകളും കത്തിടപാടുകളും മലയാളത്തിൽത്തന്നെ ആയിരിക്കണമെന്ന ഉത്തരവ് കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ളതും, ഇനി രൂപീകരിക്കുന്നതുമായ എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും/കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് 13-1-2015-ാം തീയതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ.

i. (എ) കേന്ദ്ര സർക്കാർ (ബി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ (സി) ഹൈക്കോടതി, സുപ്രീം കോടതി (ഡി) അന്യ സംസ്ഥാനങ്ങൾ (ഇ) അന്യരാജ്യങ്ങൾ (എഫ്) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാ ന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ.

ii. ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ.

എന്നീ സാഹചര്യങ്ങളിൽ മാത്രം ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്ന് 13-1-2015-ാം തീയതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മേയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കി കൊണ്ടും മേൽപ്പറഞ്ഞ വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും 26-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 6/2017/ഉ.ഭ.പ.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*)

(ബി) സ്വീകരിച്ചിട്ടുണ്ട്.

**ബെവ്കോയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

53 (2897) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബെവ്കോയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയുടെ ചുരുക്കപട്ടിക പി.എസ്.സി. എന്നാണ് പ്രസിദ്ധീകരിച്ചത്;

(സി) അന്തിമപട്ടിക അടിയന്തരമായി പ്രസിദ്ധീകരിച്ച് നിലവിലുള്ള അസിസ്റ്റന്റ് ഗ്രേഡ് 2 ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 156.

(ബി) 30-9-2016.

(സി) അന്തിമപട്ടിക അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**ടൈപ്പിസ്റ്റ് തസ്തിക കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യു നടപടി**

54 (2898) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ശിപാർശ പ്രകാരം വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തിക കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം നടത്തി ഉത്തരവിറക്കിയിട്ടുണ്ടോ; ഏങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തസ്തിക പുനർനാമകരണം സംബന്ധിച്ച് വിവിധ വകുപ്പ് മേധാവികളുമായും സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തി ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് റാങ്കിലുള്ള തസ്തികയാക്കി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരവിറക്കിയിട്ടില്ല.

(ബി) ചർച്ച നടത്തിയിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയിൽ മലയാളം ഉൾപ്പെടുത്തൽ**

55 (2899) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയിൽ ഭരണഭാഷയായ മലയാളത്തിൽ നിന്നുള്ള ചോദ്യങ്ങൾ ഉൾക്കൊള്ളിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; എത്ര മാർക്കിന്റെ ചോദ്യങ്ങളാണ് ഉൾക്കൊള്ളിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഭാഷാ ന്യൂനപക്ഷങ്ങൾ കൂടുതലായുള്ള ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്കും ഈ തീരുമാനം ബാധകമാക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയിൽ 10 മാർക്കിന് മലയാളം/തമിഴ്/കന്നഡ ഭാഷാചോദ്യങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

**ലൈംഗികാതിക്രമത്തിന് ഇരയാകുന്ന ജീവനക്കാർക്ക് അവധി**

56 (2900) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി സ്ഥലങ്ങളിൽ ലൈംഗികാതിക്രമത്തിന് ഇരയാകുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 90 ദിവസം ശമ്പളത്തോടുകൂടിയുള്ള അവധി അനുവദിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആനുകൂല്യം സംസ്ഥാനജീവനക്കാർക്കും ബാധകമാക്കുമോ; എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 15-3-2017-യിലെ G.S.R.251 (E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ജോലി സ്ഥലങ്ങളിൽ ലൈംഗികാതിക്രമത്തിന് ഇരയാകുന്ന വനിതാ ജീവനക്കാർക്ക് കേന്ദ്ര സർക്കാർ 90 ദിവസം ശമ്പളത്തോടുകൂടിയുള്ള അവധി അനുവദിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

**മന്ത്രിമന്ദിരങ്ങൾ മോടി പിടിപ്പിക്കുന്നതിന് ചെലവഴിച്ച് തുക**

57 (2901) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റ പ്രവൃത്തികൾക്കുമായി ചെലവഴിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മന്ത്രിമന്ദിരത്തിനും എത്ര രൂപ വീതം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ മന്ത്രിമാരുടെ ഓഫീസിലും വസതിയിലുമുള്ള ടെലിഫോണുകൾക്ക് ചാർജ് ഇനത്തിൽ അടച്ച തുക എത്ര; വിശദാംശങ്ങൾ നൽകുമോ;

(ഡി) മന്ത്രിസഭ അധികാരമേറ്റശേഷം ഓരോ മന്ത്രിയും ചായസൽക്കാര ഇനത്തിൽ ചെലവഴിച്ച തുക എത്ര; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) അറ്റകുറ്റപ്പണിക്കുവേണ്ടി ആകെ 73,39,279 രൂപയും വീടുകൾ മോടി പിടിപ്പിക്കുന്നതിനായി ആകെ 3,35,399 രൂപയും ചെലവായിട്ടുണ്ട്.

(ബി) അറ്റകുറ്റപ്പണികളുടെ വിശദവിവരങ്ങൾ അനുബന്ധം 'എ' *ആയും മോടി പിടിപ്പിക്കലിന്റെ ഭാഗമായി ചെലവായ തുകയുടെ വിശദവിവരങ്ങൾ അനുബന്ധം 'ബി' *ആയും ചേർത്തിരിക്കുന്നു.

(സി) ടെലിഫോൺ ചാർജ് ഇനത്തിൽ അടച്ച് തുകയുടെ വിശദാംശങ്ങൾ അനുബന്ധം* 'സി' ആയി ചേർത്തിരിക്കുന്നു.

(ഡി) ചായസൽക്കാര ഇനത്തിൽ ചെലവഴിച്ച തുക അനുബന്ധം 'ഡി' *ആയി ചേർത്തിരിക്കുന്നു.

### ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

58 (2902) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പി.എസ്.സി.-യുടെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും ഏത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 33 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 24-7-2019-ന് അവസാനിക്കും.

### ഔദ്യോഗിക വെബ്സൈറ്റുകൾ ഏകീകൃത മാതൃകയിലാക്കുന്ന നടപടി

59 (2903) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഔദ്യോഗിക വെബ്സൈറ്റുകൾ പലതും ഫലപ്രദമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെബ്സൈറ്റുകൾ ഏകീകൃത മാതൃകയിലാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വിശദമാക്കുമോ;

(ഡി) സർക്കാർ വെബ്സൈറ്റുകൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകളുടെ നിയന്ത്രണ നിർവ്വഹണം നടത്തുന്നത് അതത് വകുപ്പുകൾ തന്നെയാണ്. ഇത്തരം വെബ്സൈറ്റുകൾക്ക് പൊതുവായ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാർ വെബ്സൈറ്റുകൾ ഫലപ്രദവും കാര്യക്ഷമമാക്കുന്നതിനായും, വകുപ്പുകളുടെ വിവിധതരം സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെയും രൂപീകരിക്കപ്പെട്ട എസ്.എസ്.ഡി.ജി. പദ്ധതി പ്രകാരം എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ കേരള സർക്കാർ ഔദ്യോഗിക വെബ്സൈറ്റിലൂടെയും ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതുവഴി വിവിധ വകുപ്പുകളുടെ വെബ്സൈറ്റ് അഡ്രസ്സുകളും അതുസംബന്ധിച്ച ലോഗിൻ വിവരങ്ങളും ഓർത്തുവയ്ക്കുന്നതിനു പകരം പൊതുജനങ്ങൾക്ക് ഒരൊറ്റ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് എല്ലാ സർക്കാർ സേവനങ്ങളും ഉപയോഗപ്പെടുത്താൻ സാധിക്കും.

**അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം**

60 (2904) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ടം ആർക്കാണ്; സർക്കാർ സേവനം കൂടുതൽ ജനസൗഹൃദമാക്കാൻ സ്ഥാപിക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങളിലൂടെ താത്കാലിക ജീവനക്കാരുടെ മോശമായ പെരുമാറ്റംമൂലം ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ കൂടുതൽ ജനസൗഹൃദമാക്കാൻ താത്കാലിക ജീവനക്കാർക്ക് പരിശീലനം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അക്ഷയ കേന്ദ്രങ്ങൾ ഓരോ സർട്ടിഫിക്കറ്റിനും 50 മുതൽ 100 രൂപ വരെ ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദരിദ്രരെ ദ്രോഹിക്കുന്ന അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്രസർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായുള്ള ജനസേവനകേന്ദ്രം സൗജന്യമായി സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നല്കുന്നതു പോലെ അക്ഷയകേന്ദ്രങ്ങൾ വഴിയും സർക്കാർ സേവനങ്ങൾ സൗജന്യമായി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) ജില്ലാ തലത്തിൽ അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടർക്കും സംസ്ഥാനതലത്തിൽ അക്ഷയ ഡയറക്ടർക്കുമാണ് അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ട ചുമതല. ചില അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ മോശമായി പെരുമാറുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം അക്ഷയ സംരംഭകർക്ക് നൽകിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് മുഖേന അന്വേഷണം നടത്തി ബന്ധപ്പെട്ട അക്ഷയ സംരംഭകനിൽനിന്നും വിശദീകരണം ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംരംഭകന് മെമ്മോ നൽകുക, താക്കീത് നൽകുക, പിഴ ഈടാക്കുക മുതൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ സംരംഭകത്വം റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ പരാതിയുടെ ഗൗരവമനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിൽ സർക്കാർ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുള്ള സേവനങ്ങൾ സൗജന്യമായും അല്ലാത്ത സേവനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയുമാണ് നൽകിവരുന്നത്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സർക്കാർ സേവങ്ങളെല്ലാം സൗജന്യമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം**

61 (2905) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച 'ഫ്രണ്ട്സ്'ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് 'ഫ്രണ്ട്സ് 'ജനസേവന കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ പുതിയ സോഫ്റ്റ്‌വെയർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിവിധ വകുപ്പുകളിലേയ്ക്ക് വിവരങ്ങൾ ഓൺലൈനായി കൈമാറാൻ സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുജനങ്ങളുടെ സൗകര്യാർത്ഥം കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ ഫ്രണ്ട്സ് കേന്ദ്രങ്ങൾ വഴി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിരന്തരം അവലോകനം ചെയ്യാറുണ്ട്.

(ബി) താഴെപ്പറയുന്ന വകുപ്പുകളുടെ സേവനങ്ങൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നുണ്ട്:

- കെ.എസ്.ഇ.ബി.
- വാട്ടർ അതോറിറ്റി
- കോർപ്പറേഷൻ
- യൂണിവേഴ്സിറ്റി
- റവന്യൂ
- സിവിൽ സപ്ലൈസ്
- ബി.എസ്.എൻ.എൽ.
- ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
- കൾച്ചറൽ വെൽഫെയർ ബോർഡ്
- മോട്ടോർ വാഹന വകുപ്പ്.

(സി) ഉണ്ട്. വിവിധ വകുപ്പുകളിലേയ്ക്കുള്ള പണമിടപാടുകൾ ഓൺലൈനായി നടത്താൻ സാധിക്കുന്നുണ്ട്.

(ഡി) നിലവിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റിട്രെഞ്ച്ഡ് എംപ്ലോയീസ് റീഹാബിലിറ്റേഷൻ ഫണ്ട്**

62 (2906) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിലെ സ്വകാര്യ ഐ.ടി. കമ്പനികൾ കാര്യക്ഷമതാക്കുറവിന്റെ പേരിൽ മധ്യവയസ്കരായ ജീവനക്കാരെ നിർബന്ധപൂർവ്വം പിരിഞ്ഞുപോകാൻ സമ്മർദ്ദം ചെലുത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം പിരിഞ്ഞുപോകുന്ന ജീവനക്കാരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്താൻ റിട്രഞ്ച്ഡ് എംപ്ലോയീസ് റീഹാബിലിറ്റേഷൻ ഫണ്ട് (Retrenched Employees Rehabilitation Fund) എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഐ.ടി. വകുപ്പ് മുൻകൈയെടുക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരഗണനയിലില്ല.

**സർക്കാർ സ്ഥാപനങ്ങളുടെ വിവര സാങ്കേതിക സംവിധാനം മെച്ചപ്പെടുത്താൻ നടപടി**

63 (2907) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തമായ സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റ് ഒഴികെയുള്ള മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളിൽ പര്യാപ്തമായ രീതിയിലുള്ള സംവിധാനമല്ല നൽകിയിരിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പൊതുജനങ്ങൾക്ക് സേവനം കാര്യക്ഷമമായി നൽകുന്നതിന് മറ്റ് വകുപ്പുകളുടെകൂടി സാങ്കേതിക സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) സർക്കാർ സ്ഥാപനങ്ങളിലെ വിവരസാങ്കേതിക സംവിധാനങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അതാത് വകുപ്പുകൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ഇൻററനെറ്റ് സേവനം കുറഞ്ഞ ചെലവിൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിനുള്ള കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതി ഈ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ കമ്പ്യൂട്ടർ, മൊബൈൽ എന്നിവ മുഖാന്തിരം സാധാരണക്കാർക്ക് കടമ്പകളില്ലാതെ ലഭ്യമാക്കാൻ ഇതുവഴി സാധിക്കും. സർക്കാർ വകുപ്പുകളുടെ വിവിധ തരം സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ രൂപീകരിക്കപ്പെട്ട എസ്.എസ്.ഡി.ജി. (സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ) പദ്ധതി പ്രകാരം എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ കേരള സർക്കാർ ഔദ്യോഗിക വെബ്സൈറ്റിലൂടെയും ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകളുടെ വെബ്സൈറ്റ് അഡ്രസ്സുകളും അനുസംബന്ധിച്ച ലോഗിൻ വിവരങ്ങളും ഓർത്തുവയ്ക്കുന്നതിനും പകരം പൊതുജനങ്ങൾക്ക് ഒരൊറ്റ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് എല്ലാ സർക്കാർ സേവനങ്ങളും ഉപയോഗപ്പെടുത്താൻ സാധിക്കും. എസ്.എസ്.ഡി.ജി. ലോഗിൻ വിവരങ്ങൾ തന്നെ ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലും ഉപയോഗിക്കാൻ സാധിക്കും.

## സി.എം.ഡി.ആർ.എഫ്. അപേക്ഷകളുടെ വിവരം ഓൺലൈനായി അറിയിക്കുന്നതിന് നടപടി

64 (2908) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിനായി എം.എൽ.എ.- മാരുടെ ശിപാർശയോടുകൂടി ലഭിക്കുന്ന അപേക്ഷകളുടെ നിലവിലെ സ്ഥിതി ഓൺലൈനായോ, ഇ-മെയിലായോ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

എം.എൽ.എ.-മാർ മുഖേന ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നേരിട്ട് പരിശോധിക്കുന്നതിനുതകുംവിധമുള്ള സംവിധാനം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏർപ്പെടുത്തുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു.

## ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

65 (2909) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(ഡി) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കണ്ടക്കടവ് 56-ാം നമ്പർ അംഗനവാടിയിൽ വർക്കറായി ജോലി ചെയ്തിരുന്നതും ബോട്ടപകടത്തിൽ മരണമടഞ്ഞതുമായ ആപത്ത്ശേരി വീട്ടിൽ സിന്ധു കുഞ്ഞുമോൻെറ ആശ്രിതർക്ക് ജോലി ലഭിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഫയലിൽ (1006607/എ/2017/എസ്.ജെ.) അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് (11 കുടുംബങ്ങൾക്ക്) 5 ലക്ഷം രൂപ വീതവും, ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞ 10 പേർക്ക് ഒരു ലക്ഷം രൂപ വീതവും ആകെ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 65,00,000 (അറുപത്തഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്ന് നൽകിയിട്ടുള്ളതാണ്. കൂടാതെ പരിക്കേറ്റവർക്ക് വിവിധ ആശുപത്രികളിൽ സൗജന്യ ചികിത്സയും നൽകിയിട്ടുള്ളതാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ പരിശോധിച്ചുവരികയാണ്.

## മണലൂർ മണ്ഡലത്തിൽനിന്നുള്ള സി.എം.ഡി.ആർ.എഫ്. അപേക്ഷകൾ

66 (2910) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായുള്ള അപേക്ഷകളിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 22-3-2017-ലെ ഡി 170308542/ സി.എം.ഒ.,23-3-2017-ലെ ഡി 170307729/സി.എം.ഒ.എന്നീ നമ്പരുകൾ പ്രകാരം റവന്യൂ സ്പെഷ്യൽ സെക്രട്ടറിക്ക് നൽകിയ നിർദ്ദേശത്തിന്മേൽ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ഡി 170308542 പ്രകാരം ലഭിച്ച ശ്രീമതി റോസക്കുട്ടി കെ. സി., ചിറയത്ത് ഹൗസ്, തൃശ്ശൂർ എന്നവരുടെ അപേക്ഷ പരിഗണിച്ച് ടിയാളുടെ സ്വന്തം ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,000 രൂപ ധനസഹായം അനുവദിച്ച് 7-4-2017-ലെ ജി.ഒ.(ആർറ്റി.) നമ്പർ 1663/17/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഡി 170307729 പ്രകാരം ലഭിച്ച ശ്രീമതി ആമിന, പണിക്ക വീട്ടിൽ ഹൗസ്, തൃത്തല്ലൂർ പി.ഒ., തൃശ്ശൂർ എന്നവരുടെ അപേക്ഷ പരിഗണിച്ച് ടിയാളുടെ സ്വന്തം ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,000 രൂപ ധനസഹായം അനുവദിച്ച് 7-4-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1652/17/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അപകടമരണം സംഭവിച്ച ജെസീമിന്റെ കുടുംബത്തിന് നഷ്ടപരിഹാരം**

67(2911) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തിൽ പടുപ്പിണൽ വീട്ടിൽ താമസിക്കുന്ന ശ്രീ. മൊയ്തീൻ കുട്ടിയുടെ മകനായ ജെസീം ട്രെയിൻ അപകടത്തിൽ മരണപ്പെട്ട് പോയതിന്റെ ഭാഗമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അപകടത്തിൽപ്പെട്ടതിനുശേഷം മരണസമയം വരെ സ്വകാര്യ ആശുപത്രികളിലും മറ്റും ചെലവഴിച്ച ചികിത്സാ ചെലവ് മുഴുവൻ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഡോക്കറ്റ് നമ്പർ D 170313801 പ്രകാരം ടിയാളുടെ അപേക്ഷ 6-5-2017-ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹമായ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വസ നിധിയിൽനിന്ന് അനുവദിക്കുന്നതാണ്.

(ബി) സർക്കാർ ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്

68(2912) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസാന്ത്വനം എന്ന പദ്ധതി പ്രകാരം കളക്ട്രേറ്റുകളിലും താലൂക്ക്/ വില്ലേജ് ഓഫീസുകളിലുമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനു മുൻപ് തന്നെ അപേക്ഷകൾ സ്വീകരിക്കുവാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ഏത് രീതിയിൽ പരിഹിക്കാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) ജനസാന്ത്വനം എന്ന പദ്ധതി പ്രകാരം കളക്ടറേറ്റുകളിലും താലൂക്ക്/ വില്ലേജ് ഓഫീസുകളിലുമായി 3,06,456 (മൂന്ന് ലക്ഷത്തി ആറായിരത്തി നാനൂറ്റി അൻപത്തിയാറ്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 3-10-2016-ലെ സ.ഉ.(സാധാ)നമ്പർ 165/2016/ധന. ഉത്തരവുപ്രകാരം ജനസാന്ത്വനം എന്ന പദ്ധതി രൂപീകരിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. 4-1-2017-ലെ സ.ഉ.(സാധാ)നമ്പർ 1/2017/ധന ഉത്തരവ് പ്രകാരം ജനസാന്ത്വനം എന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ വെളിച്ചത്തിൽ പത്രങ്ങളിൽ വാർത്ത വന്നത് കണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(സി) ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ പുനഃക്രമീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

## ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തിനായി കോഴിക്കോട് ജില്ലയിൽനിന്ന് ലഭിച്ച അപേക്ഷകൾ

69 (2913) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി കോഴിക്കോട് ജില്ലയിൽ നിന്ന് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്;

(സി) കോഴിക്കോട് ജില്ലാ കളക്ടറിൽനിന്നും ഇനി എത്ര അപേക്ഷകളിന്മേൽ റിപ്പോർട്ട് ലഭിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 3944 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 3509 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) 153 അപേക്ഷകളിന്മേൽ റിപ്പോർട്ട് സമർപ്പിക്കാനുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തബാധിതർക്ക് ധനസഹായം

70 (2914) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിൽ മരിച്ചവർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായമാണ് അനുവദിച്ചിട്ടുള്ളത്; സർക്കാർ പ്രഖ്യാപിച്ച ഏതെങ്കിലും ധനസഹായം വിതരണം നടത്താത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ ദുരന്തത്തിന് ഇരയായവർക്ക് നൽകുന്നതിനായി ഏതെങ്കിലും വ്യക്തികളോ സംഘടനകളോ കമ്പനികളോ സർക്കാരിന് എന്തെങ്കിലും തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര തുക സർക്കാരിന് ലഭിക്കുകയുണ്ടായി;

(സി) ഇത്തരത്തിൽ ലഭിച്ച തുക ദുരന്തത്തിനിരയായവർക്ക് മാത്രമായാണോ വിതരണം ചെയ്തത്; ഈ തുക മറ്റേതെങ്കിലും തരത്തിൽ വകമാറ്റിയിട്ടുണ്ടോ; എങ്കിൽ മറ്റേതെല്ലാം ആവശ്യങ്ങൾക്കായാണ് തുക വകമാറ്റിയത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും വീതം 26-10-2016-ലെ സ.ഉ.(സാധാ)നമ്പർ 4497/2016/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ 20-4-2016-ലെ സ.ഉ.(കൈ)നമ്പർ 304/2016/റവ നമ്പർ ഉത്തരവുപ്രകാരം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റ ഓരോരുത്തർക്കും 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കുള്ളവർക്ക് 50,000 രൂപ വീതവും അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. 16-4-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 303/16/ഡി.എം.ഡി. ഉത്തരവ് പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും തിരുവനന്തപുരം, കൊല്ലം ജില്ലാകളക്ടർമാർക്ക് 3 കോടി 90 ലക്ഷം രൂപയും. 25-6-2016-ലെ സ.ഉ.(സാധാ)നമ്പർ 2651/16/ഡി.എം.ഡി. പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കണ്ണൂർ ജില്ലാകളക്ടർമാർക്ക് 1 കോടി 96 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അവകാശിയില്ലാത്തതിനാലും അവകാശ തർക്കം നിലനിൽക്കുന്ന കേസുകളിലും തുക വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്. പുറ്റിങ്ങൽ ദുരിതാശ്വാസത്തിനായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനയായി 2,58,78,123 രൂപ (രണ്ട് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) പുറ്റിങ്ങലിലെ വെടിക്കെട്ട് ദുരന്തത്തിന് ഇരയായവർക്ക് സഹായം നൽകുന്നതിനായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) സംഭാവനയിനത്തിൽ ലഭ്യമായ തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ STSB-799011400000012 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സംഭാവനയിനത്തിൽ ലഭിച്ച തുക വിനിയോഗിക്കേണ്ടി വന്നിട്ടില്ല.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം**

71 (2915) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വകുപ്പിൽ നിന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കടം എഴുതിത്തള്ളുന്നതിന് എത്ര രൂപയാണ് വേണ്ടിവരുന്നത്; വിശദാംശം അറിയിക്കാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിരുന്നു; വിശദാംശം അറിയിക്കാമോ;

(ഇ) ഇതിനായി സർക്കാരിൽ പ്രത്യേക അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) പുറപ്പെടുവിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ കടാശ്വാസം നൽകുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് സ.ഉ.(എംഎസ്.) നമ്പർ 298/2014/ആ.കു.വ. തീയതി 10-10-2014 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്.

(സി) പ്രസ്തുത ഉത്തരവിൻപ്രകാരം 50,000 രൂപ വരെയുള്ള കടബാധ്യതകൾക്ക് 1.2 കോടി രൂപയും 50,000 രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾക്ക് 6 കോടി രൂപയും വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) മുൻ സർക്കാർ കാലയളവിൽ എൻഡോസൾഫാൻ ദുരിതബാധിതർ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള 559 ലോണുകൾ എഴുതിത്തള്ളുന്നതിലേയ്ക്കായി 94,96,499 രൂപയും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള 119 ലോണുകൾ എഴുതിത്തള്ളുന്നതിലേയ്ക്കായി 25,35,450 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ 678 ലോണുകൾക്കായി 1,20,31,949 രൂപ).

(ഇ) ഇതിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

72 (2916) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം അനുവദിക്കുന്നത് വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജില്ലാ കളക്ടർമാർക്ക് എത്ര രൂപ വരെ അനുവദിക്കാൻ കഴിയുമെന്നറിയിക്കുമോ?

ഉത്തരം

(എ) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽതന്നെ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനം വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് താലൂക്ക് അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഒരു വ്യക്തിക്കായി പരമാവധി 10,000 രൂപ വരെ ധനസഹായം അനുവദിക്കാൻ കഴിയും. ജില്ലാ കളക്ടർമാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി പത്തുലക്ഷം രൂപയാണ്.

**എൻഡോസൾഫാൻ ദുരിതബാധിതർ**

73 (2917) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷനും സുപ്രീം കോടതിയും നിർദ്ദേശിച്ച തുക നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുക, എത്ര പേർക്ക് ഇതുവരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത എൻഡോസൾഫാൻ പ്രത്യേക ധനസഹായത്തിന്റെ ഒന്നും രണ്ടും ഗഡുക്കൾ വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഗഡുവായി 20-4-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 126/17/റവ. സർക്കാർ ഉത്തരവ് പ്രകാരം 56.76 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിതരണം നടന്നുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എയർ കേരള സർവ്വീസുകൾ

74 (2918) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

'എയർ കേരള' വിമാന സർവ്വീസുകൾ കേരളത്തിന്റെ ഉടമസ്ഥതയിൽ തുടങ്ങുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയപ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്ന പഴയ നിബന്ധന എടുത്തുകളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

## ശബരിമല വിമാനത്താവളത്തിന് അനുയോജ്യമായ സ്ഥലം

75 (2919) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുമായി ബന്ധപ്പെട്ട് വിമാനത്താവളം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏതു മേഖലയിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു വിധത്തിൽ കണ്ടെത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഭാഗത്ത് വിമാനത്താവളം നിർമ്മിക്കുന്നതുമൂലമുള്ള സാമൂഹ്യ സാംസ്കാരിക പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധനകളോ പഠനങ്ങളോ നടന്നിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ

ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) ശബരിമല വിമാനത്താവള പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിലേയ്ക്ക് പ്രാഥമിക പരിശോധന നടത്തിയ ആറ് സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

1. ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്
2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം കോട്ടയം.
3. വെള്ളനാട് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം.
4. ളാഹ എസ്റ്റേറ്റ് റാന്നി, പത്തനംതിട്ട
5. കല്ലേലി, എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട
6. കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട

(സി) ശബരിമല വിമാനത്താവള പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിനായി ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മറ്റ് പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

**ശബരിമലയിൽ വിമാനത്താവളം**

76 (2920) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവള നിർമ്മാണത്തിനായി എവിടെയാണ് സ്ഥലം നിശ്ചയിച്ചിരിക്കുന്നത്;

(ബി) ശബരിമല വിമാനത്താവളം നിർമ്മിക്കുമ്പോൾ നഷ്ടപ്പെടുന്ന വനഭൂമി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠന റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(സി) ശബരിമല വിമാനത്താവള നിർമ്മാണത്തിന് തിരുവിതാകൂർ ദേവസ്വം ബോർഡിന്റെ ഫണ്ട് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ശബരിമല വിമാനത്താവള നിർമ്മാണത്തിന് കേന്ദ്ര ഫണ്ട്, സംസ്ഥാന ഫണ്ട് എന്നിവ ഏത് അനുപാതത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമല വിമാനത്താവള പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിലേയ്ക്ക് പ്രാഥമിക പരിശോധന നടത്തിയ ആറ് സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

1. ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്.
2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം, കോട്ടയം.
3. വെള്ളനാട് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ, കോട്ടയം.
4. ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട
5. കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട
6. കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട

(ബി-ഡി) ശബരിമല വിമാനത്താവളം സ്ഥാപിക്കുന്നതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

**കൊച്ചി മെട്രോ രണ്ടാംഘട്ടം**

77 (2921) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മെട്രോ രണ്ടാം ഘട്ടം പാലാരിവട്ടം മുതൽ കാക്കനാട് (പാടത്തിക്കര ) വരെ നീട്ടുന്നതിനുള്ള നടപടികൾ എവിടെവരെയായി എന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

കൊച്ചി മെട്രോയുടെ രണ്ടാംഘട്ടമായ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള 11.2 കി.മീ. ദൈർഘ്യമുള്ള റെയിൽപാതയുടെ നിർമ്മാണത്തിന് 16-11-2015-ലെ സ.ഉ.(കൈ)നമ്പർ 72/15/ഗതാ എന്ന സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. 2024 കോടി രൂപ ചെലവ് വരുന്ന പദ്ധതി നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളും ഏജൻസികളും മുന്നോട്ടുവച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് മറുപടി നൽകുകയും വിലവർദ്ധന ചൂണ്ടിക്കാട്ടി പദ്ധതി ചെലവ് 2276.9 കോടി രൂപയാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയുമുണ്ടായി. പദ്ധതി ചെലവിൽ മാറ്റം വന്നതിനാൽ സമാന്തരമായി എല്ലാ സാമ്പത്തിക ഘടകങ്ങളും പരിഷ്കരിക്കുവാനും അതിൻപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.)-ൽ മാറ്റം വരുത്തുവാനും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കുകയും പുതുക്കിയ ഫണ്ടിംഗ് ഘടനയിൽ (2577.25 കോടി രൂപ) വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നൽകേണ്ടതുണ്ട്.

## കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

78 (2922) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ലൈറ്റ് മെട്രോയുടെ ആദ്യഘട്ടമായ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയുള്ള പാതയിലെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ്; എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്;

(സി) കേന്ദ്ര സർക്കാരിന്റെ പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അനുമതി പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചില്ലെങ്കിൽ വായ്പയെടുത്ത് പ്രവൃത്തി തുടങ്ങണമെന്ന നിർദ്ദേശം ഡി.എം.ആർ.സി. മുന്നോട്ട് വച്ചിട്ടുണ്ടോ;

(ഡി) മാനാഞ്ചിറ മീഞ്ചന്ത റോഡിന്റെ വികസനം ഡി.എം.ആർ.സി.-യെ ഏൽപ്പിക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഇ) പദ്ധതി അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ ലൈറ്റ് മെട്രോയുടെ കോഴിക്കോട് ഓഫീസ് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് 11-9-2015-ൽ 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചി മെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ.-ഉം മറ്റ് വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു SPV (Special Purpose Vehicle) രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചു കൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവയ്ക്കുകയും ചെയ്തു. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമി സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾ നിർമ്മിക്കാൻ ആവശ്യമായ 1.447 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ 8-9-2016-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയുള്ള ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 8-9-2016-ലെ ജി.ഒ.(എംഎസ്.) 67/2016/പി.ഡബ്ല്യു.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അനുമതി പദ്ധതിക്ക് ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകുമെന്ന നിഗമനത്തിലാണ് കേരള സർക്കാർ ഇതുവരെയുള്ള നടപടികൾ സ്വീകരിച്ചത്. അനുമതി ലഭിക്കില്ലെന്ന സൂചന ഇതുവരെ കേന്ദ്ര സർക്കാരിൽനിന്നോ ഡി.എം.ആർ.സി.-യിൽ നിന്നോ ഉണ്ടായിട്ടില്ല. അനുമതി ലഭ്യമായില്ല എങ്കിൽ എന്തു ചെയ്യണമെന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല. ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) 26-2-2014-ലെ ജി.ഒ.(എം.എസ്.)23/14/പൊ.മ.വ. പ്രകാരം മാനാഞ്ചിറ മീഞ്ചന്ത റോഡ് ഉൾപ്പെടെയുള്ള കോഴിക്കോട് നഗരവികസന പദ്ധതിക്ക് കേരള റോഡ് ഫണ്ട് ബോർഡിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കോഴിക്കോട്ടെ ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല.

**അന്തർ സംസ്ഥാന നദീജല കരാർ**

79 (2923) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായുള്ള ഓരോ അന്തർ സംസ്ഥാന നദീജല കരാർ പ്രകാരവും കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് എത്ര; ഇതിൽ നിലവിൽ ലഭ്യമാകുന്നത് എത്ര; വിശദാംശം നൽകുമോ;

(ബി) അർഹതപ്പെട്ട ജലം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ട കരാർ എന്നിവയാണ് അവ. അവസാനത്തെ കരാറിന്റെ അനുബന്ധ കരാറുകളുമായി 1970-ൽ മുല്ലപ്പെരിയാർ അനുബന്ധ കരാറുകളും ഒപ്പിട്ടിട്ടുണ്ട്. നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കർണ്ണാടകയുമായി കരാറുകളൊന്നും തന്നെയില്ല.

കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.-യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ വിഹിതം. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. ഒക്ടോബർ 1 മുതൽ ജനവരി 31 വരെയുള്ള അപ്പർനീരാറിലെ തനത് നീരൊഴുക്കം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനുപുറമേ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതു നീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ

പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽനിന്ന് 5.0 ക്യൂസെക്സ് എന്ന തോതിൽ കേരളത്തിലേയ്ക്ക് ജലത്തിന്റെ ഒഴുക്ക് നിലനിർത്തേണ്ടതാണ്. പെരിയാർ പാട്ട കരാർ പ്രകാരം കേരളത്തിന് ജലം ലഭിക്കാനുള്ള വ്യവസ്ഥയില്ല.

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് നടപ്പ് ജല വർഷത്തിൽ (2016-17) ഏപ്രിൽ രണ്ടാം ദ്വൈവാരം (30-4-2017) വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് അനുബന്ധമായി* ചേർക്കുന്നു.

(ബി) നടപ്പ് ജലവർഷം (2016-17) വർഷത്തിൽ നാളിതുവരെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം മുഴുവൻ ലഭിച്ചിട്ടില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജലദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലമാണ് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കായി ആവശ്യപ്പെട്ടിരുന്നതെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് 16-9-2016-ന് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

ഇതിന് പുറമെ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർ പ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭ്യമാക്കേണ്ട 700 (എം.സി.എഫ്.ടി. ജലം 540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർ പ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും, തമിഴ്നാട് ഷോളയാർ പവർ ഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തമിഴ്നാട് ഷോളയാർ പവർഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേയ്ക്ക് ജലം തിരിച്ച് വിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരളാ ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട തമിഴ്നാട് പൊതുമരാമത്ത് മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർപ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട കേന്ദ്രജല വിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി. കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് തമിഴ്നാട് സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയുണ്ടായി. തുടർന്ന് സംയുക്ത ജലക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാടുവച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ് നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർ പ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം യാതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടത്. ഇതിന് ശേഷം 98-ാമത് JWRB യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽവച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫ്.ടി.-യും കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫ്.ടി. കരാർ പ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും, ഇത് കേരളത്തിന് നൽകിയതിനുശേഷമേ തമിഴ്നാടിന് പി.എ.പി.-യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്തശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടു. മാത്രമല്ല, 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചതുപോലെ തമിഴ്നാട് മണക്കടവ് വിയറിൽ നവംബർ II, ഡിസംബർ I എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാനവാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേയ്ക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടേയും തീരുമാന പ്രകാരമാകാമെന്ന് ധാരണയുമായി. ഇതിനുപുറമെ തമിഴ്നാട് ഷോളയാറിലെ ജലസംഭരണനില വച്ചുനോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരളാ ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേയ്ക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർ പ്രകാരമുള്ള ജലവിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെത്തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ് നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു.

28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽനിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിനുപുറമെ കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, കേരള സർക്കാരും, പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്.

**അന്തർ സംസ്ഥാന നദീജല കരാറുകൾ**

80 (2924) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :

<u>ശ്രീ. മോൻസ് ജോസഫ്</u> :

<u>ശ്രീ. സി. എഫ്. തോമസ്</u> :

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട അന്തർസംസ്ഥാന നദീജല കരാറുകൾ ഏതെല്ലാമാണ്; ഇത്തരം കരാറുകൾ പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ തമിഴ്നാടുമായി ചർച്ച നടത്തിയിരുന്നോയെന്നുമുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കരാർ അനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളം പങ്കാളിയായിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകൾ ഒന്നും തന്നെ കാലഹരണപ്പെട്ടതായിട്ടില്ല.

നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ട കരാർ എന്നിവയാണ് അവ. 1886-ലെ പെരിയാർ പാട്ടക്കരാറിന്റെ അനുബന്ധ കരാറുകളിൽ 1970-ൽ മുല്ലപ്പെരിയാർ സംബന്ധിച്ച് ഏർപ്പെട്ടിട്ടുണ്ട്.

പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.

ഇതനുസരിച്ച് പി.എ.പി. കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാൻ 1988 നവംബർ 9-ന് പാകമായതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

പലതരത്തിലുള്ള ചർച്ചകൾ നടന്നിട്ടും കരാർ പുതുക്കാൻ സാധിക്കാതെ വരികയും അതേസമയം തമിഴ്നാട് കരാർ ലംഘനം പതിവാക്കുകയും ചെയ്ത സാഹചര്യത്തിൽ നിയമ നടപടികളിലേയ്ക്ക് പോകാൻ കേരളം നിർബന്ധിതമായേയ്ക്കും. എന്നാൽ ചർച്ചകളിലൂടെ സമവായത്തിലെത്തുക എന്നതു തന്നെയാണ് ഇപ്പോഴും കേരളത്തിന്റെ മുഖ്യ അജണ്ട. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ നടത്തുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്. കരാർ പുനരവലോകനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 29-4-2017-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയെ ക്ഷണിച്ചിട്ടുണ്ട്.

(ബി) നടപ്പ് ജലവർഷ (2016-17)-ത്തിൽ നാളിതുവരെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം മുഴുവനായി ലഭിച്ചിട്ടില്ല.

17-1-2017-ന് കേരള സർക്കാർ തമിഴ്നാട് പൊതുമരാമത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ, പി.എ.പി.-യിലെ ജലം പങ്കുവയ്ക്കുന്ന വിഷയത്തിൽ ഒരു സമവായത്തിൽ എത്താൻ രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള സെക്രട്ടറിതല യോഗം നടത്തുന്നതിന് അനുയോജ്യമായ തീയതി അറിയിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടന്നു. മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടു. എന്നാൽ രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടു. കീഴ്നദീതട അവകാശ പ്രകാരം കേരളത്തിന് കരാർ പ്രകാരമുള്ള മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്ന് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു.

(സി) പ്രസ്തുത കരാർ അനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

**അന്തർസംസ്ഥാന നദീജല കരാറുകൾ**

81(2925) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള നിലവിലെ അന്തർസംസ്ഥാന നദീജലകരാറുകൾ ഏതെല്ലാമെന്നും അതിൽ കാലപരിധി കഴിഞ്ഞവ ഏതെല്ലാമെന്നും അവ സംസ്ഥാനത്ത് നിലവിലുള്ള ജലലഭ്യത ഉറപ്പുവരുത്തി പുതുക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം പുതുക്കാനുള്ള കരാറുകൾ പുതുക്കാനും അതുവഴി സംസ്ഥാനത്തിനർഹമായ ജലം നേടിയെടുക്കാനുമായി മുൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്നും പ്രസ്തുത കാലയളവിൽ ഓരോവർഷവും സംസ്ഥാനത്തിന് കരാർ പ്രകാരം ലഭിക്കേണ്ട ജലം എത്രയെന്നും, ലഭിച്ച ജലം എത്രയെന്നും എത്ര ജലം നഷ്ടമായി എന്നും വ്യക്തമാക്കുമോ;

(സി) അന്തർസംസ്ഥാന നദീജല കരാറുകളിൽ ഈ സർക്കാർ കാലയളവിൽ ഓരോന്നിൽനിന്നും ലഭിക്കേണ്ട ജലം, ലഭിച്ച ജലം, കരാറുകൾ പുതുക്കേണ്ടവയിൽ അവലംബിച്ച പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ട കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള നിലവിലെ അന്തർസംസ്ഥാന നദീജല കരാറുകൾ. ഇവയിൽ നിലവിൽ കാലാവധി കഴിഞ്ഞ അന്തർസംസ്ഥാന നദീജലകരാറുകൾ ഒന്നുമില്ല.

പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധി സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇത് അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരുസംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. പല തലത്തിലുള്ള ചർച്ചകൾ നടന്നിട്ടും കരാർ പുതുക്കാൻ സാധിക്കാതെ വരികയും അതേസമയം തമിഴ്നാട് കരാർ ലംഘനം പതിവാക്കുകയും ചെയ്ത സാഹചര്യത്തിൽ മറ്റ് നടപടികളിലേക്ക് പോകാൻ കേരളം നിർബന്ധിതമായേക്കും. എന്നാൽ ചർച്ചകളിലൂടെ സമവായത്തിലെത്തുക എന്നത് തന്നെയാണ് ഇപ്പോഴും കേരളത്തിന്റെ മുഖ്യ അജണ്ട. കേരളത്തിന്റെ താല്പര്യങ്ങൾ

പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്. കരാർ പുനരവലോകനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 29-4-2017-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയെ ക്ഷണിച്ചിട്ടുണ്ട്.

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് മുൻ സർക്കാരിന്റെ കാലത്ത് (കഴിഞ്ഞ അഞ്ച് ജല വർഷങ്ങളിൽ) കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ വ്യക്തമാക്കുന്ന പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

21-1-2011-നുശേഷം പി.എ.പി. കരാർ പുനരവലോകന ചർച്ചകൾ നടന്നിട്ടില്ല. എന്നാൽ 28-4-2013-ന് തിരുവനന്തപുരത്ത് വച്ച് കേരളത്തിന്റെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെയും തമിഴ്നാടിന്റെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ഇരു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നദീജലവിഷയങ്ങൾ (പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാർ) സംബന്ധിച്ച ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചയിലും പി.എ.പി. കരാർ പുനരവലോകന ചർച്ചകൾ തുടരാനാണ് തീരുമാനമായത്. 2012-13 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പി.എ.പി.-യിൽനിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരായി, കേരള സർക്കാർ 16-4-2013-ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 of 2013), ഒരു ഇടക്കാല ഹർജിയും (1 of 2013) ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട കോടതിയിൽ കേസിന്റെ തുടർനടപടിക്രമങ്ങൾ നടന്നുവരികയാണ്.

(സി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.-യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ വിഹിതം. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനത് നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനുപുറമെ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്. പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് നടപ്പ് ജലവർഷത്തിൽ (2016-17) ഏപ്രിൽ രണ്ടാം ദ്വൈവാരം (30-4-2017) വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള സർക്കാരിന്റെ പ്രസിദ്ധീകരണങ്ങളും വെബ്സൈറ്റുകളും

82 (2926) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്ന മാസികകൾ, ത്രൈമാസികകൾ മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; അവയുടെ പേരും പ്രസിദ്ധീകരിക്കുന്ന എണ്ണവും ഓരോ മാഗസിനും വേണ്ടിവരുന്ന ചെലവും അവയിൽനിന്ന് ലഭിക്കുന്ന വരുമാനവും വ്യക്തമാക്കുമോ; പ്രസ്തുത മാഗസിനുകൾ എന്ത് ഉദ്ദേശത്തിലാണ് പ്രസിദ്ധീകരിക്കുന്നതെന്നും ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) കേരള സർക്കാർ സ്ഥാപനങ്ങളുടെയും വകുപ്പുകളുടേയും വെബ് സൈറ്റുകൾ അറിയിക്കുമോ; ഇവ നിലനിർത്തുവാൻ ഓരോവർഷവും എത്ര തുക ചെലവാക്കുന്നുവെന്നും അവ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) ഒരു സർക്കാർ പോർട്ടൽ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് നിലവിൽ എല്ലാ മാസവും 'കേരള കോളിംഗ്' എന്ന പേരിൽ ഇംഗ്ലീഷ് മാസികയും 'സമകാലിക ജനപഥം' എന്നപേരിൽ മലയാളം മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. ജനപഥം, കേരള കോളിംഗ് എന്നിവ 15,000 കോപ്പികൾ വീതമാണ് പ്രസിദ്ധീകരിക്കുന്നത്. കേരള കോളിംഗ് 15,000 കോപ്പികൾ അച്ചടിക്കുന്നതിന് 2,08,687 രൂപയും ജനപഥം 15,000 കോപ്പികൾ അച്ചടിക്കുന്നതിന് 2,24,437 രൂപയുമാണ് ചെലവ്. നിലവിൽ 120 രൂപ വാർഷിക വരിസംഖ്യ ഈടാക്കിയാണ് പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നത്. 2016 മേയ് മുതൽ 2017 ഏപ്രിൽ വരെ സമകാലിക ജനപഥത്തിന്റെ വരിസംഖ്യയായി 30,260 രൂപയും കേരള കോളിംഗിന് 19,400 രൂപയും ലഭിച്ചിട്ടുണ്ട്. ഒരു വരുമാന സ്രോതസ്സ് എന്നതിൽ കവിഞ്ഞ് സർക്കാരിന്റെ പ്രധാന നയപരിപാടികളും പദ്ധതികളും ജനോപകാരപ്രദമായ മറ്റ് പ്രവർത്തനങ്ങളും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി മാസികകൾ പ്രസിദ്ധീകരിക്കുന്നത്. ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും, സാധാരണക്കാർക്കും ടി പ്രസിദ്ധീകരണങ്ങൾ പ്രയോജനപ്രദമാണ്. വരിക്കാരെ കൂടാതെ പ്രധാന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ലൈബ്രറികൾ എന്നിവയ്ക്ക് സൗജന്യമായി ടി മാസികകൾ ലഭ്യമാക്കുന്നുണ്ട്. മറ്റ് വകുപ്പുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഐ. ആന്റ് പി.ആർ.ഡി.-യുടെ ഔദ്യോഗിക വെബ് പോർട്ടൽ (www.prd.kerala.gov.in), ന്യൂസ് പോർട്ടലായ www.keralanews.gov.in, കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനും, ഐ. ആന്റ് പി.ആർ. വകുപ്പും സംയുക്തമായി പരിപാലിക്കുന്ന സർക്കാരിന്റെ ഔദ്യോഗിക പോർട്ടലായ www.kerala.gov.in, ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട www.sabarimala.kerala.gov.in, മന്ത്രിമാരുടെ സ്വത്ത് വിവരക്കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്ന www.pa.kerala.gov.in, അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന www. gadsplais.kerala.gov.in, 18 മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റ് എന്നിവയാണ് ഐ. ആന്റ് പി.ആർ. വകുപ്പിന്റെ മേൽനോട്ടത്തിൽ കൈകാര്യം ചെയ്തുവരുന്നത്. ഇവയല്ലാതെ മറ്റ് സർക്കാർ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും വെബ്സൈറ്റുകൾ കൈകാര്യം ചെയ്യുന്നത് ഐ. ആന്റ് പി.ആർ.ഡി. അല്ല. മേൽ സൂചിപ്പിച്ചിട്ടുള്ള വെബ്സൈറ്റുകൾ വഴി സർക്കാരിൽനിന്നുള്ള ദൈനംദിന വാർത്തകൾ, ക്ഷേമവികസന പരിപാടികളുടെ ഏറ്റവും പുതിയ വിവരങ്ങൾ, വാർഷിക പരിപാടികളുടെയും സംസ്ഥാനതലത്തിലുള്ള, ദേശീയ പ്രാധാന്യമുള്ള പരിപാടികളുടെ ലൈവ് വീഡിയോ സ്ട്രീമിംഗ്, പത്രക്കുറിപ്പുകൾ, ചിത്രങ്ങൾ, പ്രധാനപ്പെട്ട അറിയിപ്പുകൾ, ടെണ്ടറുകൾ, ക്യാബിനറ്റ് ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായ വിവരങ്ങൾ, അപേക്ഷകൾ, പൊതുജനങ്ങൾക്ക് സഹായം ലഭ്യമാക്കുന്ന വിവിധ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, റിപ്പോർട്ടുകൾ, ബജറ്റ് സംബന്ധമായ വിവരങ്ങൾ എന്നിവയാണ് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ. മേൽസൂചിപ്പിച്ചിട്ടുള്ള ഐ. ആന്റ് പി.ആർ. വകുപ്പിന്റെ മേൽനോട്ടത്തിലുള്ള വെബ്സൈറ്റുകൾക്ക് വർഷംതോറും 55 ലക്ഷം രൂപയോളം മെയിന്റനൻസ് ചെലവ് വരുന്നുണ്ട്. മറ്റ് വകുപ്പുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) സർക്കാർ പോർട്ടൽ ഇപ്പോൾ തന്നെ നിലവിലുണ്ട്. www.kerala.gov.in എന്ന ഔദ്യോഗിക പോർട്ടലിന്റെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്.

**എൻ.ആർ.ഐ. കമ്മീഷന്റെ പ്രവർത്തനങ്ങൾ**

83 (2927) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഐ. കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) കമ്മീഷന്റെ ഓഫീസ് എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനോടകം കമ്മീഷന് എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ തീരുമാനം ഉണ്ടായോ എന്നുമുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 26-4-2016-ലെ സ.ഉ. (പി)2/2016/നോർക്ക നമ്പർ ഉത്തരവിൻ പ്രകാരം ചെയർപേഴ്സൺ ഉൾപ്പെടെ 5 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കപ്പെട്ട എൻ.ആർ.ഐ.(കെ) കമ്മീഷന്റെ പ്രവർത്തനം 30-4-2016-ൽ ആരംഭിച്ചിട്ടുണ്ട്. കമ്മീഷന്റെ ആക്ടിൽ നിഷ്കർഷിക്കുന്ന പ്രായപരിധിയായ 65 വയസ്സ് അധികരിച്ച 2 അംഗങ്ങൾ ഒഴികെയുള്ള 2 മെമ്പർമാരും ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും അടങ്ങിയതാണ് നിലവിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ഘടന. കമ്മീഷന്റെ 4 സ്റ്റാറ്റ്യൂട്ടറി മീറ്റിംഗുകളും 2 സിറ്റിംഗുകളും ഈ കാലയളവിൽ നടന്നിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ ആക്ടിനെക്കുറിച്ചും കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചും പൊതുജനാവബോധം സൃഷ്ടിക്കാൻ പ്രവാസി ഭാരതീയർ കൂടുതലുള്ള മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രവാസി സംഘടനകളേയും മാധ്യമങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തുള്ള നോർക്ക സെന്ററിലാണ് കമ്മീഷന്റെ ഓഫീസ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ എറണാകുളത്തുള്ള നോർക്ക റൂട്ട്സിന്റെ ബിൽഡിംഗിൽ ഒരു ഫയലിംഗ് സ്റ്റേഷൻ ഓഫീസും സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇതിനോടകം കമ്മീഷന് 17 പരാതികൾ ലഭിച്ചിട്ടുണ്ട്. കമ്മീഷന്റെ അധികാരപരിധിയിൽ വരാത്ത 2 പരാതികൾ ഒഴികെയുള്ള 15 പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ 3 പരാതികൾ കമ്മീഷന്റെ കഴിഞ്ഞ 2 സിറ്റിംഗുകളിൽ പരിഗണിച്ചിട്ടുണ്ട്. തുടർ സിറ്റിംഗുകൾ ആവശ്യമായതിനാൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ടി പരാതികളും പുതിയ 6 പരാതികളും ചേർത്ത് 9 പരാതികൾ 18-5-2017-ന് നടത്തുന്ന സിറ്റിംഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് 6 പരാതികൾ കമ്മീഷന്റെ സ്റ്റാറ്റ്യൂട്ടറി മീറ്റിംഗിൽവച്ച് പരിഗണിക്കേണ്ടുന്ന വിഷയങ്ങളായതിനാൽ അടുത്ത സ്റ്റാറ്റ്യൂട്ടറി മീറ്റിംഗിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുന്നാണ്.

**പ്രവാസി നിയമ സഹായ സെൽ**

84 (2928) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും ഗൾഫ് നാടുകളിൽ ഉൾപ്പെടെ കുടിയേറുന്ന തൊഴിലാളികൾക്ക് കോടതി വ്യവഹാരങ്ങളും മറ്റ് നിയമക്കുരുക്കുകളുംമൂലം നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാതൊരു നിയമസഹായവും ലഭിക്കാതെ നിസ്സഹായരായ പ്രവാസികൾ ജയിലുകളിൽ എത്തിപ്പെടുന്നതും കടുത്ത ശിക്ഷയ്ക്ക് ഇരയാകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രവാസി നിയമ സഹായസെൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; ഇക്കാര്യത്തിൽ സർക്കാർ പരിഗണിച്ചുവരുന്ന നിർദ്ദേശങ്ങൾ വിശദമാക്കുമോ; മലയാളികളായ നിയമ വിദഗ്ദ്ധരുടെ സേവനം പ്രവാസികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുന്നതിലേയ്ക്കായി Pravasi Legal Assistance (പ്രവാസി നിയമ സഹായം) എന്ന പദ്ധതി നടപ്പിലാക്കുന്നു. നിയമ സഹായമാവശ്യമുള്ള പ്രവാസി മലയാളി, അവരുടെ കുടുംബാംഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ വിദേശ രാജ്യങ്ങളിലെ എംബസിക്കും കേസുകൾ റഫർ ചെയ്യാവുന്നതാണ്. എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ നൽകുന്ന നിയമസഹായത്തിന് ചെലവാകുന്ന തുക പരമാവധി 2 ലക്ഷം രൂപ റീ-ഇംബേഴ്സ്മെന്റായി നൽകും.

പ്രവാസി നിയമ സഹായ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുടെയും സഹകരണം അനിവാര്യമാണ്. പദ്ധതി നടത്തിപ്പിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല. പ്രവാസി നിയമസഹായ പദ്ധതി കാര്യക്ഷമമമായി നടപ്പാക്കുന്നതിന് വേണ്ടി ഈ സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ചുവരുന്നു:

- വിവിധ മലയാളി സംഘടനകൾ, വിദേശത്തുള്ള നോർക്ക റൂട്ട്സിന്റെ പ്രതിനിധികൾ, കൺസൽട്ടന്റുമാർ എന്നിവർ മുഖാന്തരം പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- സൗദി അറേബ്യയിലെ വിവിധ ഭാഗങ്ങളിലുള്ള കോടതികളിൽ പ്രാക്ടീസ് ചെയ്യാൻ അധികാരമുള്ളതും ജയിലുകൾ സന്ദർശിക്കാൻ

അനുവാദമുള്ളതും, കൂടാതെ കേസിൽ അകപ്പെട്ടവരെ ഒരു രീതിയിലും ചൂഷണം ചെയ്യാതെ കേസുകൾ കൈകാര്യം ചെയ്യാൻ താത്പര്യ മനോഭാവമുള്ളതുമായ തദ്ദേശീയരായ അഡ്വക്കേറ്റുകളുടെ സേവനം ആവശ്യമാണ്. ഇന്ത്യൻ എംബസ്സി, കോൺസുലേറ്റ് തുടങ്ങിയവ അപ്രകാരമുള്ള അഡ്വക്കേറ്റുകളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇപ്രകാരം എംപാനൽ ചെയ്ത നിയമ വിദഗ്ദ്ധരുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു. കൂടാതെ നോർക്ക റൂട്ട്സ് അംഗീകൃതമായ പ്രമുഖ സംഘടനകൾ മുഖേനയോ നോർക്ക റൂട്ട്സ് പ്രതിനിധികൾ മുഖേനയോ ഏറ്റവും ഉചിതരായ നിയമ വിദഗ്ദ്ധരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും നടപടി.

- ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ ആവശ്യമായ യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിച്ചശേഷം നോർക്ക റൂട്ട്സ് അംഗീകൃത സംഘടനകൾക്ക് പദ്ധതിയുടെ വിവിധ വശങ്ങളെക്കുറിച്ചും പ്രവർത്തന രീതികളെക്കുറിച്ചും അവബോധം വരുത്തി അർഹതയുള്ള കേസുകൾ നോർക്ക റൂട്ട്സിനെ അറിയിച്ച് തുടർനടപടികൾ ഏകോപിപ്പിക്കുന്നതിന് അവരെ ചുമതലപ്പെടുത്തുക.
- മലയാളികളായ നിയമ വിദഗ്ദ്ധരുടെ സേവനം ലഭ്യമാണെങ്കിൽ അവ ഏർപ്പാടാക്കാനുള്ള നടപടി.

**പ്രവാസി കമ്മീഷന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി**

85 (2929) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കമ്മീഷൻ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച് ഒരു വർഷമായിട്ടും ഓഫീസ്, വാഹനം, സ്റ്റാഫ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കമ്മീഷന് ഇനിയും അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയായ ചെയർമാന്റെ വീട്ടിലാണ് പലപ്പോഴും കമ്മീഷൻ യോഗങ്ങൾ ചേരുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം, ലഭിച്ച അപേക്ഷകളിൽ കമ്മീഷന് നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രവാസി കമ്മീഷന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് തിരുവനന്തപുരത്ത് നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്ന നോർക്ക സെന്ററിൽ ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെമ്പർമാർ എന്നിവർക്കുള്ള ഓഫീസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ഒരു ഫയലിംഗ് സ്റ്റേഷൻ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കമ്മീഷനിൽ പുതുതായി നിയമിക്കപ്പെടുന്ന ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും പ്രവർത്തിക്കാനുള്ള ഓഫീസ് സൗകര്യവും മറ്റും തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർമാന്റെ ആവശ്യത്തിനായി ഒരു ഇന്നോവ കാർ വാടക അടിസ്ഥാനതലത്തിൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഒരു പുതിയ ഇന്നോവ കാർ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു സർക്കാർ ജോയിന്റ് സെക്രട്ടറിയെ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുടെ പൂർണ്ണ ചുമതല നൽകി നിയമിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർപേഴ്സണ് ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എറണാകുളം സർട്ടിഫിക്കറ്റ് ആതന്റിക്കേഷൻ ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു അസിസ്റ്റന്റിന്റെ സേവനം കമ്മീഷന്റെ ജോലികൾ ചെയ്യുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി (1), അസിസ്റ്റന്റ് (1), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (1), ഡ്രൈവർ (1), ഓഫീസ് അറ്റൻഡന്റ് (1) എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനോടകം കമ്മീഷന് 17 പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

**പ്രവാസി മലയാളികളെ തിരികെ എത്തിക്കുവാൻ നടപടി**

86 (2930) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുദ്ധം, ആഭ്യന്തര കലഹം, പ്രകൃതി ദുരന്തം എന്നീ കാരണങ്ങളാൽ വിദേശരാഷ്ട്രങ്ങളിൽ നിന്നും മടങ്ങേണ്ടിവരുന്ന പ്രവാസി മലയാളികളെ സ്വദേശത്ത് തിരികെ എത്തിക്കുവാൻ നോർക്ക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനിശ്ചിതത്വങ്ങളുടെയും ജി.സി.സി. രാഷ്ട്രങ്ങളിലെ ദേശസാൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ പ്രവാസി മലയാളികളെ സഹായിക്കുവാൻ വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന സർക്കാർ പ്രവാസി മലയാളികളെ ഇത്തരം സാഹചര്യത്തിൽ സഹായിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) യുദ്ധം, ആഭ്യന്തര കലഹം, പ്രകൃതി ദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാഷ്ട്രങ്ങളിൽനിന്നും മടങ്ങേണ്ടിവരുന്ന പ്രവാസി മലയാളികളെ അതത് ഇന്ത്യൻ എംബസ്സികൾ മുഖാന്തരവും, കേന്ദ്ര വിദേശകാര്യ മന്ത്രാലയം മുഖാന്തരവും ബന്ധപ്പെട്ട് സുരക്ഷിതമായി തിരികെ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കാറുണ്ട്. അത്തരത്തിൽ ഇന്ത്യയിലെ ഏതെങ്കിലും എയർപോർട്ടിൽ എത്തിച്ചേരുന്ന പ്രവാസികൾക്ക് അവിടെ നോർക്ക ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി ഭക്ഷണം, താമസ സൗകര്യം എന്നിവ സാഹചര്യത്തിനും ആവശ്യത്തിനും അനുസരിച്ച് ഏർപ്പെടുത്തിവരാറുണ്ട്. കൂടാതെ വളരെ പ്രയാസ മനുഭവിക്കുന്ന പ്രവാസികളെ നാട്ടിലെത്തിക്കാൻ എയർ ടിക്കറ്റ് അല്ലെങ്കിൽ ഉചിതമായ യാത്രാസൗകര്യം ഏർപ്പെടുത്താറുണ്ട്. കേരളത്തിലെ എയർപോർട്ടിലെത്തുന്ന പ്രവാസികൾക്ക് തുടർയാത്രാ ചെലവിനായി 2,000 രൂപയും നൽകിവരുന്നുണ്ട്.

(ബി) ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികൾ മുഖാന്തരം ചെയ്യാനും, ആ രാജ്യത്തെ ചേംബർ ഓഫ് കൊമേഴ്സ്, മറ്റ് വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ആശയവിനിമയം നടത്തി മറ്റ് സ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനായി സാധ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാറുണ്ട്. തുടർന്നും കേന്ദ്ര സർക്കാരിന്റെ സേവനം ആവശ്യപ്പെടുന്നതാണ്.

(സി) സംസ്ഥാന സർക്കാർ ഇത്തരം പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി സാധ്യമായ എല്ലാ മുന്നൊരുക്കങ്ങളും ചെയ്തുവരുന്നുണ്ട്. തിരികെ എത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നിലവിൽ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയുണ്ട്. ഈ പദ്ധതി പ്രകാരം ഇരുപത് ലക്ഷം രൂപ വരെ മുതൽമുടക്ക് ആവശ്യമായി വരുന്ന സംരംഭങ്ങൾക്ക് പതിനഞ്ച് ശതമാനം വരെ മൂലധന സബ്സിഡിയും, ആദ്യത്തെ നാലുവർഷം ലോൺ തിരിച്ചടവിന് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകിവരുന്നു. കൂടാതെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനവും നൽകാൻ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ബാങ്കുകളെയും ധനകാര്യസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകളും റിക്രൂട്ട്മെന്റും

87(2931) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിലേയ്ക്ക് എത്ര വനിതകളെ റിക്രൂട്ട് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2017-18 ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച താലൂക്ക് തലത്തിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 370 വനിതാ പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 433 വനിതാ കോൺസ്റ്റബിൾ ഒഴിവുകൾ (386 പുതിയ തസ്തികകളും 47 എൻ.ജെ.ഡി. ഒഴിവുകളും) നിയമന ശിപാർശയ്ക്കായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

## കാസർഗോഡ് ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥി സംഘർഷവുമായി ബന്ധപ്പെട്ട പോലീസ് മർദ്ദനം

88 (2932) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ഗവൺമെന്റ് കോളേജിൽ 28-2-2017 തീയതി നടന്ന വിദ്യാർത്ഥി സംഘർഷത്തെത്തുടർന്ന് കസ്റ്റഡിയിലെടുത്ത വിദ്യാർത്ഥികളെയും അവരെ സ്റ്റേഷനിൽ സന്ദർശിക്കാൻ ചെന്ന വിദ്യാർത്ഥി നേതാക്കളെയും മർദ്ദിച്ച സംഭവത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ ; എങ്കിൽ ഉത്തരവിന്റെ വിശദാംശം നൽകാമോ;

(ബി) അന്വേഷണം നടത്തിയതാരാണെന്നും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ഗവൺമെന്റ് കോളേജിലുണ്ടായ വിദ്യാർത്ഥി സംഘർഷത്തെത്തുടർന്ന് സ്റ്റേഷനിൽ കൊണ്ടുവന്ന വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചുവെന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്താൻ 9-3-2017-ലെ 20499/ ജെ1/2017/ആഭ്യന്തരം കത്ത് മുഖാന്തരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ജില്ലാ കളക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി. നോർത്ത് സോൺ മുഖാന്തരം വകുപ്പുതല അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആയുധ ലൈസൻസുകൾ പുതുക്കി നൽകാൻ നടപടി**

89 (2933) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ആയുധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ആയുധ ലൈസൻസുകൾ ജില്ലാ അധികാരികൾ പുതുക്കി നൽകാതിരിക്കുന്നതും, പുതിയ ലൈസൻസുകൾ അർഹതപ്പെട്ടവർക്ക് കൊടുക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 9-3-2015-ലെ കേരള സർക്കാർ ആഭ്യന്തര വകുപ്പ് (എഫ്) നമ്പർ 16109/എഫ്1/15/ആഭ്യന്തരം സർക്കുലർ നിർദ്ദേശം നടപ്പിലാക്കാതെ അപേക്ഷകരെ വിവിധ ജില്ലാ മേധാവികൾ കഷ്ടപ്പെടുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; നിയമാനുസരണം അടിയന്തരമായി ലൈസൻസുകൾ പുതുക്കി കൊടുക്കാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2015(1) KHC 351 (Case No. WP(c) No. 38165 of 2010 dt. 19-11-2014 വിധിയിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ രണ്ട് പ്രധാന ഉത്തരവുകളും കാറ്റിൽ പറത്തുന്ന നടപടികളാണ് ജില്ലാ ഭരണകൂടങ്ങൾ അപേക്ഷകരെ ബുദ്ധിമുട്ടിക്കാൻ തുടർന്നുകൊണ്ടിരിക്കുന്നതെന്ന വസ്തുത മനസ്സിലാക്കി അപേക്ഷകരെ സഹായിക്കാൻ പറ്റുന്ന തരത്തിൽ വ്യക്തമായ ഉത്തരവ് നടപ്പാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) നിലവിലുള്ള ആയുധ ലൈസൻസുകൾ പുതുക്കാൻ അതത് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റിപ്പോർട്ട് മാത്രം വേണ്ടിയിരിക്കെ പോലീസ്, റവന്യൂ, ഫോറസ്റ്റ് വകുപ്പുകളുടെ സമ്പൂർണ്ണ റിപ്പോർട്ട് ആവശ്യപ്പെട്ട് ലൈസൻസ് ഉടമകളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ നടപടികൾ ഉദ്യോഗസ്ഥ അഴിമതിക്കും സ്വജനപക്ഷപാതത്തിനും വഴിവയ്ക്കുന്നു എന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഈ വിഷയത്തെ സംബന്ധിച്ച് No. MLA-PNJR-GP(CM)/10/ 2016-17/dt. 27-3-2017 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും, No. MLA – PNJR-GP/144/2017-18/dt. 6-4-2017-ൽ ചീഫ് സെക്രട്ടറിക്കും എം.എൽ.എ. വിശദമായ കത്ത് നൽകിയപ്രകാരം എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള 1959-ലെ ആയുധ നിയമവും 2016-ലെ ആയുധ ചട്ടങ്ങളും പ്രകാരം ലൈസൻസിംഗ് അധികാരിയായ ജില്ലാ മജിസ്ട്രേറ്റ്/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എന്നിവർക്ക് അപേക്ഷയ്ക്ക് ആസ്പദമായ സംഗതികൾ പരിശോധിച്ച് ആയുധ ലൈസൻസ് പുതുക്കുന്നതിന്റെയും പുതിയ ലൈസൻസ് അനുവദിക്കുന്നതിന്റെയും അപേക്ഷകളിന്മേൽ നിയമാനുസൃതമായ ലൈസൻസ് അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

(ബി) 15-7-2016 മുതൽ പുതിയ ആയുധ ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളതാണ്. ടി ചട്ടങ്ങളിൽ സമയപരിധി കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലുപരിയായി ഇക്കാര്യത്തിൽ ഉത്തരവുകൾ ആവശ്യമുണ്ടോ എന്ന വസ്തുത സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിധിന്യായത്തിൽ ഒരിക്കൽ അനുവദിച്ച ആയുധ ലൈസൻസ് പുതുക്കുന്ന നടപടിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് പരാമർശിച്ചിട്ടുള്ളത്.

(ഡി) നിലവിലുള്ള നിയമനടപടികളും മേൽ ഉത്തരവുകളും അവഗണിച്ചു കൊണ്ട് അപേക്ഷകരെ മനഃപൂർവ്വമായി ബുദ്ധിമുട്ടിക്കുന്ന നടപടികളൊന്നും ജില്ലാ ഭരണകൂടങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ജില്ലാ ഭരണകൂടത്തിന്റെ ഉത്തരവിന്മേൽ അതൃപ്തിയുള്ളപക്ഷം അപേക്ഷകർക്ക് അപ്പീൽ ഫയൽ ചെയ്യുവാനുള്ള വ്യവസ്ഥ നിയമത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആയുധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുമ്പോഴോ പുതുക്കി നൽകുമ്പോഴോ അപേക്ഷകൻ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെയും കൃഷി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. അപേക്ഷകന്റെ താമസസ്ഥലമോ കൃഷിയിടമോ റിസർവ് ഫോറസ്റ്റിന്റെയോ, വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെയോ 10 കി.മീ. ചുറ്റളവിലാണെങ്കിൽ വനം വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് 1972-ലെ വന്യമൃഗ സംരക്ഷണ നിയമം വകുപ്പ് 34 പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. 2016-ലെ ആയുധ ചട്ടങ്ങൾ ചട്ടം 35 പ്രകാരം മനുഷ്യർ, കന്നുകാലികൾ, കാർഷിക വിളകൾ എന്നിവയ്ക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണാർത്ഥം ഫോറം IV-ലുള്ള ലൈസൻസ് അനുവദിക്കേണ്ടത് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിവേണം എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ നിയമ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയാണ് അപേക്ഷകളിന്മേൽ ആവശ്യമുള്ളപക്ഷം റവന്യൂ വകുപ്പിന്റെയും വനം വകുപ്പിന്റെയും റിപ്പോർട്ടുകൾകൂടി ലഭ്യമാക്കിവരുന്നത്.

(എഫ്) ശ്രീ. പി. സി. ജോർജ് എം.എൽ.എ. സമർപ്പിച്ച നിവേദനത്തിലെ ആവശ്യം നിയമ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരികയാണ്. നിയമോപദേശം ലഭ്യമായശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## കഴിഞ്ഞ പത്ത് വർഷം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ

90 (2934) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെയും പോലീസ് വാഹനങ്ങളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷം നടന്ന വർഗ്ഗീയ സംഘർഷങ്ങളും 153 (A) അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളും ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ പോലീസ് ജില്ലകളിലെ സിവിൽ പോലീസ് വിഭാഗത്തിൽ ജോലി ചെയ്തുവരുന്ന സേനാംഗങ്ങളുടെയും വാഹനങ്ങളുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | ജില്ലാ പോലീസ് സേനാംഗങ്ങളുടെ എണ്ണം | പോലീസ് ജില്ലകളിലെ വാഹനങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം സിറ്റി | 3380 | 495 |
| തിരുവനന്തപുരം റൂറൽ | 1952 | 318 |
| കൊല്ലം സിറ്റി | 1571 | 271 |
| കൊല്ലം റൂറൽ | 860 | 144 |
| പത്തനംതിട്ട | 1312 | 258 |
| ആലപ്പുഴ | 2271 | 274 |
| കോട്ടയം | 1939 | 311 |
| ഇടുക്കി | 2033 | 251 |
| എറണാകുളം സിറ്റി | 2730 | 411 |
| എറണാകുളം റൂറൽ | 2065 | 312 |
| തൃശ്ശൂർ സിറ്റി | 1489 | 491 |
| തൃശ്ശൂർ റൂറൽ | 1132 | 255 |
| പാലക്കാട് | 2294 | 318 |
| മലപ്പുറം | 1814 | 315 |
| കോഴിക്കോട് സിറ്റി | 1998 | 296 |
| കോഴിക്കോട് റൂറൽ | 1629 | 286 |
| വയനാട് | 1010 | 165 |
| കണ്ണൂർ | 2497 | 404 |
| കാസർഗോഡ് | 1476 | 272 |
| റെയിൽവേ | 622 | 34 |
| ആകെ | 36074 | 5881 |

(ബി) പ്രസ്തുത വിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പോലീസ് സ്റ്റേഷനുകളിലെ ചോദ്യം ചെയ്യൽമുറി**

91 (2935) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ ചോദ്യം ചെയ്യൽ മുറി ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മുറികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും കേസ്സുകൾ തെളിയിക്കുന്ന കാര്യത്തിൽ ഈ മുറികൾ എത്രമാത്രം സഹായകരമാണെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കേസ്സുകൾ തെളിയിക്കുന്ന കാര്യത്തിൽ ഇതുവരെ ഈ മുറികൾ ഏതെല്ലാം രീതിയിൽ പങ്ക് വഹിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ സ്ഥാപിച്ചിട്ടുള്ള ചോദ്യംചെയ്യൽ മുറികൾ രൂപകൽപ്പന ചെയ്തതാരാണെന്ന് വ്യക്തമാക്കാമോ;

(ഇ) ചോദ്യം ചെയ്യൽ മുറി സ്ഥാപിക്കാനുള്ള ചെലവ് എത്രയാണെന്നും ഏത് ഫണ്ടാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനുകളിൽ ചോദ്യം ചെയ്യൽ മുറി സജ്ജമാക്കിയിട്ടില്ല. എന്നാൽ എല്ലാ ജില്ലകളിലും ജില്ലാതല ചോദ്യം ചെയ്യൽമുറി സജ്ജമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) എറണാകുളം റേഞ്ച് ഐ.ജി.-യാണ് ചോദ്യം ചെയ്യൽ മുറികൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

(ഇ) തിരുവനന്തപുരം റൂറൽ ജില്ലയിൽ 2015-16-ലെ സ്റ്റേറ്റ് പ്ലാൻ സ്കീം അനുസരിച്ച് 3 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 2016-17-ൽ 18 പോലീസ് ജില്ലകൾക്ക് 5 ലക്ഷം രൂപ വീതം 90 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**അന്വേഷണ വീഴ്ചയുടെ പേരിൽ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി**

92 (2936) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുണ്ടായ സ്ത്രീപീഡന കേസുകളിൽ അന്വേഷണം നടത്തിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ

പേരിൽ അന്വേഷണ വീഴ്ചയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേസുകളെന്ന് വിശദമാക്കുമോ;

(ബി) എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും, അവരുടെ റാങ്ക് ഏതെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

1. കൊല്ലം റൂറൽ ജില്ലയിലെ കുണ്ടറ സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്ത ക്രൈം നമ്പർ 156/2017 u/s 174 CrPC ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിൽ തുടരന്വേഷണത്തിൽ u/s 375(a), 376(i)(n) IPC & Sec. 3 r/w 6 of POSCO Act 377, 306 IPC ഉൾപ്പെടുത്തി അന്വേഷണം നടത്തിയതിൽ ജാഗ്രതക്കുറവ് കാണിച്ചതായി കണ്ടെത്തിയ കുണ്ടറ സി.ഐ. ശ്രീ. ആർ. ഷാബു, കുണ്ടറ എസ്.ഐ. ശ്രീ. രജീഷ് കുമാർ എന്നിവരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

2. വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രായപൂർത്തിയാകാത്ത ശെൽവപുരം, പാമ്പാംപള്ളം-അട്ടപ്പള്ളം എന്ന സ്ഥലത്ത് താമസിച്ചു വരുന്ന ഭാഗ്യവതി-ഷാജി ദമ്പതികളുടെ കൃതിക, aged 13 എന്ന പെൺകുട്ടി 13-1-2017 തീയതിയും ശരണ്യ aged 9, D/o. ഷാജി, അട്ടപ്പള്ളം എന്ന പെൺകുട്ടി 4-3-2017 തീയതിയും താമസ സ്ഥലത്തെ വിടിനുള്ളിൽ കഴുക്കോലിൽ ഒരേസ്ഥലത്ത് കെട്ടിത്തൂങ്ങി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ഗുരുതരമായ കൃത്യവിലോപമുണ്ടായതായി ആരോപണം ഉണ്ടായതിനെത്തുടർന്ന് വാളയാർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സി. പി. ചാക്കോയെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) മൂന്ന് പോലീസ് ഉദ്യോഗസ്ഥർ

(i) ശ്രീ. ആർ. ഷാജു, സി.ഐ.

(ii) ശ്രീ. രജീഷ് കുമാർ, എസ്.ഐ.

(iii) ശ്രീ. സി. പി. ചാക്കോ, എസ്.ഐ.

**ബേക്കൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്**

93 (2937) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 341/16/ u/s.171F, r/w 116 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് ഏത് സംഭവത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ ആരൊക്കയാണ് പ്രതികളായിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2016 മേയ് മാസം 16-ന് നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികളുടെ പ്രചാരണ സമയം യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി കള്ളവോട്ട് ചെയ്യാൻ ആഹ്വാനം നടത്തിയെന്ന ആരോപണവും ഇതുമായി ബന്ധപ്പെട്ട് ഒരു വീഡിയോ ക്ലിപ്പ് പ്രചരിച്ചിട്ടുണ്ട് എന്നും വിവിധ മാധ്യമങ്ങളിൽ വാർത്ത പ്രചരിച്ചിരുന്നു. അതിനുശേഷം ഉദുമ എം.എൽ.എ, മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് നൽകിയ പരാതിയുടെ പകർപ്പ് ജില്ലാ പോലീസ് മേധാവിക്ക് (ഒരു വീഡിയോ ക്ലിപ്പ് സഹിതം) ലഭിച്ചു. അത് തുടർനടപടികൾക്കായി ബേക്കൽ പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചുകൊടുത്തു. പരാതിയുടെ ഉള്ളടക്കം പരിശോധിച്ചതിൽ ഇന്ത്യൻ ശിക്ഷാ നിയമം 171F, 116 വകുപ്പ് പ്രകാരമുള്ള കുറ്റം പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിരുന്നു. പ്രസ്തുത വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ പോലീസിന് നേരിട്ടെടുക്കാൻ പാടില്ലാത്തതായതിനാൽ (non cognizable) പരാതിയിൽ നടപടി സ്വീകരിക്കുന്നതിനുള്ള അനുവാദത്തിനായി അധികാരപരിധിയിലുള്ള ഹോസ്ദുർഗ്ഗ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്-II കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് കോടതിയുടെ നിർദ്ദേശപ്രകാരം മേൽ കാര്യത്തിൽ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 341/16 u/s 171(F) r/w 116 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉദുമ നിയോജകമണ്ഡലം യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന കെ. സുധാകരനെ എഫ്.ഐ.ആർ.-ൽ പ്രതി ചേർത്തിട്ടുണ്ട്. ഈ കേസിന്മേൽ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിശദാംശങ്ങൾ വെളിവാകുകയുള്ളൂ.

(സി) ഇല്ല.

(ഡി) ടി കേസ് അന്വേഷണാവസ്ഥയിലാണ്. അതിനാൽ കേസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**ഗുണ്ടുമല ശിശുപരിപാലന കേന്ദ്രത്തിലെ ആയയുടെ കൊലപാതകം**

94 (2938) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിനടുത്ത് ഗുണ്ടുമലയിലെ ശിശുപരിപാലന കേന്ദ്രത്തിലെ ആയയെ വെട്ടിക്കൊലപ്പെടുത്തി 12 പവൻ കവർന്ന കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രത്യേക അന്വേഷണ സ്ക്വാഡ് ഇതിനായി രൂപീകരിച്ചിട്ടുണ്ടോ; യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടി സംഭവവുമായി ബന്ധപ്പെട്ട് മൂന്നാർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 202/2017 u/s 449, 302, 392 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി സംശയിക്കുന്ന ആളിന്റെ പങ്കിനെപ്പറ്റിയും സാഹചര്യ തെളിവുകളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തിവരുന്നു.

(ബി) ഉണ്ട്. എറണാകുളം റേഞ്ച് ഇൻസ്പെക്ടർ ജനറലിന്റെ നിർദ്ദേശപ്രകാരം മൂന്നാർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ 21 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടി കേസിന്റെ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

**കണ്ണൂർ മുഴക്കുന്നിൽ പീഡനത്തിനിരയായ വൃദ്ധ ആത്മഹത്യ ചെയ്ത സംഭവം**

95 (2939) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുഴക്കുന്നിൽ പീഡനത്തിനിരയായതിനെ തുടർന്ന് വികാസ് നഗറിലെ സരോജിനിയമ്മ എന്ന വൃദ്ധ ആത്മഹത്യ ചെയ്തിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിലെ പ്രതിയെ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതി ആരെന്നും അയാളുടെ രാഷ്ട്രീയബന്ധം എന്തെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ മുഴക്കുന്ന് എന്ന പ്രദേശത്തെ സരോജിനി അമ്മ എന്ന സ്ത്രീ പീഡനത്തിന് ഇരയായതിനെത്തുടർന്ന് ആത്മഹത്യ ചെയ്തിരുന്നു.

(ബി) രാജീവൻ പി.എം., എന്നയാളെ അറസ്റ്റ് ചെയ്തു. മുഴക്കുന്ന് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 193/2016 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

**വെള്ളയിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭൂമി**

96 (2940) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപടികൾ പൂർത്തീകരിച്ച് കൈമാറിയ ഭൂമി ഇതിനായി അനുവദിച്ച് ഉത്തരവിറക്കുന്നതിന് ആഭ്യന്തര വകുപ്പിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള 14.22 ആർ (35.15 സെന്റ്) സ്ഥലം അനുയോജ്യമാണെന്നും ടി ഭൂമി നിബന്ധനകൾക്ക് വിധേയമായി കൈമാറുന്നതിന് തടസ്സമില്ലായെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**കുമളിയിൽ വിനോദസഞ്ചാരികളെ ബന്ദികളാക്കിയ സംഭവം**

97 (2941) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമളിയിൽ കൊണ്ടോട്ടി ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള ഗ്രീൻ വുഡ് റിസോർട്ടിലെ താമസക്കാരായ വിനോദസഞ്ചാരികളെ സി.പി.എം. പ്രവർത്തകർ മണിക്കൂറുകളോളം ബന്ദികളാക്കി റിസോർട്ട് ഉപരോധിച്ച കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) വിദേശികൾ അടക്കമുള്ള വിനോദ സഞ്ചാരികളെ മണിക്കൂറുകളോളം ബന്ദികളാക്കിയപ്പോൾ പോലീസ് കാഴ്ചക്കാരെപ്പോലെ നോക്കി നിന്നുവെന്ന ആരോപണം വസ്തുതാപരമാണോ:

(സി) ടൂറിസം മേഖലയിൽ നടക്കുന്ന ഇത്തരം പ്രവൃത്തികൾ ടൂറിസം വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുവാനും നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടൂറിസ്റ്റുകൾക്ക് ആവശ്യമായ സുരക്ഷ സംസ്ഥാന പോലീസ് നൽകി വരുന്നുണ്ട്.

**സ്റ്റേഷൻ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകാൻ നടപടി**

98 (2942) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേഷൻ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകുന്നത് സംബന്ധിച്ച് സർക്കാർ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) സ്റ്റേഷനുകളുടെ ചുമതല സി.ഐ.-മാർക്ക് നൽകുമ്പോൾ അതോടനുബന്ധിച്ച് ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് സബ് ഇൻസ്പെക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിന് എസ്.ഐ.-മാരുടെ തസ്തിക പുതിയതായി സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; കേരളത്തിലെ 519 സ്റ്റേഷനുകളിലും ഇത്തരത്തിൽ സി.ഐ.-മാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുവാൻ സർക്കാരിന് പദ്ധതിയുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) സൈബർ കുറ്റകൃത്യങ്ങളുടെ ചുമതല സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) മാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ടി വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

**ഫോറൻസിക് ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി**

99 (2943) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആവശ്യത്തിന് ഫോറൻസിക് ലാബുകൾ ഇല്ലാത്തത് കേസന്വേഷണങ്ങളെ ബാധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോറൻസിക് പരിശോധനാ ഫലത്തിനായി നിലവിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സാധാരണ കേസുകളിൽ ഫോറൻസിക് പരിശോധനാ ഫലം ലഭിക്കുന്നതിന് എത്രത്തോളം കാലതാമസം ഉണ്ടാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൂടുതൽ ഫോറൻസിക് ലാബുകൾ സ്ഥാപിച്ച് ഫോറൻസിക് പരിശോധനകളിലെ കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറി തിരുവനന്തപുരം റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി-തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലായി 1-4-2017 വരെ മൊത്തം 8640 കേസ്സുകൾ പരിശോധനയ്ക്കായി അവശേഷിക്കുന്നു.

(സി) കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ ക്രൈം കേസ്സുകളിലെ തൊണ്ടി സാധനങ്ങളും കേസിനാസ്പദമായ രേഖകളുമാണ് പരിശോധനകൾക്കായി സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിലും റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലും ബന്ധപ്പെട്ട കോടതികളിൽനിന്ന് ലഭിച്ചുവരുന്നത്. ഒരേ കേസ്സിലെ തൊണ്ടിമുതലുകളും മറ്റ് രേഖകളും തന്നെ ഇവിടത്തെ വിവിധ ഡിവിഷനുകളിൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടിവരുന്നതിനാൽ ഇവയുടെ പരിശോധനാ ഫലം കോടതികളിൽ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധി നിർണ്ണയിക്കാനാവില്ല. എന്നിരുന്നാലും അതീവ ഗൗരവമേറിയതും കോടതികൾ മുൻഗണനാക്രമം നിശ്ചയിച്ച് പരിശോധനകൾക്കായി നൽകുന്നതുമായ കേസ്സുകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാനും പരിശോധനാ ഫലം സമർപ്പിക്കുവാനുള്ള പ്രക്രിയ ത്വരിതപ്പെടുത്താനും പ്രത്യേകം ശ്രമിച്ചുവരുന്നു.

(ഡി) കൊച്ചിയിൽ ഒരു റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർ നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഈ ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇവിടേയ്ക്ക് ആവശ്യമായ 11 തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

**കായംകുളത്തെ അനധികൃത പാർക്കിംഗ് മൂലമുള്ള ട്രാഫിക് ബ്ലോക്ക്**

100 (T* 2944) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം-പുനലൂർ റോഡിലും, കായംകുളം-തിരുവല്ല റോഡിലും അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ട്രാഫിക്ക് ബ്ലോക്ക് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനധികൃത പാർക്കിംഗ് നിരോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിൽ No Parking ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും നിരന്തരം പോലീസ് പട്രോളിംഗ് നടത്തിവരുന്നതുമാണ്. കൂടാതെ അനധികൃത പാർക്കിംഗ് നടത്തുന്ന വാഹന ഉടമകൾക്കെതിരെ നിയമാനുസരണമുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തിവരുകയും ചെയ്യുന്നു.

**അക്കിക്കാവ് റോയൽ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി ഷഹീന്റെ ദുരൂഹ മരണം**

101 (2945) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ് മാസത്തിൽ കുന്നംകുളം അക്കിക്കാവ് റോയൽ എഞ്ചീനിയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന കരിമ്പ സ്വദേശി ഷഹീൻ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതിനെ കുറിച്ച് പോലീസ് നടത്തിയ അന്വേഷണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; സംഭവത്തിൽ ആരെയെല്ലാം പ്രതി ചേർത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) പൊലീസ് അതിക്രമത്തെതുടർന്നാണ് മരണമുണ്ടായത് എന്ന ഷഹീന്റെ ബന്ധുക്കളുടെയും സഹപാഠികളുടെയും ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തരം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത നടപടികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത മരണത്തിലുള്ള കോളേജ് അധികാരികളുടെ പങ്ക് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) തൃശ്ശൂർ കുന്നംകുളം അക്കിക്കാവ് റോയൽ എഞ്ചിനീയറിംഗ് കോളേജിലെ ഷഹീൻ എന്ന വിദ്യാർത്ഥി കിണറ്റിൽ വീണ് മരണപ്പെട്ടത് സംബന്ധിച്ച് ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് മരണപ്പെട്ട ഷഹീന്റെ ബന്ധുക്കൾ പരാതി നൽകിയതിനെത്തുടർന്ന് ടി കേസ്സിന്റെ അന്വേഷണം തൃശ്ശൂർ റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ബി) തൃശ്ശൂർ കുന്നംകുളം അക്കിക്കാവ് റോയൽ എഞ്ചിനീയറിംഗ് കോളേജിൽ 21-8-2015-ന് നടന്ന ഓണാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം ഉണ്ടായി എന്നും, തുടർന്നും സംഘർഷം ഉണ്ടാകുമെന്നും സ്റ്റേഷനിൽ വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് പാർട്ടി ടി സ്ഥലത്തെത്തി സംഘം ചേർന്ന് നിൽക്കുന്ന വിദ്യാർത്ഥികളെ സംഘർഷം ഇല്ലാതാക്കുന്നതിനുവേണ്ടി

സ്ഥലത്തുനിന്നും നീക്കം ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നതാണ് പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുള്ളത്.

(സി&ഡി) പോലീസ് ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടില്ല എന്ന് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. ടി കേസ്സിന്റെ എല്ലാ കാര്യങ്ങളുമായി ബന്ധപ്പെട്ട അന്വേഷണം തൃശ്ശൂർ റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്.

## തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സദാചാര ഗുണ്ടകളുടെ ആക്രമണം

102 (2946) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഫെബ്രുവരി 9-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സദാചാര ഗുണ്ടകൾ തൃശ്ശൂർ സ്വദേശി ടി. പി. ജിജീഷിനെയും 2 പെൺകുട്ടികളെയും ആക്രമിച്ചതായി പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പോലീസ് ഏതെല്ലാം വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസെടുത്തിട്ടുള്ളത്;

(സി) ഇതിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികൾ ആരെല്ലാമാണ്; ഇവരുടെ വിശദവിവരം നൽകുമോ; ഇവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 190/2017 u/s 143, 147, 148, 149, 341, 323, 324 & 506 IPC അന്വേഷണത്തിന്റെ ഭാഗമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ u/s 249(b)&354 IPC എന്നീ സെക്ഷനുകൾ കൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തിവരുന്നു.

(സി) കേസിൽ ഉൾപ്പെട്ട പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. തസ്ളീം S/o. താജുദ്ദീൻ
2. സജിത് എസ്. രാജൻ, S/o. ശിവരാജൻ
3. രജീഷ്, S/o. രാജേന്ദ്രൻ നായർ
4. ഷബാന D/o. ഷീബ
5. വികാസ് ഗോവിന്ദ്, S/o. ഗോവിന്ദ പിള്ള

6. ആദർശ് S/o. ശിവൻകുട്ടി

7. അരവിന്ദ്, S/o.ശ്രീകുമാരൻ നായർ

8. വൈശാഖ്, S/o. ബാബു.

മേൽപ്പറഞ്ഞ കേസിലെ 1-ഉം 2-ഉം 3-ഉം 6-ഉം പ്രതികളായി ഉൾപ്പെട്ടിട്ടുള്ളവർക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ബി.എ.2-2114/2017-ാം നമ്പർ ജാമ്യാപേക്ഷയിന്മേലുള്ള ഉത്തരവ് പ്രകാരം ജാമ്യം ലഭിച്ചിട്ടുണ്ട്.

**മഹിജയ്ക്കെതിരെയുള്ള കേസുകൾ**

103 (2947) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരാതി നൽകുന്നതിനായി ഡി.ജി.പി.-യെ കാണാനെത്തിയ മഹിജയെ ഡി.ജി.പി. ഓഫീസ് പരിസരത്ത് വച്ച് പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മഹിജയ്ക്കെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് വകുപ്പുകൾ പ്രകാരമെന്ന് വ്യക്തമാക്കുമോ ;

(സി) മഹിജയോടൊപ്പം വന്ന ഏതെങ്കിലും പൊതുപ്രവർത്തകരെ ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആരെയെല്ലാമാണ് അറസ്റ്റ് ചെയ്തത്; ഇവർക്കുമേൽ ചുമത്തിയ കുറ്റം എന്താണ്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് എത്ര എഫ്.ഐ.ആർ-കൾ എടുത്തിട്ടുണ്ട്; അവയുടെ പകർപ്പുകൾ മേശപ്പുറത്തുവെക്കുമോ;

(എഫ്) പോലീസിൽനിന്നും മർദ്ദനമേറ്റെന്ന മഹിജയുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഹിജയെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) കേസ്സെടുത്തിട്ടില്ല.

(സി&ഡി) മഹിജയോടൊപ്പം വന്ന 5 പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. പോലീസ് ആസ്ഥാനത്തിനുമുമ്പിൽ 5-4-2017-ാം തീയതി, മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ നടത്തിയ സമരത്തിനിടയിലുണ്ടായ സംഘർഷം

സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/2017 u/s 120(B), 143, 147, 149, 283, 353 IPV & Sec. 39 r/w 121 of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളായി (1) കെ.എം. ഷാജഹാൻ, S/o മുഹമ്മദാലി (2) മിനി, D/o സാവിത്രി (3) ഷാജിർഖാൻ, S/o ഹനീഫ (4) ശ്രീകുമാർ S/o സുധാകരൻ (5) ഹിമവൽ മഹേശ്വര ഭദ്രാനന്ദ S/o ഹേമചന്ദ്രൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട ഒരു എഫ്.ഐ.ആർ. എടുത്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) പോലീസിൽനിന്നും മർദ്ദനമേറ്റെന്ന മഹിജയുടെ പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല.

**കൊച്ചുൺ അന്താരാഷ്ട്ര സമ്മേളനവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ**

104 (2948) ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ സുരക്ഷാ വിഷയത്തിൽ കേരളാ പോലീസ് സംഘടിപ്പിച്ച കൊക്കൂൺ അന്താരാഷ്ട്ര സമ്മേളനത്തിൽ ക്രമക്കേട് നടന്നുവെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സമ്മേളനം പോലീസിന്റെ ഔദ്യോഗിക പരിപാടിയായിരുന്നോ; ഏതെല്ലാം സർക്കാരിതര സംഘടനകളുടെ സഹായത്താലാണ് പരിപാടി സംഘടിപ്പിച്ചത് എന്ന് അറിയിക്കാമോ;

(സി) സമ്മേളന നടത്തിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് എന്തെല്ലാം തരത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയതെന്നും; അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സൈബർ സുരക്ഷാ വിഷയത്തിൽ കേരളാ പോലീസ് സംഘടിപ്പിച്ച കൊക്കൂൺ അന്താരാഷ്ട്ര സമ്മേളനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രമക്കേടുകളൊന്നും വിജിലൻസ് നടത്തിയ രഹസ്യാന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സമ്മേളനം സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെ അംഗീകാരത്തോടെ ഔദ്യോഗിക പരിപാടിയായിരുന്നു. പോലീസും, ഐ.റ്റി. മിഷനും, ഇൻഫർമേഷൻ സെക്യൂരിറ്റി റിസർച്ച് അസോസിയേഷനും (ISRA) ചേർന്നാണ് കൊക്കൂൺ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചിട്ടുള്ളത്.

(സി) ബാധകമല്ല.

## എ.ഡി.ജി.പി. ടോമിൻ ജെ. തച്ചങ്കരിക്കെതിരെ മുൻ മന്ത്രി നൽകിയ പരാതിയിന്മേലുള്ള അന്വേഷണം

105 (2949) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻമന്ത്രി റ്റി.എൻ. ബാലകൃഷ്ണനെതിരെ രഹസ്യയോഗത്തിൽ മോശം പരാമർശം നടത്തിയ എ.ഡി.ജി.പി. ടോമിൻ ജെ. തച്ചങ്കരിക്കെതിരെ മുൻ മന്ത്രി നൽകിയ പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) വകുപ്പുതല അന്വേഷണത്തിൽ തച്ചങ്കരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയിരുന്നോ;

(സി) എങ്കിൽ അദ്ദേഹത്തെ കുറ്റവിമുക്തനാക്കി ഉത്തരവിറക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്. കൺസ്യൂമർ ഫെഡിന്റെ മാനേജിംഗ് ഡയറക്ടറായിരിക്കെ അന്നത്തെ സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സി. എൻ. ബാലകൃഷ്ണനെതിരായി ഒരു രഹസ്യ യോഗത്തിൽ മോശമായ പരാമർശങ്ങൾ നടത്തിയെന്ന മന്ത്രിയുടെ പരാതിയെത്തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനം കൈക്കൊള്ളുകയും ഇതിന്റെ ഭാഗമായി ടിയാന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും ടിയാൻ വിശദീകരണം നൽകുകയുമുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം 27-3-2017-ലെ സ.ഉ.(സാധാ) 1987/17/പൊ.ഭ.വ. പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ, ഭാവിയിൽ ഔദ്യോഗിക കാര്യങ്ങളിന്മേൽ അഭിപ്രായം പ്രകടിപ്പിക്കുമ്പോൾ നിയന്ത്രണം പാലിക്കേണ്ടതാണെന്ന കർശന നിർദ്ദേശത്തോടു കൂടി, അവസാനിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

## യു.എ.പി.എ. ചുമത്തിയ കേസുകളുടെ പുനഃപരിശോധന

106 (2950) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ, കുട്ടികളുടെ നേർക്കുണ്ടായ പീഡനങ്ങൾ, തന്മൂലമുണ്ടായ മരണങ്ങൾ, ഇനിയും കാരണം കണ്ടെത്താനാവാത്ത മരണങ്ങൾ എന്നിവ എത്രയാണ്; ഓരോന്നും ജില്ലതിരിച്ച് പൂർണ്ണമായ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇക്കാലയളവിൽ പോലീസ് എത്രപേർക്കെതിരെ യു.എ.പി.എ. ചുമത്തിയിട്ടുണ്ട്; ആർക്കെല്ലാമെതിരെ ; കാരണമെന്ത് ; വ്യക്തമാക്കുമോ;

(സി) യു.എ.പി.എ. ചുമത്തിയ കേസുകൾ പുനഃപരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിൽനിന്നും ആയത് ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) രാഷ്ട്രീയ കൊലപാതക കേസുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (എ)-യിൽ ചേർത്തിരിക്കുന്നു.* കുട്ടികളുടെ നേർക്കുണ്ടായ പീഡനങ്ങളെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (ബി)-യിൽ ചേർത്തിരിക്കുന്നു.*

(ബി) 28 കേസ്സുകളിലായി 106 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (സി)-യിൽ ചേർത്തിരിക്കുന്നു.*

(സി) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച്, സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ റിവ്യൂ നടത്തിയിട്ടുള്ളതാണ്. ഇതിൽ ചില കേസ്സുകൾ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി കേസ്സുകളിൽനിന്നും യു.എ.പി.എ. വകുപ്പ് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 4 കേസ്സുകളിൽനിന്നും യു.എ.പി.എ. വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾ**

107 (2951) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ തേടി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) നാദാപുരം, എടച്ചേരി, വളയം കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ താമസിച്ചുവരുന്നുണ്ട്; അവരുടെ താമസകേന്ദ്രം സ്റ്റേഷൻ തിരിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയിതിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 13/2009 പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷന തിർത്തികളിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോയും തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ഉൾപ്പെടെ ബയോഡാറ്റയും വിരലടയാളവും അതത് സ്റ്റേഷനുകളിൽ ശേഖരിച്ച് Migrant Labour Register-ൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. പുതുതായി വരുന്ന തൊഴിലാളികളുടെ ഇത്തരത്തിലുള്ള വിവരങ്ങൾ എത്രയും പെട്ടെന്ന് സ്റ്റേഷനിൽ സമർപ്പിക്കുന്നതിനായി തൊഴിൽ ഏജന്റുമാർക്കും തൊഴിലുടമകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ 'ഇ-രേഖ' എന്ന മൊബൈൽ ആപ്ലിക്കേഷൻ സിസ്റ്റം ഉപയോഗിച്ച് വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നാദാപുരം, എടച്ചേരി, വളയം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിച്ചുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണവും അവരുടെ താമസകേന്ദ്രം സംബന്ധിച്ചുള്ള വിവരങ്ങളും സ്റ്റേഷൻ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എടച്ചേരി സ്റ്റേഷനിൽ 4 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാദാപുരം, വളയം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് ഇതുവരെ കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**അമിതവേഗംമൂലമുള്ള അപകടം ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ**

108 (T* 2952) <u>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത വേഗതയിൽ ഓടുന്ന ലോറികളും ടിപ്പർ ലോറികളും സംസ്ഥാനത്ത് നിരവധി അപകട മരണങ്ങൾക്ക് കാരണമാകുന്ന സാഹചര്യം പരിശോധിക്കുമോ;

(ബി) 2012 ജനുവരി മുതൽ ഓരോ ജില്ലയിലും ലോറികളും ടിപ്പർ ലോറികളും ഉണ്ടാക്കിയ അപകടമരണങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാക്കുമോ;

(സി) ഇതിൽ എത്ര ഡ്രൈവർമാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ടെന്നും ലൈസൻസും ശരിയായ രേഖകളും ഇല്ലാത്ത എത്ര വാഹനങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ശരിയായ രേഖകൾ ഇല്ലാത്തവരുടെ പേരിൽ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിലെ നിലവിലെ നിയമം അനുസരിച്ച് നടപടി സ്വീകരിക്കുമോ;

(ഇ) അപകടം ഒഴിവാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) പരിശോധിച്ചുവരുന്നു.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിലെ നിലവിലുള്ള നിയമം അനുസരിച്ച് കർശന നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ലോറികളുടെയും ടിപ്പർ ലോറികളുടെയും അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തിരക്കേറിയ സമയങ്ങളിൽ (പീക്ക് ടൈം) ടിപ്പർ ലോറികൾക്ക് രാവിലെ 9 മണി മുതൽ 10 മണിവരെയും വൈകിട്ട് 4 മുതൽ 5 മണിവരെയും നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും പ്രവേശിക്കുന്നത് തടഞ്ഞിട്ടുണ്ട്. നിരീക്ഷണ ക്യാമറകളിലൂടെയും സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ, വേഗപ്പൂട്ട് മുതലായ ആധുനിക സംവിധാനങ്ങളുടെയും ട്രാക്കിംഗ് പോയിന്റ് ഡ്യൂട്ടിക്കാരുടെയും സഹായത്തോടെ ലോറികളുടെയും ടിപ്പർ ലോറികളുടെയും അമിതവേഗതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. അമിത വേഗത്തിൽ ഓടിക്കുന്ന ഡ്രൈവർമാരുടെ പേരിൽ മോട്ടോർ വെഹിക്കിൾ (എം.വി.) ആക്ട് പ്രകാരം പിഴ ചുമത്തുകയും, മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കൂടാതെ അമിത വേഗതയ്ക്ക് കുറവ് വരുത്തുന്നതിനായി ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തിവരികയും ചെയ്യുന്നു.

**ലഹരിമരുന്ന് വിൽപ്പന തടയുന്നതിന് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്**

109 (2953) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മരുന്ന് വില്പനക്കാരെ പിടികൂടുന്നതിനായി സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് കഞ്ചാവ് വില്പന അടുത്തിടെ വർദ്ധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2017 ജനുവരി 1 മുതൽ ഇതുവരെ എത്ര കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തുവെന്നും എത്രപേരെ ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തുവെന്നും വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് അതിവിപുലമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി ഓരോ പോലീസ് സ്റ്റേഷന്റെ കീഴിലും ഒരു പോലീസ് സബ് ഇൻസ്പെക്ടറും 2 പോലീസുകാരും ഉൾപ്പെടുന്ന SOG (Specialized Operation Group) രൂപീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2017 ജനുവരി 1 മുതൽ 2-5-2017 വരെ 213.653 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുക്കുകയും, 807 പേരെ ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**വനിതാ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം**

110 (2954) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റ് ജൂണിൽ അവസാനിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുവരെ ഓരോ ബറ്റാലിയനിലും നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ജൂണിൽ അവസാനിക്കുമെന്ന് കാണിച്ച് നിവേദനങ്ങൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ബറ്റാലിയനുകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് നിയമനം നൽകിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ബറ്റാലിയൻ | ഒഴിവുകൾ |
|---|---|
| എസ്.എ.പി. | 88 |
| എം.എസ്.പി. | 76 |
| കെ.എ.പി. 1 | 26 |
| കെ.എ.പി. 2 | 37 |
| കെ.എ.പി. 3 | 13 |
| കെ.എ.പി. 4 | 74 |
| കെ.എ.പി. 5 | 56 |
| ആകെ | 370 |

(സി) വനിതാ ബറ്റാലിയനുവേണ്ടി പുതിയതായി സൃഷ്ടിച്ച 380 തസ്തികകളും വിഴിഞ്ഞം ഡിറ്റാച്ച്മെന്റ് യൂണിറ്റിനുവേണ്ടി പുതിയതായി സൃഷ്ടിച്ച 6 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 47 എൻ.ജെ.ഡി. ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ആകെ 433).

**ബ്ലേഡ് മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് നടപടി**

111 (2955) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയകൾ സജീവമായി പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണപ്പിരിവിന്റെ ഭാഗമായി അക്രമങ്ങൾ നടത്തുന്ന മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകളിൽ പോലീസുകാർ പ്രതികളാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബ്ലേഡ് മാഫിയകളിൽനിന്നും പണം കടമെടുക്കുന്നത് തടയുന്നതിനു വേണ്ടി സംസ്ഥാനത്തെ സഹകരണ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരെയും അനധികൃത ധനകാര്യ സ്ഥാപനങ്ങളെയും അനധികൃത ഇടപാടുകാരെയും നിരീക്ഷിക്കുകയും നിയമ വിരുദ്ധ സാമ്പത്തിക ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ സ്ഥാപനങ്ങളും വീടുകളും റെയ്ഡ് നടത്തി കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) ഉണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ ഇത്തരത്തിലുള്ള പ്രവണതകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരാതി ലഭിച്ചാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുകയും വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ഡി) ബ്ലേഡ് മാഫിയകളിൽ നിന്നും പൊതുജനങ്ങൾ പണം കടം എടുക്കുന്നത് തടയുന്നതിനുവേണ്ടി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

- അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം വായ്പ നൽകണം.
- ഉദാരമായ വ്യവസ്ഥകളിൽ വായ്പകൾ നൽകണം.
- വിവിധതരം വായ്പകളുടെ പരിധി വർദ്ധിപ്പിക്കണം.
- സഹകരണ സംഘം/ബാങ്കുകളിലെ പ്രവർത്തന സമയം ദീർഘിപ്പിക്കണം.
- തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ സൺഡേ ബാങ്കിംഗ് (Sunday Banking) നടപ്പിലാക്കണം.

**ചീമേനി തുറന്ന ജയിലിലെ ഗോമാതാ പൂജ**

112 (2956) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീമേനിയിലെ തുറന്ന ജയിലിൽ ഗോമാത പൂജ നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജയിൽ സൂപ്രണ്ടിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എവിടെ നിന്നാണ് പ്രസ്തുത ജയിലിന് പശുക്കളെ സംഭാവനയായി ലഭിച്ചത് ; ജയിലിൽ പശുക്കളെ സംഭാവനയായി വാങ്ങുന്നത് ചട്ടവിരുദ്ധമാണോ;

(സി) ഗോമാത പൂജയ്ക്ക് നേതൃത്വം നൽകിയവർ ആരെല്ലാമാണ് ; ജയിലിൽ മതാചാര പ്രകാരമുള്ള പൂജകൾ നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത വിഷയത്തിൽ ചീമേനി തുറന്ന ജയിൽ സൂപ്രണ്ട് ശ്രീ. എ.ജി. സുരേഷിനെ 20-3-2017-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 635/2017/ ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) കർണ്ണാടകയിലെ കാമദുക പദ്ധതിയിൽനിന്നും 2 പശുക്കളെയും ചെറുവത്തൂർ റോട്ടറി ക്ലബ്ബിൽനിന്നും 8 പശുക്കളെയുമാണ് ചീമേനി തുറന്ന ജയിൽ സൂപ്രണ്ട് സംഭാവനയായി സ്വീകരിച്ചത്. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 252-ന്റെ താഴെയുള്ള ഉപചട്ടം (4) പ്രകാരം വിശേഷാവസരങ്ങളിൽ ആഹാര പദാർത്ഥങ്ങൾ തടവുകാർക്ക് വിതരണം ചെയ്യുന്നതിനായി പുറത്തുള്ളവരിൽ നിന്ന് സ്വീകരിക്കുവാൻ മാത്രമേ സൂപ്രണ്ടിന് അനുമതി ഉള്ളൂ. അല്ലാത്ത സംഭാവനകൾ സ്വീകരിക്കുന്നതിന് വകുപ്പ് മേധാവിയുടെ അനുമതി ആവശ്യമാണ്.

(സി) കർണ്ണാടക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹോസ നഗര ശ്രീ. രാമചന്ദ്രപുര രാഘവേന്ദ്ര ഭാരതി സ്വാമികളും ശിഷ്യൻമാരുമാണ് കർണാടകയിലെ കാമദുക പ്രോജക്ടിൽ നിന്നും രണ്ടു പശുക്കളെ സംഭാവനയായി സ്വീകരിച്ച ചടങ്ങിൽ നേതൃത്വം നൽകിയത്. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 252 പ്രകാരം നിശബ്ദതയും അച്ചടക്കവും പാലിച്ചുകൊണ്ട് വിശ്രമ വേളയിലോ രാത്രിയിലെ ലോക്കപ്പിനു ശേഷമോ സൂപ്രണ്ട് രേഖാമൂലം നിശ്ചയിച്ച മറ്റ് സമയത്തോ മതപരമായ ഉപാസന നടത്തുന്നതിന് തടവുകാർക്ക് അനുമതിയുണ്ട്. എന്നാൽ ശബ്ദായമാനമായ അന്തരീക്ഷത്തിൽ നടത്തുന്നത് ഗുരുതരമായ ചട്ടലംഘനമാണ്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക**

113 (2957) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല, യൂണിറ്റ്, ഒഴിവുകൾ ഉണ്ടായ തീയതി എന്നിവയുടെ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ;

(ബി) ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണമെന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സദാചാര ഗുണ്ടായിസം അവസാനിപ്പിക്കുന്നതിന് നടപടി**

114 (2958) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ മറൈൻഡ്രൈവിൽ ശിവസേന നടത്തിയ സദാചാര ഗുണ്ടായിസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ആർക്കെങ്കിലും എതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; വിശദാംശം ലഭ്യമാക്കുമോ;

(സി) സദാചാര പോലീസ് ചമഞ്ഞുള്ള ഗുണ്ടായിസങ്ങൾ അവസാനിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 684/17/u/s 143, 147, 353, 354(A, 308, 506, 149 IPC പ്രകാരം 20 ശിവസേന പ്രവർത്തകർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ 11 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിലേയ്ക്ക് പൊതുനിരത്തുകൾ, പാർക്കുകൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുള്ളതും, മഫ്തിയിലും അല്ലാതെയും വനിതാ പോലീസിന്റെ അടക്കം സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവൃത്തികൾ റിപ്പോർട്ട് ചെയ്താൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പിങ്ക് പോലീസിന്റെ സേവനം മെച്ചപ്പെടുത്താൻ നടപടി

115 (2959) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി രൂപീകരിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പിങ്ക് പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ അഞ്ച് പ്രധാന നഗരങ്ങളിലും കണ്ണൂർ ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ കൂടി പിങ്ക് പട്രോൾ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സേവനത്തിനും സുരക്ഷയ്ക്കുമായി പിങ്ക് പോലീസ് പട്രോൾ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ കീഴിലുള്ള വാഹനങ്ങൾ രാവിലെ 8 മുതൽ രാത്രി 8 വരെ പട്രോളിംഗ് നടത്തി വരുന്നതും സ്ത്രീകൾക്കും കുട്ടികൾക്കും ഇവരുടെ സേവനത്തിനായി ടോൾ ഫ്രീ നമ്പർ ആയ 1515-ൽ ബന്ധപ്പെട്ട് പൊലീസ് സഹായം ആവശ്യപ്പെടാവുന്നതാണ്. പിങ്ക് പോലീസിന്റെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉചിതവും കാലാനുസൃതവുമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

## പോലീസ് വകുപ്പിന്റെ നവീകരണത്തിന് ചെലവഴിച്ച തുക

116 (2960) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ നവീകരണ പ്രവർത്തികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പ്ലാനിലും, നോൺ പ്ലാനിലുമായി 79,50,24,337 രൂപ ചെലവായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

## റാന്നി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കാൻ നടപടി

117 (2961) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സബ് ഡിവിഷനുകളുടെ എണ്ണം എത്രയാണ്; രണ്ടിലധികം പോലീസ് സബ് ഡിവിഷനുകൾ ഉള്ള ജില്ലകൾ ഏതൊക്കെയാണ്;

(ബി) ശബരിമല,പമ്പ എന്നിവിടങ്ങളിൽനിന്നും ഗവി ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നും ജനങ്ങൾ പോലീസ് സബ് ഡിവിഷൻ ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് പോകേണ്ടത് എത്ര ദൂരം സഞ്ചരിച്ചാണ്;

(സി) ഇവർക്കെല്ലാം സൗകര്യപ്രദമായ റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസ് സബ് ഡിവിഷനുകളുടെ എണ്ണം 58.

രണ്ടിലധികം സബ് ഡിവിഷനുകൾ ഉള്ള ജില്ലകൾ:

തിരുവനന്തപുരം സിറ്റി-4, തിരുവനന്തപുരം റൂറൽ -3, കൊല്ലം സിറ്റി-3, പത്തനംതിട്ട -3, ആലപ്പുഴ -4, ഇടുക്കി -3, കോട്ടയം -5, കൊച്ചി സിറ്റി-3, എറണാകുളം റൂറൽ -3, തൃശ്ശൂർ റൂറൽ -3, പാലക്കാട് -4, മലപ്പുറം -3, കോഴിക്കോട് റൂറൽ -3, കണ്ണൂർ-4.

രണ്ട് സബ് ഡിവിഷനുകൾ ഉള്ള ജില്ലകൾ:

കൊല്ലം റൂറൽ, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, വയനാട്, കാസർഗോഡ്.

(ബി) ശബരിമല സന്നിധാനത്ത് നിന്നും 75 കിലോമീറ്ററും പമ്പയിൽനിന്നും 70 കിലോമീറ്ററും ഗവിയിൽ നിന്നും 105 കിലോമീറ്ററും സഞ്ചരിച്ചാണ് പോലീസ് സബ് ഡിവിഷൻ സംബന്ധമായ ആവശ്യങ്ങൾക്ക് പത്തനംതിട്ട പോലീസ് സബ്ഡിവിഷനിൽ എത്തിച്ചേരുന്നത്.

(സി) റാന്നി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## പോലീസ് സ്റ്റേഷനുകൾ ജനങ്ങളെ ഭയചകിതരാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നിർദ്ദേശം

118 (2962) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷേൽ ഷാജി എന്ന പെൺകുട്ടിയെ കാണാനില്ല എന്ന പരാതിയുമായി എറണാകുളത്തെ മൂന്ന് പോലീസ് സ്റ്റേഷനുകളിൽ കയറിയിറങ്ങിയ രക്ഷിതാക്കൾക്ക് നേരിടേണ്ടി വന്ന ദുരനുഭവം സംസ്ഥാന പോലീസിന് കളങ്കം ഉണ്ടാക്കിയതായി കരുതുന്നുണ്ടോ;

(ബി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാകുന്നതിന് പകരം ജനങ്ങളെ ഭയചകിതരാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പോലീസ് അധികാരികൾ ശരിയായ രീതിയിൽതന്നെ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) മിഷേൽ ഷാജിയെ കാണാതായി എന്നു പറഞ്ഞ് വനിതാ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാത്തതിന് ഡബ്ല്യു.സി.പി.ഒ. ബീനാ ജോസഫിനേയും ഇതേ പരാതിയുമായി എറണാകുളം നോർത്ത് സ്റ്റേഷനിൽ ഹാജരായപ്പോൾ പരാതി കേട്ട് ആവശ്യമായ നിയമ നടപടി സ്വീകരിക്കാതെ കൃത്യവിലോപം കാണിച്ചു എന്നതിന് സീനിയർ സി.പി.ഒ. പ്രദീപിനേയും പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ നിന്നും ശിക്ഷാ നടപടികളുടെ ഭാഗമായി സ്ഥലം മാറ്റിയിട്ടുണ്ട്. ഇതിനുപുറമേ മിഷേൽ ഷാജിയെ കാണാതായ സംഭവ സ്ഥലം ഉൾപ്പെട്ട സെൻട്രൽ പോലീസ് സ്റ്റേഷനിൽ പരാതി സ്വീകരിച്ച് ആവശ്യമായ അന്വേഷണം നടത്തി എങ്കിലും തൽസമയം കേസ് രജിസ്റ്റർ ചെയ്യാത്ത കാര്യത്തിന്, ജി.ഡി. ചാർജ്ജിലുണ്ടായിരുന്ന സീനിയർ സി.പി.ഒ. അബ്ദുൾ ജലീലിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാനെതിരെയും എസ്.എച്ച്.ഒ. വിജയ ശങ്കറിനെതിരെയും വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക്, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നിവ നിലവിലുണ്ട്. കൂടാതെ പോലീസ് പൊതുജന ബന്ധം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ പരിശീലന പരിപാടികൾ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്.

(സി) സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീഴ്ച വരുത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

**അധികാര ദുർവിനിയോഗം നടത്തുന്ന പോലീസുദ്യോഗസ്ഥർ**

119 (2963) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളക്കേസ്സുകളിൽ കുടുക്കി പോലീസുകാർ നിരപരാധികളെ ജയിലിൽ അടക്കുന്ന പ്രവണത കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധികാര ദുർവിനിയോഗം നടത്തുന്ന പോലീസുദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് ഉദ്യോഗസ്ഥർ അധികാര ദുർവിനിയോഗം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ കർശനമായ വകുപ്പുതല നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കാറുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 249 പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മാധ്യമ പ്രവർത്തകരെ കൈവിലങ്ങ് അണിയിച്ചവർക്കെതിരെ നടപടി**

120 (2964) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രി രാജിവെക്കേണ്ടിവന്ന ഫോൺ സംഭാഷണം സംപ്രേഷണം ചെയ്ത കേസിൽ പ്രതികളായ മംഗളം ചാനൽ സി. ഇ. ഒ. ആർ. അജിത്കുമാർ, ജയചന്ദ്രൻ എന്നിവരെ തിരുവനന്തപുരം കോടതിയിൽ ഹാജരാക്കുവാൻ കൊണ്ടുവന്ന വേളയിൽ കൈവിലങ്ങ് അണിയിച്ചിരുന്നോ;

(ബി) കൊടും കുറ്റവാളികളല്ലാത്ത ആരെയും വിലങ്ങ് വയ്ക്കരുതെന്ന സുപ്രീം കോടതിയുടെ കർശന വ്യവസ്ഥ നിലനിൽക്കെ ഈ മാധ്യമപ്രവർത്തകരെ കൈവിലങ്ങ് അണിയിച്ചത് എന്ത് അടിസ്ഥാനത്തിലായിരുന്നു; അതിന് നിർദ്ദേശം നൽകിയത് ആരാണ്;

(സി) ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈവിലങ്ങ് അണിയിക്കുവാൻ നിർദ്ദേശം നൽകിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**പോലീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി**

121 (2965) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലിസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പരിചയക്കുറവുള്ള ഉദ്യോഗസ്ഥർ സ്റ്റേഷൻ ചുമതല വഹിക്കുന്നതുമൂലം പലപ്പോഴും കുറ്റാന്വേഷണത്തിൽ വീഴ്ചകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടുന്നവ എത്ര ഉണ്ടെന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ വർഷം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ, ശിക്ഷ ലഭിച്ച കേസ്സുകൾ എന്നിവയുടെ എണ്ണം അറിയിക്കാമോ?

ഉത്തരം

(എ) താൽക്കാലിക വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം, സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ, പുതിയ version കമ്പ്യൂട്ടറുകൾ ലഭ്യമാക്കൽ, ത്വരിതമായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലേയ്ക്കായി ഓൺലൈൻ സംവിധാനങ്ങൾ, പ്രൊജക്ടറുകൾ, ആൽക്കോമീറ്ററുകൾ, പോലീസിന്റെ സുരക്ഷയ്ക്കായി ബോഡി പ്രൊട്ടക്ടീവ് ഗിയർ പോലുള്ള സുരക്ഷാ ഉപകരണങ്ങൾ, ട്രാഫിക് റെഗുലേഷൻ കാര്യക്ഷമമാക്കാൻ പോലീസ് സ്റ്റേഷനുകളിൽ സ്പീഡ് റഡാർ പോലുള്ള അത്യാധുനിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ ഫിംഗർ പ്രിന്റ് സ്കാനറുകൾ, ഫർണിച്ചറുകൾ, സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുന്നതിനും സ്റ്റേഷനുകളിൽ അധിക സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനും സ്റ്റേഷനുകൾ അംഗപരിമിത സൗഹൃദമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2016-ൽ 7,18,422 കേസ്സുകൾ (IPC, SLL, Traffic കേസ്സുകൾ ഉൾപ്പെടെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3,13,906 കേസ്സുകളിന്മേൽ ശിക്ഷ നൽകിയിട്ടുണ്ട്.

**സദാചാര ഗുണ്ടായിസത്തിന് അറുതിവരുത്തുവാൻ ശക്തമായ നടപടികൾ**

122 (2966) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 16-ന് ഒരു സംഘം നടത്തിയ ക്രൂരമർദ്ദനത്തിൽ അരീക്കോട് രണ്ട് യുവാക്കൾക്ക് ഗുരുതരായി പരിക്കുപറ്റിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തു;

(ബി) ഈ സംഭവത്തിൽ പോലീസ് നിഷ്ക്രിയമായിരുന്നു എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും സദാചാര ഗുണ്ടായിസത്തിന് അറുതിവരുത്തുവാനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ടി സംഭവവുമായി ബന്ധപ്പെട്ട് അരീക്കോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 81/2017 U/S 142, 145, 147, 148, 283, 332, 323, 324, 353, 427, 308 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിൽ 4 പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും സദാചാര ഗുണ്ടായിസത്തിന് എതിരെയും പൊലീസ് കർശനമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**ലക്കിടി ലോ-കോളേജ് വിദ്യാർത്ഥിയെ മർദ്ദിച്ച കേസ്സിന്റെ അന്വേഷണം**

123 (2967) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്കിടി ലോ-കോളേജ് വിദ്യാർത്ഥിയായ ഷഹീർ ഷൗക്കത്തിനെ മർദ്ദിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാമാണ്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ്ജ് ചെയ്തിട്ടുള്ളത്?

<u>ഉത്തരം</u>

(എ&ബി) ലക്കിടി ലോ-കോളേജ് വിദ്യാർത്ഥിയായ ഷഹീൽ ഷൗക്കത്തിനെ മർദ്ദിച്ചത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം 204/2017 U/S 341, 342, 323, 306(i), 294(b), 365, 384 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ്സ് അന്വേഷണാവസ്ഥയിലുമാണ്. ടി കേസ്സിലെ പ്രതികൾ ചുവടെ പറയുന്നു:

(1) കൃഷ്ണദാസ്, S/o, പി.കെ. ദാസ്, (2) സഞ്ജിത്ത് കെ.വി. S/o, വിശ്വനാഥൻ, (3) സുചിത്ര, D/o, ജയറാം, (4) ശ്രീനിവാസൻ, S/o, ബാലചന്ദ്രൻ, (5) വത്സലകുമാർ, S/o ശങ്കരൻകുട്ടി നായർ, (6) പി. സുകുമാരൻ, S/o, ഗോപാലകൃഷ്ണൻ നായർ, (7) ഗോവിന്ദൻ കുട്ടി, S/o. സുധാകരൻ.

**പോലീസ് മെഡലിനുള്ള ലിസ്റ്റും റിപ്പോർട്ടും കേന്ദ്രസർക്കാരിന് കൈമാറുന്നതിലുണ്ടായ വീഴ്ച**

124 (2968) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 റിപ്പബ്ലിക് ദിനത്തിൽ പോലീസ് മെഡൽ പ്രഖ്യാപിച്ചപ്പോൾ പ്രസ്തുത മെഡൽ ലിസ്റ്റിൽ കേരളത്തിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പേരുകൾ ഉൾപ്പെട്ടിട്ടില്ലായെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ യഥാസമയം ഇത് സംബന്ധിച്ച് ലിസ്റ്റും റിപ്പോർട്ടും കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) മേലിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കൈമാറിയിട്ടുണ്ട്.

**പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റ് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് കമ്മിറ്റി**

125 (2969) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപോലീസിൽ 8500-ൽപ്പരം വാഹനങ്ങൾ ഡ്യൂട്ടിക്കായി ഉപയോഗിക്കുമ്പോൾ മൊബിലിറ്റിയുടെ പ്രധാന ഘടകമായ മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ, ഒരു ജില്ലയിൽ സാങ്കേതിക യോഗ്യതയുള്ള ഒരു ഓഫീസർ പോലും ഇല്ല എന്ന ഗുരുതരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത മേഖലയിലെ സാമ്പത്തികനഷ്ടം നികത്തുന്നതിനും ഈ യൂണിറ്റ് നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനും ഒരു മുതിർന്ന ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ച് ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**സ്കൂൾ കുട്ടികൾക്ക് നേരെയുണ്ടായ ലൈംഗികാതിക്രമ കേസ്സുകൾ**

126 (2970) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലയളവിൽ സ്കൂൾ കുട്ടികൾക്ക് നേരെയുണ്ടായ ലൈംഗികാതിക്രമ കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് നേരെയുണ്ടാകുന്ന ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി പുതുതായി എന്തെങ്കിലും പരിപാടിയോ പദ്ധതിയോ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏറ്റെടുത്ത കേസ്സുകൾ എത്ര**

127 (2971) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (എൻ.ഐ.എ.) രൂപീകരിച്ചതിനുശേഷം ഭീകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിലെ എത്ര കേസ്സുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ എത്ര കേസ്സുകൾ എൻ.ഐ.എ. സ്വമേധയാ ഏറ്റെടുത്തിട്ടുണ്ട് ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന പ്രകാരം എൻ.ഐ.എ. എത്ര കേസ്സുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 25 കേസ്സുകൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) 7 കേസ്സുകൾ എൻ.ഐ.എ. സ്വമേധയാ ഏറ്റെടുത്തിട്ടുണ്ട്.

(സി) 18 കേസ്സുകൾ.

**പോലീസിലെ വനിതാ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി**

128 (2972) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസിലെ വനിതാ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) സ്ത്രീ സുരക്ഷക്കായി വനിതാ പോലീസുകാരുടെ സേവനം കൂടുതൽ വിപുലമാക്കുമോ;

(ഡി) പോലീസ് സ്റ്റേഷനുകളിൽ പരാതിയുമായി ചെല്ലുന്ന വനിതകൾക്ക് സഹായം ലഭ്യമാക്കുന്നതിന് വനിതാ പോലീസുകാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവീൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ അഞ്ച് പ്രധാന നഗരങ്ങളിലും കണ്ണൂർ ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി പിങ്ക് പട്രോൾ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്.

(സി) പോലീസ് സ്റ്റേഷനുകളിൽ പരാതിയുമായി ചെല്ലുന്ന വനിതകൾക്ക് വനിതാ പോലീസുകാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ഹെൽപ്പ് ഡെസ്കുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രവർത്തിച്ചുവരുന്നു.

**എറണാകുളം ജില്ലാ പോലീസ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ**

129 (2973) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് പോലീസ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണ്; ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നു;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അനവസാനിക്കും എന്ന് വ്യക്തമാക്കാമോ; 2018 വരെയുള്ള ഒഴിവുകൾ ഇപ്പോൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ ട്രെയിനിംഗിനു ശേഷം ഒഴിവുകൾ നിലവിൽ വരുമ്പോൾ പോസ്റ്റ് ചെയ്യുവാൻ സാധിക്കു എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിനാൽ 2018 വരെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 21-6-2016-നു നിലവിൽ വന്ന ലിസ്റ്റിൽനിന്നും 217 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) റാങ്ക് പട്ടികയുടെ കാലാവധി വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ ടി പട്ടികയിൽനിന്നും അവസാനം നിയമന ശിപാർശ ലഭിച്ചവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസം വരെയും ഏതാണോ അവസാനം വരുന്നത് അതുവരെ ആയിരിക്കും. 2018 വരെയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

## നാദാപുരം കുനിയിൽ ശശീന്ദ്രൻ മകൻ അശ്വിൻ ലാലിനെ പോലീസ് ക്രൂരമായി മർദ്ദിച്ച കേസ്

130 (2974) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ പുറമേരിയിൽ വച്ച് കുനിയിൽ ശശീന്ദ്രൻ മകൻ അശ്വിൻ ലാലിനെ പോലീസ് അതിക്രൂരമായി മർദിച്ച കേസിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) പ്രതികൾക്കെതിരെ നടപടി വൈകാനുള്ള കാരണം വിശദമാക്കാമോ ;

(സി) പരാതിക്കാരൻ പട്ടികജാതിയിൽപ്പെട്ട ആളായത് കൊണ്ടാണ് കേസ് രജിസ്റ്റർ ചെയ്യാത്തത് എന്ന ആക്ഷേപം ശരിയാണോ ?

(ഡി) പട്ടികജാതിയിൽപ്പെട്ട ആളെ മർദ്ദിച്ചാൽ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അശ്വിൻ ലാൽ S/o. ശശീന്ദ്രൻ കുനിയിൽ വീട്ടിൽ കുനിങ്ങാട് എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിനായി നാദാപുരം ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തുകയും പ്രസ്തുത പരാതിയെപ്പറ്റി നാദാപുരം ഡിവൈ.എസ്.പി. നടത്തിയ അന്വേഷണത്തിൽ 27-12-2016-ന് പുറമേരി കടത്തനാട്ട് രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ പുറമേരി ഫെസ്റ്റ് എന്ന പേരിൽ കാർണിവൽ നടന്ന് വരവെ രാത്രി 11 മണിയോടുകൂടി ഗ്രൗണ്ടിൽ ബഹളം നടക്കുന്നുണ്ട് എന്ന വിവരം ലഭിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ പോലീസ് സംഘം ടി ഗ്രൗണ്ടിൽ അക്രമാസക്തമായി കൂട്ടംകൂടി നിന്ന ആളുകളോട് പിരിഞ്ഞു പോകാൻ ആവശ്യപ്പെട്ടിട്ടും പിരിഞ്ഞു പോകാത്തതിനാൽ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി അക്രമാസക്തരായി കൂട്ടംകൂടി നിന്ന ആളുകളെ മതിയായ ബലം പ്രയോഗിച്ച് പിരിച്ച് വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിവായിട്ടുണ്ട്. എന്നാൽ പരാതിക്കാരനായ അശ്വിൻലാൽ എന്നയാളെ വിരോധംവച്ച് ദേഹോപദ്രവം ഏൽപ്പിച്ചിട്ടില്ല എന്നും പോലീസ് ഔദ്യോഗിക കൃത്യനിർവ്വഹണം ചെയ്യുക മാത്രമേ ഉണ്ടായിട്ടുള്ളു എന്നും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(സി) ശരിയല്ല.

(ഡി) പട്ടികജാതിയിൽപ്പെട്ട ആളുകളെ മർദ്ദിച്ചതായ സംഭവങ്ങളിൽ ചെയ്ത കുറ്റങ്ങൾ അനുസരിച്ചുള്ള ബന്ധപ്പെട്ട വകുപ്പുകൾ കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്.

## നാദാപുരം മണ്ഡലത്തിൽ ആർ.എസ്.എസ്.-ന്റെ ആയുധപരിശീലനം

131 (2975) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ആർ.എസ്.എസ് ആയുധപരിശീലനം നൽകി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) സമാനമായി മതത്തിന്റെ പേരിൽ കേന്ദ്രീകരിച്ച് മറ്റാരെങ്കിലും മണ്ഡലത്തിൽ ആയുധപരിശീലനം നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ കായിക-ആയുധ പരിശീലനം ലഭിച്ചവരുടെ സാമൂഹിക ബന്ധങ്ങൾ നിരീക്ഷിച്ച് വരുന്നുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2011-ലെ കേരളാ പോലീസ് ആക്ടിലെ വകുപ്പ് 73 പ്രകാരം കായിക പരിശീലനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കായിക-ആയുധ പരിശീലനം ലഭിച്ചവരുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ സംസ്ഥാന രഹസ്യ പോലീസും, ജില്ലാ പോലീസും നിരന്തരം നിരീക്ഷിച്ചുവരുന്നു. സാമൂഹ്യ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന സാഹചര്യം ഉണ്ടായാൽ അവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## തലസ്ഥാനം കേന്ദ്രീകരിച്ച് ലഹരി മരുന്ന് മാഫിയകൾ നടത്തുന്ന പ്രവർത്തനം

132 (2976) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനം കേന്ദ്രീകരിച്ച് ലഹരി മരുന്ന് മാഫിയകൾ നടത്തുന്ന പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ലഹരിമരുന്ന് വില്പനയും മോഷണവും തടയുന്നതിനായി തലസ്ഥാനം കേന്ദ്രീകരിച്ച് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് സജ്ജീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിന്റെ പ്രാരംഭനടപടി എന്ന നിലയിൽ ഷാഡോ പോലീസിനെ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തലസ്ഥാനം കേന്ദ്രീകരിച്ച് ലഹരി മരുന്ന് മാഫിയകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ലഹരിവസ്തുക്കളുടെ വിപണനവും വ്യാപനവും തടയുന്നതിലേയ്ക്കായി റെയ്ഡുകളും പരിശോധനകളും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിനായി തിരുവനന്തപുരം നഗരത്തിലെ പോലീസ് അസി. കമ്മീഷണർ, നാർക്കോട്ടിക് സെല്ലിന്റെ കീഴിൽ 2 സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നഗരത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽനിന്നും രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് സജ്ജീകരിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പിലെ അംഗങ്ങൾ സ്റ്റേഷനതിർത്തിയിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നവരെയും, വിൽപ്പന നടത്തുന്ന സ്ഥലങ്ങളും, ഉപയോഗിക്കുന്നവരേയും പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് പോലീസ് സ്റ്റേഷൻ മുഖേനയും നാർക്കോട്ടിക് സെൽ മുഖേനയും റെയ്ഡുകൾ നടത്തി കുറ്റവാളികൾക്കെതിരെ NDPS Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മോഷണം തടയുന്നതിനായി ഷാഡോ പോലീസിന്റെ സേവനവും, എല്ലാ പോലീസ് സ്റ്റേഷനുകളിലും നൈറ്റ് പട്രോളിംഗ് എന്നിവയും നടത്തി വരുന്നുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റോപ്പുകൾ അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഷാഡോ പോലീസിനെ വിന്യസിപ്പിച്ച് ശക്തമായ നിരീക്ഷണങ്ങൾ നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുവാനും അവ തടയുവാനും ഉള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**മൂന്നാറിൽ ട്രാഫിക് ബ്ലോക്ക്**

133 (T*2977) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ വിനോദ സഞ്ചാരികളുടെ തിരക്കുമൂലം അനുഭവപ്പെടുന്ന ട്രാഫിക് ബ്ലോക്കുകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിച്ച് ട്രാഫിക് ബ്ലോക്കുകൾക്ക് പരിഹാരം കാണുമോയെന്ന് വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ-സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ പാലങ്ങൾ നിർമ്മിച്ചിട്ടുള്ളതും തിരക്കുള്ള സമയങ്ങളിൽ വൺവേ സംവിധാനം ഏർപ്പെടുത്തിയും പ്രധാനപ്പെട്ട റോഡുകളിൽ ഡിവൈഡറുകൾ സ്ഥാപിച്ചും അനധികൃത പാർക്കിംഗിന് എതിരെ നടപടികൾ സ്വീകരിച്ചും പോലീസിനെയും ഹോംഗാർഡുകളേയും ട്രാഫിക് നിയന്ത്രണത്തിനായി നിയോഗിച്ച് ഗതാഗതക്കുരുക്ക് നിയന്ത്രിച്ചുവരുന്നു.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

134 (2978) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളിൽ മരിച്ച ആളുകളുടെ വിശദാംശങ്ങൾ (പേരും അഡ്രസ്സും സഹിതം) വെളിപ്പെടുത്തുമോ;

(ബി) ഇതു പ്രകാരം എത്ര കേസുകൾ നിലവിൽ ഉണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) ഇതിലെ വാദികളും പ്രതികളും ആരെല്ലാമാണെന്ന് അഡ്രസ്സ് സഹിതം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ-സി) 12 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. 11 കേസുകൾ നിലവിലുണ്ട്.

| ജില്ല | | കേസുകളുടെ എണ്ണം |
|---|---|---|
| കൊല്ലം | - | 1 |
| കോട്ടയം | - | 1 |
| പാലക്കാട് | - | 1 |
| കോഴിക്കോട് | - | 2 |
| കണ്ണൂർ | - | 6 |

(വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അക്രമസമരം നടത്തുന്നവർക്കെതിരെ കർശന നടപടി**

135 (2979) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ന്യൂമാൻസ് കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ നടത്തിയ ഉപരോധം അക്രമാസക്തമാവുകയും പ്രിൻസിപ്പലിന്റെ ഓഫീസ് റൂം അടിച്ചുതകർക്കുകയും ചെയ്ത സംഭവത്തിൽ എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു; എത്രപേരെ അറസ്റ്റ് ചെയ്തു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരും, ഇടതുപക്ഷ യുവജനസംഘടനയിൽപ്പെട്ടവരും അടിച്ചുതകർത്തിട്ടുണ്ട്; അക്രമികൾക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) അക്രമസമരം നടത്തുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതിനും, അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 681/2017 u/s 143, 147, 451, 506(1), 342, 427 r/w 149 IPC ആയി കണ്ടാലറിയാവുന്ന 30 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും 3 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

(ബി) 6 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമരത്തോടനുബന്ധിച്ച് സംഘർഷം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 8 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 33 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ജനാധിപത്യപരമായ സമരങ്ങളെ അംഗീകരിച്ചുകൊണ്ടുതന്നെ അക്രമ സംഭവങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

**സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല ഇൻസ്പെക്ടർ റാങ്കിലേക്ക് ഉയർത്തുന്ന നടപടി**

136 (2980) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല സബ് ഇൻസ്പെക്ടർ എന്നതിനു പകരം ഇൻസ്പെക്ടർ റാങ്കിലേക്ക് ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സ്റ്റേഷൻ ഹൗസ് ഓഫീസർ തസ്തിക ഇൻസ്പെക്ടർ റാങ്കിലേക്ക് ഉയർത്തുന്ന മുറയ്ക്ക് ക്രമസമാധാനം, കുറ്റാന്വേഷണം എന്നിവ പ്രത്യേക വിഭാഗമായി തിരിച്ച് സബ് ഇൻസ്പെക്ടർമാരുടെ ചുമതലയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്റ്റേഷൻ റൈറ്റർ, പി.ആർ.ഒ. എന്നീ തസ്തികകൾ എസ്.ഐ. റാങ്കിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

**ഓപ്പറേഷൻ കുബേര**

137 (2981) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര നിലവിലുണ്ടോ; എങ്കിൽ വട്ടിപ്പലിശയ്ക്ക് പണം കൊടുക്കുന്ന എത്ര സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കുമെതിരെ കഴിഞ്ഞ പതിനൊന്ന് മാസത്തിനിടയിൽ നടപടി സ്വീകരിച്ചുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടിയിൽ സുരേഷ് കുമാറും കുടുംബവും ആത്മഹത്യ ചെയ്ത സംഭവം ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലമാണോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സമീപകാലത്ത് സംസ്ഥാനത്തുണ്ടായ കൂട്ട ആത്മഹത്യകൾ ബ്ലേഡ് മാഫിയയുടെ ഭീഷണിമൂലം ആണെന്ന വസ്തുത പരിഗണിച്ച് ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്. വട്ടിപ്പലിശയ്ക്ക് പണം കടം കൊടുക്കുന്ന 8 സ്ഥാപനങ്ങൾക്കും, 161 വ്യക്തികൾക്കുമെതിരെ കഴിഞ്ഞ 11 മാസത്തിനിടയിൽ നടപടി സ്വീകരിക്കുകയും, 90 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

(ബി) മുൻസർക്കാരിന്റെ കാലത്ത് 210 സ്ഥാപനങ്ങൾക്കെതിരെയും, 3938 വ്യക്തികൾക്കെതിരെയും നടപടി സ്വീകരിച്ചു.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ ക്രൈം 268/17/u/s 302, 307, r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(ഡി) ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ഉത്തരവാദികളാകുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## കൊയിലാണ്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

138 (2982) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും ട്രാഫിക്ക് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും വിവിധ കേസുകളിൽ കസ്റ്റഡിയിലുള്ളതും പിടിച്ചിട്ടിരിക്കുന്നതുമായ എത്ര വാഹനങ്ങൾ ഉണ്ട് എന്നും ഇവ ഓരോന്നും എത്ര കാലമായി കസ്റ്റഡി യിലുള്ളതാണെന്നും വിശദമാക്കാമോ;

(ബി) അഞ്ച് വർഷവും അതിൽ കൂടുതലും കാലമായി പോലീസ് സ്റ്റേഷനിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ എത്രയുണ്ട്;

(സി) ഈ സ്റ്റേഷനുകളിൽ, തുരുമ്പെടുത്ത് നശിച്ചുപോയിട്ടുള്ള അനേകം വാഹനങ്ങളുടെ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നീക്കംചെയ്ത് സ്റ്റേഷൻ പരിസരം വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും കൊയിലാണ്ടി ട്രാഫിക് യൂണിറ്റിലുമായി വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത 91 വാഹനങ്ങൾ സൂക്ഷിച്ചു വരുന്നുണ്ട്. 2009 വർഷം മുതലുള്ള വാഹനങ്ങൾ ഇങ്ങനെ സൂക്ഷിച്ചു വരുന്നുണ്ട്.

(ബി) 14.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹനങ്ങൾ നീക്കം ചെയ്ത് കൊയിലാണ്ടി അരിക്കുളത്തുള്ള ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സിൽ (എ.ആർ. ക്യാമ്പ്) സൂക്ഷിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

## കാസർഗോഡ് സ്വദേശി മഞ്ചേഷിന്റെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

139 (2983) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉദുമ പഞ്ചായത്ത് മുദിയക്കാൽ സ്വദേശി മഞ്ചേഷ് വയനാട് വൈത്തിരിയിലെ വൈത്തിരി വില്ലേജ് ലക്ഷ്വറി സ്പാ റിസോർട്ടിൽ 18-7-2015-ൽ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണം സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് പരേതന്റെ അമ്മയും മഞ്ചേഷ് ആക്ഷൻ കമ്മിറ്റി കൺവീനറും തന്നിട്ടുള്ള ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേസ് ആരാണ് അന്വേഷിക്കുന്നതെന്നും അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരണപ്പെട്ട മഞ്ചേഷിന്റെ അമ്മയും ആക്ഷൻ കമ്മിറ്റി കൺവീനറും സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ ക്രൈംബ്രാഞ്ചിനെ അന്വേഷണം നടത്തുവാൻ ചുതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 333/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. മഞ്ചേഷിന്റെ അമ്മ ടി കേസിന്റെ അന്വേഷണം സി.ബി.സി.ഐ.ഡി.-ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച W.P(C) No. 39209/15-മേൽ തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതിനാൽ അന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് ബന്ധപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടില്ല.

## സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാത്ത പോലീസ് ഉദ്യോഗസ്ഥർക്കുമേൽ പിഴ

140 (2984) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാത്ത പോലീസ് ഉദ്യോഗസ്ഥർക്കുമേൽ പിഴ ചുമത്തണമെന്നുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് സമയപരിധിയും പിഴയും നിശ്ചയിച്ചിട്ടുള്ളത്;

(സി) ഈ ശിപാർശ നടപ്പിലാക്കുന്നതിനെക്കുറിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചു വരുന്നു.

## സ്കൂളുകളിലെ എസ്.പി.സി.-ക്ക് ഗ്രാന്റ് അനുവദിക്കുന്നതിലെ കാലതാമസം

141 (2985) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ എസ്.പി.സി.-ക്ക് ഗ്രാന്റ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം (2016-17) രണ്ട് ഗഡുക്കളായിട്ടാണ് എസ്.പി.സി. പദ്ധതിക്കുള്ള ധനസഹായം അനുവദിച്ചത്. പദ്ധതി വിഹിതം പോലീസ് നവീകരണ പദ്ധതിയിൽ പ്ലാൻ വിഹിതമായിട്ടാണ് സർക്കാർ അനുവദിക്കുന്നത്. നിലവിൽ SPC-ക്കുള്ള മുഴുവൻ തുകയും (10.7 കോടി രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി അടിയന്തരമായി അനുവദിക്കേണ്ട തുക 5 കോടി ആദ്യ ഗഡുവായും തുടർന്ന് സാമ്പത്തിക വർഷത്തിന്റെ അന്ത്യത്തിൽ അടുത്ത ഗഡുവായി 5.7 കോടി രൂപയും അനുവദിക്കുകയുണ്ടായി. ടി തുക സ്കൂളുകളിൽ കാലതാമസം ഇല്ലാതെ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**സർക്കാർ വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ കർമ്മ പദ്ധതി**

142 (2986) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത രീതിയിലുള്ള സൈബർകുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എ.റ്റി.എം. കവർച്ചകൾ സംസ്ഥാനത്ത് വ്യാപകമാകുന്നതിന്റെ കാരണങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ നിർദ്ദേശ പ്രകാരം (CERT) കേരളയുടെ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയതിനുശേഷമാണ് കേരള പോലീസ് വെബ്സൈറ്റുകൾ സർക്കാരിന്റെ ഡാറ്റാ സെന്ററുകളിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ഡാറ്റാ സെന്റർ നൽകിയിട്ടുള്ള എല്ലാ സെക്യൂരിറ്റിയും കേരളാ പോലീസ് വെബ്സൈറ്റുകൾക്കും ലഭ്യമാണ്. വെബ്സൈറ്റുകൾ ഡാറ്റാ സെന്റർ 2-ൽ ഹോസ്റ്റ് ചെയ്യുന്നതിനു മുന്നോടിയായി സുരക്ഷ ഓഡിറ്റ് നിർബന്ധമാക്കുകയും സുരക്ഷാ പാളിച്ചകൾ കണ്ടുപിടിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തുവരുന്നു. വെബ്സൈറ്റിലെ തെറ്റായ സിസ്റ്റം കോൺഫിഗറേഷൻ, സോഫ്റ്റ്‌വെയർ വൈകല്യങ്ങൾ, സുരക്ഷാ ബലഹീനത, വെബ് ആപ്ലിക്കേഷൻ കുറവുകൾ എന്നിവ ഉൾപ്പെടെയുള്ള സുരക്ഷാ പ്രശ്നങ്ങൾ സുരക്ഷ ഓഡിറ്റ് നടത്തുക വഴി കണ്ടെത്തുവാൻ സാധിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സെർട്ട്-കെ സാങ്കേതിക ശിപാർശകളും ഉപദേശങ്ങളും നൽകുന്നു. സുരക്ഷാ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തിയിട്ടുള്ള വെബ്സൈറ്റുകൾക്ക് മാത്രമാണ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്യാൻ അനുവദിക്കാറുള്ളത്.

ഡാറ്റാ സെന്റർ I-ൽ ഹോസ്റ്റ് ചെയ്തിരിക്കുന്ന വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ/ പ്ലാറ്റ്ഫോമുകളുടെ പോരായ്മകൾ മനസ്സിലാക്കി സുരക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സ്വാഭാവികമായി ഉണ്ടാകുന്ന കവർച്ചാ ശ്രമങ്ങളാണ് എ.റ്റി.എം. കൗണ്ടറുകളിൽ ഉണ്ടാകുന്നത്. വ്യാപകമാകുന്ന എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് എ.റ്റി.എം. കവർച്ച തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എ.റ്റി.എം. സെന്ററുകളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കാനും സുരക്ഷാ ജീവനക്കാരെ നിയമിക്കാനും ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ എ.റ്റി.എം. സെന്ററുകൾ ഇരിക്കുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്.

**കാസർഗോഡ് റിയാസ് മൗലവി കൊലക്കേസ്**

143 (2987) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-3-2017-ന് കാസർഗോഡ് നടന്ന റിയാസ് മൗലവി കൊലപാതകത്തിനു പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തരത്തിലുള്ള ഗൂഢാലോചനയാണ് നടന്നതെന്നും ആരെല്ലാമാണ് ഗൂഢാലോചനയിൽ പങ്കെടുത്തതെന്നും വ്യക്തമാക്കാമോ;

(സി) ഗൂഢാലോചനയ്ക്ക് കേസ്സെടുത്തിട്ടുണ്ടോ; ഗൂഢാലോചനയിൽ പങ്കെടുത്തവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) 20-3-2017-ന് കാസർഗോഡ് നടന്ന റിയാസ് മൗലവി കൊലപാതകം സംബന്ധിച്ച കേസ്സ് അന്വേഷണാവസ്ഥയിലാണ്. കേസ്സന്വേഷണം പൂർത്തിയായാൽ മാത്രമേ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളും വെളിവാകുകയുള്ളൂ.

(സി) ഗൂഢാലോചനയ്ക്ക് കേസ്സെടുത്തിട്ടില്ല.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

144 (2988) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.
2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.
3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.
4. സാമൂഹിക തിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.
5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെ പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.
7. വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം,പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക.
8. സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.
9. സ്വഭാവ ശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തി പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
10. സമൂഹത്തിന്റെ സർവ്വോൻമുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡ് നിയോഗിച്ച കമ്മിറ്റിയും, കെ.പി.എം.ജി. കൺസൾട്ടൻസിയും ഇതു സംബന്ധിച്ച് ഇംപാക്ട് സ്റ്റഡികൾ നടത്തി വിവിധ നിർദ്ദേശങ്ങൾ/ശിപാർശകൾ നൽകിയിട്ടുണ്ട്. ഇതിനു പുറമെ പ്രതിമാസ അവലോകന വീഡിയോ കോൺഫറൻസുകളും, ജില്ലാതല/സ്കൂൾതല അവലോകനങ്ങളും ഉപദേശക സമിതികൾ മുഖേന നടത്താറുണ്ട്.

(സി) തിരുവനന്തപുരം റൂറൽ ജില്ലയിൽ 38 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*). ഇതിൽ വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

145 (2989) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) പുതിയ അദ്ധ്യയന വർഷത്തിൽ എത്ര സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കും; അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 44 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു).* ഇതിൽ കൊല്ലം നിയോജക മണ്ഡലത്തിലെ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ അദ്ധ്യയന വർഷം 100 സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേകിച്ച് തുക ഒന്നും വകയിരുത്തിയിട്ടില്ല.

(സി) എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് സർക്കാർ ഉത്തരവ് നമ്പർ (കൈ)214/2012/ആഭ്യന്തരം, തീയതി 4-8-2012 അനുസരിച്ച് 5% ഗ്രേസ് മാർക്ക് നൽകി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പ്രവർത്തനം

146 (2990) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സംവിധാനം നിലവിൽ വന്ന ശേഷം വിദ്യാർത്ഥികളിൽ അത് ഉണ്ടാക്കിയ സ്വാധീനത്തെ കുറിച്ചും അവരുടെ അച്ചടക്ക നിലവാരത്തിലുണ്ടായ വ്യത്യാസത്തെക്കുറിച്ചും സാമൂഹ്യബോധ നിലവാരത്തിലുണ്ടായ മാറ്റത്തെക്കുറിച്ചും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ എത്ര സ്കൂളുകളിലാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയതായി എത്ര സ്കൂളുകളിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് തീരുമാനമെടുത്തിട്ടുള്ളത്?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പഠനം നടത്തിയിട്ടുണ്ട്.

(സി) നിലവിൽ 574 സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ അദ്ധ്യയന വർഷം 100 സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## പോലീസിന്റെ വാട്ടർ കാനനിൽ കുടിവെള്ളം നിറയ്ക്കുന്നതായ പരാതി

147 (2991) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് ഉപയോഗിക്കുന്ന വാട്ടർ കാനൻ എത്ര എണ്ണം നിലവിലുണ്ട്;

(ബി) ഒരെണ്ണത്തിൽ എത്ര അളവ് ജലമാണ് നിറയ്ക്കാനാവുക; അക്രമ സമരം നടത്തുന്നവർക്കെതിരെ പ്രയോഗത്തിനായി ഒറ്റത്തവണ എത്ര അളവ് ജലമാണ് ഉപയോഗിക്കുന്നത്;

(സി) പ്രയോഗത്തിന് മുന്നോടിയായി ജലത്തോടൊപ്പം മറ്റെന്തെങ്കിലും രാസപദാർത്ഥം കലർത്താറുണ്ടോ;

(ഡി) അതിരൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കെ വാട്ടർ അതോറിട്ടിയുടെ കുടിവെള്ള ഫില്ലിംഗ് സ്റ്റേഷനുകളിൽനിന്ന് പോലീസിന്റെ വാട്ടർ കാനന് ജലം നിറയ്ക്കുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിയമപാലകരിൽനിന്ന് ഇത്തരം പ്രവൃത്തികളുണ്ടാകുന്നത് അതീവ ഗൗരവമായി കാണുമോ;

(എഫ്) ഇത്തരം കാനനിൽ മുട്ടത്തറയിലെ സീവേജ് ഫാമിലെ ശുദ്ധീകരിച്ച ജലം നിറയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പോലീസിൽ 8 വാട്ടർ കാനൻ ഉണ്ട്.

(ബി) ഒരെണ്ണത്തിൽ 12,000 ലിറ്റർ വെള്ളം നിറയ്ക്കാനാകും. അക്രമ സമരത്തിന്റെ സ്വഭാവവും പങ്കെടുക്കുന്ന സമരക്കാരുടെ എണ്ണത്തിനും സമയത്തിനും അനുസരിച്ച് ജല ഉപയോഗത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

(സി&ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) പോലീസ് വകുപ്പിന്റെ പരിഗണനയിലില്ല.

**എത്തിക്കൽ ഹാക്കിങ്**

148 (2992) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് നടത്തി വരുന്ന 'എത്തിക്കൽ ഹാക്കിങ്' എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ വ്യക്തികളുടെ ഫോൺ ചോർത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് അധികാരം ഉപയോഗിച്ചെന്ന് വ്യക്തമാക്കുമോ;

(സി) വ്യക്തികളുടെ ഫോൺ ചോർത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഹാക്കിങ്ങിലൂടെയും മറ്റും പോലീസ് ശേഖരിക്കുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇന്റർനെറ്റ്, ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവ മുഖാന്തിരമുള്ള കുറ്റങ്ങൾ അന്വേഷിക്കുന്നതിനും തടയുന്നതിനുംവേണ്ടി ഈ മേഖലയിൽ നടത്തുന്ന ക്രിയാത്മക ഇടപെടലാണ് 'എത്തിക്കൽ ഹാക്കിങ്ങ്'.

(ബി) ഇല്ല.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അന്വേഷണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നുണ്ട്.

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ സംബന്ധിച്ച ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്ക്

149 (2993) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു,ഡി, എഫ് സർക്കാരിൻെറ കാലത്ത് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഓരോ മന്ത്രിമാരുടേയും കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതകം, കൊലപാതകശ്രമം, ബലാൽസംഗം, സ്ത്രീപീഡനം/പീഡനമരണം, ലൈംഗിക അതിക്രമം കൊള്ള, മോഷണം, കലാപങ്ങൾ, ബ്ലേഡ് മാഫിയാ ആക്രമണം/ ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെ മരണം, ബ്ലേഡ് മാഫിയാ ആക്രമണവും തട്ടിപ്പും വഴി വീടും സ്ഥലവും നഷ്ടപ്പെട്ടവർ, മണൽ മാഫിയാ ആക്രമണം/ആക്രമണത്തിലൂടെ മരണം, പാറ മാഫിയാ ആക്രമണം/മരണം, കുട്ടികൾക്കു നേരെ ആക്രമണം/ മരണം/തട്ടിക്കൊണ്ടു പോകൽ. സ്ത്രീകൾ/വൃദ്ധർ എന്നിവർക്കെതിരെയുള്ള മാഫിയാ ആക്രമണങ്ങൾ, കുട്ടികൾ/സ്ത്രീകൾ/പുരുഷന്മാർ തുടങ്ങിയവരെ കാണാതാകൽ, കുട്ടികളുടെ ആത്മഹത്യ എന്നിവ സംബന്ധിച്ച രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ സംബന്ധിച്ച ക്രൈം റിക്കാഡ്സ് ബ്യൂറോയുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിലെ ഇതുവരെയുള്ള കണക്കും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

**വെഞ്ഞാറമൂട് കേന്ദ്രമാക്കി ട്രാഫിക് സ്റ്റേഷൻ ആരംഭിക്കാൻ നടപടി**

150 (2994) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി പ്രത്യേക ട്രാഫിക് സ്റ്റേഷൻ ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വെഞ്ഞാറമൂട് കേന്ദ്രമാക്കി പ്രത്യേക ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്നുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**നിരപരാധികളായ ആദിവാസികൾ ജയിലിലടയ്ക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി**

151 (*T2995) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ആചാര പ്രകാരം വിവാഹിതരാകുന്ന ആദിവാസി യുവാക്കളെ നിയമം നിഷ്കർഷിക്കുന്ന വിവാഹപ്രായം എത്തിയിട്ടില്ല എന്ന കാരണത്താൽ പോക്സോ നിയമപ്രകാരം കുറ്റം ചുമത്തി ജയിലിൽ അടക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ജയിലിലടക്കപ്പെടുന്ന യുവാക്കൾക്ക് നിയമ സഹായം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരപരാധികളായ ആദിവാസികൾ ജയിലിലടക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കുറ്റാരോപിതരായി ജയിലിലടക്കപ്പെട്ട് നിയമ സഹായം ലഭിക്കാതെ കഴിയുന്ന ആദിവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥിതി വിശേഷം ഒഴിവാക്കാൻ പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നാണ് സമീപകാലത്തെ സംഭവങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ ശൈശവ വിവാഹം നിരോധിക്കുകയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതും ഗുരുതരമായ കുറ്റങ്ങളാണ്. ആയതിനാൽ ഇക്കാര്യത്തിൽ ഊർജ്ജിതമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമാകുക.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പ് ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെക്കുറിച്ചും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി, എസ്.സി./എസ്.റ്റി. മോണിറ്ററിംഗ് കമ്മിറ്റി എന്നീ പദ്ധതികളിലൂടെ ആദിവാസി കോളനി സന്ദർശിച്ച് ഈ നിയമത്തെക്കുറിച്ചും സ്ത്രീ സുരക്ഷയെക്കുറിച്ചും ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുമായി ചേർന്ന് കൂടുതൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

**ഭിന്നലിംഗക്കാരെ തൃശ്ശൂരിൽ പൊലീസ് മർദ്ദിച്ച സംഭവം**

152 (2996) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-3-2017-ൽ തൃശ്ശൂരിൽ ഭിന്നലിംഗക്കാരായ മൂന്ന് പേരെ നടുറോഡിലിട്ട് പോലീസ് മർദ്ദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഭിന്നലിംഗക്കാരെ അകാരണമായി പോലീസ് ആക്രമിക്കുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്താൻ പോലീസിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഭിന്നലിംഗക്കാരെ അകാരണമായി പോലീസ് ആക്രമിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ പരാതി ഉണ്ടായാൽ ആവശ്യമായ ജാഗ്രത പുലർത്തുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ**

153(2997) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്ത്രീപീഡന കേസുകളിലെ ഇരകളെ സമൂഹമധ്യത്തിൽ അപമാനിച്ച സംഭവം**

154 (2998) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമപ്പെട്ടിയിൽ പീഡനത്തിനിരയായ പന്ത്രണ്ടുവയസ്സുകാരിയെയും, അമ്മയെയും പൊതുജനമധ്യത്തിൽ പോലീസ് അപമാനിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്ത്രീപീഡനകേസുകളിലെ ഇരകളെ സമൂഹമധ്യത്തിൽ അപമാനിക്കുന്ന സംഭവങ്ങളിൽ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സംഭവത്തിലെ ആരോപണ വിധേയനായ എരുമപ്പെട്ടി അഡീഷണൽ എസ്.ഐ., ടി.ഡി. ജോസിനെ 4-4-2017 തീയതി അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും വകുപ്പുതല അന്വേഷണം നടത്തി വരുന്നതുമാണ്.

(ബി) സ്ത്രീപീഡനകേസുകളിലെ ഇരകളെ സമൂഹ മധ്യത്തിൽ അപമാനിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന് ഉത്തരവാദികളാകുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

**പാപ്പാത്തിച്ചോലയിലെ മരക്കുരിശ് നീക്കം ചെയ്ത നടപടി**

155 (2999) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ചിന്നക്കനാൽ പാപ്പാത്തിച്ചോലയിൽ സ്ഥാപിച്ച മരക്കുരിശ് നീക്കം ചെയ്തതിന്റെ പേരിൽ രണ്ട് പേരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; അവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ എന്തു കുറ്റത്തിന്റെ പേരിൽ;

(ബി) ഈ കുരിശ് സ്ഥാപിച്ചതും നീക്കം ചെയ്തതും 'സ്പിരിറ്റ് ഇൻ ജീസസ്' എന്ന മതവിശ്വാസികളുടെ സ്വന്തം ഭൂമിയിലാണോ; അല്ലെങ്കിൽ ആരുടെ ഭൂമിയിലെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെനിന്നും സ്പിരിറ്റ് ഇൻ ജീസസ് വിശ്വാസികൾ അനധികൃതമായി

ഭൂമി കയ്യേറി സ്ഥാപിച്ച എന്നാരോപിച്ച് മെറ്റൽ കുരിശു നീക്കം ചെയ്തിരുന്നോ; എങ്കിൽ അതിനെതിരെ ആരുടെയെങ്കിലും ഭാഗത്തുനിന്നും രേഖാമൂലം പരാതി ലഭിച്ചിട്ടുണ്ടോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ രാജു, സിബി എന്നീ രണ്ടുപേരെ ചിന്നക്കനാൽ വില്ലേജിൽ സൂര്യനെല്ലി കരയിൽ പാപ്പാത്തിച്ചോല ഭാഗത്ത് സർവ്വേ നമ്പർ 34/1 സർക്കാർ ഭൂമി കൈയേറി മതസ്പർദ്ധ വരുത്തണമെന്നും, മതസൗഹാർദ്ദം തകർക്കണമെന്ന ഉദ്ദേശ്യത്തോടും കരുതലോടുംകൂടി മരക്കുരിശ് സ്ഥാപിക്കാൻ ശ്രമിച്ചതിന് ശാന്തൻപാറ പോലീസ് ക്രൈം നമ്പർ 334/17 u/s 447, 153 (A), 34 IPC പ്രകാരം 22-4-2017-ൽ കേസ് രജിസ്റ്റർ ചെയ്ത്, കസ്റ്റഡിയിൽ എടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

(ബി) അല്ല. സർക്കാർ വക ഭൂമിയിലാണ്.

(സി) അനധികൃതമായി ഭൂമി കയ്യേറി സ്ഥാപിച്ചിരുന്ന മെറ്റൽ കുരിശ് നീക്കം ചെയ്തിരുന്നു. ഇതിനെതിരെ സ്പിരിറ്റ് ഇൻ ജീസസ് പ്രാർത്ഥന കൂട്ടായ്മയുടെ അംഗങ്ങൾ എന്ന പേരിൽ ശ്രീ. ബാബു. പി. റ്റി മുതൽപേർ വൈദ്യുതി വകുപ്പുമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്. പരാതിയുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**മനുഷ്യക്കടത്തിനിരയാകുന്ന സ്ത്രീകളുടെ എണ്ണം**

156(3000) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യക്കടത്തിനിരയാകുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-ൽ എത്ര സ്ത്രീകൾ മനുഷ്യക്കടത്തിനിരയായി എന്ന് വെളിപ്പെടുത്തുമോ;

(സി) മനുഷ്യക്കടത്ത് തടയുവാൻ സംസ്ഥാനത്ത് ശക്തമായ നിയമങ്ങളില്ലായെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതാ പൂർണ്ണമായ ഇടപെടൽ ഉണ്ടാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016 -ൽ 245 സ്ത്രീകൾ മനുഷ്യക്കടത്തിനിരയായി.

(സി) ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 370, 370(A) വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ബോധവൽക്കരണത്തിലൂടെയും രഹസ്യാന്വേഷണ/ നിരീക്ഷണങ്ങളിലൂടെയും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാനത്തുടനീളം Anti Human Trafficking Unit-കൾ സ്ഥാപിച്ച് ജാഗ്രത പുലർത്തുന്നുണ്ട്.

**ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈംനമ്പർ 16/17**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

157 (3001) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 16/17 ഏത് സംഭവവുമായി ബന്ധപ്പെട്ടതാണ്;

(ബി) ഈ കേസ്സിൽ ആരെയെങ്കിലും പിടികൂടിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ബേക്കൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 16/2017 u/s. 302 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് 12-1-2017 രാത്രി 8.30-നും 13-1-2017 വൈകുന്നേരം 5.30-നും ഇടയ്ക്കുള്ള ഏതോ സമയം പനയാൽ ഗ്രാമത്തിൽ കാട്ടിയടുക്കം എന്ന സ്ഥലത്തുള്ള പരാതിക്കാരനായ ശ്രീധരൻ, S/o. പക്കീരൻ എന്നയാളുടെ അമ്മ 65 വയസ്സുള്ള ദേവികയെ ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടിൽ വച്ച് കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ചുള്ളതാണ്.

(ബി) പ്രസ്തുത കേസിലെ പ്രതികളെ നാളിതുവരെയുള്ള അന്വേഷണത്തിൽ തിരിച്ചറിഞ്ഞിട്ടില്ല. കേസ് ഇപ്പോൾ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

## പോലീസ് സ്റ്റേഷൻ പരിധിയിൽ 2011 മുതൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

158 (3002) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം, കരീലകുളങ്ങര, കുറത്തികാട്, മാവേലിക്കര പോലീസ് സ്റ്റേഷന്റെ പരിധിയിൽ 2011 മുതൽ നാളിതുവരെ കുട്ടികൾ, സ്ത്രീകൾ എന്നിവർക്കെതിരെയുള്ള അതിക്രമം, പിടിച്ചുപറി, ബലാത്സംഗം എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | കുട്ടികൾക്കെതിരെയു | സ്ത്രീകൾക്കെ | പിടിച്ചു | ബലാത്സംഗം |
|---|---|---|---|---|

| | ള്ള അതിക്രമം | തിരെയുള്ള അതിക്രമം | പറി | |
|---|---|---|---|---|
| കായംകുളം | 34 | 345 | 23 | 26 |
| കരീലകുളങ്ങര | 13 | 179 | 7 | 8 |
| കുറത്തികാട് | 17 | 105 | 10 | 8 |
| മാവേലിക്കര | 21 | 150 | 25 | 15 |

## 2011-2016-ൽ യു.എ.പി.എ. നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

159 (3003) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2016 മേയ് മാസം വരെ കേരളത്തിൽ യു.എ.പി.എ. നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതേ കാലയളവിൽ രജിസ്റ്റർ ചെയ്ത യു.എ.പി.എ. കേസ്സുകളിൽ എത്ര കേസ്സുകൾ പൊതുപ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതേ കാലയളവിൽ പൊതുപ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്ത യു.എ.പി.എ. കേസ്സുകളിൽ ഉൾപ്പെട്ട എത്ര പൊതുപ്രവർത്തകർ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽ ഉൾപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 165 കേസുകൾ. ഇവയിൽ 4 കേസുകളിൽനിന്നും പിന്നീട് യു.എ.പി.എ. നീക്കം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ 'അനുബന്ധം-എ'* ആയി ചേർത്തിരിക്കുന്നു.

(ബി&സി) പൊതുപ്രവർത്തകർക്കെതിരെ കേരള പോലീസ് യു. എ. പി. എ. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനെതിരെയുള്ള വിജിലൻസ് അന്വേഷണം

160 (3004) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനെതിരെ സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ എന്തെല്ലാം ക്രമക്കേടുകളുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുള്ളത്; സഹകരണ വകുപ്പ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആർക്കെല്ലാമെതിരെയാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്; ഇതിൽ ബാങ്ക് ജീവനക്കാർ ഉൾപ്പെടെയുള്ളവർക്കെതിരെ അന്വേഷണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കാരണത്താലാണ് ജീവനക്കാരെ അന്വേഷണ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(ബി) ബാങ്കിന്റെ അംഗത്വ രജിസ്റ്ററിൽ കൃത്രിമം കാണിച്ച് അനർഹരായ വ്യക്തികളെ തിരുകി കയറ്റിയതായും, നിയമ വിരുദ്ധമായി വായ്പകൾ നൽകിയിട്ടുള്ളതായും, സോഫ്റ്റ്‌വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടത്തിയതായും മുൻ ബാങ്ക് പ്രസിഡന്റ് ഡയറക്ടർ ആയിട്ടുള്ള സ്വകാര്യ കമ്പനിക്ക് മതിയായ ഈട് വാങ്ങാതെ 15 കോടി രൂപ ഓവർ ഡ്രാഫ്റ്റ് അനുവദിച്ചു നൽകിയതായും, വായ്പാ കുടിശ്ശികകൾക്ക് സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ആശ്വാസ് തുടങ്ങിയ പദ്ധതി വഴി അനർഹർക്ക് ഇളവുകൾ നൽകി വ്യാപകമായ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായും, ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് സഹകരണ വകുപ്പ് ശിപാർശ ചെയ്തത്. സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ കത്തിന്റെ പകർപ്പ് അനുബന്ധമായി കൊടുക്കുന്നു.*

(സി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് നടത്തിയ സർവ്വേ

161 (3005) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും അധികം അഴിമതി നടക്കുന്നത് തദ്ദേശസ്വയം ഭരണ വകുപ്പിലാണ് എന്ന വിജിലൻസിൻെറ കണ്ടെത്തലിന് ശേഷം പഞ്ചായത്തുകളിൽ വിജിലൻസ് നടത്തുന്ന പരിശോധന മാർച്ച് മാസത്തിൽ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പുമന്ത്രി മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നോ;

(ബി) എങ്കിൽ ഈ കത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പരിശോധന ഒഴിവാക്കിയിരുന്നോ?

ഉത്തരം

(എ) മാർച്ച് 31-വരെ പരാതികളില്ലാത്ത പഞ്ചായത്തുകളിലെ വിജിലൻസ് പരിശോധന ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം മുഖ്യമന്ത്രിക്ക് കൈമാറിയിരുന്നു.

(ബി) പരാതിയുടെ അടിസ്ഥാനത്തിലുള്ള പരിശോധനയ്ക്കു പുറമേ, വിജിലൻസ് ബ്യൂറോ സംസ്ഥാന വ്യാപകമായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നടത്തിയ മിന്നൽ പരിശോധനയുടെ തുടർച്ചയായുള്ള പരിശോധന നടത്തിയിട്ടുണ്ട്.

## പോലീസുകാർക്കെതിരെയുള്ള പരാതികൾ അന്വേഷിക്കുന്നതിന് നിഷ്പക്ഷമായ ബദൽ സംവിധാനം

162(3006) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർക്കെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) പോലീസുകാർക്കെതിരെയുള്ള പരാതികൾ പോലീസുദ്യോഗസ്ഥർ തന്നെ അന്വേഷിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിലെ

നിഷ്പക്ഷത ഉറപ്പ് വരുത്തുന്നതിനായി ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പോലീസുകാർക്കെതിരെയുള്ള പരാതികൾ പോലീസുകാരിൽ നിന്നു തന്നെ റിപ്പോർട്ട് സ്വീകരിച്ച് ക്ലോസ് ചെയ്യുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പോലീസുകാർക്കെതിരെയുള്ള പരാതികൾ സമർപ്പിക്കുന്നതിനും, ആയതിന്മേൽ അന്വേഷണം ഉത്തരവിടുന്നതിനും അന്വേഷണത്തിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ ആയതിന്മേൽ വകുപ്പുതല/നിയമ നടപടികൾ ശിപാർശ ചെയ്യുന്നതിന് സംസ്ഥാനതല/ജില്ലാതല പോലീസ് കംപ്ലെയിൻസ് അതോറിറ്റികൾ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, ലോകായുക്ത, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ ഉൾപ്പെടുന്ന ഒരു വിപുലമായ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ആയതിനു പുറമേ ഓരോ ഔദ്യോഗിക തലത്തിലുള്ള പോലീസുകാർക്കെതിരെയുള്ള പരാതികളിൽ ഉചിതമായ അന്വേഷണം നടത്തുന്നതിനും, കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും 1958 കേരള പോലീസ് വകുപ്പുതല അന്വേഷണങ്ങളും, ശിക്ഷയും അപ്പീലും ചട്ടങ്ങൾ പ്രകാരം വ്യക്തമായ നിർദ്ദേശങ്ങളും നിലവിലുണ്ട്. ആയതിനും പുറമേ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ ജുഡീഷ്യൽ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി വരുന്നു.

(ബി) ഉണ്ട്. ഇത്തരം അന്വേഷണങ്ങളും നടപടികളും നിഷ്പക്ഷവും നീതി പൂർവ്വകവുമായിട്ടാണ് നടത്തിവരുന്നത്. നിലവിലുള്ള സംവിധാനങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്നതിനാലും, ആക്ഷേപങ്ങളിന്മേൽ പരിഹാരം തേടുന്നതിന് ജുഡീഷ്യൽ സംവിധാനങ്ങൾ ഉൾപ്പെടെ മറ്റ് സംവിധാനങ്ങൾ നിലവിലുള്ളതിനാലും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വിവിധ ഔദ്യോഗികതലങ്ങളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുന്നതിനും, ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും 1958-ലെ കേരള പോലീസ് വകുപ്പുതല അന്വേഷണങ്ങളും, ശിക്ഷയും അപ്പീലും ചട്ടങ്ങൾ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പോലീസുകാർക്കെതിരെ പോലീസുകാർ തന്നെ അന്വേഷണം നടത്തി ഏകപക്ഷീയമായി കുറ്റവിമുക്തരാകുന്ന സാഹചര്യത്തിൽ ടി ചട്ടത്തിലെ 36(എ) ചട്ടം പ്രകാരം അന്വേഷണ റിപ്പോർട്ടുകൾ വിളിച്ചുവരുത്തി പരിശോധിക്കുന്നതിനും, ഉചിതമായ നിർദ്ദേശങ്ങളും സർക്കാരിൽനിന്നും നൽകി വരുന്നുണ്ട്. ആയതിലും അതൃപ്തരായവർക്ക് ആക്ഷേപങ്ങൾ ഉന്നയിക്കുവാനും, നിയമ നടപടികൾ സ്വീകരിക്കുവാനും ജുഡീഷ്യൽ സംവിധാനങ്ങളും നിലവിലുണ്ട്.

## വയനാട് ജില്ലയിൽ എൻ.ഡി.പി.എസ്. കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി

163 (T* 3007) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും കേസുകളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകൾ പരിഗണിക്കുന്നതിന് വയനാട് ജില്ലയിൽ പ്രത്യേക എൻ.ഡി.പി.എസ്. കോടതി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016 വർഷത്തെ കണക്കനുസരിച്ച് വയനാട് ജില്ലയിൽ മയക്കു മരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ വലിയ തോതിൽ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഗ്രാമീണ ന്യായാലയ പദ്ധതി പ്രകാരം പുതിയ കോടതികൾ

164 (3008) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ന്യായാലയ പദ്ധതി പ്രകാരം പുതിയ എത്ര കോടതികൾ അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതുതായി എവിടെയൊക്കെയാണ് പ്രസ്തുത കോടതികൾ അനുവദിക്കാൻ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-3-2011-ലെ സ.ഉ.(കൈ)86/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം 30 ഗ്രാമകോടതികൾ ആരംഭിക്കാനുള്ള ഭരണാനുമതി നൽകുകയും ഇത് പ്രകാരം 30 ഗ്രാമകോടതികൾ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ ആരംഭിച്ച ഗ്രാമ കോടതി സ്ഥിതി ചെയ്യുന്നത് പരപ്പ ബ്ലോക്ക് പഞ്ചായത്തിലെ വെസ്റ്റ് എലേരിയിൽ ആണ്. ഗ്രാമ കോടതിയിൽ ആരംഭിക്കാനുള്ള മുൻഗണനാ ലിസ്റ്റ് നിലവിലില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പുതുതായി കോടതികൾ അനുവദിക്കുന്നതിന് നടപടി

165 (3009) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി കോടതികൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടിയിൽ സബ്കോടതിയും എം.എ.സി.റ്റി. കോടതിയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടിയിൽ അനുവദിച്ചിട്ടുള്ള കോർട്ട് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) സ.ഉ.(കൈ)നമ്പർ 79/2016/ആഭ്യന്തരം തീയതി 2-3-2016 പ്രകാരം കോടതി രൂപീകരണവുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച മുൻഗണനാ പട്ടിക നിലവിലുണ്ട്. അതിൻപ്രകാരം കോടതിയുടെ മുൻഗണനാക്രമമനുസരിച്ചായിരിക്കും കോടതികൾ രൂപീകരിക്കുന്നത്.

(ബി) ചാലക്കുടിയിൽ സബ്കോടതി രൂപീകരിക്കുന്നതിനുള്ള ശിപാർശ നിലവിലില്ല. സ.ഉ.(സാധാ)നമ്പർ 1159/2012/ആഭ്യന്തരം തീയതി 17-4-2012 പ്രകാരമുള്ള എം.എ.സി.റ്റി. കോടതികളുടെ രൂപീകരണ ലിസ്റ്റിൽ നാലാമതായി ചാലക്കുടി (തൃശ്ശൂർ) എം.എ.സി.റ്റി. ഉൾപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടിയിൽ (തൃശ്ശൂർ) എം.എ.സി.റ്റി. പ്രവർത്തനം ആരംഭിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യം സർക്കാർ പരിശോധിക്കുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ആയത് നിരാകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സ്ഥല ലഭ്യത, നിർമ്മാണം നടത്തുന്നതിനുള്ള നീതികരണം തുടങ്ങിയവയുടെ റിപ്പോർട്ട് ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

## കരുനാഗപ്പള്ളിയിൽ എം.എ.സി.റ്റി. കോടതി

166 (3010) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ കോടതി അനുവദിച്ചിട്ടുണ്ടോ; ഇതിനായി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എത്രയും വേഗം പ്രസ്തുത കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) സ.ഉ.(സാധാ) നമ്പർ 1159/2012/ ആഭ്യന്തരം തീയതി 17-4-2012 പ്രകാരമുള്ള എം.എ.സി.റ്റി. കോടതികളുടെ രൂപീകരണ ലിസ്റ്റിൽ എട്ടാമതായി കരുനാഗപ്പള്ളി (കൊല്ലം) എം.എ.സി.റ്റി. ഉൾപ്പെടുത്തിയിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ എം.എ.സി.റ്റി. പ്രവർത്തനം ആരംഭിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യം സർക്കാർ പരിശോധിക്കുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ആയത് നിരാകരിച്ചിരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

**പഴയന്നൂരിൽ ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

167 (3011) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ ആസ്ഥാനമായി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ മതിയായ സ്ഥലവും എം.എൽ.എ.യുടെ ആസ്തി വികസന സ്കീമിൽ നിന്നും കെട്ടിടം പണിയാനുള്ള തുകയും കണ്ടെത്താമെന്നതു കണക്കിലെടുത്ത് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കഴിവതും വേഗത്തിൽ നടപടി സ്വീകരിച്ച് ഉത്തരവാകുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തിയ പഠന റിപ്പോർട്ടിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിലേയ്ക്കായി നിർദ്ദേശിച്ചിരുന്ന സ്ഥലങ്ങളിൽ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ഉൾപ്പെട്ടിരുന്നു. ആയതിൻപ്രകാരം പഴയന്നൂർ ആസ്ഥാനമാക്കി ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തുന്നതിനായി പഴയന്നൂർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം കണ്ടെത്തി വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് കഴിയും.

## ഫയർ ആന്റ് റെസ്ക്യൂ ഓഫീസിൽ തീർപ്പാകാത്ത എൻ.ഒ.സി.-യുമായി ബന്ധപ്പെട്ട കേസ്സുകൾ

168 (3012) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് കമാഡന്റ് ജനറലിന്റെ ഓഫീസിൽ തീർപ്പാവാതെ കിടക്കുന്ന എൻ.ഒ.സി.-യുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ നിലവിലുണ്ട് എന്നത് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) എൻ.ഒ.സി. നൽകിയിട്ടില്ലാത്ത കേസ്സുകൾ ഓരോന്നിന്റെയും സ്വഭാവം വിശദമാക്കുമോ; ഇതിൽ നിസ്സാര കാരണങ്ങൾ കാരണം എൻ.ഒ.സി. നിരാകരിച്ച കേസ്സുകൾ എത്രയുണ്ട്; ഇത്തരം കേസ്സുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നിസ്സാര കേസ്സുകൾ ക്രമവത്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കോട്ടയം - 1, എറണാകുളം -5, കണ്ണൂർ - 1, തൃശ്ശൂർ - 9 എന്നിങ്ങനെ 16 കേസുകൾ നിലവിലുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നിസ്സാര കാരണങ്ങൾമൂലം എൻ.ഒ.സി. നിരസിച്ചിട്ടില്ല. കേരള മുനിസിപ്പൽ/പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, നാഷണൽ ബിൽഡിംഗ് കോഡ് എന്നിവയിലെ ചട്ടങ്ങൾ ലംഘിക്കപ്പെടുമ്പോഴാണ് അപേക്ഷകൾ നിരസിച്ചിട്ടുള്ളത്.

(സി) നിസാര കാരണങ്ങളാൽ എൻ.ഒ.സി. അപേക്ഷകൾ നിരസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കാര്യം പരിഗണനയിലില്ല.

## കേരളാ ഫയർ ഫോഴ്സുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതികൾ

169 (3013) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് കേരളാ ഫയർഫോഴ്സുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതികൾ സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അഴിമതി ആരോപണത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; ഏത് ഏജൻസിയെയാണ് അന്വേഷണം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) അഴിമതി ആരോപണങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ നിലവിൽ അതേ പോസ്റ്റിൽ തന്നെയാണോ ഉദ്യോഗത്തിൽ തുടരുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) സമീപകാലത്ത് ചില മാധ്യമങ്ങളിൽ വന്ന ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് ടീം അന്വേഷണം നടത്തിവരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രാഥമികമായി ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ തെളിവ് ലഭിച്ചിട്ടില്ലാത്തതിനാൽ ആരെയും സ്ഥാനമാറ്റം ചെയ്തിട്ടില്ല.

**ബഹുനില കെട്ടിടങ്ങൾക്ക് ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ ചട്ട വിരുദ്ധ അനുമതി**

170 (3014) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഫയർ ആൻഡ് റസ്ക്യൂ വകുപ്പ് 99 ബഹുനില കെട്ടിടങ്ങൾക്ക് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ചട്ട വിരുദ്ധമായി അനുമതി നൽകിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിൽ ചില പത്ര ദൃശ്യമാധ്യമത്തിൽ വാർത്ത പ്രചരിച്ചത് ശ്രദ്ധയിൽപ്പെടുകയും ആയത് വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് ടീം അന്വേഷണം നടത്തിവരികയാണ്.

(ബി) അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭ്യമായതിന് ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**അഗ്നിശമന സേനയിൽ ഫയർ വുമൺമാർക്ക് നിയമനം**

171(3015) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയിൽ ഫയർ വുമൺമാരെ നിയമിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എത്രപേരെ നിയമിക്കുവാനാണ് തീരുമാനം എടുത്തതെന്നും, ഇതുസംബന്ധിച്ച പ്രത്യേക ചട്ടങ്ങളുടെ രൂപീകരണം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഗ്നിശമന സേനയിൽ ഫയർ വുമൺമാരെ നിയമിക്കുവാനുള്ള നിർദ്ദേശം പരിഗണിച്ചുവരികയാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 31-1-17-ന് നടന്ന ഉദ്യോഗസ്ഥതലയോഗ തീരുമാനപ്രകാരം ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പിലെ ഏതൊക്കെ മേഖലകളിലാണ് വനിതകളുടെ സേവനം കാര്യക്ഷമമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നത് എന്നത് സംബന്ധിച്ച വിശദമായ ശിപാർശ ലഭ്യമാക്കുവാൻ ഫയർ &റെസ്ക്യൂ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ആലത്തൂർ അഗ്നിശമന നിലയത്തിന് പുതിയ കെട്ടിടം**

172 (3016) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അഗ്നിശമന നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂത്തിയാക്കുവാനാകുമെന്ന അറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം പഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 17-ൽ കുഴൽമന്ദം-1 വില്ലേജിൽ റീ-സർവ്വേ നമ്പർ 672/6-ൽപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 50 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ സ്കെച്ചും കെട്ടിടത്തിനാവശ്യമായ ഫങ്ഷണൽ റിക്വയർമെന്റ്സും, ജീവനക്കാരുടെ വിവരങ്ങൾ എന്നിവ പാലക്കാട്, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് അംഗീകരിച്ച് സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ**

173(3017) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതു സംബന്ധിച്ച് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. ചാരുംമൂടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ടി കല്ലട ഇറിഗേഷൻ പദ്ധതിയുടെ കൈവശമുള്ള ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളിൽ ഒന്ന് അനുവദിച്ച് നൽകുന്നതിന് മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം/കെട്ടിടം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബാധകമല്ല.

**കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

174 (3018) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് വക കുളത്തുമ്മൽ വില്ലേജിൽ സർവ്വേ നമ്പർ 420/19, 420/20-ൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് അംഗീകരിച്ച് സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**കൊല്ലങ്കോട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം**

175 (3019) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനായി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലങ്കോട് അഗ്നിരക്ഷാ നിലയം അനുവദിക്കുന്നതിനായി 26-2-2016-ലെ സ.ഉ.(സാധാ) നമ്പർ 658/16/ആഭ്യന്തരം പ്രകാരം 320 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൊല്ലങ്കോട് അഗ്നിരക്ഷാനിലയം കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലങ്കോട് നിലയത്തിനായി വിഭാവനം ചെയ്തിട്ടുള്ള കൊല്ലങ്കോട്- 1 വില്ലേജിൽ റീസർവ്വേ നമ്പർ 523/11-ലുള്ള സ്ഥലത്തെ കെട്ടിട നിർമ്മാണത്തിന് തടസ്സങ്ങൾ ഉണ്ടാക്കുന്ന രീതിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതിക്കും ടി മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള മൂല്യനിർണ്ണയം നടത്തുന്നതിനായി പാലക്കാട് സ്പെഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അറിയിപ്പും, പ്രസ്തുത സ്ഥലത്ത് നിൽക്കുന്ന വൃക്ഷങ്ങളുടെ സ്ഥാനം രേഖപ്പെടുത്തിയിട്ടുള്ള പ്ലാനും നൽകിയിട്ടുള്ളതാണ്.

## ഫയർഫോഴ്സിന്റെ റെസ്ക്യൂ ടാങ്കറുകളിൽ കുടിവെള്ളം നിറയ്ക്കുന്നതായ റിപ്പോർട്ടുകൾ

176(3020) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലക്ഷാമം രൂക്ഷമായി തുടരവെ ഫയർഫോഴ്സിന്റെ റെസ്ക്യൂ ടാങ്കറുകളിൽ കുടിവെള്ളം നിറയ്ക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ എത്ര ടാങ്കറുകളിൽ പ്രതിദിനം കുടിവെള്ളം നിറക്കുന്നുവെന്നാണ് ഗവൺമെന്റിന്റെ കണക്ക് ;

(സി) ഫയർഫോഴ്സിന്റെ ഇത്തരം ടാങ്കറുകളിൽ നിർബന്ധമായും എല്ലാ കാലത്തും മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലെ ജലം മാത്രം നിറയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റെസ്ക്യൂ ടാങ്കറുകളിൽ പുഴയിൽനിന്നോ നദികളിൽനിന്നോ ആവശ്യമായ ജലം നിറയ്ക്കാൻ നിലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം മുട്ടത്തറയിൽ പ്രവർത്തിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും ജലം നിറയ്ക്കണമെന്ന് നിർദ്ദേശം നൽകുന്നത് അപ്രായോഗികമാണ്. ഒരു എമർജൻസി സർവ്വീസ് ആയ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് സാഹചര്യങ്ങൾക്കനുസരിച്ച് ലഭ്യമായ ജലം ഉപയോഗിക്കേണ്ടിവരും.

**ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം മോചിതരായ തടവുകാർ**

177(3021) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം സംസ്ഥാനത്തെ വിവിധ ജയിലുകളിൽനിന്നും എത്ര തടവുകാരെ മോചിപ്പിച്ചു;

(ബി) ഓരോ ജയിലിൽനിന്നും മോചിതരായവരുടെ വിശദാംശം നൽകുമോ;

(സി) ഇതിൽ കൊലപാതകം, ബലാൽസംഗം, ബാല പീഡനം എന്നീ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 33 തടവുകാരെ മോചിപ്പിക്കുന്നതിന് ഉത്തരവായി. ഇവരിൽ ഒരാൾ ഉത്തരവ് ലഭിക്കുന്നതിന് മുമ്പ് മരണപ്പെട്ടു.

(ബി) സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം:

| ക്രമ നമ്പർ | സി.നമ്പർ | പേര് |
|---|---|---|
| (1) | (2) | (3) |
| 1 | 79 | കുഞ്ഞുമോൻ |
| 2 | 2206 | ബാഹുലേയൻ |
| 3 | 3344 | അമീർ |
| 4 | 4132 | നൗഷാദ് |
| 5 | 5050 | രാജൻ @ പാമ്പ് രാജൻ |
| 6 | 6102 | കാശിനാഥ് ശങ്കർ ഖേർ |
| 7 | 6819 | തുളസി |
| 8 | 7518 | മോഹനൻ |
| 9 | 8347 | ചാപ്ലി ദാമോദരൻ |

| (1) | (2) | (3) |
|---|---|---|
| 10 | 8994 | സാലി മോസസ് |
| 11 | 9196 | സുകുമാരൻ |
| 12 | 9458 | സന്തോഷ് |
| 13 | 3861 | കങ്കൻ |
| സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ | | |
| 14 | 379 | അഗസ്റ്റിൻ |
| 15 | 739 | അനിൽകുമാർ @ അനിൽ |
| 16 | 833 | സെന്തിൽകുമാർ |
| 17 | 1324 | മുഹമ്മദ്കോയ |
| 18 | 2425 | വേണുഗോപാലൻ |
| 19 | 5527 | മൂസ |
| 20 | 8727 | കറുപ്പയ്യൻ |
| 21 | 8876 | ഗോപാലകൃഷ്ണൻ |
| സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ | | |
| 22 | 203 | മൂസ |
| 23 | 7801 | ബാബു |
| ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, ചീമേനി | | |
| 24 | 77 | രവി |
| ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി | | |
| 25 | 3100 | രമേശൻ @ അമ്മാച്ചൻ |
| 26 | 3176 | ജോബികുര്യൻ |
| 27 | 3132 | അബ്ദുൾ മജീദ് |
| 28 | 3228 | ബാലകൃഷ്ണപിള്ള |
| 29 | 3112 | വിജയൻ |

<u>വിമെൻ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം</u>

| | | |
|---|---|---|
| 30 | 4 | അന്നമ്മ @ ചിന്നമ്മ |
| 31 | 5 | ലക്ഷ്മി @ സരസ്വതി അമ്മ |
| 32 | 9 | ഓമന |

<u>വിമെൻ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ</u>

| | | |
|---|---|---|
| 33 | 5 | ശ്രീജ |

(സി) മോചിപ്പിക്കപ്പെട്ടവരിൽ 31 പ്രതികൾ കൊലപാതകക്കേസുകളിൽ ശിക്ഷിക്കപ്പെട്ടവരും, തിരുവനന്തപുരം സെൻട്രൽ പ്രിസൺ&കറക്ഷണൽ ഹോമിലെ സി. നമ്പർ 9196 സുകുമാരൻ എന്ന ആൾ ബലാത്സംഗം, മോഷണം എന്നീ കുറ്റകൃത്യങ്ങളിൽപ്പെട്ട് 34 വർഷമായി ശിക്ഷയനുഭവിച്ചയാളുമാണ്.

**അച്ചടി വകുപ്പിന്റെ നവീകരണത്തിന് പദ്ധതി**

178 (3022) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിന്റെ നവീകരണത്തിനായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണവും അനുബന്ധകാര്യങ്ങളും സംബന്ധിച്ച വിശദമായ പഠനം നടത്തി സാധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, ഡോ. രാജേന്ദ്രകുമാർ അനയത്ത് ചെയർമാനായി ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി വകയിരുത്തിയ തുക ചെലവഴിക്കാതിരിക്കുന്ന സ്ഥിതി**

179 (3023) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി വകയിരുത്തുന്ന തുകയിൽ വലിയൊരു ശതമാനം ചെലവഴിക്കാതിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണ്;

(ബി) എല്ലാ സർക്കാർ പ്രസ്സുകളിലും നവീന ഉപകരണങ്ങളും സാങ്കേതിക വിദ്യകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപടികൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതിനാൽ വകയിരുത്തിയിട്ടുള്ള തുക യഥാവിധം ചെലവഴിക്കാതിരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അച്ചടിവകുപ്പിന്റെ ആധുനികവൽക്കരണവും അനുബന്ധകാര്യങ്ങളും സംബന്ധിച്ച് വിശദമായ പഠനം നടത്തി സാധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, ഡോ. രാജേന്ദ്രകുമാർ അനയത്ത് ചെയർമാനായി ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ഗവൺമെന്റ് പ്രസ്സുകളിലെ പ്രൊമോഷനുകൾ**

180 (3024) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ സൂപ്രണ്ട്/ഡെപ്യൂട്ടി സൂപ്രണ്ട്/അസിസ്റ്റന്റ് സൂപ്രണ്ട് എന്നിവരുടെ പ്രൊമോഷനുകളുമായി ബന്ധപ്പെട്ട് സർക്കാരിൽ നിലവിലുള്ള ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിലേയ്ക്ക് നിയമനം നടത്തുവാൻ ഡി.പി.സി. കൂടിയിട്ടുണ്ടോ; പ്രസ്തുത തസ്തികയിൽ 2017 വർഷത്തിൽ എത്ര ഒഴിവുകൾ വരുമെന്ന് വ്യക്തമാക്കുമോ;

(സി) മാനദണ്ഡപ്രകാരമുള്ള തസ്തിക അനുവദിക്കാത്ത ഗവൺമെന്റ് പ്രസ്സുകൾ ഏതൊക്കെ; ഇവിടങ്ങളിൽ തസ്തിക അനുവദിക്കണമെന്നത് സംബന്ധിച്ച ഫയൽ സർക്കാരിൽ നിലവിലുണ്ടോ; എങ്കിൽ അവയിൽ എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ&ബി) ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഡി.പി.സി. കൂടുന്നതിന് തീയതിയും സമയവും അറിയിക്കുന്നതിന് 27-4-2017-ലെ 969840/എച്ച്1/16/ഉ.വി.വ. അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി 1370251/എച്ച്1/17/ഉ.വി.വ. എന്ന ഫയലിൽ സ്വീകരിച്ചു വരുന്നു. ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ നിലവിലുള്ള ഒരു ഒഴിവു ഉൾപ്പെടെ 2017-ൽ 3 ഒഴിവുകൾ ഉണ്ടാകുന്നതാണ്.

(സി) കൊല്ലം, കോഴിക്കോട് ഗവൺമെന്റ് പ്രസ്സുകൾ. തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കൊച്ചിയിലെ കനാലുകളുടെ നവീകരണം സംബന്ധിച്ച പഠന റിപ്പോർട്ട്

181 (3025) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കനാലുകൾ നവീകരിക്കുന്നതിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഏതെല്ലാം കനാലുകളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചിയിലെ കനാലുകളുടെ സമഗ്ര വികസനം സംബന്ധിച്ച് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ നാറ്റ്പാക്ക് മുഖേന പഠനം നടത്തുന്നുണ്ട്. ഇതിന്റെ സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) (1) തേവര കനാൽ

(2) തേവര-പേരണ്ടൂർ കനാൽ

(3) മാർക്കറ്റ് കനാൽ

(4) ചിലവന്നൂർ തോട്/കനാൽ

(5) ഇടപ്പള്ളി തോട്/കനാൽ

വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷം മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ

182 (3026) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാറ്റഗറി നമ്പർ 360/2014 പ്രകാരം നിലവിലുള്ള കമ്പനി/കോർപ്പറേഷൻ/ ബോർഡ് ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്ന ഓരോ സ്ഥാപനങ്ങളിലും ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ എൽ.ജി.എസ്. തസ്തികയിൽ നിയമനത്തിനായി കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമന ശിപാർശ നൽകുന്നതിലേയ്ക്കായി ഇനിയും അവശേഷിക്കുന്നത് 35 ഒഴിവുകൾ ആണ്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. Kerala Agro Indultries Corporation- 1-Fresh
2. Kerala State Development Corporation for SC/ST- 1 Fresh + 1 NJD
3. Kerala Water Authority- 15 NJD
4. Kerala State Financial Enterprises Ltd. -16 NJD
5. Kerala State Land Development Corporation Ltd.- 1 NJD

**വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രിക്കൾച്ചർ തസ്തികയുടെ റാങ്ക് ലിസ്റ്റ്**

183(3027) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രിക്കൾച്ചർ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് ആലോചിക്കുന്നത് എന്ന് പറയാമോ;

(സി) പ്രസ്തുത തസ്തികയിൽ എത്രഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കെ.പി.എസ്.സി.-യിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിൽ 45 ഒഴിവുകൾ നിലവിലുണ്ട്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഓപ്പറേഷൻ സാഗർ റാണി പദ്ധതി**

184(T*3028) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സാഗർ റാണി പദ്ധതി പ്രകാരം എത്ര പരിശോധനകൾ എവിടെയെല്ലാം നടന്നു എന്നും അതിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി എന്നും വ്യക്തമാക്കാമോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഓപ്പറേഷൻ സാഗർ റാണിയുടെ ആദ്യഘട്ടത്തിൽ 2016 ഡിസംബർ മാസത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യമാർക്കറ്റുകളിൽനിന്നും മത്സ്യബന്ധന തുറമുഖങ്ങളിൽനിന്നും മത്സ്യലേല സ്ഥലങ്ങളിൽനിന്നും മത്സ്യത്തിന്റെ ഏകദേശം 450 സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിപ്പിക്കുകയും കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ലാബിലും പരിശോധനാ ഫലങ്ങൾക്കായി നൽകി. പരിശോധനാ ഫലങ്ങൾ ലഭ്യമായതിൽനിന്നും 15 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും 5 സാമ്പിളുകളിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിദ്ധ്യവും കണ്ടെത്തിയിട്ടുണ്ട്.

(ബി) നിലവിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ഓപ്പറേഷൻ സാഗർ റാണിയുടെ മൂന്നാം ഘട്ടത്തിൽ മത്സ്യത്തിന്റെ ഗുണനിലവാര പരിശോധനയിൽ മത്സ്യത്തിൽ മായം കലർത്തുന്നതായി കണ്ടെത്തുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകൾ

185(3029) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിൽ ഏതൊക്കെ ആശുപത്രികളിൽ ഇ.സി.ജി. പരിശോധനയ്ക്കുള്ള സൗകര്യവും ഉപകരണവും ലഭ്യമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സൗകര്യമുള്ള മൊത്തം എത്ര ആശുപത്രികൾ സംസ്ഥാനത്ത് ഒട്ടാകെയുണ്ട്;

(സി) എത്ര ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകളാണ് ഇപ്പോൾ ആരോഗ്യ വകുപ്പിനു കീഴിലുള്ളത്;

(ഡി) ഈ ടെക്നീഷ്യന്മാരെക്കൊണ്ട് എല്ലാ ഉപകരണവും കൈകാര്യം ചെയ്യാൻ സാധിക്കുന്നുണ്ടോ;

(ഇ) നിലിവിലെ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് എത്ര തസ്തികകൾ വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഘട്ടം ഘട്ടമായെങ്കിലും ആവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ തയ്യാറാവുമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള എല്ലാ ജില്ലാ ആശുപത്രികളിലും, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലും ഇ.സി.ജി പരിശോധന ലഭ്യമാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഇ.സി.ജി പരിശോധനയ്ക്കുള്ള സൗകര്യവും ഉപകരണങ്ങളും ലഭ്യമാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 35 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 47 തസ്തികകളും നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ&എഫ്) ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ ആശുപത്രികളിൽ ഇ.സി.ജി ടെക്നീഷ്യൻമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് ആർദ്രം പദ്ധതി പ്രകാരമുള്ള സമാഹൃത പ്രൊപ്പോസലിൽ ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഇ.സി.ജി. ടെക്നീഷ്യന്മാരുടെ ഒഴിവുകൾ**

186 (3030) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിൽ ആവശ്യത്തിന് ഇ.സി.ജി. ടെക്നീഷ്യന്മാർ ഇല്ലാത്തത് പലപ്പോഴും ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(ബി) ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഇ.സി.ജി. ടെക്നീഷ്യന്മാരുടെ ഒഴിവ് അടിയന്തരമായി നികത്തുന്നതിനും തസ്തികകൾ ആനുപാതികമായി സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലവിലുള്ള 2 ഇ.സി.ജി. ടെക്നീഷ്യന്മാരുടെ ഒഴിവുകളിൽ ഒന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന് കീഴിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ തസ്തികകൾ ആർദ്രം മിഷന്റെ കീഴിൽ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു.

## ഇ -ഹെൽത്ത് പദ്ധതി

187 (3031) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ച് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഇ) ഇത് അനുസരിച്ച് രോഗികൾക്കും ചികിത്സ ആവശ്യമുള്ളവർക്കും ലഭ്യമാകുന്ന ഗുണങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ 2017 ജനവരി 25-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു.

(ബി) ടാബ്ലറ്റ് കമ്പ്യൂട്ടറുകളുമായി ആരോഗ്യ പ്രവർത്തകർ ഭവന സന്ദർശനം നടത്തി പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു അടിസ്ഥാന ആരോഗ്യ രേഖ തയ്യാറാക്കുന്നു. ശേഖരിക്കുന്ന പ്രസക്ത വിവരങ്ങൾ അപ്പപ്പോൾ തന്നെ കേന്ദ്രീകൃത സർവറിലേയ്ക്ക് അപ് ലോഡ് ചെയ്യുന്നു. ഇതോടൊപ്പം ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും കേന്ദ്രീകൃത സർവറുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികൾ ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾ കൂടി ആ രോഗിയുടെ ആരോഗ്യരേഖയിൽ ചേർക്കപ്പെടും. ഫീൽഡ് സർവേ വഴി ലഭിച്ച ആരോഗ്യ വിവരങ്ങളും ചികിത്സാ കേന്ദ്രത്തിലെ ചികിത്സാ വിവരങ്ങളും ഒരു വ്യതിരിക്ത നമ്പർ മുഖേന ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ പൂർണ്ണത ഉറപ്പാക്കുകയും തുടർ ചികിത്സയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

(സി) ആരോഗ്യ വകുപ്പിലെ ജീവനക്കാരെയാണ് ഈ പ്രവർത്തനം നടത്താൻ നിയോഗിച്ചിട്ടുള്ളത്.

(ഡി) വിവരശേഖരണത്തിന്റെ പൈലറ്റ് പൂർത്തിയായിട്ടുണ്ട്. അതിന്റെ അനുഭവ പാഠങ്ങൾ ഉൾക്കൊള്ളിച്ച് സംസ്ഥാനം മുഴുവനും വിവരശേഖരണം നടത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പൂർണ്ണ തോതിൽ വിവരശേഖരണം ഏതാനും മാസങ്ങൾക്കുള്ളിൽ ആരംഭിക്കുവാൻ സാധിക്കും.

(ഇ) പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിക്കുക വഴി ഒരു രോഗിക്ക് സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രികളിലും തുടർ ചികിത്സയ്ക്ക് സൗകര്യം ലഭിക്കുന്നു. പ്രാഥമികമായ ആരോഗ്യ വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമായതിനാൽ അപ്രതീക്ഷിതമായി വൈദ്യസഹായം വേണ്ടഘട്ടം വരുമ്പോൾ വളരെയേറെ സമയലാഭം ലഭിക്കുകയും ചെയ്യും. ആശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട സേവനം രോഗിക്ക് ലഭിക്കുന്നു. ടെസ്റ്റ് റിസൾട്ടുകൾ അപ്പപ്പോൾ ഡോക്ടർമാരുടെ കമ്പ്യൂട്ടറിൽ ലഭിക്കുന്നതിനാൽ കാലതാമസം ഒഴിവാകുന്നു.

സാംക്രമിക രോഗങ്ങളുടെ ഉത്ഭവത്തെ യഥാസമയം കണ്ടെത്തി അതിന്റെ വ്യാപനത്തെ യഥാവസരം തന്നെ നിയന്ത്രിക്കാൻ കഴിയുന്നു. ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കാലേക്കൂട്ടി തന്നെ നടത്താൻ പദ്ധതി സഹായകമാകും. ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ പദ്ധതി നടപ്പിലാകുന്നതോടെ ലഭിക്കുകയും ചെയ്യുന്നു. കൂടുതൽ ശ്രദ്ധയും പരിചരണവും വേണ്ടവർക്ക് അത് അനുസരിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടറിൽനിന്നും ആരോഗ്യ പ്രവർത്തകർക്ക് ലഭിക്കുന്ന സംവിധാനവും ഉണ്ട്. ഗർഭിണികളായ സ്ത്രീകൾക്ക് കൃത്യമായ ഇടവേളകളിൽ നൽകേണ്ട നിർദ്ദേശങ്ങൾ, കുട്ടികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പുകൾ എന്നിവ ഉദാഹരണം.

വിവിധ ക്ഷേമ പരിരക്ഷകളും അവയുടെ സാമ്പത്തിക വിനിമയ നടപടികളും കൂടുതൽ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കും. സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കുന്നുവോ എന്ന് കൃത്യമായി ഉറപ്പ് വരുത്തുവാനും അർഹരായവർക്ക് തന്നെ അത് ലഭ്യമാക്കാനും കഴിയും.

## ഇ -ഹെൽത്ത് പദ്ധതി

188 (3032) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ മേഖലയിൽ വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതിയുടെ വിശദാംശം നല്കുമോ?

<u>ഉത്തരം</u>

കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് ഇ ഹെൽത്ത് കേരള. ഈ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടി എത്തുന്ന വ്യക്തികളുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ, ഓരോ വ്യക്തിയുടേയും ആധാർ, വോട്ടർ ഐഡി മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന, തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടേയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തുന്ന ദൈനംദിന സർവ്വേകൾ വഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരം കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും. ഇ-ഹെൽത്ത് പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടനം 2017 ജനുവരി 25 വൈകുന്നേരം 4 മണിക്ക് പേരൂർക്കട സർക്കാർ ജില്ലാ മോഡൽ ആശുപത്രിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉത്ഘാടനം ചെയ്തു.

വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക, കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിച്ച് കമ്പ്യൂട്ടർവത്കൃത സേവനങ്ങൾ ലഭ്യമാക്കുക, കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

കേന്ദ്രസർക്കാരിന്റെ വിഹിതമായി 86.6945 കോടി രൂപയും കേരള സർക്കാർ വിഹിതമായി 9.4259 കോടി രൂപയുമാണ് (ആകെ 96.1204 കോടി രൂപ) ഈ പദ്ധതിക്ക് ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളത്. വൈദ്യ ശാസ്ത്ര ഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയപരിപാടികളുടെ രൂപവത്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ

പുരോഗതിക്ക് സഹായകമാകുന്നതാണ് ഈ പദ്ധതി. വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, വെള്ളനാട്, മണമ്പൂർ, എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ചിറയിൻകീഴ്, ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികൾ, പേരൂർക്കട ജില്ലാ ആശുപത്രി, വിമൺ & ചൈൽഡ് ആശുപത്രി, തൈക്കാട്, സ്റ്റേറ്റ് ടി.ബി. സെന്റർ, പബ്ലിക് ഹെൽത്ത് ലാബ്, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. അതിനെ തുടർന്ന്, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നിങ്ങനെ 7 ജില്ലകളിൽ പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുകയും രണ്ടാം ഘട്ടത്തിൽ പദ്ധതി മറ്റ് 7 ജില്ലകളിൽ കൂടി വ്യാപിപ്പിക്കുകയും ചെയ്യുന്നതോടെ കേരളത്തിൽ സർക്കാർ മേഖലയിലെ അലോപ്പതി പൊതുജനാരോഗ്യ കേന്ദ്രങ്ങൾ പൂർണ്ണമായും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ അധിഷ്ഠിത ശൃംഖലയുടെ ഭാഗമായി മാറുന്നതാണ്. ഇത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതോടെ ആരോഗ്യ രംഗത്ത് സമഗ്രമാറ്റം കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്നതാണ്.

## ഇ.സി.ജി. ടെക്നീഷ്യന്മാരുടെ നിയമനം

189 (3033) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) ഈ യോഗ്യതകളും നിയമനരീതിയും നിശ്ചയിച്ചുകൊണ്ട് സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ നിയമനം നടത്തുന്നത് ഏതു വിധത്തിലാണ്;

(ഇ) ഇ.സി.ജി. ഉപകരണം പ്രവർത്തിപ്പിക്കാനുള്ള അംഗീകൃത സാങ്കേതിക യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ; യോഗ്യതയുള്ളവരുടെ അഭാവം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യതയും ആരോഗ്യ വകുപ്പിൽ (ഡി.എച്ച്.എസ്./മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്) ഇ.സി.ജി. ജോലിയിൽ ഒരു വർഷത്തെ പ്രവർത്തന പരിചയവുമുള്ള ലബോറട്ടറി അറ്റന്റർമാരിൽനിന്നും ബൈടാൻസ്ഫർ

മുഖേനയും, ഇവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ ഇ.സി.ജി.-യിലും ആഡിയോമെട്രിക്ക് ടെക്നോളജിയിലും വൊക്കേഷണൽ ഹയർ സെക്കന്ററി യോഗ്യതയുള്ളവരെയും ഇ.സി.ജി. ടെക്നീഷ്യനായി നിയമിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്ലസ്ടു/വി.എച്ച്.എസ്.സി. അല്ലെങ്കിൽ തത്തുല്യയോഗ്യത, കാർഡിയോ വാസ്കുലർ ടെക്നോളജിയിൽ ഡിപ്ലോമയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്/ഹെൽത്ത് സർവ്വീസസ്/ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇ.സി.ജി./റ്റി.എം.റ്റി. ടെക്നീഷ്യനായുള്ള മൂന്നു വർഷത്തെ പ്രവൃത്തി പരിചയം എന്നിവയുള്ളവരെയും ഇവരുടെ അഭാവത്തിൽ ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി ബിരുദം ഉള്ളവരെയും പി.എസ്.സി. മുഖേന നിയമിക്കുന്നു.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ ജി.ഒ. (എം.എസ്.) നമ്പർ 119/90/ആ.കു.വ. തീയതി 23/05/1990 എന്ന സർക്കാർ ഉത്തരവ് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ബൈപ്രൊമോഷൻ വഴി യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നു. അവരുടെ അഭാവത്തിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നു. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന് കീഴിൽ നിലവിൽ നിയമനം നടത്തുന്നത് 28-1-1994-ലെ ജി.ഒ. (എം.എസ്.) നമ്പർ 21/94/ആ.കു.വ എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ഇ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ ഇ.സി.ജി.-യിലും ഓഡിയോമെട്രിക്ക് ടെക്നോളജിയിലുമുള്ള വൊക്കേഷണൽ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കാർഡിയോ വാസ്കുലർ ടെക്നോളജിയിൽ ഡിപ്ലോമയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്/ഹെൽത്ത് സർവ്വീസസ്/ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇ.സി.ജി./റ്റി.എം.റ്റി. ടെക്നീഷ്യനായുള്ള മൂന്നുവർഷത്തെ പ്രവൃത്തി പരിചയം എന്നിവയുള്ളവരെയും ഇവരുടെ അഭാവത്തിൽ ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി ബിരുദം ഉള്ളവരെയും പരിഗണിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സി-മെറ്റ് ജീവനക്കാർക്ക് പുതിയ ശമ്പള പരിഷ്കരണം

190 (3034) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-മെറ്റ് ജീവനക്കാർക്ക് 8-ാം ശമ്പള പരിഷ്കരണ ആനുകൂല്യം മാത്രം ഇപ്പോഴും ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ശമ്പള പരിഷ്കരണം എല്ലാവർക്കും ലഭ്യമായിട്ടും സി-മെറ്റിൽ സർക്കാർ സഹായമില്ലാതെ തന്നെ ഓൺഫണ്ടിൽനിന്നും ഇതു നൽകാൻ കഴിയുമെന്നിരിക്കെ ഈ പരിഷ്കരണ ആനുകൂല്യം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂൾസ് അംഗീകരിച്ച് നൽകാത്തതിനാൽ സി-മെറ്റ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾസ് എന്ന് അംഗീകരിച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) സി-മെറ്റ് ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂളിൽ ചില ന്യൂനതകൾ കണ്ടതിനാൽ, ആയത് പരിഹരിച്ച് പുനർസമർപ്പിക്കുവാൻ കരട് സ്പെഷ്യൽ റൂൾ സി-മെറ്റ് ഡയറക്ടർക്ക് മടക്കി നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസൽ ന്യൂനതകൾ പരിഹരിച്ച് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## പി.എസ്.സി. (തൃശ്ശൂർ ജില്ല) റാങ്ക് ലിസ്റ്റ്

191 (3035) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പി.എസ്.സി. (തൃശ്ശൂർ ജില്ലാ) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) റാങ്ക് ലിസ്റ്റിൽനിന്നും ആർക്കെങ്കിലും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) തടസ്സങ്ങൾനീക്കി റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി&ഡി) തൃശ്ശൂർ ജില്ലയിൽ 10 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിൽ വേക്കൻസിയില്ലാത്തതിനാൽ മറ്റ് ജില്ലയിൽ നിയമിച്ച 9 പേർക്കുകൂടി ഒഴിവുകൾ വരുന്ന മുറയ്ക്ക് തൃശ്ശൂർ ജില്ലയിലേയ്ക്ക് നിയമനം നൽകേണ്ടതുണ്ട്. ഇപ്രകാരം 19 പേർക്കുകൂടി നിയമനം നൽകിയതിനുശേഷം മാത്രമേ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

## പി.എച്ച്.സി. നവീകരണം

192 (3036) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെയും പി.എച്ച്.സി.-കളുടേയും നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പി.എച്ച്.സി.-കളുടേയും, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ.ഉ. (ആർ.റ്റി.) 845/2017/ആ.കു.വ. തീയതി 28-3-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെട്ടംതൂണായി കരുതുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. KIIFB-യിൽ ഉൾപ്പെടുത്തി 2016-17-ൽ 8 കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിവരുന്നു. 2016-17-ലെ സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള 23 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും 2017-18-ൽ green book-ൽ ഉൾപ്പെടുത്തിയിട്ടുള്ള 45 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കലും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. 2017-18-ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ

ഭാഗമായി 50 കോടി രൂപയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപത്രികളിൽ നടത്തുന്നതാണ്. ഇതിനുപുറമേ ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ആശുപത്രികൾക്കും ആരോഗ്യ സ്ഥാപനങ്ങൾക്കുമായി 6762.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജില്ലാ/താലൂക്കുതല ആശുപത്രികൾ/സൂപ്പർസ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആർദ്രം പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ആവശ്യമായ മാനദണ്ഡങ്ങളോടെ രോഗീസൗഹൃദം ആക്കുകയെന്നാണ് ആർദ്രം മിഷന്റെ പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാതല താലൂക്കുതല ആശുപത്രികളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ താലൂക്കുതല ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്നതിനും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള ആർദ്രം പദ്ധതിയിൽ ചാലക്കുടി താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

### പി.എച്ച്.സി.-യെ മാതൃകാ കുടുംബാരോഗ്യ കേന്ദ്രമാക്കിയ ഉത്തരവ്

193 (3037) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിലെ ദേശമംഗലം പി.എച്ച്.സി.-യെയും എളനാട് പി.എച്ച്.സി.-യെയും മാതൃകാ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

28-3-2017-ലെ സ.ഉ. (സാധാ) നമ്പർ 845/17/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ദേശമംഗലം, എളനാട് എന്നീ പി.എച്ച്.സി.-കൾ ഉൾപ്പെട്ടിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

### സി-മെറ്റിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം

194 (3038) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ സ്വയംഭരണസ്ഥാപനമായ സി-മെറ്റിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച ഫയലിൽ (C3/37/2016) സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ ഫയലിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കേരള മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ ഭാഗമായുള്ള ആംബുലൻസുകൾ**

195 (3039) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ ഭാഗമായുള്ള ആംബുലൻസുകൾ ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് പ്രവർത്തിച്ച് വരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സേവനത്തിന്റെ നടത്തിപ്പ് ഇപ്പോൾ എങ്ങനെയാണ്; വിശദമാക്കുമോ;

(സി) കെ.ഇ.എം.പി. സർവ്വീസിനുവേണ്ടി 2015 മുതൽ നാളിതുവരെയായി ഓരോ ജില്ലക്കുമായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ടി ആംബുലൻസ് സർവ്വീസുകൾ മറ്റ് ജില്ലകളിലേക്ക് കൂടി അടിയന്തരമായി വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഇ) ഇല്ലെങ്കിൽ മറ്റ് ജില്ലകളിലേക്ക് കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിന്റെ ഭാഗമായി ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് 108 ആംബുലൻസ് സർവ്വീസ് പ്രവർത്തിച്ചുവരുന്നത്. ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസും തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും പ്രവർത്തിച്ചുവരുന്നു.

(ബി) 5-7-2015 വരെ പ്രസ്തുത പദ്ധതി ഒരു പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി.) മോഡലിലാണ് നടത്തിവന്നത്. 15-7-2015-ന് ശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പ്രോജക്ടിന്റെ മാനേജിംഗ് ഏജൻസിയായി നിയമിക്കുകയും തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ സഹായത്തോടുകൂടി പദ്ധതി നടത്തിവരികയും ചെയ്യുന്നു. പദ്ധതിയുടെ കൺട്രോൾ റൂമും അതിലെ ജീവനക്കാരും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലും വാഹനങ്ങളും ജീവനക്കാരും അതാത് ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലും പ്രവർത്തിച്ചുവരുന്നു.

(സി) 2009-ൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ ഒരു

പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകയിലാണ് പ്രസ്തുത പ്രോജക്ട് ആരംഭിക്കുന്നത്. പദ്ധതിയുടെ 100% മൂലധന നിക്ഷേപവും പ്രവർത്തന ചെലവുകൾക്കായി ഒന്നാം കൊല്ലം 60%-വും രണ്ടാം കൊല്ലം 40%-വും മൂന്നാം കൊല്ലം മുതൽ 20% വീതവും കേന്ദ്ര സർക്കാരാണ് നൽകിവരുന്നത്. പ്രവർത്തന ചെലവുകൾക്കായുള്ള ആദ്യ കൊല്ലത്തെ 40%, രണ്ടാം കൊല്ലത്തെ 60%, മൂന്നാം കൊല്ലം മുതൽ 80% എന്നിങ്ങനെ പ്രോജക്ടിന്റെ പ്രവർത്തന ചെലവുകൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2015 ജൂലൈ 16 മുതൽ പ്രസ്തുത പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഏജൻസിയായി നടത്തിവരുന്നു. 2015 ജൂലൈ 16-ന് ശേഷം തിരുവനന്തപുരം ജില്ലയുടെ ഭാഗീക പ്രവർത്തനങ്ങൾക്കായി 2 കോടി രൂപയും ആലപ്പുഴ ജില്ലയിലെ ഭാഗീക പ്രവർത്തനങ്ങൾക്കായി 1.98 കോടി രൂപയും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റികൾക്കായി അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) നിലവിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ മാത്രമുള്ള പദ്ധതി അഗ്രഗേറ്റർ മാതൃകയിൽ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി വിശദമായ ഒരു പദ്ധതി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## എൻ.ആർ.എച്ച്.എം

196 (3040) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ. ആർ.എച്ച്.എം.-ന്റെ ഭാഗമായി എത്ര ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എൻ.എച്ച്.എം-ന്റെ ഭാഗമായി 1507 ഡോക്ടർമാർ ജോലി ചെയ്തുവരുന്നു.

(ബി)

| നമ്പർ | ജില്ല | ഭരണ നിർവ്വഹണ വകുപ്പ് തലം | ഇൻസ്റ്റിട്യൂഷൻ തലം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സംസ്ഥാന ഓഫീസ് | 4 | ... |
| 2 | തിരുവനന്തപുരം | 1 | 203 |
| 3 | കൊല്ലം | 1 | 117 |
| (1) | (2) | (3) | (4) |

| | | | |
|---|---|---|---|
| 4 | പത്തനംതിട്ട | 1 | 54 |
| 5 | ആലപ്പുഴ | 1 | 104 |
| 6 | കോട്ടയം | 1 | 80 |
| 7 | ഇടുക്കി | 1 | 63 |
| 8 | എറണാകുളം | 1 | 156 |
| 9 | തൃശ്ശൂർ | 1 | 116 |
| 10 | പാലക്കാട് | 1 | 86 |
| 11 | മലപ്പുറം | 1 | 158 |
| 12 | കോഴിക്കോട് | 1 | 114 |
| 13 | വയനാട് | 1 | 57 |
| 14 | കണ്ണൂർ | 1 | 123 |
| 15 | കാസർഗോഡ് | 1 | 58 |
| | ആകെ | 18 | 1489 |

ഇതിനുപുറമെ മറ്റു പ്രോഗ്രാമുകളിൽ ആയി ഹെൽത്ത് സർവ്വീസിലെ 3 ഡോക്ടർമാർ അധിക ചുമതല വഹിക്കുന്നുണ്ട്.

**വ്യാജ ഫിസിയോ തെറാപ്പി കോഴ്സുകൾ**

197 (3041) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാപകമായി യാതൊരു യോഗ്യതയും ഇല്ലാതെ വ്യാജ ഫിസിയോ തെറാപ്പി കോഴ്സുകൾ നടത്തുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഇത്തരം കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ നിയന്ത്രിക്കുവാൻ നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം വ്യാജ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയുള്ള പ്രാക്ടീസ് മൂലം എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) കേരള സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിൽ ഫിസിയോ തെറാപ്പി പ്രാക്ടീസും, ക്ലിനിക്കുകൾ നടത്തുന്നതിന് അംഗീകൃത യുണിവേഴ്സിറ്റി ബിരുദവും അനിവാര്യമാണ് എന്നത് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വ്യാജ ഫിസിയോ തെറാപ്പി കോഴ്സ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ ബാച്ചിലർ ഓഫ് ഫിസിയോ തെറാപ്പി കോഴ്സിലേയ്ക്ക് അഡ്മിഷനും പരീക്ഷയും നടത്തുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയും മുഖാന്തിരമാണ്. കേരള സർക്കാരിന്റെ നിരാക്ഷേപ പത്രത്തിന് വിധേയമായിട്ടാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഫിസിയോ തെറാപ്പി കോഴ്സുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽനിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്കു മാത്രമാണ് ബിരുദ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. കേരളത്തിനു വെളിയിൽ മറ്റ് അംഗീകൃത സർവ്വകലാശാലയിൽനിന്നും ഫിസിയോ തെറാപ്പി കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളുടെ ബിരുദം സർവ്വകലാശാല നടത്തുന്ന കോഴ്സുമായി തുല്യതയുണ്ടെങ്കിൽ മാത്രമാണ് ടി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല തുല്യതാ സാക്ഷ്യപത്രം അനുവദിക്കാറുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## എച്ച്.1 എൻ.1 പനി

198 (3042) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എച്ച്.1.എൻ.1 പനിയെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരെ ജാഗരൂകരാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

2017 ആരംഭം മുതൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും എച്ച്1 എൻ1 പനിയുടെ വ്യക്തമായ വർദ്ധനവ് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്1 എൻ1 ഒരു വൈറൽ അസുഖമാണ്. ഇത് ചുമയ്ക്കുന്നതിൽനിന്നും തുമ്മുന്നതിൽ കൂടിയുമാണ് ഒരു വ്യക്തിയിൽനിന്ന് പകരുന്നത്. ഇത് പകർന്ന് കിട്ടുന്ന വ്യക്തിയുടെ പൊതു ആരോഗ്യനില നല്ലതാണെങ്കിൽ ഇത് മിക്കപ്പോഴും വളരെ തീവ്രത കുറഞ്ഞതും ഇതിന്റെ പ്രത്യേക മരുന്നായ OSELTAMIVIR പോലും ആവശ്യം വരാതെ തന്നെ ഭേദപ്പെടുന്നതുമാണ്. ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ ശക്തി താരതമ്യേന

കുറഞ്ഞിരിക്കാൻ സാധ്യതയുള്ള ശാരീരിക അവസ്ഥകൾ ഉള്ള വ്യക്തികളിൽ (ഗർഭാവസ്ഥ, പ്രമേഹം, കരൾ-വൃക്ക-ഹൃദ്രോഗം, മറ്റ് നീണ്ടകാല രോഗങ്ങൾ) ഇതിന്റെ തീവ്രത അപ്രതീക്ഷിതമായി വർദ്ധിക്കാൻ സാധ്യത ചിലരിലുണ്ട്. എച്ച്1 എൻ1 രോഗത്തിനുള്ള ചികിത്സ ഇന്ന് എല്ലാ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലും സൗജന്യമായി ലഭ്യമാണ്. സ്വകാര്യ മേഖലയിലെ ഡോക്ടർമാർ/ആശുപത്രികളിലെ ആവശ്യത്തിനായി ഈ മരുന്ന് കാരുണ്യ മെഡിക്കൽ സപ്ലൈസ് കടകളിലും നിർദ്ദിഷ്ട SCHEDULE-X ലൈസൻസുള്ള മരുന്ന് കടകളിലും ലഭ്യമാക്കിയിട്ടുണ്ട്. പകർച്ച തടയാൻ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗങ്ങൾ.

(എ) ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും തുവാലകൊണ്ട് മൂടുക.

(ബി) ഇടയ്ക്കിടയ്ക്ക് സോപ്പ് ഉപയോഗിച്ച് കൈകഴുകുക.

(സി) സാധ്യതയുള്ള വ്യക്തി ഓഫീസ്/ജോലി/സ്കൂൾ/അങ്കണവാടി/ഡേകെയർ എന്നിവിടങ്ങളിൽ നാലഞ്ചു ദിവസം പോകാതിരിക്കുക.

ചികിത്സ പൂർണ്ണമായി ഫലപ്രദമാക്കാൻ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾക്ക് പുറമേ മറ്റ് സഹായ പരിചരണങ്ങൾ (ആഹാരം, കഞ്ഞിവെള്ളം പോലുള്ള ചൂട് പാനീയങ്ങൾ വിറ്റാമിൻസ് ലഭിക്കത്തക്ക വിധത്തിലുള്ള ഫലവർഗ്ഗങ്ങൾ, വിശ്രമം) വളരെ ആവശ്യമാണ്. മേൽപ്പറഞ്ഞ വിവരങ്ങൾ എച്ച്1 എൻ1 ചികിത്സ മാർഗ്ഗ രേഖകളിൽ ജനങ്ങളെ ബോധവൽക്കരിക്കാൻ കൂടി ചേർത്തിട്ടുണ്ട്. കേരള ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിച്ച "പനി" എന്ന ലഘുലേഖ നോട്ടീസിൽ ജനങ്ങളുടെ ശ്രദ്ധയ്ക്കായി മാസ് മീഡിയ വഴി വിതരണത്തിന് നിർദ്ദേശിച്ചിട്ടുണ്ട്. സൂക്ഷിപ്പിനായിട്ടുള്ള എല്ലാ വിവരങ്ങളും ആരോഗ്യ വകുപ്പിന്റെ "റേഡിയോ ഹെൽത്ത്" പ്രക്ഷേപണത്തിലൂടെ ആവർത്തിച്ച് ജനങ്ങളിലെത്തിക്കുന്നുണ്ട്.

പത്രമാധ്യമങ്ങളിൽകൂടി ആരോഗ്യവകുപ്പ് ഡയറക്ടർ രണ്ടു തവണ സുരക്ഷാ പത്രക്കുറിപ്പ് റിലീസ് ചെയ്തിട്ടുണ്ട്. ആകാശവാണി, ദൂരദർശൻ തുടങ്ങി ഇലക്ട്രോണിക് മാധ്യമങ്ങളിൽകൂടി ചുമതലപ്പെട്ട ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ വിവിധ ചാനലുകളിൽ കൂടി പരിപാടികളും ന്യൂസ് ക്ലിപ്പുകളും ചെയ്തുവരുന്നു. ആനുകാലിക മാധ്യമമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ കൂടിയും മാർഗ്ഗരേഖകൾ, ബിറ്റ് നോട്ടീസുകൾ ജനങ്ങൾക്കും ഡോക്ടർമാർക്കുമായി ഷെയർ ചെയ്തിട്ടുണ്ട്. ബോധവൽക്കരണ പ്രക്രിയകളെ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പി.എച്ച്.)-ന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ എന്നിവർ തുടർച്ചയായി വിലയിരുത്തുകയും, ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്.

## എച്ച്.1 എൻ.1 പനി

199 (3043) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് മാസത്തിനിടയിൽ സംസ്ഥാനത്ത് എച്ച്.1 എൻ.1 പനിബാധിച്ച് എത്രപേർ മരണപ്പെട്ടു; എത്രപേർ വിവിധ ആശുപത്രികളിലായി ചികിത്സയിലുണ്ട്;

(ബി) രോഗത്തിന്റെ പ്രധാനലക്ഷണങ്ങളും കൈകൊള്ളേണ്ട മുൻകരുതലുകളും എന്തൊക്കെ;

(സി) രോഗം കടന്നുവരാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ എച്ച.വൺ.എൻ. വൺ പനിബാധിതർ കണ്ടുവരുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ വർഷം മേയ് 8-ാം തീയതി വരെയുള്ള കണക്കനുസരിച്ച് എച്ച്1 എൻ1 രോഗം സ്ഥിരീകരിച്ച് 29 പേർ മരണപ്പെടുകയും 421 പേർക്ക് ഈ രോഗം ബാധിച്ചിട്ടുള്ളതായി സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പനി, ജലദോഷം, തൊണ്ടവേദന, ശ്വാസം വിടാനുള്ള പ്രയാസം എന്നിവയാണ് എച്ച്1 എൻ1 രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ.

(എ) ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും തുവാലകൊണ്ട് മൂടുക.

(ബി) ഇടയ്ക്കിടയ്ക്ക് സോപ്പ് ഉപയോഗിച്ച് കൈകഴുകുക

(സി) സാധ്യതയുള്ള വ്യക്തി ഓഫീസ്/ജോലി/സ്കൂൾ/അങ്കണവാടി/ ഡേകെയർ എന്നിവിടങ്ങളിൽ നാലഞ്ചു ദിവസം പോകാതിരിക്കുക.

(സി) എച്ച്1 എൻ1 ഇൻഫ്ളുവൻസ ഇനത്തിൽപ്പെട്ട ഒരു രോഗമാണ് 2009 മുതൽ കഴിഞ്ഞ 8 വർഷ കാലയളവിനുള്ളിൽ ഈ രോഗം ഏഷ്യൻ ഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന ഇൻഡ്യയിലും അതിന്റെ ഭാഗമായി കേരളത്തിലും ENTEMIC അവസ്ഥയിലോട്ട് മാറി കഴിഞ്ഞ രോഗമാണ്. കേരളത്തിൽ നാളിതുവരെ നിലവിലുള്ള ഊർജ്ജിത പര്യവേക്ഷണ സംവിധാനത്തിൽനിന്നുവരുന്ന ഡേറ്റാ സൂചിപ്പിക്കുന്നത്, ജലദോഷ

പനിയുള്ള വ്യക്തികളിൽ 29%-ത്തോളം എച്ച്1 എൻ1 ന് കാരണമാണെന്നാണ് ഇപ്പോൾ എച്ച്1 എൻ1 ചികിത്സയ്ക്കും അതിനോടനുബന്ധിച്ചുള്ള തീരുമാനങ്ങൾക്കും പദ്ധതി ആവിഷ്കരണത്തിനും ആവശ്യമായ വിവരങ്ങൾ, കണ്ടെത്തലുകൾ മുതലായവ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ഏകീകൃതമായി കേരളമടക്കമുള്ള ആരോഗ്യ മന്ത്രാലയമാണ് യഥാസമയം കൈമാറുന്നത്.

(ഡി) സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും എച്ച്1 എൻ1 ബാധിതർ ഉണ്ട്.

**പാലോട് സി. എച്ച്. സി.**

200 (3044) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന പാലോട് സി.എച്ച്.സി.-യിൽ നിലവിൽ ഉപയോഗിച്ചുവരുന്ന 22 വർഷം പഴക്കമുള്ള ആംബുലൻസിനു പകരം പുതിയ ആംബുലൻസ് വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സി.എച്ച്.സി.-ക്ക് പുതിയ ആംബുലൻസ് വാങ്ങി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 22 വർഷം ആയെങ്കിലും വാഹനം ഗർഹണം ചെയ്യുന്നതിനുള്ള ഔദ്യോഗിക കാലാവധിയായ 4 ലക്ഷം കി.മീ. വാഹനം ഉപയോഗിച്ചിട്ടില്ല. പ്രസ്തുത കാലാവധി തീരുന്ന മുറയ്ക്ക് മാത്രമേ വാഹനം ഗർഹണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതുവരെ വാഹനം കേടുപാടുകൾ തീർത്ത് ഉപയോഗിക്കുന്നതിനുള്ള ചുമതല ആശുപത്രി വികസന സമിതിക്കാണ്.

(ബി) പരിഗണനയിലില്ല.

**ശ്രുതി തരംഗം പദ്ധതി**

201 (3045) <u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി ശ്രുതി തരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം കുട്ടികൾക്ക് കോക്ലിയ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തുന്നത് ഏതെല്ലാം ആശുപത്രികളിലാണെന്നും ഇവരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും വ്യക്തമാക്കാമോ;

(ഡി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇത്തരം ശസ്ത്രക്രിയ ചെയ്യുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്:

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

3. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാന്റേഷന് ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.

4. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

5. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

(സി) ചുവടെപ്പറയുന്ന സർക്കാർ/പ്രൈവറ്റ് ആശുപത്രികളെയാണ് ശ്രുതിതരംഗം പദ്ധതിക്കായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ളത് :

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.
2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.
3. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.
4. കിംസ് ആശുപത്രി, തിരുവനന്തപുരം.
5. ഡോ. നൗഷാദ്സ് ഇ. എൻ. ടി. ഇൻസറ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ, എറണാകുളം.
6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം.
7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ.
8. അസെന്റ് ഇ.എൻ.ടി.ആശുപത്രി, പെരിന്തൽമണ്ണ.
9. ഡോ. മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.
10. മിംമ്സ് ആശുപത്രി, കോഴിക്കോട്.

കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രീയ നടത്തുവാൻ സൗകര്യമുള്ള ആശുപത്രികൾ ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യുന്നതിനായി നിശ്ചിത രീതിയിലുള്ള അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച ആശുപത്രികളിൽ പരിശോധന നടത്തുന്നതിനായി മൂന്ന റീജിയണൽ ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി ആശുപത്രികളിൽ നേരിട്ടെത്തി പരിശോധിച്ച് സർജറി നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങളും യോഗ്യതയുള്ള ഡോക്ടർമാരും സ്പീച്ച് തെറാപ്പിസ്റ്റുമുണ്ടെങ്കിൽ ശിപാർശ ചെയ്ത റിപ്പോർട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കണം. പ്രസ്തുത റിപ്പോർട്ടും അപേക്ഷയും എംപാനൽ ചെയ്യുന്നതിനുമുള്ള ശിപാർശ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ സമർപ്പിക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച ശേഷം എംപാനൽ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഡി) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ഈ മൂന്ന് ആശുപത്രികളെയും ഈ പദ്ധതിക്കായി എംപാനൽ ചെയ്തിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ പശ്ചാത്തല സൗകര്യം ഒരുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജീവൻ രക്ഷാ ഉപകരണങ്ങളുടെ പരിപാലനം**

202 (3046) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും മറ്റ് ആശുപത്രികളിലും സ്ഥാപിച്ചിട്ടുള്ള കോടിക്കണക്കിന് രൂപ വിലവരുന്ന ജീവൻ രക്ഷാ ഉപകരണങ്ങൾ പരിപാലിക്കുന്നതിന് ആവശ്യമായ ബയോ മെഡിക്കൽ എൻജിനീയർമാർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബയോ മെഡിക്കൽ എൻജിനീയർമാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മഞ്ചേരിയിൽ ഒഴികെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ബയോ മെഡിക്കൽ എൻജിനീയർമാരുടെ സേവനം ലഭ്യമാണ്. ഇതിനുപുറമെ നാഷണൽ ഹെൽത്ത് മിഷൻ വഴി താൽക്കാലികാടിസ്ഥാനത്തിൽ ഒരു ജില്ലയിൽ ഒരു മെഡിക്കൽ എഞ്ചിനീയറെ വീതം നിയമിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഈ തസ്തികയിലേയ്ക്കുള്ള നിയമനം 1:1 എന്ന അനുപാതത്തിൽ പി.എസ്.സി. വഴിയും പ്രൊമോഷൻ വഴിയുമാണ് നടത്തിവരുന്നത്. പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സൗജന്യ ആരോഗ്യ ക്ഷേമ പദ്ധതികൾ**

203 (3047) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നടപ്പാക്കിയ സൗജന്യ ആരോഗ്യ ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നും ഈ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ സൗജന്യ ആരോഗ്യ ക്ഷേമ പദ്ധതികൾ

1. സുകൃതം പദ്ധതി:

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ക്യാൻസർ രോഗികൾക്കും ചികിത്സ സൗജന്യമാക്കിക്കൊണ്ടുള്ള സുകൃതം പദ്ധതി 2014-ലാണ് സർക്കാർ നടപ്പിലാക്കിയത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം റീജീയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ ആശുപത്രികളിലായിട്ടാണ് ഇതിന്റെ സേവനം ലഭ്യമാക്കിയിരുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ അർബുദ രോഗികൾക്കും ഈ പദ്ധതി പ്രകാരം രണ്ട് ലക്ഷം വരെയുള്ള ചികിത്സ സൗജന്യമായും രണ്ട് ലക്ഷത്തിനുമുകളിൽ വരുന്ന തുകയ്ക്ക് സൊസൈറ്റിയുടെ അംഗീകാരത്തോടുകൂടി കൂടുതൽ തുകയും അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം ഉണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ 22 കോടി രൂപ കോർപ്പസ് ഫണ്ടായി അനുവദിക്കുകയുണ്ടായി. ഇതിൽ 12 കോടി രൂപ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനും, 5 കോടി രൂപ തലശ്ശേരി മലബാർ ക്യാൻസർ സെന്ററിനും, 3 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിനും, 2 കോടി രൂപ വീതം തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകൾക്കും എറണാകുളം ജനറൽ ആശുപത്രിക്കും അനുവദിക്കുകയുണ്ടായി. ക്യാൻസർ ചികിത്സക്കായുള്ള ആർ.എസ്.ബി.വൈ./ചിസ്, ചിസ് പ്ലസ്, കാരുണ്യ, താലോലം പോലെയുള്ള ധനസഹായ പദ്ധതികൾ പൂർണ്ണമായും ഉപയോഗ്യപ്പെടുത്തിയശേഷം മാത്രമേ ഫണ്ടിൽ നിന്നും അർഹത ലഭിക്കുകയുള്ളൂ.

ആരോഗ്യകിരണം:

കേരള സർക്കാർ 2014-15 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ആരോഗ്യകിരണം പദ്ധതിയിലൂടെ 18 വയസിൽ താഴെയുള്ള കുട്ടികളുടെ ദേശീയ ശിശുജനാരോഗ്യ പദ്ധതിയിൻ കീഴിൽ വരാത്ത അപകടങ്ങൾ ഉൾപ്പെടെയുള്ള അസുഖങ്ങളുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കും. സംസ്ഥാന ആരോഗ്യസേവന വിഭാഗത്തിനു കീഴിലുള്ള സർക്കാർ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പാക്കിവരുന്നു.

2014-15-ൽ 1000 ലക്ഷം രൂപയും 2015-16-ൽ 1500 ലക്ഷം രൂപയും 2016-17-ൽ 3150 ലക്ഷം രൂപയും (കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, താലോലം പദ്ധതി എന്നിവയുൾപ്പെടെ) 2017-18-ൽ 1835 ലക്ഷം രൂപയും ഈ പദ്ധതിക്കായി വകയിരുത്തുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട്:

2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ സംബന്ധമായ രോഗം, കരൾ സംബന്ധമായ രോഗം, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയുടെ ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും പരമാവധി 2 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും മൂന്ന് ലക്ഷം രൂപ വരെ വരുമാനമുള്ള എ.പി.എൽ.-കാർക്കും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. കാരുണ്യ പദ്ധതിയിൽ സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലും മേൽപ്പറഞ്ഞ രോഗങ്ങളുടെ ശസ്ത്രക്രിയയും അനുബന്ധ ചികിത്സയും നടത്തുന്നതിന് ധനസഹായം നൽകുന്നു. മാരകമല്ലാത്ത രോഗങ്ങൾ കാരണം ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നവർക്ക് ഒറ്റത്തവണ ചികിത്സ ധനസഹായമായി അയ്യായിരം രൂപ വരെ ലഭിക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പിൽനിന്നും സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തുന്ന വിവിധ സൗജന്യ ആരോഗ്യക്ഷേമ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## യുനാനി ചികിത്സ

204 (3048) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യശാസ്ത്രരംഗത്തെ സാമ്പ്രദായിക ചികിത്സാ രീതിയായ യുനാനി ചികിത്സ പ്രോൽസാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര യുനാനി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ജനങ്ങളുടെ ആവശ്യത്തിനനുസൃതമായ യുനാനി ചികിത്സ ലഭിക്കുന്ന ഡിസ്പെൻസറികളും ആശുപത്രികളും കേരളത്തിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) യുനാനി ചികിത്സയ്ക്കായി വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിലെ മൊഗ്രാലിൽ ഒരു യുനാനി ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. മറ്റ് പ്രദേശങ്ങളിൽ യുനാനി സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നപക്ഷം ആയത് പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ഒരു യുനാനി ഡിസ്പെൻസറി കാസർഗോഡ് ജില്ലയിലെ മൊഗ്രാലിൽ പ്രവർത്തിക്കുന്നു. കൂടാതെ എൻ.എച്ച്.എം.-ന് കീഴിൽ 20 യുനാനി ചികിത്സാ സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു.

(സി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി യുനാനി സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്.

**ആരോഗ്യ കേന്ദ്രം**

205 (3049) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ പൂക്കോട്ടൂരിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രി ഏതു കാറ്റഗറിയിലാണ് ഉൾപ്പെടുന്നത്; അതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നതിനും കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ അനുവദിക്കപ്പെട്ട തസ്തിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | സിവിൽ സർജൻ | - | 1 |
| 2. | അസിസ്റ്റന്റ് സർജൻ | - | 2 |
| 3. | ഹെഡ് നേഴ്സ് | - | 1 |
| 4. | സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | - | 2 |
| 5. | സ്റ്റാഫ് നഴ്സ് ഗ്രേഡ്-11 | - | 1 |
| 6. | ഫാർമസിസ്റ്റ് ഗ്രേഡ്-1 | - | 1 |
| 7. | ക്ലാർക്ക് | - | 2 |
| 8. | നഴ്സിംഗ് അസിസ്റ്റന്റ് | - | 2 |
| 9. | ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-11 | - | 2 |
| 10. | ഹോസ്പിറ്റൽ അറ്റന്റന്റ്(പ്യൂൺ) | - | 1 |

| | | | |
|---|---|---|---|
| 11. | പാർട്ട് ടൈം സ്വീപ്പർ | - | 1 |
| 12. | ഒപ്റ്റോ മെട്രിസ്റ്റ് | - | 1 |
| 13. | ഡ്രൈവർ | - | 1 |
| 14. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | - | 6 |
| 15. | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | - | 7 |
| 16. | ഹെൽത്ത് സൂപ്പർവൈസർ | - | 1 |
| 17. | ലേഡി ഹെൽത്ത് സൂപ്പർവൈസർ | - | 1 |
| 18. | ഹെൽത്ത് ഇൻസ്പെക്ടർ | - | 1 |
| 19. | ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ | - | 1 |
| 20. | ലാബ് ടെക്നീഷ്യൻ | - | 1 |

(ബി&സി) ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രമാണ്. ആരോഗ്യ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ഇതിനായി തയ്യാറാക്കിയിട്ടുള്ള ആർദ്രം പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

**ജലജന്യ രോഗങ്ങൾ**

206 (3050) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രോഗത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം ജില്ലകളിലാണ് ഈ രോഗം ഉള്ളതെന്നും വ്യക്തമാക്കാമോ;

(സി) ജലജന്യ രോഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജലജന്യ രോഗങ്ങളായ വയറിളക്കരോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയവ എല്ലാ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) മഞ്ഞപ്പിത്തം:

ശരീരവേദനയോടുകൂടിയ പനി, തലവേദന, ക്ഷീണം, ഓർക്കാനം, ഛർദ്ദി തുടങ്ങിയവയാണ് ഈ രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ. തുടർന്ന് മൂത്രത്തിലും കണ്ണിലും ശരീരത്തിലും മഞ്ഞനിറം പ്രത്യക്ഷപ്പെടുന്നു. ഈ അവസ്ഥയിൽ രക്തം പരിശോധിക്കുകയാണെങ്കിൽ രക്തത്തിൽ ബിലിറുബിൻ (BILIRUBIN)-ന്റെ അളവ് കൂടിയിരിക്കുന്നതായി കാണപ്പെടും. കേരളത്തിലുടനീളം ഈ രോഗം കാണപ്പെടുന്നുണ്ട്. എന്നാൽ കൂടുതലായി ഈ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത് കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്നാണ്.

വയറിളക്കരോഗം:

സാധാരണയിലും അയഞ്ഞ് ദ്രാവകരൂപത്തിൽ മലവിസർജ്ജനം ചെയ്യുന്ന അവസ്ഥയാണ് വയറിളക്കരോഗം. വയറിളക്കരോഗം പ്രധാനമായും രോഗാണുക്കൾ മൂലമാണുണ്ടാകുന്നത്. കുടിവെള്ളം വഴിയും ആഹാരത്തിൽ കൂടിയും രോഗാണുക്കൾ ശരീരത്തിൽ എത്തുക വഴിയാണ് വയറിളക്ക രോഗം ഉണ്ടാകുന്നത്. തുടർച്ചയായ വയറിളക്കംമൂലം ധാരാളം ജലവും ലവണങ്ങളും ശരീരത്തിൽനിന്നും നഷ്ടപ്പെടുന്ന അവസ്ഥയാണ് നിർജ്ജലീകരണം. പാനീയ ചികിത്സമൂലം നിർജ്ജലീകരണം പരിഹരിക്കാ വുന്നതാണ്. കേരളത്തിലുടനീളം വയറിളക്കരോഗം കാണപ്പെടുന്നുണ്ട്. ഈ രോഗം കൂടുതലായി കാണപ്പെടുന്നത് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട്,വയനാട്, കാസർഗോഡ് ജില്ലകളിലാണ്.

ടൈഫോയ്ഡ്:

കുറച്ചുദിവസമായി കൂടിവരുന്ന പനി, ദേഹം വേദന, ക്ഷീണം, വിശപ്പില്ലായ്മ തുടങ്ങിയവയാണ് സാധാരണയായി കണ്ടുവരുന്ന രോഗ ലക്ഷണങ്ങൾ. സാൽമൊണെല്ല ടൈഫി (S.TYPHI) വിഭാഗത്തിൽപ്പെട്ട ബാക്ടീരിയ ആഹാരത്തിലൂടെയും കുടിവെള്ളത്തിലൂടെയും ശരീരത്തിൽ പ്രവേശിച്ചാണ് രോഗമുണ്ടകുന്നത്. കേരളത്തിലുടനീളം ഈ രോഗങ്ങൾ കാണപ്പെടുന്നുണ്ട്. കൂടുതലായി ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് പാലക്കാട്, വയനാട്, മലപ്പുറം, കൊല്ലം ജില്ലകളിൽ നിന്നാണ്.

(സി) വയറിളക്കരോഗങ്ങൾ (കോളറ ഉൾപ്പെടെ), ടൈഫോയ്ഡ്, മഞ്ഞപ്പിത്തം.

(ഡി) ആരോഗ്യ വകുപ്പ് ഈ രോഗങ്ങൾ തടയുന്നതിനുവേണ്ടി ശുദ്ധമായ കുടിവെള്ളത്തിന്റെ ഉപയോഗം (തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കും), ആഹാര ശുചിത്വം, വ്യക്തിശുചിത്വം (സോപ്പ് ഉപയോഗിച്ച് കൈ കഴുകുക) പരിസര ശുചിത്വം എന്നിവ നടത്തിവരുന്നു. ഇതിൽ വാർഡ് ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രീഷൻ കമ്മിറ്റി (WHS & NC) ആശ (ASHA) എൽ.എസ്.ജി.ഡി (LSGD), വാട്ടർ അതോറിറ്റി (WATER AUTHORITY) തുടങ്ങിയവരുടെ സാന്നിദ്ധ്യവും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒ.ആർ.എസ് (ORAL RE-HYDRATION SALT)-ന്റെ ലഭ്യത സംസ്ഥാനത്ത് ഉടനീളം ഉറപ്പുവരുത്തിയിട്ടുണ്ട്. പൊതുകിണറുകളിൽ നിന്നും പൊതുടാപ്പുകളിൽ നിന്നും വെള്ളം ശേഖരിച്ച് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

## കൊല്ലം ജില്ലയിലെ ആരോഗ്യ വകുപ്പിലെ പുതിയ തസ്തികകൾ

207 (3051) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽ ഇ.സി.ജി. ടെക്നിഷ്യൻ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; തസ്തിത സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ 621-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1291-ഉം തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഇ.സി.ജി. ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജനറിക് മരുന്നുകൾ

208 (3052) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കുറവുള്ള അനുയോജ്യ ജനറിക് മരുന്നുകൾ കുറിക്കാൻ ഡോക്ടർമാർ നിർബന്ധിതരാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും സർക്കുലറുകൾ ആരോഗ്യ വകുപ്പിന് അയച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന ആരോഗ്യ വകുപ്പ് ജനറിക് മരുന്നുകൾ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഏതെല്ലാം മരുന്നുകളെ ജനറിക് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) ജനറിക് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ആരാണ്; പരിശോധന രീതി വ്യക്തമാക്കുമോ; കൃത്യമായ പരിശോധന നടക്കുന്നുവെന്ന് ഉറപ്പു വരുത്തുമോ;

(ഡി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ശേഖരിക്കുന്ന മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന പരാതി നിലവിലുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) നിലവിൽ നിർദ്ദേശം ഇല്ല. കുറിപ്പടികൾ ജനറിക് നാമത്തിലും വലിയ അക്ഷരത്തിലും എഴുതണമെന്ന് നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഡോക്ടർമാർ നിർബന്ധമായും ജനറിക് മരുന്നുകൾ തന്നെ കുറിക്കണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നോട്ടിഫിക്കേഷൻ നടപ്പിലാക്കണമെന്ന് ആരോഗ്യ വകുപ്പിന് കേന്ദ്ര സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

(ബി) ജനറിക് മരുന്നുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾ തന്നെ കുറിച്ചു നൽകണമെന്ന ഉത്തരവ് നൽകിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതെല്ലാം ജനറിക് മരുന്നുകളാണ്. ജനറിക് ആയി ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല ഡ്രഗ്സ് കൺട്രോൾ വകുപ്പിനാണ്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലും സംസ്ഥാനത്ത് ലഭ്യമാകുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാര പരിശോധന റാൻഡം സാമ്പ്ലിംഗിലൂടെ നടത്തുന്നുണ്ട്. ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനക്ഷമതയും വിവിധ തട്ടുകളിൽ വിലയിരുത്തപ്പെടുന്നുണ്ട്.

(ഡി) Zee Laboratories ഉൽപാദിപ്പിച്ച ബാച്ച് നമ്പർ 615-616 അമോക്സിലിൻ ഓറൽ സസ്പെൻഷനും Mercury Laborotaries ഉൽപ്പാദിപ്പിച്ച ബാച്ച് നമ്പർ 14106710 Paracetamol Tablets-നും ഗുണനിലവാരമില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഈ ബാച്ചിന്റെ വിതരണം നിർത്തിവയ്ക്കാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ Qwality Pharmaceuticals ഉല്പാദിപ്പിച്ച ബാച്ച് നമ്പർ N 5146 Inj.Pantoperazole ഗുണനിലവാരമില്ലാത്തതാണെന്ന വിവരവും ലഭിച്ചിട്ടുണ്ട്.

**ഭക്ഷ്യ വസ്തുക്കളുടെ ശുചിത്വ നിലവാരം ഉറപ്പുവരുത്താൻ നടപടി**

209 (3053) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ, ഭക്ഷ്യ വസ്തുക്കളുടെ ശുചിത്വ നിലവാരം ഉറപ്പുവരുത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഭക്ഷ്യവസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും ശുചിത്വ നിലവാരം ഉറപ്പാക്കാൻ ജില്ലകളിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഹോട്ടലുകളും കാറ്ററിംഗ് യൂണിറ്റുകളും പരിശോധിച്ചുവരുന്നു. കൂടാതെ പാചകത്തിന് ഉപയോഗിക്കുന്ന വെള്ളവും ഭക്ഷ്യ വസ്തുക്കളും പരിശോധിക്കുന്നതിനോടൊപ്പം ബേക്കറികളും ജ്യൂസ് സ്റ്റാൾ, ഐസ്ക്രീം പാർലറുകൾ, ജ്യൂസ് ചേരുവകളുടെ നിർമ്മാണ കേന്ദ്രങ്ങൾ, വഴിയോര വിൽപ്പന കേന്ദ്രങ്ങൾ, സർബത്ത് വിൽപ്പന കേന്ദ്രങ്ങൾ, ചായക്കടകൾ എന്നിവിടങ്ങളിലും ശീതള പാനീയങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിലും നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും ഇവിടങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കളുടെയും പാനീയങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിൽ പരിശോധിപ്പിച്ച് ഭക്ഷ്യസുരക്ഷാ നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

210 (3054) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി പ്രഖ്യാപിച്ചതെന്നാണ്; ഇവിടെ കിടത്തിചികിത്സ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ കിടത്തി ചികിത്സ നടക്കുന്നുണ്ടോ എന്ന് വിശദീകരിക്കുമോ;

(സി) ഇവിടെ നിലവിൽ വിവിധ വിഭാഗത്തിലുള്ള ജീവനക്കാരുടെയും സൗകര്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ ആശുപത്രിയിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 6-11-2008 തീയതിയിലെ ജി.ഒ.(എം.എസ്) 568/08/ആ.കു.വ പ്രകാരം ഓച്ചിറ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തി ഉത്തരവായിട്ടുണ്ട്. കിടത്തി ചികിത്സ ഉണ്ടായിരുന്ന സ്ഥാപനമാണ്.

(ബി) നിലവിൽ കിടത്തി ചികിത്സ നടക്കുന്നില്ല. ഒ. പി. സമയങ്ങളിൽ ഒബ്സർവേഷൻ നടത്താറുണ്ട്.

(സി) ടി സി.എച്ച്.സി.യിൽ ഡോക്ടർമാരുൾപ്പെടെ 20 തസ്തികകളിലായി 34 ജീവനക്കാരുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 5 |
| ഹെൽത്ത് സൂപ്പർവൈസർ | - | 1 |
| പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | - | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | - | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | - | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | - | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | - | 2 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്1 | - | 3 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്2 | - | 4 |

| | | |
|---|---|---|
| ഫാർമസിസ്റ്റ് | - | 1 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്1 | - | 1 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്2 | - | 1 |
| ഒപ്റ്റോമെട്രിസ്റ്റ് | - | 1 |
| ലാബ് ടെക്നീഷ്യൻ | - | 1 |
| ക്ലർക്ക് | - | 2 |
| ഡ്രൈവർ | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 2 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്2 | - | 2 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

ടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുരുഷൻമാർക്കും സ്ത്രീകൾക്കുമായി 12 കിടക്കകൾ ലഭ്യമാണ്. ഒ. പി., പി.പി.യൂണിറ്റ്, എൻ.സി.ഡി. യൂണിറ്റ്, പാലിയേറ്റീവ് കെയർ, ഫാർമസി, ലാബ് തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. ക്വാർട്ടേഴ്സ് സൗകര്യവും ലഭ്യമാണ്.

(ഡി) ആർദ്രം മിഷന്റെ ഭാഗമായി തയ്യാറാക്കിയ സ്റ്റാന്റൈഡെസേഷൻ പ്രൊപ്പോസലിന്റെ കരട് ലിസ്റ്റിൽ ഓച്ചിറ സാമൂഹികാരോഗ്യകേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്.

**കിഡ്നി/ക്യാൻസർ രോഗ നിർണ്ണയത്തിന് പ്രത്യേക കേന്ദ്രം**

211 (3055) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി/ക്യാൻസർ രോഗ നിർണ്ണയത്തിന് വേണ്ടി മലപ്പുറം ജില്ലയിൽ പ്രത്യേക കേന്ദ്രങ്ങൾ ഉണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു കേന്ദ്രം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) മലബാർ മേഖലയിൽ ഈ സംവിധാനങ്ങൾ (കിഡ്നി/ക്യാൻസർ രോഗ നിർണ്ണയം) നിലവിൽ ഉള്ള കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കിഡ്നി രോഗ നിർണ്ണയത്തിനായി മലപ്പുറം ജില്ലയിൽ പ്രത്യേകം രോഗ നിർണ്ണയ കേന്ദ്രങ്ങൾ ഇല്ല. അക്കാര്യത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി (നെഫ്രോളജിസ്റ്റ്) തസ്തികയിലുള്ള ഡോക്ടർമാർ ജില്ലയിലില്ല. അതേസമയം ഫിസിഷ്യൻ (എം.ഡി. ഫിസിഷ്യൻ) തസ്തികയിലുള്ള ഡോക്ടർമാർ ജില്ലയിലെ ജനറൽ ആശുപത്രി, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള രോഗനിർണ്ണയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും അതിന്റെ സ്പെഷ്യലിസ്റ്റുകൾ (റേഡിയോ തെറാപ്പിസ്റ്റ്) മുഖേന മഞ്ചേരി ജനറൽ ആശുപത്രിയിലും 3 ജില്ലാ ആശുപത്രികളിലും കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്.

(ബി) സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മലബാർ മേഖലയിൽ പാലക്കാട് ജില്ലയിൽ നിലവിൽ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ക്യാൻസർ യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ യൂണിറ്റിൽ ക്യാൻസർ രോഗം മുൻപേ കണ്ടെത്താനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ മാമോഗ്രാം, കീമോ തെറാപ്പി എന്നീ സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ ഒരു സാറ്റലൈറ്റ് യൂണിറ്റ് കഞ്ചിക്കോട് പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രത്തിലും ക്യാൻസർ മുൻകൂട്ടി കണ്ടെത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കിഡ്നി രോഗ നിർണ്ണയത്തിന് പാലക്കാട് ജില്ലാ ആശുപത്രിയോടനുബന്ധിച്ച് നെഫ്രോളജി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. കൂടാതെ എടവണ്ണ ചെമ്പക്കത്ത് സി.എച്ച്.സി.-യോട് ചേർന്ന് ക്യാൻസർ നിർണ്ണയ കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കിഡ്നി/ക്യാൻസർ രോഗ നിർണ്ണയത്തിനുവേണ്ടി ഗവൺമെന്റ് മേഖലയിൽ പ്രത്യേക കേന്ദ്രങ്ങൾ നിലവിലില്ല. വയനാട് ജില്ലയിൽ മാനന്തവാടി ജില്ലാ ആശുപത്രിയിലും, വൈത്തിരി താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നെഫ്രോളജിസ്റ്റ് തസ്തിക നിലവിലില്ല. കോഴിക്കോട് ജില്ലയിലെ കിഡ്നി രോഗനിർണ്ണയ കേന്ദ്രങ്ങൾ താഴെപ്പറയുന്നു:

1. ജില്ലാ ആശുപത്രി, വടകര.
2. താലൂക്ക് ആശുപത്രി, താമരശ്ശേരി
3. ഗവ.ജനറൽ ആശുപത്രി, കോഴിക്കോട്
4. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്

## ആരോഗ്യം

212 (3056) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗുരുതരാവസ്ഥയിൽ എത്തിപ്പെടുന്ന രോഗികൾക്ക് അടിയന്തര ചികിത്സ ലഭിക്കാൻവേണ്ടി നിലവിലുള്ള ടെസ്റ്റുകൾ നടത്തുന്ന സ്ഥലങ്ങൾ എല്ലാം കാഷ്വാലിറ്റി വാർഡിന് തൊട്ടടുത്തായി സ്ഥിതിചെയ്യുന്ന രീതിയിൽ മാറ്റി, ജനോപകാരപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള സംവിധാനത്തിൽ ജനങ്ങളുടെ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാഷ്വാലിറ്റിയിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ (അറ്റന്റർ മുതലായവരുടെ) സന്നദ്ധസംഘടനകളുമായി ആലോചിച്ച് നിലവാരംപുലർത്തി പോരുന്ന സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്ന നടപടി

213 (3057) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ താലൂക്കിൽ നിലവിൽ താലൂക്ക് ആശുപത്രി ഇല്ലാത്തതിനാൽ താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തിയ നടപടികൾ ഇപ്പോൾ ഏതുവരെയായി;

(ബി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എപ്പോൾ ഉത്തരവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) അനന്തര നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ സ്റ്റാന്റേഡൈസേഷന്റെ കരട് ലിസ്റ്റിൽ താനൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) നടപടികൾ പുരോഗമിച്ചുവരുന്നു.

## താലോലം പദ്ധതി

214 (3058) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. എം. നൗഷാദ് :

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗബാധിതരായ കുട്ടികൾക്കായി താലോലം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും 2017-18-ൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും അറിയിയ്ക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ 18 വയസ്സ് വരെ പ്രായമുള്ള മാരക രോഗബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുകയെന്നതാണ് താലോലം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽപാൽസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്. ചുവടെ പറയുന്ന 18 ആശുപത്രികളിലൂടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

1. റീജിയണൽ ക്യാൻസർ സെന്റർ,തിരുവനന്തപുരം.
2. ശ്രീചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.
3. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം.

4. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

5. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.

6. ഐ.സി. എച്ച്. കോട്ടയം.

7. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.

8. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ.

9. ഗവ. മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ.

10. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

11. ഐ.എം.സി.എച്ച്. കോഴിക്കോട്.

12. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം.

13. അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ.

14. മലബാർ ക്യാൻസർ സെന്റർ,കണ്ണൂർ.

15. ജില്ലാ ആശുപത്രി, ആലുവ.

16. ICCONS, തിരുവനന്തപുരം.

17. ICCONS, ഷൊർണ്ണൂർ.

18. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി.

(സി) താലോലം പദ്ധതിയുടെ നിർവ്വഹണ ഏജൻസി കേരള സാമൂഹ്യ സുരക്ഷാ മിഷനാണ്. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിയുടെ നടത്തിപ്പിനായി 2,50,00,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**ആരോഗ്യ വകുപ്പ്**

215 (3059) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് ആയുർവേദ ഗവേഷണകേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെയാണ് അതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത്; ആയുഷ് വകുപ്പിന്റെ ഏതെങ്കിലും ഒരു പദ്ധതി അരൂർ നിയോജകമണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്ത് കെ.ഐ.എസ്.ഡി.സി.-യുടെ വകയായ മണലിഷ്ടിക ഫാക്ടറി(കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ) നിലനിന്നിരുന്ന സ്ഥലം (പതിനേഴര ഏക്കർ) വ്യവസായ വകുപ്പിൽ നിന്നും അനുമതി തേടി അവിടെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള ആയുർവേദ ഗവേഷണകേന്ദ്രം കണ്ണൂർ ജില്ലയിൽ റവന്യൂ വകുപ്പ് കണ്ടെത്തുന്ന ഉചിതമായ സ്ഥലത്ത് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയുഷ് വകുപ്പിന്റെ ഏതെങ്കിലും ഒരു പദ്ധതി അരൂർ നിയോജകമണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

**നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് പുതിയ കെട്ടിടം**

216 (3060) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) അനുമതി ലഭിച്ച തുകയുടെ വിശദാംശങ്ങൾ, ഈ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ മെയിൽ & ഫീമെയിൽ വാർഡ് നിർമ്മിക്കുന്നതിന് വേണ്ടി ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി മണ്ണ് പരിശോധനയ്ക്കും സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നു.

(സി) മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൊത്തം 4030 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. നബാർഡ് ഫണ്ടിൽ 2000 ലക്ഷം രൂപയും സംസ്ഥാന ഷെയർ 352.94 ലക്ഷം രൂപയും അനുവദിച്ച് ഉത്തിവായിട്ടുള്ളതാണ്. ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ടി കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കായി 1677.06 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

## പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ

217 (3061) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്കായി നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആർദ്രം മിഷന്റെ ഭാഗമായി വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക് തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന/ഭൗതിക സൗകര്യ വികസനം, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയവയ്ക്കുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. സി.എച്ച്.സി.-യെ പിന്നീട് പരിഗണിക്കുന്നതാണ്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രം കൊല്ലങ്കോടിനെ ഫാമിലി ഹെൽത്ത് സെന്റർ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി വികസനം

218 (3062) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ആശുപത്രിവികസനവുമായി ബന്ധപ്പെട്ട് പുതിയ നിർമ്മാണപ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണ്?

ഉത്തരം

(എ) പരിഗണനയിലുണ്ട്. കോട്ടയം മെഡിക്കൽ കോളേജിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി.ഡി. ട്രാൻസ്ഫോർമേഷന്റെ ഭാഗമായുള്ള നിർമ്മാണ നവീകരണ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ബി) 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ അനുബന്ധം-1 ൽ കാണുക.* കൂടാതെ കോട്ടയം മെഡിക്കൽ കോളേജിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി, ഒ.പി.ഡി. ട്രാൻസ്ഫോർമേഷന്റെ ഭാഗമായി താഴെപ്പറയുന്ന നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ കൈക്കൊണ്ടുവരുന്നു.

1. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകളുടെ എണ്ണം രോഗികളുടെ എണ്ണത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുക-ടോക്കൺ സംവിധാനം ഏർപ്പെടുത്തുക, ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുക.

2. വിവിധ ഒ.പി. സെക്ഷനുകൾ, ലാബോറട്ടറികൾ, പരിശോധനാ സൗകര്യങ്ങൾ തുടങ്ങിയവ എളുപ്പം കണ്ടുപിടിക്കാനുള്ള സൈനേജുകൾ സ്ഥാപിക്കുക.

3. രോഗികൾക്ക് കാത്തിരിപ്പിന് ആവശ്യമായ സ്ഥലസൗകര്യങ്ങളും കസേരയും കുടിവെള്ളവും ഏർപ്പെടുത്തുക.

4. രോഗീപരിചരണ സഹായികൾ ഉറപ്പാക്കുക.

5. ടോയ്‌ലറ്റ് സൗകര്യങ്ങൾ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം മുതലായവ ഏർപ്പെടുത്തുക.

6. രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, അടുത്ത പ്രാവശ്യം ഡോക്ടറെ കാണാൻ മുൻകൂട്ടിയുള്ള ബുക്കിംഗും ഏർപ്പെടുത്തുക.

**ആരോഗ്യവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ**

219 (3063) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലും ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളുമായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഏത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(സി) ഇനിയും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എന്നത്തേയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളില്ല.

(ബി&സി) ബാധകമല്ല.

**അവയവദാനം**

220(3064) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി 2012-ൽ കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ (കെ.എൻ.ഒ.എസ്.) പദ്ധതിക്ക് രൂപം കൊടുത്തു. ഇതിന്റെ സംസ്ഥാനതല ഓഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. ഭരണ നിർവ്വഹണം സുഗമമാക്കുവാൻ സംസ്ഥാനത്തെ മൂന്ന് സോണുകളായി തരംതിരിക്കുകയും കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സോണൽ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ കെ.എൻ.ഒ.എസ്.-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കാറുണ്ട്. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങൾ വഴി വിവിധ സാംസ്കാരിക മേളകളിൽ വച്ച് അവയവദാന സമ്മതപത്ര ശേഖരണം നടത്തിവരികയും ചെയ്യുന്നു.

പ്രശസ്ത മലയാളം സിനി ആക്ടർ പത്മശ്രീ ഡോ. മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസഡർ ആയി നിയമിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനം നൽകിയിട്ടുള്ളവരുടെ കുടുംബ സംഗമം വർഷംതോറും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ പാരാ മെഡിക്കൽ സ്റ്റാഫ് അംഗങ്ങൾക്ക് ട്രെയിനിംഗ് പരിപാടികളും നടത്തിവരുന്നു.

**ആലപ്പാട് പി.എച്ച്.സി.**

221 (3065) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതി നടപ്പിലാക്കുമ്പോൾ ആലപ്പാട് പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തി സി.എച്ച്.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

ആരോഗ്യ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനാണ് ഇപ്പോൾ മുൻതൂക്കം നൽകുന്നത്. ഇതിനായി തയ്യാറാക്കിയിട്ടുള്ള ആർദ്രം മിഷന്റെ ആദ്യഘട്ടത്തിൽ പതിനാല് ജില്ലകളിൽ നിന്നുമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ആലപ്പാട് പി.എച്ച്.സി. ഉൾപ്പെട്ടിട്ടില്ല.

## നാദാപുരം പി.എച്ച്.സി.-യിലെ കിടത്തിചികിത്സ

222 (3066) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കായക്കൊടി പഞ്ചായത്തിലെ പി.എച്ച്.സി.-യിൽ കിടത്തിച്ചികിത്സ നല്കാൻ പദ്ധതി ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കിടത്തിച്ചികിത്സയ്ക്ക് ഇനി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 28-3-2017-ലെ ജി.ഒ. (ആർ.റ്റി.)നമ്പർ 845/2017/എച്ച്&എഫ്. ഡബ്ല്യു.ഡി. പ്രകാരം ആർദ്രം മിഷന്റെ ഭാഗമായി 14 ജില്ലകളിൽനിന്നും 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കായക്കൊടി പി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്. പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ ഇപ്പോൾ പരിഗണനയിലില്ല. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഭാഗമായി പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

## ആർദ്രം മിഷൻ

223 (3067) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(Rt)N.845/2017/H&FWD Tvpm Dt. 28-3-2017 പ്രകാരം ആർദ്രം മിഷന്റെ ഭാഗമായുള്ള 170 കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്റർ ആയി ഉയർത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി ഫാമിലി ഹെൽത്ത് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തീകരിക്കുവാൻ കഴിയുക;

(ബി) ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 7 കോടി രൂപയും ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിന് 23 കോടി രൂപയും സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ തിട്ടപ്പെടുത്തി ഗ്യാപ്പ് അനാലിസിസ് നടത്തി പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടി 14 ജില്ലകളിലും നടന്നുവരുന്നു. 2017-18 കാലഘട്ടത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) എൻ.എച്ച്.എം. എഞ്ചിനീയറിംഗ് വിഭാഗം വഴിയാണ് ഗ്യാപ്പ് അനാലിസിസ്സും, പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടിയും നടന്നുവരുന്നത്. ഇതിൻപ്രകാരം ടെണ്ടർ വിളിച്ച് ഏജൻസിയെ തീരുമാനിച്ച് പണി പൂർത്തിയാക്കുന്നതാണ്.

**ചികിത്സാ ധനസഹായ പദ്ധതി**

224(3068) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ചികിത്സതേടുന്ന പാവപ്പെട്ടവർക്കായി എന്തൊക്കെ ചികിത്സാ ധനസഹായ പദ്ധതികളാണ് ആരോഗ്യവകുപ്പുമുഖേന നടപ്പാക്കിവരുന്നത്; വിശദ വിവരങ്ങളും, അപേക്ഷയുടെ മാതൃകയും സഹിതം ഓരോ പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ പദ്ധതിയിലും എത്ര പേർക്ക് എത്ര രൂപ ചികിത്സാ ധനസഹായമായി അനുവദിച്ച നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) അർബുദ ബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ, ക്യാൻസർ രോഗ ബാധിതർക്ക് ചികിത്സാധനസഹായം ലഭ്യമാക്കുന്നതിലേക്കായി ഒരു പ്രത്യേക ക്യാൻസർ കെയർ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പുവർ എന്ന പദ്ധതി പ്രകാരം പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാ ധനസഹായ പദ്ധതി ആരോഗ്യ വകുപ്പിൽ നിലവിലുണ്ട്. 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തിവരുന്ന രോഗികൾക്കാണ് ഈ പദ്ധതി മുഖേന ധനസഹായം നൽകിവരുന്നത്. ഒരു രോഗിക്ക് അമ്പതിനായിരം രൂപയാണ് ധനസഹായം നൽകുന്നത്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറിയായ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർക്ക് നൽകേണ്ടതാണ്. ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ള രോഗികളെ അപേക്ഷ, രോഗം, ചികിത്സ നടത്തുന്ന സ്ഥാപനം എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നു.

ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗം, ആശുപത്രി എന്നിവ സംബന്ധിച്ച വിവരം അനുബന്ധം 1 ആയും* അപേക്ഷയുടെ മാതൃക അനുബന്ധം 2 ആയും* ചേർക്കുന്നു. 1999 മുതൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

2. ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധി ഫണ്ടിൽ നിന്നുള്ള ധനസഹായം മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള തുടർ ചികിത്സ നടത്തിവരുന്ന രോഗികൾക്ക് ഈ പദ്ധതി മുഖേന 2000 രൂപ ധനസഹായം നൽകുന്നു. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പുവർ എന്ന പദ്ധതി മുഖേന ധനസഹായം നൽകാത്ത രോഗികൾക്കാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നത്. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷ, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്. 1958 മുതൽ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 1. <u>സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ</u> :

ധനസഹായം നൽകിയ അപേക്ഷകരുടെ

എണ്ണം - 1269

ആകെ തുക -5,42,94,000 രൂപ

2. <u>ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധി ഫണ്ട്</u>:

ധനസഹായം നൽകിയ അപേക്ഷകരുടെ

എണ്ണം - 184

ആകെ തുക - 3,68,000 രൂപ

(സി) ക്യാൻസർ രോഗ ചികിത്സാ ധനസഹായമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് സുകൃതം പദ്ധതി നിലവിലുണ്ട്. ആർ.എസ്.ബി.വൈ.സി.എച്ച്.ഐ.എസ്., കാരുണ്യ, താലോലം തുടങ്ങിയ പദ്ധതികളും ക്യാൻസർ ചികിത്സയ്ക്ക് ധനസഹായം നൽകുന്നവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പാലമേൽ പ്രാഥമികാരോഗ്യ കേന്ദ്രം**

225 (3069) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലമേൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് സ.ഉ.(ആർ.ടി.)845/2017/ആ.കു.വ. തീയതി 28-3-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ പാലമേൽ പി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഇക്കാര്യങ്ങൾ നടപ്പിലാക്കാനായി സംസ്ഥാന ബജറ്റിൽ 23 കോടി രൂപയും ടി പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സുമാരുടെയും ലാബ് ടെക്നീഷ്യന്റെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

226 (3070) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ട്; ഗ്രേഡ്/ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) നിലവിൽ ഗ്രേഡ് II തസ്തികയിൽ പ്രവർത്തിക്കുന്ന ജെ.എച്ച്.ഐ.-മാർ എത്ര പേർ ജില്ലാതല നിയമന ചട്ടങ്ങൾ മറികടന്ന് വിവിധ നിയമനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ജില്ലാതല നിയമന ചട്ടങ്ങൾ മറികടന്ന് പ്രവർത്തിക്കുന്ന മുഴുവൻ ജെ.എച്ച്.ഐ.-മാരുടെയും സീനിയോറിറ്റി പുനർ ക്രമീകരിച്ച് മാത്രം സ്ഥാനക്കയറ്റം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ വിദ്യഭ്യാസ വകുപ്പിൽ അനർഹമായി നിയമനം തരപ്പെടുത്തിയവരെ തിരിച്ചയ്ക്കാൻ ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ജെ.എച്ച്.ഐ.-മാരുടെ കാര്യത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ആകെ 3617 തസ്തികകളാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 തസ്തികകളിലായി നിലവിലുള്ളത്. ഈ വിഭാഗങ്ങൾ തമ്മിലുള്ള അനുപാതം സംസ്ഥാനതലത്തിൽ 1:1 എന്ന നിലയിലാണ് നിലനിർത്തുന്നത്. ഈ അനുപാതം ജില്ലാതലത്തിൽ പാലിക്കാൻ സാങ്കേതിക കാരണങ്ങളാൽ കഴിയാറില്ല.

(ബി) ഗ്രേഡ് 2 തസ്തികയിൽ പ്രവർത്തിക്കുന്ന ജെ.എച്ച്.ഐ.-മാർ ജില്ലാതല നിയമന ചട്ടങ്ങൾ മറികടന്ന് നിയമനങ്ങൾ വാങ്ങിയിട്ടില്ല. അന്തർജില്ലാ സ്ഥലം മാറ്റം ഒഴിവുകൾ, ഓരോ ജില്ലയിലും വരുന്ന ഒഴിവുകളുടെ പത്ത് ശതമാനം വീതമാണ് അനുവദിക്കുന്നത്. കൂടാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ജില്ലാന്തര സ്ഥലംമാറ്റം നൽകുമ്പോൾ തസ്തികയിൽ ജൂനിയർ മോസ്റ്റ് ആയിട്ടാണ് നിയമനം നൽകുന്നത്. അന്യത്ര സേവനത്തിലായിരിക്കുകയും തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത രണ്ട് ജെ.എച്ച്.ഐ. ഗ്രേഡ് 2-മാർ ഡി.ആർ.ബി. ജില്ലയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ താൽക്കാലികമായി ഒഴിവുള്ള ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. ഡി.ആർ.ബി. ജില്ലകളിൽ ഒഴിവുവരുന്ന മുറയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുകയും എന്നാൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ എറണാകുളം, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ നിയമിക്കപ്പെട്ട ഒൻപത് ജെ.എച്ച്.ഐ. ഗ്രേഡ് 2- മാർ തൃശ്ശൂർ ജില്ലയിലെ ഒഴിവിൽ നിയമനം കാത്ത് നിൽക്കുന്നുണ്ട്.

(സി) അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ഉൾപ്പെടെയുള്ള ജീവനക്കാർ ജൂനിയർ മോസ്റ്റ് ആയിട്ടാണ് പുതിയ ജില്ലയിൽ പ്രവേശിക്കുന്നത്. ആയതിനാൽ സീനിയോറിറ്റി പുനഃക്രമീകരിച്ചാണ് സ്ഥാനക്കയറ്റം നൽകുന്നത്.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജെ.എച്ച്.ഐ. തസ്തികയിൽ ആർക്കും അനർഹമായി നിയമനം നൽകിയിട്ടില്ല. ദ്വിഭരണ സമ്പ്രദായം നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ച നിയമന ഉത്തരവുകളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

## എറണാകുളം മെഡിക്കൽ കോളേജിലെ യൂറോളജി ഡിപ്പാർട്ടുമെന്റ്

227 (3071) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത എറണാകുളം മെഡിക്കൽ കോളേജിലെ യൂറോളജി ഡിപ്പാർട്ട്മെന്റിലേക്കായി വാങ്ങിയ അഞ്ച് കോടി രൂപയുടെ ഉപകരണങ്ങൾ നിലവിൽ ഉപയോഗപ്പെടുത്താത്തതുമൂലം നശിച്ചുപോകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയത് സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമായി പ്രവർത്തിച്ചു വന്നിരുന്ന യൂറോളജി വിഭാഗത്തിന്റെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രതിദിനം നൂറോളം രോഗികൾ എത്തിയിരുന്ന എറണാകുളം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പകർച്ചവ്യാധികൾ തടയുന്നതിന് നടപടി**

228 (3072) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പകർച്ചവ്യാധികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തു ഏതെങ്കിലും പ്രദേശത്ത് പകർച്ചവ്യാധികൾ പൊട്ടിപുറപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. മഴക്കാലം വരുന്നതിനും മുമ്പേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ശുചിത്വ മിഷനേയും, ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കിവരുന്നു. രോഗനിരീക്ഷണം, കൊതുക നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നുണ്ട്. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുക നശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീടിനുള്ളിൽ

കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവത്കരണ പ്രവർത്തനങ്ങൾ, വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ജൻഔഷധി മെഡിക്കൽ സ്റ്റോറുകളുടെ നിയന്ത്രണം

229 (3073) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻഔഷധി മെഡിക്കൽ സ്റ്റോറുകളുടെ നിയന്ത്രണം കേന്ദ്ര സർക്കാരിനാണോ അതോ സ്വകാര്യ വ്യക്തികൾക്കാണോ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർ സംസ്ഥാനത്തു വിപണനം നടത്തുന്ന മരുന്നുകൾ ഏതെല്ലാം എന്നും സംസ്ഥാനത്ത് ലഭ്യമാക്കുന്ന ഇതേ കോമ്പിനേഷനുകളിലുള്ള മരുന്നുകൾക്കും ജൻഔഷധി മരുന്നുകൾക്കും ഉള്ള വിലയിലെ അന്തരം എത്ര എന്നും വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാന സർക്കാർ മരുന്നു കമ്പനികളായ രാജസ്ഥാൻ ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ്, കർണ്ണാടക ആന്റിബയോട്ടിക് എന്നിവരുടെ ജനറിക് മരുന്നുകളിൽ സംസ്ഥാനത്ത് വിപണനം നടത്തുന്ന മരുന്നുകൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഇതരസംസ്ഥാനമരുന്നു കമ്പനികൾ വിപണനം നടത്തുന്ന മരുന്നുകളിൽ നിന്നും ഏതെല്ലാം മരുന്നുകൾ കെ.എം.എസ്.സി.എൻ. വഴി സർക്കാർ വാങ്ങി വിതരണം നടത്തുന്നു ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകളുടെ ലൈസൻസിംഗ്, വ്യാപാര നിയന്ത്രണം എന്നിവ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിനാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഫാർമസ്യൂട്ടിക്കൽ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ബി.പി.പി.ഐ. (ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർ ടേക്കിംഗ് ഓഫ് ഇന്ത്യ)-യുടെ സംരംഭമായ പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി പരിയോജന പ്രകാരമാണ് വ്യക്തികൾ/സൊസൈറ്റികൾ/ എൻ.ജി.ഒ.കൾ/സർക്കാർ വകുപ്പുകൾ എന്നിവർക്ക് ഉപാധികളോടെ ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ കേരളത്തിൽ ജനറിക് മരുന്നുകൾ വിപണനം നടത്തുന്ന ജൻ ഔഷധി സ്റ്റോറുകൾക്ക് മരുന്ന് ലഭ്യമാക്കുന്നത് ബി.പി.പി.ഐ. സെൻട്രൽ സ്റ്റോറിൽ നിന്നും ആണ്. ആയതിനാൽ പ്രസ്തുത വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭ്യമല്ല.

(ഡി) ഇതര സംസ്ഥാന സർക്കാർ മരുന്ന് കമ്പനികളായ രാജസ്ഥാൻ ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ്, കർണ്ണാടക ആന്റിബയോട്ടിക്സ് തുടങ്ങിയ മരുന്നു കമ്പനികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ മരുന്നു വിതരണം നടത്തുന്നില്ല.

(ഇ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകൾ ദേശീയതലത്തിൽ ക്ഷണിക്കുന്ന മത്സര സുതാര്യ ഇ-ദർഘാസുകൾ മുഖേനയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം നടത്തി വരുന്നത്. എന്നാൽ ടി മരുന്ന് കമ്പനികൾ കോർപ്പറേഷന്റെ ദർഘാസിൽ പങ്കെടുക്കുകയോ മാനദണ്ഡങ്ങൾക്കനുസൃതമായി യോഗ്യത നേടുകയോ ചെയ്യാത്തതിനാൽ ടി കമ്പനികളുടെ ഉൽപ്പന്നങ്ങൾ വാങ്ങി വിതരണം ചെയ്യാൻ സാധിക്കില്ല.

**സ്വകാര്യ ആശുപത്രികളിലെ അമിത നിരക്കുകൾ**

230(3074) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് കിടത്തിച്ചികിത്സയ്ക്കായി മുറികൾക്ക് ഒരു ദിവസത്തെ വാടക ഇനത്തിൽ മാത്രം 7000 മുതൽ 12500 രൂപ വരെ ഈടാക്കുന്നതായും മുറികളുടെ നിലവാരമനുസരിച്ച് ഒരേ അസുഖത്തിന് വിവിധ നിലകളിലുള്ള മുറികളിൽ കിടക്കുന്ന രോഗികൾക്ക് കൊടുക്കുന്ന മരുന്നുകൾക്കും ഓപ്പറേഷനും ലാബ്ടെസ്റ്റിനും കുടിവെള്ളത്തിനും ആഹാരത്തിനും എല്ലാം യഥാർത്ഥ വിലയുടെ 60% വരെ അധികം ഈടാക്കുകയും ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടാം നിലയിലെ രോഗിക്ക് ഓപ്പറേഷന് ഒരു ലക്ഷം രൂപയാണെങ്കിൽ ഒമ്പതാം നിലയിൽ ഇതേ ഓപ്പറേഷനുവിധേയനായ രോഗിയിൽനിന്നും 1,60,000 രൂപ ഈടാക്കുന്നതായും ആക്ഷേപമുള്ളതിനാൽ ഇപ്രകാരം ചെയ്യുന്ന ആശുപത്രികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഇതിനെക്കുറിച്ച് വിശദമായി പഠിക്കുവാനും അന്വേഷിക്കുവാനും കമ്മിറ്റിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ " കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ ആശുപത്രികളിലെ മാലിന്യം

231 (3075) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽനിന്നുള്ള മാലിന്യം അപകട രഹിതമായി സംസ്കരിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ എന്തു സംവിധാനമാണുള്ളത്;

(ബി) ഇത്തരം മാലിന്യങ്ങൾ അപകടരഹിതമായി സംസ്കരിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എല്ലാ സ്വകാര്യ ആശുപത്രികളും കേന്ദ്ര സർക്കാരിന്റെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും അനുമതിക്കായി അപേക്ഷിക്കേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികൾ സ്വന്തമായി ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ശാസ്ത്രീയമായ സംവിധാനം ഒരുക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തെ പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനം വഴി നിർമ്മാർജ്ജനം ചെയ്യുകയോ വേണം. ഇത് ഉറപ്പാക്കിയശേഷമാണ് ബോർഡിന്റെ അനുമതി നൽകുന്നത്.

## ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനം

232 (3076) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ ശാസ്ത്രീയമായ രീതിയിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം താലൂക്ക് ആശുപത്രിയിലെ ആഹാര അവശിഷ്ടങ്ങൾ കായംകുളം നഗരസഭ മുഖേന നിർമ്മാർജ്ജനം ചെയ്തുവരുന്നു. ബയോ മെഡിക്കൽ വേസ്റ്റ് ഇമേജ് മുഖേന നിർമ്മാർജ്ജനം ചെയ്തുവരുന്നു. പ്ലാസ്റ്റിക് വേസ്റ്റ് നിർമ്മാർജ്ജനത്തിനായി അംഗീകൃത സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു. നിലവിൽ കൂടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2017-18 പ്രോജക്റ്റിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

**സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ്**

233 (3077) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് നിലനിൽക്കുന്നതുമൂലം മെഡിക്കൽ കോളേജുകളിൽ വിദഗ്ധ ചികിത്സ നൽകുന്നതിൽ നിലനിൽക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്ര സൂപ്പർസ്പെഷ്യാലിറ്റി തസ്തികയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്നും, അതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അറിയിക്കുമോ;

(സി) വിവിധ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അപേക്ഷ ക്ഷണിച്ച് ഒഴിവുള്ള തസ്തികകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇത് സംബന്ധിച്ച പട്ടിക അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(സി) കാർഡിയോ വാസ്കുലർ & തൊറാസിക് സർജറി, യൂറോളജി, പീഡിയാട്രിക്, ന്യൂറോളജി എന്നിവയിൽ റാങ്ക് പട്ടിക നിലവിലുണ്ട്. കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിലെ നിയമനങ്ങൾക്കായുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുകയും ന്യൂറോളജി വിഭാഗത്തിലെ നിയമനത്തിനായുള്ള ഓൺലൈൻ പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. ഗാസ്ട്രോ എന്ററോളജി, പീഡിയാട്രിക് സർജറി എന്നിവയിലെ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും സർജിക്കൽ ഗാസ്ട്രോ എൻട്രോളജി വിഭാഗത്തിലെ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുഷ്ഠരോഗ നിർമ്മാർജ്ജനം

234 (3078) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കുഷ്ഠരോഗികൾ ഉണ്ടെന്നും 2017-ൽ എത്ര കേസുകൾ പുതുതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് അറിയിക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാരിൽ സ്ഥിരം ജീവനക്കാർ എത്രയെന്നും, എംപ്ലോയ്മെന്റ്, താത്കാലിക ജീവനക്കാർ എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) എൻ.എൽ.ഇ.പി. പദ്ധതി എന്നുവരെ നിലനിൽക്കുമെന്നും അതിനു ശേഷം ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ ഏതു വിഭാഗത്തിൽ വിന്യസിപ്പിക്കുമെന്നും അവരുടെ ജോലി എന്തായിരിക്കുമെന്നും വിശദമാക്കാമോ;

(എഫ്) താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സ്ഥിരപ്പെടുത്തിയവരുടെ വിവരം, സീനിയോറിറ്റി എന്നിവ ലഭ്യമാക്കാമോ?

### ഉത്തരം

(എ) കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി സംസ്ഥാനത്ത് കാര്യക്ഷമമായി നടന്നുവരുന്നു. സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ/താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കുഷ്ഠരോഗ ചികിത്സയ്ക്കുള്ള മരുന്ന് ലഭ്യമാണ്. പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരിലൂടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ മേഖലയിലും രോഗ പരിശോധനയ്ക്കുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ നഗര പ്രദേശങ്ങളിൽ 51 അർബൻ ലെപ്രസി സെന്ററുകൾ, ജില്ലാ/താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമായി കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മാത്രമായി പ്രവർത്തിക്കുന്നു. കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് കൈവരിക്കുന്നതിനായി ബൃഹത്തായ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേയും അംഗനവാടികളിലേയും കുട്ടികളെ (3 മുതൽ 17 വയസ്സു വരെയുള്ളവരെ) അദ്ധ്യാപകരുടെ/ അംഗനവാടി പ്രവർത്തകരുടെയും സ്കൂൾ ഹെൽത്ത് നഴ്സിന്റെയും സഹകരണത്തോടെ ത്വക്ക് രോഗ പരിശോധന നടത്തുന്നതിനും വിദഗ്ദ്ധ പരിശോധന ആവശ്യമുള്ളവർക്ക് മെഡിക്കൽ ഓഫീസറുടെയും ത്വക്ക് രോഗ വിദഗ്ദ്ധരുടെയും സേവനം ലഭ്യമാക്കുന്നതിനുമുള്ള

നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തീരപ്രദേശങ്ങളിലും ഗോത്ര മേഖലയിലും നഗരചേരികളിലും താമസിക്കുന്നവരെയും അന്യസംസ്ഥാന തൊഴിലാളികളെയും പരിശോധിക്കുന്നതിനുള്ള പ്രവർത്തന തന്ത്രം ആവിഷ്കരിക്കുകയും ആരോഗ്യ വകുപ്പിലെ നോൺ മെഡിക്കൽ സൂപ്പർവൈസർ, പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ ആശാ പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരുടെ സഹകരണത്തോടെ രോഗ പരിശോധനയ്ക്ക് വിധേയരാക്കിവരുന്നു. കൂടാതെ സ്ക്രീനിംഗ് ക്യാമ്പുകൾ, ത്വക്ക് രോഗ നിർണ്ണയത്തിനുള്ള പ്രത്യേക മെഡിക്കൽ ക്യാമ്പുകളും ബ്ലോക്കുതലത്തിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തന തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ ഇന്റർസെക്ടൽ കോ-ഓർഡിനേഷൻ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനും കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കൂടുതലായി ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാർ, പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ, ആശാ പ്രവർത്തകർ എന്നിവരുടെ പരിശീലനത്തിനായി കുഷ്ഠരോഗത്തെക്കുറിച്ചുള്ള കൈപുസ്തകം പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളെ ബോധവത്കരിക്കാനായി ലഘുലേഖകളും പോസ്റ്ററുകളും പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ ഗ്രാമതല ബോധവത്കരണ ക്യാമ്പുകളും നഗരതല ബോധവത്കരണ ക്യാമ്പുകളും സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ 706 കുഷ്ഠരോഗികൾ വിവിധ ആശുപത്രികളിൽ നിന്നും ചികിത്സയെടുക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതുതായി രോഗ നിർണ്ണയം നടത്തി ചികിത്സയ്ക്ക് വിധേയമാക്കിയ 496 കുഷ്ഠരോഗബാധിതരുണ്ട്. 2017 ജനുവരി മുതൽ മാർച്ച് വരെ പുതുതായി കണ്ടുപിടിച്ച് ചികിത്സയ്ക്ക് വിധേയമാക്കിയ കുഷ്ഠരോഗ ബാധിതരുടെ എണ്ണം 112 ആണ്.

(സി) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.)നമ്പർ 305/2004/ ആ.കു.വ, തീയതി 26-11-2004 പ്രകാരം കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് ജോലി ചെയ്തിരുന്ന ജീവനക്കാരെ ജനറൽ വിഭാഗത്തിലേയ്ക്ക് സംയോജിപ്പിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന തസ്തികകളിൽ 80 പേർ ലെപ്രസി വിഭാഗത്തിൽ തന്നെ തുടരുന്നു:

| | | | |
|---|---|---|---|
| 1. | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് (ലെപ്രസി) | - | 1 |
| 2. | അസിസ്റ്റന്റ് ലെപ്രസി ഓഫീസർ | - | 24 |
| 3. | നോൺ മെഡിക്കൽ സൂപ്പർവൈസർ (സൂപ്പർ ന്യൂമററി ലെപ്രസി) | - | 55 |
| | ആകെ | - | 80 |

(ഡി) ജനറൽ ഹെൽത്ത് വിഭാഗത്തിലേയ്ക്ക് സംയോജിപ്പിച്ച ലെപ്രസി വിഭാഗം ജീവനക്കാരിൽ 56 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നേടി സ്ഥിരപ്പെടുത്തപ്പെട്ടവരാണ്. താൽക്കാലിക ജീവനക്കാർ നിലവിലില്ല.

(ഇ) എൻ.എൽ.ഇ.പി. പദ്ധതി പ്രകാരം പ്രവർത്തിച്ചുകൊണ്ടിരുന്ന ജീവനക്കാരെ ജനറൽ ഹെൽത്ത് വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(എഫ്) ഉണ്ട്. താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം ലെപ്രസി വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നേടിയ 56 പേരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

1. ജി.ഒ. (എംഎസ്.)നമ്പർ 275/06/ആ.കു.വ., തീയതി 29-12-2016
2. ജി.ഒ. (എംഎസ്.)നമ്പർ 49/10/ആ.കു.വ., തീയതി 4-2-2010
3. ജി.ഒ. (എംഎസ്.)നമ്പർ 301/13/ആ.കു.വ., തീയതി 5-3-2013

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അവസാന ഉത്തരവിൽപ്പെടുന്ന രണ്ട് പേർക്കാണ് സ്ഥിരനിയമനം നൽകിയിട്ടുള്ളത്. സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചു വരുന്നു.

## ആമച്ചൽ, പള്ളിച്ചൽ പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ നടപടി

235 (3079) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ആമച്ചൽ, പള്ളിച്ചൽ എന്നീ പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രമായി വികസിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ തുടർനടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ആശുപത്രികളിൽ എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഉണ്ടാക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് ഇരുപത്തിമൂന്ന് കോടി രൂപയും, ടി.പി.എച്ച്.സി.-കളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഏഴ് കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ഗ്യാപ്പ് അനാലിസിസ്സും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനുള്ള പ്രൊപ്പോസലും തയ്യാറാക്കിവരികയാണ്.

(ബി) പൊതുജനാരോഗ്യ രംഗത്ത് നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുവേണ്ടി നവകേരള മിഷന്റെ ഭാഗമായ ആർദ്രം മിഷനിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക.
- പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെട്ടംതൂണായി കരുതുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.
- KIIFB-യിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ രണ്ട് കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യൽ**

236 (3080) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലുള്ള സർക്കാർ ആയുർവേദാശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയിൽ ആയുർവേദ ഫാർമസിസ്റ്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; നിലവിലുള്ള ഒഴിവുകൾ കെ.പി.എസ്സ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ആയുർവേദ ഫാർമസിസ്റ്റ് നിയമത്തിനായി തിരുവനന്തപുരം ജില്ലയിൽ കെ.പി.എസ്സ്.സി. തയ്യാറാക്കിയിട്ടുള്ള (13-7-2015) റാങ്ക് പട്ടികയിൽ നിന്നും എത്ര പേർക്ക് നിയമനം നടത്തിയിട്ടുണ്ട്;

(സി) തിരുവനന്തപുരം ജില്ലയിൽ ആയുർവേദ ഫാർമസിസ്റ്റിന്റെ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ്;

(ഡി) തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ആയുർവേദ ഫാർമസിസ്റ്റ് തസ്തികയിൽ താല്ക്കാലിക/ദിവസവേതന നിയമനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒഴിവുകളൊന്നും നിലവിലില്ല.

(ബി) നിയമനം നടത്തിയിട്ടില്ല.

(സി) 82 തസ്തികകൾ.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഒരൊഴിവിലും താൽക്കാലിക ദിവസവേതന വ്യവസ്ഥയിൽ ഇപ്പോൾ ആരും ജോലി നോക്കുന്നില്ല.

## ഹീമോഫീലിയ രോഗ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ

237 (3081) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗ ചികിത്സക്കുള്ള സൗകര്യങ്ങൾ സംസ്ഥാനത്തെ മെഡിക്കൽകോളേജുകളിൽപ്പോലും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം; ഇല്ലെങ്കിൽ ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്ക് മാത്രമായി എല്ലാ മെഡിക്കൽ കോളേജുകളിലും ഒരു ഹീമോഫീലിയ വകുപ്പ് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത രോഗ ബാധിതർ എത്രപേരുണ്ടെന്നതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; ഇവർക്ക് ആവശ്യമായ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഹീമോഫീലിയ ചികിത്സയ്ക്കുള്ള സൗകര്യം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്.

(സി) ഹീമോഫിലിക് സൊസൈറ്റി ഓഫ് കേരള ലഭ്യമാക്കിയ വിവരമനുസരിച്ച് 1249 രോഗികൾ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ രോഗികൾക്കാവശ്യമായ മരുന്നുകൾ കാരുണ്യവഴി ലഭ്യമാക്കുന്നുണ്ട്.

## കൊല്ലത്ത് ആയുർവേദ -ഹോമിയോ ഡിസ്പെൻസറി

238 (3082) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ എത്ര ആയുർവേദ -ഹോമിയോ ഡിസ്പെൻസറികളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഓരോന്നിനും ഫണ്ട് നൽകുന്നത് ഏതെല്ലാം ഏജൻസി കളാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോയിടത്തും ശരാശരി എത്ര പേർ നിത്യേന പരിശോധനക്കായി എത്തുന്നുണ്ട്;

(ഡി) ഇവയിൽ എത്ര ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിട സൗകര്യം ഉണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ -ഹോമിയോ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

ആയുർവേദ സ്ഥാപനങ്ങൾ :

1. ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം
2. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, പനയം.
3. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, തൃക്കടവൂർ
4. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, തൃക്കരുവ.

ഹോമിയോ സ്ഥാപനങ്ങൾ:

1. ഉളിയാകോവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി.
2. തൃക്കരുവ സർക്കാർ ഹോമിയോ ഡിസ്പെൻസറി.
3. പനയം എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി.
4. തൃക്കടവൂർ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി.

(ബി) 1. വകുപ്പിന്റെ ഫണ്ട്.

2. എൻ.എച്ച്.എം. ഫണ്ട്.

3. തദ്ദേശസ്വയംഭരണ ഫണ്ട്.

(സി) ആയുർവേദ -ഹോമിയോ സ്ഥാപനങ്ങളിൽ ദിവസേന പരിശോധനയ്ക്കായി എത്തുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

ആയുർവേദം

1. ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം -320
2. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, പനയം-80
3. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, തൃക്കടവൂർ-95
4. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, തൃക്കരുവ-90

ഹോമിയോപ്പതി:

1. ഉളിയാകോവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി-60
2. തൃക്കരുവ സർക്കാർ ഹോമിയോ ഡിസ്പെൻസറി-60
3. പനയം എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി-90
4. തൃക്കടവൂർ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി-75

(ഡി) സ്വന്തമായി കെട്ടിട സൗകര്യമുള്ള ആയുർവേദ -ഹോമിയോ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

ആയുർവേദം:

1. ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം
2. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, തൃക്കടവൂർ
3. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, തൃക്കരുവ.

ഹോമിയോപ്പതി :

1. പനയം എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി.
2. ഉളിയാകോവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി.

## ഇരിക്കൂർ സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയാക്കാനുള്ള മന്ത്രിസഭാ തീരുമാനം

239 (3083) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ സി.എച്ച്.സി.-യെ അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ആശുപത്രിയാക്കാനുള്ള മന്ത്രിസഭാ തീരുമാനം അനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചോ;

(ബി) താലൂക്ക് ആശുപത്രിയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി വിവിധ വിഭാഗം സ്ഥാപനങ്ങളിൽ നിശ്ചിത സൗകര്യങ്ങളോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കാനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റേഡൈസേഷൻ പ്രൊപ്പോസലിന്റെ കരട് ലിസ്റ്റിൽ ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്.

**ഓപ്പറേഷൻ സാഗർ റാണി പദ്ധതി**

240(*T 3084) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സാഗർ റാണി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം നടത്തിയ പഠനത്തിന്റെ/പരിശോധനയിലെ കണ്ടെത്തൽ എന്തായിരുന്നു; ആയതിന്റെ അടിസ്ഥാനത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ മത്സ്യവിപണന മേഖലയുമായി ബന്ധപ്പെട്ട മത്സ്യ ഗുണനിലവാര സംബന്ധമായി ധാരാളം പരാതികൾ സമൂഹ മാധ്യമങ്ങളിലും മറ്റുമായി ഉയർന്നുവന്ന സാഹചര്യത്തിൽ മത്സ്യം കേടുകൂടാതിരിക്കുന്നതിനായി രാസവസ്തുക്കൾ ഉപയോഗിക്കുന്നു എന്ന പരാതിയുടെ വസ്തുത പരിശോധിച്ച് അറിയുന്നതിനായും മത്സ്യത്തിൽ മായംകലർത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായും ഭക്ഷ്യ സുരക്ഷാവകുപ്പ് ആവിഷ്കരിച്ച കർമ്മ പദ്ധതിയാണ് ഓപ്പറേഷൻ സാഗർ റാണി.

(ബി) കേരളത്തിലെ ജനങ്ങൾക്ക് രാസവസ്തുക്കൾ കലരാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുക എന്നതാണ് ഓപ്പറേഷൻ സാഗർ റാണിയുടെ പ്രഥമ ദൗത്യം. ഈ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ കേരളാ ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, കേരള യൂണിവേഴ്സിറ്റി ഫിഷറീസ് ആന്റ് ഓഷ്യാനിക് സയൻസ്, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, മറൈൻ പ്രോഡക്റ്റ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി എന്നിവരെ ഉൾപ്പെടുത്തി യോഗം ചേർന്നിരുന്നു. മത്സ്യമേഖലയിലെ പരിശോധന ബോധവത്കരണ പ്രവർത്തന പരിപാടികളിലൂടെ മത്സ്യമേഖലയിലെ ആശാസ്യമല്ലാത്ത പ്രവണതകൾ ഒരുപരിധിവരെ നിയന്ത്രിക്കാൻ കഴിയുമെന്ന

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉറപ്പോടുകൂടി ഭക്ഷ്യസുരക്ഷാ വകുപ്പിനൊപ്പം മറ്റ് വകുപ്പുകളെ കൂടി ഏകോപിപ്പിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

ഓപ്പറേഷൻ സാഗർ റാണിയുടെ ആദ്യഘട്ടത്തിൽ 2016 ഡിസംബർ മാസത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യ മാർക്കറ്റുകളിൽ നിന്നും മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും മത്സ്യലേല സ്ഥലങ്ങളിൽ നിന്നും മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനോടൊപ്പം കൈപുസ്തകങ്ങളും ബോധവത്കരണ നോട്ടീസുകളും വിതരണം ചെയ്തു.

(സി) ഓപ്പറേഷൻ സാഗർ റാണിയുടെ ആദ്യഘട്ടത്തിൽ 2016 ഡിസംബർ മാസത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യബന്ധന തുറമുഖങ്ങളിൽനിന്നും മത്സ്യലേല സ്ഥലങ്ങളിൽ നിന്നും മത്സ്യത്തിന്റെ ഏകദേശം 450 സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിപ്പിക്കുകയും കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ലാബിലും പരിശോധനയ്ക്കായി നൽകി. പരിശോധനാ ഫലങ്ങൾ ലഭ്യമായതിൽ നിന്നും 15 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും 5 സാമ്പിളുകളിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിദ്ധ്യവും കണ്ടെത്തിയിട്ടുണ്ട്. ഓപ്പറേഷൻ സാഗർ റാണിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ബോധവത്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. ഓപ്പറേഷൻ സാഗർ റാണിയുടെ മൂന്നാംഘട്ടത്തിൽ മത്സ്യത്തിന്റെ ഗുണനിലവാര പരിശോധനയിൽ മത്സ്യത്തിൽ മായം കലർത്തിയതായി കണ്ടെത്തിയവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ശക്തമായി നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആരോഗ്യ വകുപ്പിലെ ഒഴിവുകൾ**

241 (3085) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഒഴിവുള്ളത് എന്നതും എന്ന് മുതൽ ഒഴിവായി കിടക്കുന്നു എന്നും വിശദമായി വ്യക്തമാക്കാമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികകളിൽ നിയമനം നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ ഒരു ഒഴിവ് 1-9-2016 മുതലും മേലടി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഹെഡ് നഴ്സിന്റെ ഒരു ഒഴിവ് 22-3-2017-മുതലും നിലവിലുണ്ട്.

(ബി) നഴ്സുമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മാനന്തവാടി ജില്ലാ ആശുപത്രിയിൽനിന്നും വിരമിച്ച ഡോ. കെ. എം. തോമസിന്റെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും**

242 (3086) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽനിന്നും വിരമിച്ച ഡോക്ടർമാരുടെ സേവന ആനുകൂല്യങ്ങൾ നൽകുന്നത് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 31-3-2015-ൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽനിന്നും വിരമിച്ച ഡോക്ടർ കെ. എം. തോമസിന്റെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആരോഗ്യ വകുപ്പിൽനിന്നും ആവശ്യപ്പെട്ട സർവ്വീസുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം ടിയാൻ സമർപ്പിച്ചിട്ടും പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) 31-3-2015-ൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽനിന്നും അസിസ്റ്റന്റ് സർജനായി വിരമിച്ച ഡോ. കെ. എം. തോമസിന് അക്കൗണ്ടന്റ് ജനറൽ പ്രൊവിഷണൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ദീർഘകാലം അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിന്നതിന് ടിയാനെതിരെ അച്ചടക്ക നടപടി തുടരുന്നതിനാലാണ് മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കാതിരുന്നത്.

(ഡി) ഡോക്ടർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തീകരിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ്.

## മെഡിക്കൽ കോളേജുകളിൽ കൂടുതൽ സ്കാൻ ലാബ് സെന്ററുകൾ

243 (3087) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റും ഡോക്ടർമാർ, രോഗികളെ വൻകിട സ്കാൻ, ലാബ് സെന്ററുകളിലേക്ക് പരിശോധനക്കായി കുറിപ്പ് നൽകിവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ചൂഷണം ഒഴിവാക്കുവാൻ മെഡിക്കൽ കോളേജുകളിൽ കൂടുതൽ സ്കാൻ, ലാബ് സെന്ററുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പാവപ്പെട്ട രോഗികൾക്കുള്ള ധനസഹായം

244 (3088) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിന് രൂപീകരിച്ച ആരോഗ്യ വകുപ്പിനു കീഴിലുള്ള സൊസൈറ്റിയിൽനിന്നും ഏതൊക്കെ രോഗങ്ങൾക്കാണ് ധനസഹായം നൽകുന്നത്; ഏതൊക്കെ ആശുപത്രികളിൽ ചികിത്സിച്ചവർക്കാണ് സഹായം നൽകുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിന് രൂപീകരിച്ച ആരോഗ്യ വകുപ്പിനുകീഴിലുള്ള സൊസൈറ്റിയിൽനിന്നും ധനസഹായം നൽകുന്ന രോഗങ്ങളുടെയും ആശുപത്രികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഡെങ്കിപ്പനി

245 (3089) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി പടർന്നുപിടിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഡെങ്കിപ്പനി ജില്ലയിൽ നിയന്ത്രണ വിധേയമല്ലാത്ത കാര്യം ശ്രദ്ധയിലുണ്ടോ; ജില്ലയിലെ ഏതെല്ലാം മേഖലകളിലാണ് ഡെങ്കിപ്പനി പടർന്നുപിടിക്കുന്നത്;

(സി) പടർന്നു പിടിക്കുന്നതിന് കാരണമെന്താണെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഡി) പ്രതിരോധ പ്രവർത്തനങ്ങൾ എന്തെല്ലാം നടത്തി എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ഡെങ്കിപ്പനി ജില്ലയിൽ നിയന്ത്രണവിധേയമാണ്. മേലാർക്കോട്, മരുതറോഡ്, മുണ്ടൂർ, പുതുശ്ശേരി, എലപ്പുള്ളി തുടങ്ങിയ സ്ഥലങ്ങളിൽ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ജലദൗർലഭ്യംമൂലം വീടുകളിൽ സംഭരിച്ചുവയ്ക്കുന്ന വെള്ളത്തിലാണ് ഡെങ്കിപ്പനി പടർത്തുന്ന കൊതുക് ലാർവകൾ കൂടുതലായി കണ്ടുവരുന്നത്.

(ഡി) ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തന്നെ ഡെങ്കിപ്പനിയുടെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തുകയും പ്രസ്തുത സ്ഥലങ്ങളിൽ കൊതുക് സാന്ദ്രതാ പഠനം ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മാർച്ച് 2-3 വാരങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകി. ഏപ്രിൽ 21-ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികളുടെ സാന്നിദ്ധ്യത്തിൽ മഴക്കാല പൂർവ്വരോഗങ്ങളെക്കുറിച്ചും നിലവിലുള്ള ഡെങ്കിപ്പനി രോഗബാധിത മേഖലകളെക്കുറിച്ചും അവലോകനം നടത്തുകയും തുടർ നടപടികൾ തീരുമാനിക്കുകയും ചെയ്തു. ഏപ്രിൽ അവസാന വാരത്തിൽ ഈഡിസ് കൊതുകിന്റെ ഉറവിട നശീകരണം, 'തോട്ടങ്ങളിലേയ്ക്ക് നീങ്ങാം', ഹെൽത്തി കേരള (ഊർജ്ജിത ഉറവിട നശീകരണം) കാംപെയിനുകൾ നടത്തുകയുണ്ടായി. മേയ് ആദ്യവാരം തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ, സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് അവലോകന മീറ്റിംഗ് നടത്തി.

ഡെങ്കിപ്പനി ബാധിത പ്രദേശങ്ങളിൽ ഫിവർ ക്ലിനിക്കുകളും ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഫിവർ വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ലബോറട്ടറി സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും അവശ്യ മരുന്നുകൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

## ഡെങ്കിപ്പനി

246 (3090) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ എത്രപേർക്ക് ഡെങ്കിപ്പനി ബാധിച്ചിട്ടുണ്ട്;

(ബി) രോഗപ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

(സി) രോഗം കടന്നുവരാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ആരോഗ്യ വകുപ്പ് പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) രോഗനിർണ്ണയത്തിനും പ്രതിരോധ പ്രവർത്തനത്തിനുമായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(ഇ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഡെങ്കിപ്പനി ബാധിതർ കണ്ടുവരുന്നത് ?

### ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ഡെങ്കിപ്പനി ബാധിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 1524 |
| കൊല്ലം | 158 |
| പത്തനംതിട്ട | 20 |
| ഇടുക്കി | 6 |
| കോട്ടയം | 52 |
| ആലപ്പുഴ | 53 |
| എറണാകുളം | 45 |
| തൃശ്ശൂർ | 83 |
| പാലക്കാട് | 183 |
| മലപ്പുറം | 24 |
| കോഴിക്കോട് | 53 |
| വയനാട് | 31 |
| കണ്ണൂർ | 31 |
| കാസർഗോഡ് | 3 |
| ആകെ | 2266 |

(ബി) പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. മഴക്കാലം വരുന്നതിനും മുമ്പേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ശുചിത്വ മിഷനേയും, ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവത്കരണ ക്യാമ്പയിനുകളും നടപ്പിലാക്കിവരുന്നു. രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നുണ്ട്. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുകുനശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവത്കരണ പ്രവർത്തനങ്ങൾ, വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. ഡെങ്കിപ്പനി ബാധയിൽ സംസ്ഥാനത്തുള്ള വർദ്ധനവ് രാജ്യവ്യാപകമായി ഉണ്ടായ വർദ്ധനവിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. ഇടവിട്ടുള്ള വേനൽമഴയും നഗരവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളും ജല ദൗർലഭ്യവും ഡെങ്കിപ്പനി വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

(ഡി) കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം തുടങ്ങിയ അഞ്ച് ജില്ലകളിലെയും റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും തിരുവനന്തപുരം ജില്ലയിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലും രോഗനിർണ്ണയത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ഗവൺമെന്റ്

മെഡിക്കൽ കോളേജുകളിലും, പാലക്കാട് കൊട്ടത്തറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും രോഗനിർണ്ണയം നടത്തുന്നുണ്ട്. ഡെങ്കിയുടെ ദ്രുതപരിശോധനാ സംവിധാനം താലൂക്ക് ആശുപത്രിയിലും നടത്തുന്നുണ്ട്. തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഡെങ്കി വൈറസുകളെ കണ്ടെത്തുവാനുള്ള പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിനുള്ള സംവിധാനവുമുണ്ട്.

രോഗബാധിത പ്രദേശങ്ങളിലും, രോഗബാധയുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും റാപ്പിഡ് റെസ്പോൺസ് ടീം ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഊർജ്ജിതമായി കൊതുകിന്റെ ഉറവിട നശീകരണം, ഇൻഡോർ സ്പേസ് സ്പ്രേ (വീടിനകത്ത് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പൈറത്രം എക്സ്ട്രാക്റ്റ് സ്പ്രേ ചെയ്യുന്നത്) വീടിനും പുറത്തും സ്പ്രേയിംഗ്, ഫോഗിംഗ് കൂടാതെ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി ചെയ്തുവരുന്നു. ആരോഗ്യ സന്നദ്ധ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി കൊതുകിന്റെ ഉറവിടങ്ങൾ കണ്ടുപിടിച്ച് ഇല്ലാതാക്കി വരുന്നു. കൊതുക് ഉറവിട നശീകരണ കാമ്പയിനുകളും ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരണവും ഡെങ്കിപ്പനി നിയന്ത്രണത്തിനായി ചെയ്തുവരുന്നു. ഏപ്രിൽ 24, 25 തീയതികളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൊതുകുകളുടെ ഉണങ്ങിയ ഉറവിടങ്ങൾ നശിപ്പിക്കുന്നതിനായി ഒരു തീവ്രയജ്ഞ പരിപാടി നടത്തുകയുണ്ടായി. 26, 27 തീയതികളിൽ തോട്ടം തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഉണങ്ങിയ ഉറവിട നശീകരണം നടത്തി. 29-ാം തീയതി ഹെൽത്തി കേരള കാമ്പയിന്റെ ഭാഗമായി വീടുകൾ, പൊതുസ്ഥലങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, നിർമ്മാണ മേഖലകൾ എന്നിവിടങ്ങളിൽ കൊതുകിന്റെ ഉറവിടങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി.

(ഇ) ഡെങ്കിപ്പനി ഈ വർഷം കൂടുതലായി റിപ്പോർട്ട് ചെയ്തത് തിരുവനന്തപുരം, കൊല്ലം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലാണ്.

## ക്യാൻസർ കെയർ പദ്ധതി

247 (3091) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിൽ ക്യാൻസർ കെയർ പദ്ധതി നിലവിലുണ്ട്; വിശദീകരിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ക്യാൻസർ കെയർ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള ജില്ലാ ക്യാൻസർ കെയർ സെന്ററുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | തിരുവനന്തപുരം | ജനറൽ ആശുപത്രി. |
| 2. | കൊല്ലം | ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പുനലൂർ. |
| 3. | പത്തനംതിട്ട | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, കോഴഞ്ചേരി. (ആർ.സി.സി.-യുടെ കീഴിൽ) |
| 4. | കോട്ടയം | ജില്ലാ ആശുപത്രി. |
| 5. | ആലപ്പുഴ | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മാവേലിക്കര. |
| 6. | ഇടുക്കി | താലൂക്കാശുപത്രി, തൊടുപുഴ. |
| 7. | എറണാകുളം | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, വടക്കൻ പറവൂർ. |
| 8. | തൃശ്ശൂർ | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, ഇരിങ്ങാലക്കുട. |
| 9. | മലപ്പുറം | ജില്ലാ ആശുപത്രി, തിരൂർ. |
| 10. | പാലക്കാട് | ജില്ലാ ആശുപത്രി. |
| 11. | കോഴിക്കോട് | ജില്ലാ ആശുപത്രി, വടകര. |
| 12. | കണ്ണൂർ | ജില്ലാ ആശുപത്രി. |
| 13. | വയനാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട്. |
| 14. | കാസർഗോഡ് | ജില്ലാ ആശുപത്രി. |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗ ചികിത്സയ്ക്കായി സുകൃതം പദ്ധതി മുഖേന ധനസഹായം നൽകിവരുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 2013-ൽ ക്യാൻസർ കെയർ പദ്ധതി ആരംഭിച്ചു. ഡോ. മുഹമ്മദ് അഫ്സലിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കി. ഇപ്പോൾ ഡോ. സൈറസിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

## ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി

248 (3092) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിപ്രകാരം എത്ര രൂപയാണ് ധനസഹായമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) 2017-18-ൽ ഈ പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കുടുംബവാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ ക്യാൻസർ ബാധിതരായ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. മരുന്ന്, സർജറി, മറ്റ് ചികിത്സകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രിയിൽ ടി പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് പൂർണ്ണ സൗജന്യ ചികിത്സ നൽകിവരുന്നു. നിലവിൽ ടി പദ്ധതിയിലൂടെ ചികിത്സാ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

(ഡി) 2017-18-ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 2,50,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ ചുവടെപ്പറയുന്ന 12 ആശുപത്രികളിലൂടെ നടപ്പിലാക്കിവരികയാണ്:

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.
2. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

4. ഐ.എം.സി.എച്ച്., കോഴിക്കോട്.

5. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ.

6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.

7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.

8. ഐ.സി.എച്ച്. കോട്ടയം.

9. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ.

10. ഗവൺമെന്റ് ജനറൽ ആശുപത്രി, എറണാകുളം.

11. ഗവൺമെന്റ് മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ.

12. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം.

## സർക്കാർ ആശുപത്രികളിൽ ചികിത്സ

249 (3093) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തിയ ഒ.പി, ഐ.പി. വിഭാഗം രോഗികളുടെ എണ്ണം 2011 മുതൽ 2016 വരെ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രസവ ചികിത്സക്കായി എത്തിയ സ്ത്രീകളുടെ എണ്ണം 2011 മുതൽ 2016 വരെ വർഷം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 2011 മുതൽ 2016 വരെ ചികിത്സയ്ക്കെത്തിയ ഒ.പി./ഐ.പി. വിഭാഗം രോഗികളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 2011 മുതൽ 2016 വരെ പ്രസവ ചികിത്സയ്ക്കെത്തിയ സ്ത്രീകളുടെ എണ്ണം ജില്ല തിരിച്ചുള്ളത് അനുബന്ധം II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ ഒഴിവുകൾ

250(3095) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ കഴിഞ്ഞ 5 വർഷത്തിലേറെ ആയി ജോലിയിൽ തുടരുന്ന ക്ലറിക്കൽ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ തലത്തിലും ഒഴിവുവന്ന ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ ഒഴിവിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ തസ്തികകളിലേക്ക് എത്ര അന്തർ ജില്ലാ സ്ഥലം മാറ്റങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) പി&എ.ആർ.ഡി.-യുടെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള 10:1 എന്ന അനുപാതം ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉത്തരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അന്തർവകുപ്പ് സ്ഥലംമാറ്റം, അന്തർ ജില്ലാ സ്ഥലം മാറ്റം, വകുപ്പ് മാറ്റം, സ്ഥാനക്കയറ്റം, അടുത്തുൺപറ്റി വിരമിക്കൽ, സ്വയം വിരമിക്കൽ, സർവ്വീസിലിരിക്കെ മരണപ്പെട്ടത്, സസ്പെൻഷൻമൂലം ഉണ്ടായത്, പുതുതായി തസ്തിക സൃഷ്ടിച്ചിട്ട് നിയമനം നൽകാത്തത്, ബെറ്റർ എംപ്ലോയ്മെന്റ് എബ്രോഡ് എന്നിവമൂലം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ തലത്തിലും ഒഴിവു വരുന്ന ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) സീനിയർ ക്ലാർക്ക്:

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 4 |
| 2. | കൊല്ലം | - | 4 |
| 3. | പത്തനംതിട്ട | - | 1 |
| 4. | ആലപ്പുഴ | - | 2 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 5. | കോട്ടയം | - | 1 |
| 6. | ഇടുക്കി | - | ... |
| 7. | എറണാകുളം | - | 1 |
| 8. | തൃശ്ശൂർ | - | 1 |
| 9. | പാലക്കാട് | - | 1 |
| 10. | മലപ്പുറം | - | ... |
| 11. | കോഴിക്കോട് | - | 4 |
| 12. | വയനാട് | - | 2 |
| 13. | കണ്ണൂർ | - | 2 |
| 14. | കാസർഗോഡ് | - | ... |

(ഡി) പി & എ. ആർ.ഡി.-യുടെ ജി.ഒ. (പി)നമ്പർ 5/89, തീയതി 16-3-1989 പ്രകാരം വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കിക്കൊണ്ട് സംസ്ഥാന തലത്തിൽ ഉദ്യോഗക്കയറ്റം നടത്തുന്ന യു.ഡി. തസ്തികയിൽ 1:1 എന്ന അനുപാതം സംസ്ഥാന തലത്തിൽ നിലനിർത്തിയാൽ മതിയെന്ന് അനുശാസിക്കുന്നു. ക്ലാർക്ക് സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ സംസ്ഥാന അടിസ്ഥാനത്തിലുള്ള ഉദ്യോഗ കയറ്റമായി മാറുകയും അത്തരം ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് 10:1 എന്ന അന്തർ ജില്ലാ സ്ഥലം മാറ്റത്തിന്റെ മാനദണ്ഡം പാലിക്കേണ്ടതില്ലാത്തതുമാകുന്നു.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി**

251 (3096) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ഇപ്പോൾ ലഭ്യമല്ല. സ്ഥലസൗകര്യം ലഭ്യമാക്കുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## ട്രോമാകെയർ സംവിധാനം

252 (3097) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോമാകെയർ സംവിധാനം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കേളോജുകളിൽ എയിംസ് മാതൃകയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ പ്രാരംഭ നടപടിയായി എയിംസിൽ നിന്നുള്ള എമർജൻസി വിഭാഗം മേധാവി ഉൾപ്പെടെയുള്ള വിദഗ്ദ്ധ സംഘം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റി സന്ദർശിക്കുകയും ഇതിൻപ്രകാരം സംസ്ഥാന സർക്കാർ എയിംസ് ട്രോമാ സെന്ററുമായി MOU ഒപ്പുവയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## പാലിയേറ്റീവ് പരിചരണമേഖല

253 (3098) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹികനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പാലിയേറ്റീവ് മേഖലയിൽ രോഗികളുടെ പരിചരണത്തിനായി പാലിയേറ്റീവ് നേഴ്സുമാരെ നിയമിച്ചത് എന്നാണ്; ആകെ എത്ര പേരെ ഇങ്ങനെ നിയമിച്ചു; അന്നിവർക്ക് എന്ത് യോഗ്യതയാണ് നിശ്ചയിച്ചിരുന്നത്; ഇവർക്ക് അന്ന് നിശ്ചയിച്ചു നൽകിയ ഓണറേറിയം എത്രയായിരുന്നു; ഇപ്പോൾ എത്രപേർ ഈ മേഖലയിൽ പ്രവർത്തിക്കുന്നു; ഇപ്പോൾ ഓണറേറിയം എത്ര രൂപയാണ്;

(സി) സാന്ത്വന പരിചരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ യോഗ്യതയിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇത് നിലവിൽ ജോലി ചെയ്യുന്നവർക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നിലവിൽ ജോലി ചെയ്യുന്നവരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഓണറേറിയം തുക വർദ്ധിപ്പിച്ചു നൽകുന്നതിനും ഇ.പി.എഫ്. ഇൻഷ്വറൻസ് അടക്കമുള്ള പരിരക്ഷ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## ഉത്തരം

(എ) സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതത്താൽ ശരീരം തളർന്ന് കിടപ്പിലായവർ, ആസ്തമ, അപസ്മാര രോഗികൾ, പ്രായാധിക്യം കാരണത്താൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ, മാനസിക രോഗമുള്ളവർ തുടങ്ങിയ രോഗികൾക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് നിലവിലെ പാലിയേറ്റീവ് പരിചരണ നയം ലക്ഷ്യമിടുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പാലിയേറ്റീവ് പരിചരണത്തിനും ഹോംകെയർ സംവിധാനത്തിനുമായി ഒരു വാർഷിക പ്രോജക്ട് നിർബന്ധമായും അതാത് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-18) മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം, വികസനഫണ്ട്, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂടിയ തുകയുടെ 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിന് വകയിരുത്തുന്നതിനും, കിടപ്പു രോഗികൾ സാന്ത്വന ചികിത്സ, മരുന്ന് വിതരണം, പോഷകാഹാര വിതരണം എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 2008-2014 കാലയളവിൽ പാലിയേറ്റീവ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. അന്ന് വിവിധ ഗ്രാമ പഞ്ചായത്തുകളിലായി 841 പാലിയേറ്റീവ് നഴ്സുമാരെയാണ് നിയമിച്ചിരുന്നത്. എസ്.എസ്.എൽ.സി., എ.എൻ.എം., ബി.സി.സി.പി.എ.എൻ., പാലിയേറ്റീവ് നഴ്സ് കോഴ്സ് തുടങ്ങിയ യോഗ്യതകളാണ് നിശ്ചയിച്ചിരുന്നത്. തുടക്കത്തിൽ 3,000, 5,000, 6,000, 8,000 രൂപ നിരക്കിൽ വിവിധ ഗ്രാമപഞ്ചായത്തുകൾ ഓണറേറിയം നിശ്ചയിച്ച് നൽകിയിരുന്നു. ഇപ്പോൾ പാലിയേറ്റീവ് മേഖലയിൽ വിവിധ പഞ്ചായത്തുകളിലായി 912-ഓളം പേർ പ്രവർത്തിക്കുന്നു. 10,000 രൂപയാണ് ഇപ്പോൾ പാലിയേറ്റീവ് നേഴ്സുമാർക്ക് നൽകിവരുന്ന മാസവേതനം.

(സി -ഇ) ഇപ്പോൾ പരിഗണനയിലില്ല.

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

254 (3099) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് എത്രയും പെട്ടെന്ന് നടപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ബി) ഈ ആക്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ ആക്ട് എന്നുമുതൽ നിലവിൽ വരും;

(ഡി) ഈ ആക്ടിന്റെ പരിധിയിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന ആശുപത്രികൾ വരുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) കേന്ദ്രസർക്കാർ പാസ്സാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ ചുവടുപിടിച്ച് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെടുമൺകാവ്, പൂവറ്റൂർ ആരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആയി ഉയർത്തൽ

255(3100) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ട നെടുമൺകാവ്, പൂവറ്റൂർ എന്നീ ആരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആയി ഉയർത്തിയത് എന്നാണ്;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കു വേണ്ട സ്റ്റാഫ് പാറ്റേൺ പ്രസ്തുത കേന്ദ്രങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) 6-11-2008-ലെ ജി.ഒ. (എംഎസ്.)568/2008/ആ.കു.വ. പ്രകാരമാണ് നെടുമൺകാവ്, പൂവറ്റൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആയി ഉയർത്തിയത്.

(ബി&സി) ഇല്ല. സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ജില്ല/താലൂക്കുതല ആശുപത്രികളിലും തെരഞ്ഞെടുത്ത പി.എച്ച്. സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഘട്ടംഘട്ടമായി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായും തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണിൽ നിശ്ചിത മാനദണ്ഡങ്ങളോടെ മാറ്റംവരുത്തുന്നതിനുള്ള സ്റ്റാന്റൈഡസേഷൻ പ്രൊപ്പോസലിൽ നെടുമൺകാവ് സി.എച്ച്. സെന്ററും പൂവറ്റൂർ സി.എച്ച്. സെന്റർ (കുളക്കട)-വും ഉൾപ്പെട്ടിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന**

256 (3101) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ സംവിധാനം നിർജ്ജീവമാണെന്നും പല ഹോട്ടലുകളിലും ശുചിയില്ലാത്തതും പഴകിയതും മായം കലർന്നതുമായ ഭക്ഷണ പദാർത്ഥങ്ങളാണ് ലഭിക്കുന്നതെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാപകമായ പരിശോധനകളോ ശക്തമായ തുടർനടപടികളോ ഉണ്ടാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ഈ വർഷം ജനുവരി ഒന്നിനുശേഷം എത്ര ഹോട്ടലുകളിൽ ഭക്ഷ്യ സുരക്ഷാവിഭാഗം പരിശോധന നടത്തിയെന്നും എത്രപേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഭക്ഷ്യവിഷബാധമൂലം ആളുകൾ ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന ഊർജ്ജിതമാക്കുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പ് വ്യാപകമായിത്തന്നെ പരിശോധനകളും ശക്തമായ തുടർ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഫുഡ്സേഫ്റ്റി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി 90 ഫുഡ്സേഫ്റ്റി ഓഫീസർമാർക്ക് നിയമനം നൽകി. അവർക്ക് നിയമ പ്രകാരമുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി) ഈ വർഷം ജനുവരി 1-ന് ശേഷം കേരളത്തിലെ വിവിധ ജില്ലകളിലായി ആകെ 1561 ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ ഏകദേശം 50 സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പിഴ ചുമത്തുകയും 341 സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നൽകുകയും ഗുണനിലവാരം തീരെ പാലിക്കാത്ത 78 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനകൾ ഊർജ്ജിതമായി നടത്തി വരികയാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

257 (3102) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. പണിത 5 നില കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ കണക്ഷൻ ലഭിക്കുന്നതിനു തിരുവനന്തപുരം ഡി.എം.ഒ. വഴി ഡി.എച്ച്.എസ്സിനു നൽകിയ ട്രാൻസ്ഫോമർ മാറ്റി വയ്ക്കുന്നതിനു ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകിയ എസ്റ്റിമേറ്റ് തുക ആയ 38 ലക്ഷം രൂപ അനുവദിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) ട്രാൻസ്ഫോർമർ മാറ്റിവയ്ക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തുക മേയ് 30-ന് മുൻപ് നൽകാൻ കഴിയുമോ;

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമോ കെയർ യൂണിറ്റിന്റെ ഇലക്ട്രിക്കൽ വർക്കിനു തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) ഈ ആശുപത്രിയിൽ രാത്രികാലങ്ങളിൽ കാഷ്വാലിറ്റിയിൽ 3 ഡോക്ടർമാരുടെ സേവനം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഇ) ഈ ആശുപത്രിയിലെ ബ്ലെഡ് ബാങ്കിനുവേണ്ടി ഡോക്ടറെ നിയമിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൈടെൻഷൻ കണക്ഷനു വേണ്ടി സമർപ്പിച്ച 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം സമർപ്പിച്ചത് 2016-17 സാമ്പത്തിക വർഷം അവസാനമായതിനാൽ നിലവിലെ ശീർഷകങ്ങളിൽ തുക ലഭ്യമായിരുന്നില്ല. 2017-18 സാമ്പത്തിക വർഷത്തെ മേജർ കൺസ്ട്രക്ഷൻ വർക്ക് സ്കീമിൽ പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ എം.എസ്.പി. 359740/2014/ആ.വ.ഡ. തീയതി 27-1-2015 പ്രകാരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ നിലവിലുള്ള അത്യാഹിത വിഭാഗത്തിന്റെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി 26 ലക്ഷം രൂപ അനുവദിച്ചു. ഇലക്ട്രിക്കൽ വർക്കിന് തുക അനുവദിച്ചിട്ടില്ല.

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തികയാണ് നിലവിലുള്ളത്. ആയതിലെല്ലാം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ഇ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്കിൽ ഡോക്ടറുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ആയത് സൃഷ്ടിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**മഴക്കാലപൂർവ്വ ശുചീകരണയജ്ഞം**

258 (3103) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഴക്കാല-മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) വാർഡുതലത്തിൽ ഒരു ദിവസം മഴക്കാലപൂർവ്വ ശുചീകരണയജ്ഞം നിശ്ചയിച്ച് പ്രവർത്തനം നടത്തുമോ?

ഉത്തരം

(എ) പകർച്ചവ്യാധികളെ നേരിടാനായി ആരോഗ്യ വകുപ്പ് തയ്യാറാക്കിയ വാർഷിക കർമ്മ പരിപാടി അനുസരിച്ച് ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണവും കൊതുകുകളുടെ ഉറവിട നശീകരണത്തിനുള്ള വിവിധതരം കാമ്പയിനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷന്റെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ വകുപ്പ് നടത്തിവരികയാണ്. പകർച്ചവ്യാധികൾക്കെതിരെ ആരോഗ്യ വകുപ്പ് കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:

- ജനുവരി മാസത്തിൽ തന്നെ വിവിധ ജില്ലകളിൽ 2017-18 കാലയളവിലേയ്ക്കായി പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള കരട് രേഖയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

- സംസ്ഥാനതലത്തിൽ വിളിച്ചുചേർത്ത ജില്ലാതല സർവ്വയിലൻസ് ആഫീസർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും അവലോകന യോഗത്തിൽവച്ച് പ്രസ്തുത മാർഗ്ഗരേഖകൾ വിശകലനം ചെയ്യുകയും സമയബന്ധിതമായി നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശം നൽകുകയും ചെയ്തു.

- ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രോഗനിരീക്ഷണം ശക്തിപ്പെടുത്തുകയും ആവശ്യമായ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

- 1-3-2017-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 6-3-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ പങ്കിനെ കുറിച്ച് ചർച്ച ചെയ്യുകയും കൂടുതൽ സ്പഷ്ടത ഉണ്ടാക്കുകയും അതനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

- മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഡെങ്കി, എച്ച്1, എൻ1 രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചികിത്സാ സംവിധാനങ്ങളും രോഗനിർണ്ണയത്തിന് വേണ്ട ഉപാധികൾ ഉണ്ടെന്നും ഉറപ്പുവരുത്തി.

- ഏപ്രിൽ മാസം ആദ്യവാരത്തോടുകൂടി സംസ്ഥാനത്ത് ജലജന്യ രോഗമായ ഹെപ്പറ്റൈറ്റിസ് എ, കൊതുക് ജന്യരോഗമായ ഡെങ്കി, ശ്വാസകോശ രോഗമായ എച്ച്1, എൻ1 എന്നിവ വർദ്ധിച്ചു വരുന്നതിനെ കണക്കിലെടുത്ത് അതാത് ജില്ലകൾക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു.

- 3-2-2017-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്ന് പൊതുജനാരോഗ്യം അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം തിരുവനന്തപുരം കോർപ്പറേഷൻ മേയറെ കാണുകയും തിരുവനന്തപുരം ജില്ലയിലും കോർപ്പറേഷൻ പരിധിക്കകത്തും വർദ്ധിച്ചുവരുന്ന ഡെങ്കി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ അടിയന്തരമായി സ്വീകരിക്കേണ്ടുന്ന നടപടികളെക്കുറിച്ച് ധരിപ്പിക്കുകയും ചെയ്തു.

- മാർച്ച് മാസം 2-ാം തീയതി പകർച്ചവ്യാധി രോഗനിർണ്ണയ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ലബോറട്ടറി ഗവേഷണ കേന്ദ്രങ്ങളുടെ ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേർന്ന് വാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തുകയും സംസ്ഥാന പൊതുജനാരോഗ്യ വിഭാഗത്തിന്റെ രോഗനിർണ്ണയ മേഖലയിൽ ആവശ്യമായ സഹായം ഉറപ്പ് വരുത്തുകയും ചെയ്തു.
- ഏപ്രിൽ 24 മുതൽ 27 വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൊതുകുകളുടെ ഉറവിട നശീകരണത്തിനായി ഒരു തീവ്രയജ്ഞം നടത്തുകയുണ്ടായി. പകർച്ചവ്യാധി നിയന്ത്രണത്തിനുവേണ്ടി ഈ വർഷം മേയ് 8 വരെ പ്ലാൻ ഫണ്ടിൽനിന്നും 52 ലക്ഷം രൂപ ജില്ലകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ആരോഗ്യശുചിത്വ സമിതികൾ യോഗം നടത്തി ഫണ്ട് ലഭ്യതയും പ്രവർത്തനങ്ങളും ഊർജ്ജിത പ്പെടുത്തിവരുന്നു. തുടർന്നുള്ള രണ്ട് മാസവും ഈ പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്**

259 (3104) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പുകൾ പോലും കൃത്യമായി ലഭിക്കുന്നില്ലായെന്നത് ശിശുസൗഹൃദ സംസ്ഥാനമെന്ന നമ്മുടെ സൽപ്പേരിന് കളങ്കമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ശതമാനം കുട്ടികളാണ് പ്രതിരോധ കുത്തിവയ്പ് എടുക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ നിലപാട് സ്വീകരിച്ച് ആദ്യപിറന്നാളിന് മുമ്പ് കുട്ടികൾക്ക് നൽകേണ്ട അഞ്ച് വാക്സിനേഷനുകൾ നൽകുവാൻ ഊർജ്ജിത പ്രചരണ പരിപാടികൾ ആവിഷ്കരിക്കുമോ?

**ഉത്തരം**

(എ&ബി) സംസ്ഥാനത്ത് ഏകദേശം 1% (ഒരു ശതമാനം) കുട്ടികൾ പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടില്ല. ഏകദേശം 11.8% കുട്ടികൾ പ്രതിരോധ കുത്തിവയ്പ് ഭാഗികമായി മാത്രമേ എടുത്തിട്ടുള്ളൂ.

(സി) ആവിഷ്കരിക്കും. നിലവിലുള്ള ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം കൂടാതെ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം കുത്തിവയ്പ്പ് എടുത്തിട്ടില്ലാത്ത (ഭാഗികമായി എടുത്തിട്ടുള്ള) കുട്ടികളെ കണ്ടുപിടിച്ച് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 9 ജില്ലകളിൽ മിഷൻ ഇന്ദ്രധനുഷ് എന്ന പ്രത്യേക പ്രതിരോധ ക്യാമ്പയിൻ ഏപ്രിൽ 7 മുതൽ നടക്കുന്നു. ഇതിനായി ദൃശ്യ-ശ്രാവ്യ-മാധ്യമങ്ങളിലൂടെയും ബാനർ, പോസ്റ്റർ, നോട്ടീസ്, ലീഫ്ലെറ്റ് തുടങ്ങിയ പ്രചരണ ഉപാധികൾ ഉപയോഗിച്ചും അതത് ജില്ലകളിൽ പ്രചരണം, പ്രവർത്തന പദ്ധതിയനുസരിച്ച് പ്രാഥമിക-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ വഴിയും പോസ്റ്റ് പാർട്ടം യൂണിറ്റുകൾ വഴിയും നടത്തിവരുന്നു. കൂടാതെ അങ്കണവാടികളിൽ നടത്തുന്ന അമ്മമാരുടെ മീറ്റിംഗുകളിലും ആശാവർക്കർമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ.-മാർ വിളിച്ചുചേർക്കുന്ന പ്രത്യേക യോഗങ്ങൾ/ ക്ലാസ്സുകളിലും സന്നദ്ധസംഘടനകൾ വഴിയും ബോധവൽക്കരണ പ്രചരണ പരിപാടികൾ നടത്തുന്നു. ആരോഗ്യകേരളവും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പരിപാടികൾ നടത്തുന്നത്. ഇതിനുശേഷം പ്രതിരോധ കുത്തിവയ്പ്പ് പൂർണ്ണമാകാത്തവർക്കായി ടോട്ടൽ ഇമ്മ്യൂണൈസേഷൻ കേരള എന്ന കർമ്മപരിപാടി തെരഞ്ഞെടുക്കുന്ന ജില്ലകളിൽ നടത്തുന്നതാണ്.

**പകർച്ചവ്യാധികൾ**

260 (3105) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പിടിപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാംതരം പകർച്ചവ്യാധികളാണ് ഇപ്പോൾ പടർന്നു പിടിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനെതിരെ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട് രോഗനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ;

(ഇ) ഇല്ലെങ്കിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് രോഗനിർണ്ണയത്തിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡെങ്കിപ്പനി, എച്ച്1 എൻ1 പനി.

(സി) ഡെങ്കിപ്പനി:

ആരോഗ്യ സന്നദ്ധ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി കൊതുകിന്റെ ഉറവിടങ്ങൾ കണ്ടുപിടിച്ച് ഇല്ലാതാക്കി വരുന്നുണ്ട്. കൊതുക് ഉറവിട നശീകരണ ക്യാമ്പയിനുകളും ആഴ്ചയിൽ ഒരിക്കലുള്ള ഡ്രൈഡേ ആചരണങ്ങളും ഡെങ്കിപ്പനി നിയന്ത്രണത്തിന് ചെയ്തുവരുന്നു. ഏപ്രിൽ 24 മുതൽ 27 വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൊതുകുകളുടെ നശീകരണത്തിനായി ഒരു തീവ്രയജ്ഞം നടത്തുകയുണ്ടായി.

എച്ച്1 എൻ1 പനി:

രോഗബാധിതർക്ക് എ.ബി.സി. ചികിത്സാ മാർഗ്ഗരേഖകൾക്കനുസരിച്ച് ചികിത്സ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുള്ള ഒസൾട്ടാമിവിർ ഗുളിക കെ.എം.എസ്.സി.എൽ. മുഖേനയും കാരുണ്യ ഫാർമസി സ്റ്റോറുകൾ വഴിയും ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. രോഗസ്ഥിരീകരണത്തിന് തൊണ്ടയിലെ സ്രവസാമ്പിൾ പരിശോധനയ്ക്ക് മണിപ്പാലിലെ വൈറോളജി റിസർച്ച് സെന്ററിൽ കൂടി സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) എല്ലാ ജില്ലകളിലേയും സി.എച്ച്.സി. മുതൽ മേൽപ്പോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

(ഇ) ഡെങ്കിപ്പനിക്കുള്ള രോഗനിർണ്ണയം എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമാണ്. എച്ച്1 എൻ1 പനിക്കുള്ള രോഗനിർണ്ണയം ജില്ലാ അശുപത്രികൾ മുതൽ ലഭ്യമാണ്. കൂടാതെ 6 റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും, തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും പകർച്ചവ്യാധികൾ സ്ഥിരീകരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡെങ്കി വൈറസുകളെ കണ്ടെത്തുന്നതിനുള്ള പി.സി.ആർ. സൗകര്യം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ലഭ്യമാണ്.

## അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയ

261 (3106) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത്, സർക്കാർ സ്വകാര്യ ആശുപത്രികളിൽ നടന്നിട്ടുള്ള അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ) 2011 മുതൽ 2016 മേയ് വരെയുള്ള ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. സോൺ തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| സൗത്ത് സോൺ | സ്വകാര്യ ആശുപത്രി | സർക്കാർ ആശുപത്രി |
|---|---|---|
| (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) | കിഡ്നി - 183<br>കരൾ - 59 | കിഡ്നി - 206 |
| <u>സെൻട്രൽ സോൺ</u><br>(കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി) | കിഡ്നി - 2200<br>കരൾ - 461<br>ഹൃദയം - 19<br>ശ്വാസനാളം - 1<br>ആഗ്നേയഗ്രന്ഥി -4<br>ചെറുകുടൽ - 4<br>കൈപ്പത്തി -6 | കിഡ്നി - 173<br>ഹൃദയം - 3 |
| <u>നോർത്ത് സോൺ</u><br>(മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ്) | കിഡ്നി - 422<br>കരൾ - 37<br>ഹൃദയം - 4 | കിഡ്നി- 53 |

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ഹൃദയം, കരൾ, കിഡ്നി എന്നീ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ചികിത്സാ ധനസഹായ അപേക്ഷകൾ പ്രോസസ് ചെയ്യുന്ന സോഫ്റ്റ്‍വെയറിന്റെ പരിമിതിമൂലം രോഗികൾക്ക് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് മാത്രമായി എത്ര തുക അനുവദിച്ചു എന്നുള്ള വിവരം ലഭ്യമല്ല.

## ഭക്ഷ്യസുരക്ഷാ വകുപ്പ്

262 (3107) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്ന പ്രവർത്തനം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഹോട്ടലുകളിലും ബേക്കറികളിലും പഴകിയതും സുരക്ഷിതമായി സ്റ്റോർ ചെയ്യാത്തതുമായ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകളുടെ കൂട്ടായ്മ ഉണ്ടാക്കി ജനങ്ങൾക്ക് നല്ല ഭക്ഷണവും മായം കലരാത്ത ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2016 ജനുവരി മുതൽ ഭക്ഷ്യവകുപ്പ് ഇൻസ്പെക്ട് ചെയ്ത ഹോട്ടലുകൾ, ബേക്കറികൾ എത്ര; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ?

## ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുവേണ്ടി സ്ഥിരമായി പരിശോധനകൾ നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ എത്തിച്ച് പരിശോധനകൾ നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണമേന്മ ഇല്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലും ബേക്കറികളിലും വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ജില്ലകൾതോറും ഫുഡ്സേഫ്റ്റി ഓഫീസർമാരെ ഉൾക്കൊള്ളിച്ചു കൊണ്ട് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് നിശ്ചിത ഇടവേളകളിൽ സ്ഥാപനങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ എത്തിച്ച് പരിശോധനകൾ നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണമേന്മ ഇല്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ഗുണനിലവാരം തീരെ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുന്നതടക്കം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) 2016 ജനുവരി മുതൽ ഭക്ഷ്യവകുപ്പ് ഇൻസ്പെക്ട് ചെയ്ത ഹോട്ടലുകൾ, ബേക്കറികൾ എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഹോട്ടൽ | ബേക്കറി |
|---|---|---|
| തിരുവനന്തപുരം | 664 | 398 |
| കൊല്ലം | 306 | 188 |
| പത്തനംതിട്ട | 73 | 42 |

| | | |
|---|---|---|
| ആലപ്പുഴ | 51 | 83 |
| കോട്ടയം | 119 | 167 |
| ഇടുക്കി | 215 | 76 |
| എറണാകുളം | 1231 | 255 |
| തൃശ്ശൂർ | 369 | 141 |
| പാലക്കാട് | 136 | 186 |
| മലപ്പുറം | 285 | 165 |
| കോഴിക്കോട് | 110 | 61 |
| വയനാട് | 46 | 49 |
| കണ്ണൂർ | 65 | 29 |
| കാസർഗോഡ് | 49 | 19 |

<u>സ്വീകരിച്ച നടപടികൾ:</u>

കൊല്ലം - 283 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.

പത്തനംതിട്ട - 92 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി, 46 സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി.

ആലപ്പുഴ - 54 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി 17 സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി.

കോട്ടയം - 7,29,000 രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പിഴ ഇനത്തിൽ ഈടാക്കി.

എറണാകുളം - 62 സ്ഥാപനങ്ങളിൽനിന്നും 2,49,500 രൂപ പിഴ ഈടാക്കി.

തൃശ്ശൂർ - ആകെ 76,000 രൂപ വിവിധ സ്ഥാപനങ്ങളിൽനിന്ന് പിഴയായി ഈടാക്കി.

പാലക്കാട് - 52 ഹോട്ടലുകൾക്കും 40 ബേക്കറികൾക്കും നോട്ടീസ് നൽകി. 1,89,000 രൂപ പിഴ ഈടാക്കി.

മലപ്പുറം - 2,70,000 രൂപ വിവിധ സ്ഥാപനങ്ങളിൽനിന്ന് പിഴ ഈടാക്കി.

കണ്ണൂർ - 45 ഹോട്ടലുകളിൽനിന്നും 2,36,000 രൂപയും 9 ബേക്കറികളിൽ നിന്ന് 27,000 രൂപയും പിഴയായി ഈടാക്കി.

## 108 ആംബുലൻസ് ഡ്രൈവർമാർക്കും നഴ്സമാർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക

263 (3108) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. വി. ജോയി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിക്കുന്ന 108 ആംബുലൻസ് ഡ്രൈവർമാർക്കും, നഴ്സമാർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക നല്കുന്നുണ്ടോ;

(ബി) ഈ ജീവനക്കാർക്ക് ഡ്യൂട്ടി സമയം നിശ്ചയിച്ചിട്ടുള്ളത് എത്ര മണിക്കൂറാണ് എന്ന് വ്യക്തമാക്കാമോ;

(സി) 24 മണിക്കൂറും സർവീസ് നടത്തുന്ന ആംബുലൻസ് തകരാർ സംഭവിച്ച് വർക്ക് ഷോപ്പിൽ ആകുമ്പോൾ ജീവനക്കാർക്ക് ശമ്പളം നൽകാത്തതിനാൽ മാസങ്ങളോളം ശമ്പളമില്ലാതെ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആംബുലൻസിലെ ജീവനക്കാർക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.എം.എസ്.സി.എൽ.) ജീവനക്കാർക്ക് ഉള്ളതുപോലെ ഇ.പി.എഫ്. ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ഇല്ലെങ്കിൽ നടപ്പിലാക്കുമോ; ഇവർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; ഇവരെ കെ.എം.എസ്.സി.എൽ. ജീവനക്കാരായി പരിഗണിക്കാൻ വേണ്ട ഉത്തരവ് നൽകുമോ?

ഉത്തരം

(എ) 108 ആംബുലൻസിലെ ജീവനക്കാർക്ക് ദേശീയ ആരോഗ്യ മിഷൻ കേരളം അംഗീകരിച്ചിട്ടുള്ള ദിവസവേതനമാണ് നൽകുന്നത്.

(ബി) 12 മണിക്കൂർ.

(സി) ഉണ്ട്.

(ഡി) 108 ആംബുലൻസ് ജീവനക്കാർക്ക് ഇ.പി.എഫ്. ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. പ്രസ്തുത ജീവനക്കാർക്ക് റിസ്ക് അലവൻസ് നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. നിലവിൽ 108 ആംബുലൻസ് ജീവനക്കാർ അതാത് ജില്ലകളിലെ ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. പദ്ധതിയുടെ കൺട്രോൾ റൂമും അതിലെ ജീവനക്കാരും മാത്രമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ വരുന്നത്.

## ജീവനം 2015

264 (3109) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി സമഗ്ര ആരോഗ്യപദ്ധതിയായ ജീവനം 2015 ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് എന്തെങ്കിലും ഫണ്ട് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് ഉടനെ നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

## 24 മണിക്കൂർ പ്രവർത്തിക്കുന്ന ശസ്ത്രക്രിയാ വിഭാഗം

265 (3110) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഐ.സി.എച്ച് ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ശസ്ത്രക്രിയാ വിഭാഗം ഇല്ലാത്തതുമൂലം രോഗികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ശസ്ത്രക്രിയാ വിഭാഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എല്ലാ ദിവസവും രാവിലെ 8 മുതൽ 3 മണിവരെ പീഡിയാട്രിക് സർജറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ 2 ദിവസം ശസ്ത്രക്രിയ ചെയ്യുന്നുണ്ട്.

(ബി) കോട്ടയം മെഡിക്കൽ കോളേജിന്റെ രണ്ടു വകുപ്പുകളാണ് ഐ.സി.എച്ച്.-ൽ പ്രവർത്തിക്കുന്നത്. പീഡിയാട്രിക് മെഡിസിൻ, പീഡിയാട്രിക് സർജറി എന്നിവ ആഴ്ചയിൽ രണ്ടു ദിവസങ്ങളിൽ (ചൊവ്വ, വെള്ളി) ശസ്ത്രക്രിയ നടക്കുന്നുണ്ട്. മറ്റ് ദിവസങ്ങളിൽ ഏത് സമയത്തും എമർജൻസി കേസ്സുകൾ ചെയ്യുന്നുണ്ട്. മെഡിക്കൽ കോളേജിലെ അനസ്തേഷ്യാ വിഭാഗത്തിലെ ഡോക്ടർമാരുടെ സേവനമാണ് ലഭ്യമാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികകൾ

266(3111) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് -II വിഭാഗത്തിൽ എത്ര പുതിയ തസ്തികകകൾ സൃഷ്ടിച്ചു; ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് പ്രസ്തുത തസ്തികകൾ അനുവദിച്ചത്;

(ബി) മലപ്പുറം ജില്ലയിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിൽ ആണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II വിഭാഗത്തിൽ 213 തസ്തികകൾ സൃഷ്ടിച്ചു. അനുബന്ധം ഉള്ളടക്കം ചെയ്യുന്നു.* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ താഴെപ്പറയുന്ന അഞ്ച് ഒഴിവുകൾ നിലവിലുണ്ട്:

| | | |
|---|---|---|
| ജില്ലാ ആശുപത്രി | - | തിരൂർ |
| സാമൂഹികാരോഗ്യ കേന്ദ്രം | - | കാളികാവ് |
| ജനറൽ ആശുപത്രി | - | മഞ്ചേരി |
| ജില്ലാ ആശുപത്രി | - | പെരിന്തൽമണ്ണ |
| പ്രാഥമികാരോഗ്യ കേന്ദ്രം | - | തൃപ്രങ്ങോട് |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരൊഴിവുണ്ട്.

(സി) മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകുവാനായി റിപ്പോർട്ട് ചെയ്ത ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നഴ്സിംഗ് പഠനം പൂർത്തിയാക്കിയവരുടെ ജോലി സാധ്യതകൾ**

267 (3112) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്സുവിന് സയൻസ് ഗ്രൂപ്പ് എടുക്കാതെ കേരളത്തിന് പുറത്തു നിന്ന് നഴ്സിംഗ് പഠനം പൂർത്തിയാക്കിയവരും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും അതാത് സംസ്ഥാനങ്ങളിലെ നഴ്സിംഗ് കൗൺസിലുകളുടെയും അംഗീകാരമുള്ള സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സ് പഠിച്ച് പുറത്തിറങ്ങിയതിനുശേഷം കേരള നഴ്സിംഗ് കൗൺസിലിന്റെ പരീക്ഷയും പാസ്സായ സർട്ടിഫിക്കറ്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നിലവിലെ നിയമപ്രകാരം ടി വിദ്യാർത്ഥികൾക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കാൻ കഴിയില്ല. ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തിയാൽ മാത്രമേ ഇവരെ പ്രസ്തുത തസ്തികയിലേയ്ക്ക് പരിഗണിക്കാൻ കഴിയുകയുള്ളൂ.

**കോട്ടയം മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റ്**

268 (3113) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റിൽ റേഡിയോഗ്രാഫർമാരുടെ എണ്ണത്തിലുള്ള കുറവുമൂലം റേഡിയേഷൻ ചികിത്സ രാത്രിയോളം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡിപ്പാർട്ട്മെന്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ റേഡിയോഗ്രാഫർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ**

269 (3114) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്; ആയത് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2006-2011 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചിരുന്നതെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-2016 കാലയളവിൽ 745 ടീച്ചിംഗ് സ്റ്റാഫ് തസ്തികകളും, 1266 നോൺ ടീച്ചിംഗ് സ്റ്റാഫ് തസ്തികകളും ഉൾപ്പെടെ ആകെ 2011 തസ്തികകളാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പുതുതായി സൃഷ്ടിച്ചിട്ടുള്ളത്.

(ബി) 2006-2011 കാലയളവിൽ 36 ടീച്ചിംഗ് സ്റ്റാഫ് തസ്തികകളും, 312 നോൺ ടീച്ചിംഗ് സ്റ്റാഫ് തസ്തികകളും ഉൾപ്പെടെ ആകെ 348 തസ്തികകളാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പുതുതായി സൃഷ്ടിച്ചിട്ടുള്ളത്.

**അസിസ്റ്റന്റ് പ്രൊഫസർ, റേഡിയോ തെറാപ്പി തസ്തികകൾ**

270 (3115) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ, റേഡിയോ തെറാപ്പി തസ്തികകൾ ഒഴിവുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര തസ്തികകൾ ഒഴിവുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ, റേഡിയോ തെറാപ്പിയിൽ ആകെ 10 തസ്തികകൾ ഒഴിവുണ്ട്.

(ബി) ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർമാരുടെ 4 തസ്തികകളിൽ ഒഴിവുണ്ട്. എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ**

271(3116) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും കടലാസു കമ്പനികളുടെ പേരിലുള്ള ഗുണ നിലവാരം കുറഞ്ഞ മരുന്നുകൾ സൂക്ഷിക്കുകയും രോഗികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകളാണ് കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടത്;

(സി) ഈ കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിലുള്ള കേസുകളൊന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**ഗോഡൗണുകളിൽ കെട്ടിക്കിടന്ന് നശിക്കുന്ന മരുന്നുകൾ**

272(3117) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ മരുന്നുകൾ കെട്ടിക്കിടന്ന് നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എത്ര തുകയുടെ മരുന്നാണ് കെട്ടിക്കിടന്ന് നശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മരുന്നുകൾ കെട്ടിക്കിടന്ന് നശിക്കുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ആരോഗ്യ-മെഡിക്കൽ-വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി സമർപ്പിച്ച ഇൻഡന്റിനനുസൃതമായി 1362.17 കോടി രൂപ മൂല്യം വരുന്ന മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ചത്. ഇതിൽ 6.06 കോടി രൂപ മൂല്യം വരുന്ന മരുന്നുകളുടെ കാലാവധി കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംഭരിച്ച മരുന്നിന്റെ 0.44 ശതമാനം കീഴ്ഘടക സ്ഥാപനങ്ങൾ ഇൻഡന്റിന് അനുസൃതമായി സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം നിയന്ത്രിക്കുന്നതിനായി 'ഡ്രഗ്

ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം' എന്ന സോഫ്റ്റ് വെയറിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപം കൊടുത്തിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ബാച്ച് നമ്പർ, നിർമ്മാണ തീയതി, കാലാവധി അവസാനിക്കുന്ന തീയതി, എണ്ണം എന്നിവ സോഫ്റ്റ് വെയറിൽ പരിശോധിക്കുകയും First Expiry First Out (FEFO) എന്ന മാനദണ്ഡത്തിൽ ആശുപത്രികളിലേയ്ക്ക് ഘട്ടംഘട്ടമായി വിതരണം ചെയ്യുകയും അതുവഴി കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗശൂന്യമാകുന്നത് തടയുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ ആശുപത്രികളിലെ സ്ലോ മൂവിംഗ്, ഷോർട്ട് എക്സ്പയറി മരുന്നുകളുടെ വിവരങ്ങൾ അതാത് ആശുപത്രി അധികൃതർക്കും ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥർക്കും നിരീക്ഷിക്കുവാനും കാലാവധി കഴിയും മുമ്പ് തന്നെ ഈ മരുന്നുകൾ മറ്റ് ആവശ്യമുള്ള ആശുപത്രികളിലേയ്ക്ക് (ജില്ലയിലേയോ മറ്റ് ജില്ലയിലേയോ) സോഫ്റ്റ് വെയറിലൂടെ മാറ്റുവാനും സാധിക്കും.

### കോതമംഗലത്ത് നാച്ചുറോപ്പതി മെഡിക്കൽ കോളേജ്

273 (3118) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം മണ്ഡലത്തിലെ മലയോര പ്രദേശമായ കുട്ടമ്പുഴ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു നാച്ചുറോപതി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

### ഐ.സി.ഡി.എസ്. പ്രവർത്തനങ്ങൾ

274 (3119) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ ലിസ്റ്റ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാരെയും ഉൾപ്പെടുത്തി എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തുന്നു.

2. സംസ്ഥാനത്തെ മുഴുവൻ ശിശു വികസന പദ്ധതി ഓഫീസർമാരെയും ഉൾപ്പെടുത്തി ഡയറക്ടറേറ്റ് തലത്തിൽ റീജിയണൽ റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കുന്നു.

3. ഡയറക്ടറേറ്റുതല ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

4. ഐ.സി.ഡി.എസ്. ജീവനക്കാരുടെ മുഴുവൻ തസ്തികകളും നികത്തുന്നതിന് നടപടി സ്വീകരിച്ചു.

5. ഡയറക്ടറേറ്റ് തലത്തിൽ ഐ.സി.ഡി.എസ്. പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചു.

6. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നടപടികൾ ആരംഭിച്ചു.

7. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും അടുത്ത 3 വർഷം കൊണ്ട് സമ്പൂർണ്ണ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി.

8. നിർമ്മാണം പൂർത്തീകരിച്ച മാതൃകാ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കി 3 ജി ആയി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചു.

9. മാതൃത്വ ധനസഹായം സംസ്ഥാനം മൊത്തം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു.

10. 'സബല' പദ്ധതി ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി.

11. MGNREGS പദ്ധതിയുമായി ചേർന്ന് 720 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി.

12. ഒരു ലക്ഷം രൂപ ചെലവിൽ 1480 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകി.

13. പ്ലാൻ ഫണ്ട് ഉപയോഗിച്ച് 14.5 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 240 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി നൽകി.

14. 'ജാതക് ജനനി' real time monitoring സമ്പ്രദായം ദേവികുളം (അഡീഷണൽ), ഇരിട്ടി പ്രോജക്ടുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചു.

15. അങ്കണവാടികളിൽ പുതുതായി ആവിഷ്ക്കരിച്ച് നടപ്പാക്കിയ തീം & ആക്ടിവിറ്റി ചാർട്ട് ഉപയോഗിക്കുന്നതിന് അങ്കണവാടി പ്രവർത്തകർക്ക് IRTC-യുമായി ചേർന്ന് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു.

16. അങ്കണവാടി പ്രവർത്തകരുടെയും സൂപ്പർവൈസർമാരുടെയും പരിശീലനത്തിനായുള്ള കരിക്കുലം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു.

17. ഐ.സി.ഡി.എസ്. പദ്ധതിയുടെ പ്രവർത്തനത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവർക്ക് അവാർഡ് ഏർപ്പെടുത്തി.

(ബി) പാലക്കാട് ജില്ലയിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ ലിസ്റ്റ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ശ്രീ. ഗോവിന്ദൻ നമ്പൂതിരി പഠന റിപ്പോർട്ട്**

275 (3120) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പിൽ സ്ത്രീകളുടെയും കുട്ടികളുടെയും വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നത് സംബന്ധിച്ച് മുൻ അഡീഷണൽ സെക്രട്ടറി ശ്രീ. ഗോവിന്ദൻ നമ്പൂതിരി, സാമൂഹ്യനീതി വകുപ്പിൽ പഠന റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനിതകൾക്കും കുട്ടികൾക്കുംവേണ്ടി വകുപ്പ് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ വനിത-ശിശുക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) 15-3-2017-ൽ വനിത-ശിശുക്ഷേമ വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും യോഗം നടന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പഠനം നടത്തുന്നതിന് ശ്രീ. വി. എസ്. ഗോവിന്ദൻ നമ്പൂതിരിയെ (റിട്ട.അഡീഷണൽ സെക്രട്ടറി) ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതാ ശിശുക്ഷേമ വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻ സാമൂഹ്യനീതി ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്. മിനിട്സ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

**മിശ്രവിവാഹ ധനസഹായ പദ്ധതി**

276 (3121) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പു മുഖേന മിശ്ര വിവാഹ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് ധനസഹായം നൽകി വരുന്നത്;

(സി) മിശ്ര വിവാഹ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 22000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് കാലോചിതമായി ഉയർത്തി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായ പദ്ധതിയാണ് ഈ വകുപ്പു മുഖേന നടപ്പിലാക്കുന്നത്.

(ബി) 30,000 രൂപ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും 2 വർഷത്തിനുള്ളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളാണ് ഹാജരാക്കേണ്ടത്:

1. മിശ്രവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ്
2. ദമ്പതികളുടെ ജാതി സർട്ടിഫിക്കറ്റ്
3. വരുമാന സർട്ടിഫിക്കറ്റ്
4. ദമ്പതിമാർ കഴിഞ്ഞ ഒരു വർഷമായി ഒരുമിച്ച് താമസിച്ചു വരികയാണെന്ന് തെളിയിക്കുന്നതിന് ഗസറ്റഡ് ഓഫീസർ/എം.എൽ.എ./എം.പി. നൽകുന്ന Co-living സർട്ടിഫിക്കറ്റ്.

   നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ആനുകൂല്യം ലഭിക്കുന്നതിനുള്ള കുടുംബ വാർഷികവരുമാന പരിധി 50,000 രൂപയാണ്.

(ഡി&ഇ) ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 22,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ക്രഷുകൾ**

277 (3122) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ക്രഷുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ജോലിക്കുപോകുന്ന അമ്മമാർക്ക് ആശ്വാസം നൽകുന്ന ഈ പദ്ധതി പ്രകാരം എത്ര ക്രഷുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(സി) ക്രഷുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽനിന്ന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കൂടുതൽ സ്ത്രീകൾ ജോലിയ്ക്ക് പോകുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടെ ആദ്യഘട്ടത്തിൽ ക്രഷുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് തൊഴിലെടുക്കുവാൻ പോകുന്ന രക്ഷകർത്താക്കൾക്ക് അവരുടെ കുട്ടികളെ അവർ തൊഴിൽ സ്ഥാപനത്തിലേയ്ക്ക് പോകുന്നതിനുമുമ്പ് അങ്കണവാടികളിൽ എത്തിക്കുന്നതിനും തൊഴിൽ കഴിഞ്ഞ് എത്തുന്നതുവരെ അങ്കണവാടികളിൽ പരിചരിക്കുന്നതിനുംവേണ്ടി സമീപസ്ഥമായ 4 - 5 അങ്കണവാടികൾ ഒരു ക്ലസ്റ്ററായി അവയിൽ ഒരു അങ്കണവാടിയുടെ പ്രവർത്തന സമയം രാവിലെ 7 മണി മുതൽ വൈകിട്ട് 6 മണിവരെ ആക്കുന്ന തരത്തിൽ ക്രഷുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചുവരുന്നു.

(ബി) ടി പദ്ധതി പ്രകാരം 250 ക്രഷുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ നിന്നായി 63 പ്രൊപ്പോസലുകളാണ് ലഭിച്ചിരുന്നത്. സംസ്ഥാനത്തെ അങ്കണവാടികളോട് ചേർന്ന് 250 ക്രഷുകൾ ആരംഭിക്കണമെന്ന് 2017-18 ബജറ്റ് പ്രഖ്യാപനമുണ്ടായ സാഹചര്യത്തിൽ എല്ലാ ജില്ലകളിൽ നിന്നുമായി മതിയായ എണ്ണം ക്രഷുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് ജില്ലാതലത്തിൽ നിർദ്ദേശം നൽകിക്കഴിഞ്ഞു.

(ഡി) സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്ന മത്സ്യബന്ധന മേഖല, തോട്ടം മേഖല, കശുവണ്ടി, വ്യവസായം, കാർഷിക, കയർ, കൈത്തറി മേഖല, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി ക്രഷുകളാരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകുവാനാണ് ജില്ലകൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. ഇത്തരത്തിൽ എല്ലാ ജില്ലകളിൽനിന്നും മതിയായ എണ്ണം പ്രൊപ്പോസലുകൾ ലഭിച്ചാലുടൻ തന്നെ കൂടുതൽ സ്ത്രീകൾ ജോലിക്കുപോകുന്ന സ്ഥലങ്ങൾ കണ്ടെത്തി ആദ്യഘട്ടത്തിൽ തന്നെ ടി സ്ഥലങ്ങളിൽ ഇത്തരം ക്രഷുകൾ ആരംഭിക്കുന്നതാണ്.

## സാമൂഹിക സുരക്ഷാ മിഷൻവഴി നടപ്പാക്കുന്ന ചികിത്സാ പദ്ധതികൾ

278 (3123) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക സുരക്ഷാ മിഷൻവഴി നിലവിൽ നടപ്പാക്കുന്ന സൗജന്യ ചികിത്സാ പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിനാവശ്യമായ അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

<u>ക്യാൻസർ സുരക്ഷാ പദ്ധതി</u>:

18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടി വരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷാ ഫോറം ആവശ്യമില്ല. ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാ മിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

<u>താലോലം</u>:

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാൻ മൂലമുണ്ടാകുന്ന രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് എന്നിവ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമായവർക്കും ചികിത്സാ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷ ആവശ്യമില്ല. ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

<u>ശ്രുതിതരംഗം-കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി</u>:

0-5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും, തുടർച്ചയായ ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാര ശേഷിയും ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഒരു ഗുണഭോക്താവിന് അഞ്ചരലക്ഷം രൂപ വരെ ചെലവ് ചെയ്ത് നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ ആശുപത്രി തെരഞ്ഞെടുക്കുന്നവർ സർജറി ചാർജ് സ്വന്തമായി വഹിക്കേണ്ടതാണ്.

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ദ്ധരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റിലും, ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റിലും സുരക്ഷാ മിഷന്റെ ഓഫീസിലും ലഭ്യമാണ്.

വയോമിത്രം പദ്ധതി:

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. നിലവിൽ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. ഈ പദ്ധതിയിലൂടെ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും കൗൺസിലിംഗും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരിച്ചുകൊണ്ടുപോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.

സ്നേഹ സാന്ത്വനം പദ്ധതി:

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം പെൻഷൻ നൽകുന്ന പദ്ധതിയാണിത്. ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് 1,200 രൂപ വീതവും പ്രതിമാസ ധനസഹായം നൽകിവരുന്നു.

സമാശ്വാസ പദ്ധതി 1:

വൃക്കയ്ക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1,100 രൂപ വീതം ധനസഹായം അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ:

1. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നുവെന്ന് തെളിയിക്കുന്ന ബി.പി.എൽ. സർട്ടിഫിക്കറ്റ്/ബി.പി.എൽ. റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ദ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. ടി സർട്ടിഫിക്കറ്റിൽ ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്.

3. അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.

4. ആധാർ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

അപേക്ഷാഫോറം, ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/അങ്കണവാടികൾ എന്നിവിടങ്ങളിൽനിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽനിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോറം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശിപാർശ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

<u>സമാശ്വാസം II</u>:

വൃക്ക/കരൾ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. ഒരു ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്.

<u>മാനദണ്ഡങ്ങൾ</u>:

1. വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് വൃക്ക/കരൾ രോഗ വിദഗ്ദ്ധൻ നൽകുന്ന സർട്ടിഫിക്കറ്റ്.

2. വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം ബന്ധപ്പെട്ട ആശുപത്രികളിൽ നൽകുന്ന ഡിസ്ചാർജ്ജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.

4. അപേക്ഷകന്റെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

അപേക്ഷാഫോറം, ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/അങ്കണവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശിപാർശ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

സമാശ്വാസം III:

രക്തം കട്ടപിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവുമൂലം ഹീമോഫീലിയായും അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ വരുമാന പരിധി നോക്കാതെ ധനസഹായം അനുവദിക്കുന്നു.

ഹീമോഫീലിയ രോഗിയാണെന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെയോ/ആലുവ ജില്ലാ ആശുപത്രിയിലെയോ/പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെഡിസിൻ/പീഡിയാട്രിക്/ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ടി സർട്ടിഫിക്കറ്റിൽ വകുപ്പ് തലവനോ ആശുപത്രി സൂപ്രണ്ടോ മേലൊപ്പിട്ടിരിക്കേണ്ടതാണ്. നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ് ബുക്കിന്റെ പകർപ്പ് നൽകേണ്ടതാണ്. നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്. അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്.

സമാശ്വാസം IV :

സംസ്ഥാനത്തെ അരിവാൾ രോഗം ബാധിച്ച നോൺ ട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് പ്രതിമാസം 2,000 രൂപ ധനസഹായം നൽകുന്നതാണ്.

അർഹത:

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
- അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജ് പാത്തോളജി വിഭാഗത്തിൽനിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- (HBAS) Sickle cell trair cases-ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസ്സുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

ധനസഹായത്തിനുള്ള നടപടിക്രമങ്ങൾ:

- കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗം വകുപ്പുതല മേധാവിയുടെയോ, അദ്ദേഹം ചുമതലപ്പെടുത്തിയ ഡോക്ടറുടെയോ സർട്ടിഫിക്കറ്റ്.
- വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്.
- ബി.പി.എൽ. റേഷൻ കാർഡിന്റെ ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി.
- അപേക്ഷകന്റെ പേരിൽ കോർ ബാങ്കിംഗ് സൗകര്യമുള്ള നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, അഡ്രസ്സ് എന്നിവ ഉൾപ്പെട്ട പേജിന്റെ പകർപ്പ്.
- അപേക്ഷകന്റെ ആധാറിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

  സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസ്/വെബ്സൈറ്റ്/വയോമിത്രം പ്രോജക്ട് ഓഫീസുകൾ, ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ, എന്നിവിടങ്ങളിൽ നിന്നും അപേക്ഷാ ഫോറം ലഭിക്കുന്നു.

- നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

കാരുണ്യ ഡെപ്പോസിറ്റ് സ്കീം :

ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിന് ശേഷം നിക്ഷേപിച്ച തുക തിരിച്ചുനൽകുകയും, ടി തുകയിൽനിന്ന് ലഭിക്കുന്ന പലിശയും സാമൂഹ്യസുരക്ഷാ മിഷന്റെ ഫണ്ടിൽനിന്നും തത്തുല്യ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നൽകുകയും ചെയ്യുന്ന പദ്ധതി. ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്. ഇന്ത്യയ്ക്കകത്തുള്ളവർക്ക് സംഭാവന നിക്ഷേപിക്കാവുന്ന എസ്.ബി. അക്കൗണ്ട് നമ്പർ 30809533211, എസ്.ബി.ഐ. സ്റ്റാച്യൂ ബ്രാഞ്ച്, തിരുവനന്തപുരം. കൂടാതെ ഡി.ഡി.-യായും ചെക്കായും മണിയോർഡറായും സംഭാവനകൾ നൽകാവുന്നതാണ്. സംഭാവനകൾ അയയ്ക്കേണ്ട മേൽവിലാസം എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം, ഫോൺ: 0471 2348135, 2341200, ഫാക്സ് : 0471 2346016.

## തൃശ്ശൂർ ജില്ലയിലെ വൃദ്ധസദനം

279 (3124) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ തൃശ്ശൂർ ജില്ലയിൽ എവിടെയൊക്കെയാണ് സർക്കാർ വൃദ്ധസദനം പ്രവർത്തിക്കുന്നത്; അതിന്റെ മേൽവിലാസം വ്യക്തമാക്കാമോ;

(ബി) വൃദ്ധസദനത്തിൽ പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ രാമവർമ്മപുരത്താണ് സർക്കാർ വൃദ്ധസദനം പ്രവർത്തിക്കുന്നത്. മേൽവിലാസം ചുവടെ ചേർക്കുന്നു:

സർക്കാർ വൃദ്ധമന്ദിരം,

രാമവർമ്മപുരം പി.ഒ.,

തൃശ്ശൂർ, പിൻകോഡ് 680631

ഫോൺ നമ്പർ : 0487 2693734

(ബി) ആരാലും സംരക്ഷിക്കാനില്ലാതെ നിരാലംബരായ വയോജനങ്ങളാണ് സർക്കാർ വൃദ്ധസദനങ്ങളിൽ താമസക്കാരായി വരുന്നത്. ഇവരിൽ പലരും സന്നദ്ധ സംഘടനകളിലൂടെയും പൊതുപ്രവർത്തകരുടെയും സഹായത്തോടെയാണ് എത്തുന്നത്. ചുരുക്കം ചിലർ സ്വമേധയാതന്നെ താമസക്കാരായി എത്തുന്നുണ്ട്. ഇവർക്ക് വരുമാനപരിധി ബാധകമല്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ/പട്ടികജാതി പട്ടികവർഗ്ഗക്കാർ/വിധവകൾ/ വിവാഹമോചിതരായ സ്ത്രീകൾ/യുദ്ധത്തിൽ അംഗവൈകല്യം സംഭവിച്ച വിമുക്ത ഭടന്മാർ എന്നിവർക്ക് പ്രവേശനത്തിന് മുൻഗണന നൽകുന്നു. എന്നാൽ 13-2-2013-ലെ സർക്കാർ ഉത്തരവിലൂടെ 30,000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവർക്ക് പ്രതിമാസം 800 രൂപ മെയിന്റനൻസ് ചാർജ്ജായി നിശ്ചയിച്ചിട്ടുണ്ട്.

## അമ്മയുടെ നീതി തേടിയുള്ള സമരത്തിൽ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടികൾ

280 (3125) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു പ്രണോയിയുടെ അമ്മയുടെയും കുടുംബത്തിന്റെയും നീതി തേടിയുള്ള സമരത്തിൽ ഇടപെട്ട് സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) സമരം അവസാനിപ്പിക്കാൻ സർക്കാർ എന്തൊക്കെ ഉറപ്പുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉറപ്പുകൾ നടപ്പാക്കിക്കിട്ടാനും ജിഷ്ണു പ്രണോയിയുടെ അമ്മയ്ക്ക് നീതി ലഭിക്കാനും സാമൂഹ്യനീതി വകുപ്പ് തുടർന്നും സഹായം നൽകുമോ?

<u>ഉത്തരം</u>

(എ-സി) സാമൂഹ്യനീതി വകുപ്പിന് ലഭിച്ച പരാതി ആഭ്യന്തര വകുപ്പിന് നൽകുകയും ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അങ്കണവാടി വർക്കർ**

281 (3126) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി താൽക്കാലിക അങ്കണവാടി വർക്കർമാരായി ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) നിലവിൽ അങ്കണവാടി വർക്കർമാരുടെ നിയമനം, സ്ഥലം മാറ്റം എന്നിവ സംബന്ധിച്ച് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും കോടതി ഉത്തരവ് നിലവിലുണ്ടോ?

<u>ഉത്തരം</u>

(എ) 31-10-2010 വരെ 6 മാസമോ അതിൽ കൂടുതലോ താൽക്കാലിക അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികയിൽ ജോലി ചെയ്തിട്ടുള്ളവരെ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാനും ആയതിൽ നിന്ന് സ്ഥിര ഒഴിവുകളിൽ നിയമനം നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി പ്രവർത്തകരുടെ സേവന ദൈർഘ്യം കണക്കിലെടുത്ത് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഒഴിവുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥിരനിയമനം നടത്തി വരുന്നു.

(ബി) 10-ാം തരം യോഗ്യതയുള്ളതും 18-നും 46-നും ഇടയിൽ പ്രായവുമുള്ള വനിതകൾക്ക് അങ്കണവാടി വർക്കർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്. 31-10-2010 വരെ 6 മാസമോ അതിൽ കൂടുതലോ താൽക്കാലികമായി ജോലി ചെയ്ത അങ്കണവാടി വർക്കർമാരെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥിര നിയമനം നൽകിവരുന്നു. ടി ലിസ്റ്റ് നിലവിലില്ലാത്ത പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/

കോർപ്പറേഷനുകളിൽ അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി ലിസ്റ്റ് തയ്യാറാക്കി ആയതിൽനിന്നും നിയമനം നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടി കെട്ടിടനിർമ്മാണത്തിന് സൗജന്യമായി ഭൂമി നൽകിയവരുടെ ആശ്രിതർക്കും മരണപ്പെട്ട അങ്കണവാടി ജീവനക്കാരുടെ ആശ്രിതയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും മുൻഗണനാക്രമം അനുസരിച്ച് നിയമനം നൽകുന്നു.

അങ്കണവാടി ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് 24-11-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 82/2010/സാക്ഷേവ പ്രകാരം മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടി ജീവനക്കാരുടെ നിയമനം, സ്ഥലംമാറ്റം എന്നിവ സംബന്ധിച്ച് WP(C) 5164/ 2012-ലും സമാന കേസ്സുകളിലുമായി മുൻഗണനാക്രമം നിശ്ചയിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി 29-8-2016-ന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർമാരുടെ സ്ഥിരം ഒഴിവിലേയ്ക്കുള്ള നിയമനത്തിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**അങ്കണവാടി വർക്കറുടെ ആശ്രിത നിയമനം**

282 (3127) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കണ്ടക്കടവ് 56-ാം നമ്പർ അങ്കണവാടിയിൽ വർക്കറായി ജോലി ചെയ്തിരുന്നതും ബോട്ടപകടത്തിൽ മരണമടഞ്ഞതുമായ ആപത്തശേരി വീട്ടിൽ സിന്ധു കുഞ്ഞുമോന്റെ ആശ്രിതന് ജോലി ലഭിക്കുന്നത് സംബന്ധിച്ച ഫയലിൽ (1006607/A/2017/SJ) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ആശ്രിതന് എന്നത്തേക്ക് ജോലി ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കണ്ടക്കടവ് 56-ാം നമ്പർ അങ്കണവാടിയിൽ വർക്കറായി ജോലി ചെയ്തിരുന്നതും ബോട്ടപകടത്തിൽ മരണമടഞ്ഞതുമായ ആപത്തശേരി വീട്ടിൽ സിന്ധുവിന്, കൊച്ചി താലൂക്കാഫീസിൽ നിന്നുള്ള അവകാശ സർട്ടിഫിക്കറ്റ് പ്രകാരം ഭർത്താവ്, മകൻ, അച്ഛൻ, അമ്മ എന്നിവർ മാത്രമാണ് അവകാശികളായിട്ടുള്ളത്. അമ്മയ്ക്ക് 76 വയസ്സുണ്ട്. മരണമടഞ്ഞ അങ്കണവാടി ജീവനക്കാരുടെ പെൺമക്കൾക്കോ അവരുടെ അഭാവത്തിൽ സഹോദരിക്കോ മാത്രമേ അങ്കണവാടി വർക്കറായോ ഹെൽപ്പറായോ ആശ്രിത നിയമനം നൽകാൻ പാടുള്ളൂ എന്ന് വ്യവസ്ഥയുണ്ട്. എന്നിരുന്നാലും ഈ ഫയലിൽ സാമൂഹ്യനീതി ഡയറക്ടറുടെ റിപ്പോർട്ട് തേടിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമപ്രകാരമുള്ള നടപടി സ്വീകരിക്കാനാവും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അങ്കണവാടി ഓൺ ഡിമാന്റ്

283 (3128) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ എത്ര അങ്കണവാടികളാണ് അങ്കണവാടി ഓൺ ഡിമാന്റിൽ അനുവദിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേന്ദ്രസർക്കാർ അങ്കണവാടി ഓൺ ഡിമാന്റ് പ്രകാരം 203 അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർക്കാരിൽ നടപടി സ്വീകരിച്ചുവരുന്നു.

## സാമൂഹ്യനീതി വകുപ്പിൽ ആശ്രിത നിയമനം

284 (3129) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏത് തീയതി വരെ അപേക്ഷിച്ചവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള 5 അപേക്ഷകൾ ഇപ്പോൾ സർക്കാരിൽ പരിഗണനയിലുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിന് കീഴിൽ 30-3-2016 വരെ അപേക്ഷിച്ചവർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

(സി) റെഗുലർ സർവ്വീസിലുള്ള ജീവനക്കാരൻ/ജീവനക്കാരി മരണപ്പെട്ടാൽ പങ്കാളി, അവിവാഹിതനായ മകൻ, മകൾ (വിവാഹിതയെങ്കിൽ മരണ സമയത്ത് ആശ്രിതയായിരിക്കണം) എന്നിവർക്ക് ആശ്രിത നിയമനത്തിന് അപേക്ഷ നൽകാം. കുറഞ്ഞ പ്രായപരിധി 18-ഉം ഉയർന്ന പ്രായപരിധി നിയമന ചട്ടപ്രകാരവുമാണ്. ജീവനക്കാരൻ/ജീവനക്കാരി അവിവാഹിതരാണെങ്കിൽ അവരുടെ സഹോദരൻ/സഹോദരിക്ക് അപേക്ഷിക്കാം. ഈ വകുപ്പിന് മാത്രമായി ആശ്രിത നിയമനത്തിന് പ്രത്യേക മാനദണ്ഡങ്ങൾ ഇല്ല. സർക്കാരിന്റെ പൊതു മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഈ വകുപ്പിലും ആശ്രിത നിയമനം നടത്തുന്നത്.

### അംഗപരിമിതരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തുക

285 (3130) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരായ സ്ത്രീകളുടെ വിവാഹ ധനസഹായത്തുകയും അംഗപരിമിതരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തുകയും വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ രണ്ടും മറ്റ് വിവാഹ ധനസഹായത്തുകകൾക്ക് സമാനമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ തുക 30,000 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

### ആഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റിന്റെ വേതനം ഉയർത്തി നൽകാൻ നടപടി

286 (3131) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-2-2016-ലെ G.O.(P) No.28/2016/fin.നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ താത്കാലിക, കോൺട്രാക്ട് വ്യവസ്ഥകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനഘടന നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇതിൽ ചില അപാകതകളുള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടില്ല എന്ന കാരണത്താൽ തൃശ്ശൂർ കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ആഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ് പാതോളജിസ്റ്റിന്റെ വേതനഘടന ഉയർത്തി നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) വേതന ഘടന പരിഷ്കരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം

287 (3132) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇന്റെഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾമൂലം പല പദ്ധതികളും കാര്യക്ഷമമായി ചെയ്യാൻ കഴിയാതെവരുന്നകാര്യം വകുപ്പ് അധികാരികൾക്ക് ബോധ്യപ്പെട്ടിട്ടും ഇവ നികത്താൻ നടപടികളുണ്ടാകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 11 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുവാൻ കഴിയുന്നതാണ്.

## അങ്കണവാടികളിൽ കുട്ടികൾക്ക് നൽകുന്ന സൗകര്യങ്ങൾ

288 (3133) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അങ്കണവാടികളിൽ കുട്ടികൾക്ക് നൽകുന്ന സൗകര്യങ്ങളും, ഭക്ഷണമുൾപ്പടെയുള്ള സംവിധാനങ്ങളും മറ്റ് ആനുകൂല്യങ്ങളും വിശദമാക്കുമോ?

ഉത്തരം

സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന ഐ.സി.ഡി.എസ് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അങ്കണവാടികൾ വികേന്ദ്രീകൃതാസൂത്രണ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. ഐ.സി.ഡി.എസ്. പദ്ധതിയിലൂടെ കുട്ടികൾക്കായി നടപ്പാക്കിവരുന്ന സേവനങ്ങൾ ഇവയാണ്.

0-3 വയസ്സ്:

1. അനുപൂരക പോഷകാഹാരവും വളർച്ചാ നിരീക്ഷണവും
2. അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം
3. പ്രതിരോധ കുത്തിവയ്പ്പ്
4. ആരോഗ്യ പോഷക വിദ്യാഭ്യാസം
5. പരാമർശ സേവനങ്ങൾ

3-6 വയസ്സ്:

1. അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം
2. അനുപൂരക പോഷകാഹാരം
3. വളർച്ചാ നിരീക്ഷണം
4. പ്രതിരോധ കുത്തിവയ്പ്
5. ആരോഗ്യ പരിശോധന
6. പരാമർശ സേവനങ്ങൾ

ഇവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുട്ടികൾക്കും സ്ത്രീകൾക്കും വൃദ്ധന്മാർക്കും വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

289 (3134) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ നീതി വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ആണ് കുട്ടികൾക്കും സ്ത്രീകൾക്കും വൃദ്ധന്മാർക്കും ആയി ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്നേഹപൂർവ്വം പദ്ധതി പ്രകാരം 1 മുതൽ 5-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി 300 രൂപയും 6 മുതൽ 10-ാം ക്ലാസ് വരെ 500 രൂപയും +1, +2 ക്ലാസ് വരെ 750 രൂപയും ഡിഗ്രി/ പ്രൊഫഷണൽ കോഴ്സുകൾക്ക് 1000 രൂപയും പ്രതിമാസ ധനസഹായം നൽകി വരുന്നു. 18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാ ചെലവ് എന്നിവ വഹിക്കുന്നു. പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബ വരുമാനമുള്ള 5 വയസ്സ് വരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും തുടർച്ചയായ ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാകുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രുതിതരംഗം കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജുവനൈൽ ഡയബറ്റിസ്മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്കായി ഇൻസുലിൻ നൽകുന്ന ചികിത്സാ പദ്ധതി, എം.എം.ആർ. വാക്സിനും റൂബെല്ലാ വാക്സിനും നൽകുന്ന പദ്ധതി, നവജാത ശിശുക്കൾക്കായി കേൾവി പരിശോധന, അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി അനുയാത്രാ ക്യാമ്പയിൻ, എൻഡോസൾഫാൻ ദുരിതബാധിത കുട്ടികൾക്കായി വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകിവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് 1,000 രൂപ നിരക്കിൽ 24,85,05,754 രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് സേവനങ്ങൾ നൽകുന്നതിനായി ഓട്ടിസം സെന്ററുകൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതാണ്. അംഗപരിമിതരായ കുട്ടികൾക്കായി കോഴിക്കോട് ജില്ലയിൽ നടന്നുവരുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്ത്രീകൾക്കായി കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന സ്നേഹ സ്പർശം പദ്ധതി, സ്ത്രീകളുടെ ഉന്നമനത്തിനായി സ്ത്രീശക്തി പ്രോജക്ട് എന്നിവയും നടപ്പിലാക്കിവരുന്നു. കൂടാതെ വിധവകളാകുന്ന സ്ത്രീകൾക്കായി മംഗല്യ പദ്ധതി, വനിതാക്ഷേമ സ്ഥാപനങ്ങളിലെ വിവാഹിതരായ അന്തേവാസികൾക്കായി 'സ്നേഹസംഗമം' പരിപാടി എന്നിവയും നടപ്പിലാക്കിവരുന്നു. മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ത്രീകൾക്കുള്ള ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായത്തിനായി ഒരു പെൺകുട്ടിക്ക് 50,000 രൂപ നിരക്കിൽ 19,00,000 രൂപ നൽകിയിട്ടുണ്ട്. വയോജനങ്ങൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോമിത്രം പദ്ധതി നടപ്പിലാക്കിവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുനൽകുന്ന 'മന്ദഹാസം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വയോജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ അനുവദിക്കുന്നതിനായി 70 പകൽ പരിപാലന കേന്ദ്രങ്ങളെ 'സ്വയംപ്രഭ ഹോമുകളായി' അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മുതിർന്ന പൗരന്മാർക്കുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകൾ 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡിൽനിന്നും 10,01,89,873 രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്.

## ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തൽ

290 (3135) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ഏത് കാലയളവ് വരെ ജോലി ചെയ്ത ഭിന്നശേഷിക്കാരെയാണ് ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

(ബി) അതിനുശേഷം ജോലി ചെയ്ത ഭിന്നശേഷിക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ജോലി ചെയ്ത അംഗപരിമിതരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്

291 (3136) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) സാമൂഹ്യനീതി വകുപ്പിന്റെ വിഭജനവുമായി ബന്ധപ്പെട്ട് നിയമിച്ച ഏകാംഗ കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പുതിയ വകുപ്പിന്റെ രൂപീകരണശേഷവും പ്രോജക്ട് (ബ്ലോക്ക്) തലങ്ങളിൽ സൂപ്പർവൈസർമാരും സി.ഡി.പി.ഒ.-മാരും രണ്ട് വകുപ്പുകളിലെയും ചുമതലകൾ നിർവ്വഹിക്കേണ്ടിവരുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബഹു. കേരള ഗവർണറുടെ 24-6-2016-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം

292 (3137) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികളുണ്ടെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത 58 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| പ്രോജക്ട് | മുനിസിപ്പാലിറ്റി/ പഞ്ചായത്ത് | അങ്കണവാടി കേന്ദ്രങ്ങളുടെ എണ്ണം | കെട്ടിടം ഇല്ലാത്ത അങ്കണവാടി കളുടെ എണ്ണം | കെട്ടിടം ഇല്ലാത്ത അങ്കണവാടി കേന്ദ്രങ്ങളുടെ നമ്പർ |
|---|---|---|---|---|
| നെടുമങ്ങാട് | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 59 | 9 | 74,75,77,78, 81,84,85,86, 87 |
| നെടുമങ്ങാട് അഡീ. | കരകുളം | 43 | 21 | 39,41,43,45,46,49, 53,55,63,64,65,66, 68,70,71,72,73, 74,75,77,78 |
| | വെമ്പായം | 35 | 9 | 2,13,16,17,21,22,24, 26,28 |
| പോത്തൻകോട് | അണ്ടൂർകോണം | 30 | 7 | 12,15,17,20, 25,27,30 |
| | പോത്തൻകോട് | 30 | 11 | 31,41,49,50,53, 55,56,57, 58,59,60 |
| വാമനപുരം | മാണിക്കൽ | 34 | 1 | 91 |
| | ആകെ | 231 | 58 | |

(ബി) അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നുള്ള അങ്കണവാടി കെട്ടിട നിർമ്മാണം (MGNREGS):

ഈ പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണ എസ്റ്റിമേറ്റിൽ 5 ലക്ഷം രൂപ MGNREGS-ഉം 2 ലക്ഷം രൂപ വകുപ്പും (ആയത് 60:40 അനുപാതത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വഹിക്കണം) ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(2) സ്റ്റേറ്റ് പ്ലാൻ ഫണ്ട്:

ഓരോ സാമ്പത്തിക വർഷത്തിലും സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നു.

(3) മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം:

ഓരോ നിയോജകമണ്ഡലത്തിലും ഒന്നു വീതം എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകുപ്പും ശേഷിക്കുന്ന 6.75 ലക്ഷം രൂപ ബന്ധപ്പെട്ട MLA-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും വിനിയോഗിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

**അങ്കണവാടികൾക്ക് കെട്ടിടം**

293 (3138) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിനു കീഴിൽ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ആയതിൽ 22536 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും 8776 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നുണ്ട്.

**അരി വിലയിൽ വർദ്ധനവ്**

294 (3139) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതു വിപണിയിൽ അരി വിലയിൽ വർദ്ധനവ് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിലെ വിതരണക്കാരുമായി യഥാസമയം ചർച്ചകൾ നടത്തുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനും കഴിയാത്തതാണ് ഈ സ്ഥിതി വിശേഷത്തിന് ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യക്ഷമമായി ഇടപെടുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരിവില വർദ്ധനയുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാനങ്ങളിലെ വിതരണക്കാരുമായി യഥാസമയം ചർച്ച നടത്തിയിട്ടുണ്ട്. ആന്ധ്രയിലുണ്ടായ കൊടും വരൾച്ചമൂലം വൻതോതിൽ വിളനാശം സംഭവിക്കുകയും തൻമൂലം ഉണ്ടായ നെല്ലിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്ത് അരിവില ഉയരാൻ ഇടയാക്കുകയും ചെയ്തു. എന്നിരുന്നാലും ആന്ധ്ര ഇതര സംസ്ഥാനങ്ങളിൽനിന്നും ഇ-ടെണ്ടർ മുഖേന ജയ അരി ലഭ്യമാക്കി സംസ്ഥാനത്ത് സബ്സിഡി നിരക്കിൽ വിതരണത്തിന് എത്തിച്ചിരുന്നു.

(സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കിവരുന്നു. പൊതു വിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കു പുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ

വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്.

**ഇതര സംസ്ഥാനങ്ങളിൽനിന്നും സംഭരിച്ച അരി**

295 (3140) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വേണ്ടി ഇതര സംസ്ഥാനങ്ങളിൽനിന്നും അരി സംഭരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

വിവിധ ഇനം അരികൾക്ക് വില വർദ്ധിച്ചതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള താരതമ്യേന വിലക്കുറവുള്ള ജയ അരി (ആന്ധ്രയിൽ നിന്നല്ലാത്തത്) ഇ-ടെണ്ടർ മുഖേന വാങ്ങി സംഭരിക്കുകയും സപ്ളൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ എഫ്.സി.ഐ.യിൽ നിന്ന് ബോയ്ൽഡ് റൈസ്, പച്ചരി എന്നിവയും ഇ-ഓക്ഷൻ വഴി വാങ്ങി വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു.

**എഫ്.സി.ഐ.-യിൽ നിന്ന് ലഭിക്കുന്ന റേഷൻ സാധനങ്ങൾ**

296 (3141) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള മുഴുവൻ റേഷനും ഈ സർക്കാർ എഫ്.സി.ഐ.-യിൽ നിന്നും എടുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ 4 മാസത്തെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) റേഷൻ സാധനങ്ങൾ എഫ്.സി.ഐ.-യിൽ കെട്ടികിടക്കുന്നതായുള്ള വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ ഏറ്റെടുക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പാവപ്പെട്ടവർക്കുള്ള അരി വിതരണം ചെയ്യുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിവിധ കാരണങ്ങളാൽ വിട്ടെടുപ്പിനുള്ള സമയപരിധിക്കുള്ളിൽ വിട്ടെടുക്കാൻ സാധിക്കാതെ പോയ വിഹിതമൊഴികെ അനുവദിക്കുന്ന മുഴുവൻ റേഷനും വിട്ടെടുക്കുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 2016 നവംബർ മുതൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങളിൽ, കോട്ടയം ജില്ലയിൽ ചിങ്ങവനം എഫ്.സി.ഐ. ഡിപ്പോയിൽ തുടർച്ചയായുണ്ടായ വാഗൺ പ്ലേസ്മെന്റ് മുഖാന്തരം വിട്ടെടുക്കാൻ കഴിയാത്ത 1298.829095 (130 ലോഡ്) മെ.ടൺ ഭക്ഷ്യധാന്യങ്ങളൊഴികെ 2017 ഏപ്രിൽ മാസ ക്വാട്ട വരെയുള്ള ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായി വിട്ടെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദിച്ചതും വിട്ടെടുത്തതുമായ ഭക്ഷ്യധാന്യങ്ങളുടെ കഴിഞ്ഞ 4 മാസത്തെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ വിട്ടെടുക്കുന്നതിന് സാധ്യമായതെല്ലാം ചെയ്തുവരുന്നു.

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വില മുൻകൂർ എഫ്.സി.ഐ.-യിൽ ഒടുക്കി, മുൻഗണനാ വിഭാഗങ്ങൾക്കനുവദിച്ച ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് പ്രഥമ പരിഗണന നൽകി സമയബന്ധിതമായി വിട്ടെടുപ്പ് പൂർത്തിയാക്കുന്നതിനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകുകയും എല്ലാ വിഭാഗങ്ങൾക്കും തനമാസ വിഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ മുൻഗണനാ വിഭാഗങ്ങൾക്കനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകി വരുന്നുണ്ട്.

**രണ്ട് രൂപ നിരക്കിൽ അരി**

297 (3142) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മുഴുവൻ പേരുടെയും സ്ഥിതിവിവര കണക്കുകൾ, 2014-ൽ സർക്കാർ തയ്യാറാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) രണ്ട് രൂപ നിരക്കിൽ അരി നൽകാനുള്ള പട്ടികയിൽനിന്ന് ദരിദ്രർ പുറത്തായപ്പോൾ പത്തേക്കർ ഭൂമിയുള്ളവർ വരെ ഉൾപ്പെട്ട സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ വീഴ്ചവന്ന സാഹചര്യത്തിൽ രണ്ട് രൂപ നിരക്കിൽ അരി നൽകാനുള്ള പട്ടിക മരവിപ്പിക്കുമോ;

(ഡി) നാഷണൽ ഇൻഫർമാറ്റിക് സെന്ററും ഭക്ഷ്യ വകുപ്പും ആവശ്യത്തിന് മുൻകരുതലെടുക്കാതിരുന്നതാണ് പ്രസ്തുത വീഴ്ച സംഭവിക്കാൻ കാരണമായതെന്നത് പരിശോധിക്കുമോ;

(ഇ) അപാകതകൾ പരിഹരിച്ച് പ്രസ്തുത പട്ടിക എന്നത്തേക്ക് പുനഃപ്രസിദ്ധീകരിക്കും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി സർക്കാർ നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷയിൽ വിവരങ്ങൾ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ 1-1-2015 മുതൽ 18-1-2015 വരെ സ്വീകരിച്ചിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അർഹതപ്പെട്ടവർ ഒഴിവായതായിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ചു വരികയാണ്.

(സി&ഡി) വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിനകം ലഭിച്ച പരാതികളുടെയും ഡിപ്പാർട്ടുമെന്റൽ പരിശോധനയിലൂടെ ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലുള്ള നടപടികൾ തുടരുകയാണ്. ഈ പ്രക്രിയയിലൂടെ അർഹതപ്പെട്ട മുഴുവൻ പേരെയും ഉൾപ്പെടുത്താൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്.

(ഇ) റേഷൻ കാർഡ് ഉടമകളെ മുൻഗണനാ/മുൻഗണനേതര വിഭാഗമായി തിരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള അർഹർ/അനർഹർ പട്ടിക ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസുകളിൽ നൽകി റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നേരിട്ട് പരിശോധന നടത്തിവരികയാണ്. പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം റീ-റാങ്കിംഗ് നടത്തി അനർഹരെ ഒഴിവാക്കുകയും അർഹരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## റേഷൻ വിതരണത്തിന് സോഫ്റ്റ്‍വെയർ

298 (3143) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണത്തിനും രണ്ട് രൂപ അരി വിതരണത്തിനുമായി ഏത് ഏജൻസിയുടെ സോഫ്റ്റ്‍വെയർ ആണ് സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) എത്ര ലക്ഷം രൂപയാണ് പ്രസ്തുത ഇനത്തിൽ ചെലവാക്കിയിരിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് സിവിൽ സപ്ലൈസ് വകുപ്പിന് സോഫ്റ്റ്‍വെയർ ലഭ്യമാക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് സാങ്കേതിക സഹായത്തിന് തുക അനുവദിക്കുന്നില്ല.

## ഭക്ഷ്യധാന്യ വിഹിതം നഷ്ടമാകുമെന്ന എഫ്.സി.ഐ.-യുടെ മുന്നറിയിപ്പ്

299 (3144) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ട ധാന്യ വിഹിതം കൃത്യമായി ഏറ്റെടുക്കാത്തതിനാൽ സംസ്ഥാനത്തിന്റെ ഭക്ഷ്യ ധാന്യ വിഹിതം നഷ്ടമാകുമെന്ന എഫ്.സി.ഐ.-യുടെ മുന്നറിയിപ്പ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കോട്ടയം എഫ്.സി.ഐ.-യിൽ നിന്നും സമയത്ത് അരി എടുക്കാതിരുന്നതിനാൽ എത്ര ടൺ അരിയാണ് നഷ്ടമായത്; ഇത്തരത്തിൽ കൂടുതൽ കേന്ദ്ര അരിവിഹിതം നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യേണ്ട മാസത്തിന് മുമ്പുള്ള മാസത്തിന്റെ അവസാന ദിവസത്തിനകം വിട്ടെടുത്തിരിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയത്തിനുള്ളിൽ വിട്ടെടുപ്പ് പൂർത്തീകരിക്കണമെന്ന് എഫ്.സി.ഐ.-യിൽ നിന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വന്നതിനുശേഷം അട്ടിക്കൂലിയുടെ പേരു പറഞ്ഞ് എഫ്.സി.ഐ. തൊഴിലാളികൾ

പണിമുടക്കിയതും ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ മുഖാന്തരം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടിവന്നതും സമയബന്ധിതമായുള്ള വിട്ടെടുപ്പിന് വിഘാതമായി. എങ്കിലും 2017 മേയ് മാസത്തേയ്ക്കുള്ള വിട്ടെടുപ്പിന് സമയപരിധി ദീർഘിപ്പിക്കുന്നതിന് നടപടിയെടുക്കുകയും എഫ്.സി.ഐ.-യിൽ നിന്ന് ദീർഘിപ്പിച്ച ലഭിച്ച ഉത്തരവ് പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുപ്പ് പൂർത്തിയാക്കണമെന്ന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ജില്ലാ സപ്ലൈ ആഫീസർമാർ ഭക്ഷ്യധാന്യങ്ങളുടെ സമയബന്ധിതമായ വിട്ടെടുപ്പിന് പ്രഥമ പരിഗണന നൽകുകയും താലൂക്ക് സപ്ലൈ ആഫീസർമാരുമായും എഫ്.സി.ഐ അധികൃതരുമായും കൂടിയാലോചിച്ച് വാഗൺ പ്ലേസ്മെന്റ്, തൊഴിലാളി പ്രശ്നങ്ങൾ, പ്രാദേശിക പണിമുടക്കുകൾ എന്നിവയുടെ സാധ്യതകൾ കൂടി കണക്കിലെടുത്ത് നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുപ്പ് പൂർത്തിയാക്കാനാവശ്യമായ രൂപരേഖ തയ്യാറാക്കുകയും നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുപ്പ് പൂർത്തിയാക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും തടസ്സങ്ങളുണ്ടായാൽ ജില്ലാ കളക്ടർ തലത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ ദിവസവും ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ജില്ലകളിൽ നിന്ന് ലഭ്യമാക്കി അതിനനുസൃതമായ നിർദ്ദേശങ്ങളും ജില്ലകൾക്ക് നൽകുന്നുണ്ട്. കൂടാതെ എഫ്.സി.ഐ.-യിലെ സ്റ്റോക്കിന്റെ ലഭ്യതക്കുറവ്, തൊഴിലാളികളിൽ നിന്നുള്ള തടസ്സങ്ങൾ എന്നിവ പരിഹരിക്കുന്നതിന് എഫ്.സി.ഐ. അധികൃതരുമായി നിരന്തരം ബന്ധപ്പെടുകയും രേഖാമൂലം നടപടിയാവശ്യപ്പെടുകയും ചെയ്യുന്നുണ്ട്.

(ബി) കോട്ടയത്ത് ചിങ്ങവനം എഫ്.സി.ഐ. ഡിപ്പോയിൽ തുടർച്ചയായുണ്ടായ വാഗൺ പ്ലേസ്മെന്റ് മുഖാന്തരം 1298.829095 (130 ലോഡ്) മെ.ടൺ ഭക്ഷ്യധാന്യങ്ങൾ നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുക്കാൻ കഴിഞ്ഞില്ല. വിട്ടെടുക്കാൻ കഴിയാതെ വന്ന സാഹചര്യം വിശദീകരിച്ച് വിട്ടെടുപ്പിന് സമയപരിധി ദീർഘിപ്പിക്കണമെന്ന കാണിച്ച് കേന്ദ്ര സർക്കാരിന് നൽകിയ അപേക്ഷ നിരസിക്കുകയുണ്ടായി. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പാർലമെന്റ് അംഗം ചെയർപേഴ്സണം, എഫ്.സി.ഐ. ജനറൽ മാനേജർ സെക്രട്ടറിയും, കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങളുമുൾപ്പെടുന്ന സ്റ്റേറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് മുമ്പാകെ ടി വിഷയം അവതരിപ്പിക്കുകയും രേഖാമൂലം അപേക്ഷ സമർപ്പിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ജനുവരി 2017 ക്വാട്ടയിൽ അവശേഷിക്കുന്ന ടി ഭക്ഷ്യധാന്യങ്ങൾക്ക് വിട്ടെടുപ്പ് തീയതി ദീർഘിപ്പിച്ചു ലഭിക്കുന്നതിന് സ്റ്റേറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**റേഷൻ വിതരണ രംഗത്തെ മാറ്റങ്ങൾ**

300 (3145) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ മറിച്ചുവില്പനയും കരിഞ്ചന്തയും തടയുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന വെഹിക്കിൾ ട്രാക്കിങ് സിസ്റ്റത്തിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ;

(ബി) ഇ-റേഷനിംഗ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) റേഷൻ വ്യാപാരികൾക്ക് സാധനങ്ങൾ എത്തിക്കുന്ന വിവരം മുൻകൂട്ടി എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെയും വ്യാപാരികളെയും അറിയിക്കുന്ന സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) റേഷൻ മൊത്ത വിതരണം സർക്കാർ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് റേഷൻ കടകളിലെത്തിക്കുന്നതുവരെയുള്ള വാഹനങ്ങളുടെ നീക്കം അവയിൽ ഘടിപ്പിച്ചിരിക്കുന്ന ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്. വാതിൽപ്പടി വിതരണത്തിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിക്കായി EoI (Expression of Interest) ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ RFP (Request for Proposal) ഡോക്യുമെന്റ് തയ്യാറാക്കി വരികയുമാണ്.

(ബി) റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതോടുകൂടി കാർഡുടമകളെ ഇലക്ട്രോണിക് മാർഗ്ഗേന തിരിച്ചറിഞ്ഞ് അർഹരായവർക്ക് മാത്രം റേഷൻ വിഹിതം ലഭ്യമാക്കുന്നതിനും വിതരണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം എസ്.എം.എസ്. സന്ദേശം മുഖാന്തിരം കാർഡുടമകളെ അറിയിക്കുന്നതിനും സാധിക്കും.

(സി) സ്റ്റോക്ക് വരുന്ന മുറയ്ക്ക് എസ്.എം.എസ്. സന്ദേശം അയയ്ക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ 24(2) (എ) പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി, റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച്, റേഷൻ കടകളിൽ നേരിട്ടെത്തിക്കുന്ന വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് മാർച്ച് മാസം കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

## ഭക്ഷ്യഭദ്രതാ നിയമം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം

301 (3146) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശാധിക്കാനുള്ള നിലവിലെ സംവിധാനങ്ങൾ വിശദമാക്കുമോ; ഇതുവഴി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇത്തരം സംവിധാനത്തിൽ ഓരോ ജില്ലയുടെയും ചുമതല ആർക്കാണ്;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കേന്ദ്ര നിർദ്ദേശങ്ങളാണുള്ളത്; സംസ്ഥാന സർക്കാർ മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നതിനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്:

1. ആഭ്യന്തര പരാതി പരിഹാര സംവിധാനം:

   ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സെക്ഷൻ (14) പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കോൾ സെന്റർ മുഖേന 1967, 1800-1125-1550 എന്നീ ടോൾഫ്രീ ഹെൽപ്പ് ലൈൻ നമ്പറുകൾ ഉപയോഗിച്ച് പരാതി പരിഹാര സംവിധാനം പ്രവർത്തിച്ചു വരുന്നു.

2. ജില്ല പരാതി പരിഹാര ഓഫീസുകൾ :

   ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സെക്ഷൻ 15(1) പ്രകാരം ജില്ലയിലെ ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നത് സംബന്ധിച്ച് 13-10-2016-ലെ സ.ഉ.(കൈ) നമ്പർ 16/2016/ഭ.സി.സ.വ. പ്രകാരം ജില്ലാതല പരാതി പരിഹാര ഓഫീസറുടെ ചുമതല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന് നൽകിയിട്ടുണ്ട്.

3. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ:

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സെക്ഷൻ 16(1) പ്രകാരം 13-10-2016-ലെ സ.ഉ. (കൈ) നമ്പർ 16/2016/ഭ.സി.സ.വ. പ്രകാരം സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ചുമതല നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. ഓൺലൈൻ പരാതി പരിഹാര സംവിധാനം:

ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരം ആദ്യന്ത കമ്പ്യൂട്ടർവത്കരണം പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ പരാതി പരിഹാര സംവിധാനം പൂർത്തിയാകുമെന്ന് കരുതുന്നു.

(ബി) 2013-ലെ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് പുറമെ സംസ്ഥാനതല ചട്ടങ്ങൾ തയ്യാറാക്കി നിയമ വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്.

(സി) 13-10-2016-ലെ സ.ഉ.(കൈ) നമ്പർ 16/2016/ഭ.സി.സ.വ പ്രകാരം ജില്ലാതല പരാതി പരിഹാര ഓഫീസറുടെ ചുമതല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനും സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ സംസ്ഥാനതല നടപ്പാക്കൽ വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമുള്ള ചുമതല നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഉദ്യോഗസ്ഥ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

**ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണനാ പട്ടിക**

302 (3147) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണനാ പട്ടികയിൽ നിന്നും അർഹരായ എത്ര പേർ ഒഴിവാക്കപ്പെട്ടുവെന്നും അവർക്ക് മുൻഗണനാ പട്ടിക പ്രകാരമുള്ള റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗങ്ങളുടെ അന്തിമ പട്ടിക എന്ന് പ്രസിദ്ധീകരിക്കാനാകും എന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 52.63 ശതമാനവും നഗര പ്രദേശങ്ങളിലെ 39.5 ശതമാനവും ഉൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ആഫീസ്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും, വെബ്സൈറ്റിലും കരട് മുൻഗണനാ പട്ടിക സംബന്ധിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും, ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും, ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരാതിക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകി അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ നേരിട്ടും അർഹർ/ അനർഹരുടെ പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്.

**റേഷൻ വ്യാപാര രംഗത്തെ അഴിമതി കുറയ്ക്കാൻ നടപടി**

303 (3148) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാര രംഗത്തെ അഴിമതി കുറയ്ക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ കൂട്ടി നൽകാത്തതും സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ അഴിമതിയും മൂലമാണ് ഈ രംഗത്തെ അഴിമതി വർദ്ധിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റേഷൻ വ്യാപാര രംഗത്തെ അഴിമതി കുറയ്ക്കുന്നതിന്റെ ഭാഗമായി റേഷൻ മറിച്ച് വിൽപ്പന, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ നിലവിലുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും, ലീഗൽ മെട്രോളജി, പോലീസ്, റവന്യൂ എന്നീ വകുപ്പുകളെ കൂടി ഏകോപിപ്പിച്ചുകൊണ്ടും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നു. വീഴ്ചവരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടുകൂടി റേഷൻ വിതരണം പൂർണ്ണമായും സുതാര്യമാകുന്നതാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിതെളിച്ചുകൊണ്ട് ഭക്ഷ്യഭദ്രതാ നിയമം 1-11-2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയത് പൂർണ്ണമായി നടപ്പിലാക്കുന്നതോടു കൂടി പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകും.

**മാവേലി ഹോട്ടലുകൾ**

304 (3149) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി ഹോട്ടലുകൾ തുടങ്ങാൻ പ്രേരിപ്പിച്ച ഘടകങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിലേക്ക് വേണ്ടിവരുന്ന തൊഴിലാളികളെ ഏതു തരത്തിൽ കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കാര്യാലയങ്ങൾ എന്നിവിടങ്ങളിലെ ക്യാന്റീനുകൾ ഏറ്റെടുത്ത് നടത്തുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറാകുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) സാധാരണക്കാരായ ജനങ്ങൾക്ക്, പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യമാണ് മാവേലി ഹോട്ടലുകൾ തുടങ്ങാൻ പ്രേരിപ്പിച്ച ഘടകം. ടി സംവിധാനം ഇപ്പോൾ നിലവിലില്ല.

(ബി) സ്വകാര്യ ഹോട്ടലുകളെ തെരഞ്ഞെടുത്ത് അവർക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ എത്തിച്ചാണ് ടി ഹോട്ടലുകൾ പ്രവർത്തിപ്പിച്ചിരിക്കുന്നത്. തൊഴിലാളി നിയമനത്തിൽ സർക്കാർ ഇടപെട്ടിരുന്നില്ല.

(സി) ഇക്കാര്യം പരിഗണനയിലില്ല.

## തുടർ ചികിത്സയിലായ അംഗങ്ങളുള്ള കുടുംബങ്ങളെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി

305 (3150) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.പി.എൽ. വിഭാഗത്തിൽപ്പെട്ടതും എന്നാൽ ഗുരുതരമായ രോഗങ്ങളാൽ തുടർ ചികിത്സയിലുമായ അംഗങ്ങളുള്ള കുടുംബങ്ങളെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

എ.എ.വൈ. കാർഡുകൾക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യവും മുൻഗണനാ വിഭാഗങ്ങൾക്ക് ആളൊന്നിന് 5 കി.ഗ്രാം ഭക്ഷ്യധാന്യവും, മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി വിഭാഗങ്ങൾക്ക് ആളൊന്നിന് 2 രൂപ നിരക്കിൽ 2 കി.ഗ്രാം അരിയും ശേഷിക്കുന്ന അളവിനെ തുല്യമായി വീതിച്ച് മുൻഗണനേതര വിഭാഗകാർക്ക് നൽകി വരുന്നു. കാൻസർ, ഡയാലിസിസ് ചെയ്യേണ്ട വൃക്ക രോഗികൾ തുടങ്ങിയ മാരക രോഗങ്ങളുള്ള വ്യക്തികൾ ഉൾപ്പെടുന്ന കാർഡുകളിൽ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരികയാണെങ്കിൽ മാത്രമാണ് മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള കാർഡുകളിൽ ചികിത്സാർത്ഥമുള്ള സ്റ്റേറ്റ് പ്രയോറിറ്റി എന്ന സീൽ ചെയ്ത് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് നടപടി

306 (3151) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിസ്റ്റോറുകളിൽ കൂടുതൽ അവശ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ഥല ദൗർലഭ്യമുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനും ആവശ്യാനുസരണം സാധനങ്ങൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ വില്പനശാലകളിൽ എത്തിക്കുന്നു. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും, ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വില്പന ശാലകളിൽ പരിശോധന നടത്തുന്നു.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു.

**റേഷൻ ഉറപ്പാക്കുവാൻ പദ്ധതി**

307 (3152) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം കേന്ദ്രത്തിൽനിന്ന് നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിലപാട് മറികടക്കുന്നതിനായി കേരളം സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) നിലവിൽ റേഷൻ കിട്ടിയിരുന്നവർക്ക് തുടർന്നും റേഷൻ ഉറപ്പാക്കുവാനുള്ള കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അധിക വിഹിതം (അഡ്ഹോക്ക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഒരു ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന നിലയിൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം അഭ്യർത്ഥിച്ചിരുന്നു. അനുവദിക്കുന്ന നോർമൽ വിഹിതവും അധികവിഹിതവും(അഡ്ഹോക്) ഉൾപ്പടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനമെന്ന നിലയിൽ, മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ് ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ പൊതുവിതരണ രംഗത്ത് കേരളത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും വർദ്ധിച്ചുവരുന്ന ജനസംഖ്യ, അന്യസംസ്ഥാന തൊഴിലാളികളുടെ ആധിക്യം, ഓണം, റംസാൻ, ക്രിസ്തുമസ് എന്നീ ഉത്സവ കാലയളവുകളിലെ കൂടിയ ഭക്ഷ്യധാന്യ ആവശ്യകത എന്നിവകൾ പരിഗണിച്ച്, ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർനിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിലേയ്ക്ക് ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിരുന്നു.

(ബി&സി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം കേരളത്തിനനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് വർദ്ധിപ്പിക്കണമെന്ന കേരളത്തിന്റെ നിരന്തരമുള്ള അപേക്ഷകൾക്ക് മറുപടിയായി 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിലെ സംസ്ഥാനത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗത്തിന്റെ വാർഷിക ശരാശരിക്ക് അനുസൃതമായാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും, ഇതിൽ ബി.പി.എൽ. അധിക വിഹിതത്തിന്റെ ഉപഭോഗം പരിഗണിച്ചിട്ടില്ലെന്നും 2000-ലെ ജനസംഖ്യ ആസ്പദമാക്കിയാണ് പ്രാരംഭദശയിൽ ബി.പി.എൽ. വിഭാഗത്തിനുള്ള വിഹിതം നിശ്ചയിച്ചിരുന്നതെന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട കുടുംബങ്ങൾക്കുകൂടി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതിനാണ്

ബി.പി.എൽ. അധിക വിഹിതം നൽകിയിരുന്നതെന്നും ആയതിനാലാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയപ്പോൾ ബി.പി.എൽ. അധിക വിഹിതം പരിഗണിക്കാതിരുന്നതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നും ഇതിൽ മാറ്റം വരുത്താനാകില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തിന് അധിക ഭക്ഷ്യധാന്യ വിഹിതം ആവശ്യമുണ്ടെങ്കിൽ ആയത് ഒ.എം.എസ്.എസ്. നിരക്കിൽ നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗങ്ങൾക്ക് അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങൾ നിലവിൽ സൗജന്യമായി നൽകിവരുന്നു. കൂടാതെ ലഭ്യമായ ടൈഡ് ഓവർ വിഹിതം, മുൻഗണനേതര (നോൺ പ്രയോരിറ്റി) വിഭാഗങ്ങൾക്ക് നൽകിവരുന്നുണ്ട്.

**കേന്ദ്ര വിഹിത ഭക്ഷ്യധാന്യം**

308 (3153) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭക്ഷ്യ ധാന്യം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ടോ;

(ബി) പ്രതിമാസം വിതരണത്തിന് ആവശ്യമുള്ള അരിയുടെയും കേന്ദ്ര വിഹിതമായി ലഭിക്കുന്ന അരിയുടെയും അളവ് വ്യക്തമാക്കുമോ;

(സി) യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്രം അനുവദിച്ച അരിയുടെ അളവ് എത്രയായിരുന്നുവെന്നും ആയത് കൃത്യമായി ലഭിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴത്തെ കേന്ദ്ര സർക്കാർ ഇതിൽ എന്തെങ്കിലും പ്രത്യേക കുറവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അധിക വിഹിതം (അഡ്ഹോക്ക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ രണ്ടു ലക്ഷം മെട്രിക് ടൺ കുറവാണ്. 14.25 ലക്ഷം മെട്രിക് ടൺ ആണ് ഇപ്പോൾ ലഭിക്കുന്നത്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് അധിക വിഹിതമുൾപ്പെടെ ലഭ്യമായിക്കൊണ്ടിരുന്ന അരിയുടെ പ്രതിമാസ അളവ് ചുവടെ ചേർക്കുന്നു:

| | (അളവ് മെട്രിക് ടണ്ണിൽ) |
|---|---|
| നോർമൽ വിഹിതം | 83477 |
| അഡ്ഹോക് (അധിക വിഹിതം) | 22540 |
| ആകെ | 106017 |

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം നിലവിൽ ലഭ്യമാകുന്ന അരിയുടെ പ്രതിമാസ അളവ് ചുവടെ ചേർക്കുന്നു.

| | (അളവ് മെട്രിക് ടണ്ണിൽ) |
|---|---|
| മുൻഗണനാ വിഭാഗം | 68880.668 |
| ടൈഡ് ഓവർ വിഹിതം | 26835.124 |
| ആകെ | 95715.792 |

(സി) യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്രം അനുവദിച്ചിരുന്ന അരിയുടെ പ്രതിമാസ അളവ് ചുവടെ ചേർക്കുന്നു. എന്നാൽ ആ കാലഘട്ടത്തിൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കിയിരുന്നില്ല.

| | (അളവ് മെട്രിക് ടണ്ണിൽ) |
|---|---|
| നോർമൽ | 83477 |
| അഡ്ഹോക് (അധിക വിഹിതം) | 22540 |
| ആകെ | 106017 |

(ഡി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-9-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇന്ത്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളാണ് ടി നിയമം നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിന് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. 2016 നവംബറിലാണ് ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയത്. ടി നിയമപ്രകാരം സംസ്ഥാനത്തിന് കണക്കാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം, അധിക വിഹിതം (അഡ്ഹോക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവാണ്.

**ചേലക്കര പഴയന്നൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ**

309 (3154) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ പഞ്ചായത്തിൽ എളനാട് ആസ്ഥാനമായി മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പഴയന്നൂർ ഗ്രാമപഞ്ചായത്ത് വാടക രഹിതമായി കെട്ടിടവും മതിയായ ഡെപ്പോസിറ്റ് തുകയും നൽകാം എന്ന് തീരുമാനമെടുത്ത് അറിയിച്ചിട്ടും കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മാവേലിസ്റ്റോർ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ പഞ്ചായത്തിൽ എളനാട് ആസ്ഥാനമായി ഒരു സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സൂപ്പർ മാർക്കറ്റിന്റെ ഫർണിഷിംഗ് ജോലികൾ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**രണ്ടു രൂപ നിരക്കിൽ അരി**

310 (3155) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു രൂപ നിരക്കിൽ അരി നൽകാനുള്ളവരുടെ പട്ടികയിൽനിന്ന് ദരിദ്രർ പുറത്താവുകയും പത്തേക്കർവരെ ഭൂമിയും മറ്റ് സാമ്പത്തിക സൗകര്യങ്ങളും ഉള്ളവർ പട്ടികയിൽ ഇടം നേടിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സൗജന്യ ധാന്യം നല്കുന്നുണ്ടെന്നും ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറിൽ കൂടുതൽ ഭൂമി ഉള്ളവരെ ഉൾപ്പെടുത്താൻ തീരുമാനിച്ച സാഹചര്യത്തിൽ പരമാവധി എത്ര ഏക്കർ ഭൂമി ഉള്ളവർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) രണ്ടു രൂപ നിരക്കിൽ അരിനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ നല്കുമോ;

(ഡി) അർഹതാപട്ടിക തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവസാനമായി തയ്യാറാക്കിയ പട്ടികയുടെ വിവരങ്ങളും നല്കുമോ;

(ഇ) പുതിയ റേഷൻ കാർഡുകളുടെ അച്ചടി കരാർ ഏത് ഏജൻസിക്കാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അർഹതപ്പെട്ടവർ ഒഴിവായതായിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ചു വരികയാണ്. മുൻഗണനാ പട്ടികയിൽ 1,54,80,040 പേർക്ക് സൗജന്യമായി ധാന്യം നൽകുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറിൽ അധികം ഭൂമിയുണ്ട് എന്ന കാരണത്താൽ മാത്രം ഒഴിവാക്കപ്പെട്ടവരെ കൂടി സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഭൂമിയുടെ പരമാവധി പരിധി നിശ്ചയിച്ചിട്ടില്ല.

(സി) 12-4-2017-ലെ സ.ഉ(സാധാ) നമ്പർ 116/2017/ഭ.സി.സ.വ. 21-12-2016-ലെ സ.ഉ.(സാധാ) നമ്പർ 352/2016/ഭ.സി.സ.വ. എന്നീ ഉത്തരവുകൾ പ്രകാരം രണ്ട് രൂപ നിരക്കിൽ അരി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ യഥാക്രമം അനുബന്ധം 1, അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(ഡി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരമുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള സാങ്കേതിക ചുമതല നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനാണ് നൽകിയിട്ടുള്ളത്. പട്ടികയുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(ഇ) ഉൾപേജുകളുടെ അച്ചടി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസിനും പുറം ചട്ടയുടെ അച്ചടി സി.ഡിറ്റിനുമാണ് നൽകിയിട്ടുള്ളത്.

**കോതമംഗലം മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ**

311 (3156) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) കോതമംഗലം മണ്ഡലത്തിൽ പൈമറ്റം, നെല്ലിമറ്റം എന്നീ സ്ഥലങ്ങളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പ്രപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സ്വീകരിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 31 ഗ്രാമ പഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

(ബി) ഉണ്ട്.

(സി) കോതമംഗലം മണ്ഡലത്തിലെ പൈമറ്റത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം , പ്രതിമാസ വിറ്റുവരവ് 3,50,000 രൂപയിൽ കൂടുതൽ ലഭിക്കുവാൻ സാധ്യതയില്ലാത്തതിനാലും തൊട്ടടുത്തുള്ള അടിവാട് സൂപ്പർ മാർക്കറ്റിന്റെ വിറ്റുവരവിന് കുറവുണ്ടാകാൻ സാധ്യതയുള്ളതിനാലും പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ നിറുത്തിവച്ചിരിക്കുന്നു.

കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട് പഞ്ചായത്തിലെ നെല്ലിമറ്റത്ത് നിലവിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. നിലവിലെ മാനദണ്ഡമനുസരിച്ച് രണ്ടാമതൊരു മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ആജീവനാന്ത വാടകരഹിത കെട്ടിടവും, 1 ലക്ഷം രൂപയും പ്രസ്തുത പഞ്ചായത്ത് ലഭ്യമാക്കിയാൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ദേവികുളം നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ**

312 (3157) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലിസ്റ്റോർ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതെല്ലാമായെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോർ ഇല്ലാതിരുന്ന മറയൂർ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) 5 വർഷ വാടക രഹിത കെട്ടിടവും ഒരു ലക്ഷം രൂപയും പുതിയ മാവേലി സ്റ്റോർ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതാണ്.

(സി) ദേവികുളം നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോർ നിലവിലില്ലാത്ത മറ്റ് പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ബംഗാളിൽനിന്നുള്ള അരി ഇറക്കുമതി**

313 (3158) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. റോജി എം. ജോൺ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവില നിയന്ത്രിക്കുവാൻ ബംഗാളിൽനിന്നും സർക്കാർ നേരിട്ട് അരി ഇറക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) നേരിട്ടല്ല അരി ഇറക്കുമതി ചെയ്യുതെങ്കിൽ, ഏത് ഏജൻസി വഴിയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ ഹഫ്സാർ ട്രേഡിംഗ് എന്ന കമ്പനിയിൽനിന്ന് 'സുവർണ്ണ'അരി വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര ക്വിന്റൽ അരി പ്രസ്തുത സ്ഥാപനത്തിൽനിന്നും വാങ്ങി എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) അരി വില നിയന്ത്രിക്കുവാൻ ബംഗാളിൽനിന്നും നേരിട്ടോ മറ്റു മാർഗ്ഗങ്ങളിലൂടെയോ സപ്ലൈകോ അരി ഇറക്കുമതി ചെയ്തിട്ടില്ല.

(സി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഹഫ്സർ ട്രേഡിംഗ് കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയോ അവരിൽനിന്നും സുവർണ്ണ അരി വാങ്ങുകയോ ചെയ്തിട്ടില്ല.

**ആലത്തൂർ താലൂക്കിലെ റേഷൻ കാർഡുകൾ**

314 (3159) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ എത്ര റേഷൻ കടകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ റേഷൻ കടയിലേക്കും അനുവദിച്ചിട്ടുള്ള പുതിയ റേഷൻ കാർഡുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ആലത്തൂർ താലൂക്കിൽ പുതിയ റേഷൻ കാർഡുകളുടെ വിതരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ താലൂക്കിൽ 167 റേഷൻ കടകളാണ് നിലവിലുള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മേയ് മാസത്തോടുകൂടി പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

**പൊതുവിതരണ വകുപ്പിൽ കൂടുതൽ തസ്തികകൾ**

315 (3160) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിൽ കൂടുതൽ തസ്തികകൾ അനുവദിക്കാതെ, വാതിൽപ്പടി വിതരണം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നടത്തുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ജീവനക്കാരുടെ ക്ഷാമംമൂലം താലൂക്ക് സപ്ലൈ ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ കൂടുതൽ തസ്തികകൾ പൊതുവിതരണ വകുപ്പിൽ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വാതിൽപ്പടി വിതരണം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള താൽക്കാലിക ക്രമീകരണം എന്ന നിലയ്ക്കാണ് കൊല്ലം ജില്ലയിൽ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചത്. ഇതുമൂലം ഫീൽഡ് പരിശോധനകൾ മുതലായവയ്ക്ക് താമസം നേരിടുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

(സി) ആലോചിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

316 (3161) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. കെ. രാജൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വകുപ്പിന്റെ കീഴിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും സ്ഥിരം, താൽക്കാലിക ജീവനക്കാർ എന്നിവരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ വകുപ്പിന്റെ കീഴിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിൽ ആകെ 29 ജീവനക്കാർ വിവിധ തസ്തികകളിലായി ജോലി ചെയ്യുന്നു. ഇവരിൽ ഒരാൾ (ചീഫ് അനലിസ്റ്റ്) സ്ഥിരം ജീവനക്കാരിയും 20 പേർ കരാർ ജീവനക്കാരും 7 പേർ ദിവസവേതനാടിസ്ഥാനത്തിലുള്ളവരും ഒരാൾ സപ്ലൈകോയിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ആളുമാണ്.

(ബി) ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ

317 (3162) ശ്രീ. എം. സ്വരാജ് :

ശ്രീ. കെ. ദാസൻ :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വിഷു-ഈസ്റ്റർ ഉത്സവ സീസണിൽ ഇതിനായി സപ്ലൈകോ പ്രത്യേക വില്പനശാലകൾ ആരംഭിച്ചിരുന്നോ; വിശദാംശം നൽകുമോ;

(സി) സപ്ലൈകോയുടെ മെഡിക്കൽ സ്റ്റോറുകൾ വഴി ജീവൻ രക്ഷാ മരുന്നുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സപ്ലൈകോ നടപ്പിലാക്കിവരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കിവരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്ക് പുറമേ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്.

(ബി) പൊതുവിപണിയിലെ വില വർദ്ധനവ് തടയുന്നതിനായി വിഷു-ഈസ്റ്റർ സീസണിൽ സപ്ലൈകോയുടെ എല്ലാ സൂപ്പർ മാർക്കറ്റുകളും ഹൈപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും പ്രത്യേക ഫെയറുകളായി പ്രവർത്തിച്ചിട്ടുണ്ട്. ഈ സീസണിൽ ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളും മറ്റും ഈ ഫെയറുകളിൽക്കൂടി ലഭ്യമാക്കി. വിഷു, ഈസ്റ്റർ സീസൺ കണക്കിലെടുത്ത് 9-4-2017 ഞായറാഴ്ചയും അവധി ദിവസമായ 13-4-2017-ലും (പെസഹ വ്യാഴാഴ്ച) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും തുറന്നു പ്രവർത്തിച്ചു.

(സി) സപ്ലൈകോയുടെ 106 മെഡിക്കൽ സ്റ്റോറുകൾവഴി ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ എം.ആർ.പി.-യെക്കാൾ 50% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാസംതോറും 1,000 രൂപ വരെ വിലയുള്ള മരുന്നുകൾ 25% ഡിസ്കൗണ്ട് നൽകി വരുന്നു.

(ഡി) മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സപ്ലൈകോ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു. കൂടുതൽ വില്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ആദിവാസി/തീരദേശ മേഖലകളിലായി നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചുവരുന്നു. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി. സാധനങ്ങളും എം.ആർ.പി.-യെക്കാളും ശരാശരി 5 മുതൽ 30 ശതമാനംവരെ വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനംവരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ "ശബരി" എന്നപേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവ കാലങ്ങളിലെ വിലവർദ്ധന നിയന്ത്രിക്കുന്നതിന് പ്രത്യേക ഉത്സവകാല ചന്തകളും സപ്ലൈകോ നടത്തിവരുന്നു.

**വാതിൽപ്പടി അരി വിതരണം പദ്ധതി**

318 (3163) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാതിൽപ്പടി അരി വിതരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതിയിലുൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സംവിധാനം കൊല്ലം ജില്ലയിൽ 2017 മാർച്ചിൽ പൈലറ്റ് പ്രോജക്ടായി ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ ജൂൺ മാസം മുതൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യ ഭദ്രതാ പദ്ധതി-2013 അനുസരിച്ച് റേഷൻ ഭക്ഷ്യ ധാന്യങ്ങൾ (അരി, ഗോതമ്പ്) എഫ്.സി.ഐ./സി.എം.ആർ. മില്ലുകളിൽനിന്നും വിട്ടെടുത്ത് സംസ്ഥാനത്തുടനീളമുള്ള ഇൻറർമീഡിയറി ഗോഡൗണുകളിൽ ശേഖരിച്ച് എല്ലാ റേഷൻ കടകളിലും നേരിട്ട് എത്തിക്കുന്നതാണ്. ഭക്ഷ്യഭദ്രതാ പദ്ധതി - 2013 പ്രകാരം വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുള്ള ജില്ലകളിൽ ഭക്ഷ്യ ധാന്യങ്ങൾ ഗോഡൗണിൽ ശേഖരിക്കുകയും സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും ലഭിക്കുന്ന വിഹിതം (അലോട്ട്മെന്റ്) അനുസരിച്ച് റേഷൻ ചില്ലറ വ്യാപാരികൾക്ക് എത്തിച്ചു കൊടുക്കുകയും ചെയ്തുവരുന്നു.

**വാതിൽപ്പടി റേഷൻവിതരണം**

319 (3164) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രത നിയമപ്രകാരം കൊല്ലം ജില്ലയിൽ ആരംഭിച്ച വാതിൽപ്പടി റേഷൻവിതരണം വിജയകരമാണോ;

(ബി) റേഷൻ ട്രാൻസ്പോർട്ടേഷൻ ടെൻഡറുകളിൽ ബിനാമി പേരിൽ ക്രിമിനലുകളും കരിഞ്ചന്തക്കാരും കടന്നുകൂടി എന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്തിയോ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ;

(സി) വാതിൽപ്പടി വിതരണത്തിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റ് ജില്ലകളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നത് എന്നത്തേക്ക് നടപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജയകരമാണ്.

(ബി) ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിനുള്ള ദർഘാസിലെ നിബന്ധനകൾക്ക് വിരുദ്ധമായി കണ്ട ടെൻഡറുകൾ അംഗീകരിച്ചിട്ടില്ല. കൂടാതെ ദർഘാസുകാരുമായി കരാർ വയ്ക്കുമ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഇ.സി. ആക്ട് പ്രകാരമോ മറ്റേതെങ്കിലും നിയമ പ്രകാരമോ ശിക്ഷിച്ചിട്ടില്ലെന്ന സത്യപ്രസ്താവനയും വാങ്ങുന്നുണ്ട്. ഇതനുസരിച്ച് മാത്രമാണ് കടത്തുകരാർ ഉറപ്പിക്കുന്നത്.

(സി) ഇക്കാര്യത്തിൽ പ്രി-ബിഡ് മീറ്റിംഗ് വിളിച്ചതിനെത്തുടർന്ന് ടെൻഡർ നടപടികളിൽ പങ്കെടുത്തവർ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (ഇ.ഒ.ഐ.) സമർപ്പിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ഡി) തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ ജൂൺ മാസം മുതൽ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഹോട്ടലുകളിൽ ഏകീകൃത ഭക്ഷണനിരക്ക്**

320 (3165) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹോട്ടലുകളിൽ വില്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വില ഏകീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10-8-2016-ൽ ഒരു യോഗം ചേർന്നിരുന്നു. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധുത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു.

**ഹോട്ടലുകളിലെ ഭക്ഷണ വില**

321 (3166) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) 1977-ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, കേരള എസെൻഷ്യൽ കമ്മോഡിറ്റീസ്

(മെയ്ന്റനൻസ് ഓഫ് അക്കൗണ്ട് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസ് ആന്റ് സ്റ്റോക്ക്) ഓർഡർ എന്നിവ പ്രകാരം സ്റ്റാർ വിഭാഗത്തിൽപ്പെട്ട ഹോട്ടലുകളെ ഒഴിവാക്കിയിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) നിയമത്തിലെ പോരായ്മയാണെങ്കിൽ പ്രസ്തുത നിയമങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതികൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല് പാസ്സാക്കുന്നതിന് നയപരമായി തീരുമാനം കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിലാണ് വില ഈടാക്കുന്നത്. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമില്ല. എന്നാൽ ഭക്ഷണ സാധനങ്ങൾക്ക് യാതൊരു മാനദണ്ഡവുമില്ലാതെ വില ഈടാക്കുന്നത് തടയുന്നതിനായി വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിനായി പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സ്റ്റാർ ഹോട്ടലുകളിൽ ഉപഭോക്താക്കൾക്ക് മെനു നൽകുന്ന സമ്പ്രദായം നിലനിൽക്കുന്നു. അതിൽ ഭക്ഷണ പദാർത്ഥത്തിന്റെ പേരും വിലയും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാലാണ് സ്റ്റാർ ഹോട്ടലുകളെ ടി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നത്.

(സി&ഡി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10-8-2016 ഒരു യോഗം ചേർന്നിരുന്നു. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധുത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചു വരുന്നു.

## സപ്ലൈകോയിൽ കരാറുകാരുടെ ഇടപെടൽ

322 (3167) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി കരാറുകാരെ ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരം കരാറുകാരുടെ ഇടപെടൽമൂലം സപ്ലൈകോയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എത്ര ശതമാനമാണ് നഷ്ടമെന്ന് വിശദമാക്കുമോ;

(ഇ) ഇപ്രകാരം കരാറുകാരെ ഉൾപ്പെടുത്താനുള്ള സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. സപ്ലൈകോ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി കരാറുകാരെ ഏർപ്പെടുത്തിയിട്ടില്ല. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എല്ലാ സാധനങ്ങളും ഇ-ടെണ്ടർ മുഖേനയും പഞ്ചസാര ഇ-ഓക്ഷൻ മുഖേനയും ആണ് വാങ്ങാറുള്ളത്.

(ബി-ഇ) ബാധകമല്ല.

## റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ. അരിയുടെ ഗുണമേന്മ

323 (3168) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന എഫ്.സി.ഐ. അരിയ്ക്ക് പകരം സി.എം.ആർ. അരി 75% വിതരണം ചെയ്യണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) ഇത്തരത്തിൽ സി.എം.ആർ. അരി വിതരണം ചെയ്യുമ്പോൾ കർഷകരിൽ നിന്ന് ശേഖരിക്കുന്ന നല്ലയിനം അരി തന്നെയാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ എന്ന് വിശദമാക്കുമോ;

(സി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഇത്തരം അരിയുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. സപ്ലൈകോ ഓരോ മാസവും നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന സി.എം.ആർ. അരിയുടെ അളവനുസരിച്ചാണ് ജില്ലകൾക്ക് അനുവദിക്കുന്നത്.

(ബി) കർഷകരിൽനിന്നും സംഭരിച്ച നെല്ല് സ്വീകരിക്കുന്നതിന്റെയും സംസ്കരണത്തിന്റെയും നാൾവഴി കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനത്തിൽ രേഖപ്പെടുത്തുന്നു. കൂടാതെ അരിയുടെ ഗുണനിലവാര പരിശോധനയും നടത്തിയതിനു ശേഷമാണ് കസ്റ്റം മിൽഡ് റൈസ് (CMR) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് സപ്ലൈകോ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറുന്നത്. സപ്ലൈകോയ്ക്ക് വേണ്ടി നെല്ല് ഏറ്റെടുക്കുന്ന മില്ലുകാർ 100 കി.ഗ്രാം നെല്ലിൽനിന്ന് 68 കി.ഗ്രാം അരി തിരികെ നൽകണമെന്നുള്ളതാണ് നിബന്ധന.

(സി) റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തിയാണ് സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നത്. കൂടാതെ എല്ലാ റേഷൻ കടകളിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യ ധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്.

**നെയ്യാറ്റിൻകരയിൽ മാവേലി സ്റ്റോർ**

324 (3169) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ പ്ലാമൂട്ടുകടയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാമൂട്ടുകടയിൽ 2017 ആഗസ്റ്റിൽ മാവേലി സ്റ്റോർ പ്രവർത്തിപ്പിക്കാൻ സാധിക്കുമോയെന്ന് പറയാമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ പ്ലാമൂട്ടുകടയിൽ നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

## കുടുംബ റേഷൻ കാർഡിൽനിന്നും ഒഴിവാക്കപ്പെട്ടവർക്ക് പുതിയ റേഷൻ കാർഡ്

325 (3170) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരതാമസം മാറിയതിനെത്തുടർന്ന്, കുടുംബ റേഷൻ കാർഡിൽ നിന്നും പേര് ഒഴിവാക്കപ്പെട്ട വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പാലിയ്ക്കണമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ, പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് തുടങ്ങിയോ; വ്യക്തമാക്കുമോ;

(സി) പുതിയ റേഷൻ കാർഡിന് അപേക്ഷിച്ചാൽ എത്രദിവസത്തിനുള്ളിൽ ലഭ്യമാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഉൾപ്പെട്ട റേഷൻ കാർഡിൽ നിന്നും പേര് നീക്കം ചെയ്ത് താലൂക്ക് സപ്ലൈ ഓഫീസറുടെ റിഡക്ഷൻ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരിടത്തും പേര് ഉൾപ്പെട്ടിട്ടില്ല എന്ന നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്/ സറണ്ടർ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ മുഖേന ലഭ്യമാകുന്ന വരുമാന സർട്ടിഫിക്കറ്റ്, ആധാർ വിവരങ്ങൾ, കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം നിലവിൽ താമസിക്കുന്ന താലൂക്ക് പരിധിയിലുള്ള ടി.എസ്.ഒ./സി.ആർ.ഒ ഓഫീസിൽ അപേക്ഷ നൽകാവുന്നതാണ്.

(ബി) ഇല്ല. പുതുക്കിയ റേഷൻ കാർഡ് വിതരണത്തിനുശേഷം അപേക്ഷ നൽകാവുന്നതാണ്.

(സി) അപേക്ഷ ലഭിക്കുന്ന അതേ ദിവസം തന്നെ റേഷൻ കാർഡ് നൽകാൻ കഴിയുന്ന വിധത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## സപ്ലൈകോയിലെ ജീവനക്കാരും ഒഴിവുകളും

326 (3171) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സപ്ലൈകോയിൽ തനത് ജീവനക്കാരുടെ വിഭാഗത്തിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-2, സീനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ജൂനിയർ അസിസ്റ്റന്റ് പ്രൊമോഷൻ ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് പ്രൊമോഷൻ നൽകിയെന്നും ഇനി എത്രപേർ ലിസ്റ്റിൽ ഉണ്ടെന്നും പറയുമോ;

(സി) ഭക്ഷ്യ ഭദ്രതയുമായി ബന്ധപ്പെട്ട് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്ന സപ്ലൈകോയിൽ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പുതിയ തസ്തികകളുടെ എണ്ണം എത്ര; അതിൽ സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് നൽകുന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ ;

(ഡി) 24-4-2017-ലെ സപ്ലൈകോ ജീവനക്കാരുടെ അനിശ്ചിതകാല സമരം ഒത്തുതീർപ്പാക്കുന്നതിന്റെ ഭാഗമായുള്ള തീരുമാനമനുസരിച്ച് 30/2010 എന്ന സർക്കാർ ഉത്തരവ് എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) കോമൺ സർവ്വീസ് റൂൾ സപ്ലൈകോയിൽ എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്നും പ്രൊഡക്റ്റിവിറ്റി കൗൺസിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയിൽ നിലവിൽ 5 ജൂനിയർ അസിസ്റ്റന്റിന്റെയും, 10 സീനിയർ അസിസ്റ്റന്റ് II-ന്റെയും, ഒരു സീനിയർ അസിസ്റ്റന്റിന്റെയും തസ്തികകളാണ് ഒഴിവുള്ളത് (30-4-2017 വരെ).

(ബി) നിലവിലുള്ള ജൂനിയർ അസിസ്റ്റന്റ് പ്രൊമോഷൻ ലിസ്റ്റിൽനിന്നും അർഹരായ 222 പേർക്ക് പ്രൊമോഷൻ നല്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഏകദേശം 334 പേർ അവശേഷിക്കുന്നു.

(സി) ഭക്ഷ്യഭദ്രതയുമായി ബന്ധപ്പെട്ട് സപ്ലൈകോയിൽ ഉണ്ടാകുന്ന ശിപാർശ ചെയ്യുന്ന പുതിയ തസ്തികകളുടെ എണ്ണം 408 ആണ്. തസ്തികകളുടെ എണ്ണം തരംതിരിച്ച് കണക്കാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(ഡി) G.O.(Ms).30/2010/F&CSD എന്ന സർക്കാർ ഉത്തരവിന്മേലുള്ള സ്റ്റേ പുനഃപരിശോധിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ഇ) സപ്ലൈകോ ജീവനക്കാർക്കുവേണ്ടിയുള്ള കോമൺ സർവ്വീസ് റൂൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്; എന്നാൽ കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## സിവിൽ സ്റ്റേഷൻ ക്യാന്റീനുകളിലെ വില നിലവാരം

327 (T* 3172) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ക്യാന്റീനുകളിലെ വിലനിലവാരം സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ;

(ബി) ഓരോ ജില്ലയിലേയും സിവിൽ സ്റ്റേഷൻ ക്യാന്റീനുകളിലെ വില വിവരപ്പട്ടിക ലഭ്യമാക്കുമോ;

(സി) ഇത്തരം ക്യാന്റീനുകൾ നടത്തുന്നതിന് സർക്കാർ ജീവനക്കാരുടെ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ;

(ഡി) ക്യാന്റീൻ നടത്തിപ്പിനായി സർക്കാരിന്റെ ഭാഗത്തുനിന്നും നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ക്യാന്റീനുകളിലെ വിലനിലവാരം സംബന്ധിച്ച് പൊതുവായ വ്യവസ്ഥകളൊന്നുമില്ല.

(ബി) ഓരോ ജില്ലയിലെയും വിലവിവര പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) ക്യാന്റീനുകൾ നടത്തുന്നതിന് ക്വട്ടേഷൻ നൽകുമ്പോൾ എല്ലാ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിക്കാറുണ്ട്. സാധാരണയായി ഏറ്റവും കുറഞ്ഞ നിരക്കിൽ ടെണ്ടർ നൽകുന്ന ആൾക്ക്/സ്ഥാപനങ്ങൾക്ക് ക്യാന്റീൻ നടത്തുന്നതിന് അനുമതി നൽകിവരുന്നു.

(ഡി) ചില ജില്ലകളിൽ ക്യാന്റീൻ പ്രവർത്തനത്തിനായി സ്ഥല സൗകര്യം, കെട്ടിടം, കുടിവെള്ളം എന്നിവ സൗജന്യമായി നൽകിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഉപഭോക്താക്കൾക്കായി ഹെൽപ്പ് ലൈൻ കോൾ സെന്ററുകളുടെ പ്രവർത്തനം**

328 (3173) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കെ. ശശി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ പരാതികൾ രേഖപ്പെടുത്തുന്നതിനും അവ പരിഹരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈൻ പ്രവർത്തിച്ചു വരുന്നുണ്ടോ;

(സി) ഉപഭോക്താക്കൾക്ക് പരാതി അറിയിക്കുന്നതിനുള്ള ടോൾ ഫ്രീ നമ്പർ അറിയിക്കുമോ;

(ഡി) പരാതികൾ യഥാസമയം പരിഹരിക്കുന്നതിനായി ഹെൽപ്പ് ലൈൻ കോൾ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുമോ?

ഉത്തരം

(എ) ഉപഭോക്താക്കളുടെ പരാതികൾ രേഖപ്പെടുത്തുന്നതിനായി പൊതുവിതരണ വകുപ്പിന്റെയും ഉപഭോക്തൃകാര്യ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പരുകൾ സംസ്ഥാന ഐ.റ്റി. മിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഓഫീസ് സമയങ്ങളിൽ താലൂക്ക്/ജില്ല സപ്ലൈ ഓഫീസുകൾ, സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം എന്നിവിടങ്ങളിലെ ഫോൺ നമ്പരുകളിലും പരാതികൾ അറിയിക്കാവുന്നതാണ്. ഈ പരാതികൾ കഴിവതും വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കായി ഉപഭോക്തൃ സംരക്ഷണ നിയമം 1986-ലെ വകുപ്പുകൾ പ്രകാരം എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും സംസ്ഥാന തലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ദേശീയതലത്തിൽ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 1800-425-1550, 1967

(ഡി) ഹെൽപ്പ് ലൈൻ കോൾ സെന്ററിൽ നിന്ന് ലഭ്യമാകുന്ന പരാതികൾ പരിഹരിക്കുന്നതിന് താലൂക്ക്/ജില്ല സപ്ലൈ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുൻഗണനാവിഭാഗത്തിൽനിന്നും പുറത്തായവർക്ക് സബ്സിഡി അരി**

329 (3174) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ട് രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ അനർഹർ കടന്നുകൂടുകയും ദരിദ്രരായവർ പുറത്താവുകയും ചെയ്ത പ്രശ്നം പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മുൻഗണനാവിഭാഗത്തിൽ നിന്നും പുറത്തായവർക്ക് സബ്സിഡി നിരക്കിൽ അരി നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2014-ൽ തയ്യാറാക്കിയ സ്ഥിതി വിവരകണക്കിന് വിരുദ്ധമായി സംസ്ഥാനത്ത് മുൻഗണനാ പട്ടിക നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത പട്ടിക മരവിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

**ഉത്തരം**

(എ-സി) ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും, വെബ്സൈറ്റിലും കരട് മുൻഗണനാ പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും, ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ

എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പ് കൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും, ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരാതിക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തിരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ നേരിട്ടും അർഹർ/അനർഹരുടെ പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്. സ.ഉ.(സാധാ)നമ്പർ 116/2017/ഭ.സി.സ.വ. തീയതി 12-4-2017, സ.ഉ. (സാധാ) നമ്പർ 352/2016/ഭ.സി.സ.വ തീയതി 21-12-2016 എന്നീ ഉത്തരവുകൾ പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് മുൻഗണനാ മാനദണ്ഡപ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപ്പെടാത്തവരും അയോഗ്യരല്ലാത്തവരും എന്നാൽ മാർക്കൊന്നും കിട്ടാത്തവരും ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ, നാല് ചക്ര വാഹനം എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ എന്നിവരുൾപ്പെടുന്ന വിഭാഗത്തിന് 2 രൂപ നിരക്കിൽ രണ്ട് കി.ഗ്രാം അരി നൽകുന്നുണ്ട്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് ആദ്യം താലൂക്കുതല റാങ്കിംഗ് നടത്തിയതിനു പകരം സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്.

**പെട്രോൾ പമ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിന് നടപടി**

330 (3175) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിലെ ഇലക്ട്രോണിക് മെഷീനുകളിൽ പ്രത്യേക ചിപ്പ് ഘടിപ്പിച്ച് അളവിൽ കൃത്രിമം നടത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലീഗൽ മെട്രോളജി വകുപ്പ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ്

സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

(സി) ലീഗൽ മെട്രോളജി വിഭാഗം ഉദ്യോഗസ്ഥർ മുദ്രവച്ച് നൽകുന്ന ഡിസ്പെൻസറുകൾക്ക് പുറത്താണ് ഐ.ടി. വിദഗ്ദ്ധരുടെ സഹായത്തോടെ ക്രമക്കേടുകൾ നടത്തുന്നത് എന്നത് കണക്കിലെടുത്ത് പെട്രോൾ പമ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്രമക്കേടുകൾ ഉണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പെട്രോൾ പമ്പുകളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ക്രമക്കേടുകൾ നടത്തുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനായി സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുന്നതിന് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2852, 2859, 3094 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### നാണ്യവിളകളുടെ വിലത്തകർച്ച

മി. സ്പീക്കർ: റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ നാണ്യവിളകളുടെ വില തകർച്ചമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും റബ്ബർ വിപണിയിൽ അനുദിനം ഉണ്ടാകുന്ന തകർച്ചയും സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ട് പദ്ധതി നിശ്ചലമായതിനാലും ആഭ്യന്തര മാർക്കറ്റിലെ സംഭരണം നിലച്ചതുമൂലവും കൃഷിക്കാർക്ക് നൽകാനുള്ള കുടിശ്ശിക നൽകാത്തതിനാലും കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. സി. ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്നതുപോലെ വിലസ്ഥിരതാ ഫണ്ട് സംസ്ഥാനത്ത് നിലവിലില്ല. പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമാണ് നിലവിലുള്ളത്. ആ സ്കീം ഇതുവരെ ഒരു മുടക്കവും കൂടാതെ സംസ്ഥാന ഗവൺമെന്റ് നടത്തിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 748 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇത് നടപ്പാക്കുന്നത് ധനകാര്യ വകുപ്പ് മുഖാന്തരമാണ്. ധനകാര്യ വകുപ്പ് തുക തരുന്നമുറയ്ക്ക് കൃഷി വകുപ്പ് അത് കൈമാറി റബ്ബർ ബോർഡ് നൽകുന്ന ക്ലെയിം അനുസരിച്ചുള്ള ഇൻസെന്റീവ് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ വഴി വിതരണം നടത്തുകയാണ് ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം 150 രൂപയാണ് റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്. റബ്ബറിന് ഹെക്ടർ ഒന്നിന് പരമാവധി 1800 കിലോഗ്രാം വരെയാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിന് ആനുകൂല്യം ലഭിക്കും. രണ്ടാഴ്ചയിൽ ഒരിക്കലാണ് തുക റിലീസ് ചെയ്യുന്നത്. 21-4-2017-ൽ 11 കോടി രൂപ ധനകാര്യ വകുപ്പിൽനിന്നും റിലീസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത തുക 29-4-2017-ന് മാത്രമേ അക്കൗണ്ടിലേയ്ക്ക് കൈമാറാൻ സാധിച്ചിട്ടുള്ളൂ. സ്റ്റേറ്റ് ബാങ്കുകളുടെ (എസ്.ബി.ഐ/എസ്.ബി.ടി.) ലയന നടപടി പൂർത്തിയാക്കാനുള്ള കാലതാമസമാണ് ഇതിന് കാരണമായിട്ടുള്ളത്. അതിനുശേഷം 6 കോടി രൂപയുടെ ക്ലെയിം ലഭിച്ചിട്ടുണ്ട്. ഇത് ഉടൻതന്നെ റിലീസ് ചെയ്യാനുള്ള പ്രോസസ്സിംഗ് നടന്നു കൊണ്ടിരിക്കുകയാണ്. സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതുപോലെ ക്രൂഡ് ഓയിലിന്റെ വിലയും റബ്ബറിന്റെ വിലയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഡ്രൈ റബ്ബറിന്റെ ഇറക്കുമതി തീരുവ 20 ശതമാനം

വർദ്ധിപ്പിച്ച് ലാറ്റക്സിന്റെ ഇറക്കുമതി തീരുവ 70 ശതമാനമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും ലോക വ്യാപാര കരാറിലെയും ആസിയാൻ കരാറിലെയും വ്യവസ്ഥകൾ പ്രകാരം ആയത് സാധ്യമല്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനുമേൽ കേരള സർക്കാരിന്റെ നിരന്തര സമ്മർദ്ദം തുടർന്നുകൊണ്ടിരിക്കുകയാണ്. കുരുമുളക്, ഏലം എന്നിവയുടെ വിലയിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ വിലയനുസരിച്ച് തരംതിരിക്കാത്ത കുരുമുളകിന്റെ വില 556 രൂപയും ഏലത്തിന്റെ വില വണ്ടൻമേട് മാർക്കറ്റ് റേറ്റ് അനുസരിച്ച് 965 രൂപയുമാണ്. കുരുമുളകിന്റെ വില വർദ്ധിക്കുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. നോട്ട് നിരോധനംമൂലം സ്റ്റോക്ക് കൂടുതൽ സൂക്ഷിച്ചതുകൊണ്ടും മുഴുവൻ സ്റ്റോക്കും ഇപ്പോൾ മാർക്കറ്റിൽ വന്നതിനാലുമാണ് വിലയിടിവുണ്ടായതെന്നാണ് ഗവൺമെന്റ് വിലയിരുത്തുന്നത്. അത് സ്റ്റെബിലൈസ് ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതേസമയം വിയറ്റ്നാമിൽ നിന്ന് 20,000 മെട്രിക് ടണ്ണും ശ്രീലങ്കയിൽ നിന്ന് 2500 മെട്രിക് ടണ്ണും കുരുമുളക് ഇറക്കുമതി ചെയ്തത് വിലയിടിവിന് കാരണമായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തു കൊണ്ടിരിക്കുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ 748 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഒരു പെൻഡിംഗും ബാക്കിയില്ല. റബ്ബർ ബോർഡ് തരുന്ന ക്ലെയിം അനുസരിച്ച് രണ്ടാഴ്ചയിൽ ഒരിക്കൽ നൽകേണ്ട ക്ലെയിം എല്ലാം കൊടുത്തുകഴിഞ്ഞു. ബാക്കി 6 കോടി രൂപ മാത്രമാണ് ഇപ്പോൾ കൊടുക്കാൻ ബാക്കിനിൽക്കുന്നത്. അത് പ്രോസസ്സിംഗ് പൂർത്തീകരിച്ച് ഉടൻതന്നെ കൊടുത്തുതീർക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കാർഷിക മേഖലയുടെ പ്രതിസന്ധി അതീവ ഗുരുതരമാണ്. ഇതുസംബന്ധിച്ച് ഇന്നത്തെ പത്രങ്ങളിൽ വന്ന വാർത്ത, 'കാർഷിക മേഖല തകർന്നടിയുന്നു. കാർഷിക മേഖലയിലെ വൻതകർച്ച കേരളത്തിലെ അനേകം കർഷക കുടുംബങ്ങളെ ദുരിതത്തിലാക്കിയിരിക്കുന്നു. കടുത്ത വേനൽ വരുത്തിവച്ച കൃഷി നാശത്തിനുപുറമെ ഉൽപ്പന്നങ്ങളുടെ വിലയിടിവ് കൂടിയായതോടെ അവർ തികച്ചും പ്രതിസന്ധിയിലായി. ഒട്ടുമിക്ക വിളകളും വിലത്തകർച്ച നേരിടുകയാണ്. റബ്ബർ മേഖലയിലെ വിലത്തകർച്ചയും വേനലും റബ്ബറിനെ സാരമായി ബാധിച്ചു. പ്രതിസന്ധിയിൽ താങ്ങാകേണ്ട അധികൃതർ തിരിഞ്ഞുനോക്കുന്നില്ല. റബ്ബർ വില സ്ഥിരതാ ഫണ്ട് പദ്ധതിയുടെ ആനുകൂല്യങ്ങളും കർഷകർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു' എന്നാണ് 'ദീപിക' പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ പറയുന്നത്. 'ആഭ്യന്തര റബ്ബർ വിലയിൽ ഗുരുതരാവസ്ഥ, വിലസ്ഥിരതാ പദ്ധതിക്കായി കർഷകരുടെ

മുറവിളി' കേരളകൗമുദിയിലെ ഇന്നത്തെ വാർത്തയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും പത്രങ്ങളിൽ വന്ന വാർത്തകളും റബ്ബർ കർഷകരുമായും റബ്ബർ സൊസൈറ്റിയുമായും ബന്ധപ്പെട്ടപ്പോൾ ലഭിക്കുന്ന വിവരങ്ങളും വളരെ വ്യത്യസ്തമാണ്. കോടിക്കണക്കിന് രൂപ കൊടുക്കാൻ ബാക്കി നിൽക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിച്ചിരിക്കുന്നു. അതിനുള്ള കാരണങ്ങൾ സാങ്കേതികമായി നിരത്തിയെന്നുമാത്രം.

കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഒരു കാര്യം, ഇന്നത്തെ മലയാള മനോരമയുടെ എഡിറ്റോറിയൽ പേജിൽ വന്നതാണ്. 'കൂമ്പ് ഒടിയുന്ന നീര പദ്ധതി'. നാളികേര കർഷകരെ സഹായിക്കുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെ കീഴിലുള്ള ഒരു പദ്ധതിയാണ്. ഇങ്ങനെയായാൽ കേരളത്തിന്റെ നീര പുളിച്ചുതുടങ്ങും. സർക്കാരിന്റെ വാക്ക് വിശ്വസിച്ച് നീര ചെത്താൻ തളാപ്പ് കെട്ടിയ കർഷകരും സംഘങ്ങളും ഇന്ന് ഗതികേടിന്റെ വക്കിലാണ്. സമീപ ദിവസങ്ങളിലെ പത്രങ്ങളിൽ, 4-ാം തീയതിലെ മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലാണ്- 'റബ്ബർ കർഷകരുടെ പ്രതീക്ഷ കെടുത്തരുത്. സംസ്ഥാന സർക്കാർ എത്രയും പെട്ടെന്ന് ഈ വിഷയത്തിൽ ഇടപെടേണ്ടതുണ്ട് എന്ന് പറഞ്ഞു കൊണ്ടാണ് ആ എഡിറ്റോറിയൽ അവസാനിക്കുന്നത്. 'കാർഷിക മേഖലയിലെ പ്രതിസന്ധി അതീവ ഗുരുതരമാണ്. റബ്ബർ വില കൂപ്പുകുത്തുന്നു. ഒരാഴ്ചയ്ക്കിടെ കുറഞ്ഞത് 10 രൂപ. മുഖം തിരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ' എന്നാണ് മംഗളം പത്രത്തിൽ പറയുന്നത്. ഏത് പത്രമെടുത്ത് വായിച്ചാലും റബ്ബർ വില താഴേയ്ക്ക് പോകുന്നു, കാർഷിക മേഖലയിലുള്ള പ്രതിസന്ധി, സംസ്ഥാന സർക്കാർ ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത എന്നിവ തന്നെയാണ് വ്യക്തമാക്കുന്നത്. എന്തിനേറെ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടി നേതാവായ ശ്രീ. സത്യൻ മൊകേരി 'നവയുഗ'ത്തിൽ പേര് വച്ച് എഴുതിയ ലേഖനം 'വരൾച്ചയും കാർഷിക മേഖലയിലെ പ്രതിസന്ധിയും'. അതിൽ അദ്ദേഹം പറയുന്നത്, വരൾച്ചയും മഴക്കുറവും രൂക്ഷമാകുന്ന കാർഷിക മേഖലയിലെ പ്രതിസന്ധി കേരളത്തിലെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കാൻ തുടങ്ങി. കർഷകരിലും ഗ്രാമീണ ജനങ്ങളിലും ഉണ്ടാകുന്ന വരുമാന നഷ്ടം കമ്പോളങ്ങളെ നിശ്ചലമാക്കും. ഇതെല്ലാം മുന്നിൽകണ്ട് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സ്വീകരിച്ചുവെന്നല്ല, സ്വീകരിക്കേണ്ടതുണ്ടെന്നാണ് നവയുഗം പത്രത്തിൽ പറയുന്നത്. ഇക്കാര്യങ്ങൾ സർക്കാരിന്റെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാൻ അങ്ങ് അനുവദിക്കുകയും ബഹുമാനപ്പെട്ട മന്ത്രി അത് സമ്മതിക്കുകയും ചെയ്യേണ്ടതാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ കൃഷിക്കുള്ള പ്രാധാന്യം വളരെ വലുതാണ്. നാണ്യവിളകളും ഭക്ഷ്യവിളകളും ഉൽപ്പാദിപ്പിക്കുന്നവരാണ് കേരളത്തിലെ മഹാഭൂരിപക്ഷം കർഷകരും. ഈ മേഖലയാകെ തകർന്നിരിക്കുന്നു. ഇതൊരു രാഷ്ട്രീയപ്രശ്നമല്ല, ജീവൽ പ്രശ്നമാണ്. കേരള സമ്പദ്ഘടനയെ, മനുഷ്യ ജീവനെ, മൃഗങ്ങളെ, ഭാവിയെ, തലമുറകളെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമായി ഇതിനെ കണ്ണ് തുറന്ന് കാണാനും ചർച്ച ചെയ്യാനും ഗവൺമെന്റ് തയ്യാറാകണം. ഉൽപ്പന്നങ്ങളുടെ വിലയിടിവ് കർഷകരുടെ എല്ലാ പ്രതീക്ഷകളും തകർത്തിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനംമൂലം മഴ ലഭിക്കുന്നില്ല, നെൽപ്പാടങ്ങൾ വരണ്ട് ഉണങ്ങുന്നു. ഇന്ന് ഭൂമിയിൽ വീഴുന്നത് കർഷകന്റെ കണ്ണീരാണ്. അത് കാണാൻ ഗവൺമെന്റ് തയ്യാറാകണം.

ഇവിടെ വിലത്തകർച്ചയുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 2016-ൽ 700-730 രൂപ വിലയുണ്ടായിരുന്ന കുരുമുളകിന് 2017-ൽ 535 രൂപയായി കുറഞ്ഞു. ഏലക്ക 1000 രൂപയിൽ നിന്നും 900 രൂപയായും 850-900 രൂപയായിരുന്ന ഗ്രാമ്പു 575 രൂപയായും കുത്തനെ കൂപ്പുകുത്തി. ചുക്കിന്റെ വില 125 രൂപയിൽ നിന്നും 85 രൂപയായി. ജാതിക്ക 300 രൂപയിൽ നിന്നും 250 രൂപയായും ജാതിപത്രി 1200 രൂപയിൽ നിന്നും 850 രൂപയായും കൊക്കോ 200 രൂപയിൽ നിന്നും 165 രൂപയായും കാപ്പിക്കുരു 80 രൂപയിൽനിന്നും 72 രൂപയായും വെളിച്ചെണ്ണ 138 രൂപയിൽ നിന്നും 128 രൂപയായും മഞ്ഞൾ 115 രൂപയിൽ നിന്നും 85 രൂപയായും റബ്ബർ 147-150 രൂപയിൽനിന്നും 129 രൂപയായും കുറഞ്ഞു. ഏത് ഉത്പന്നത്തിനാണ് വില കുറയാത്തത്. ഇത് അംഗീകരിച്ചുകൊണ്ട് ഈ വിഷയം ഇവിടെ ചർച്ച ചെയ്യണം. കേന്ദ്ര സർക്കാർ റബ്ബർ നയം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതിനെ കേരളത്തിലെ കർഷകർ വളരെ പ്രതീക്ഷയോടെയാണ് സ്വാഗതം ചെയ്തത്. പക്ഷേ ഇപ്പോൾ കേന്ദ്ര സർക്കാർ റബ്ബർ നയം നടപ്പിലാക്കുന്നതിൽ നിന്നും പുറകോട്ടുപോയിരിക്കുന്നു. ഗവൺമെന്റ് പ്രഖ്യാപിച്ച കരട് നയത്തിൽ കർഷക താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്ന് പരാതി വന്നപ്പോഴാണ് 2015 ഡിസംബർ 24-ന് ഡോ. ചന്ദ്രൻ മിത്ത ചെയർമാനായി 41 അംഗ പാർലമെന്റ് സമിതിയെ നിയോഗിച്ചത്. ആ സമിതി കേരളത്തിൽ കോട്ടയം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തി, റബ്ബർ കർഷകരിൽ നിന്നും ഈ മേഖലയിലെ ബന്ധപ്പെട്ട വ്യവസായികളിൽനിന്നും നിർദ്ദേശങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ച് സർക്കാരിന് നിർദ്ദേശം നൽകി. വിലയിടിവിന് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ റബ്ബർ കൃഷി ഉപേക്ഷിച്ച് കൃഷിക്കാർ പോകുമെന്ന് സമിതി റിപ്പോർട്ട് ചെയ്തു. കൂടാതെ കൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കണമെന്നും ഇറക്കുമതി നിയന്ത്രിക്കണമെന്നും അവർ ആവശ്യപ്പെട്ടു. റബ്ബർ തടി കാർഷിക ഉത്പന്നമായി കണക്കാക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കേരളത്തിന്റെ ഉത്പാദന ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന് കണ്ടുകൊണ്ട് കേരളത്തിലെ കൃഷിക്കാരെ പ്രത്യേകമായി രക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. എന്നാൽ പാർലമെന്ററി സമിതി പഠിച്ച് നൽകിയ ശിപാർശ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കില്ലെന്ന് ഏകപക്ഷീയമായി തീരുമാനിച്ചിരിക്കുന്നു. ഇത് ആരെയാണ് ബാധിക്കുന്നത്? നമ്മുടെ രാജ്യത്ത് ആകെ ഉത്പാദിപ്പിക്കുന്ന 13 ലക്ഷം ടൺ റബ്ബറിൽ 12 ലക്ഷം ടൺ റബ്ബറും ഉത്പാദിപ്പിക്കുന്നത് കേരളത്തിലാണ്. 90 ശതമാനം കൃഷിയും ഉത്പാദനവും കേരളത്തിൽ നിൽക്കുന്നു. അതുകൊണ്ട് കേരള സർക്കാർ ഇക്കാര്യത്തിൽ ഇടപെടേണ്ടതാണ്. പക്ഷേ കേരള സർക്കാർ അറിഞ്ഞും അറിയാതെയും ഉറക്കം തൂങ്ങുന്നു. ഈ പ്രശ്നങ്ങളോട് നിഷേധാത്മകമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കയറിന്റെയും ചെരിപ്പ് ഉൾപ്പെടെയുള്ള റബ്ബർ ഉത്പന്നങ്ങളുടെയും വില കുറയുന്നില്ല. എന്നാൽ സ്വാഭാവിക റബ്ബറിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുന്നു. റബ്ബർ ബോർഡുപോലും ഇന്ന് പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു, റബ്ബർ ബോർഡിന്റെ ശിപാർശ പ്രകാരമാണ് 150 രൂപ തോതിലുള്ള ആനുകൂല്യം റബ്ബർ കർഷകർക്ക് നൽകുന്നതെന്ന്. കേന്ദ്ര ഗവൺമെന്റിന് കേരളത്തോടുള്ള ചിറ്റമ്മ നയത്തിന്റെ ഭാഗമായി, റബ്ബർ ബോർഡിന്റെ പ്രവർത്തനം റദ്ദാക്കുന്ന കാര്യത്തിൽ കേരള മന്ത്രിസഭ, കേരള സർക്കാർ, കൃഷി വകുപ്പ് തുടങ്ങിയവ യോജിച്ച് നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി പലവട്ടം ഡൽഹിയിൽ പോയിട്ടും കൃഷിയെക്കുറിച്ച്

എന്തെങ്കിലും അഡ്രസ് ചെയ്യാനോ അറ്റൻഡ് ചെയ്യാനോ സാധിച്ചില്ലെന്ന ദയനീയാവസ്ഥ ഇവിടെ നിലനിൽക്കുകയാണ്. എന്തുകൊണ്ടാണ് ആ വിഷയം ചർച്ച ചെയ്യാൻ സാധിക്കാത്തത്? റബ്ബറിന്റെ കാര്യം മാത്രമല്ല, കുട്ടനാട്ടിൽ മേയ് 1 വരെ സംഭരിച്ച നെല്ലിന് 192 കോടി രൂപ കൊടുക്കാൻ ബാക്കിയാണ്. സംസ്ഥാന വിഹിതം 7.80 രൂപയും കേന്ദ്ര വിഹിതം 14.70 രൂപയുമാണ്. സംസ്ഥാന വിഹിതമാണ് കൊടുക്കാൻ ബാക്കിയുള്ളത്. കേന്ദ്രവിഹിതമായി കിട്ടിയ തുക കൊണ്ട് 22.50 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നു. ആ കേന്ദ്ര വിഹിതം കൊണ്ടല്ലാതെ സംസ്ഥാന സർക്കാരിന് സംഭരിച്ച നെല്ലിന്റെ വില കൊടുക്കാൻ സാധിച്ചിട്ടില്ല. പാലക്കാടും ഇതുതന്നെയാണ് അവസ്ഥ. നെൽ കർഷകർ വളരെയധികം പ്രതിസന്ധിയിലാണ്. സംസ്ഥാന മന്ത്രിസഭയിൽ ആലപ്പുഴ ജില്ലയിൽ നിന്ന് നാല് മന്ത്രിമാരുണ്ട്. കുട്ടനാട് എം.എൽ.എ. തന്നെ മന്ത്രിയായി വന്നപ്പോൾ നെൽ കർഷകരും കുട്ടനാട്ടിലെ ജനങ്ങളും പ്രതീക്ഷ പുലർത്തിയെങ്കിൽ ഇപ്പോൾ ആ പ്രതീക്ഷയെല്ലാം അസ്ഥാനത്തായിരിക്കുന്നു. കുട്ടനാട്ടിൽ നെൽകൃഷി ഉൾപ്പെടെയുള്ള കൃഷികൾ നശിച്ചുകൊണ്ടിരിക്കുകയാണെന്ന തരത്തിൽ നിരവധി വാർത്തകൾ വരുന്നുണ്ട്. എന്നാൽ ഗവൺമെന്റ് കണ്ണ് തുറക്കുന്നില്ല. ഇന്നലെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ഒരു വിഷയമാണ് പുലിമുട്ടുകൾ യഥാസമയം ഇട്ടിട്ടില്ല എന്നത്. കുട്ടനാട്ടിൽ ഉപ്പുവെള്ളം കയറി കൃഷികളെല്ലാം നശിച്ചുപോയി. മറ്റുപ്രദേശങ്ങളിലും നെൽകൃഷി നാശം സംഭവിച്ചിരിക്കുന്നു. സർക്കാർ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. എട്ട് ലക്ഷം താറാവുകൾ ഈ വർഷം ചത്തിട്ടും താറാവ് കർഷകർക്ക് മതിയായ നഷ്ടപരിഹാരം സമയത്തിന് നൽകുന്നതിൽ ഗവൺമെന്റ് വീഴ്ചവരുത്തിയിരിക്കുന്നു. കാർഷികമേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധിമൂലം കൃഷിക്കാർ കടക്കെണിയിൽ പെട്ടിരിക്കുകയാണ്. അതിൽനിന്നും അവരെ രക്ഷിക്കാനാണ് കടാശ്വാസ കമ്മീഷനെ ഗവൺമെന്റ് പ്രഖ്യാപിച്ചത്. ആ കടാശ്വാസ കമ്മീഷൻ പ്രവർത്തിക്കുന്നില്ല. കടാശ്വാസ കമ്മീഷന് ആവശ്യമായ ഫണ്ട് നൽകാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. അതിന്റെ പ്രവർത്തനം നിലച്ചമട്ടിലാണ്. കൃഷിക്കാർ അപേക്ഷയും നൽകി കാത്തിരിക്കുന്ന അവസ്ഥയാണ്.

സഹകരണ മേഖലയിൽ നിന്നും ഏഴ് ശതമാനം പലിശനിരക്കിൽ നൽകുന്ന കാർഷിക വായ്പ, കൃഷിക്കാർ വ്യാപകമായി എടുക്കുന്നതാണ്. ആ പലിശ നിരക്കിൽ മൂന്ന് ശതമാനം കേന്ദ്രഗവൺമെന്റ് സബ്സിഡിയായി നൽകുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് പലിശനിരക്കിന്റെ നാല് ശതമാനം സംസ്ഥാന ഗവൺമെന്റ് പലിശ സബ്സിഡിയായി നൽകുമെന്ന് പറഞ്ഞിട്ട് പല സംഘങ്ങളും ഈ പലിശ ഇളവ് ചെയ്ത് കൃഷിക്കാരിൽ നിന്നും മുതൽ മാത്രം സ്വീകരിച്ചു. പക്ഷേ പ്രൈമറി ക്രെഡിറ്റ് സംഘങ്ങൾക്ക് പലിശ സബ്സിഡിയായി നൽകേണ്ട നാല് ശതമാനം സംഖ്യ നൽകാൻ സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായില്ല.

കശുവണ്ടി ഏറ്റവും അധികം ഉത്പാദിപ്പിക്കുന്ന പ്രദേശം കണ്ണൂർ ജില്ലയിലെ എന്റെ നിയോജകമണ്ഡലമായ പേരാവൂരിലെ ഇരിട്ടി ആറളം ഫാമിലാണ്. കശുവണ്ടി വ്യവസായത്തെക്കുറിച്ചും കശുവണ്ടി തൊഴിലാളികളെക്കുറിച്ചും മുതലക്കണ്ണീർ പൊഴിക്കുന്ന കേരള സർക്കാർ ഈ കശുവണ്ടി സീസണിൽ ഒരു കിലോ കശുവണ്ടിപോലും

കർഷകരിൽ നിന്നോ പൊതുവിപണിയിൽ നിന്നോ വില കൊടുത്ത് സംഭരിക്കാൻ തയ്യാറായിട്ടില്ല. കശുവണ്ടി വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതിലാണ് സർക്കാരിന് താൽപ്പര്യം. കശുവണ്ടി കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് അവരിൽ നിന്നും കശുവണ്ടി വിലകൊടുത്ത് സംഭരിക്കണമെന്ന് ഞാൻ തന്നെ പല തവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ കശുവണ്ടി ഉത്പാദിപ്പിക്കുന്ന കണ്ണൂർ ജില്ലയിൽ നിന്നും ഒരു കിലോ കശുവണ്ടിയെങ്കിലും സംഭരിച്ചുവെന്ന് കാപ്പെക്സിനോ കാഷ്യൂ കോർപ്പറേഷനോ അവകാശപ്പെടാൻ സാധിക്കില്ല. ഏത് മേഖല എടുത്ത് പരിശോധിച്ചാലും കാർഷിക മേഖലയിൽ പ്രതിസന്ധി മാത്രമാണ് കാണാൻ സാധിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ് വന്യമൃഗ ശല്യം.

മി. സ്പീക്കർ: ഏത് വിഷയമാണ് പ്രധാനമല്ലാത്തത്.

ശ്രീ. സണ്ണി ജോസഫ്: സർ, വന്യമൃഗ ശല്യം കൃഷിക്കാരെ സാരമായി ബാധിക്കുന്ന പ്രശ്നമാണ്. അങ്ങയെ ഞാൻ പ്രസ്തുത മേഖല കാണാനും പഠിക്കാനും ക്ഷണിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് വളരെ പ്രസക്തമായ കാര്യങ്ങളാണ് പറയുന്നത്. അങ്ങ് ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. സണ്ണി ജോസഫ്: സർ, ഇതുതന്നെയാണ് സർക്കാരിന്റെ നയം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോ വനം വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ മറുപടി പറയുമോ? വന്യമൃഗശല്യം കൃഷിക്കാരെ സാരമായി ബാധിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ 2017-ൽ നാല് പേരാണ് കാട്ടാനയുടെ കുത്തേറ്റ് മരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അവിടെ വന്നു. അതുപോലെ വയനാട്ടിലെ കർഷകരെ വന്യമൃഗശല്യം ഉൾപ്പെടെയുള്ള കാർഷിക പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സാധാരണഗതിയിൽ കൃഷിനാശവും വരൾച്ചയുമുണ്ടാകുന്ന അവസരത്തിൽ ഉത്പാദനം കുറയുകയും ഡിമാന്റ് കൂടുകയും ചെയ്യുന്നതനുസരിച്ച് വില കൂടുകയാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ വില കുറഞ്ഞുകൊണ്ടിരിക്കുന്നു. ഗവൺമെന്റ് ഇക്കാര്യത്തിലൊന്നും ഇടപെടാതെ ഉറക്കം തൂങ്ങുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇതൊരു രാഷ്ട്രീയ വിഷയമാക്കി ചർച്ച നിഷേധിക്കുന്നതിനു പകരം ജീവൽപ്രശ്നമായി കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ചർച്ചയ്ക്ക് തയ്യാറാകുമെന്നും ചർച്ചയിൽ കൂടുതൽ കാര്യങ്ങൾ പറയാമെന്നും പ്രതീക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ വിഷയം അടിയന്തരമായി ചർച്ച ചെയ്യണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മുഖ്യമന്ത്രി ഇവിടെയുണ്ട്. ഇത് ആരെയും രാഷ്ട്രീയമായി കുറ്റപ്പെടുത്തുന്ന വിഷയമല്ല. കേരളത്തിലെ കർഷകരുടെ പ്രശ്നമായതുകൊണ്ട് ഇത് എന്തുകൊണ്ട് ചർച്ച ചെയ്തുകൂടാ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ആലോചിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, അടിയന്തര പ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ നാണ്യവിളകളുടെ വിലത്തകർച്ച സംബന്ധിച്ചാണ്. പക്ഷേ പ്രമേയം അവതരിപ്പിച്ചപ്പോൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ചയ്ക്കെടുത്തു എന്നുള്ളത് നല്ല കാര്യമാണ്. കശുവണ്ടി ഉൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യണോ വേണ്ടയോ എന്നുള്ളത് സംബന്ധിച്ച് ഞാൻ മറുപടി പറയുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും, അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും നാളെ കൃഷി വകുപ്പിന്റെ ഡിമാന്റ് ഡിസ്കഷനിൽ വിശദമായി ചർച്ച ചെയ്യാൻ അവസരമുണ്ടാകുന്നതാണ്. അങ്ങ് ഇവിടെ റബ്ബറിന്റെ വിലത്തകർച്ചയുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല എന്ന നിലയിൽ ഒരു വ്യാഖ്യാനം നടത്താനാണ് ശ്രമിച്ചത്. അതാണ് യഥാർത്ഥത്തിൽ രാഷ്ട്രീയമായ കാര്യം. ഗവൺമെന്റിനെ രാഷ്ട്രീയമായി പ്രതിക്കൂട്ടിലാക്കാനുള്ള ശ്രമമാണ് അങ്ങ് നടത്തിയത്. അതിന്റെ യാഥാർത്ഥ്യമെന്താണെന്ന് സഭ മനസ്സിലാക്കേണ്ടതുണ്ട്. റബ്ബറിന്റെ വിലയിടിവിന് പ്രധാന കാരണം തായ്ലന്റ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും വ്യാപകമായി റബ്ബർ ലോക മാർക്കറ്റിലേയ്ക്ക് വരുന്നതാണ്. പെട്രോളിയം ഉത്പന്നങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിൽ അനുസരിച്ച് റബ്ബറിന്റെ വിലയിൽ മാറ്റമുണ്ടാകുന്നത് സ്വാഭാവികമാണ്. ഇന്ത്യയിൽ റബ്ബറിന്റെ 70 ശതമാനത്തിലധികവും ഉത്പാദിപ്പിക്കുന്നത് കേരളത്തിലാണ്. പക്ഷേ റബ്ബർ കൃഷി അധിഷ്ഠിതമാക്കിയുള്ള ഒരു വാല്യൂ അഡിഷൻ ഇൻഡസ്ട്രി ഡെവലപ് ചെയ്തുകൊണ്ടുവരാൻ സംസ്ഥാനത്തിന് ഇതുവരെ സാധിച്ചിട്ടില്ലെന്നത് മാറിമാറിവന്ന എല്ലാ ഗവൺമെന്റുകളുടെയും ഉത്തരവാദിത്തമാണ്. പക്ഷേ റബ്ബറിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്ന ഒരു അഗ്രോ പാർക്ക് കോട്ടയം കേന്ദ്രീകരിച്ച് ഈ വർഷം ആരംഭിക്കാൻ തീരുമാനിച്ചത് ഈ ഗവൺമെന്റാണ്. അതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം റബ്ബറിന്റെ വിലയിടിവുമായും ഇറക്കുമതിയുമായും ബന്ധപ്പെട്ടുള്ളതാണ്. റബ്ബർ ഇറക്കുമതിയിൽ കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന നയം, ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് മാത്രമല്ല, ശ്രീ. സണ്ണി ജോസഫിന്റെ പാർട്ടി ഭരിക്കുന്ന സമയത്ത് റബ്ബറിന്റെ തീരുവയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ അഡ്വാൻസ് ലൈസൻസ് ആതറൈസേഷൻ മുഖാന്തരം സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നത് നിർത്തണമെന്നും മിനിമം സപ്പോർട്ട് പ്രൈസ് റബ്ബറിനുകൂടി ബാധകമാക്കണമെന്നും ആവശ്യപ്പെട്ടിട്ടും അത് നടപ്പാക്കാൻ തയ്യാറാകാതിരുന്നതാണ്. കോൺഗ്രസ് ഗവൺമെന്റ് ഭരിച്ച സമയത്താണ്, അത് നടപ്പാക്കിയില്ല......(ബഹളം).......... ശ്രീ. സണ്ണി ജോസഫ് പറഞ്ഞപ്പോൾ ഞാനൊന്നും പറഞ്ഞില്ല. എന്നെ വിരട്ടി ഇരുത്താനൊന്നും നോക്കേണ്ട. ഇത് ചെയ്തത് യു.പി.എ. ഗവൺമെന്റാണ്.

അതേകാര്യം ബി.ജെ.പി. ഗവൺമെന്റ് അനുവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് തവണ കേന്ദ്ര ഗവൺമെന്റിന് നിവേദനം സമർപ്പിച്ചു. രണ്ട് തവണ ഞങ്ങൾ മന്ത്രിയെ പോയി കാണുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് തന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത്, കേന്ദ്ര ഗവൺമെന്റിന്റെ റോഡ് നയത്തിൽ മാറ്റം വരുത്തുമ്പോൾ അതിൽ റബ്ബറുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നാണ്. അത് റബ്ബർ ഇൻഡസ്ട്രിയെ ഗൗരവമായി സഹായിക്കുമെന്നല്ലാതെ മറ്റൊരു കാര്യവും കേന്ദ്ര ഗവൺമെന്റിൽ നിന്നുമുണ്ടാകുന്നില്ല. അദ്ദേഹം ചോദിച്ച ഒരു കാര്യം ഈ ഗവൺമെന്റ് എന്ത് ചെയ്തുവെന്നാണ്; ഞാൻ നേരത്തേ മറുപടിയിൽ പറഞ്ഞു 150 രൂപയാണ് അതിന് താങ്ങുവില നിശ്ചയിച്ചിരിക്കുന്നത് എന്ന്. ഇന്നത്തെ വില 136 രൂപ. ബാക്കി 14 രൂപ, റബ്ബർ ബോർഡാണ് ഇത് ചെയ്യുന്നത്, സംസ്ഥാന ഗവൺമെന്റല്ല. റബ്ബർ ബോർഡ് പ്രോസസ്സിംഗ് നടത്തി കണക്ക് നൽകിയാൽ രണ്ടാഴ്ചയ്ക്കകം ആ തുക കൊടുക്കുക എന്നതാണ് നടപടിക്രമം. ഈ ഗവൺമെന്റ് 6 കോടി രൂപ കഴിഞ്ഞ രണ്ടാഴ്ച മുമ്പുകൊടുത്തു. ഈ രണ്ടാഴ്ചയ്ക്കകത്ത് കിട്ടിയിരിക്കുന്ന ക്ലെയിം 6 കോടി രൂപ മാത്രമാണ്. ആ 6 കോടി രൂപയിൽ ബാക്കി ഒരു രൂപ പോലുമില്ലാതെ ഈ ആഴ്ച തന്നെ കൊടുക്കാൻ പോകുകയാണ്. എന്നിട്ടും ഈ സർക്കാർ എന്ത് ചെയ്തുവെന്നാണ് അങ്ങ് ചോദിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റബ്ബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട പ്രശ്നം റബ്ബർ ബോർഡുമായി ചർച്ച ചെയ്തു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിൽ, റബ്ബർ അധിഷ്ഠിതമായ ഒരു വ്യവസായം വരണമെന്നാഗ്രഹിച്ച് റബ്ബർ കർഷകരെ സഹായി ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ആർക്കെങ്കിലും സ്വാഗതം ചെയ്യാൻ കഴിയാത്ത കാര്യമാണോ; എല്ലാ റബ്ബർ കൃഷിക്കാരും സ്വാഗതം ചെയ്ത ഒരു കാര്യമാണ്. അതോടൊപ്പം തന്നെ റബ്ബർ കൃഷിക്കാരെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നവുമുണ്ട്. റബ്ബർ വെട്ടി മാറ്റി റബ്ബർ തൈ വയ്ക്കുന്ന സമയത്ത്, ഒരു വർഷം ഏകദേശം 13,000 ഹെക്ടർ സ്ഥലത്ത് പുതിയതായി റബ്ബർ വയ്ക്കുന്നുവെന്നാണ് റബ്ബർ ബോർഡിന്റെ കണക്ക്. അങ്ങനെ വരുമ്പോൾ ഏകദേശം മൂന്ന് വർഷത്തിനുള്ളിൽ 39,000 ഹെക്ടർ സ്ഥലത്ത് പുതിയതായി റബ്ബർ വയ്ക്കുന്നുണ്ട്. അതിന്റെ പകുതി 20000 ഹെക്ടർ സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇടവിള കൃഷി ചെയ്യുന്നതിന് ഒരു സ്കീം തയ്യാറാക്കുന്നതിനായി റബ്ബർ ബോർഡിനോട് ഗവൺമെന്റ് ആവശ്യ പ്പെടുകയുണ്ടായി. എന്തിനുവേണ്ടിയാണ്; റബ്ബർ കർഷകർക്ക് വിലത്തകർച്ചമൂലമുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും അവർക്ക് ലാഭമുണ്ടാക്കുന്നതിനും വേണ്ടി. കൃഷി വകുപ്പ് ആദ്യമായിട്ടാണ് റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് 936 ആർ.പി.എസ്.-കളെ വിളിച്ചുകൂട്ടി അവർക്കുവേണ്ടി ഒരു സ്കീം തയ്യാറാക്കാൻ ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് മൂന്ന് വർക്ക്ഷോപ്പുകൾ ഈ ഗവൺമെന്റ് നടത്തി. ആ വർക്ക്ഷോപ്പിന്റെ അടിസ്ഥാനത്തിൽ അവർ 5.36 കോടി രൂപയുടെ സ്കീം തയ്യാറാക്കി നൽകി.

അതിൽ പറയുന്നത് ഇടവിളയായി വാഴ, പച്ചക്കറി എന്നിവയ്ക്ക് പുറമെ പൂകൃഷി അടക്കം അവിടെ ചെയ്യാൻ കഴിയാവുന്നതും ലഭ്യമാകുന്ന സൂര്യപ്രകാശത്തെ അടിസ്ഥാനപ്പെടുത്തി മണ്ണിന്റെ മൈക്രോ ന്യൂട്രിയന്റ്സ് വ്യത്യാസമനുസരിച്ച് അവിടെ ഏത് കൃഷി ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് വ്യക്തമായ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഓരോ ആർ.പി.എസ്.-കളെയും അതിന്റെ യൂണിറ്റുകളായി പരിഗണിച്ച് അവരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ വിൽപ്പന നടത്താനാവശ്യമായ സംവിധാനമുൾപ്പെടെ 5.36 കോടി രൂപയുടെ സ്കീം തയ്യാറാക്കി അംഗീകരിച്ചു. ആദ്യമായി റബ്ബർ കർഷകർക്കുവേണ്ടി സംസ്ഥാന കൃഷി വകുപ്പുതന്നെ നേരിട്ട് ഒരു പദ്ധതി തയ്യാറാക്കിയത് ഈ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. റബ്ബർ കർഷകർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല എന്നുപറയുന്നത് അടിസ്ഥാനരഹിതമായ കാര്യമാണ്. അതിനുപുറമേ കേന്ദ്ര ഗവൺമെന്റ് ഒരു സ്കീം തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടു. ആ സ്കീം റബ്ബർ കൃഷിക്കാർക്കുള്ള പ്രൈസ് യീൽഡ് ഇൻഷ്വറൻസ് സ്കീമാണ്. അത് പൈലറ്റ് പ്രോജക്ടായി കോട്ടയത്തും പാലക്കാടും നടപ്പാക്കാൻ തീരുമാനിച്ചു. 75 ശതമാനം കേന്ദ്രഗവൺമെന്റ് വിഹിതവും 15 ശതമാനം സംസ്ഥാന വിഹിതവും 10 ശതമാനം കർഷകന്റെ വിഹിതവുമായി 100 ശതമാനം വരുന്ന രീതിയിലാണ് ആ സ്കീം. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട മാറ്റങ്ങളും അതിന്റെ വിലത്തകർച്ചമൂലമുണ്ടാകുന്ന മാറ്റങ്ങളും നമ്മൾ ഒരുമിച്ച് തന്നെ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, റബ്ബർ ബോർഡ് മേഖലാ ഓഫീസുകളും റബ്ബർ ബോർഡും നിർത്തലാക്കാനുള്ള ചില നടപടികൾ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നതായി അടുത്ത സമയത്ത് മാധ്യമങ്ങളിൽ ചില വാർത്തകൾ വന്നിരുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് സംബന്ധിച്ച് എന്തെങ്കിലും സൂചന സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് ഒരു യാഥാർത്ഥ്യമാണ്. റബ്ബർ ബോർഡിന്റെ ഓഫീസ് ഇവിടെ നിന്നും മാറ്റാനുള്ള നീക്കമുണ്ടായതായി മനസ്സിലാക്കിയ ഉടൻതന്നെ കേന്ദ്രമന്ത്രിയെ നേരിട്ട് കണ്ട് സംസാരിക്കുകയും ഒരു കാരണവശാലും റബ്ബർ ബോർഡിന്റെ ഓഫീസ് ആസ്ഥാനം കേരളത്തിൽ നിന്ന് മാറ്റാൻ കഴിയില്ലെന്ന ശക്തമായ അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രതിപക്ഷംകൂടി ഇടപെടേണ്ടതാണ്. കാരണം ഇത് കേരളത്തിന്റെ പൊതുവായ താൽപ്പര്യമാണ്. അതുകൊണ്ട് തന്നെ റബ്ബർ ബോർഡ് ഓഫീസ് ആസ്ഥാനം കേരളത്തിൽ നിന്നും മാറ്റാനുള്ള തീരുമാനം ഒരു കാരണവശാലും സംസ്ഥാന സർക്കാർ അംഗീകരിക്കാൻ പോകുന്നില്ല. അതിനെതിരെ ഏത് രീതിയിലുള്ള സമ്മർദ്ദവും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ചെലുത്തുന്നതായിരിക്കും.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, വിവിധ റീജിയണൽ ഓഫീസുകൾ നിർത്തലാക്കാനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഒരു ഹെഡ്ക്വാർട്ടർ ഓഫീസ് മാത്രം മതി. ബാക്കിയെല്ലാം നിർത്തുകയാണ്. ഇത് കർഷകരോട് ചെയ്യുന്ന വലിയ ദ്രോഹമാണ്. ഗവൺമെന്റ് ഇടപെടേണ്ട ഒരു വിഷയമാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചതു പോലെ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് ഒരു ചിറ്റമ്മനയം അനുവർത്തിക്കുന്നുണ്ടെങ്കിൽ, അത് ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് അക്കാര്യങ്ങളിലെല്ലാം സൗഹാർദ്ദപരമായ രീതിയിൽ ഇടപെടലുകൾ നടത്തുന്നുണ്ട്. ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ ഇക്കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കത്ത് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിക്ക് ഗവൺമെന്റ് നൽകുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, എനിക്ക് ഇപ്പോൾ അത്ഭുതം തോന്നുകയാണ്. റബ്ബർ ബോർഡ് റീജിയണൽ ഓഫീസുകൾ മുഴുവൻ നിർത്തൽ ചെയ്യാൻ പോകുന്നു, ഇത് മുഴുവൻ ആസാമിലേയ്ക്ക് കൊണ്ടുപോകാൻ പോകുകയാണ്, റബ്ബർ ബോർഡ് തകർക്കാൻ പോകുകയാണ് എന്ന് ഈ സഭയിൽ ഒരിക്കൽ ഞാൻ സബ്മിഷൻ ഉന്നയിച്ചതാണ്. രേഖ പരിശോധിച്ചുനോക്കണം. ഒരു കുഴപ്പവുമില്ല എന്ന് അന്ന് പറഞ്ഞ മാന്യന്മാരാണ് ഇപ്പോൾ കരയുന്നത്. ഇപ്പോൾ കരയാൻ കാര്യമെന്താണ്; ഇത് നേരത്തേ ചെയ്യേണ്ടതല്ലേ; ഞാൻ പറഞ്ഞതാണല്ലോ; അന്ന് ഒന്നും പറ്റുകയില്ല എന്നുപറഞ്ഞു. അന്ന് നിങ്ങൾ കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ; നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാമായിരുന്നല്ലോ; ഇപ്പോൾ അപ്പുറവും ഇപ്പുറവും ഇരുന്ന് സംസാരിച്ചിട്ട് എന്താണ് കാര്യം?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ അത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് പോകണ്ട എന്ന് വിചാരിച്ചാണ് പറയാത്തത്. അങ്ങ് സൂചിപ്പിച്ച മറ്റൊരു കാര്യം വില സ്ഥിരതാ ഫണ്ടിനെ സംബന്ധിച്ചാണ്. ഗവൺമെന്റ് വില സ്ഥിരതാ ഫണ്ട് രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയാമോ; WTO-യുമായി ഏർപ്പെട്ടിരിക്കുന്ന ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ഒരു ഗവൺമെന്റിന് ഇത്തരം കാര്യങ്ങളിൽ സബ്സിഡി കൊടുക്കാൻ പാടില്ല എന്നുള്ളതുകൊണ്ടാണ്. ആ കരാറിൽ ഒപ്പുവച്ച ആളുകളാണ് നിങ്ങൾ. അതിന്റെ consequences ആണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. സബ്സിഡിയിൽ റബ്ബർ കൂടി ഉൾപ്പെടുത്തണമെന്നാണ് ഈ ഗവൺമെന്റ് ആവശ്യപ്പെടുന്നത്. അത് ബി.ജെ.പി. ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. എല്ലാ കരാറുകളും ഒപ്പുവച്ച ശേഷം ആ കരാറിന്റെ ഭാഗമായി ഉണ്ടാകുന്ന അനന്തരഫലങ്ങൾ കൃഷിക്കാരൻ നേരിടേണ്ടി വരുമ്പോൾ കൃഷിക്കാരനുവേണ്ടി മുതലക്കണ്ണീരൊഴുക്കുന്ന രാഷ്ട്രീയ പാപ്പരത്വം കാണിക്കരുതെന്ന് മാത്രമേ പറയുന്നുള്ളൂ...... (ബഹളം)........ ഇത് ശരിയായ നടപടിയല്ല. കാർഷിക മേഖലയുമായി ബന്ധപ്പെട്ട കാര്യത്തിൽ തുറന്ന ചർച്ചയ്ക്ക് ഞങ്ങൾ തയ്യാറാണ്.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ സംസാരിക്കട്ടെ....പ്ലീസ്....പ്ലീസ്.....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അങ്ങയുടെ പാർട്ടിയുടെ നേതാവായ ശ്രീ. ചതുരാനന്ദ് മിശ്രയാണ് ഉദാരവൽക്കരണ-ആഗോളവൽക്കരണ കാലഘട്ടത്തിലെ കരാറിൽ ഒപ്പുവച്ചിട്ടുള്ളത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?...... (ബഹളം).....

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ശ്രീ. പി. ടി. തോമസ് ഇതുപോലുള്ള ശുദ്ധ അസംബന്ധം പറയരുത്. ചതുരാനന്ദ് മിശ്രയല്ല കോൺഗ്രസ് ഗവൺമെന്റാണ് ഇതിൽ ഒപ്പുവച്ചിരിക്കുന്നത്.......(ബഹളം)..... ഇത് കേന്ദ്ര ഗവൺമെന്റ് നയത്തിന്റെ ഭാഗമായി വന്നതാണ്. ചതുരാനന്ദ് മിശ്ര....ചതുരാനന്ദ് മിശ്ര... എന്നുപറഞ്ഞ് ആന ചോർന്നത് കാണാതെ കടുക് ചോർന്നത് കാണുന്ന ആളാണ് അങ്ങ്. അങ്ങ് അത് മനസ്സിലാക്കണം.

<u>മി. സ്പീക്കർ</u>: പ്ലീസ്....ഇരിക്കു... പ്ലീസ്...ശ്രീ. കെ. രാജൻ.... ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് പറയാനുള്ള അവസരമാണ്. അതിന് അദ്ദേഹത്തിന് ശേഷിയുണ്ട്. അതിനകത്ത് നിങ്ങൾ ഇടപെടേണ്ട. അദ്ദേഹം വിശദീകരിച്ചുകൊള്ളും.......(ബഹളം).....

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ശ്രീ. പി. ടി. തോമസ് എം.പി. ആയിരുന്നപ്പോൾ ഈ കരാറുകൾക്കൊക്കെ കൈപൊക്കിക്കൊടുത്ത ആളാണ്. അത് ആദ്യം മനസ്സിലാക്കണം. ഈ കർഷക ദ്രോഹ നടപടികൾക്കൊക്കെ കൈപൊക്കിക്കൊടുത്തത് കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്താണ്. WTO കരാറും ആസിയാൻ കരാറും കൊണ്ടുവന്നത് നിങ്ങളാണ്. ഈ കരാറുകൾ കൊണ്ടുവന്നതുകൊണ്ടാണ് ഇതിനൊക്കെ വിലത്തകർച്ചയുണ്ടായത്. അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയും ഇടതുപക്ഷ പാർട്ടികളും ഇതിനെതിരെ നിലപാട് സ്വീകരിക്കുമ്പോൾ നിങ്ങൾ പറഞ്ഞത് എന്താണ്; ആസിയാൻ കരാർ ഉണ്ടാകട്ടെ, കൃഷിക്കാർക്ക് ധാരാളം അവസരമുണ്ടാകുമെന്നാണ്. എവിടെയാണ് അവസരം; ഇപ്പോൾ ഇറക്കുമതി തീരുവ ഇല്ലാതെ കുരുമുളക് ഇറക്കുമതി ചെയ്യുകയാണ്. സംസ്ഥാന ഗവൺമെന്റാണോ അത് തീരുമാനിച്ചത്?

10.00 AM]

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മുൻ കേന്ദ്ര ഗവൺമെന്റിന്റെയും അതുപോലെ ശ്രീ. പി. സി. ജോർജ് പറഞ്ഞത് മുൻ സംസ്ഥാന സർക്കാരിന്റെയും നയപ്പിശകാണെന്നാണ്. ഈ രണ്ട് സർക്കാരുകളേയും മാറ്റിയില്ലേ, കേന്ദ്രത്തിൽ ഭരണമാറ്റം വന്നില്ലേ; റബ്ബർ കർഷകരെ രക്ഷിക്കാൻ വേണ്ടി. കേരളത്തിൽ ഭരണമാറ്റം വന്നില്ലേ; അങ്ങ് പറഞ്ഞു, കൃഷിക്കാർക്ക് 150 രൂപ കൊടുക്കാൻ

ആസിയാൻ കരാർ തടസ്സമാകുന്നുവെന്ന്. അങ്ങനെ പറഞ്ഞാൽ കഴിഞ്ഞ സംസ്ഥാന സർക്കാരും ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതും ആ തടസ്സം നീക്കിയിട്ടാണോ? അന്ന് റബ്ബറിന്റെ വില 100 രൂപയായിരുന്നു, 150 രൂപയായി കൃഷിക്കാർക്ക് നൽകി. ഇന്ന് ഇപ്പോൾ റബ്ബറിന്റെ വില അന്നത്തേതിനേക്കാൾ കൂടിയതുകൊണ്ട് 200 രൂപ ആയി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തൃശ്ശൂർക്കാരുടെ ഭാഷയിൽ പറഞ്ഞാൽ പുറത്തുനിന്ന് ഓണേഴ്സ് വിളിക്കാൻ എളുപ്പമാണ്. ആ ഓണേഴ്സ് വിളി നടത്തരുത്. നിങ്ങൾ ചെയ്ത കാര്യങ്ങൾ പലതും ഞങ്ങൾക്കറിയാം. നിങ്ങൾ പുറത്തുനിന്നുള്ള ഓണേഴ്സ് വിളി നിർത്തണം. ഞങ്ങൾ കളിക്കുന്ന ആൾക്കാരാണ്, ഞങ്ങൾ കറകറ്റായി കാര്യങ്ങൾ ചെയ്തുകൊള്ളാം. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം .....(ബഹളം)..... പേടിപ്പിക്കുന്നതൊന്നുമല്ല, ഞങ്ങളും പേടിപ്പിച്ചിട്ടുള്ളതാണ്. കാര്യങ്ങൾ പറയുമ്പോൾ നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ രാഷ്ട്രീയം പറഞ്ഞപ്പോൾ ഞാനും രാഷ്ട്രീയം പറഞ്ഞു. .....(ബഹളം).....ഞാൻ രാഷ്ട്രീയം പറയാൻ ഉദ്ദേശിച്ചതല്ല. നിങ്ങൾ പറഞ്ഞാൽ ഞാനും പറയും, പറഞ്ഞിരിക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ നിങ്ങൾ ചെയറിനെ നോക്കി സംസാരിക്കൂ. അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രൊഡക്ഷൻ ഇൻസെന്റീവെന്ന് പേരുകൊടുക്കാൻ കാരണമെന്താണെന്ന് ഇവിടെ ചോദിച്ചു. കോൺഗ്രസ് ഗവൺമെന്റും ബി.ജെ.പി. ഗവൺമെന്റും കൊണ്ടുവന്ന കരാർ പ്രകാരം സബ്സിഡി കൊടുക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ സംസ്ഥാന ധനകാര്യ വകുപ്പാണ് പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന സ്കീമുണ്ടാക്കി കൃഷിക്കാരെ രക്ഷിക്കാനായി 704 കോടി രൂപ കൊടുത്തത്. അത് ഈ ഗവണ്മെന്റാണ് ചെയ്തത്. അത് നിങ്ങൾ മനസ്സിലാക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ കുരുമുളകിന്റെ കാര്യം പറഞ്ഞു......(ബഹളം).....

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്തും ശ്രീ. കെ. രാജനുമൊന്നും എഴുന്നേൽക്കേണ്ട യാതൊരാവശ്യവുമില്ല. നിങ്ങൾ ഇരുന്നോളൂ, അദ്ദേഹം വ്യക്തമായി പറഞ്ഞു കൊള്ളും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുരുമുളകിന്റെ വില കഴിഞ്ഞ വർഷം 705 രൂപയായിരുന്നു. ഇപ്പോൾ 556 രൂപയാണ്. 2013-14-ൽ 304 രൂപയായിരുന്നു. നമ്മൾ യാഥാർത്ഥ്യം മനസ്സിലാക്കണം. കുരുമുളകിന്റെ വിലയിടിയുന്നത് രണ്ട് കാരണങ്ങൾ കൊണ്ടാണ്. ഒന്ന്, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കുണ്ടായ പ്രയാസങ്ങളെത്തുടർന്ന് അവർ വൻതോതിൽ കുരുമുളക് സ്റ്റോക്ക് ചെയ്തു. അത് മാർക്കറ്റിൽ ഇറക്കിയത് വിലയിടിവിന്

കാരണമായി എന്നാണ് കണക്കാക്കുന്നത്. അതോടൊപ്പം ഇവർ ഉണ്ടാക്കിയ കരാർ പ്രകാരം വിയറ്റ്നാമിൽനിന്നും ശ്രീലങ്കയിൽനിന്നും തീരുവ കൂടാതെ ഇറക്കുമതി ചെയ്യാൻ ആർ.സി.ഇ.പി. കരാർ ഉണ്ടാക്കാൻ പോകുകയാണ്. ഇവർ ഉണ്ടാക്കിയ ആ കരാർ ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കാൻ പോകുകയാണ്. അതിന്റെ മന്ത്രിതല ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ആർ.സി.ഇ.പി. കരാർ വരുന്നതോടു കൂടി കുരുമുളകടക്കമുള്ള നിരവധി നാണ്യവിളകൾ തീരുവ കൂടാതെ ഇന്ത്യയിലേയ്ക്ക് ഇഷ്ടംപോലെ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുക്കാൻ പോകുകയാണ്. അതിനെതിരെ ആദ്യമായി ശക്തമായ നിലപാട് സ്വീകരിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ഞങ്ങൾ അതിനെതിരായി ശക്തമായ നിലപാട് സ്വീകരിച്ചിരിക്കുകയാണ്......(ബഹളം)....

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഞങ്ങളെ പരിഹസിച്ചു. ഞങ്ങൾ പുറത്തുനിന്ന് ഓണേഴ്സ് വിളിക്കുകയാണെന്ന് പറഞ്ഞു. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം, 150 രൂപ യു.ഡി.എഫ്. ഏർപ്പെടുത്തുമ്പോൾ റബ്ബറിന്റെ വില 80 രൂപ ആയിരുന്നു. സംസ്ഥാന ഗവൺമെന്റ് ഒരു കിലോ റബ്ബറിന് 70 രൂപ കൊടുത്തു. ഇന്ന് റബ്ബറിന്റെ വില 130 രൂപയാണ്. ആ വ്യത്യാസമുണ്ട്. അതുകൊണ്ടാണ് റബ്ബറിന്റെ വില 200 രൂപ ആയി വർദ്ധിപ്പിക്കണമെന്ന് പറയുന്നത്. അല്ലാതെ ഓണേഴ്സ് വിളിച്ചതല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ അഞ്ച് വർഷംകൊണ്ട് എത്ര രൂപ കൊടുത്തു; അഞ്ച് വർഷംകൊണ്ട് നിങ്ങളുടെ ഗവൺമെന്റ് 350 കോടി രൂപ കൊടുത്തുവെങ്കിൽ ഞങ്ങളുടെ ഗവൺമെന്റ് ഒരു വർഷംകൊണ്ട് 740 കോടി രൂപ കൊടുത്തു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഇതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന 203 കോടി രൂപയുടെ കുടിശ്ശിക കൊടുത്തത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. അതിൽ ഞാൻ തെറ്റ് പറയുകയല്ല. ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 200 രൂപ ആയി വർദ്ധിപ്പിക്കണമെന്നത് യാഥാർത്ഥ്യമാണ്. ഇപ്പോൾ ഗവൺമെന്റ് അത് പരിഗണിച്ചിട്ടില്ല. ഞങ്ങൾ പരിഗണിക്കില്ലെന്ന് പറഞ്ഞിട്ടില്ല. സാമ്പത്തിക സ്ഥിതി അനുസരിച്ച് അത് പരിഗണിക്കാവുന്നതാണ്. 150 രൂപ എന്നത് അന്ന് യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചതാണ്. അത് സ്വാഗതാർഹമാണ്. അത് കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പിന്നീട് ഗവൺമെന്റ് പരിശോധിക്കും. കൃഷിക്കാർക്ക് കൊടുക്കാനുള്ള ഒരു പൈസപോലും കുടിശ്ശികയായി വച്ചിട്ടില്ല.

കശുവണ്ടിയെപ്പറ്റി പറഞ്ഞു. ഇത് എന്റെ വകുപ്പുമായി ബന്ധപ്പെട്ട കാര്യമല്ല. സംസ്ഥാനത്ത് ആദ്യമായി പ്ലാന്റേഷൻ കോർപ്പറേഷന്റെ എല്ലാ കശുവണ്ടിയും കശുവണ്ടി വികസന കോർപ്പറേഷനെക്കൊണ്ട് എടുപ്പിക്കാൻ തീരുമാനിച്ചത് ഈ ഗവൺമെന്റാണ്. പ്രൈവറ്റ് കമ്പനികൾ സംഭരിക്കുന്നതിനുപകരം ഇപ്പോൾ സർക്കാർ പ്ലാന്റേഷനിലെ മുഴുവൻ കശുവണ്ടിയും സംഭരിക്കുന്നത് സംസ്ഥാന കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷനാണ്. ആദ്യമായി കേരളത്തിൽനിന്നും കശുവണ്ടി കയറ്റുമതി ചെയ്തത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്.

നെല്ല് സംഭരിച്ചതുമായി ബന്ധപ്പെട്ട് ഏപ്രിൽ 30 വരെയുള്ള 1,039 കോടി രൂപ ഇതിനകം കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള പൈസ കൊടുക്കുന്നതിനുള്ള പ്രൊസീഡ്യുവർ നടന്നുകൊണ്ടിരിക്കുകയാണ്. ബാങ്കുകൾ തമ്മിലും സഹകരണ ബാങ്കുകൾ തമ്മിലും ഫിനാൻസ്, സിവിൽ സപ്ലൈസ്, കൃഷി എന്നീ വകുപ്പുകളുമായും ചേർന്നുകൊണ്ട് അടുത്ത സീസൺ മുതൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഡിലേ അവസാനിപ്പിക്കാൻ, കൃഷിക്കാരുടെ നെല്ല് സംഭരിച്ചാലുടൻ, അതിന്റെ പി.ആർ.എസ്. കൊടുത്തുകഴിഞ്ഞാൽ അപ്പോൾത്തന്നെ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പൈസ എത്തിച്ചേരുന്ന രീതിയിലുള്ള തീരുമാനമെടുത്തുകഴിഞ്ഞു. അതോടുകൂടി നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഡിലേ അവസാനിക്കാൻ പോകുകയാണ്. സംസ്ഥാന ഗവൺമെന്റ് എന്ന നിലയിൽ അങ്ങ് സൂചിപ്പിച്ച എല്ലാ കാര്യങ്ങളും പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതിനപ്പുറത്ത് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങ് ചർച്ചയിൽ പറഞ്ഞതും പ്രതിപക്ഷാംഗങ്ങൾ ചൂണ്ടിക്കാണിച്ചതുമായ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് റബ്ബർ മേഖലയും നാണ്യവിളകളുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സംസ്ഥാന ഗവൺമെന്റ് തുറന്ന സമീപനമാണ് സ്വീകരിക്കുന്നത്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കുവേണ്ടി പ്രതിപക്ഷം ഉന്നയിച്ച എല്ലാ കാര്യങ്ങളും അംഗീകരിച്ചുകൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതനുസരിച്ച് മുന്നോട്ടുപോകും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ഇപ്പോഴും പ്രതിപക്ഷത്ത് ഉണ്ടായിരുന്നപ്പോഴുള്ള ഹാംഗോവർ വിട്ടിട്ടില്ല എന്നാണ് അദ്ദേഹത്തിന്റെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. പ്രതിപക്ഷത്തിരുന്നപ്പോൾ അദ്ദേഹം സംസാരിച്ചതുപോലെ മന്ത്രിയായിരിക്കുമ്പോൾ സംസാരിക്കരുത്. കാരണം അങ്ങ് ഉത്തരവാദിത്വമുള്ള ഒരു മന്ത്രിയാണ്. പ്രതിപക്ഷത്തുനിന്നും പല അംഗങ്ങളും പല കാര്യങ്ങളും ഉന്നയിക്കും. ഇവിടെ കാർഷിക മേഖല വൻതകർച്ച നേരിടുകയാണ്. നാണ്യവിളകളും കാർഷിക വിളകളും വലിയ പ്രതിസന്ധി

നേരിടുകയാണ്. ഇന്നത്തെ 'ദീപിക' ദിനപത്രത്തിൽ അതിനെക്കുറിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്. കേരളത്തിലെ കർഷകർ നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ ഒരു നേർചിത്രമാണ് ഇന്നത്തെ ദീപിക ദിനപത്രത്തിന്റെ എഡിറ്റോറിയൽ സൂചിപ്പിക്കുന്നത്. ഇന്റർനാഷണൽ മാർക്കറ്റിലെ വിലത്തകർച്ച, കാലാവസ്ഥാ വ്യതിയാനം, നൂറായിരം പ്രശ്നങ്ങൾ തുടങ്ങിയവ കാർഷിക മേഖലയെ തകർത്തുകൊണ്ടിരിക്കുകയാണ്. റബ്ബർ, കുരുമുളക്, ഏലം, നെല്ല്, മഞ്ഞൾ, ഇഞ്ചി തുടങ്ങിയ എല്ലാ കാർഷിക വിളകളും ഗുരുതരമായ വിലത്തകർച്ച നേരിടുകയാണ്. ഈ ഗവൺമെന്റിന്റെ കുറ്റംകൊണ്ടാണ് എന്നൊന്നുമല്ല പറഞ്ഞത്. ഇന്റർനാഷണൽ മാർക്കറ്റിലെ ഫ്ലക്ച്ചുവേഷൻസ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങി ധാരാളം പ്രശ്നങ്ങൾ കർഷക സമൂഹം നേരിടുകയാണ്. ഈ പ്രശ്നങ്ങളെ സർക്കാർ ഗൗരവപൂർവ്വം കാണുകയും പരിഹരിക്കാൻ കഴിയുന്നത് സംസ്ഥാന സർക്കാരും കേന്ദ്ര ഗവൺമെന്റിന് മുന്നിൽ അവതരിപ്പിക്കേണ്ടവ അവിടെയും അവതരിപ്പിച്ച് ഇടപെടൽ നടത്തിക്കണമെന്ന ആവശ്യമാണ് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. വരൾച്ചമൂലം 30,353 ഹെക്ടർ സ്ഥലത്തെ കൃഷിയാണ് നശിച്ചത്. ഹ്രസ്വകാല വിളകൾക്ക് 30 ശതമാനം മുതൽ 50 ശതമാനം വരെയും ദീർഘകാല വിളകൾക്ക് 20 ശതമാനം വരെയും വിളവ് കുറഞ്ഞു. ഇത്തവണത്തെ വരൾച്ചമൂലം ഗുരുതരമായ ആഘാതമാണ് കാർഷിക വിളകൾക്ക് ഉണ്ടായിരിക്കുന്നത്.

നാളികേരത്തിന്റെ നാടാണ് കേരളം. പക്ഷേ നാളികേര ഉൽപ്പാദനത്തിന്റെ കാര്യത്തിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്. കേരളത്തിൽ ഒരു ഹെക്ടർ സ്ഥലത്തെ നാളികേര ഉൽപ്പാദനം 7535 ആണെങ്കിൽ ആന്ധ്രാ പ്രദേശിൽ അത് 13,803 ആണ്. ഇത്തവണ നാളികേരത്തിന്റെ വിലയിൽ 50 ശതമാനം വരെ കുറവുണ്ടാകുമെന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്.

ഇപ്പോഴത്തെ വരൾച്ചയുടെ ഫലമെന്താണ്; അടുത്ത 5 വർഷം നാണ്യവിളകളെയും കാർഷിക വിളകളെയും ഇത് ബാധിക്കാൻ പോകുന്നു എന്നതാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. നെല്ല് ഉൽപ്പാദകരായ കർഷകരുടെ പ്രശ്നങ്ങളിൽ സർക്കാർ കുറേക്കൂടി കാര്യക്ഷമമായി ഇടപെടേണ്ടതായിരുന്നു. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഈ വർഷം നെല്ലുൽപ്പാദന വർഷമായിട്ടാണ് ആചരിച്ചത്. ഞങ്ങളെല്ലാവരും സഹകരിച്ചു. എന്റെ നിയോജക മണ്ഡലത്തിലെ തരിശു നിലങ്ങൾ കൃഷി ചെയ്യാൻ ഞങ്ങളൊക്കെ മുൻകയ്യെടുത്തതാണ്. അങ്ങുതന്നെ വന്ന് കണ്ടതാണല്ലോ. പക്ഷേ ഉൽപ്പാദിപ്പിച്ച നെല്ല് കൃത്യസമയത്ത് എടുക്കാൻ കഴിഞ്ഞില്ല. ഈർപ്പമേറിയ നെല്ലുകൾ എടുക്കാൻ മില്ലുകാർ തയ്യാറായില്ല. ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് നെല്ല് നശിച്ചു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, നെല്ല് സംഭരണം സമയത്ത് നടത്താതിരുന്നതുമൂലം നെല്ല് നശിച്ചുവെന്ന് പറയുന്നത് ശരിയല്ല. കുട്ടനാട്ടിലെ 10 പാടങ്ങളിൽ കൊയ്ത്ത് നടക്കണം. ആ 10 പാടങ്ങളിൽ മാത്രമേ ഇനി നെല്ല് എടുക്കാനുള്ളൂ. ബാക്കി മുഴുവൻ നെല്ലും എടുത്തുകഴിഞ്ഞു. ചില

സ്ഥലങ്ങളിൽ ചില വിഷയങ്ങളുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ ക്വാളിറ്റിയിൽ വ്യത്യാസം വന്നപ്പോൾ മില്ലുകാരും ഇവരും തമ്മിൽ പ്രശ്നമുണ്ടായി. ഞങ്ങൾ സമയത്ത് ഇടപെട്ടു. കൃത്യസമയത്തുതന്നെ അതെല്ലാം സംഭരിച്ചു. സംഭരണം മിക്കവാറും കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങളുടെ മേഖലയിലുള്ള പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെട്ട് ഞാനും ആ സമയത്തുതന്നെ ബഹുമാനപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ടിരുന്നു. ഇപ്പോൾ കരിനിലങ്ങളിലെ കർഷകരുടെ നെല്ല് എടുക്കുന്നതുസംബന്ധിച്ച് മില്ലുകാരുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പ്രശ്നമാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മില്ലുകാർ പലപ്പോഴും പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിനുകാരണം കരിനിലങ്ങളിലെ നെല്ലിന് ക്വാളിറ്റി കുറവായിരുന്നു എന്നതാണ്. അതിനുപുറമേ കാലാവസ്ഥാ വ്യതിയാനംമൂലം നെല്ലിന് തൂക്കം കുറഞ്ഞ പ്രശ്നവുമുണ്ടായിരുന്നു. അതൊക്കെ പരിഹരിക്കാൻവേണ്ടി അന്നുതന്നെ ജില്ലാ കളക്ടറെയും പി.ഒ.-യെയും ചുമതലപ്പെടുത്തിക്കൊണ്ട് കൃത്യമായ അസസ്സ്മെന്റ് നടത്തുകയും അതിൽ വരുന്ന ഗ്യാപ് എത്രയാണെങ്കിലും കൃഷി വകുപ്പ് കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഇപ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെല്ലാം കളക്ടർ ചെയർമാനായ കമ്മിറ്റി പരിശോധിച്ചതിനുശേഷം അതിന്റെ ഡിഫറൻസ് കൃഷി വകുപ്പ് കൊടുക്കാൻ തീരുമാനിക്കുകയും ആ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞത് സമയബന്ധിതമായി ഇടപെടുക എന്നാണ്. ഓരുമുട്ടിന്റെ കാര്യം ഇവിടെ എല്ലാവരും സൂചിപ്പിച്ചു. ഇത്തവണയാണ് ഏറ്റവും കൂടുതൽ ഉപ്പുവെള്ളം കയറി നെൽകൃഷി നശിച്ചത്. ഇതെല്ലാം മുൻകൂട്ടി കണ്ടുകൊണ്ട് നടപടി സ്വീകരിക്കാത്തതുമൂലം പ്രശ്നം നേരിടുന്നത് കർഷകരാണ്.

അതുപോലെ കുരുമുളകിന്റെ വില 700 രൂപയിൽനിന്ന് 420 രൂപയായി കുറഞ്ഞിരിക്കുകയാണ്. വിയറ്റ്നാമിൽ ഇപ്പോൾ വിളവെടുപ്പ് തുടങ്ങിയിരിക്കുകയാണ്. ഇതുമൂലം ഇനിയും കുരുമുളകിന്റെ വിലയിടിയുമെന്നാണ് കണക്കാക്കുന്നത്. റബ്ബറിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനം തികച്ചും നിഷേധാത്മകമാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ റബ്ബർ ഉൾപ്പെടുത്തുമെന്നു പറഞ്ഞു. ഉൾപ്പെടുത്തിയിട്ടില്ല. റബ്ബർ നയമുണ്ടാക്കുമെന്ന് പറഞ്ഞു. ഇപ്പോൾ അതിൽ നിന്ന് കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രി പിറകോട്ട് പോകുന്നു. റബ്ബർ ബോർഡ് നിർത്തലാക്കാനുള്ള ശ്രമവും റബ്ബർ ബോർഡിന്റെ ആസ്ഥാനം മാറ്റാനുള്ള ശ്രമവും നടക്കുന്നു. തന്നെയുമല്ല, റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കാതിരിക്കാനുള്ള നീക്കം വൻതോതിൽ നടക്കുകയാണ്. റബ്ബറിന്റെ ഇന്നത്തെ വില 129 രൂപയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് റബ്ബറിന് വില 70 രൂപ ആയപ്പോൾ ഞങ്ങൾ 150 രൂപ വില കിട്ടത്തക്ക നിലയിലുള്ള

സംവിധാനമാണ് ഏർപ്പെടുത്തിയത്. 500 കോടി രൂപ അന്ന് യു.ഡി.എഫ്. സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. അതിന്റെ ഫലമായിട്ടാണ് കർഷകർക്ക് 150 രൂപയെങ്കിലും മിനിമം വില കിട്ടത്തക്ക നിലയിലുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞത്. വില 70 രൂപ ആയപ്പോൾ ഞങ്ങൾ അത് 150 രൂപയാക്കാൻ വേണ്ടി സബ്സിഡി കൊടുക്കുകയുണ്ടായി. അതുകൊണ്ടാണ് ബഹുമാന്യരായ ശ്രീ. കെ. സി. ജോസഫ്, ശ്രീ. സണ്ണി ജോസഫ് എന്നിവർ ഇതിന്റെ വില 200 രൂപയെങ്കിലുമാക്കി നിജപ്പെടുത്തണമെന്ന് പറഞ്ഞത്. ഇപ്പോൾ സ്ഥിതി എന്താണ്; ആഭ്യന്തര റബ്ബർ വിപണി ഗുരുതരാവസ്ഥയിലാണ്. ഇന്തോനേഷ്യയിലും തായ്‌ലന്റിലും ടാപ്പിംഗ് പുനരാരംഭിച്ചു. ഇനിയും വില കുറയാനുള്ള സാധ്യതയുണ്ട്. ഉത്തര കൊറിയ - അമേരിക്ക യുദ്ധ ഭീഷണി, ക്രൂഡോയിലിന്റെ വിലത്തകർച്ച തുടങ്ങിയ എക്സ്റ്റേണലായിട്ടുള്ള പ്രശ്നങ്ങൾ കാരണം റബ്ബറിന്റെ വില ഇനിയുമിടിയും എന്നുള്ള ആശങ്ക കർഷകർ നേരിടുകയാണ്. ആഭ്യന്തര/രാജ്യാന്തര റബ്ബർ വിപണിയിൽ ഉണ്ടായിരിക്കുന്ന മാന്ദ്യം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കാരണം റബ്ബറിന്റെ വില ഇനിയുമിടിയും. 129 രൂപയിൽനിന്ന് വീണ്ടും വില താഴേയ്ക്ക് പോകും എന്നുള്ള ആശങ്ക കർഷകർക്കുണ്ട്. അങ്ങനെ വില ഇടിയാതിരിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അതിനു വേണ്ടിയാണ് 200 രൂപയെങ്കിലുമായി ഇതിന്റെ വില വർദ്ധിപ്പിക്കാനാവശ്യമായ നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്.

ടയർ ഉണ്ടാക്കാൻ മാത്രമേ റബ്ബർ ഉപയോഗിക്കൂ എന്നുള്ള വിചിത്രമായ വാദമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ടുതന്നെ റബ്ബർ ബോർഡ് ഇല്ലെങ്കിലും കുഴപ്പമില്ല എന്നുള്ള സമീപനമാണ് അവർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. റബ്ബർ ഗവേഷണ ബോർഡ് നിർത്തലാക്കുന്നതിനെ കുറിച്ച് കേന്ദ്രസർക്കാർ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സ്ഥിതി എന്താണ്; ഈ ടയർ കമ്പനികൾ ആഘോഷിക്കുകയാണ്. ടയർ കമ്പനികൾ ഇന്ന് കർഷകരെ ചൂഷണം ചെയ്യുന്നു. റബ്ബറിന് വില കുറയുന്നു. പക്ഷേ ഒരു ടയറിന്റെയും വില കുറയുന്നില്ല. കർഷകരെ ചൂഷണം ചെയ്യുകയും ടയർ കച്ചവടക്കാർ, ഉൽപ്പാദകർ എന്നിവർ ആഘോഷം നടത്തുകയും ചെയ്യുന്ന സ്ഥിതിയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. മാത്രമല്ല തായ്‌ലന്റിൽനിന്ന് 31 ലക്ഷം ടൺ റബ്ബർ അന്താരാഷ്ട്ര വിപണിയിൽ വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിൽ 98,000 ടൺ വിറ്റു എന്നുള്ള സൂചനയുമുണ്ട്. ഇതിന്റെ പ്രത്യാഘാതം അനുഭവിക്കേണ്ടത് കേരളത്തിലെ പാവപ്പെട്ട റബ്ബർ കർഷകരാണ്.

ഇവിടെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഡോ. എം. എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനും അഖിലേന്ത്യാ കിസാൻ സഭയുടെ ജനറൽ സെക്രട്ടറി അതുൽകുമാർ അഞ്ജാൻ അംഗവുമായിരുന്ന ദേശീയ കർഷക കമ്മീഷൻ ഫലപ്രദമായ ഒന്നുരണ്ട് ശിപാർശകൾ നൽകിയിട്ടുണ്ട്. ഞാൻ അത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഉൽപ്പാദനച്ചെലവും അതിന്റെ പകുതിയും ചേർത്താണ് കാർഷിക ഉൽപ്പന്നത്തിന്റെ വില നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. പക്ഷേ എല്ലാ

കാർഷികോൽപ്പന്നങ്ങൾക്കും ഉൽപ്പാദന ചെലവും ആ ചെലവിന്റെ പകുതിയും ചേർത്ത് കാർഷിക ഉൽപ്പന്നത്തിന്റെ വില നിശ്ചയിക്കാനുള്ള സംരംഭമുണ്ടായാൽ മാത്രമേ ഇനി കർഷകരെ പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും വില സ്ഥിരതാ ഫണ്ടിന്റെ ആവശ്യം ഉണ്ടെന്നുള്ള നിലയിലേയ്ക്കാണ് നമ്മൾ എത്തിച്ചേർന്നിരിക്കുന്നത്. പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നമ്മൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ചെറുകിട കർഷകരുടെ 2 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നുള്ള ഒരു നിർദ്ദേശം കൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. വലിയ പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം. അങ്ങ് പറഞ്ഞ ഒരു രാഷ്ട്രീയ കാര്യത്തിനും ഞാൻ മറുപടി പറയുന്നില്ല. കാലാകാലങ്ങളിൽ ഇരിക്കുന്ന സർക്കാരുകൾക്ക് ഓരോ സമീപനമുണ്ടാകും. ആ കാലഘട്ടത്തിന്റെ പ്രത്യേകത അനുസരിച്ച് നയങ്ങളും ഉണ്ടാകും.

ആസിയാൻ കരാറും ഡബ്ല്യൂ.ടി.ഒ. കരാറുംമൂലം ഇന്ത്യാ ഗവൺമെന്റിനും രാജ്യത്തിനും നേട്ടങ്ങളുണ്ടായിട്ടില്ല എന്നുപറയുന്ന ഒരാളല്ല ഞാൻ. അങ്ങനെ വിശ്വസിക്കുന്നുമില്ല. അന്ന് ഞാൻ പാർലമെന്റ് അംഗമായിരുന്നു. ചതുരാനന്ദ മിശ്ര കൃഷി വകുപ്പുമന്ത്രി ആയിരുന്ന കാലത്താണ് ഇതിന്റെ ചർച്ചകൾ ആരംഭിച്ചത്. പക്ഷേ ഒപ്പിട്ടത് അദ്ദേഹമല്ല. അദ്ദേഹത്തിന്റെ പ്രസംഗം വേണമെങ്കിൽ ഞാൻ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിക്ക് കൊടുക്കാം. ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങളെപ്പറ്റി പറഞ്ഞു. അന്തർദ്ദേശീയ തലങ്ങളിൽ ഉണ്ടാകുന്ന എഗ്രിമെന്റുകൾ രാജ്യത്തിന്റെ പൊതുതാൽപ്പര്യങ്ങൾക്ക് ഗുണകരമാണെങ്കിൽ അത് ഡബ്ല്യൂ.ടി.ഒ. ആണെങ്കിലും ആസിയാൻ കരാർ ആണെങ്കിലും ഒപ്പിടേണ്ടി വരും.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, തായ്‌ലന്റിലെ റബ്ബർ കൃഷി ലൈവ്‌ലിഹുഡിനെ ബാധിക്കുമെന്ന് പറഞ്ഞ് അവർ അത് നെഗറ്റീവ് ലിസ്റ്റിൽ കൊണ്ടുവന്നു. അങ്ങ് പാർലമെന്റ് അംഗമായിരുന്നപ്പോൾ അതുപോലെ നെഗറ്റീവ് ലിസ്റ്റിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ലല്ലോ. അങ്ങ് അതിനുവേണ്ടി ഒരു ശ്രമവും നടത്തിയില്ലല്ലോ. അതിന്റെ വേദനയാണ് ഇപ്പോൾ അറിയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അത്തരം പല പല പ്രശ്നങ്ങളുണ്ട്. ശ്രീ. കെ. കൃഷ്ണൻകുട്ടി ഒരു നല്ല കർഷകനാണ്. ഞാൻ അതിന്റെ നിറ്റിഗ്രിറ്റീസിലേയ്ക്ക് (knitti gritties) പോകുന്നില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന പല കരാറുകളും സംസ്ഥാനങ്ങളെ എങ്ങനെ ബാധിക്കും എന്നതുസംബന്ധിച്ച് ഒരു ചർച്ചയും ആശയ വിനിമയവും സംസ്ഥാന സർക്കാരുകളുമായി കേന്ദ്ര സർക്കാർ നടത്താറില്ല. ആർ.സി.ഇ.പി. കരാറിന്റെ കാര്യത്തിലും ഇതാണ് സംഭവിക്കാൻ പോകുന്നത്.

ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട് കശുവണ്ടി, പാൽ ഉൽപ്പന്നങ്ങൾ, റബ്ബർ, തേയില തുടങ്ങിയ വിഷയങ്ങളിൽ ഗുരുതരമായ പ്രത്യാഘാതം കേരളത്തിനുണ്ടാകാൻ പോകുകയാണ്. കരാറുകൾ ഉണ്ടാക്കുന്നതിനുമുമ്പ് അത് ബാധിക്കുന്ന സംസ്ഥാനങ്ങളുടെ അഭിപ്രായംകൂടി അറിഞ്ഞതിനശേഷം മാത്രമേ പാടുള്ളൂ എന്ന കത്ത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കൊടുക്കാൻ കാരണം ഇതാണ്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്;

ശ്രീ. രമേശ് ചെന്നിത്തല: സർ, ആർ.സി.ഇ.പി കരാർ നടപ്പാക്കുന്നതിന് മുമ്പായി സംസ്ഥാനങ്ങളോട് ആലോചിക്കണം എന്നത് ഞാൻ അംഗീകരിക്കുകയാണ്. കർഷകർ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ടെങ്കിൽ അത് റെക്റ്റിഫൈ ചെയ്യണം എന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല, ഓരോ കാലഘട്ടത്തിലും രാജ്യത്തിന്റെ പൊതുവായ താല്പര്യത്തിനനുസരിച്ച് കരാറുകൾ ഉണ്ടാകാറുണ്ടെന്നത് പുതിയ കാര്യമല്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കയറ്റുമതി ചെയ്യുന്ന സൺഫ്ലവർ ഓയിൽ, ബസുമതി അരി തുടങ്ങിയവയ്ക്ക് ഈ കരാർ കാരണം വില താഴോട്ടുപോയിട്ടില്ല. കാർഷിക മേഖലയിലുണ്ടായിട്ടുള്ള വിലത്തകർച്ച നേരിടാൻ സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ ഉണർന്നു പ്രവർത്തിക്കണം എന്നുള്ളതാണ് പ്രതിപക്ഷം ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യം. കർഷകരെ കണ്ണുനീരിലാഴ്ത്തിയിരിക്കുന്ന ഈ നടപടികൾ അടിയന്തിരമായി പരിഹരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം, ഏതായാലും ഇക്കാര്യം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഈ വിഷയത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഒരുമിച്ച് അനുകൂലമായ നിലപാടെടുത്താൽ മാത്രമേ കർഷകന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. കാലാവസ്ഥാ വ്യതിയാനം, ക്രൂഡ് ഓയിലിന്റെ വിലത്തകർച്ച, അന്തർദ്ദേശീയ തലത്തിൽ നടന്നുകൊണ്ടിരിക്കുന്ന അമേരിക്കയും ഉത്തര കൊറിയയും തമ്മിലുള്ള സംഘർഷങ്ങളടക്കം റബ്ബറിന്റെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കൂടാതെ ഇപ്പോൾ തായ്‌ലന്റിലും ഇൻഡോനേഷ്യയിലും ടാപ്പിംഗ് ആരംഭിച്ചതിന്റെ ഭാഗമായി ഈ രാജ്യങ്ങളിൽ നിന്നൊക്കെ റബ്ബർ നമ്മുടെ നാട്ടിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. Free Trade Agreement-ന്റെ ഭാഗമായി എവിടെ നിന്നും റബ്ബർ ഇറക്കുമതി ചെയ്യാൻ സാധിക്കുന്ന ഒരു സാഹചര്യം വന്നതോടുകൂടി ആഭ്യന്തര റബ്ബർ കർഷകരുടെ അവസ്ഥ ദുരിതത്തിലായിരിക്കുകയാണ്. റബ്ബർ വില ഇപ്പോൾ 129 രൂപയെത്തി. ഇനിയും വില താഴാനുള്ള സാധ്യതയാണ് കാണുന്നത്.

അതുകൊണ്ടാണ് 150 രൂപ കർഷകന് കിട്ടുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് പറഞ്ഞത്. കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് 500 കോടി രൂപ വില സ്ഥിരതയ്ക്കായി മാറ്റിവച്ചത്. ഈ ഗവൺമെന്റും അതേ തുക തന്നെയാണ് വകയിരുത്തിയത്. കുടിശ്ശിക വരുന്നതിന് ഉത്തരവാദി റബ്ബർ ബോർഡ് ആണെന്നത് ശരിയാണ്. ഇവിടെ റബ്ബർ ബോർഡ് പറഞ്ഞിട്ടുള്ള കാര്യം 70000-ത്തോളം പുതിയ കർഷകർ വന്നു, അതിന് പുറമേ നിലവിലെ കർഷകർക്ക് അഡീഷണൽ ഏരിയ ഓഫ് കൾട്ടിവേഷൻ വന്നു. ഇക്കാര്യങ്ങൾ പ്രോസസ്സ് ചെയ്യുന്നതിന് സമയമെടുക്കുന്നതുകൊണ്ടാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കൃത്യമായ കണക്കുകൾ തരാൻ കഴിയാത്തത് എന്നുപറഞ്ഞ് അവർ കൈയൊഴിയുകയാണ്. ഇക്കാര്യത്തിൽ വളരെ ശക്തമായ നിലപാട് സംസ്ഥാന ഗവൺമെന്റെടുക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ കാര്യത്തിൽ കേന്ദ്രത്തിനെതിരെയുള്ള ശക്തമായ നിലപാട് സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. അത് ഏത് രീതിയിലായിരിക്കണമെന്ന് വ്യക്തമാക്കി പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകണമെന്നതാണ് ഞങ്ങളുടെ അഭിപ്രായം. മാത്രമല്ല ദേശീയ റബ്ബർ നയം രൂപീകരിക്കുമെന്ന് കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി പറഞ്ഞു, എന്നാൽ അതുണ്ടായില്ല. സെസ്സ് ഇല്ലാതായാൽ അതിന്റെ ഗുണം ലഭിക്കാൻ പോകുന്നത് വ്യവസായികൾക്കാണ്. ചെറിയ വിലയ്ക്ക് എങ്ങനെ റബ്ബർ വാങ്ങി സ്വരൂപിക്കാമെന്നാണ് ടയർ വ്യവസായികൾ ഇപ്പോൾ ആലോചിക്കുന്നത്. റബ്ബറിന്റെ വില നിയന്ത്രിക്കുന്ന ഒരു ലോബി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവരെ തച്ചുതകർക്കുന്നതിനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിച്ചില്ലെങ്കിൽ വീണ്ടും കർഷകർ പ്രതിസന്ധിയിലേയ്ക്ക് പോകും.

ഇവിടെ റബ്ബർ മോഡിഫൈഡ് ബിറ്റുമിനെക്കുറിച്ച് പറഞ്ഞു. സംസ്ഥാനത്ത് ഒരു മെഷിനറി സ്ഥാപിച്ച് റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉണ്ടാക്കിയാൽ - 3 % റബ്ബറാണ് അതിൽ ഉപയോഗിക്കുക, പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് വാങ്ങി കൊള്ളുമെന്ന് പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് കെ.ആർ.എൽ.-നോട് ഞങ്ങൾ പറഞ്ഞു. നമ്മൾ എന്തിനാണ് കേന്ദ്രത്തിനെ കാത്തിരിക്കുന്നത്? നമ്മുടെ സ്റ്റേറ്റ് റോഡുകളും പഞ്ചായത്ത് റോഡുകളും നിർമ്മിക്കുന്നതിന് റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ചാൽത്തന്നെ റബ്ബറിന്റെ ആഭ്യന്തര ഉപയോഗം വളരെയികം വർദ്ധിക്കും. കെ.ആർ.എൽ.-ൽ ഇപ്പോൾ തന്നെ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്, പൊതുമരാമത്ത് വകുപ്പുമന്ത്രി കൂടി താൽപ്പര്യമെടുത്ത് റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ചു മാത്രമേ നമ്മുടെ സ്റ്റേറ്റ് റോഡുകളും പഞ്ചായത്ത് റോഡുകളും നിർമ്മിക്കൂ എന്നൊരു തീരുമാനമെടുക്കാൻ കഴിഞ്ഞാൽ അത് റബ്ബർ കർഷകർക്ക് അൽപ്പമെങ്കിലും ആശ്വാസം കിട്ടാനുള്ള സാധ്യതയുണ്ടാക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ നെല്ലുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇവിടെ സൂചിപ്പിച്ചു. ഞാറ്റുവേല കൊണ്ടുപോകാൻ പറ്റില്ലല്ലോ എന്ന് നമ്മൾ ഒരുകാലത്ത് പറയാറുണ്ടായിരുന്നു. ഇപ്പോൾ വിയറ്റ്നാമിൽനിന്ന് കുരുമുളക് ഇറക്കുമതി ചെയ്യുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ആഭ്യന്തരമായി ഇത്തരം കൃഷിയിൽ പുതിയ പരീക്ഷണം നടത്തുകയും ഉല്പന്നങ്ങളെ മറ്റ് രാഷ്ട്രങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ വാല്യൂ ആഡഡ് ഉല്പന്നങ്ങളായി മാറ്റുകയും കൾട്ടിവേഷനിൽ പുതിയ സിസ്റ്റം കൊണ്ടുവന്ന് ഉല്പന്നങ്ങൾ മറ്റ് രാഷ്ട്രങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നമുക്കെത്തിക്കാൻ സാധിക്കണം. ദീർഘമായി പറയുന്നില്ല.

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കാത്തത് ബോധപൂർവ്വമാണ്. അങ്ങനെ ചെയ്താൽ സമയത്തെക്കുറിച്ച് ഓർമ്മ വരും.

ഡോ. എം. കെ. മുനീർ: സർ, ശരിയാണ്. ചെയറിനെ നോക്കിയാൽ പ്രസംഗം തീർന്നുപോകും. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ വിഷയത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ലാത്തതിനാൽ നമുക്ക് ചർച്ച ആകാമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഒന്നുകൂടി ആലോചിച്ചു കഴിഞ്ഞാൽ ഇപ്പോഴും ചർച്ചയ്ക്കുള്ള അവസരം ഒഴിവായിട്ടില്ല എന്ന് മനസ്സിലാകും. നമുക്ക് കേന്ദ്രത്തോട് പറയേണ്ട കാര്യങ്ങളുണ്ട്, കേരളത്തിൽ ചെയ്യാൻ പറ്റുന്ന കാര്യങ്ങളുണ്ട്. കർഷകന്റെ ദുരിതത്തിന് പരിഹാരം കാണാൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിക്കുന്നു. " പല്ലക്കിലേറാൻ മോഹമുണ്ട്, പക്ഷേ ഊന്നിക്കയറാൻ ശക്തിയില്ല" എന്ന അവസ്ഥയിൽ നിൽക്കുന്ന കർഷകനെ രക്ഷിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ കാർഷിക പ്രശ്നങ്ങളെല്ലാം പരിഹരിച്ചുവെന്ന് ആധികാരികമായ രീതിയിലാണ് മന്ത്രി പറഞ്ഞ് അവസാനിപ്പിച്ചത്. പക്ഷേ പ്രശ്നങ്ങൾ ധാരാളം അവശേഷിക്കുന്നു എന്നത് അദ്ദേഹത്തിന് തന്നെ നന്നായി അറിയാം. വാക്കുകൾ കൊണ്ട് അമ്മാനമാടി, കുറേ വിഷയങ്ങളിലേയ്ക്ക് കടന്നു, കഴിഞ്ഞ സർക്കാരിനെയും കേന്ദ്ര ഗവൺമെന്റിന്റെ വിവിധ കരാറുകളെയും കുറ്റംപറയുന്ന രീതിയിൽ പോകുന്നത് നിർഭാഗ്യകരമാണെന്നാണ് എന്റെ അഭിപ്രായം. ഇതൊരു ഗവൺമെന്റാണ്, അങ്ങ് ഒരു മന്ത്രിയാണ്, ഈ ഗവൺമെന്റ് ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ കൃത്യമായി ചെയ്യുക തന്നെ വേണം. റബ്ബർ കർഷകർ പ്രതിസന്ധിയിലാണെന്ന കാര്യത്തിൽ രണ്ട് അഭിപ്രായമില്ല. ഉല്പാദനച്ചെലവ് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കൂലി കൊടുക്കാൻപോലും തികയാത്ത സാഹചര്യം

കർഷകർക്കുണ്ട്. വളത്തിന്റെ വില വർദ്ധനവടക്കം ധാരാളം കാര്യങ്ങൾ റബ്ബർ കർഷകരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. അതുകൊണ്ടാണ് മാർക്കറ്റ് വിലയും താങ്ങുവിലയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സബ്സിഡിയായി കൊടുക്കുന്ന 150 രൂപ 200 രൂപയായി വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. സാമ്പത്തിക സ്ഥിതിയനുസരിച്ച് വില വർദ്ധിപ്പിക്കാമെന്ന് മന്ത്രി തന്നെ പറഞ്ഞു. അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. റബ്ബർ കർഷകർ ഏറ്റവും കൂടുതൽ കേരളത്തിലാണുള്ളത്. അതിനാൽ അവരെ സഹായിക്കുന്നതിനുള്ള നടപടികളിൽ ഗവൺമെന്റ് ആത്മാർത്ഥമായി ഇടപെടണം. നീര ഉല്പാദിപ്പിക്കുന്ന കർഷകരുടെ ആശങ്ക ഒരു ഭാഗത്ത് നിൽക്കുന്നു. കാറ്റുവീഴ്ചമൂലം തെങ്ങു കർഷകർക്ക് നാശനഷ്ടമുണ്ടാകുന്നു, 20%-ത്തിലധികം നഷ്ടമുണ്ടാകുന്നു എന്നത് കൃഷി വകുപ്പിന്റെ തന്നെ കണക്കാണ്. വിള ഇൻഷ്വറൻസ് നടപ്പിലാക്കി, അതിന്റെ തുക വർദ്ധിപ്പിച്ചു എന്ന് മന്ത്രി പറഞ്ഞു. വിളകൾ പൂർണ്ണമായി നശിച്ചാൽ ഇത് നൽകുമോ? ഭാഗികമായി നശിക്കുന്നതിന് കൊടുക്കുകയില്ല എന്ന് പത്രത്തിൽ കണ്ടു. അതിനെ സംബന്ധിച്ച ക്ലാരിഫിക്കേഷൻ ആവശ്യമുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഇവിടെ ഒരു പ്രശ്നവുമില്ല എന്നുപറയുന്നത് അംഗീകരിക്കാനാവില്ല. യഥാർത്ഥത്തിൽ നെല്ല് സംഭരണത്തിൽ പ്രശ്നങ്ങളുണ്ട്. നെല്ല് സംഭരണത്തെ കുറിച്ച് കൃഷി വകുപ്പുമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും വാതോരാതെ സംസാരിക്കുമ്പോഴും കുട്ടനാട്ടിലെ കർഷകർ ഹർത്താൽ നടത്തിയ കാര്യം അറിയില്ലേ?

മി. സ്പീക്കർ: ശ്രീ. അനൂപ്, വാക്കൗട്ട് പ്രസംഗം എന്നത് ഒരു പ്രൊട്ടസ്റ്റ് മാർക്ക് ചെയ്യാനുള്ള സമയം മാത്രമാണ്. ബഹുമാനപ്പെട്ട കെ. എം. മാണി സാർ സംസാരിക്കുന്നത് മാതൃകയാക്കണം. അദ്ദേഹം എല്ലാ ദിവസവും ഒരു മിനിട്ട് മാത്രമാണ് എടുക്കാറുള്ളത്. പ്ലീസ് കൺക്ലൂഡ്. ഇക്കാര്യങ്ങളെല്ലാം പ്രതിപക്ഷ നേതാവ് സംസാരിച്ച് കഴിഞ്ഞതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, സർക്കാർ കർഷകരുടെ നെല്ല് യഥാസമയം സംഭരിക്കാത്തതുകൊണ്ട് വിവിധ പ്രദേശങ്ങളിൽ പ്രതിഷേധങ്ങൾ ഉയർന്നു വരുന്നുണ്ട്.

മി. സ്പീക്കർ: ഇതെല്ലാം ഇവിടെ വിശദീകരിച്ച് സംസാരിച്ചതാണ്. ഒരേ കാര്യങ്ങൾ തന്നെ ഓരോരുത്തരും വീണ്ടും വീണ്ടും സംസാരിച്ചുകൊണ്ടിരിക്കുന്നത് ശരിയാണോ?

ശ്രീ. അനൂപ് ജേക്കബ്: സർ, കർഷകരെ അനുകൂലിക്കുന്നു, കർഷകർക്കു വേണ്ടി നിലകൊള്ളുന്നുവെന്നൊക്കെ പറയുമ്പോഴും അതിനനുസൃതമായ ഒരു നടപടിയും ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. കഴിഞ്ഞ ദിവസം ചോദ്യോത്തര വേളയിൽ വാട്ടർ മാനേജ്മെന്റ് ഇല്ലാത്തതിനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. വെള്ളം യഥാസമയം കനാലുകളിൽ എത്താത്തതിന്റെ പേരിൽ അവിടെയുള്ള കൃഷിയാകെ

നശിച്ചുപോയി. ഇത്തരത്തിലുള്ള കാര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട് ഇവിടെ ഒരു പ്രശ്നവുമില്ല എന്നുപറയുന്നതിനെ ഒരു രീതിയിലും അംഗീകരിക്കാൻ കഴിയില്ല. ഈ വിഷയം പ്രധാനപ്പെട്ട ഒന്നായിരുന്നു. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, കൃഷിക്കാർ ഇന്ന് നിത്യദുരിതത്തിലാണ്. റബ്ബർ കൃഷിക്കാരോട് മാത്രമല്ല എല്ലാ കൃഷിക്കാരോടും ഒരു ഗവൺമെന്റും നീതി കാണിച്ചിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. എൽ.ഡി.എഫ്., യു.ഡി.എഫ്., ബി.ജെ.പി. തുടങ്ങി ഒരു ഗവൺമെന്റും കൃഷിക്കാരോട് നീതി കാണിച്ചിട്ടില്ല. റബ്ബറിന്റെ വില ഇപ്പോൾ 130 രൂപയിൽനിന്ന് താഴ്ന്നു. ഇത് കർഷകർക്ക് മുതലാകില്ല. ഉൽപ്പാദന ചെലവ് വളരെയധികം വർദ്ധിച്ചിരിക്കുന്നു. 2014-ൽ ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് വില സ്ഥിരതാ ഫണ്ട് പ്രഖ്യാപിച്ച് 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത്. അന്ന് റബ്ബറിന് 85 രൂപയായിരുന്നു വില. ഒരു കിലോ റബ്ബറിന് 150 രൂപ ലഭിക്കുന്നതിനുവേണ്ടി 65 രൂപ നിരക്കിൽ ഒരു കിലോ റബ്ബർ വിൽക്കുമ്പോൾ സർക്കാർ നഷ്ടം സഹിച്ചുവെന്ന് മാത്രമല്ല, ആ തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൊടുത്തുകൊണ്ടിരുന്നു. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞങ്ങൾ വലിയ ആനക്കാര്യമൊന്നും പറയുന്നില്ല. കഴിഞ്ഞ സർക്കാർ എത്ര നഷ്ടം സഹിച്ചുവോ അത്രയെങ്കിലും നഷ്ടം സഹിക്കാൻ ഇടതുപക്ഷ ഗവൺമെന്റ് തയ്യാറാകണം. അതായത് ഇപ്പോഴുള്ള 130 രൂപയിൽ നിന്നും 65 രൂപ വർദ്ധിപ്പിച്ച് ഒരു കിലോ റബ്ബറിന് 200 രൂപയാക്കി കൊടുത്തുകൊണ്ട് സർക്കാർ അടിയന്തരമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കണമെന്ന് മാത്രമാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇറക്കുമതി നിർത്തുന്നതിനും റബ്ബർ നയത്തെപ്പറ്റി മുൻകൂട്ടി ചർച്ച ചെയ്യുന്നതിനും കേരളത്തിൽനിന്നുള്ള സർവ്വകക്ഷി സംഘം ഡൽഹിയിൽ പോകുന്നത് നല്ലതായിരിക്കും. നമ്മുടെ ഇറക്കുമതികളൊക്കെ if it endangers the economy of a State എന്നുണ്ടെങ്കിൽ അത് നിർത്താം. ഇറക്കുമതി നിർത്തുന്നതിന് ബുദ്ധിമുട്ടില്ല. കരാറുകളിൽ സേഫ്റ്റി ക്ലോസ്സുകളുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. സർക്കാർ ഇപ്പോൾ അനുവർത്തിക്കുന്നത് ഒരു മെല്ലെപ്പോക്ക് നയമാണ്. അതിൽ പ്രതിഷേധിച്ചു കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

ശ്രീ. പി. സി. ജോർജ്: എനിക്ക് സംസാരിക്കാൻ അവസരം നൽകണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് പറയാനുള്ളതെല്ലാം അങ്ങ് നേരത്തെ പറഞ്ഞു കഴിഞ്ഞു. ഇല്ലാത്ത കീഴ്വഴക്കത്തിനുവേണ്ടി വാശിപിടിക്കരുത്. പ്ലീസ്....പ്ലീസ്.... ദയവായി ക്ഷമിക്കണം

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ആർഭാട വിവാഹങ്ങൾ

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, വിവാഹം എന്നുപറയുന്നത് നമ്മുടെ ജീവിതത്തിലെ ഏറ്റവും മനോഹരവും പവിത്രവുമായ ഒരു ദിവസമാണ്. എന്നാൽ ആഡംബര വിവാഹം ഒരു സാമൂഹ്യ ദുരന്തമാണ്. നമ്മുടെ സമൂഹത്തിൽ വിവാഹം എന്ന പവിത്രതയെ വാണിജ്യവൽക്കരണത്തിന്റെ തരത്തിലേയ്ക്ക്, ദുരന്തപൂർണ്ണമായ സാമൂഹ്യ അവസ്ഥയിലേയ്ക്ക് ആഡംബര വിവാഹങ്ങൾ കൊണ്ടെത്തിച്ചിരിക്കുകയാണ്. സമൂഹത്തിലെ ജാതിമത സംഘടനകൾക്കാണ് ഇതിൽ ഇടപെടാൻ കഴിയുന്നത്. അത്തരം സംഘടനകളും നേതാക്കളും അല്ലെങ്കിൽ പ്രവാചക സ്വഭാവമുള്ള മനുഷ്യരുമാണ് കഴിഞ്ഞ കാലങ്ങളിൽ ഇത്തരം കാര്യങ്ങളിൽ ഇടപെട്ടിരുന്നത്. 1915-ൽ ശ്രീനാരായണ ഗുരു ആണ് ഒരു വിവാഹത്തിൽ പങ്കെടുക്കാവുന്ന ആളുകളുടെ എണ്ണം കൃത്യമായി നിശ്ചയിച്ചത്. എന്നാൽ അതിൽ തർക്കവും പണം ഉപയോഗിക്കാനുള്ള കാര്യവു മുണ്ടായപ്പോൾ, അങ്ങനെയാണെങ്കിൽ 60 വയസ്സ് കഴിയുമ്പോൾ നിങ്ങളുടെ ഷഷ്ഠിപൂർത്തി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ആ പണം ചെലവഴിച്ചോളൂ എന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ വിവാഹത്തിന് പത്തുപേർ കൂടിയാൽ മതിയെന്നും അതാണ് അതിന്റെ കാമ്യമായ, സ്നേഹപരമായ, പുണ്യപരമായ കാര്യമെന്നും അദ്ദേഹം ഒരു സ്റ്റേറ്റ്മെന്റിലൂടെ സമൂഹത്തെ അറിയിക്കുകയുണ്ടായി. അതനുസരിച്ച് ജീവിക്കാനുള്ള ഒരു മനോഭാവത്തിലേയ്ക്കും എത്തി. അതുപോലെ മന്നത്ത് പത്മനാഭൻ തിരണ്ട് കല്യാണത്തിന്റെയും, കല്യാണത്തിന്റെയും ആർഭാടവശം സമൂഹത്തെയും സമുദായത്തെയും വഴിതെറ്റിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും അതിനെതിരെ പ്രവർത്തിക്കുകയും ചെയ്തു. ഇപ്പോൾ മതജാതി സംഘടനകളൊന്നും ആചാരപരമായ കാര്യങ്ങളിൽ ഇടപെടേണ്ട അവസരത്തിൽ, അതിന്റെ ആർഭാടകരമായ, ദുരന്തപൂർണ്ണമായ അവസ്ഥയ്ക്കെതിരായി വലിയ തരത്തിൽ ചിന്തിക്കുന്നില്ല എന്നുള്ളത് നിർഭാഗ്യകരമായ ഒരവസ്ഥയാണ്. അവിടെയാണ് ഗവൺമെന്റ് ഇടപെടേണ്ട സ്ഥിതിയുണ്ടാകുന്നത്. ഇത്തരം കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടവർ അത് ചെയ്യാതിരിക്കുമ്പോൾ നിയമവും നിയമപരമായ കാര്യങ്ങളും അവബോധത്തിനുള്ള പുതിയ അവസരങ്ങളും ഗവൺമെന്റ് സൃഷ്ടിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ചർച്ചാവിഷയമായ ചില ആഡംബര വിവാഹങ്ങൾ നടക്കുകയുണ്ടായി. വിവാഹങ്ങൾ വാണിജ്യ

വൽക്കരിക്കുന്നതോടുകൂടി കല്യാണ നിശ്ചയം മുതൽ ഹണിമൂൺ ട്രിപ്പ് വരെ കോടിക്കണക്കിനു രൂപ ചെലവഴിക്കാനുള്ള ഒരു പ്രോജക്ട് ഈവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളും വെഡ്ഡിംഗ് മാനേജ്മെന്റ് കമ്പനികളും ഉണ്ടാക്കിക്കൊടുക്കുകയാണ്. ഇത് സമൂഹത്തിന് അസഹനീയമാകുന്നുവെന്ന് മാത്രമല്ല ഇതിനൊരു മറുവശം കൂടിയുണ്ട്. കോടാനു കോടി രൂപ ചെലവഴിച്ച് ആർഭാട വിവാഹങ്ങൾ നടത്തുമ്പോൾ വിവാഹ കമ്പോളത്തിൽ ഇടപെടാൻ പറ്റാതെ, പ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാതെ നിർഭാഗ്യവതികളായി നിൽക്കുന്ന സ്ത്രീകളും അവരെ പോറ്റുന്ന കുടുംബങ്ങളും നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ ഒരു വർഷം കേരളത്തിലെ കുടുംബ കോടതികളിൽ വിവാഹമോചനത്തിന് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ 50,000-ൽ അധികമാണെന്ന് കാണാൻ സാധിക്കും. ഇക്കാര്യം മുഖ്യമന്ത്രിക്കും അറിയാവുന്നതാണ്. ഇത് 2001-ൽ നാലായിരത്തിന് താഴെയായിരുന്നു. ആർഭാടങ്ങൾ കൂടുമ്പോൾ അതിൽ സ്വാഭാവികമായി ദുരന്തം വന്നുചേരാനിടയുണ്ട്. കേരളത്തിൽ ചിലർ വിവാഹം കഴിക്കുന്നത് തന്നെ വിവാഹമോചന കേസ് കൊടുക്കാൻ വേണ്ടിയാണെന്ന് തമാശയായി ചിലർ പറയാറുണ്ട്. മോചനം എന്നത് നല്ല വാക്കല്ല. അതുകൊണ്ടാണ് സമൂഹവും ഭരണകൂടവും ഇടപെടേണ്ടതിന്റെ ആവശ്യകത വന്നുചേരുന്നത്. പല വിവാഹങ്ങളും റോഡരികിലുള്ള മണ്ഡപങ്ങളിൽ നടക്കുമ്പോൾ ആ ദിവസം അതുവഴി സഞ്ചരിക്കുന്നവർക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. രണ്ടുമണിക്കൂർ റോഡ് ബ്ലോക്കാകും. നമ്മുടെ സമൂഹത്തിൽ ആഹാരം കിട്ടാതെ മനുഷ്യർ വിശന്നുവലയുമ്പോൾ ഇവിടെ ആയിരക്കണക്കിന് ആളുകൾക്കുള്ള വിഭവ സമൃദ്ധമായ ഭക്ഷണം മലിനമായിപ്പോകുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇത്തരം വിവാഹങ്ങൾക്ക് പെനാൽറ്റി ടാക്സ് ഏർപ്പെടുത്തുന്ന കാര്യം പറഞ്ഞിരുന്നെങ്കിലും അതൊന്നും കേരളത്തിൽ നടപ്പായിട്ടില്ല. ആഡംബര വിവാഹങ്ങളുടെ ചെലവിന്റെ 50 ശതമാനം ടാക്സ് ഏർപ്പെടുത്തുകയും അങ്ങനെ ലഭിക്കുന്ന തുക നിരാലംബരായ, പാവപ്പെട്ട കുടുംബങ്ങളുടെ ക്ഷേമപദ്ധതികൾക്കുവേണ്ടി മാത്രം ചെലവഴിക്കാനുമുള്ള ഒരു പദ്ധതിയുണ്ടാകണം. മാതൃകാപരവും അല്ലാത്തതുമായ ധാരാളം വിവാഹങ്ങൾ രാഷ്ട്രീയ നേതാക്കളുടെ ഭാഗത്തുനിന്ന് നടന്നിട്ടുണ്ട്. അതിലെ ഒരു വിവാഹം പരാമർശിക്കാതെ പോകുന്നത് ശരിയല്ല. ശ്രീ. സൂര്യാ കൃഷ്ണമൂർത്തിയുടെ മകളുടെ കല്യാണ ക്ഷണക്കത്തിൽ കല്യാണം വീട്ടിൽ വച്ചാണെന്നും 12, 13, 14 തീയതികളിൽ വധൂവരൻമാരെ അനുഗ്രഹിക്കാനായി വീട്ടിൽ ചെല്ലണമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹം പറയുന്നത് കല്യാണത്തിനുവേണ്ടി സ്വരൂപിച്ച പണം അദ്ദേഹം പഠിച്ചിരുന്ന സ്കൂൾ, കോളേജ്, എൻജിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽനിന്നുള്ള പാവപ്പെട്ട 20 കുട്ടികളെ പഠിപ്പിക്കാൻ സംഭാവന ചെയ്യുമെന്നാണ്. ഇതൊരു മാതൃകയാണ്. നമ്മൾ അനാവശ്യമായി ചെലവഴിക്കുന്ന പണം ഒരു ദുരന്തമാകുന്നുവെന്ന് മനസ്സിലാക്കി ആ

പണം സമൂഹത്തിന്റെ ക്ഷേമത്തിനായി വിനിയോഗിക്കണം. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ ഒരു വിവാഹം കഴിഞ്ഞതിനുശേഷം വധൂവരൻമാരെ മണ്ണുമാന്തി യന്ത്രത്തിൽ കയറ്റിക്കൊണ്ടുപോകുകയും രണ്ടു മണിക്കൂർ നേരം റോഡ് ബ്ലോക്കാക്കുകയും ഗതാഗത തടസ്സമുണ്ടാക്കിയതിന് വരനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. സമൂഹത്തിന്റെ ഭാവികൂടി മനസ്സിൽ കാണാതെ നമ്മളെടുക്കുന്ന ഏത് ആഡംബര ജീവിത തീരുമാനങ്ങളും ദുരന്തത്തിൽ മാത്രമേ അവസാനിക്കുകയുള്ളൂ. വിവാഹം ജീവിതത്തിലെ ഏറ്റവും പവിത്രമായ ദിവസമാണ്. ആ പവിത്രമായ ദിവസത്തെ ദുരന്തപൂർണ്ണമാക്കുന്ന വലിയൊരു ശാപമാണ് ഇത്തരം ആഡംബര വിവാഹങ്ങൾ. അതിനെതിരെ ഗവൺമെന്റ് നിയമം കൊണ്ടുവരികയും പ്രഖ്യാപിച്ചതുപോലെ പെനാൽറ്റി ടാക്സ് ഏർപ്പെടുത്തുകയും പ്രസ്തുത തുക പാവപ്പെട്ട ജനങ്ങളുടെ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കുകയും വേണം.

മി. സ്പീക്കർ: സഭാ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് എല്ലാവരുംകൂടി തീരുമാനിച്ചതാണ്. ഓരോരുത്തരും പരസ്പരം മത്സരിച്ച് സമയം നീട്ടിക്കൊണ്ടുപോകുകയും വൈകുന്നേരമാകുമ്പോൾ അസ്വസ്ഥരാവുകയും ചെയ്യുന്നു. ഓരോ കാര്യപരിപാടിക്കും കൊടുക്കേണ്ട സമയത്തെ സംബന്ധിച്ച് ബി.എ.സി.യും കക്ഷിനേതാക്കളും ചേർന്ന് തീരുമാനിച്ചതാണ്. ദയവായി അംഗങ്ങൾ സഹകരിക്കണം. ഇത് ചെയറിന്റെ മാത്രം ആവശ്യമായി കാണുന്നത് ദൗർഭാഗ്യകരമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം, ശ്രീ. സൂര്യാ കൃഷ്ണമൂർത്തിയുടെ മകളുടെ വിവാഹം മാതൃകാപരമായിരുന്നുവെന്ന് പറഞ്ഞു. എനിക്ക് അപ്പോൾ ഓർമ്മ വന്നത് അദ്ദേഹത്തിന്റെ സഹപ്രവർത്തകനും എന്റെ സുഹൃത്തുമായ ശ്രീ. ബിനോയ് വിശ്വത്തിന്റെ മകളുടെ വിവാഹമാണ്. ആ വിവാഹത്തിനായി പണം സമാഹരിച്ച് വച്ചിരുന്നില്ല. രജിസ്റ്റർ ഓഫീസിൽ വിവാഹം നടത്തി. വിവാഹം കൂടുതൽ ആളുകളെ അറിയിച്ചിരുന്നില്ല, വളരെ ചുരുക്കം ആളുകളെയാണ് അറിയിച്ചിരുന്നത്. അറിയിച്ചവരോട് വരണ്ട എന്നും പറഞ്ഞിരുന്നു. അങ്ങനെയുള്ള കല്യാണങ്ങളും നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്.

വിവാഹം ആർഭാടമായി നടത്തുന്ന സ്ഥിതി പൊതുവേ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ധനികർ നടത്തുന്ന ആർഭാട വിവാഹങ്ങൾ പലപ്പോഴും സാധാരണക്കാരെയും പാവപ്പെട്ടവരെയും ഗണ്യമായി സ്വാധീനിക്കുകയും ആയതിന് നിർബന്ധിതരാക്കപ്പെടുകയും ചെയ്യുന്നു. ആർഭാട വിവാഹം വൻതോതിൽ പണവും സമ്പത്തും സ്ത്രീധനമായി കൈമാറ്റം ചെയ്യപ്പെടുന്നതിനും ഇടയാക്കുന്നു. ധനം ലഭിച്ചില്ലെന്നതിന്റെ പേരിൽ നടക്കുന്ന സ്ത്രീപീഡനങ്ങളും കൊലപാതകങ്ങളും വിവാഹ മോചനങ്ങളും നമ്മുടെ നാട്ടിൽ പെരുകുകയാണ്. സാമ്പത്തിക ധൂർത്തും സാർവ്വത്രികമാകുന്നു. നിർദ്ധന കുടുംബങ്ങൾ പലപ്പോഴും കിടപ്പാടം വിറ്റും കടം വാങ്ങിയും നാട്ടുനടപ്പ്

എന്ന നിലയിൽ വിവാഹം നടത്തുന്നു. ഇത്തരത്തിൽ വിവാഹം നടത്തിയില്ലെങ്കിൽ വിവാഹം തന്നെ നടക്കില്ല എന്ന സാഹചര്യത്തിലേയ്ക്ക് ഇത് നമ്മെ കൊണ്ടെത്തിക്കുന്നു. പാവപ്പെട്ട കുടുംബങ്ങളെ ഇത് കടക്കെണിയിലാക്കുകയും കൂട്ട ആത്മഹത്യയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ സഹായത്തിനുവേണ്ടി മംഗല്യനിധി രൂപീകരിച്ചിട്ടുണ്ട്. ചെലവേറിയ വിവാഹാഘോഷങ്ങളിൽ നിന്ന് ഇതിനാവശ്യമായ ഫണ്ട് മംഗല്യനിധി സെസ് ഈടാക്കി പിരിച്ചെടുക്കാൻ ധനകാര്യ നിയമം 2013 വകുപ്പ് (2) പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ 500-ൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ള ആഡിറ്റോറിയത്തിലോ നടക്കുന്ന വിവാഹമോ അനുബന്ധ ആഘോഷമോ നടത്തുന്നവരിൽ നിന്നാണ് പ്രസ്തുത സെസ് ഈടാക്കിയിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 26-8-2014-ലെ വിധി പ്രകാരം മംഗല്യ നിധി സെസ്സിനെ സംബന്ധിക്കുന്ന നിയമവും ചട്ടങ്ങളും ഭരണഘടനാ വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കുകയും ആയത് ഈടാക്കുന്നതും പിരിക്കുന്നതും തടയുകയുമുണ്ടായി. കേരള ആഡംബര നികുതി നിയമപ്രകാരമാണ് സംസ്ഥാനം ആഡംബരങ്ങൾക്കുമേൽ നികുതി ചുമത്തിയിരുന്നത്. ഭരണഘടനയുടെ 101-ാം ഭേദഗതി നിയമത്തിൽ ആഡംബരങ്ങൾക്കുമേൽ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം 8-9-2016 മുതൽ കേന്ദ്ര സർക്കാർ എടുത്തു കളയുകയുണ്ടായി. 2017 ജൂലൈ ഒന്നാം തീയതി മുതൽ ചരക്കു സേവന നികുതി പ്രാബല്യത്തിൽ വരികയും ആഡംബര നികുതി അതിലേയ്ക്ക് അന്തർഗമിക്കുകയും ചെയ്യുന്നതാണ്. ആർഭാട വിവാഹം നിയന്ത്രിക്കേണ്ടതുണ്ട്. ഇതിന് ബോധവത്കരണം നടത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. സ്ത്രീധന നിരോധനം കർശനമായി നടപ്പാക്കാനും സമൂഹത്തിൽ വിവാഹത്തെ സംബന്ധിച്ച മനോഭാവത്തിൽ മാറ്റം വരുത്താനും സാധിച്ചാൽ മാത്രമേ ആർഭാട വിവാഹങ്ങൾ സൃഷ്ടിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ പ്രത്യാഘാതങ്ങളിൽനിന്നും രക്ഷനേടാൻ കഴിയുകയുള്ളൂ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ആർഭാട വിവാഹങ്ങളിൽ രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥ പ്രമുഖരും ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്നില്ലെന്ന് തീരുമാനിച്ചാൽ ഇതിന്റെ അന്തസ്സിന് ഇടിവുവരും. ആ പൊതുബോധത്തിലേയ്ക്ക് സമൂഹത്തെ എത്തിക്കാൻ പരിശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വിവാഹ സ്ഥലത്ത് ചെന്നാൽ മാത്രമേ വിവാഹം ആർഭാടമാണോ അല്ലയോ എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. എനിക്കുണ്ടായ ഒരനുഭവം ഞാൻ പറയാം. തൃശ്ശൂരിൽ വച്ചുനടന്ന എന്റെ സുഹൃത്തിന്റെ മകളുടെ കല്യാണ ദിവസം എനിക്ക് അതുവഴി പോകേണ്ടിയിരുന്നതിനാൽ ആ

വിവാഹത്തിന് ഞാനും ഭാര്യയും പങ്കെടുത്തിരുന്നു. ഈവന്റ് മാനേജ്മെന്റ് ടീമാണ് വിവാഹവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തിരുന്നത്. കുടുംബക്കാർ ഓരോരുത്തരും വരുമ്പോൾ ഹാളിൽ ഇരിക്കുന്നവർ കയ്യടിക്കാൻ പറഞ്ഞു, കയ്യടിക്കാൻ പറയുമ്പോൾ നമ്മൾ കയ്യടിക്കാതിരുന്നാലും ആരും ശ്രദ്ധിക്കുകയില്ല. അതിനുശേഷം ഹാളിലുള്ള എല്ലാവരോടും എഴുന്നേറ്റ് നിൽക്കാൻ പറഞ്ഞു. എല്ലാവരും എഴുന്നേറ്റ് നിൽക്കുമ്പോൾ എനിക്കും ഭാര്യയ്ക്കും മാത്രം ഇരിക്കാൻ കഴിയില്ലല്ലോ. ഞങ്ങളും എഴുന്നേറ്റ് നിന്നു. പിന്നീട് ഇരിക്കാൻ പറഞ്ഞപ്പോൾത്തന്നെ ഞാനും ഭാര്യയും സ്ഥലം വിട്ടു. ഇങ്ങനെയുള്ള അനുഭവങ്ങളുമുണ്ടാകുന്നുണ്ട്. വിവാഹ സ്ഥലത്ത് എത്തിയാൽ മാത്രമേ ഇതൊക്കെയാണ് അവിടെ സംഭവിക്കുന്നതെന്ന് മനസ്സിലാവുകയുള്ളൂ. അതാണ് ഈ വിഷയത്തിലുണ്ടാകുന്ന പ്രശ്നം. വിവാഹം നടത്തുമ്പോൾ മാതൃകാപരമായി നടത്താൻ ശ്രദ്ധിക്കുകയാണ് വേണ്ടത്.

## (2) അവയവം മാറ്റിവയ്ക്കൽ നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ

ശ്രീ. സി. മമ്മൂട്ടി: സർ, ആരോഗ്യരംഗത്ത് വളരെ സുപ്രധാനമായ, വിപ്ലവകരമായ ഉത്തേജനം നൽകുന്ന ഒരു സംവിധാനമാണ് മസ്തിഷ്ക മരണം സംഭവിക്കുന്നവരുടെ അവയവങ്ങൾ ദാനം ചെയ്യുക എന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യരംഗത്ത് വിപ്ലവകരമായ ഒരു മാറ്റത്തിന് ഇത് തുടക്കം കുറിക്കുകയാണ്. എന്നാൽ അവയവ ദാനത്തിന്റെ മറവിൽ വലിയൊരു മാഫിയ തന്നെ പ്രവർത്തിക്കുന്നുണ്ട്. 'മൃതസഞ്ജീവനി' വന്നതിനുശേഷം മസ്തിഷ്ക മരണം സംഭവിക്കുന്നവരുടെ അവയവങ്ങൾ ദാനം ചെയ്യുന്നുണ്ട്. എന്നാൽ കഴിഞ്ഞ വർഷം ആകെ 70 കേസ്സുകൾ മാത്രമാണ് ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അത് ഈ വർഷം 6 ആയി കുറയുകയും ചെയ്തു. ഇത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്. കണ്ണൂരിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നാട്ടിൽ അപകടത്തിൽപ്പെട്ടയാളെ സ്വകാര്യ ആശുപത്രിയിലെത്തിച്ച് പരിശോധന നടത്തിയപ്പോൾ മസ്തിഷ്ക മരണം സംഭവിച്ച് മരണപ്പെട്ടുവെന്ന് പറയുകയും അദ്ദേഹത്തിന്റെ മകൻ അച്ഛന് മരണം സംഭവിച്ചാലേ ഞാൻ അത് അംഗീകരിക്കുകയുള്ളൂ എന്നുപറയുകയും രണ്ട് മണിക്കൂർ കഴിഞ്ഞപ്പോൾ മസ്തിഷ്ക മരണം സംഭവിച്ച വ്യക്തിക്ക് ജീവൻ തിരിച്ചുകിട്ടുകയും പിന്നീട് അദ്ദേഹം നല്ല രീതിയിൽ ജീവിക്കുകയും ചെയ്ത അത്ഭുതകരമായ സംഭവം കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ ഒന്നു രണ്ട് സംഭവങ്ങളുണ്ട്. ഭാര്യയ്ക്ക് കരൾ നൽകാനായി ആശുപത്രിയിലെത്തിയ ഭർത്താവിൽനിന്നും ആവശ്യത്തിൽ കൂടുതൽ കരൾ മുറിച്ചെടുത്തശേഷം മൂന്നു നാല് ആളുകൾക്ക് അത് കൊടുത്ത് കച്ചവടം നടത്തിയ സംഭവവും ഉണ്ടായിട്ടുണ്ട്. അതുപോലെ നിർബന്ധമായും കരൾ മാറ്റിവയ്ക്കണമെന്ന് പറഞ്ഞ് ചെയ്യിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള ധാരാളം അനിഷ്ടകരമായ സംഭവങ്ങൾ ഈ രംഗത്ത് നടക്കുന്നുണ്ട്. മധ്യകേരളത്തിലാണ് ഇങ്ങനെയുള്ള സംഭവങ്ങൾ കൂടുതലായി നടക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

രണ്ടാമത്തെ വിഭാഗം, അവയവ ദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും അതിലേയ്ക്ക് ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്ന ചില സംഘടനകളാണ്. ആർക്കെങ്കിലും ആവശ്യമുണ്ടെന്ന് പറഞ്ഞാൽ നിങ്ങൾക്ക് സ്യൂട്ടായിട്ടുള്ള കരൾ വന്നിട്ടില്ലെന്നും വരുമ്പോൾ വിവരം അറിയിക്കാമെന്നും പറയുന്നു. തുടർന്ന് നിങ്ങൾക്ക് പാകമായ കരൾ റെഡിയായിട്ടുണ്ടെന്നും ഉടൻ ആശുപത്രിയിൽ എത്തണമെന്നും ഫോൺ ചെയ്യുന്നു. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ട്രാൻസ്പ്ലാന്റേഷൻ നടക്കുമ്പോഴാണ് 40 വയസ്സുള്ള രോഗിക്ക് 68 വയസ്സുള്ള മരണപ്പെട്ട ആളുടെ കരളാണ് പകുത്ത് കൊടുത്തിരിക്കുന്നതെന്ന് അറിയുന്നത്. സത്യത്തിൽ ഇതിന്റെ പേരിൽ ലക്ഷങ്ങളാണ് തട്ടുന്നത്. മൂന്നാമത്തെ വിഭാഗം, വിദേശത്ത് അവയവങ്ങൾക്ക് വലിയ വില ഈടാക്കുന്ന സംഘമാണ്. അവിടെ വൃക്കയ്ക്ക് 2,65,000 ഡോളർ, കരളിന് 1,57,000 ഡോളർ, ഹൃദയത്തിന് 1,19,000 ഡോളർ, ചർമ്മത്തിന് 2,640 ഡോളർ, ചെറുകുടലിന് 2,510 ഡോളർ എന്നിങ്ങനെ ലിസ്റ്റ് നീണ്ടുപോവുകയാണ്. ഇത്തരത്തിൽ അവയവ മാറ്റത്തിനായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോൾ, മസ്തിഷ്ക മരണം നടന്നുവെന്ന് സ്ഥാപിക്കാൻ മൃതസഞ്ജീവനിയിൽ ചില നിബന്ധനകളുണ്ടെങ്കിലും അവർക്കുപോലും നിയന്ത്രിക്കാൻ കഴിയാത്തവിധം സ്വകാര്യ ആശുപത്രികളിലാണ് ഇത് കൂടുതലായി നടക്കുന്നത്. 95 ശതമാനം അവയവദാനങ്ങളും അതുപോലുള്ള സർജറികളും നടക്കുന്നത് സ്വകാര്യ ആശുപത്രികളിലാണ്. സ്വകാര്യ ആശുപത്രികളിൽ മൃതസഞ്ജീവനിയുടെയും അവയവമാറ്റം പ്രോത്സാഹിപ്പിക്കുന്നുവെന്നതിന്റെയും മറവിൽ വലിയ കച്ചവടം നടക്കുകയാണ്. ഇതുകൊണ്ട് അവയവദാനത്തിന് സന്നദ്ധമായി വരുന്ന ആളുകളുടെ എണ്ണം കുറയുകയാണ്. ലിസ്റ്റുപ്രകാരം 2000-ത്തോളം ആളുകൾ അവയവ മാറ്റത്തിന് മൃതസഞ്ജീവനിയിൽ രജിസ്റ്റർ ചെയ്ത് കാത്തുനിൽക്കുമ്പോഴും കൂടുതലായി ഡോണേഴ്സ് വരുന്നില്ല. ഇതുപോലുള്ള അതിക്രമങ്ങൾ നടക്കുന്നതുകൊണ്ട് ആരും തയ്യാറായി വരാത്ത സാഹചര്യം വളരെ ഗൗരവമായി കാണുകയും നിയന്ത്രിക്കുകയും ചെയ്യണം. അവയവങ്ങൾ ആവശ്യത്തിന് മാത്രമേ എടുക്കുന്നുള്ളൂവെന്നും മസ്തിഷ്കക മരണം സംഭവിച്ചാൽ മാത്രമേ എടുക്കൂവെന്നും ഉറപ്പ് വരുത്തണം. അവയവങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്ന ലോബി പ്രവർത്തിക്കുന്നത് നിയന്ത്രിക്കുന്നതിന് പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുക മാത്രമാണ് ശാശ്വത പരിഹാരം. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. ആരോഗ്യ രംഗത്ത് ഏറ്റവും അനിവാര്യമായതും വിപ്ലവകരവുമായ മാറ്റങ്ങൾക്കുതകുന്ന ശക്തവും യുക്തവുമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച കാര്യത്തിൽ തന്നെ കോൺട്രഡിക്റ്ററിയായ ചില കാര്യങ്ങൾ വരുന്നുണ്ട്. അവയവദാനം സംബന്ധിച്ചും അവയവ കച്ചവടത്തെക്കുറിച്ചും ധാരാളം പ്രചരണങ്ങൾ സമൂഹത്തിൽ നടക്കുകയാണ്. അതുപോലെ ഇത് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയവദാനം കുറയുന്നുവെന്ന വിമർശനവും ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ തവണത്തെ

അത്രയും അവയവമാറ്റങ്ങൾ ഇത്തവണ നടന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിന്റെ പിന്നിലും അതാണ്. അതുകൊണ്ട് വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമായാണ് ഗവൺമെന്റ് ഇതിനെ കാണുന്നത്. അവയവദാനം നടത്തുന്നത് രണ്ട് തരത്തിലാണ്. ഒന്ന്, ജീവിച്ചിരിക്കുമ്പോഴും മറ്റൊന്ന് മരിച്ചു കഴിഞ്ഞതിനുശേഷവുമുള്ളതാണ്. ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനം കൈകാര്യം ചെയ്യുന്നത് സെൻട്രൽ ആക്ടിന്റെകൂടി ഭാഗമായാണ്. Transplantation of Human Organ Act, 1994 പ്രകാരമാണ് കൈകാര്യം ചെയ്യുന്നത്. ഈ നിയമം കേരള നിയമസഭയും ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് വ്യതിചലിക്കാൻ നമുക്ക് സാധിക്കില്ല. നിയമത്തിലുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. അടുത്ത ബന്ധുക്കൾക്കും പരോപകാരപ്രദമായ പ്രവർത്തനം നടത്താൻ ആഗ്രഹിക്കുന്ന നിസ്വാർത്ഥമതികളായ പുറത്തുനിന്നുള്ള ആളുകൾക്കും അവയവം ദാനം ചെയ്യാം. ബന്ധുക്കളിൽ നിന്നല്ലാതെയുള്ള അവയവദാനത്തിന് അംഗീകാരം നൽകുന്നതിന് സംസ്ഥാനത്തെ മൂന്ന് സോണുകളായി തിരിച്ച് ഓതറൈസേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബന്ധുക്കൾക്ക് അവയവദാനം ചെയ്യുന്നത് താരതമ്യേന എളുപ്പമാണ്; നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. എന്നാൽ ബന്ധുക്കളല്ലാത്ത ആളുകൾക്ക് അവയവദാനം ചെയ്യുമ്പോഴുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണമാണ്. അതിനുകാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, വളരെ സൂക്ഷിച്ചുമാത്രമേ ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളുവെന്നുള്ളതാണ്. മൂന്ന് മേഖലകളിലായുള്ള ഓതറൈസേഷൻ കമ്മിറ്റി പരിശോധിച്ച് അതിനുള്ള പെർമിഷൻ കൊടുത്താൽ മാത്രമേ അവയവദാനം നടക്കുകയുള്ളൂ. 1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്ട് പ്രകാരം സ്വീകർത്താവ്, ദാതാവ്, ദാതാവിന്റെ ബന്ധുക്കൾ എന്നിവർ ബന്ധപ്പെട്ട ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാകണം. അവിടെ നിന്ന് അനുവാദം ലഭിച്ചാൽ മാത്രമേ അവയവം ദാനം ചെയ്യാൻ കഴിയൂ. ഇതൊരു എളുപ്പമുള്ള പ്രോസസ്സല്ലെങ്കിലും സമയം ലഘൂകരിക്കാൻ ശ്രമിക്കുന്നുണ്ട്. മരണാനന്തര അവയവദാനം നടത്തുന്നത് മൃതസഞ്ജീവനി പദ്ധതിയുടെ ഭാഗമായാണ്. മൃതസഞ്ജീവനിക്ക് ഓർഗൻ ഡൊണേഷന് ആവശ്യമായ KENOS എന്ന നെറ്റ്‌വർക്കും ഉണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. മരണത്തിനുശേഷം അവയവം ദാനം ചെയ്യാൻ തയ്യാറുള്ളവർക്ക് അതിൽ പേര് രജിസ്റ്റർ ചെയ്യാം. കൂടാതെ മൃതസഞ്ജീവനി ഓഫീസ് മുഖേനയും രജിസ്റ്റർ ചെയ്യാവുന്നതാണ്. നിരവധി സന്നദ്ധ സംഘടനകളും യുവജന സംഘടനകളും അവയവദാന സമ്മതപത്രം ഹാജരാക്കുന്നുണ്ട്. ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് സമ്മതം നൽകിയാലും വ്യക്തിയുടെ മരണത്തിനുശേഷം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടെ മാത്രമേ അവയവദാനം സാധ്യമാവുകയുള്ളൂ. മസ്തിഷ്ക മരണം സംഭവിച്ച വ്യക്തികളുടെ അവയവ വിന്യാസത്തിനായി എല്ലാ ട്രാൻസ്പ്ലാന്റ് ഹോസ്പിറ്റലുകളിലും എല്ലാ അവയവങ്ങളുടെയും ഒരു വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടായിരിക്കണമെന്ന നിബന്ധനയുണ്ട്. മാത്രമല്ല, സ്വകാര്യ ആശുപത്രിയിൽവച്ച് വൃക്ക ദാനം ചെയ്യുകയാണെങ്കിൽ ഒരു വൃക്ക ഡോണർ ഹോസ്പിറ്റലിനും മറ്റേ വൃക്ക ആ സോണിലെ ഗവൺമെന്റ് ഹോസ്പിറ്റലിനും കൊടുക്കണം. കരൾ, ഹൃദയം എന്നിവയുടെ വിന്യാസവും റൊട്ടേഷൻ അടിസ്ഥാനത്തിലാണ് നൽകുന്നത്. ജീവിച്ചിരിക്കുമ്പോഴുള്ള അവയവ ദാനത്തിന്റെ കാര്യത്തിൽ അടുത്ത ബന്ധുക്കളിൽ നിന്നുള്ളത് മാത്രമാണ് ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നത്. 1994-ൽ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

മസ്തിഷ്ക മരണത്തിന്റെ കാര്യത്തിൽ ധാരാളം സംശയങ്ങൾ ഒരു ഘട്ടത്തിൽ മാധ്യമങ്ങൾ വലിയതോതിൽ പ്രചരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ, മസ്തിഷ്ക മരണം സംഭവിക്കാതെ മരിച്ചുവെന്ന് പറയുകയും അവയവ കച്ചവടം നടക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ കൃത്യമായ തെളിവുമായി ഇതുവരെ ആരും ഗവൺമെന്റിനെ സമീപിച്ചിട്ടില്ല. ഒരു കാലത്ത് മാധ്യമങ്ങളിൽ പരമ്പരയായി ഇത്തരം വാർത്തകൾ വരികയും സമൂഹം അതിനെ ഭയത്തോടെ കാണുകയും ചെയ്തു. വലിയ തോതിൽ അവയവ കച്ചവടം നടക്കുന്നതായി ചില സെലിബ്രിറ്റീസ് ഉൾപ്പെടെ പറഞ്ഞപ്പോൾ അതൊന്നുകൂടി ഭീകരമായി. സ്വാഭാവികമായും ഒരു ഭയം ജനങ്ങളിലുണ്ടാക്കിയിട്ടുണ്ട്. ആ ഭയം ലഘൂകരിക്കണം. ജീവിക്കാൻ വേണ്ടി അവയവത്തിനായി കാത്തുനിൽക്കുന്ന ധാരാളം മനുഷ്യരുണ്ട്. അവർക്ക് അവയവം കൊടുക്കാൻ സാധിക്കുന്നില്ല. കുറവ് വന്നത് ചിലപ്പോൾ പ്രചരണത്തിന്റെ ഭാഗമായിട്ടായിരിക്കുമെന്നാണ് സംശയിക്കുന്നത്. ജനങ്ങളുടെ ആശങ്ക അകറ്റുക എന്നുള്ളത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. സർക്കാർ മസ്തിഷ്ക മരണവുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന സംഘത്തിൽ നാല് ഡോക്ടർമാർ ഉണ്ടായിരിക്കണമെന്നും രണ്ടു പേർ കൺസേൺഡ് സ്ഥാപനത്തിന് വെളിയിൽ നിന്നുള്ളവരാകണമെന്നും അതിൽ ഒരാൾ ഗവൺമെന്റ് ഡോക്ടർ ആയിരിക്കണമെന്നും ആ ഉത്തരവിൽ പറയുന്നുണ്ട്. അതിനായി ഗവൺമെന്റ് ഡോക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കിയിട്ടുണ്ട്. ആ പാനലിൽ നിന്നും അതത് പ്രദേശത്തുള്ള ഗവൺമെന്റ് ഡോക്ടർമാരെ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല, മസ്തിഷ്ക മരണം സ്ഥിരീകരിക്കാൻ ഒരു സംഘം ഡോക്ടർമാർക്ക് പരിശീലനം കൊടുത്തിട്ടുണ്ട്, ഇനിയും കൊടുക്കാവുന്നതാണ്. മസ്തിഷ്ക മരണം സ്ഥിരീകരിക്കാൻ ആറ് മണിക്കൂർ ഇടവിട്ടുള്ള രണ്ട് പരിശോധന നടത്തണം. പരിശോധന നടത്തുമ്പോൾ ബന്ധുകളുടെ സമ്മതത്തോടെ വീഡിയോ റിക്കോർഡിംഗ് വേണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. രോഗി മരിച്ചിട്ടില്ലേ എന്ന ഭയം സ്വാഭാവികമായും ബന്ധുക്കൾക്കുണ്ടാകും. മസ്തിഷ്ക മരണം സംഭവിച്ചാലും ഹൃദയത്തിന്റെ പ്രവർത്തനം കുറച്ചുസമയം കൂടിയുണ്ടാകും. എങ്കിൽ മാത്രമേ അവയവങ്ങൾ എടുക്കാൻ സാധിക്കുകയുള്ളൂ. മസ്തിഷ്ക മരണം സംഭവിച്ചാൽ രോഗി ജീവിക്കില്ല. മസ്തിഷ്ക മരണം മാത്രമല്ലേ സംഭവിച്ചിട്ടുള്ളൂ, ഹൃദയം പ്രവർത്തിക്കുന്നുണ്ടല്ലോയെന്ന ആശങ്ക പലപ്പോഴും ബന്ധുക്കൾക്കുണ്ടാകും. നാളെ ഒരു ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ ആറുമണിക്കൂർ ഇടവിട്ട് നടത്തുന്ന പരിശോധന വീഡിയോയിൽ പകർത്തണമെന്നാണ് ഉത്തരവിൽ പറയുന്നത്. ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ചില പ്രമുഖരായ ഡോക്ടർമാർ, അവയവദാനം നിലയ്ക്കുമെന്നും ഗവൺമെന്റ് ചെയ്യുന്നത് ശരിയല്ലെന്നും എന്നോടുതന്നെ പറഞ്ഞു. ജനങ്ങളുടെ ആശങ്ക അകറ്റാൻ അങ്ങനെ ചെയ്തേ മതിയാകൂ. ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. മാത്രമല്ല, Kerala Network for Organ Sharing (KENOS)-ന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഓഫീസ് തിരുവനന്തപുരത്തുണ്ട്. മൃതസഞ്ജീവനിയുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ അവയവദാനം പ്രോത്സാഹിപ്പിക്കണം. അവയവദാനം കുറഞ്ഞതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചുവരികയാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലുള്ള അകാരണമായ ഭയം ലഘൂകരിച്ച് ശാസ്ത്രീയമായ അവയവദാനം പ്രോത്സാഹിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തടവുകാർ അവയവദാനത്തിന് തയ്യാറാണെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ യോഗം വിളിച്ചു ചേർത്ത് തടവുകാർക്ക്

അവരുടെ ബന്ധുക്കൾക്ക് അവയവം ദാനം ചെയ്യാനുള്ള അവസരമുണ്ടാക്കി കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അവയവം ദാനം ചെയ്യുന്ന തടവുകാർക്ക് നല്ല ശുശ്രൂഷയും പരിചരണവും കിട്ടുമെന്ന് ആരോഗ്യ വകുപ്പ് ഉറപ്പുവരുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ മൃതസഞ്ജീവനിയുടെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഇതുസംബന്ധിച്ച് നിർമ്മിച്ചിട്ടുള്ള ഷോർട്ട് ഫിലിം വളരെ ഹൃദയസ്പർശിയാണ്. അവയവം നൽകാൻ ആദ്യം മടിക്കുന്ന, ജീവിച്ചിരിക്കാൻ ആഗ്രഹിക്കുന്ന ആളുമായി ബന്ധുക്കളെ ബന്ധപ്പെടുത്തിയപ്പോൾ മരിച്ചുപോയ ആളിന്റെ അവയവം ദാനം ചെയ്യാൻ ബന്ധുക്കൾ സമ്മതിക്കുന്ന തീം അടങ്ങിയ ഹൃദയസ്പർശിയായ ഒരു സിനിമ വളരെ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. നമ്മുടെയെല്ലാം പ്രിയങ്കരനായ നടൻ ശ്രീ. മോഹൻലാലിനെ ഇതിന്റെ ഗുഡ്‌വിൽ അംബാസിഡറായി നിശ്ചയിച്ചു എന്നുള്ളതും പ്രചരണരംഗത്ത് ഒരു നല്ല മാറ്റമുണ്ടാക്കുന്നു. ഇത്തരത്തിലുള്ള കച്ചവടം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ ഇപ്പോൾ ഇറക്കിയ ഉത്തരവടക്കം കർശനമായി പാലിക്കണം. അതേസമയം അവയവത്തിനുവേണ്ടി കാത്തിരിക്കുന്ന പാവപ്പെട്ട മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ ആർക്കും ചേതമില്ലാത്ത ഉപകാരം മരിച്ചതിനു ശേഷമോ ജീവിച്ചിരിക്കുമ്പോഴോ ചെയ്യാൻ സന്നദ്ധരാകുന്ന ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അതിനുവേണ്ടി ഗവൺമെന്റും നല്ല പരിശ്രമം നടത്തുന്നതാണ്.

11.00 AM]

ശ്രീ. സി. മമ്മൂട്ടി: സർ, അങ്ങ് പറഞ്ഞത് വളരെ നല്ല നടപടികളുമായി മുന്നോട്ടു പോകുന്നുവെന്നാണ്. കച്ചവടക്കണ്ണോട്ടുകൂടി ഇതിനെ ചൂഷണം ചെയ്യുന്ന വിഭാഗത്തെ കർശനമായി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും മൃതസഞ്ജീവനിയുടെ ആഭിമുഖ്യത്തിൽ ക്രിയാത്മകമായി ആക്ട് ചെയ്യാനുള്ള ഒരു പ്രത്യേക കേന്ദ്രമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അക്കാര്യം വളരെ പോസിറ്റീവായി എടുക്കാൻ സാധിക്കുന്നതാണ്. ഇത്തരത്തിലുള്ള അവയവ കച്ചവടം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും അത് നിയന്ത്രിക്കാനുമുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) കുഞ്ഞാമിനയുടെ മരണം

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇരിക്കൂറിൽ സിദ്ദിഖ് നഗറിലുള്ള കുഞ്ഞാമിന എന്ന വീട്ടമ്മ 2016 മേയ് മാസം വളരെ ദാരുണമായ സാഹചര്യത്തിൽ മൃഗീയമായി കൊല ചെയ്യപ്പെട്ടിട്ട് ഒരു കൊല്ലം തികയാൻ പോകുകയാണ്. ഇരിക്കൂർ ടൗണിൽ വളരെയേറെ ഗതാഗത തിരക്കുള്ള പാട്ടിൽ ഭാഗത്ത് റോഡ്സൈഡിലാണ് അവർ താമസിച്ചിരുന്നത്. അവരുടെ വീടിന്റെ മുകൾഭാഗം അന്യസംസ്ഥാന

തൊഴിലാളികൾക്ക് താമസിക്കുന്നതിന് വാടകയ്ക്ക് നൽകിയിരുന്നു. പട്ടാപ്പകൽ നടന്ന കൊലപാതകത്തിനുശേഷം ആ തൊഴിലാളികളെ അവിടെ കാണാനില്ല, അവരെല്ലാം സ്ഥലം വിട്ടു. ഒരു കൊല്ലമായിട്ടും ഈ കേസ് സംബന്ധിച്ച് യാതൊരു തുമ്പും ലഭ്യമായിട്ടില്ല. പ്രതികളെ കണ്ടെത്തിയിട്ടുമില്ല. ഇപ്പോൾ കേസന്വേഷണം പോലും നടക്കുന്നുണ്ടോയെന്ന സംശയത്തിലാണ് നാട്ടുകാർ. 30-ാം തീയതി ഇരിക്കൂർ പഞ്ചായത്തിൽ ഹർത്താലായിരുന്നു. അടിയന്തരമായി അന്വേഷണം ത്വരിതപ്പെടുത്തി കൊലയാളികളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 30-4-2016-ന് ഇരിക്കൂർ സിദ്ദിഖ് നഗറിൽ താമസിക്കുന്ന ശ്രീ. മൊയ്തീന്റെ ഭാര്യ കുഞ്ഞാമിന താമസസ്ഥലത്ത് കുത്തേറ്റ നിലയിൽ കാണപ്പെടുകയും ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിയിൽ മരണപ്പെടുകയും ചെയ്ത സംഭവത്തിൽ ഇരിക്കൂർ പോലീസ് ക്രൈം നമ്പർ 372/16 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരികയാണ്. സംഭവത്തിൽ മോഷണവും നടന്നതായി വെളിവായിട്ടുണ്ട്. മൂർച്ചയുള്ള ആയുധത്താൽ ഗുരുതരമായ പരിക്കേറ്റതാണ് മരണ കാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വെളിവായിട്ടുണ്ട്. സംഭവം നടന്ന ക്വാർട്ടേഴ്സിൽ മുമ്പ് വാടകയ്ക്ക് താമസിച്ചിരുന്ന ഒരു പുരുഷനും രണ്ട് സ്ത്രീകളും സംഭവ ശേഷം അപ്രത്യക്ഷരായിരിക്കുന്നു. ഈ മൂന്നുപേർ തന്നെയാണ് കേസിലെ പ്രതികളെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രതികളെ കണ്ടെത്തുന്നതിനായി അന്വേഷണ സംഘം തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. ബാംഗ്ലൂരിലെ ഒരു ലോഡ്ജിൽ പ്രതികൾ താമസിച്ചു വരുന്നതായി ലോഡ്ജിലെ രജിസ്റ്ററിൽനിന്നും സി.സി.ടി.വി. ദൃശ്യങ്ങളിൽനിന്നും വെളിവായിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇതര സംസ്ഥാനങ്ങളിലേയ്ക്കും ലുക്കൗട്ട് സർക്കുലർ നൽകിയിട്ടുണ്ട്. പ്രതികളുടെ ഫോട്ടോ സാമൂഹിക മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രദർശിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമം പോലീസിന്റെ ഭാഗത്തുനിന്നും നടത്തുന്നുണ്ട്. പ്രതികളെ എത്രയും വേഗം കണ്ടെത്തുന്നതിനുള്ള പരിശ്രമം തുടർന്നും ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

### (2) വിദ്യാഭ്യാസ വായ്പ

ശ്രീ. പി. സി. ജോർജ്: സർ, വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-ാം തീയതി ഒരു പ്രസ്താവന നടത്തിയിരുന്നു. വിദ്യാർത്ഥികളെ സഹായിക്കുക എന്നതാണ് മുഖ്യമന്ത്രി ആ പ്രസ്താവനകൊണ്ട് ഉദ്ദേശിച്ചതെങ്കിൽ അതിന് സഹായകരമായ നിലപാടല്ല പിന്നീടുണ്ടായത് എന്നതാണ് ദുഃഖകരമായ മറ്റൊരു കാര്യം. വിദ്യാഭ്യാസ വായ്പയിൽ ബഡ്ജറ്റ് ആനുകൂല്യം

നൽകുമ്പോൾ വിദ്യാർത്ഥികൾ ബാങ്കിൽ നിന്നെടുത്ത ലോൺ തുകയ്ക്കാണ് സർക്കാർ ആനുകൂല്യം നൽകേണ്ടത്. കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും അംഗീകരിച്ച വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രകാരം 4.5 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള കുടുംബത്തിന് 4 ലക്ഷം രൂപവരെ ഈടില്ലാതെ ലോൺ നൽകേണ്ടതാണ്. പഠന കാലത്തിനുശേഷം ഒരു വർഷം കഴിഞ്ഞാണ് തിരിച്ചടവ് ആരംഭിക്കേണ്ടത്. ഈ കാലയളവിൽ പലിശ കേന്ദ്ര ഗവൺമെന്റ് ബാങ്കുകൾക്ക് നൽകുന്നുണ്ട്. ഇത് അവർ ഒളിച്ചുവച്ചിരിക്കുകയാണ്. ഇക്കാര്യം ബാങ്കുകൾ ഗുണഭോക്താക്കളെ അറിയിക്കുന്നില്ല. മാത്രമല്ല ബഹുഭൂരിപക്ഷം ബാങ്കുകളും ലോൺ കൊടുത്ത ദിവസം മുതലുള്ള വായ്പ തുകയും പലിശയും ഈടാക്കുന്നുണ്ട്. ഓരോ തവണയും ലോൺ എടുക്കുന്നതിനുമുമ്പ് മുൻ വർഷത്തെ പലിശ നിർബന്ധിച്ച് വാങ്ങുന്നുമുണ്ട്. ഇത് റിസർവ് ബാങ്ക് നിയമത്തിനെതിരാണ്. മൊറട്ടോറിയം പിരീഡിൽ വാങ്ങിയ പലിശ മുതലിൽ വരവുവച്ച് തീർക്കുന്നതല്ലേ ന്യായം; അത് അവർ ചെയ്യുന്നില്ല. ബഡ്ജറ്റ് ആനുകൂല്യം ജനങ്ങളിലെത്തണമെങ്കിൽ ബാങ്കുകൾ നൽകിയ പ്രിൻസിപ്പൽ എമൗണ്ട് ഗവൺമെന്റ് അറിയണം. ഇതിനായി സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റി കൂടി ഈ കാലയളവിൽ നൽകിയ ലോണുകളുടെ പ്രിൻസിപ്പൽ എമൗണ്ട് ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വിദ്യാഭ്യാസ വായ്പയുടെ 60 ശതമാനമായിരിക്കണം ബഡ്ജറ്റ് ആനുകൂല്യമായി ബാങ്കുകൾക്ക് നൽകേണ്ടതും ഗുണഭോക്താവിന്റെ കൈകളിലെത്തേണ്ടതും. ഇന്ന് ജപ്തി നടപടി നേരിടുന്നതും കോടതിയിൽ നിൽക്കുന്ന കേസ്സുകളുൾപ്പെടുന്നതുമായ വിദ്യാഭ്യാസ വായ്പയ്ക്ക് ആനുകൂല്യം നൽകുമ്പോൾ അന്യായമായ പലിശയും കൂട്ടു പലിശയും ഉൾപ്പെടെ വലിയ തുകയാണ് സബ്സിഡിയായി ഗവൺമെന്റിന് നൽകേണ്ടി വരുന്നത്. ബാങ്കുകളുടെ അന്യായ പലിശയ്ക്ക് ഉദാഹരണമായി ഫെഡറൽ ബാങ്കുകൾ പോലുള്ള ബാങ്കുകൾ 18.5 ശതമാനം വരെയാണ് വിദ്യാർത്ഥികളിൽനിന്ന് പലിശ ഈടാക്കുന്നത്. 2016 ഡിസംബർ 15-ന് തിരിച്ചടവ് ആരംഭിക്കേണ്ട ഒരു വിദ്യാഭ്യാസ ലോൺ 15 ദിവസം മുമ്പ് ക്ലോസ് ചെയ്യുന്നതിനായി ഒരു വിദ്യാർത്ഥി ഫെഡറൽ ബാങ്കിനെ സമീപിച്ചപ്പോൾ അടയ്ക്കേണ്ട തുക 4,86,000 രൂപയാണെന്ന് ബാങ്ക് മാനേജർ പറഞ്ഞു. ഈ വിദ്യാർത്ഥി എടുത്തിരുന്ന വായ്പ തുക 2,90,000 രൂപ മാത്രമാണ്. സെൻട്രൽ ബാങ്കിന്റെ പലിശ എത്രയുണ്ടെന്ന് വിദ്യാർത്ഥി ചോദിച്ചപ്പോൾ 1,17,000 രൂപയാണെന്നും ഈ തുക കുറച്ചതിനുശേഷം 4,86,000 രൂപയാണ് അടയ്ക്കേണ്ടതെന്നും തിരുത്തിപ്പറഞ്ഞു. ഇതിന്റെ അർത്ഥം തിരിച്ചടവ് ആരംഭിക്കുന്നതിനുമുമ്പ് 5,80,000 രൂപയ്ക്ക് മുകളിലുള്ള തുക എടുത്തിരിക്കുന്നു എന്നാണല്ലോ. ഇപ്രകാരമാണ് ബാങ്ക് നടത്തുന്ന പലിശ ഈടാക്കൽ. മറ്റൊന്ന് ലോൺ ക്ലോസ് ചെയ്യുമ്പോൾ CIBIL-ൽ ഉൾപ്പെടുത്തുകയില്ലെന്നാണ് ജനങ്ങളെ വിശ്വസിപ്പിക്കുന്നത്. എന്നാൽ മറ്റൊരു ബാങ്കിൽ ലോണിന് ചെല്ലുമ്പോഴാണ് അവർ CIBIL-ൽ പെട്ടിരിക്കുന്നുവെന്ന് അറിയാൻ കഴിയുന്നത്. ഉദാഹരണത്തിന് എച്ച്.ഡി.എഫ്.സി. ബാങ്ക് കുടമാളൂർ ശാഖയിൽ നിന്നെടുത്തിരുന്ന വിദ്യാഭ്യാസ ലോൺ ഒരു പാവപ്പെട്ട വിദ്യാർത്ഥി ക്ലോസ് ചെയ്തു. 10 മാസത്തിനുശേഷം ലോണെടുക്കാൻ മറ്റൊരു ബാങ്കിൽ ചെന്നപ്പോൾ അദ്ദേഹം CIBIL-ൽ പെട്ടുകിടക്കുകയും ലോൺ എടുക്കാൻ സാധിക്കാതെ വരികയും ചെയ്തു. അതിനാൽ വിദ്യാഭ്യാസ ലോൺ ക്ലോസ് ചെയ്യുമ്പോൾ വിദ്യാർത്ഥിയെയും രക്ഷിതാക്കളെയും CIBIL-ൽനിന്ന്

പൂർണ്ണമായും ഒഴിവാക്കണം. അതുപോലെ വിദ്യാഭ്യാസ വായ്പയിന്മേൽ സർഫേസി ആക്ട് ഉപയോഗിക്കാൻ പാടില്ലെന്നാണ് നിയമം. വിദ്യാഭ്യാസ വായ്പയുള്ളവർ മറ്റ് ബാങ്കുകളിൽ ഏതെങ്കിലും ഈട് വച്ച് ലോൺ എടുത്തിട്ടുണ്ടെങ്കിൽ വിദ്യാഭ്യാസ വായ്പയും ഈട് വച്ച ലോണും ഒന്നാക്കി 60 ദിവസത്തെ നോട്ടീസ് നൽകി ഈട് പിടിച്ചുവയ്ക്കുന്ന ഭീകരപ്രവർത്തനം ബാങ്കുകൾ രഹസ്യ അജണ്ടയുണ്ടാക്കി നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഇത് തികച്ചും റിസർവ് ബാങ്ക് നിയമത്തിനും സെൻട്രൽ ബാങ്ക് നിയമത്തിനും എതിരാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. സി. ജോർജ്: സർ, ഇതിനെതിരെ ബാങ്കുകളെ താക്കീത് ചെയ്യാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. അതുകൊണ്ട് ബാങ്കുകളുടെ ഈ അന്യായ നടപടി നിർത്തൽ ചെയ്യണം. റൂൾ 300 നല്ല ഉദ്ദേശ്യത്തോടുകൂടിതന്നെയാണ് ഗവൺമെന്റ് ചെയ്തത്. ആ ആനുകൂല്യം വിദ്യാർത്ഥികൾക്കല്ല ബാങ്കുകൾക്കാണ് ലഭിക്കുന്നത്. അതുകൊണ്ട് ആ നിയമം പുനഃപരിഷ്കരിച്ച് വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും അതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ചതുപോലെ ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-4-2017-നാണ് ഒരു പ്രസ്താവന നടത്തിയത്. സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പാ കുടിശ്ശികയും ബാങ്കുകളുടെ നടപടികളും ഗൗരവമായൊരു സാമൂഹിക പ്രശ്നമായി മാറിയ സാഹചര്യത്തിലാണ് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ പാവങ്ങളെ ജപ്തി ഭീഷണിയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രഖ്യാപിച്ചത്. ഈ പദ്ധതിക്ക് 26-4-2017-ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരവും നൽകി. ഈ പദ്ധതി വായ്പാ തിരിച്ചടവ് സഹായ പദ്ധതിയായാണ് നടപ്പിലാക്കുന്നത്. ബാങ്കുകളെ സഹായിക്കാനല്ല ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച ഉത്തരവ് ഗവൺമെന്റ് ഉടൻ പുറപ്പെടുവിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പലരും ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയൊക്കെ പരിഗണിച്ചുകൊണ്ടായിരിക്കും റൂൾ 300 പ്രകാരമുള്ള പ്രസ്താവനയുമായി ബന്ധപ്പെട്ട ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിക്കുന്നത്.

## (3) ഫയർ സ്റ്റേഷൻ

ശ്രീ. വി. ടി. ബൽറാം: സർ, തൃത്താല നിയോജകമണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. ബഹുമാന്യനായ മുഖ്യമന്ത്രിക്കു പകരം മറുപടി പറയുന്ന ശ്രീ. എ. കെ. ബാലൻ പാലക്കാട് ജില്ലയിൽനിന്നുള്ള ഒരു മന്ത്രികൂടി ആയതുകൊണ്ട് അങ്ങേയ്ക്ക് ഇത് കൃത്യമായി മനസ്സിലാക്കാനും അനുകൂലമായ ഒരു മറുപടി പറയാനും സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. തൃത്താലയിൽ നിലവിൽ ഫയർ സ്റ്റേഷനില്ല. എന്തെങ്കിലുമൊരു അത്യാഹിതം സംഭവിക്കുകയാണെങ്കിൽ

ഫയർ എഞ്ചിൻ വരേണ്ടത് പത്തിരുപത് കിലോമീറ്ററിന് അപ്പുറത്തുള്ള ഷൊർണ്ണൂരിൽ നിന്ന് അല്ലെങ്കിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ നിന്ന് അതുമല്ലെങ്കിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തുനിന്നാണ്. തൃത്താലയിൽ ഫയർ ആക്സിഡന്റ്സ് മാത്രമല്ല ഉണ്ടാകുന്നത്. അവിടെ ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് വെള്ളിയാംകല്ല് റിസർവോയറുണ്ട്, അതിനുശേഷം കൂട്ടക്കടവ് റെഗുലേറ്ററുണ്ടാകുന്നുണ്ട്. ഇവിടെ മുങ്ങിമരണമടക്കം നിരവധി അപകടങ്ങളാണുണ്ടാകുന്നത്. ഈ സാഹചര്യത്തിൽ ഒരു ഫയർ സ്റ്റേഷനും അതോടൊപ്പം ഡിസാസ്റ്റർ മാനേജ്മെന്റിനുമുള്ള സംവിധാനവും ഉണ്ടാവുകയെന്നത് വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. ഞാൻ തന്നെ സഭയിൽ ഈ വിഷയം നേരത്തെ ഉന്നയിച്ചിരുന്നു. അപ്പോഴൊക്കെ അനുകൂലമായി പരിഗണിക്കാമെന്നുള്ള മറുപടിയാണ് ലഭിച്ചിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ചില പഠനങ്ങൾ നടന്നിട്ടുണ്ട്. കൂറ്റനാട് മലറോഡിനടുത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി അനുകൂലമായ റിപ്പോർട്ട് സഹിതം ഡിപ്പാർട്ട്മെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ അനുകൂലമായ ഒരു തീരുമാനം മാത്രം ഉണ്ടാകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് ബഡ്ജറ്റുകളിലൂടെ നിരവധി സ്ഥലങ്ങൾക്ക്, ഒരുപക്ഷെ മുൻകാലങ്ങളിലെ മുൻഗണനകൾ മാറ്റിക്കൊണ്ടും പുതിയ മുൻഗണനകൾ സൃഷ്ടിച്ചുകൊണ്ടും ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. തൃത്താലയുടെ കാര്യംകൂടി പ്രത്യേകമായി പരിഗണിക്കണം. കണ്ടെത്തിയ സ്ഥലത്ത് എത്രയുംപെട്ടെന്ന് ഒരു ഫയർ സ്റ്റേഷൻ അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള സംസ്ഥാനത്ത് പുതിയ അഗ്നിരക്ഷാ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സർവ്വേ നടത്താൻ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരുന്ന സ്ഥാപനമായ റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ തയ്യാറാക്കിയ പഠന റിപ്പോർട്ടിൽ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലയിലെ കൂറ്റനാടും ഉൾപ്പെട്ടിട്ടുണ്ട്. തൃത്താല നിയോജക മണ്ഡലത്തിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് കൂറ്റനാട് നിന്നും രണ്ടര കിലോമീറ്റർ അകലെ മലറോഡ് പരിസരത്തുള്ള സർക്കാർ വക റവന്യൂ പുറമ്പോക്ക് സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കാൻ യോജിച്ചതാണെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സും നിർമ്മിക്കാൻ ഒരേക്കർ സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലേയ്ക്ക് കൈമാറുന്നതിനായി റവന്യൂ വകുപ്പുമായിച്ചേർന്ന് നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ പ്രവർത്തനം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്റെ മണ്ഡലത്തിൽ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ ഒലവക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിച്ചുവരുന്ന കേരള ഇൻഡസ്ട്രിയൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി അടച്ചുപൂട്ടൽ ഭീഷണിയിലാണ്. 1977 നവംബർ 11-ാം തീയതിയാണ് കേരളത്തിലെ മൂന്നാമത്തെ

യൂണിറ്റായി ഇത് പ്രവർത്തനം തുടങ്ങിയത്. 180-ഓളം ജീവനക്കാർ തൊഴിൽ ചെയ്തിരുന്ന സ്ഥാപനമായിരുന്നു. രാജ്യത്തെ ഗുണനിലവാരമുള്ള ഇലക്ട്രിക്കൽ സ്വിച്ച് ഗിയർ നിർമ്മിച്ച് വിതരണം ചെയ്യുന്നതോടൊപ്പം മറ്റ് സ്ഥാപനങ്ങൾക്കും നൽകി വന്നിരുന്നു. എറണാകുളത്ത് പിറവത്തിനടുത്തുള്ള മാമല യൂണിറ്റിൽ നിർമ്മിച്ചിരുന്ന ട്രാൻസ്ഫോർമറിനും കൊല്ലം കുണ്ടറ യൂണിറ്റിലെ ആൾട്ടർനേറ്റർ നിർമ്മാണത്തിനുമാവശ്യമായ സ്പെയർപാർട്സ് ഇവിടെയാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. 2002-03-ലെ ആന്റണി സർക്കാരിന്റെ കാലത്ത് ശ്രീ. ആർ. സി. ചൗധരി ചെയർമാനായുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച കൂട്ടത്തിൽ KEL-ന്റെ പാലക്കാട്, മാമല യൂണിറ്റുകൾ അടച്ചുപൂട്ടാനും കുണ്ടറ യൂണിറ്റ് സ്വകാര്യവൽക്കരിക്കാനും തീരുമാനമെടുത്തിരുന്നു. മലപ്പുറത്ത് എടരിക്കോട് യൂണിറ്റ് മാത്രമാണ് പൊതുമേഖലയിൽ നിലനിർത്താൻ തീരുമാനിച്ചിരുന്നത്. ഇതുസംബന്ധിച്ച് 6-9-2003-ലെ സർക്കാർ ഉത്തരവും നിലവിലുണ്ട്. എന്നാൽ ശക്തമായ തൊഴിലാളി പ്രക്ഷോഭം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ അടച്ചു പൂട്ടൽ തീരുമാനത്തിൽനിന്ന് അന്നത്തെ സർക്കാർ പിന്മാറിയെങ്കിലും തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിടുകയും സ്ഥലംമാറ്റുകയുമൊക്കെ മാനേജ്മെന്റ് ചെയ്തിരുന്നു. തുടർന്ന് 2006-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ കാര്യക്ഷമമായി കമ്പനി പ്രവർത്തിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനിയെ ലാഭത്തിലാക്കാൻ കഴിഞ്ഞു. 2011-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വീണ്ടും കമ്പനി തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുകയാണുണ്ടായത്. നിലവിൽ ഉത്പാദനം ഏതാണ്ട് നിർത്തിവച്ച മട്ടിലാണ്. കമ്പനി നിലനിൽക്കുന്ന സിഡ്കോയുടെ കെട്ടിടത്തിന്റെ അവസ്ഥയും ശോചനീയമാണ്. തൊഴിലാളികളെ പല യൂണിറ്റുകളിലായി മാറ്റിയതിനെത്തുടർന്ന് നിലവിൽ 13 തൊഴിലാളികളാണ് കമ്പനിയിലുള്ളത്. ഇവരുടെയും തൊഴിൽ നഷ്ടപ്പെടുമെന്ന അവസ്ഥയാണ്. വൈദ്യുതി ബോർഡിന്റെ എയർ ബ്രേക്കർ സ്വിച്ച്, ഫ്യൂസ് യൂണിറ്റുകൾ തുടങ്ങിയ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനാവാത്ത സ്ഥിതിയുമുണ്ട്. ആയതിനാൽ പൊതുമേഖലാ സ്ഥാപനമായ KEL-ന്റെ ഒലവക്കോട് യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും കാര്യക്ഷമമായ മാനേജ്മെന്റിലൂടെ കമ്പനിയുടെ യശ്ശസ്സും പ്രൗഢിയും വീണ്ടെടുക്കാനും ആവശ്യമായ അടിയന്തര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1977-ൽ സ്വകാര്യ മേഖലയിലുള്ള ഒരു ചെറുകിട പീഡിത വ്യവസായ സ്ഥാപനം സർക്കാർ ഏറ്റെടുത്ത് പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഒരു ഡിവിഷനാക്കി മാറ്റിയതാണ് പാലക്കാടുള്ള ഒലവക്കോട് യൂണിറ്റ്. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ മേഖലയുടെ വാടകക്കെട്ടിടത്തിലാണ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ് പ്രവർത്തിച്ചുവരുന്നത്. ഉദ്ദേശം മുപ്പത് വർഷത്തോളം പഴക്കമുള്ള പ്രസ്തുത കെട്ടിടം കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം ഉപയോഗയോഗ്യമല്ലാതായി രിക്കുകയാണ്. ഇവിടെ ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ സൂചിപ്പിച്ചതു പോലെ 2002-ൽ സർക്കാർ രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ യൂണിറ്റിനെ ഒരു എംപ്ലോയീസ് കോ-

ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറാനും ആ സൊസൈറ്റിയുടെ ഉത്പന്നങ്ങൾക്ക് കെൽ ബ്രാൻഡ് ഉപയോഗിക്കാനുള്ള അനുമതി നൽകാനും തീരുമാനിച്ചു. ഇത് നടക്കാത്ത പക്ഷം എല്ലാ തൊഴിലാളികളെയും സ്വയം വിരമിക്കൽ പദ്ധതി നടപ്പാക്കി യൂണിറ്റിന്റെ പ്രവർത്തനം നിർത്താൻ തീരുമാനിച്ചിരുന്നു. തുടർന്ന് സർക്കാർ ധനസഹായത്തോടെ 52 തൊഴിലാളികൾ ഈ യൂണിറ്റിൽനിന്ന് പിരിഞ്ഞുപോയി. എന്നാൽ പിരിഞ്ഞുപോയ ജീവനക്കാരുടെ പി.എഫ്., ഗ്രാറ്റുവിറ്റി എന്നിവ യഥാസമയം നൽകാൻ സാധിച്ചിട്ടില്ല. അതുപോലെ മറ്റുള്ള തീരുമാനങ്ങളും നടപ്പാക്കണ്ടായെന്ന് പിന്നീട് സർക്കാർ തീരുമാനിച്ചു. തുടർന്നും ഒലവക്കോട്ടുള്ള യൂണിറ്റ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ ഇപ്പോഴത്തെ ഏക ഉത്പന്നമായ റീവയറബിൾ ഫ്യൂസ് പൂർണ്ണമായും കാലഹരണപ്പെട്ട സാഹചര്യത്തിൽ KEL-ന്റെ മറ്റ് യൂണിറ്റുകളുടെ ഉത്പാദന പ്രവർത്തനങ്ങളെ സഹായിക്കുന്ന രീതിയിൽ ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു വരികയായിരുന്നു. ഈ യൂണിറ്റിൽ 8 തൊഴിലാളികൾ മാത്രമേ ഇന്ന് നിലവിലുള്ളൂ. യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടം തുടർന്നുള്ള പ്രവർത്തനത്തിന് അനുയോജ്യമല്ല. മറ്റു യൂണിറ്റുകളിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിൽ നിന്നുമാണ് ഈ യൂണിറ്റ് നിലനിർത്താനുള്ള തുക KEL കണ്ടെത്തിയിരുന്നത്. KEL തന്നെ പ്രവർത്തന മൂലധനത്തിന് സർക്കാർ ഖജനാവിനെ ആശ്രയിക്കുന്ന സാഹചര്യത്തിൽ ഈ യൂണിറ്റിന്റെ പ്രവർത്തനം തുടരുന്നത് KEL-നെ കൂടുതൽ നഷ്ടത്തിലേയ്ക്കാണ് നയിക്കുക. ഈ സാഹചര്യത്തിൽ KEL-ന്റെ ബോർഡ് മീറ്റിംഗിൽ ഒലവക്കോട്ടുള്ള യൂണിറ്റിന്റെ പ്രവർത്തനം നിർത്തി അവിടെയുള്ള എട്ട് ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിപ്പിക്കാനും സിഡ്കോ ഷെഡ്ഡുകൾ നന്നാക്കിവരുന്നമുറയ്ക്ക് യൂണിറ്റിന്റെ പ്രവർത്തനം വീണ്ടും തുടങ്ങുവാനും മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ കമ്പനിയുടെ എടരിക്കോട് യൂണിറ്റിലേയ്ക്കും യന്ത്ര സാമഗ്രികൾ മാമല, എടരിക്കോട് യൂണിറ്റുകളിലേയ്ക്കും മാറ്റാൻ തീരുമാനിച്ചു. തുടർന്ന് 1-3-2017 മുതൽ ഈ യൂണിറ്റിന്റെ പ്രവർത്തനം പൂർണ്ണമായും നിർത്തുകയുണ്ടായി. KEL-ന്റെ പുനരുദ്ധാരണത്തിനായി സർക്കാർ ഈ സാമ്പത്തിക വർഷം അനുവദിച്ച 18 കോടി രൂപയിൽ നിന്ന് 50 ലക്ഷം രൂപ ഒലവക്കോട് യൂണിറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒലവക്കോട് യൂണിറ്റിൽ KEL-ന്റെ മറ്റ് യൂണിറ്റുകൾക്ക് ഉപയോഗയോഗ്യമായ അനുബന്ധ ഉല്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾകൂടി സർക്കാർ പരിശോധിച്ച് പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (5) കുടിവെള്ള പദ്ധതി

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന താഴെക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി രണ്ടുഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതിയാണ് താഴെക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി. ഏകദേശം ഒരു ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കും. ഇതിന്റെ ഒന്നാം ഘട്ടത്തിന്റെ മാത്രം പൂർത്തീകരണത്തിനായി ഏകദേശം 2176 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് ജലവിഭവ വകുപ്പ് തയ്യാറാക്കുകയും അതിൽ 750 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. അനുവദിച്ച തുക പ്രകാരമുള്ള

ഒന്നാം ഘട്ടത്തിലുൾപ്പെട്ട വെൽ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഒന്നാം ഘട്ടത്തിന്റെ അവശേഷിക്കുന്ന മറ്റ് പ്രവൃത്തികളും റോഡിന്റെ പുനർനിർമ്മാണവും ഉൾപ്പെടെ പൂർത്തിയാക്കുന്നതിന് ഏകദേശം 1955 ലക്ഷം രൂപകൂടി ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. വിതരണം ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിൽ ഏകദേശം 331 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതിനുള്ള തുക കിഫ്ബിയിൽ (2017-18) നിന്നും അനുവദിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും തുക നിലവിലെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നത് പദ്ധതിച്ചെലവ് ഗണ്യമായി വർദ്ധിപ്പിക്കും. ആയതിനാൽ പൊതുജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ഗുണഭോക്താക്കൾക്ക് എത്രയുംവേഗം പ്രയോജനപ്പെടുന്നതിനുമായി ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനാവശ്യമായ ബാക്കി തുകയും രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനത്തിനാവശ്യമായ സംഖ്യയും എത്രയുംവേഗം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലമായ പെരിന്തൽമണ്ണയിലെ താഴെക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയിൽ 2013-ലെ SLSSC-യിൽ 750 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ആ ഘടകങ്ങളുടെ 95 ശതമാനവും പൂർത്തീകരിച്ചു. ശുദ്ധീകരണശാല ഉത-വെട്ടിച്ചുരുക്ക് എന്ന പ്രദേശത്ത് 70 സെന്റ് സ്ഥലത്താണ് നിർമ്മിക്കേണ്ടത്. അതിൽ 61.5 സെന്റ് സ്ഥലം പുറമ്പോക്കും 8.5 സെന്റ് സ്ഥലം അബ്ദുൾ റഷീദ് നാലകത്ത് എന്ന വ്യക്തി സൗജന്യമായി നൽകിയതുമാണ്. അവിടെ പെരിന്തൽമണ്ണ താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി തന്ന സ്കെച്ച് അനുസരിച്ച് പണി ആരംഭിച്ചതാണ്. പക്ഷെ സൗജന്യമായി സ്ഥലം തന്നയാൾ തന്നെ അദ്ദേഹത്തിന്റെ വസ്തു കയ്യേറുന്നതായി പരാതി നൽകിയതിനെത്തുടർന്ന് മലപ്പുറം ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വീണ്ടും അവിടെ അളന്നെടുക്കുകയുണ്ടായി. കയ്യേറിയതായി പറയുന്ന സ്ഥലത്തിന് പകരം സ്ഥലം കൊടുക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് കളക്ടറും തഹസീൽദാരും ചേർന്ന് സ്ഥലം പരിശോധിച്ച് നടപടികളിലേയ്ക്ക് നീങ്ങുകയാണ്. അതുസംബന്ധിച്ച് WP(C) 87/17 എന്നൊരു കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. അത് തീർപ്പാകുന്ന മുറയ്ക്ക് ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കഴിയുന്നതാണ്. രണ്ടാം ഘട്ടത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഒന്നാംഘട്ടം തന്നെ NRDWP-യിലെ SLSSC-യിൽ വച്ചാണ് എടുത്തത്. NRDWP-യുടെ തുക ഗണ്യമായി കേന്ദ്ര ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. 200 കോടി രൂപ വരെ കിട്ടിക്കൊണ്ടിരുന്നത് 50 കോടി

രൂപയായി കുറഞ്ഞിരിക്കുന്നു. അത്തരം പദ്ധതികൾ ഇനി ഏറ്റെടുക്കുന്നത് സാഗി പഞ്ചായത്തുകളിലും അതോടൊപ്പം തന്നെ ഫ്ലൂറൈഡിന്റെയും ആഴ്സനികിന്റെയും സാന്നിദ്ധ്യം കണ്ടെത്തുന്ന സ്ഥലങ്ങളിൽ മാത്രമാകണം എന്ന നിബന്ധന വച്ചതു കൊണ്ട് നമുക്ക് അതിലേയ്ക്ക് പോകാൻ കഴിയുന്നുമില്ല. എന്നുമാത്രമല്ല, ചെയ്തുകഴിഞ്ഞ 230 കോടിയോളം രൂപയുടെ പണികൾക്ക് കരാറുകാർക്ക് കുടിശ്ശിക കൊടുക്കാനുമുണ്ട്. 1500 കോടി രൂപയുടെ പണികൾ ഏറ്റെടുത്തിരിക്കുകയാണ്. ഒരു നയാപൈസ പോലും കിട്ടുന്നില്ല. അതിനാൽ ഇത് NRDWP-യിൽ ഏറ്റെടുക്കുന്ന കാര്യം ബുദ്ധിമുട്ടാണ്. എന്നാൽ രണ്ടാംഘട്ടം, കിഫ്ബിയിൽ ഈ വർഷം പ്രഖ്യാപിച്ചതിൽ വന്നില്ലെങ്കിൽ വരും വർഷങ്ങളിൽ അത് ഉൾപ്പെടുത്തി സമ്പൂർണ്ണമാക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

## (6) മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീ. എൻ. വിജയൻ പിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ നീണ്ടകര കേരളത്തിലെ പ്രധാന മത്സ്യബന്ധന കേന്ദ്രവും തുറമുഖവുമാണ്. ചവറ I.R.E.L-ൽ നിന്നും കരിമണൽ വിദേശത്തേയ്ക്ക് കയറ്റി അയച്ചിരുന്നത് നീണ്ടകര തുറമുഖം വഴിയായിരുന്നു. എന്നാൽ I.R.E.L. കരിമണൽ കയറ്റുമതി അവസാനിപ്പിച്ചതിനു ശേഷം ഇവിടത്തെ പോർട്ട് ഓഫീസ് നിർത്തലാക്കി. പോർട്ടിന്റെ മെക്കാനിക്കൽ വർക്ഷോപ്പ് ഉപയോഗിച്ച് 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് അവിടെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. എന്നാൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ പ്രവർത്തനം കാര്യക്ഷമമല്ല. ബോട്ട് ജീവനക്കാർക്കുള്ള നാല് ദിവസത്തെ കോഴ്സ് മാത്രമാണ് നടത്തുന്നത്. പരിശീലനത്തിനാവശ്യമായ കെട്ടിടം, ഹോസ്റ്റൽ എന്നിവയുടെ പണി പൂർത്തിയായിട്ടും ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും കേന്ദ്ര ഫിഷിംഗ് മന്ത്രാലയത്തിന്റെ അംഗീകാരവും വാങ്ങി ഇവിടെ പുതിയ കോഴ്സുകൾ ആരംഭിച്ച് പ്രവർത്തനം വിപുലപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ മതിൽ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിക്കാനുണ്ട്. അതുകൂടി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് ശാസ്ത്രീയമായി ഇത് പ്രവർത്തിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. എൻ. വിജയൻ പിള്ള സബ്മിഷനിൽ ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ടതും പരിഗണനയിലിരിക്കുന്നതുമാണ്. അന്താരാഷ്ട്ര ചരക്ക് നീക്കത്തിന്റെ 90 ശതമാനം കയ്യാളുന്ന കപ്പൽ ഗതാഗത രംഗം മികച്ച ജോലി സാധ്യതയുള്ള മേഖല കൂടിയാണ്. തൊഴിലവസരങ്ങൾ സംസ്ഥാനത്തിന് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കാൻ തീരുമാനിച്ചത്. ഇതിനായി കേരള

സർക്കാർ 'കേരള മാരിടൈം സൊസൈറ്റി' രൂപീകരിക്കുകയും സൊസൈറ്റിയുടെ കീഴിൽ നീണ്ടകരയിലും കൊടുങ്ങല്ലൂരിലും ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് 2010 മേയ് 4-നാണ് ആരംഭം കുറിച്ചത്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണത്തിനായി തുറമുഖ വകുപ്പിന്റെ 14 ഏക്കർ സ്ഥലമാണ് ഉപയോഗപ്പെടുത്തുന്നത്. ലോക നിലവാരത്തിലും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായും 2450 ലക്ഷം രൂപ പ്രാരംഭ ചെലവിലുമാണ് നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത്. നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണത്തിന്റെ ആർക്കിടെക്ട്/കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുള്ളത് അജിത്ത് അസോസിയേറ്റ്സ്, എറണാകുളം ആണ്. നിർമ്മാണം മൂന്ന് ഘട്ടങ്ങളിലായി പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. നിർമ്മാണപ്രദേശത്ത് ധാരാളമായി ധാതുമണൽ നിക്ഷേപമുള്ളതിനാൽ അവ നഷ്ടപ്പെടുത്താതെ ഖനനം ചെയ്യാൻ സർക്കാർ അനുമതി നൽകിയതിനെ തുടർന്നാണ് നിർമ്മാണ പ്രവർത്തനം വൈകുന്നത്. നിർമ്മാണ സമയത്തുണ്ടായ ചില സാങ്കേതിക പ്രശ്നങ്ങളും നിർമ്മാണം വൈകാൻ കാരണമായി. നിർമ്മാണം ഈ വർഷം അവസാനത്തോടെ പൂർത്തിയാക്കി 2018-19 അദ്ധ്യയന വർഷം മുതൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരത്തോടെയുള്ള ലോക കപ്പൽ ഗതാഗത മേഖലയ്ക്ക് ആവശ്യമായ ചുവടെ ചേർത്തിട്ടുള്ള കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുന്നതാണ്:

- Pre-Sea Course-കളായ Diploma in Nautical Science, Graduate Marine Engineering കോഴ്സുകൾ.
- Post-Sea Course-കളായ Master (Foreign going) Master (Near coastal voyage - NCV) First Mate (FG & NCV) തുടങ്ങിയ കോഴ്സുകൾ.
- Preparatory Course-കളായ വിവിധ നിലവാരത്തിലുള്ള Marine Engineer Officer (MEO) തുടങ്ങിയ കോഴ്സുകൾ.
- Security related course-കളായ Ship security officer, Port facility security officer തുടങ്ങിയ കോഴ്സുകൾ.
- Basic Safety Course-കളായ Personal Safety, Personal Survival, First Aid, Fire Prevention and Fighting തുടങ്ങിയ കോഴ്സുകൾ.

നിലവിൽ നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് തുറമുഖ വകുപ്പിന്റെ നീണ്ടകരയിലെ വർക്ക്ഷോപ്പിലാണ് പ്രവർത്തിക്കുന്നത്. അവിടെ 121 ബാച്ചുകളിലായി 10,116 പേർക്ക് Boat crew training-ലും First class masters and engineers പഞ്ചദിന പരിശീലന പരിപാടി വഴി 72 പേർക്കും boat owners പരിശീലന പരിപാടി വഴി 90 പേർക്കും വിജയകരമായി പരിശീലനം നൽകിയിട്ടുണ്ട്.

## (7) ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, 1936-ൽ തിരുവിതാംകൂർ രാജഭരണകാലത്ത് തുടങ്ങിയതാണ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്. ഇത്രയും പഴക്കമുള്ള വകുപ്പിന്റെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഈ വകുപ്പിനെ സംരക്ഷിക്കാൻ കമ്പ്യൂട്ടറൈസേഷനടക്കം നിരവധി നടപടികൾ ധനകാര്യ വകുപ്പുമന്ത്രി കൈക്കൊണ്ടു. എന്നാൽ കഴിഞ്ഞ അഞ്ച് വർഷം ഇവയിൽ കാര്യമായ പുരോഗതിയൊന്നുമുണ്ടായിട്ടില്ല. കമ്പ്യൂട്ടറൈസേഷന്റെ നടപടികൾ ശരിയായ ദിശയിൽ എത്തിയിട്ടില്ല. വകുപ്പുവഴി സംസ്ഥാന ജീവനക്കാർക്ക് നടപ്പാക്കിവരുന്ന SLI, GIS, GPAIS പദ്ധതികളാണുള്ളത്. കൂടാതെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസും നടപ്പാക്കുന്നുണ്ട്. 5000 കോടി രൂപയുടെ ഫണ്ട് ബാലൻസാണ് വകുപ്പിനുള്ളത്. കൂടാതെ ലാഭവിഹിതമായി 10 കോടി രൂപയും നൽകിയിട്ടുണ്ട്. എന്നാൽ കൃത്യമായ സേവനങ്ങൾ നൽകാൻ വകുപ്പിന് കഴിയുന്നില്ല. ഓരോ ജില്ലയിലും പതിനായിരം മുതൽ ഇരുപതിനായിരം വരെ പോളിസികൾ ഇനിയും നൽകാൻ ബാക്കിയുണ്ട്. ക്ലെയിം തീർപ്പാക്കാനും കാലതാമസം നേരിടുന്നു. ജീവനക്കാരുടെ കുറവും കമ്പ്യൂട്ടറൈസേഷനിലെ അപാകതയുമാണ് ഇതിന് കാരണം. വർക്ക് അറേഞ്ച്മെന്റ് വഴി ജീവനക്കാരെ ഡയറക്ടറേറ്റിൽ നിന്നും വിന്യസിച്ചിട്ടുണ്ടെങ്കിലും അത് അശാസ്ത്രീയമായ രീതിയിലാണ്. തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിയമിച്ച ജീവനക്കാരുടെ മൂന്നിലൊന്ന് ജീവനക്കാരെപ്പോലും മറ്റ് ജില്ലകളിൽ നിയമിച്ചിട്ടില്ല. ഇത്രയും ഫണ്ട് ബാലൻസുള്ള ഒരു വകുപ്പിന് ജില്ലയിൽ ഒരു വാഹനം പോലും ഇതുവരെ അനുവദിച്ചിട്ടില്ല. കോ-ഇൻഷ്വറൻസ് വഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നുണ്ടെങ്കിലും അതിന് വ്യക്തമായ സജ്ജീകരണങ്ങളൊന്നുമില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് നിയോഗിച്ച സി.എം.ഡി. വിശദമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും ആ റിപ്പോർട്ടിന്മേൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കുന്ന എല്ലാ ഇൻഷ്വറൻസ് പദ്ധതികളും സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അടക്കം നടപ്പിലാക്കാൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ പര്യാപ്തമാക്കാൻ നടപടിയുണ്ടാകണം. അതോടൊപ്പം പ്രവാസികൾക്ക് മാത്രമായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ അതിന്റെ ചുമതലകൂടി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് നൽകാവുന്നതാണ്. ആയതിനാൽ ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുമ്പ് തുടങ്ങി വച്ച പദ്ധതികൾ തുടർന്ന് പോകണമെന്നും വകുപ്പിനെ സംരക്ഷിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് ധനസമാഹരണം നടത്തുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ഇന്നത്തേക്കാൾ വലിയ പങ്ക് വഹിക്കാൻ കഴിയും. 2015-16-ലെ ഫണ്ട് ബാലൻസ് 4,527 കോടി രൂപയാണ്. ഇത് ഇനിയും ഗണ്യമായി ഉയർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. 2011-ൽ സി.എം.ഡി. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറൈസേഷൻ നടത്താനുള്ള തീരുമാനമെടുത്തു. അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ കമ്പ്യൂട്ടറൈസേഷനിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിശോധിച്ച് തിരുത്തുന്നതിനും സോഫ്റ്റ്വെയർ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. കമ്പ്യൂട്ടറൈസേഷനുശേഷം ജീവനക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് പഠനം നടത്താമെന്ന് തീരുമാനിച്ചിട്ടാണ് പുതിയ ആളുകളെയൊന്നും നിയമിക്കാതിരുന്നത്. ഇപ്പോൾ ഒരു മാനുവൽ തയ്യാറാക്കുന്നതിനും സർക്കാരിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്ന തരത്തിൽ വകുപ്പിന്റെ പദ്ധതികൾ മറ്റ് മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു ഇൻഷ്വറൻസ് കൺസൾട്ടന്റിന്റെ സേവനം ഉപയോഗപ്പെടുത്താൻ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സർക്കാരിന്റെ കീഴിലുള്ള പല ധനകാര്യ സ്ഥാപനങ്ങളും വിഭവസമാഹരണം ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആ രീതിയിൽ സമൂലമായി ഇൻഷ്വറൻസ് വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുന്നതാണ്.

## (8) മാവേലിക്കര ജില്ലാ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കൽ

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മാവേലിക്കര താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് മാറിയിട്ട് 6 വർഷം പിന്നിടുകയാണ്. എന്നാൽ താലൂക്ക് ആശുപത്രിയുടെ പേരിൽ മാറ്റമുണ്ടായി എന്നതിനപ്പുറത്ത് ജില്ലാ ആശുപത്രിയുടെ നിലവാരത്തിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും എണ്ണം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ മാവേലിക്കര ജില്ലാ ആശുപത്രിയെ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രത്യേക പരിഗണന കൊടുക്കുന്ന ചുരുക്കം ചില ആശുപത്രികളിൽ ഒന്നായി പ്രഖ്യാപിച്ചത് സന്തോഷകരമാണ്. അവിടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വലിയ നിലയിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ കൂടിയും ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും എണ്ണത്തിൽ ജില്ലാ ആശുപത്രി നിലവാരത്തിലേയ്ക്കുള്ള തസ്തികകൾ സൃഷ്ടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മാത്രവുമല്ല മുമ്പുണ്ടായിരുന്ന താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലുള്ള ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും എണ്ണവും ഇപ്പോൾ നിലവിലില്ല. താലൂക്ക് ആശുപത്രി നിലവാരത്തിൽ 31

ഡോക്ടർമാർ വേണ്ട സ്ഥാനത്ത് 9 ഡോക്ടർമാരുടെ കുറവുണ്ട്. അതുപോലെ സ്റ്റാഫിൽ 19 ആളുകളുടെ കുറവാണുള്ളത്. ഇത് പരിഹരിക്കുന്നതോടൊപ്പം ജില്ലാ ആശുപത്രിയായി മാറുമ്പോഴുള്ള ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും എണ്ണം സൃഷ്ടിക്കാനാവശ്യമായ നടപടികൂടി സർക്കാർ സ്വീകരിക്കണം. ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും എണ്ണം കുറഞ്ഞതിന്റെ ഭാഗമായി ഒ.പി.-യിൽ രോഗികളുണ്ടെങ്കിലും ഐ.പി.-യിൽ രോഗികളുടെ വലിയ കുറവാണ് അനുഭവപ്പെടുന്നത്. ഇത് ആ പ്രദേശത്തെ സാധാരണക്കാരായ രോഗികളെ സംബന്ധിച്ച് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ഈ പ്രശ്നത്തിന് സർക്കാർ അടിയന്തരമായി പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മാവേലിക്കര ജില്ലാ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 347 ആണ്. പ്രതിദിനമുള്ള ഒ.പി. 1000-വും ഐ.പി.100-ഉം ആണ്. ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, സർജറി, ഗൈനക്, ഓർത്തോ, ഇ.എൻ.ടി, നേത്രരോഗം, സൈക്യാട്രി, അനസ്തേഷ്യ, ഡെന്റൽ, ത്വക്ക്, അത്യാഹിതം എന്നീ വിഭാഗങ്ങൾ അവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലബോറട്ടറി, ഐ.സി.റ്റി.സി. ലാബ്, ഫാർമസി, എക്സ്റേ, ഇ.സി.ജി. മുതലായ സേവനങ്ങളും ഈ ആശുപത്രിയിൽ ലഭ്യമാണ്. മാവേലിക്കര താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയതിനുശേഷം താഴെപ്പറയുന്ന തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഡെന്റൽ മെക്കാനിക്ക്- 1, സ്റ്റാഫ് നഴ്സ്-2, അസിസ്റ്റന്റ് സർജൻ-4, സ്റ്റാഫ് നഴ്സ്-10, ഫാർമസിസ്റ്റ് ഗ്രേഡ് II-1, ഡെന്റൽ സർജൻ-1, ലാബ് ടെക്നീഷ്യൻ -1. എന്നാൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താലൂക്ക്, ജില്ലാ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പട്ടികയിൽ മാവേലിക്കര താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ ഡോക്ടർ മാരുടേതടക്കം 5257 തസ്തികകൾ മൂന്ന് വർഷംകൊണ്ട് ആരോഗ്യ വകുപ്പിൽ സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഈ തസ്തികകളും ഉൾപ്പെടും. ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റിയാക്കി മാറ്റാൻ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. ഫയൽ മൂവ് ചെയ്തിട്ടുണ്ട്. ഇതിൽ മാവേലിക്കര താലൂക്കാശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. തസ്തിക ലഭ്യമാകുന്നമുറയ്ക്ക് മാവേലിക്കര താലൂക്കാശുപത്രിക്ക് ലഭ്യമാകും. മാത്രമല്ല, കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായി പണം നൽകുന്ന മുൻഗണനാ പട്ടികയിലും മാവേലിക്കര ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുള്ള മാസ്റ്റർ പ്ലാൻ അടിയന്തരമായി തയ്യാറാക്കണം. ഞാൻ ഇന്നലെ പ്രസംഗത്തിൽ പറഞ്ഞതു പോലെ, മാസ്റ്റർ പ്ലാൻ തയ്യാറാക്കി അടിയന്തരമായി സമർപ്പിച്ചവർക്കെല്ലാം പണം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഈ ലിസ്റ്റിലുള്ള മാവേലിക്കര ജില്ലാ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കണം. പോസ്റ്റ് ക്രിയേഷൻ നടക്കുന്ന മുറയ്ക്ക് മാവേലിക്കര ആശുപത്രിക്കും തസ്തികകൾ ലഭ്യമാകുന്നതാണ്.

## (9) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ലാബ്, ഡയാലിസിസ് യൂണിറ്റുകൾ

ശ്രീ. അനിൽ അക്കര: സർ, പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ പാവപ്പെട്ടവരും അല്ലാത്തവരുമായ നിരവധി രോഗികൾ വരുന്ന ആശുപത്രിയാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. അവിടത്തെ ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും മികച്ച നിലവാരം പുലർത്തുന്നവരാണെങ്കിലും ലാബ് മുതൽ ലിഫ്റ്റ് വരെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. മന്ത്രിമാരും ജഡ്ജിമാരും ഉൾപ്പെടെയുള്ള ആളുകൾ ലിഫ്റ്റിൽ കുടുങ്ങുന്ന സാഹചര്യവുമുണ്ട്. എന്തെങ്കിലും അസുഖം വന്നാൽ ഞാൻ സ്ഥിരമായി പോകുന്ന ആശുപത്രി കൂടിയാണിത്. ആഴ്ചയിൽ ഒരിക്കൽ ഞാൻ അവിടെ സന്ദർശനം നടത്താറുമുണ്ട്. ഒരിക്കൽ അസുഖബാധിതനായി എന്നെ അവിടെ പ്രവേശിപ്പിച്ച സമയത്ത് ഐ.സി.യു.-വിൽ മഞ്ഞപ്പിത്തം/എലിപ്പനിയുമായി വന്ന ഗോപി എന്ന രോഗിയുണ്ടായിരുന്നു. ആ വ്യക്തി വളരെ ഉഷാറായിരുന്നുവെങ്കിലും പിറ്റേ ദിവസം പെട്ടെന്ന് മരിക്കുകയാണുണ്ടായത്. എലിപ്പനിയുമായി ബന്ധപ്പെട്ട് എടുത്ത ടെസ്റ്റിൽ ലാബ് ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതുകൊണ്ട് അസുഖം കൃത്യമായി കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. രണ്ട് ദിവസം കഴിഞ്ഞപ്പോൾ യദുകൃഷ്ണൻ എന്ന കുട്ടിയും മരിക്കുകയുണ്ടായി. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുണ്ടായിട്ടും ലാബ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അവിടെ ശരിയായ രീതിയിൽ മെയിന്റനൻസ് നടത്താൻ കഴിയുന്നില്ല. ആന്വൽ മെയിന്റനൻസ് നടത്താൻ ഏൽപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് ഫണ്ട് കൊടുക്കാത്തതുമൂലമുള്ള പ്രശ്നമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് അവിടെ ലാബ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകമായ റിവോൾവിംഗ് ഫണ്ട് കണ്ടെത്താൻ സർക്കാർ മുൻകയ്യെടുക്കുമോ? അല്ലെങ്കിൽ പൊതുജനങ്ങളുമായി ബന്ധപ്പെട്ട് അങ്ങനെയൊരു ഫണ്ട് സംഘടിപ്പിച്ചാൽ സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുമോ? തൃശ്ശൂർ മെഡിക്കൽ കോളേജിനെ അവശ്യ സർവ്വീസ് എന്ന രീതിയിൽ കണക്കാക്കി ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനസജ്ജമാക്കാൻ നടപടിയുണ്ടാകണം. ഡയാലിസിസ് കിറ്റ് തന്നെ നിരവധി തവണ ഉപയോഗിക്കുകയാണ്. ബ്ലീച്ചിംഗ് പൗഡർ, സിട്രിക് ആസിഡ് എന്നിവ ഉപയോഗിച്ച് കഴുകി വീണ്ടും ഉപയോഗിക്കുന്നത് ഗുരുതരമായ പ്രത്യാഘാതത്തിലേയ്ക്ക് പോകുമെന്നുള്ളതുകൊണ്ട് അടിയന്തര ശ്രദ്ധ ഗവൺമെന്റ് ഈ വിഷയത്തിൽ എടുക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തൃശ്ശൂർ മെഡിക്കൽ കോളേജ് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും നല്ല മെഡിക്കൽ കോളേജുകളിൽ ഒന്നാണ്. അവിടെ ഏറ്റവും നല്ല റിസൾട്ടൊക്കെയാണ് ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അവിടെ നല്ല ഡോക്ടർമാരുമുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ലാബുകളിൽ എല്ലാ ടെസ്റ്റും

ലഭ്യമാണ്. ഡയാലിസിസ് വേണ്ടിവരുന്ന രോഗികൾക്കും എലിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ പിടിപെട്ട് വരുന്നവർക്കും ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ലാബിൽനിന്നും എല്ലാ ടെസ്റ്റുകളും നടത്തുന്നുണ്ട്. ഇപ്പോൾ എല്ലാ ലാബുകളും പ്രവർത്തനസജ്ജവും ഉപകരണങ്ങളെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുമുണ്ട്. കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾ വരുമ്പോൾ ഡയാലിസിസ് കിറ്റ് വീണ്ടും ഉപയോഗിക്കുന്നത് സാർവ്വത്രികമായ ഒരു നടപടിക്രമമാണ്. അത് ഒരാൾക്ക് ഉപയോഗിച്ചശേഷം ഉപേക്ഷിക്കുകയല്ല ചെയ്യുന്നത്. അത് സ്റ്റെറിലൈസ് ചെയ്ത് വീണ്ടും ഉപയോഗിക്കുക എന്നുള്ളത് സാധാരണയായി ചെയ്യുന്ന നടപടി ക്രമമാണ്. അങ്ങനെ സ്റ്റെറിലൈസ് ചെയ്ത് രണ്ടാമതും ഉപയോഗിക്കുന്നതുകൊണ്ട് വേറെ അപകടമൊന്നുമുണ്ടായിട്ടില്ല. എല്ലാ സുരക്ഷാക്രമങ്ങളും പാലിച്ചാണ് ഇത് ചെയ്യുന്നത്. സോഡിയം, പൊട്ടാസ്യം, ക്രിയാറ്റിൻ എന്നിവയുടെ അളവ് പരിശോധിക്കാനുള്ള ടെസ്റ്റുകൾ ഈ ലാബിൽ ചെയ്യുന്നുണ്ട്. രക്തത്തിലെ പഞ്ചസാരയുടെ അളവ് അറിയുന്നതിനുള്ള ഗ്ലൂക്കോമീറ്റർ ലാബിൽ ഉപയോഗിക്കുന്നുണ്ട്. ഓട്ടോ അനലൈസർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ലാബിൽ ലഭ്യമാണ്. 24 മണിക്കൂറും ഡയാലിസിസ് ലഭ്യമാണ്. പ്രതിദിനം മൂന്ന് ഷിഫ്റ്റുകളിലായി ഏകദേശം 40 ഡയാലിസിസ് ഇപ്പോൾ അവിടെ ചെയ്യുന്നുണ്ട്. 365 ദിവസവും 24 മണിക്കൂറും എമർജൻസി ഡയാലിസിസ് ചെയ്യുന്നുണ്ട്.

2017 ഏപ്രിൽ 29-നും മേയ് 6-നും യഥാക്രമം മരണപ്പെട്ട താഴത്ത് ഗോപിയുടെയും യദുകൃഷ്ണന്റേയും മരണം ഡയാലിസിസ് യൂണിറ്റിന്റെയും ലാബിന്റെയും പ്രവർത്തനരാഹിത്യം കൊണ്ടല്ല സംഭവിച്ചത്. താഴത്ത് ഗോപിയുടെ മരണം Hepatorenal dysfunction മൂലമാണ്. ഇദ്ദേഹത്തെ അവിടെ അഞ്ചുതവണ ഡയാലിസിസിന് വിധേയമാക്കിയിരുന്നു. എലിപ്പനിമൂലമുള്ള കരൾ സ്തംഭനം, Multiple Organ Dysfunction Syndrome, ഷോക്ക്, വൃക്ക സ്തംഭനം തുടങ്ങിയവ കാരണമായിട്ടുണ്ട്. പരമാവധി ശ്രമിച്ചതാണ്. പക്ഷേ അത് റിക്കവർ ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. യദുകൃഷ്ണന്റെ മരണ കാരണം Multiple Organ Dysfunction Syndrome ആണ്. ഇദ്ദേഹത്തിന് കാര്യമായ വൃക്ക സ്തംഭനമുണ്ടായിരുന്നില്ല. ഡയാലിസിസിന്റെ കുഴപ്പംകൊണ്ടല്ല, കരളിന്റെ പ്രവർത്തനക്കുറവ്, ഷോക്ക് മുതലായവ കൊണ്ടാണ് അദ്ദേഹം മരണപ്പെട്ടത്. ഡയാലിസിസ് യൂണിറ്റിന്റേയോ ലാബിന്റെയോ കാര്യക്ഷമത കുറഞ്ഞതുകൊണ്ട് മരണം സംഭവിച്ചിട്ടില്ല. ഇത്തരം കാര്യങ്ങൾ വളരെ സൂക്ഷ്മമായിത്തന്നെ കൈകാര്യം ചെയ്യണം. സർക്കാർ കോളേജുകളെയും സ്ഥാപനങ്ങളെയും അപകീർത്തിപ്പെടുത്തുന്നതിന് ഇത്തരത്തിലുള്ള പ്രചരണങ്ങൾ കാരണമാകുന്നുണ്ട്. കുറ്റം സംഭവിച്ചാൽ അത് പറയണം, പറയണ്ടെന്ന് ഞാൻ പറയുന്നില്ല. ഇങ്ങനെ എക്സാജറേറ്റ് ചെയ്ത് പറയുമ്പോൾ സർക്കാർ സ്ഥാപനങ്ങളിലാകെ എന്തോ അപകടം സംഭവിക്കുകയാണെന്നാണ് കരുതുന്നത്. സ്വകാര്യ കോർപ്പറേറ്റ് ലോബികളുടെ താല്പര്യംകൂടി ഇതിന്റെ പിറകിലുണ്ട്. എന്നാൽ നാം ശ്രദ്ധിക്കേണ്ട വിഷയങ്ങൾ കൃത്യമായി ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഉപകരണങ്ങൾ കേടായി കിടക്കുക, ലിഫ്റ്റ് കേടായി കിടക്കുക

തുടങ്ങിയ പോരായ്മകൾ തൃശ്ശൂർ മെഡിക്കൽ കോളേജിലുണ്ട്. ഇത് സർവ്വസാധാരണമായി മെഡിക്കൽ കോളേജുകളിൽ കണ്ടുവരുന്നതാണ്. അത് പരിഹരിക്കാനാണ് ഇപ്പോൾ ഒരു കമ്പനിയുമായി പ്രത്യേക കരാറുണ്ടാക്കി ഇതെല്ലാം നന്നാക്കുന്നതിനുള്ള പരിശ്രമം ഗവൺമെന്റ് തുടങ്ങിയത്. അതിൽ നല്ല മാറ്റമുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിന്റെ ഭാഗമായി അവിടെ ദ്രുതഗതിയിൽ പ്രവർത്തനം നടത്തുകയാണ്. അവിടത്തെ എം.എൽ.എ. എന്ന നിലയിൽ ഈ പ്രവൃത്തികളൊക്കെ സ്പീഡാക്കുന്നതിന് താങ്കൾ ഗൗരവമായി ശ്രദ്ധിക്കണം. 41 കോടി രൂപയുടെ അക്കാഡമിക് ബ്ലോക്ക്, 16 കോടി രൂപയുടെ പി.ജി. ഹോസ്റ്റൽ, 4.5 കോടി രൂപയുടെ പേ വാർഡ്, 4.5 കോടി രൂപയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, 2.5 കോടി രൂപയുടെ ലക്ചറർ ഹാൾ എന്നിവയുടെ പ്രവർത്തനം, ഒരു കോടി രൂപയുടെ ഗസ്റ്റ് ഹൗസ് ഏകദേശം പൂർത്തിയാകുന്നു, ഡേ കെയർ, കീമോ സെന്ററിന് ഒരു കോടി രൂപ എം. പി. ഫണ്ടും ഒരു കോടി രൂപ കേന്ദ്ര ഗവൺമെന്റ് ഫണ്ടുമാണ്. അതിന്റെ പ്രവർത്തനം നടക്കുന്നു. ജെറിയാട്രിക് കെയർ റിസർച്ച് സെന്ററിന്റെ പണി നടക്കുകയാണ്. അത് ത്വരിതപ്പെടുത്താൻ എം.എൽ.എ. ഇടപെട്ട് പരിശ്രമിക്കണം. 9.9 കോടി രൂപയുടെ റോഡുകളുടെ വർക്കുണ്ട്. കാത്ത് ലാബ്, linear accelerator (LINAC) എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. ആർട്ടിഫിഷ്യൽ ലിമ്പ് ഫിറ്റിംഗ് സെന്ററിന്റെ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. കാഷ്വാലിറ്റി നവീകരിക്കാനുള്ള പ്രവർത്തനം നടക്കുകയാണ്. ജലവിതരണത്തിനുള്ള പദ്ധതിയിൽ ബഹുമാനപ്പെട്ട എം.എൽ.എ. രണ്ട് കുഴൽക്കിണറും കിയോസ്കുകളും കൊടുക്കുകയുണ്ടായി. അക്കാര്യത്തിൽ അങ്ങയെ അഭിനന്ദിക്കുന്നു. 21 കോടി രൂപയുടെ പുതിയ പ്രോജക്ട് സർക്കാർ തയ്യാറാക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ത്വരിതപ്പെടുത്താനും ഹോസ്പിറ്റലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുമാണ് എം.എൽ.എ. ഇടപെടേണ്ടത്. അല്ലാതെ ചെറിയ ചെറിയ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയല്ല വേണ്ടത്. ഒന്നുരണ്ട് വർഷത്തിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ എല്ലാ അപാകതകളും തീർത്ത് ഏറ്റവും നല്ല മെഡിക്കൽ കോളേജാക്കി മാറ്റുന്നതാണ്.

## (10) പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി: സർ, ലോക പ്രശസ്തിയാർജ്ജിച്ച അതിരപ്പിള്ളി ടൂറിസം മേഖലയിലും നിരവധി തീർത്ഥാടന കേന്ദ്രങ്ങളിലും എത്തിച്ചേരുന്നതിന് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ചാലക്കുടി റെയിൽവേ സ്റ്റേഷൻ ആദർശ് സ്റ്റേഷനായി ഉയർത്തപ്പെട്ടപ്പോൾ കുറച്ച് അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നെങ്കിലും കൂടുതൽ ട്രെയിനുകൾക്ക് ഇവിടെ സ്റ്റോപ്പ് അനുവദിക്കുന്നതിന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അങ്കമാലി വരെ സർവ്വീസ് നടത്തുന്ന ഡെമു ട്രെയിൻ തൃശ്ശൂർ വരെ നീട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യഘട്ടമായി സർവ്വീസ് ചാലക്കുടി വരെ നീട്ടുന്നതിനാവശ്യമായ സമ്മർദ്ദമുണ്ടാകണം. ആഴ്ചയിൽ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ മുരിങ്ങൂർ ഡിവൈൻ നഗർ സ്റ്റേഷനിൽ സ്റ്റോപ്പുള്ള ആലപ്പുഴ-ചെന്നൈ - ധൻബാദ് എക്സ്പ്രസ്, നേത്രാവതി എക്സ്പ്രസ് എന്നിവയ്ക്ക് മറ്റ് ദിവസങ്ങളിൽ ചാലക്കുടിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും

പുതുതായി സർവ്വീസ് ആരംഭിച്ച പാലരുവി എക്സ്പ്രസ്സിന് ചാലക്കുടിയിലും കൊരട്ടി അങ്ങാടിയിലും സ്റ്റോപ്പ് അനുവദിക്കുന്നതിനും അടിയന്തര ഇടപെടലുകൾ അത്യാവശ്യമാണ്. പല പ്രധാന ട്രെയിനുകൾക്കും ആലുവ കഴിഞ്ഞാൽ തൃശ്ശൂർ സ്റ്റേഷനിൽ മാത്രമാണ് ഇപ്പോൾ സ്റ്റോപ്പുള്ളത്. ഗുരുവായൂർ ഇന്റർസിറ്റി, വേണാട് എക്സ്പ്രസ്, ഗുരുവായൂർ - ചെന്നൈ - എഗ്മോർ എക്സ്പ്രസ് എന്നീ ട്രെയിനുകൾക്ക് ഏറെ യാത്രക്കാരുള്ള കൊരട്ടി അങ്ങാടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കണം. വേളാങ്കണ്ണി തീർത്ഥാടകർക്ക് സൗകര്യപ്രദമായി സ്പെഷ്യൽ ട്രെയിനുകൾ സർവ്വീസ് നടത്തുമ്പോൾ അങ്കമാലി, ചാലക്കുടി റെയിൽവേ സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. റെയിൽവേയുടെ അവഗണനയിൽ പ്രതിഷേധിച്ച് ശ്രീ. ഇന്നസെന്റ്, എം.പി.യുടെ നേതൃത്വത്തിൽ മേയ് 13-ന് ചാലക്കുടി റെയിൽവേ സ്റ്റേഷനുമുമ്പിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ റെയിൽവേ മന്ത്രാലയത്തിൽ ആവശ്യമായ മേൽനടപടികളും സമ്മർദ്ദവും ചെലുത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ചാലക്കുടി സ്റ്റേഷൻ 'ഡി' കാറ്റഗറി സ്റ്റേഷനാണ്. 2010-11 വർഷത്തിൽ സ്റ്റേഷനെ ആദർശ് സ്റ്റേഷനായി ഉയർത്തിയപ്പോൾ അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. 24 ജോഡി ട്രെയിനുകൾക്ക് അവിടെ സ്റ്റോപ്പുണ്ട്. അങ്കമാലി വരെയുള്ള ഡെമു ട്രെയിൻ സർവ്വീസ് ചാലക്കുടി വരെ നീട്ടുന്നതിനും വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ മുരിങ്ങൂർ ഡിവൈൻ നഗർ സ്റ്റേഷനിൽ സ്റ്റോപ്പുള്ള ആലപ്പുഴ-ചെന്നൈ-ധൻബാദ് എക്സ്പ്രസ്സ്, നേത്രാവതി എക്സ്പ്രസ്സ് എന്നിവയ്ക്ക് മറ്റ് ദിവസങ്ങളിൽകൂടി ചാലക്കുടിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും പുതുതായി ആരംഭിച്ച പാലരുവി എക്സ്പ്രസ്സിന് ചാലക്കുടിയിലും കൊരട്ടി അങ്ങാടിയിലും ഗുരുവായൂർ ഇന്റർസിറ്റി, വേണാട് എക്സ്പ്രസ്സ്, ഗുരുവായൂർ-ചെന്നൈ-എഗ്മോർ എക്സ്പ്രസ്സ് എന്നിവയ്ക്ക് കൊരട്ടി അങ്ങാടി സ്റ്റേഷനിലും വേളാങ്കണ്ണി തീർത്ഥാടകർക്ക് സൗകര്യപ്രദമായി സ്പെഷ്യൽ ട്രെയിനുകൾ സർവ്വീസ് നടത്തുമ്പോൾ അങ്കമാലി, ചാലക്കുടി റെയിൽവേ സ്റ്റേഷനുകളിലും സ്റ്റോപ്പ് അനുവദിക്കുന്നതിനായി രേഖാമൂലം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിലാവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്. എന്നാൽ സ്വാതന്ത്ര്യാനന്തര കാലംമുതൽ കേന്ദ്രം റെയിൽവേയുടെ കാര്യത്തിൽ കേരളത്തോട് കാണിക്കുന്ന അവഗണന ആപേക്ഷികമായി ഇപ്പോഴും തുടരുന്നുവെന്നുള്ള കാര്യവും നാം ഓർക്കേണ്ടതുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(ചട്ടം 47 (2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം)

1. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 200, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2679, 6332, നാലാം സമ്മേളനത്തിലെ 36, 136, 182, 195, 215, 216, 1938, 1961, 3514 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3027 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 874, 4102 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 957 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 825, 5977 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2897, 4297, നാലാം സമ്മേളനത്തിലെ 276, 351, 2185 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1566 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

8. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6283 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4136, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1543, 1577, 5473, 5487, നാലാം സമ്മേളനത്തിലെ 2373 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VI റിപ്പോർട്ട് സമർപ്പണം

### സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മുരളി പെരുനല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## VII അവകാശലംഘന നോട്ടീസ്

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, ശ്രീ. ഹൈബി ഈഡൻ എന്നീ അംഗങ്ങൾ നൽകിയ പ്രിവിലേജ് നോട്ടീസ് സംബന്ധിച്ച് അവർക്ക് ചെറിയ പ്രസ്താവന നടത്താവുന്നതാണ്.

മഹാരാജാസ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന

ശ്രീ. പി. ടി. തോമസ്: സർ, എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് 5-5-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയാണ് ഈ പ്രിവിലേജിന് ആധാരം. പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ടിലും സേർച്ച് ലിസ്റ്റിലും മുഖ്യമന്ത്രി സഭയിൽ പറഞ്ഞതിൽനിന്നും കടകവിരുദ്ധമായ കാര്യങ്ങളാണുള്ളത്. എഫ്.ഐ.ആർ.-ൽ 1959-ലെ ആംസ് ആക്ട് സെക്ഷൻ - 27 പ്രകാരമാണ് പോലീസ് കേസെടുത്തതായി കാണുന്നത്. എഫ്.ഐ.ആർ.-ന്റെ പാരഗ്രാഫ് 12-ൽ ഗാർഹികമോ കാർഷികമോ ആയ ആവശ്യങ്ങൾക്കല്ലാത്ത മാരകായുധത്തിൽപ്പെട്ട ഒന്നരയടി നീളവും മൂർച്ചയുമുള്ള വെട്ടുകത്തിയടക്കം കമ്പിയും വടികളും എന്നാണ് കാണിച്ചിട്ടുള്ളത്. അതുപോലെ സേർച്ച് ലിസ്റ്റിൽ 9 ഐറ്റമുള്ളപ്പോൾ അഞ്ചാമത്തെ ഐറ്റമായി കാണിച്ചിട്ടുള്ള വാർക്ക കമ്പികളുടെ കാര്യം മാത്രം പ്രാധാന്യം നൽകി മുഖ്യമന്ത്രി സഭയിൽ പറയുകയാണുണ്ടായത്. എഫ്.ഐ.ആർ.-ലെ പ്രധാന കാര്യങ്ങളെല്ലാം മറച്ചുവച്ച് പ്രത്യേക ഉദ്ദേശത്തോടുകൂടിയും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനും ആരെയോ രക്ഷിക്കുന്നതിനും വേണ്ടിയാണ് അദ്ദേഹം ഇങ്ങനെ ചെയ്തതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടിയാണ് പറഞ്ഞതെന്ന് എഫ്.ഐ.ആർ. പരിശോധിച്ചാൽ കാണാവുന്നതാണ്. എഫ്.ഐ.ആർ.-ന്റെ സേർച്ച് ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്.

മി. സ്പീക്കർ: നോട്ടീസ് മുഴുവൻ വായിക്കേണ്ട. മെൻഷൻ ചെയ്താൽ മതി.

ശ്രീ. പി. ടി. തോമസ്: സർ, ഇപ്രകാരം സഭയിൽ തെറ്റായ വിവരം വസ്തുതകൾക്ക് വിരുദ്ധമായും മനഃപൂർവ്വം ആരെയോ സംരക്ഷിക്കുന്നതിനുംവേണ്ടി മുഖ്യമന്ത്രി പറയുക വഴി സഭയിലെ അംഗങ്ങളുടെയും അതിലൂടെ സഭയുടെ പ്രത്യേക അവകാശങ്ങളുടെയും അന്തസ്സിന്റെയും ലംഘനമാണ് മുഖ്യമന്ത്രി നടത്തിയിട്ടുള്ളത്. അതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നത്തിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

ശ്രീ. ഹൈബി ഈഡൻ: സർ, മഹാരാജാസ് കോളേജുമായി ബന്ധപ്പെട്ട് series of incidents കഴിഞ്ഞ കുറേ നാളുകളായി നടന്നുവരികയാണ്. ആംസ് ആക്ടിലെ സെക്ഷൻ-27 പ്രകാരം എഫ്.ഐ.ആർ. ചാർജ് ചെയ്തിരിക്കുന്ന ഒരു കേസ്, പോലീസ് അന്വേഷണത്തിലിരിക്കുമ്പോൾ സഭയിൽ കൃത്യമായ ഒരു നിർദ്ദേശം പോലെതന്നെ പോലീസ് ഏതുതരത്തിലേയ്ക്ക് അന്വേഷണം വഴിതിരിച്ചു കൊണ്ടു

പോകണമെന്ന് പറയുന്ന തരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. വാളയാർ ഇഷ്യുവുമായി ബന്ധപ്പെട്ട് കൃത്യമായ എഫ്.ഐ.ആർ.ന്റെ വളരെയധികം വിശദാംശങ്ങൾ, സത്യം പറഞ്ഞാൽ സഭയിൽ പറയാൻ പാടില്ലാത്ത വിശദാംശങ്ങൾപോലും എഫ്.ഐ.ആർ.-മായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഇവിടെ വായിക്കുകയുണ്ടായി. എന്നാൽ ബോധപൂർവ്വം ആംസ് ആക്ടിലെ സെക്ഷൻ 27 മറച്ചുവയ്ക്കുകയും ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ ഇവ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന പണിയായുധങ്ങളാണെന്ന് പറയുകയുമുണ്ടായി.

മി. സ്പീക്കർ: ഇത് സഭയെ അറിയിക്കൽ മാത്രമാണ്. അത് വിശദീകരിക്കുന്ന കീഴ്വഴക്കമില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. സഭയുടെ ഒരു പ്രത്യേക പ്രിവിലേജുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയെപ്പോലെ ഉത്തരവാദിത്വമുള്ള ഒരാൾ സഭയിൽ പറയേണ്ട വിഷയത്തിൽനിന്ന് കൃത്യമായ ഡൈവേർഷൻ നടത്തി, ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ബോധപൂർവ്വം ഈ വിഷയം വഴിതിരിച്ചുവിടാനും ആരെയൊക്കെയോ സംരക്ഷിക്കാനുമുള്ള നിലപാട് സ്വീകരിക്കുകയാണ്. അതിനെതിരെയാണ് നോട്ടീസ് കൊടുത്തിട്ടുള്ളത്. ശക്തമായ റൂളിംഗാണ് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്.

മി. സ്പീക്കർ: നോട്ടീസുകൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ, കഴിഞ്ഞ ദിവസം അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് ബഹുമാന്യനായ തൃക്കാക്കര അംഗം (ശ്രീ. പി. ടി. തോമസ്) ഇവിടെ സംസാരിച്ചപ്പോൾ പോലീസ് കണ്ടെടുത്ത ആയുധങ്ങളിൽ ബോംബും വടിവാളും ഉൾപ്പെട്ടതായി പറഞ്ഞിരുന്നു. ഇപ്പോൾ പ്രിവിലേജ് ഇഷ്യു മെൻഷൻ ചെയ്തുകൊണ്ട് അദ്ദേഹം എഫ്.ഐ.ആർ. ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ആ എഫ്.ഐ.ആർ.-ൽ ബോംബോ വടിവാളോ ഇല്ല. ഒന്നരയടി നീളമുള്ള വെട്ടുകത്തിക്ക് വടിവാളെന്ന് കേരളത്തിൽ എവിടെയും പറയാറില്ല. അപ്പോൾ അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് അദ്ദേഹം ഇവിടെ അടിസ്ഥാനരഹിതമായ ഒരു കാര്യത്തെക്കുറിച്ച്*** പറഞ്ഞിരിക്കുകയാണ്. ബോംബ്, വടിവാൾ എന്നീ രണ്ട് സംഗതികൾ പോലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-ലോ അവിടെനിന്ന് കണ്ടെടുത്ത ആയുധങ്ങളിലോ ....(ബഹളം)....ഞാൻ പറഞ്ഞോട്ടെ, സ്പീക്കർ അനുവദിച്ചിട്ടാണല്ലോ പറഞ്ഞത്. ചെയർ അനുവദിച്ചു. ഞാൻ ചട്ടം 307 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഞാൻ വേണമെങ്കിൽ ഇരിക്കാം. നിങ്ങൾ പറയേണ്ടത് പറയണം.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം ഫയൽ നമ്പർ 2139 ഇബി/ 2017 നി.സെ. രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ : വേണ്ട. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. എം. സ്വരാജ്: സർ, അടിസ്ഥാനരഹിതമായ ഒരു കാര്യം ഈ സഭയെ തെറ്റിദ്ധരിപ്പിക്കുംവിധം*** പറഞ്ഞിരിക്കുകയാണ്. ബോംബ് എന്ന ഒന്ന് ഇല്ലായെന്നും വടിവാളില്ലായെന്നും ബഹുമാനപ്പെട്ട അംഗം തന്നെ ഇവിടെ മെൻഷൻ ചെയ്തു. അതുകൊണ്ട് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുംവിധം ഇവിടെ കളവായി പറഞ്ഞ കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ല. ചട്ടം 307 പ്രകാരം അത് രേഖയിൽനിന്നും നീക്കം ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എം. സ്വരാജ് ഒരു പുതിയ മെമ്പറാണ്.*** എന്നുള്ള വാക്ക് പാർലമെന്ററിയല്ല. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.*** പാർലമെന്ററിയാണോയെന്നുള്ളത് പരിശോധിച്ച് മറുപടി പറയാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ്, അങ്ങ് വളരെക്കാലം സഭയിൽ അംഗമായിരുന്ന ആളാണ്. അത്രയൊന്നും കാലം ഞാൻ അംഗമായിരുന്നിട്ടില്ല. സാധാരണനിലയിൽ ഒരു പ്രിവിലേജ് നോട്ടീസ് കൊടുത്താൽ സഭയിൽ ഈ രൂപത്തിലുള്ള ഡിസ്കഷൻ നടക്കാറുണ്ടോ? ഒരു പ്രിവിലേജ് മോഷൻ കൊടുത്തുകഴിഞ്ഞാൽ സ്പീക്കർ അത് പ്രോസസ്സ് ചെയ്ത് ഒബ്സർവ് ചെയ്യുക എന്നല്ലാതെ ഒരു ചർച്ചയും ഇന്നേവരെ നടന്നിട്ടില്ല. പുതിയ കീഴ്‌വഴക്കങ്ങൾ ഉണ്ടാക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ഒരംഗം അവകാശലംഘനത്തിന് നോട്ടീസ് നൽകിയാൽ അങ്ങ് പറഞ്ഞതുപോലെയും കൈകാര്യം ചെയ്യാം; സഭയിൽ മെൻഷൻ ചെയ്യാൻ അനുവദിക്കുകയും ചെയ്യാം. രണ്ടും സ്വീകരിക്കാവുന്നതാണ്.(.......ബഹളം.....)

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ ചട്ടം 307 ഉന്നയിച്ചു. സാധാരണ സഭ നടന്നുകൊണ്ടിരിക്കുമ്പോൾ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ എക്സ്പ്ലെയ്ൻ ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും ഒരംഗത്തിന്റെ പരാമർശങ്ങൾ അസഭ്യമാകുകയോ.....

മി. സ്പീക്കർ: ചെയറിന്റെ റൂളിംഗ് കഴിഞ്ഞല്ലോ! ഇനി എന്താണ് അങ്ങ് പറയുന്നത്?

*** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം ഫയൽ നമ്പർ 2139 ഇബി/ 2017 നി.സെ. രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, രണ്ടുമൂന്ന് ദിവസത്തിനുമുമ്പ് നടന്ന ഒരു കാര്യത്തെക്കുറിച്ച് ഒരാഴ്ച കഴിഞ്ഞ് അന്ന് സംസാരിച്ചിരുന്നുവെന്ന് പറഞ്ഞ് സഭയിൽ ചട്ടം 307 ഉന്നയിക്കാൻ പറ്റില്ല. അതൊരു കീഴ്‌വഴക്കമല്ല; അങ്ങനെയൊരു കീഴ്‌വഴക്കം സ്പീക്കർ സൃഷ്ടിക്കുകയാണ്.

മി. സ്പീക്കർ: ഇരിക്കൂ. ശ്രീ. പി. ടി. തോമസ് ഇപ്പോൾ സംസാരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ശ്രീ. എം. സ്വരാജ് പറഞ്ഞത്. അത് ഞാൻ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നാണ് പറഞ്ഞത്. അല്ലാതെ റൂളിംഗ് നൽകിയിട്ടില്ല. ഇരിക്കൂ.....അങ്ങനെ ഡിബേറ്റ് ചെയ്യാൻ പറ്റില്ല.

## VIII ക്രമപ്രശ്നം

റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും നിയമത്തിലെ അവ്യക്തത

ശ്രീ. എം. ഉമ്മർ: സർ, പാർലമെന്റ് പാസ്സാക്കിയ റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡെവലപ്‌മെന്റ് ആക്ട് 2016, സംസ്ഥാനത്ത് 2017 മേയ് ഒന്ന് മുതൽ പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ട്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനായി ആക്ടിലെ 86(2) വകുപ്പ് പ്രകാരം സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. മാത്രമല്ല, 2015-ൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും നിയമം റദ്ദ് ചെയ്തിട്ടുമില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങൾ കേന്ദ്ര-സംസ്ഥാന നിയമങ്ങളിൽ ഏത് നിയമം അനുസരിച്ചാണ് പ്രവർത്തിക്കേണ്ടതെന്നുള്ള അവ്യക്തത നിലനിൽക്കുകയാണ്. 2016 മേയ് 1 മുതൽ ഭാഗികമായി പ്രാബല്യത്തിൽ വന്ന കേന്ദ്ര നിയമം 2017 മേയ് 1-ന് പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കാത്തത് ഭരണഘടനയുടെ 286-ാം വകുപ്പിന്റെയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (2)-ന്റെയും ലംഘനമാണ്. രാജ്യത്ത് 13 സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പിലാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കിയാൽ മാത്രമേ റെഗുലേറ്ററി അതോറിറ്റിയെ നിയമിക്കാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ രണ്ട് നിയമങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട് സ്വാഭാവികമായും ഈ നിയമവുമായി ബന്ധപ്പെട്ട ആളുകൾ, അതിന്റെ സ്ഥാപനങ്ങൾ, ഉപഭോക്താക്കളുമായി വരുന്നവർ ഇവർക്കൊക്കെ ഏത് നിയമം നടപ്പിലാക്കണമെന്നുള്ളതിൽ അവ്യക്തതയുണ്ട്. ആയതിനാൽ പ്രസ്തുത ആക്ടിനെ ആധാരമാക്കി ചട്ടങ്ങൾ കഴിയുന്നത്ര വേഗം പൂർത്തീകരിച്ച് നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് അങ്ങ് റൂളിംഗ് നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമത്തിലെ (റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡവലപ്മെന്റ് ആക്ട് 2016) ഏതാനും വകുപ്പുകൾ 2016 മെയ് 1-നും ബാക്കിയുള്ളവ 2017 മേയ് 1-നുമാണ് നിലവിൽവന്നത്. അതിനുമുമ്പ് സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടായിരുന്നത് കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും ആക്ട് 2015-ലെ വ്യവസ്ഥകൾ ആയിരുന്നു. ഈ നിയമം 2015 മെയ് 4 മുതൽ പ്രാബല്യത്തിൽ വന്നു. എന്നാൽ ഭരണഘടനയുടെ 254-ാം അനുച്ഛേദം 1-ാം ഖണ്ഡപ്രകാരം ഒരു സംസ്ഥാന നിയമം പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് വിരുദ്ധമാണെങ്കിൽ പ്രസ്തുത സംസ്ഥാനത്തിന് നിയമം അസാധുവാക്കാവുന്നതാണ്. കേന്ദ്ര നിയമത്തിലെയും സംസ്ഥാന നിയമത്തിലെയും റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സംബന്ധിച്ച വ്യവസ്ഥകൾ വ്യത്യസ്തമാണ്. ഇതിനെത്തുടർന്ന് 2015-ലെ കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും ആക്ട് റദ്ദാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമത്തിലെ 86(2) വകുപ്പുപ്രകാരം സംസ്ഥാന സർക്കാരാണ് അനുബന്ധ ചട്ടങ്ങൾ രൂപീകരിക്കേണ്ടത്. സംസ്ഥാന സർക്കാർ ഈ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ആക്ടിന് അനുസൃതമായി ചട്ടങ്ങൾ തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. സംസ്ഥാന നിയമം റദ്ദാക്കുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇതിനോടകം എടുത്ത നടപടികൾ പുതിയ കേന്ദ്ര നിയമം നടപ്പാക്കുന്ന സാഹചര്യത്തിൽ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതുകൊണ്ട് സംസ്ഥാന നിയമം റദ്ദ് ചെയ്യുന്ന മുറയ്ക്ക് ചട്ടങ്ങൾ അന്തിമമായി വിജ്ഞാപനം ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ യാതൊരു കാലതാമസവും ചട്ടലംഘനവും വരുത്തിയിട്ടില്ല. ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

12.00 Noon]

## റൂളിംഗ്

മി. സ്പീക്കർ: ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച കാര്യങ്ങൾക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നതായി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. ഗവൺമെന്റ് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ചെയർ നിർദ്ദേശിക്കുന്നു.

# IX ധനകാര്യം

## 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്ക് ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XV | പൊതുമരാമത്ത് | 706,17,49,000 | 594,29,26,000 | 2118,52,47,000 | 1782,87,79,000 | 3901,40,26,000 |
| XXX | ഭക്ഷ്യം | 364,16,06,000 | 24,45,75,000 | 1092,48,19,000 | 73,37,23,000 | 1165,85,42,000 |

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്

(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹൈവേ ഉൾപ്പെടെയുള്ള റോഡുകളുടെ വശങ്ങളിലും വളവുകളിലും ഉപയോഗമില്ലാതെ കിടപ്പുള്ള സ്ഥലം കയ്യേറാൻ ഒത്താശ ചെയ്യുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡ് പുറമ്പോക്കുകൾ കയ്യേറിയിട്ടുള്ളത് തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് റോഡുകളുടെ ഇരുവശങ്ങളിലെയും നടപ്പാതയുൾപ്പെടെ വ്യാപാര സ്ഥാപനങ്ങൾ കയ്യേറിയിരിക്കുന്നത് ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പണം ലഭ്യമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തകർന്നു കിടക്കുന്ന റോഡുകൾ നന്നാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി. :</u> സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുവാനുണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>: സർ,പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് റോഡുകളിൽ തലങ്ങും വിലങ്ങും കേബിൾ സ്ഥാപിച്ച് ഗതാഗതം തടയുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡുകളോടനുബന്ധിച്ച് സുരക്ഷിത സൈക്കിൾ വേ തീർത്ത് സുരക്ഷിത യാത്ര ഉറപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ബൈപ്പാസ് റോഡുകളുടെ സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രയാസങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ രജിസ്ട്രേഷൻ നടത്താത്തതുമൂലം സർക്കാരിന് നികുതി നഷ്ടം ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചതിനുശേഷം ഉണ്ടായ അപാകതകൾ പരിഹരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3901,40,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പ് അഴിമതി വിമുക്തമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടും അതിനുവേണ്ടി ഒരു നടപടിയും കൈക്കൊള്ളാതെ പ്രഖ്യാപനത്തിൽ മാത്രം ഒതുക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

(നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻകടക്കാർക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ആവശ്യങ്ങൾ നടപ്പാക്കാത്തതുമൂലം റേഷൻ വിതരണം സ്തംഭനാവസ്ഥയിലായതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷനരി മൊത്തമായി മറിച്ച് വിൽക്കുന്നത് തടയാനാകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിലക്കയറ്റം തടയുന്നതിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ അരിവില വർദ്ധന നിയന്ത്രിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭക്ഷ്യ വസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭക്ഷ്യ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ ആവശ്യമായ തുക അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻ വിതരണം അട്ടിമറിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഫുഡ് കോർപ്പറേഷൻ വെയർ ഹൗസുകളിൽനിന്നും റേഷൻ വിതരണത്തിന് അനുവദിച്ച അരി ഏറ്റെടുക്കാതിരുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞ രണ്ട് മാസത്തെ റേഷൻ വിതരണം മുടങ്ങിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിൽ ഒട്ടേറെ അനർഹർ കടന്നുകൂടിയതുമൂലമുള്ള പ്രയാസങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാനാകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിതരണ സംവിധാനത്തിലൂടെ ലഭ്യമാക്കേണ്ട അരിയിൽ സ്വകാര്യ മില്ലുകൾ മായം ചേർക്കുന്നത് തടയാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻ വിതരണത്തിനുള്ള മണ്ണെണ്ണ വിഹിതം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെൽ കർഷകരിൽ നിന്ന് നെല്ല് ശേഖരിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനും മായം കലർത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സർക്കാർ അലംഭാവം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1165,85,42,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ലാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഐക്യകേരളത്തിലെ ആദ്യ മന്ത്രിസഭയുടെ അറുപതാം വാർഷികവേളയാണിത്. ജാതീയതയിലും ജന്മിത്വത്തിലും നാടുവാഴിത്വത്തിലും നിലനിന്നിരുന്ന ഇരുണ്ട യുഗത്തിൽ നിന്നും ആധുനിക കേരളത്തിലേയ്ക്ക് വഴി തെളിയിച്ച, ആ ചരിത്ര നിയോഗം ഏറ്റെടുത്ത ആദ്യ ജനാധിപത്യ സർക്കാർ, ഇ.എം.എസ്. സർക്കാർ അധികാരത്തിൽ വന്നതിന്റെ അറുപത് വർഷം തികയുന്ന വേളയാണിത്. 1957-ലെ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേവലം 28 മാസക്കാലം മാത്രമാണ് ഭരണം നടത്തിയത്. ആ ജനാധിപത്യ സർക്കാർ ഐക്യകേരളം രൂപപ്പെടുത്തിയെടുക്കുന്നതിന് നടത്തിയ നിരവധി പരിശ്രമങ്ങൾ ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. ചരിത്ര പ്രസിദ്ധമായ ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ നിയമം, സാമൂഹ്യ സുരക്ഷാ രംഗത്തെ പദ്ധതികൾ, അതിനോടനുബന്ധിച്ച നിയമങ്ങൾ തുടങ്ങിയവയെല്ലാം. അതിനുശേഷം വന്ന ഒരു സർക്കാരിനും അതിൽ നിന്നും

പിന്നോട്ട് മാറാൻ കഴിഞ്ഞിട്ടില്ല. 1967-ലും 1980-ലും 1987-ലും 1996-ലും 2006-ലും അതിനുശേഷം ഇപ്പോഴുള്ള ഈ ഗവൺമെന്റും ഇ.എം.എസ്. സർക്കാർ തുടങ്ങിവച്ച ആ വികസന പദ്ധതികളുടെ തുടർച്ചയായി കേരളത്തിന്റെ വികസനത്തിനുവേണ്ടി ഒട്ടനവധി പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികയാൻ പോകുന്നതേയുള്ളൂ. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ അധികാരത്തിലുണ്ടായിരുന്ന സർക്കാരിന്റെ കാലഘട്ടം നാം മറക്കുകയില്ല. അഴിമതിയും ധൂർത്തും ആഗോള തട്ടിപ്പുകാരുടെ കേന്ദ്രവുമായിരുന്നു അന്ന് കേരളം. തുടക്കം മുതൽ ഒടുക്കം വരെ വിവാദങ്ങളുടെ കൂടെയായിരുന്നു. അതുപോലെ ഈ സർക്കാരിനെയും കാണുവാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട കോടതിയുടെ പരാമർശങ്ങൾ, വിമർശനങ്ങൾ തുടങ്ങിയ വിഷയങ്ങൾ സഭയിൽ കഴിഞ്ഞ ദിവസങ്ങളിലും ഇപ്പോഴും വിവാദങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അതും പഴയ കാലത്തെ അനുസ്മരിപ്പിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരാൻ പരിശ്രമിക്കുന്നതിന്റെ ഭാഗമായിട്ടാണ്. വളരെ ഇച്ഛാശക്തിയോടുകൂടിയ വ്യക്തമായ നയം ഈ ഗവൺമെന്റിനുണ്ട്. നിരവധി പ്രതിസന്ധികളിലൂടെ ഗവൺമെന്റ് കടന്നുപോകുകയാണ്. കാർഷിക മേഖല നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. ആ കാർഷികമേഖലയിൽ ഉണ്ടായിരിക്കുന്ന വിഷയങ്ങൾ, 115 വർഷത്തിനിടയിൽ ഉണ്ടായ കൊടിയ വരൾച്ച, അതിന്റെ ഫലമായി തൊഴിൽ മേഖലയിൽ, ഗ്രാമീണ മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾ, പ്രതിസന്ധികൾ, വെല്ലുവിളികൾ ഇവയെല്ലാം ഈ ഗവൺമെന്റിന് നേരിടേണ്ടിവരുന്നു. ഇതിനിടയിലാണ് ദേശീയാടിസ്ഥാനത്തിൽ അടിച്ചേൽപ്പിക്കപ്പെടുന്ന പുതിയ സാമ്പത്തിക നയങ്ങൾ. പെട്രോൾ, ഡീസൽ, പാചക വാതകം ഇവയുടെയൊക്കെ വില ദിനംപ്രതിയാണ് വർദ്ധിക്കുന്നത്. രാത്രി 12 മണിയാകുമ്പോഴാണ് പെട്രോളിന്റെയും ഡീസലിന്റെയും വില അഞ്ചും ആറും ഏഴും പത്തും പന്ത്രണ്ടും രൂപ വർദ്ധിച്ചുവെന്ന് നമ്മൾ അറിയുന്നത്. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിലക്കയറ്റം ഒരു ഭാഗത്ത്, വേറൊരു ഭാഗത്ത് വർഗ്ഗീയത ഒരു കാലത്തും ഇല്ലാത്ത തരത്തിൽ വർദ്ധിച്ചു വരികയാണ്. ദേശീയാടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, പാർശ്വവൽക്കരിക്കപ്പെട്ടവർ ഒരു കാലത്തുമില്ലാത്ത വിധത്തിൽ ക്രൂരമായ അക്രമങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. സുരേഷ് കുറുപ്പ്]

പശുവിനെ സംരക്ഷിക്കാൻ നിയമമുണ്ടാക്കുന്ന രാജ്യത്ത് മനുഷ്യനെ സംരക്ഷിക്കാൻ നിയമമുണ്ടാക്കാത്തത് എന്തുകൊണ്ടാണെന്ന് ഞാൻ ചോദിക്കുകയാണ്. ഡോ. ബി. ആർ. അംബേദ്കർ എഴുതിയ ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് നടക്കുമ്പോൾതന്നെ തർക്കമുണ്ടായിരുന്നുവെന്ന് നമുക്കറിയാം. ഇന്നലെയുണ്ടായ സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും ഞാൻ ഇവിടെ പരാമർശിക്കുന്നില്ല. ചെയറിലിരിക്കുന്ന അങ്ങ് ദീർഘകാലം പാർലമെന്റ് അംഗമായിരുന്നു. ഇവിടെ നിയമങ്ങൾ നിർമ്മിക്കുന്നത് ആർക്കുവേണ്ടിയാണ്? പാർശ്വവത്കരിക്കപ്പെട്ട, പാവങ്ങളായ, ദരിദ്ര നാരായണന്മാർക്കു വേണ്ടിയല്ലേ? ഫെഡറൽ സംവിധാനത്തിൽ എല്ലാവിധ അവകാശങ്ങളോടും

അധികാരങ്ങളോടും കൂടി സംസ്ഥാനം ഭരിക്കുന്ന ഒരു ഗവൺമെന്റാണിത്. ആ സർക്കാരിന് കാര്യങ്ങൾ കൈകാര്യം ചെയ്ത് മുന്നോട്ടുപോകാനുള്ള അവകാശവും അധികാരവും നിയമപ്രകാരമുണ്ട്. ഭരണത്തിനുമേൽ നടത്തുന്ന കടന്നുകയറ്റം, അത് ഏതു ഭാഗത്തുനിന്നുണ്ടായാലും തടയപ്പെടേണ്ടതാണ്. 1957-ൽ 28 മാസം പ്രായമായ ഗവൺമെന്റിനെ ഭരണഘടനയിലെ കുപ്രസിദ്ധമായ 356-ാം വകുപ്പ് ഉപയോഗപ്പെടുത്തി പിരിച്ചുവിട്ടു. അതിന്റെ വേറെ ഒരു രൂപം രാജ്യത്താകെ വരുന്നുവെന്ന വിഷയം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

നമുക്ക് പ്രതിസന്ധികൾ അതിജീവിക്കേണ്ടതുണ്ട്. നോട്ട് നിരോധനത്തെ അതിജീവിക്കാൻ നാം എത്രമാത്രം പ്രയാസപ്പെട്ടു. അത് ഉയർത്തിയ വെല്ലുവിളിയിൽ നിന്നും മുക്തി നേടാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. കേരളത്തിലെ സമസ്ത മേഖലകളും നോട്ട് പ്രതിസന്ധിമൂലമുണ്ടായ പ്രശ്നങ്ങളെ ഗൗരവത്തോടുകൂടി സമീപിച്ചെങ്കിലും അതുമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് കഴിഞ്ഞില്ല. അത്തരം സന്ദർഭത്തിലാണ് ഈ ഗവൺമെന്റ് പുതിയ പദ്ധതികളുമായി മുന്നോട്ടുപോകുന്നതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അഴിമതിയില്ലാത്തൊരു ഭരണം, കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റാൻ നടത്തിയ പരിശ്രമം, വെളിയിട വിസർജ്ജനം നടത്താത്ത ഒരു സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതികൾ, അങ്കണവാടി ടീച്ചർമാരുടെ പ്രശ്നങ്ങൾ, 500-ഉം 600-ഉം രൂപ പെൻഷൻ വാങ്ങി ജീവിച്ച പാവങ്ങൾക്ക് 1100 രൂപ പെൻഷൻ പ്രഖ്യാപിക്കുക, അവ വീട്ടിൽ കൊണ്ടുപോയി കൊടുക്കുക അങ്ങനെ എന്തെല്ലാം. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണത്തിനിടയിൽ തമസ്കരിക്കപ്പെട്ടവരുടെയും, അന്യവത്കരിക്കപ്പെട്ടവരുടെയും പാവങ്ങളുടെയും വിഷയങ്ങളൊന്നും ഇവിടെ ചർച്ച ചെയ്തിട്ടില്ല. ബാർ കോഴ, സോളാർ കോഴ, അങ്ങനെ കോഴയിൽ മുങ്ങി നിന്നിരുന്ന ഒരു കാലമായിരുന്നു. ആ കാലവും ഈ കാലവും തമ്മിലുള്ള വ്യത്യാസം ജനങ്ങൾ മനസ്സിലാക്കുന്നു. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. എല്ലാ മേഖലകളിലും വികസനോന്മുഖമായ പദ്ധതികൾ ആവിഷ്കരിച്ച് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പ് സാമ്പത്തിക വർഷം 13000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. തകർന്നുകിടന്ന റോഡുകളെല്ലാം മെയിന്റനൻസ് ചെയ്യുകയാണ്. 50 കോടി രൂപ എം.എൽ.എ.-മാർക്കെല്ലാം കൊടുത്തു. ശ്രീ. കെ.എം. മാണി സാർ ഉൾപ്പെടെയുള്ളവർക്ക് കിട്ടി. ചുവപ്പ് മഷികൊണ്ട് ഒപ്പിടലും പച്ച മഷികൊണ്ട് ഒപ്പിടലും ഇവിടെയുണ്ടായിരുന്നു. ചുവപ്പ് മഷികൊണ്ട് ഒപ്പിട്ടാൽ അത് നിഷേധിക്കും. പച്ച മഷികൊണ്ട് ഒപ്പിട്ടാൽ അത് അനുവദിക്കും. അത്തരമൊരു കാലം ഇവിടെയുണ്ടായിരുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഭരണപക്ഷത്തുള്ളവർക്ക് ഒരു നിയമം, പ്രതിപക്ഷത്തുള്ളവർക്ക് മറ്റൊരു നിയമം എന്ന രീതി നമ്മൾ കണ്ടതല്ലേ?

ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ഒരുപോലെ കണ്ട കാലഘട്ടം വേറെ ഏത് കാലത്തുണ്ടായിരുന്നു? 50 കോടിയുടെ വികസന പദ്ധതികൾ ഓരോ ജനപ്രതിനിധിയോടും ചോദിച്ച് ആ ജനപ്രതിനിധി തരുന്നതുൾപ്പെടെ ചേർത്തുകൊണ്ട് തയ്യാറാക്കപ്പെട്ട വളരെ വികസനോന്മുഖമായ ഒരു പദ്ധതിയാണ് ഇപ്പോൾ പ്രഖ്യാപിക്കുന്നത്. റോഡുകൾക്കും പാലങ്ങൾക്കുമായി ഏതാണ്ട് 1350 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കരാറുകാർ പറയാറുണ്ട് യു.ഡി.എഫ്. ഭരണത്തിൽ വരുമ്പോൾ ഇഷ്ടം പോലെ പണി കിട്ടും, പക്ഷേ തുക കുറച്ചേ കിട്ടുകയുള്ളൂ എന്ന്. എന്നാൽ എൽ.ഡി.എഫ്. ഭരണത്തിൽ വരുമ്പോൾ ജോലി കുറച്ചേയുണ്ടാകൂ, പക്ഷേ പണി ചെയ്താൽ പണം കിട്ടുമെന്ന്. 1300 കോടി രൂപയുടെ ബാധ്യതയുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സിംഗിൾ ടെണ്ടർ എടുത്തുചെയ്യാൻപോലും ആരും കടന്നുവന്നില്ല. കാരണം 1300 കോടി രൂപയുടെ ബാധ്യതയുണ്ടെന്ന് പറഞ്ഞെങ്കിലും പ്രത്യക്ഷത്തിൽ അതല്ല കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്നത്. 3000-ൽ ചില്വാനം കോടി രൂപയുടെ ബാധ്യതയുണ്ടായിരുന്നു. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല.

പണ്ട് ജില്ലകൾ തിരിച്ചുള്ള വികസനമായിരുന്നു നടന്നിരുന്നതെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ പറയുമായിരുന്നു. ഞങ്ങളെപ്പോലെയുള്ള പാവങ്ങളുടെ ജില്ലകളിലൊന്നും ഒരു വികസന പ്രവർത്തനവും നടക്കുകയില്ല. ഇവിടെ ഒൻപത് ജില്ലകളെ തീരദേശ മേഖലയിലും ഒൻപത് ജില്ലകളെ മലയോര മേഖലയിലും ഉൾപ്പെടുത്തി. അതിനുവേണ്ടി പ്രത്യേക തുക നീക്കിവച്ചു. 182 റോഡുകൾ, 62 പാലങ്ങൾ, ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഏറ്റവും മനോഹരമായ റോഡുകളും പാലങ്ങളും ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കിയെടുക്കാൻ സാധിക്കുന്ന നിലയിലുള്ള പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. തുടക്കമാണ്. അഞ്ചുവർഷത്തിനുള്ളിൽ ഇതെല്ലാം പൂർത്തീകരിക്കാൻ കഴിയും.

2013-ൽ അവതരിപ്പിച്ച ഭക്ഷ്യഭദ്രതാ നിയമം പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കൾ മൂന്ന് വർഷക്കാലം മാറ്റിവച്ചു. ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിന് ഒരു ചരിത്രമുണ്ട്. 1967-69 കാലഘട്ടത്തിൽ നടന്ന വളരെ തീക്ഷ്ണമായ പ്രക്ഷോഭവും സമരവും എ.കെ.ജി.യുടെ നേതൃത്വത്തിൽ ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കേരളത്തിനുമാത്രം ലഭിച്ച ഒരു പദവി, സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം വഴി അരിയും ഗോതമ്പും പഞ്ചസാരയും മണ്ണെണ്ണയുമൊക്കെ പാവങ്ങളിൽ പാവപ്പെട്ടവർക്ക് ലഭിച്ചിരുന്നു. തീരപ്രദേശത്ത് താമസിക്കുന്ന ആളുകൾ, മലയോരപ്രദേശത്ത് താമസിക്കുന്ന ആളുകൾ, കോളനിയിൽ താമസിക്കുന്ന ആളുകൾ, ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന ആളുകൾ ഉൾപ്പെടെ ഈ നാട്ടിലെ പാർശ്വവത്കരിക്കപ്പെട്ട, ഒരു വലിയ വിഭാഗത്തിന്റെ അത്താണി, അന്നം ഈ റേഷൻ കട വഴി അല്ലായിരുന്നോ? ഇന്നത്തെ അവസ്ഥയെന്താണെന്ന് യു.ഡി.എഫ്.-കാർ

പറയണം. നിങ്ങളുടെ യു.പി.എ. ഗവൺമെന്റ് ജനങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയും മുകളിലും കൊണ്ടുവന്നു. ഇത് ആരാണ് തരം തിരിച്ചത് കേരള ഗവൺമെന്റാണോ? ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെയുള്ള ആളുകൾ ഭരിച്ചപ്പോൾ തരംതിരിവ് നടത്തി എ.പി.എൽ., ബി.പി.എൽ എന്നാക്കി മാറ്റിയതിനെത്തുടർന്ന് മൂന്ന് വർഷക്കാലം ഇത് നടപ്പിലാക്കാൻ ശ്രമിച്ചില്ല. ഈ ഗവൺമെന്റിന്റെ തലയിൽ അത് വന്നു വീണു. എന്നാൽ ഭക്ഷ്യ വകുപ്പുമന്ത്രി ഇച്ഛാശക്തിയോടുകൂടി പാവങ്ങളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചു. നിങ്ങൾ ഒരു മാനദണ്ഡം നിശ്ചയിച്ചല്ലോ? മുൻഗണനാ മുൻഗണനേതര ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഔദ്യോഗിക കണക്കുകൾ പ്രകാരം 17 ലക്ഷത്തോളം പരാതികൾ വന്നു. എങ്ങനെ? പതിനൊന്ന് മാസക്കാലത്തെ ഈ ഗവൺമെന്റിന്റെ സൃഷ്ടിയാണോ ഇത്? കഴിഞ്ഞ യു.ഡി.എഫ് സർക്കാർ കൊണ്ടു വന്ന മാനദണ്ഡപ്രകാരം ഉദ്യോഗസ്ഥർ തയ്യാറാക്കിയ ലിസ്റ്റിൽ കടന്നുകൂടിയ അപാകതയുടെ ഫലമായി ദാരിദ്ര്യരേഖയ്ക്ക് താഴയുണ്ടായിരുന്നവർ ആ ലിസ്റ്റിൽ നിന്നും പുറത്താക്കപ്പെട്ടു. കഴിഞ്ഞ ദിവസം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു, 15 ലക്ഷത്തോളം ആളുകളുടെ പരാതി പരിഹരിച്ചിട്ടുണ്ടെന്ന്. രണ്ട് ലക്ഷത്തോളം വരുന്ന ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട ആളുകൾക്ക് ആനുകൂല്യം കിട്ടാതെ വരുന്ന വളരെ ഗൗരവമായ ഒരു സ്ഥിതിവിശേഷമുണ്ട്. അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ആലോചിച്ച് തീരുമാനമെടുക്കണം. റേഷൻ കാർഡ് വിതരണം തുടങ്ങിയിരിക്കുന്നു. വാതിൽപ്പടി വിതരണം ആരംഭിച്ചിരിക്കുന്നു. ഭക്ഷ്യഭദ്രതാ നിയമത്തിലെ കാതലായ ഭാഗമാണ് ഭക്ഷ്യധാന്യങ്ങൾ എത്തിക്കുക എന്നത്. പാവപ്പെട്ട ആളുകൾ വളരെ ഉത്കണ്ഠയിലാണ്. അവർ ഈ കാർഡുംകൊണ്ടാണ് ശസ്ത്രക്രിയകൾക്കും മറ്റ് ചികിത്സയ്ക്കും പോകുന്നത്. ഇപ്പോൾ അതിനു കഴിയുന്നില്ല. അർഹരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് അനർഹരെ ഒഴിവാക്കണം. ഈ ജോലി ജനാധിപത്യ സ്ഥാപനങ്ങളെ ഏൽപ്പിച്ചു എന്നതാണ് ഏറ്റവും വലിയ തെറ്റ്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. കേവലം 25,005 പേരെ സംബന്ധിച്ച റിപ്പോർട്ടാണ് നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചത്. കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ ശരിയാണോ എന്ന് വീടുകളിൽ പോയി പരിശോധിക്കണം. ഏൽപ്പിച്ച ഉദ്യോഗസ്ഥർ ശരിയായ വിധത്തിൽ ജോലി ചെയ്തില്ല. അനർഹരെ അതിൽനിന്നും ഒഴിവാക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ, കോളനി നിവാസികൾ, പാർശ്വവത്കരിക്കപ്പെട്ടവർ, വിധവകൾ, ഗുരുതരമായ രോഗം ബാധിച്ച ആളുകൾ അവർക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം കിട്ടിയേ മതിയാകൂ. അതു ലഭ്യമാക്കാൻ ജനാധിപത്യ സംവിധാനം തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. വികസനോന്മുഖമായ വിവിധ കർമ്മ പരിപാടികളും പദ്ധതികളുമായി മുന്നോട്ടു പോകുന്ന ഈ ജനാധിപത്യ സർക്കാരിന്റെ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥകളെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ അംഗീകരിക്കുന്നു. എന്റെ വാക്ക് ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച വിജയമാണ് നമ്മുടെ കുട്ടികൾ നേടിയത്. എസ്.എസ്.എൽ.സി. എഴുതിയ നാലര ലക്ഷം കുട്ടികളിൽ 95.98 ശതമാനം വിദ്യാർത്ഥികൾ വിജയിച്ചു. 21000 കുട്ടികൾക്ക് ഫുൾ എ പ്ലസ് ലഭിച്ചു. എന്റെ മണ്ഡലത്തിൽ ആദിവാസികൾ പഠിക്കുന്ന ആനപ്പാറ സ്കൂളും വിതുര ട്രൈബൽ സ്കൂളും ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ കുട്ടികൾ ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നുകൊണ്ട് കഷ്ടപ്പെട്ട് പഠിച്ച് വിജയിച്ചതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. പക്ഷേ എട്ട് ഉപദേശകർ തല്ലി പഠിപ്പിച്ചിട്ടും എല്ലാ പരീക്ഷയും ഒരുമിച്ച് തോറ്റ ഒരു വിദ്യാർത്ഥിയായി മാറിയിരിക്കുന്നത് ശ്രീ. പിണറായി വിജയൻ സർക്കാരാണ്. റിട്ടയേർഡ് ഐ.പി.എസ്. ഉദ്യോഗസ്ഥൻ ശ്രീ. രമൺ ശ്രീവാസ്തവ, റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥർ, കലാസാംസ്കാരിക രംഗത്തെ പ്രമുഖർ, കേരളത്തിലും ബംഗാളിലും ഇന്ത്യയിലും കിട്ടാതെ കണക്ക് പഠിപ്പിക്കാൻ അമേരിക്കയിൽ നിന്നും ശ്രീമതി ഗീതാ ഗോപിനാഥിനെ കൊണ്ടു വന്നിട്ടുപോലും ഈ സർക്കാരിന് വിജയിക്കാൻ കഴിഞ്ഞില്ല. സാധാരണ വിദ്യാർത്ഥികളാണെങ്കിൽ പരീക്ഷയ്ക്ക് തോറ്റാലും 'സേവ് എ ഇയർ' പരീക്ഷ എഴുതി ജയിച്ചുപോകാമെന്ന വിശ്വാസമുണ്ട്. പക്ഷേ ഈ സർക്കാർ എത്ര SAY എഴുതിയാലും വിജയിക്കില്ല എന്നുള്ള ഉറപ്പ് മലയാളികൾക്കെല്ലാമുണ്ട്.

ദിശാബോധം നഷ്ടപ്പെട്ട ഒരു സർക്കാരാണ് ഈ സർക്കാർ എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ ഭക്ഷ്യ വകുപ്പ്. ഒരു വർഷംകൊണ്ട് പൊതുവിതരണ മേഖല സ്തംഭിച്ചു. വില ക്രമാതീതമായി വർദ്ധിച്ചു. മാവേലി സ്റ്റോറിൽ അത്യാവശ്യ സാധനങ്ങൾ ലഭ്യമല്ല. വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയാതായി. സപ്ലൈകോയിൽ ടെണ്ടർ നടപടികൾ സ്തംഭിച്ചു. മുൻഗണനാ പട്ടികയിൽ പേരില്ലാതെ പാവപ്പെട്ട ആദിവാസികളും സാധാരണക്കാരും ഭക്ഷണം ലഭിക്കാതെ നെട്ടോട്ടം ഓടുകയാണ്. ഇന്നലത്തെ കേരള കൗമുദിയിലെ വാർത്തയാണിത് (പത്രം ഉയർത്തിക്കാട്ടി). 17 ലക്ഷം പരാതികളാണ് റേഷൻ പട്ടികയെക്കുറിച്ചുള്ളത്. അതിനോടൊപ്പം കൊട്ടിഘോഷിച്ച് കൊല്ലത്ത് കരുനാഗപ്പള്ളിയിൽ വാതിൽപ്പടിയിൽ കൊണ്ടുപോയി റേഷൻ കൊടുക്കുന്ന പരിപാടി ആരംഭിച്ചു. അന്ന് ആ പരിപാടിക്ക് വന്ന 5 പേർക്കല്ലാതെ വേറെ ആർക്കും വീട്ടിൽ കൊണ്ടുപോയി റേഷൻ കൊടുത്തിട്ടില്ല. പണ്ടൊരു സിനിമയിൽ പാടിയതു പോലെ "വാതിൽപ്പഴുതിലൂടെ മന്ത്രിയും കൂട്ടരും റേഷൻ നൽകാൻവേണ്ടി വരുന്നതും നോക്കി സാധാരണക്കാരായ സ്ത്രീകൾ കാത്തിരിക്കുകയാണ്".

റേഷൻ കാർഡിന്റെ കാര്യം, പുതിയ റേഷൻ കാർഡ് ലാമിനേറ്റ് ചെയ്ത് തുടങ്ങിയപ്പോഴാണ് അതിലെ പ്ലാസ്റ്റിക്കിൽ വിഷാംശം ഉള്ളതായി മനസ്സിലാക്കിയത്. റേഷൻ കാർഡ് ലാമിനേഷൻ നടത്തി 3 മാസം കഴിഞ്ഞെങ്കിലും കിട്ടുമോ എന്നുള്ള സംശയത്തിലാണ് ജനങ്ങൾ ഇരിക്കുന്നത്. എന്റെ ഒരു സംശയം സി.പി.ഐ.-ക്കാർ പ്രത്യേകിച്ച് കേൾക്കണം, നിങ്ങളുടെ പാർട്ടിയെയും മന്ത്രിയെയും ബുദ്ധിമുട്ടിക്കാനും

ഇല്ലാതാക്കാനുമുള്ള സി.പി.ഐ.(എം)-ന്റെ കുതന്ത്രമാണോ ഇതെന്ന് എനിക്ക് സംശയമുണ്ട്. മംഗളത്തിലെ വാർത്തയാണിത്. 'സർക്കാർ സഹായിക്കുന്നില്ല. സപ്ലൈകോ കടുത്ത പ്രതിസന്ധിയിലെന്ന് സി.എം.ഡി.' നിങ്ങൾ മനസ്സിലാക്കേണ്ട വേറൊരു കാര്യം കൂടിയുണ്ട്. റേഷൻ കടയിൽ അരി കിട്ടാത്തപ്പോൾ പെട്ടെന്ന് പാരലലായി സഹകരണ വകുപ്പിലൂടെ അരിക്കടകൾ തുടങ്ങി. അരിക്കട ഉദ്ഘാടനം എന്റെ മണ്ഡലത്തിലെ കരകുളത്ത് തുടങ്ങി. കരകുളത്ത് അരിക്കട തുടങ്ങിയപ്പോൾ ഒന്നാമത്തെ ദിവസം നിറയെ ആളുകളായിരുന്നു. ബംഗാളിൽ നിന്നുകൊണ്ടുവന്ന അരിയാണ്. പക്ഷേ ക്യൂവിൽ നിന്ന് അരിയുടെ മണമടിച്ച് ബോധംകെട്ട് ഇതരസംസ്ഥാന തൊഴിലാളികളായ ബംഗാളികൾപോലും ഇന്ന് അരിക്കടയിൽ വരുന്നില്ല. അരിക്കട പൂട്ടുകയും ചെയ്തു. എല്ലാ തരത്തിലും ഭക്ഷ്യ വകുപ്പ് സർക്കാരിന്റെ ഏറ്റവും മോശപ്പെട്ട പ്രവർത്തനത്തിന്റെ ഉദാഹരണമായി മാറിയിരിക്കുകയാണ്.

പി.ഡബ്ല്യൂ.ഡി.-യാണ് ഇന്നത്തെ ചർച്ചയിലെ മറ്റൊരു വിഷയം. എനിക്ക് ഒരുപാട് ഇഷ്ടമുള്ള മന്ത്രിയാണ്. ശുദ്ധനാണ്. നല്ല ഉദ്ദേശ്യശുദ്ധിയോടെയാണ് അദ്ദേഹം ഈ വകുപ്പിലേയ്ക്ക് വന്നത്. പക്ഷേ അദ്ദേഹത്തിന്റെ മുഖം കണ്ടാലറിയാം 3000 കോടി രൂപയുടെ പദ്ധതി പറഞ്ഞിട്ട് 129 കോടി രൂപയുടെ ഡിമാന്റ് ഡിസ്കഷനാണ് ഇന്ന് നടക്കുന്നത് എന്ന്. അങ്ങയുടെ അവസ്ഥ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് പഴയ നോവലുകളിലെ ക്ഷയിച്ച നായർ തറവാടുകളിലെ കാരണവരെയാണ്. വെളിയിൽ നിന്ന് നോക്കുമ്പോൾ വലിയ നാലുകെട്ടും പത്തായവും ആനയും പാപ്പാനും ആനത്തോട്ടിയും ആനപ്പിണ്ടവുമൊക്കെയുണ്ട്. പക്ഷേ എങ്ങനെ കഞ്ഞി കുടിക്കാമെന്ന് ആലോചിക്കുന്ന ഒരു കാരണവരുടെ അവസ്ഥയാണ് പാവപ്പെട്ട ശ്രീ. ജി. സുധാകരൻ സാറിന് എന്നു ഞാൻ വിഷമത്തോടെ പറയുകയാണ്. എന്നാലും ഈ ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നുകൊണ്ട് ചില കാര്യങ്ങൾ എല്ലാവർക്കും വേണ്ടി അങ്ങയോട് ഞാൻ പറയുകയാണ്. കഴിഞ്ഞ സർക്കാരുകളുടെ കാലത്ത്, യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും സമയത്ത് പഞ്ചായത്ത് റോഡുകൾ മെയിന്റനൻസ് ചെയ്യാൻ വേണ്ടി വൺടൈം മെയിന്റനൻസ് പദ്ധതി എല്ലാ എം.എൽ.എ.-മാർക്കും ലഭിച്ചിരുന്നു. ഈ സർക്കാരിന്റെ സമയത്ത് വൺടൈം മെയിന്റനൻസ് കൊണ്ടുവന്നാൽ ഗുണകരമായിരിക്കും. രണ്ടാമതായി പറയാനുള്ളത്, പൊതുമരാമത്ത് വകുപ്പിൽ ബിൽഡിംഗ്സിൽ ഇലക്ട്രിക്കൽ സെക്ഷനിൽ നടക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണ്. സ്കൂളുകൾ തുറക്കുന്ന സമയമായി. എന്റെ മണ്ഡലത്തിൽ നാല് പദ്ധതികൾ പറഞ്ഞിട്ടും വയറിംഗ് പോലും നടക്കാത്തത് ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിന്റെ നിസ്സംഗത കൊണ്ടുതന്നെയാണ്. അത് അങ്ങ് ശ്രദ്ധിക്കണം.

ഈ മന്ത്രിസഭ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് പഴയ മമ്മൂട്ടി-എം.ടി.-ഹരിഹരൻ സിനിമയായ ഒരു വടക്കൻ വീരഗാഥയിലെ പഞ്ച് ഡയലോഗാണ്. 'ചന്തുവിനെ തോൽപ്പിക്കാനാവില്ല മക്കളെ' എന്നുള്ള ഡയലോഗ്. ഇക്കഴിഞ്ഞ ഒരു വർഷം കൊണ്ട് എത്രയാളുകളാണ് ചന്തുവിനെ തോൽപ്പിച്ചത്. ആദ്യം സ്വകാര്യ സംഭാഷണങ്ങൾ നടത്തി മന്ത്രിസഭയിൽ നിന്നും രാജിവച്ച് രണ്ടു മന്ത്രിമാർ ചന്തുവിനെ തോൽപ്പിച്ചു. അതിനുശേഷം ലോ അക്കാദമി, മൂന്നാർ വിഷയങ്ങളിൽ സർക്കാരിനെ പ്രതിക്കൂട്ടിൽ

നിർത്തിക്കൊണ്ട് കൂട്ടുത്തരവാദിത്വം മറന്ന സി.പി.ഐ.-ക്കാർ നമ്മുടെ ചണ്ഠുവിനെ തോൽപ്പിച്ചു. സ്വന്തം മകന്റെ മരണത്തെക്കുറിച്ച് അന്വേഷിച്ച് നാദാപുരത്തുനിന്നും മലബാർ എക്സ്പ്രസ്സിൽ രാവിലെ തിരുവനന്തപുരത്തുവന്ന് പോലീസ് ഹെഡ്ക്വാർട്ടേഴ്സിനു മുന്നിൽ സമരമിരുന്ന ഒരു പഴയ എസ്.എഫ്.ഐ.ക്കാരി മഹിജ ഈ ചണ്ഠുവിനെ തോൽപ്പിച്ചു. പൊമ്പിളൈ ഒരുമൈയിലെ ധീരവനിതകൾ നല്ല ഇമ്പമാർന്ന തമിഴിൽ മുഖ്യമന്ത്രിയെ കുറ്റം പറഞ്ഞുകൊണ്ട് ചണ്ഠുവിനെ തോൽപ്പിച്ചു. അവസാനം സുപ്രീം കോടതിയിൽ സ്വന്തം ചെലവിൽ പോയി തിരിച്ചുവന്ന് ഡോ. ടി. പി. സെൻകുമാർ ചണ്ഠുവിനെ തോൽപ്പിച്ചു. ഇനിയും തോൽവികൾ ഏറ്റുവാങ്ങാൻ ഈ ചണ്ഠുവിന് നാലുവർഷം കൂടി ബാക്കിയുണ്ട് എന്നുമാത്രം പറഞ്ഞുകൊണ്ട് ശക്തമായി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു. നന്ദി. നമസ്കാരം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഭരണത്തിൽ മനംനൊന്ത് കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്നത്. കഴിഞ്ഞ 5 വർഷം കേരളത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തിയാണ് ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായി വോട്ട് ചെയ്തത്. അത് മനസ്സിലാക്കാതെയാണ് ശ്രീ. കെ. എസ്. ശബരീനാഥൻ എന്തൊക്കെയോ ഇവിടെ വിളിച്ചുകൂവിയത്. അവർക്ക് വേറെയൊന്നും പറയാനില്ല. ഈ നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെ കാണാനും കഴിയുന്നില്ല. എങ്ങനെ എൽ.ഡി.എഫ്.-നെ തകർക്കാമെന്നാണ് അവർ നോക്കുന്നത്. ശ്രീ. കെ. എസ്. ശബരീനാഥനും കോൺഗ്രസ്സുകാരും അങ്ങനെ മനപ്പായസം ഉണ്ണുണ്ട എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഞങ്ങൾ ശക്തമായി മുന്നോട്ടുപോകും. ഞങ്ങൾ അധികാരത്തിൽ വന്നിട്ട് ഒരു വർഷമായിട്ടേയുള്ളൂ. ഒരു വർഷം കൊണ്ട് കേരളത്തിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ ശ്രീ. ബി. സത്യൻ ഇവിടെ പറഞ്ഞു. കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി ഇവിടെ നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നതാണ്. കേരളത്തിലെ എല്ലാ മേഖലയിലും വികസനമെത്തിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ ഏത് മേഖലയാണ് പുറകോട്ട് പോയത്; സാമൂഹ്യ പെൻഷൻ കുടിശ്ശിക കൊടുത്തില്ലേ; അതിന്റെ തുക വർദ്ധിപ്പിച്ചില്ലേ; അങ്കണവാടി കെട്ടിടം നിർമ്മിച്ചില്ലേ; ആശാ വർക്കർമാർക്ക് ശമ്പളം വർദ്ധിപ്പിച്ചില്ലേ; അങ്കണവാടി ടീച്ചർമാർക്ക് ശമ്പളം വർദ്ധിപ്പിച്ചില്ലേ; കാർഷിക മേഖലയിൽ കർഷകർക്ക് പെൻഷൻ കൊടുത്തില്ലേ; അവരുടെ വിളകൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഇരട്ടിയിലധികം വർദ്ധിപ്പിച്ചില്ലേ; അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചില്ലേ; വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കിയില്ലേ; അഴിമതി ഇല്ലാതാക്കിയില്ലേ; ആരോഗ്യ മേഖലയിൽ അടിസ്ഥാന വികസനം ശക്തിപ്പെടുത്തി പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളും സി.എച്ച്.സി.-യെ താലൂക്കാശുപത്രിയും താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയുമാക്കി വികസനം നടപ്പാക്കി അധിക തസ്തിക സൃഷ്ടിച്ചില്ലേ; ഏത് മേഖലയിലാണ് പുറകോട്ട് പോയത്? വിദ്യാഭ്യാസ

മേഖലയിൽ കഴിഞ്ഞ 5 വർഷം നിങ്ങൾക്ക് എന്ത് ചെയ്യാൻ സാധിച്ചു; പരീക്ഷ അടുത്തിട്ടും പാഠപുസ്തകങ്ങൾ നൽകാൻ കഴിഞ്ഞോ; ശ്രീ. പി. കെ. അബ്ദു റബ്ബ് മന്ത്രിയായിരുന്നപ്പോൾ, പരീക്ഷയെഴുതാത്ത കുട്ടികൾപോലും ജയിച്ച നാടല്ലേ ഇത്; അതാണോ ഇപ്പോൾ നടന്നത്; ഇപ്പോൾ വിജയശതമാനം കൂടിയില്ലേ; ഇക്കഴിഞ്ഞ ഒരു വർഷം കൊണ്ട് വിദ്യാഭ്യാസ മേഖലയിൽ കർക്കശമായി ഇടപെടാനും പാഠപുസ്തകങ്ങൾ എത്തിച്ചുകൊടുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ; വിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. നിങ്ങൾ അതിനെ അംഗീകരിക്കൂ. നിങ്ങൾക്ക് ഒന്നും പറയാനില്ല എന്നുള്ളതുകൊണ്ട് തന്നെ വെറുതെ എന്തെങ്കിലും പറഞ്ഞു കൊണ്ട് വികസനപ്രവർത്തനങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള പരിശ്രമത്തിൽ നിന്ന് പുറകോട്ടടിക്കുകയാണ്.

ഇന്ന് പൊതുമരാമത്ത് വകുപ്പും ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളാണ് ചർച്ച ചെയ്യുന്നത്. നമുക്കറിയാം നല്ല വഴികളും നല്ല ഭക്ഷണവുമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. നമ്മുടെ നാട്ടിൽ റോഡുകൾ ഇല്ലായിരുന്നു. ഇടവഴികളും നടവഴികളുമായിരുന്നു ഉണ്ടായിരുന്നത്. ആ ഇടവഴികളും നടവഴികളും പിന്നീട് കുതിരവണ്ടികളും കാളവണ്ടികളും മോട്ടോർ വാഹനങ്ങളും പോകാനുള്ള റോഡുകളായി മാറി. ആ റോഡുകൾ ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, പൊതുമരാമത്ത് വകുപ്പ് അങ്ങനെ നിരവധി വിവിധ ഏജൻസികൾ ഏറ്റെടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ പ്രതിപക്ഷത്തായിരുന്നപ്പോൾ ഇതുസംബന്ധിച്ച് അടിയന്തരപ്രമേയം കൊണ്ടുവന്നതാണ്. രണ്ട് ജില്ലകളിലായിരുന്നു ഫണ്ട് ഏറ്റവും കൂടുതൽ പോയിക്കൊണ്ടിരുന്നത്. ഇടതുപക്ഷ എം.എൽ.എ.മാർക്ക് പണം നൽകില്ലായിരുന്നു. ഇടതുപക്ഷ മണ്ഡലങ്ങളിൽ വികസനം എത്തിക്കില്ലായിരുന്നു. എന്റെ ജില്ലയായ പത്തനംതിട്ടയിൽ രണ്ട് മണ്ഡലങ്ങളിൽ മാത്രമേ പണം അനുവദിക്കുമായിരുന്നുള്ളൂ. ഇന്ന് അതാണോ സ്ഥിതി; നിങ്ങൾ നോക്കൂ.

140 നിയോജകമണ്ഡലങ്ങളെയും ഒന്നായി കണ്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ അഞ്ചുവർഷം അതുണ്ടായിരുന്നില്ല. രണ്ടുമൂന്ന് പ്രാവശ്യം അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടി വന്നു. പ്രതിപക്ഷം ഒറ്റക്കെട്ടായി ശക്തമായി പ്രതിഷേധിച്ചു. അന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഇവിടെ ഇരിപ്പുണ്ട്. ഞാൻ തന്നെയാണ് അന്ന് അടിയന്തര പ്രമേയം അവതരിപ്പിച്ചത്. നിരവധി പോരാട്ടങ്ങൾ നടത്തിയിട്ടും ഞങ്ങളെ പരിഗണിച്ചില്ല. പക്ഷേ ഇന്ന് അങ്ങനെയല്ല. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ. അടക്കം തിരുവനന്തപുരം പട്ടണത്തിൽ ബോർഡ് വച്ചിട്ടുണ്ട്. എല്ലാ യു.ഡി.എഫ്. എം.എൽ.എ-മാരും അവരുടെ ബോർഡ് മാത്രമാണ് വച്ചിട്ടുള്ളത്. പണം അനുവദിച്ച എൽ.ഡി.എഫ്. ഗവൺമെന്റിനെയും മന്ത്രിയെയും

അംഗീകരിച്ചുകൊണ്ട് ബോർഡ് വച്ചിട്ടില്ല. അവർ പണം അനുവദിച്ചു എന്ന നിലയിലാണ് ബോർഡ് വച്ചിട്ടുള്ളത്. ഈ ഗവൺമെന്റാണ് 140 അസംബ്ലി മണ്ഡലങ്ങൾക്കും പണം അനുവദിച്ചത്. അങ്ങനെ എല്ലാ മണ്ഡലങ്ങളെയും ഒരുപോലെ കാണുന്ന ഒരു പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ് ഇപ്പോഴുള്ളത്. അദ്ദേഹം ഒരു കവി കൂടിയാണ്. അതുകൊണ്ട് നല്ല ഭാവനയുണ്ട്. ആ ഭാവനയ്ക്കനുസരിച്ചാണ് അദ്ദേഹം പൊതുമരാമത്ത് വകുപ്പിനെ മുന്നോട്ടുനയിക്കുന്നത്. അദ്ദേഹം പൊതുമരാമത്ത് വകുപ്പിനെ അഴിമതി വിമുക്തമാക്കി. സുതാര്യമായി നിർവ്വഹണ ഏജൻസികളെ നിശ്ചയിച്ചുകൊണ്ട് റോഡുകൾ നല്ല നിലയിൽ കൊണ്ടുപോകാൻ പരിശ്രമിച്ചു. ഞാൻ അംഗീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, എവിടെ ഒരു പ്രശ്നമുണ്ടായാലും അത് റോഡായാലും പാലമായാലും അദ്ദേഹം കൃത്യമായും അവിടെ ഓടിയെത്തും. അങ്ങനെ കൃത്യമായി ഓടിയെത്തുകയും മോണിറ്റർ ചെയ്യുകയും ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം കൊടുക്കുകയും ചെയ്ത് അദ്ദേഹത്തിന്റെ വകുപ്പിനെ നേരെയാക്കാനുള്ള നല്ല പരിശ്രമമാണ് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി നടപ്പാക്കി വരുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല കാര്യങ്ങളും കൃത്യമായി നടപ്പാക്കാൻ അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ടോൾ പിരിവ് കേന്ദ്രങ്ങൾ നിർത്തലാക്കുമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞു. പറയുകമാത്രമല്ല 10 കേന്ദ്രങ്ങളിൽ ടോൾ പിരിവ് നിർത്തലാക്കാൻ ആർജ്ജവം കാണിക്കുകയും ചെയ്തു. അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. മാത്രമല്ല സോഷ്യൽ ഓഡിറ്റ് സമ്പ്രദായം കൊണ്ടുവന്നു. കഴിഞ്ഞ അഞ്ചുവർഷം സോഷ്യൽ ഓഡിറ്റ് ഉണ്ടായിരുന്നോ? കഴിഞ്ഞ അഞ്ചു വർഷം ആ മേഖലയിൽ എന്തായിരുന്നു നടന്നത്; നമ്മൾ കണ്ടതാണ്, ലേലം വിളി അല്ലായിരുന്നോ? ഇപ്പോൾ അങ്ങനെയുണ്ടോ? ഇപ്പോൾ ആ പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഓഡിറ്റ് നടപ്പാക്കി. നമ്മുടെ പി.ഡബ്ല്യു.ഡി. റോഡുകൾക്കും ദേശീയ പാതകൾക്കും നേരത്തെ മെയിന്റനൻസ് ഇല്ലായിരുന്നു. ശ്രീ. ജി. സുധാകരൻ പൊതുമരാമത്തു വകുപ്പിന്റെ ചുമതലയേറ്റെടുത്തശേഷം അവിടെ മെയിന്റനൻസ് നടത്തുക മാത്രമല്ല, അതിനായി പ്രത്യേക വകുപ്പുണ്ടാക്കി ഒരു ചീഫ് എഞ്ചിനീയറെ നിയമിക്കുകയും ചെയ്തു. അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

148 പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ തീരുമാനിച്ചു. അതുമാത്രമല്ല, സമയബന്ധിതമായി ഇതെല്ലാം പൂർത്തീകരിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശുഷ്കാന്തി കാണിച്ചു. അതിന് ഉദാഹരണമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് എന്റെ മണ്ഡലത്തിലെ പന്തളം-കുറുന്തോട്ടയം പാലം പണി നടന്നത്. ആ പാലം പണിക്ക് കരാറുകാരന് ആറ് മാസത്തെ സമയമുണ്ടായിരുന്നു. പക്ഷേ മണ്ഡലവിളക്ക് ആരംഭിക്കുന്നതിനുമുമ്പ് അതിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന് മന്ത്രി നിർദ്ദേശിക്കുകയും അദ്ദേഹം അവിടെ നിരന്തരം വരികയും ഞാനും ഉദ്യോഗസ്ഥരും നിരന്തരം ശ്രദ്ധിക്കുകയും ചെയ്തതുകൊണ്ട് അഞ്ചുമാസംകൊണ്ട് ആ പാലത്തിന്റെ പണി പൂർത്തീകരിച്ചു.

മാത്രമല്ല 70 ലക്ഷം രൂപ മിച്ചം വന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് പൊതുമരാമത്ത് വകുപ്പ് ഒരു പാലം നിർമ്മിച്ചതിനുശേഷം 70 ലക്ഷം രൂപ മിച്ചംപിടിച്ച് ഖജനാവിലേയ്ക്ക് തിരിച്ചുകൊടുത്തത്. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെയും മന്ത്രിയുടെയും നേട്ടമാണ്. അതുപോലെ ഏനാത്ത് പാലം തകർന്ന വിവരമറിഞ്ഞപ്പോൾ, ക്യാബിനറ്റ് യോഗത്തിൽ പങ്കെടുത്തു കൊണ്ടിരുന്ന മന്ത്രി ആ രാത്രിതന്നെ തിരുവനന്തപുരത്തുനിന്നും അവിടെ എത്തി. അതെല്ലാം മനസ്സിലാക്കി അടുത്ത ദിവസംതന്നെ ക്യാബിനറ്റ് കൂടി 4.75 കോടി രൂപ പുതിയ പാലത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ചു. അദ്ദേഹം നിരന്തരം അവിടെ വന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ആവശ്യം പരിഗണിച്ചുകൊണ്ട് അവിടെ ബെയ്‌ലി പാലം നിർമ്മിച്ചു. ബെയ്‌ലി പാലം നിർമ്മിച്ചതുകൊണ്ട് ഒരു പരിധിവരെ ഗതാഗത സംവിധാനത്തിന് മെച്ചമുണ്ടാക്കുവാൻ കഴിഞ്ഞു. പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് പോയ പൊതുമരാമത്ത് വകുപ്പിനെ വിജയത്തിന്റെ കൊടുമുടിയിലേയ്ക്ക് എത്തിക്കാൻ ശ്രമിക്കുന്ന മൃതസഞ്ജീവിനിയാണ് ശ്രീ. ജി. സുധാകരൻ എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭക്ഷ്യപ്രശ്നത്തെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. അതിനെപ്പറ്റി പറയാൻ കോൺഗ്രസ്സിന് എന്താണ് അവകാശം? ഇത് തകർത്തത് ആരാണ്? 2013-ൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയപ്പോൾ കേന്ദ്രത്തിൽ ശ്രീ. കെ. വി. തോമസ് സ്വതന്ത്ര ചുമതലയുള്ള ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നു. നിങ്ങൾ ഓർക്കണ്ടേ; അന്ന് ഇവിടത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു. അന്ന് കേരളത്തിന്റെ ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് ആയിരുന്നു. അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ആ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്? കേരളത്തിന് സ്റ്റാറ്റ്യൂട്ടറിയായി ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യം ഇല്ലാതാക്കാൻ ശ്രമിച്ചപ്പോൾ നിങ്ങൾ ഒരക്ഷരം മിണ്ടിയോ? ഒരു വാക്കെങ്കിലും നിങ്ങൾ ഉന്നയിച്ചോ? അതിനെതിരെ ഒരു വിരലെങ്കിലും അനക്കാൻ സാധിച്ചോ; നിങ്ങൾ ഒന്നും ചെയ്തില്ല. അതുമാത്രമല്ല ഇപ്പോൾ ഇവിടെ റേഷൻ കാർഡിനെപ്പറ്റി സൂചിപ്പിച്ചു. റേഷൻ കാർഡ് തയ്യാറാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റാണോ? റേഷൻ കാർഡുകൾ തയ്യാറാക്കിയതും അതിന്റെ ഫോം തയ്യാറാക്കിയതും സർവ്വെ ജോലികളുൾപ്പെടെയുള്ളതെല്ലാം ചെയ്തത് യു.ഡി.എഫ്. ഗവൺമെന്റ് അല്ലേ; കോൺഗ്രസ്സാണ് അതെല്ലാം തയ്യാറാക്കിയത്. ഞങ്ങൾക്ക് എന്താണ് അതിൽ പങ്ക്? ഞങ്ങൾ നിയമം നടപ്പാക്കാൻ ചങ്കൂറ്റം കാണിച്ചു. അഴിമതിക്കാർക്കും ഭക്ഷ്യധാന്യം മറിച്ചുവിൽക്കുന്നവർക്കും അഴിമതി നടത്താൻ കൂട്ടുനിന്ന് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാതിരുന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അത് നടപ്പാക്കുകയാണ് ചെയ്തത്. ചങ്കൂറ്റത്തോടെ അത് ഞങ്ങൾ നടപ്പാക്കി. ഞങ്ങൾ ആർജ്ജവം കാണിച്ചു. ഇപ്പോൾ ഓരോന്നോരോന്നായി നടപ്പാക്കിവരികയാണ്. റേഷൻ കാർഡ് ഈ മേയ് മാസം കൊടുക്കും. ഇപ്പോൾ

വാതിൽപ്പടി വിതരണം തുടങ്ങി. അരി വിലകുറച്ച് കൊടുക്കാൻ അരിക്കടകൾ തുടങ്ങി. ആന്ധ്രാ പ്രദേശിൽ ഞങ്ങൾ നേരിട്ടുപോയി അരി വാങ്ങി. ഇവിടെ വിലകുറച്ച് വിൽക്കുന്നതിനുള്ള സംവിധാനമായി. നിങ്ങൾ മാവേലി സ്റ്റോറുകൾ ഇല്ലാതാക്കാൻ ശ്രമിച്ചില്ലേ? ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് മാവേലി സ്റ്റോറുകൾ കൊണ്ടുവന്നത്. ആ മാവേലി സ്റ്റോറുകൾ ഇല്ലാതാക്കാൻ നിങ്ങൾ പരിശ്രമിച്ചു. കഴിഞ്ഞ അഞ്ച് വർഷം ഞങ്ങൾ കണ്ടതാണ്, നന്മ സ്റ്റോറുകൾ നിങ്ങൾ ആരംഭിച്ചു. ഇന്ന് ആ നന്മ സ്റ്റോറുകളുടെ സ്ഥിതിയെന്താണ്? അഴിമതിയല്ലേ അവിടെ നടന്നത്; മൊത്തം പേരും അഴിമതി നടത്തിയില്ലേ? ഇപ്പോഴുള്ള മാവേലി സ്റ്റോറുകൾ നവീകരിച്ചു, പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചു. മാവേലി സ്റ്റോറുകൾ പീപ്പിൾ ബസാറുകളാക്കി, അങ്ങനെ പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താനുള്ള ആർജ്ജവത്തോടുകൂടിയ പ്രവർത്തനങ്ങളാണ് ഭക്ഷ്യ വകുപ്പുമന്ത്രി നടപ്പിലാക്കിയത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ പാവപ്പെട്ട ആളുകൾക്കും ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുക്കാനുള്ള പരിശ്രമമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. ആ വിഷയം സർക്കാർ വളരെ ഗൗരവത്തോടെയാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. നിങ്ങൾ എത്ര പരിശ്രമിച്ചാലും നിങ്ങളുടെ ശ്രമം ഞങ്ങൾക്കറിയാം, യൂദാസിന്റെ പരിശ്രമം യേശുക്രിസ്തുവിനെ കൊല്ലുകയെന്നുള്ളതായിരുന്നു. നിങ്ങളുടെ പരിശ്രമവും അതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർക്കുകയെന്നതാണ്. നിങ്ങൾ പാഴായി കണ്ട ആ സ്വപ്നത്തിൽനിന്ന് സ്വപ്നം കാണുക എന്നതിനപ്പുറത്തേയ്ക്ക് മറ്റൊന്നും കേരളത്തിൽ നടക്കാൻ പോകുന്നില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ ശക്തമായി മുന്നോട്ടുപോകും. വീണ്ടും ഞങ്ങൾ കേരളത്തിൽ അധികാരത്തിൽ വരും. ഇനി നാല് വർഷക്കാലം ബാക്കിയുണ്ട്. നിരവധി വികസന പ്രവർത്തനങ്ങൾ നടത്തി കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഇടതുപക്ഷത്തിനൊപ്പം നിൽക്കുമെന്നുകൂടി നിങ്ങളെ അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള പി.ഡബ്ല്യു.ഡി, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കാരണം ഇവിടെ കഴിഞ്ഞ അഞ്ചുവർഷവും അഴിമതിയിൽ മുങ്ങിക്കുളിച്ച രണ്ട് വകുപ്പുകളെ സുതാര്യതയോടെ അടുക്കും ചിട്ടയുമുള്ള, അഴിമതിരഹിതമായ രണ്ട് വകുപ്പുകളാക്കി മാറ്റാൻ കഴിഞ്ഞ ഒരു വർഷംകൊണ്ട് ഈ രണ്ട് മന്ത്രിമാർക്കും കഴിഞ്ഞുവെന്നത് വളരെ സന്തോഷത്തോടെ പറയാൻ കഴിയും. അതുകൊണ്ട് എന്റെ പ്രിയപ്പെട്ട അനുജൻ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞതുപോലെ മന്ത്രിയെ കാണുമ്പോൾ ഒരു പഴയ നായർ തറവാട്ടിലെ കാരണവരെപ്പോലെ തോന്നുന്നതിൽ തെറ്റില്ല. കാരണം

അദ്ദേഹം പറഞ്ഞു ആനയുണ്ട്, ആനച്ചങ്ങലയുണ്ട്, നാലുകെട്ടുണ്ട്, എട്ടുകെട്ടുണ്ട്, തെങ്ങിൻപുരയിടമുണ്ട് എല്ലാമുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ മുഖത്തെ ഭാവമെന്താണെന്ന് ഒരു നടനായ എനിക്ക് പറയാൻ കഴിയും. അദ്ദേഹം പറയുന്നത് എന്റെ മുൻഗാമികൾ ഇതെല്ലാം മുച്ചൂടും നശിപ്പിച്ചിട്ടാണ് പോയത്, ഇത് എങ്ങനെ നന്നാക്കിയെടുക്കാമെന്ന ഭാവമാണ് ശ്രീ. ജി. സുധാകരന്റെ മുഖത്ത് ഞാൻ കാണുന്നത്. ഒരു കാര്യം പറയാം, ഈ മന്ത്രി അധികാരമേറ്റശേഷം പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ എന്തെങ്കിലും ക്രമക്കേട് കാണിച്ചാൽ മന്ത്രിയോട് പറയുമെന്ന് പറഞ്ഞാൽ മതി മര്യാദയ്ക്ക് ജോലി ചെയ്യുന്ന ഒരു അവസ്ഥയുണ്ടായതിൽ വളരെ സന്തോഷം. രോഗങ്ങളിൽ ഏറ്റവും അപകടകരമാണ് ക്യാൻസർ. ശരീരത്തിന്റെ ചില അവയവങ്ങളിൽ അതിന്റെ കോശങ്ങൾ ഓർഡർ തെറ്റി വളരുന്നതിനെയാണ് ക്യാൻസർ രോഗമെന്ന് പറയുന്നത്. ആ രോഗം മനുഷ്യന്റെ ജീവനുംകൊണ്ടേ പോകാറുള്ളൂ. കേരളത്തിലെ പി.ഡബ്ല്യു.ഡി. വകുപ്പിൽ ക്യാൻസർ രോഗമായിരുന്നു. കാരണം അർബുദംപോലെ ചില ഭാഗങ്ങൾ മാത്രം വളരും. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് രണ്ട് ജില്ലകൾ, ഒന്ന് എറണാകുളം ജില്ലയുടെ കുറച്ച് ഭാഗം അർബുദംപോലെ വളർന്നു. മറ്റ് ഭാഗത്തൊന്നും വളർച്ചയില്ല. നമ്മൾ ഗട്ടറിലൂടെയും മറ്റും നശിച്ച റോഡിലൂടെ യാത്ര ചെയ്ത് ചെന്നുകയറുമ്പോൾ സ്വർഗ്ഗീയ സുന്ദരമായ റോഡുകൾ. ആ മണ്ഡലം കഴിഞ്ഞാൽ പിന്നെ നരകം. പിന്നങ്ങോട്ട് മാവേലിക്ക് പാതാളത്തിൽ നിന്ന് വേഗത്തിൽ വരാൻ പറ്റിയ വലിയ വലിയ കുഴികളാണ്. മലപ്പുറം ജില്ലയിലും എറണാകുളം ജില്ലയിലും ഒരുവിധം കാര്യങ്ങൾ നടന്നു. കഴിഞ്ഞ കാലത്ത് ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ട രണ്ടു ജില്ലകൾ കൊല്ലവും ആലപ്പുഴയുമാണ്. തൊടുപുഴയിൽ നിന്ന് ശ്രീ. പി. ജെ. ജോസഫ് മന്ത്രിയായതുകൊണ്ട് തൊടുപുഴയിലെ റോഡുകൾക്ക് ഒരു കുഴപ്പവുമില്ല. ശ്രീ. മോൻസ് ജോസഫ് കുറച്ചുനാൾ മന്ത്രിയായതുകൊണ്ട് അവിടത്തെ റോഡിനും കുഴപ്പമില്ല. പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലൊക്കെ വളരെ മോശം റോഡുകളാണ്. പ്രധാനപ്പെട്ട ചില റോഡുകളൊഴിച്ച് ബാക്കിയെല്ലാം തകർന്ന് കിടക്കുകയാണ്. അതെന്തുകൊണ്ടാണ്; അർബുദത്തിൽ നിന്നും ഈ സർക്കാരിന് കേരളത്തെ മോചിപ്പിക്കാൻ കഴിഞ്ഞു. അർബുദരോഗത്തിൽ നിന്ന് കേരളത്തിന്റെ വികസനത്തെ രക്ഷിച്ച ശ്രീ. ജി. സുധാകരൻ മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. കാരണം എല്ലാവർക്കും കൊടുത്തു. 140 എം.എൽ.എ.-മാർക്കും ഒരു കോടി രൂപ കൊടുക്കാമെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരികയാണ്. ഒരു കോടി രൂപ തരാമെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞെങ്കിലും അത് 75 ലക്ഷമായി വെട്ടിച്ചുരുക്കി ചില ഉദ്യോഗസ്ഥർ ദുഷ്ടത്തരം ചെയ്യുന്നുണ്ടെന്ന് അങ്ങ് തിരിച്ചറിയണം. ഉദ്യോഗസ്ഥരുടെ ചില കളികളുണ്ട്. ഇവിടെ പലരും പറഞ്ഞു. പി.ഡബ്ല്യൂ.ഡി. സ്കൂളിന്റെ കെട്ടിടം പണിയുകയാണ്.

കെട്ടിടത്തിന്റെ പ്ലാൻ വരയ്ക്കുമ്പോൾ വയറിംഗ് വരയ്ക്കില്ല. ഈ എഞ്ചിനീയർമാരെ പറഞ്ഞ് മനസ്സിലാക്കണം. വൈദ്യുതി ലാഭിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകളും സംവിധാനങ്ങളുമൊക്കെ വന്നു. എന്റെ മണ്ഡലത്തിൽ ഒരു സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാൻ വരച്ചുതന്നപ്പോൾ 40 കുട്ടികൾ ഇരിക്കുന്ന ക്ലാസ് മുറിയിൽ 16 ഫാൻ വരച്ച മാന്യൻമാരുണ്ട്. എന്തിനാണെന്ന് നാട്ടുകാർക്കും പിള്ളേർക്കും നമുക്കും മനസ്സിലാകുന്നില്ല. കെട്ടിടം പണി പൂർത്തിയായാൽ പിന്നെ പറയും ഇലക്ട്രിക്കലിന്റെ ഒരു ടെണ്ടർ വിളിക്കാനുണ്ടെന്ന്. അത് വിളിച്ചുവരുമ്പോഴേയ്ക്കും വലിയ കാലതാമസം വരും. ഒരു കെട്ടിടത്തിന്റെ പ്ലാൻ വയ്ക്കുമ്പോൾ അവിടെ വൈദ്യുതിയും വെള്ളവുമെല്ലാം വേണമെന്ന് മനസ്സിലാക്കാൻ കഴിയാത്തവരെക്കൊണ്ട് പ്ലാൻ വരപ്പിക്കരുത്.

ഒരു കൺസൾട്ടന്റ് പരിപാടിയുണ്ട്. ഈ കൺസൾട്ടന്റ് ആരാണ്; ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ കിഫ്ബിക്കുവേണ്ടി കൺസൾട്ടന്റ് എന്നുപറയുന്നു. കിഫ്ബി.-യെ കുറിച്ച് വലിയ പ്രതീക്ഷയുണ്ട്. ധാരാളം പണം വരും. അത് നമുക്ക് കിട്ടും. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ പറഞ്ഞ വർക്കുകളെല്ലാം പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇത് തിരിച്ചയച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അത് പരിഹരിക്കണം. ഇത് കിഫ്ബിയിൽ അപ്ലോഡ് ചെയ്തു കഴിഞ്ഞാൽ അടുത്ത കിഫ്ബി യോഗത്തിൽ അത് അനുവദിക്കാൻ കഴിഞ്ഞാൽ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ കോടിക്കണക്കിന് വർക്കുകൾ നമുക്ക് കിട്ടും. കൺസൾട്ടന്റ് ആരാണ്; കൺസൾട്ടന്റ് ആയി വരുന്ന ആൾ ഈ വകുപ്പിൽനിന്ന് അഴിമതി നടത്തി, കൊള്ള ചെയ്ത്, പെൻഷൻ പറ്റി, പുറത്തുപോയി മക്കളെയും കൊച്ചുമക്കളെയും കുറേ ആളുകളെയും ചേർത്തുകൊണ്ട് ഒരു കൺസൾട്ടൻസി കമ്പനി ഉണ്ടാക്കി ഈ വകുപ്പിനകത്തുതന്നെ വീണ്ടും നുഴഞ്ഞുകയറി ഇതിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. പലയിടത്തും കെട്ടിടം പണിയാൻ കൺസൾട്ടൻസികളെ വച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഞാൻ പി.ഡബ്ല്യൂ.ഡി.-യെ ഏൽപ്പിച്ചപ്പോൾ കൺസൾട്ടൻസിനെ വച്ചു, 2.40 കോടി രൂപയ്ക്ക് കെട്ടിടത്തിന്റെ പ്ലാൻ വരച്ചു. 2 കോടി രൂപയ്ക്ക് തൊട്ടടുത്ത് സ്വകാര്യ എയ്ഡഡ് സ്കൂളിന്റെ വർക്കും നടക്കുന്നുണ്ട്. ഞാൻ രണ്ടുനില കെട്ടിടം പണിയുമ്പോൾ അവിടെ 3 നില കെട്ടിടം പണിതു. അപ്പോൾ നമ്മുടെ ഉദ്യോഗസ്ഥർ എന്താണ് കാണിക്കുന്നതെന്ന് പരിശോധിക്കണം. പ്രൈവറ്റായിട്ടുള്ള സ്കൂൾ, ഒരു എയ്ഡഡ് സ്കൂൾ, അവർ ഒരു സ്വകാര്യ എഞ്ചിനീയറെ വച്ച് പ്ലാൻ വരച്ച് 3 നിലയ്ക്ക് ടൈൽസിട്ട് കെട്ടിടം പണിയുമ്പോൾ നമ്മുടെ കെട്ടിടത്തിന് ടൈൽസുമില്ല, തടിയുടെ ജനാലയുമില്ല. വളരെ മോശമായിട്ട് വരികയാണ്. ഇത് എന്തുകൊണ്ടെന്ന് നമ്മൾ പഠിക്കണം. കൊള്ളാവുന്ന കൺസൾട്ടന്റുമാരെ വയ്ക്കണം.

ട്രാഫിക്കിനെ സംബന്ധിച്ച് പറയാം. റോഡുകളെക്കുറിച്ച് പഠിക്കുന്നു. ആരാണ് ഈ കൺസൾട്ടന്റുമാർ? നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, വിദേശ രാജ്യങ്ങളിൽ ഓട്ടോമൊബൈൽ ആന്റ് ട്രാഫിക് ഡിസൈനിംഗ് എന്നൊരു കോഴ്സുണ്ട്. ഇത് പഠിച്ച അനേകം കുട്ടികൾ കേരളത്തിലുണ്ട്. അവരാണ് അമേരിക്കയിലും ഇംഗ്ലണ്ടിലും ഗൾഫ് രാജ്യങ്ങളിലുമൊക്കെ റോഡ് ഡിസൈൻ ചെയ്യുന്നത്. ഇവിടെ ഒരു പാലമുണ്ടാക്കിയാൽ ആ പാലത്തിൽ കയറുക, ഇറങ്ങുക എന്നതിനപ്പുറത്തേയ്ക്ക് ഒന്നുമറിയില്ല. ഇടയ്ക്കുവച്ച് വലത്തോട്ട് പാലം തിരിയുമെങ്കിൽ അവിടെ ട്രാഫിക് ജാമായിരിക്കും. അതിന് ഉദാഹരണമാണ് തമ്പാനൂരിലും തൈക്കാട് ആശുപത്രിയുടെ മുകളിലുമുള്ള ഫ്ലൈ ഓവറുകൾ. അവിടെ കയറിയാൽ എങ്ങോട്ട് തിരിയണമെന്നറിയില്ല. അപ്പോൾ ഡിസൈൻ ചെയ്യാനറിയാത്ത ആളുകൾ പാരമ്പര്യമായി ചെയ്തുകൊണ്ടിരിക്കുന്നത് ആവർത്തിക്കാതെ പുതിയ ചെറുപ്പക്കാർക്ക് ഇതിൽ അവസരം കൊടുക്കണം. ഈ കൺസൾട്ടിംഗ് കമ്പനികളിൽ ആര് ജോലി ചെയ്യുന്നുവെന്ന് നമ്മൾ അന്വേഷിക്കണം. ഇത്തരം കോഴ്സുകൾ പഠിച്ച ആരെങ്കിലുമുണ്ടോ എന്ന് പരിശോധിക്കണം. അത്തരം പരിഷ്കാരങ്ങൾ കൊണ്ടുവന്നാൽ കേരളത്തെ രക്ഷിക്കാൻ കഴിയും. കിഫ്ബിയിൽ നിന്ന് കോടികൾ ചെലവഴിക്കുകയാണ്.

എറണാകുളം സിറ്റിയിൽ വലിയ ട്രാഫിക് കുരുക്കാണ്. ഈ കുരുക്കഴിക്കാൻ ശാസ്ത്രീയമായി പഠിച്ചവരുടെ കയ്യിൽ ആശയമുണ്ട്. പരമ്പരാഗതമായി ഇത് അനുഭവിക്കുകയും മറ്റ് കള്ളത്തരങ്ങൾ നടത്തുകയും ചെയ്തവരെ ഇനി ഇതിന്റെ കൺസൾട്ടന്റായി നിയമിക്കരുത്, അവരെ പ്രോത്സാഹിപ്പിക്കരുത്. പുതിയതായി പഠിച്ചുവരുന്ന ചെറുപ്പക്കാർക്ക് ഇതൊരു നല്ല അവസരമായി, പുതിയ വാതിലായി ഈ സർക്കാരിന്റെ കാലത്ത് തുറന്നുകൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കെട്ടിടങ്ങളിലെ വയറിംഗ് പണി പൂർത്തിയാക്കാത്ത കോൺട്രാക്ടർമാർ, പണിയെടുത്തിട്ട് സ്ഥിരമായി കാലതാമസം വരുത്തുന്നവർ തുടങ്ങിയവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം. ഇത്തരം കള്ളൻമാരെ പുകച്ച് പുറത്തു ചാടിക്കണം. കിഫ്ബി വന്നുകഴിഞ്ഞാൽ ഇന്ന് ബില്ല് കൊടുത്താൽ നാളെ വൈകുന്നേരം 5 മണിക്ക് മുമ്പ് അക്കൗണ്ടിലേയ്ക്ക് പണം കൊടുക്കുമെന്നാണ് പറയുന്നത്. എങ്കിൽ എന്തിന് ഈ കള്ളൻമാർ വരണം? വർക്ക് എടുത്തിട്ട് പണിയാതിരിക്കുക, പണിഞ്ഞ് പകുതിക്കിടുക, കാലതാമസം വരുത്തുക. ഇവരിൽ നിർബന്ധമായും കുറച്ചുപേരെ ബ്ലാക്ക് ലിസ്റ്റ് ചെയ്തുകൊടുത്താൽ, ഒരു കലത്തിലിരിക്കുന്ന ചോറ് മുഴുവൻ വെന്തോ എന്നറിയാൻ എല്ലാംകൂടി എടുത്ത് ഞെക്കേണ്ട കാര്യമില്ല; രണ്ടു മൂന്നെണ്ണമെടുത്ത് മന്ത്രി ഒന്ന് ഞെക്കി നോക്കിയാൽ മതി. ബി.എം. & ബി.സി. ചെയ്യുമ്പോൾ ഉദ്യോഗസ്ഥർ സ്ഥലത്തില്ല, നാട്ടുകാർ ഇടപെട്ട് തടയുന്നു. രണ്ടര മണിക്ക് മഴ പെയ്യുമ്പോൾ മുകളിലൂടെ ബി.സി. ഇട്ടുകൊണ്ടിരിക്കുകയാണ്.

ഇത് ഇളകിപ്പോരും. ഇതൊക്കെ അറിയാത്തവരല്ല. അവിടെ അതിന് ആളുമില്ല. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ മുഴുവൻ സർക്കാരിൽനിന്ന് പിരിച്ചുവിടാൻ കഴിയില്ല. ഒന്നുരണ്ടു പേരെയെങ്കിലും പിരിച്ചുവിട്ടാൽ ഗുണം പിടിക്കുമെന്നാണ് എന്റെ വിശ്വാസം. ഒരു മാതൃക എന്ന നിലയിൽ വലിയ അഴിമതിക്കാരായ രണ്ടുമൂന്നുപേരെ ഈ സർക്കാർ സർവ്വീസിൽനിന്ന് പിരിച്ചുവിടണം. എങ്കിലേ ഒരു പാഠം പഠിക്കൂ. ഒരു ഭയം വേണം. അവരെ മുഴുവൻ പിരിച്ചുവിടേണ്ട. പക്ഷേ ഈ സർക്കാർ അഴിമതിക്ക് എതിരാണെന്നുള്ള സന്ദേശം ഉദ്യോഗസ്ഥർക്ക് കൊടുക്കണം. അവർ അതനുസരിച്ച് പെരുമാറണം. അവർ അതിന് മുമ്പ് അല്ലെങ്കിൽ ഇത് കഴിഞ്ഞ് വേണമെങ്കിൽ അഴിമതി നടത്തിക്കോട്ടെ. പക്ഷേ ഇപ്പോൾ വേണ്ട എന്ന കർശനമായ മെസ്സേജ് ഈ സർക്കാർ കൊടുക്കണം. എങ്കിൽ മാത്രമേ ഈ നാടിന് പുരോഗതി ഉണ്ടാകുകയുള്ളൂ. ചെലവഴിക്കുന്നതിന്റെ 60 ശതമാനവും അഴിമതിക്ക് പോകുന്നൊരു നാടായി മാറിയിരിക്കുന്നു നമ്മുടേത്. തമിഴ്നാട്ടിലും മറ്റു സംസ്ഥാനങ്ങളിലും ഇതില്ല.

റേഷൻ കടകളെ വിശ്വാസത്തിലെടുക്കണം. പാരമ്പര്യമായി, ഒരുപാട് വർഷമായി റേഷൻ കടകൾ നടത്തിവരുന്നവരുണ്ട്. അവർ ഡിപ്പോയ്ക്കും റേഷൻ കടയ്ക്കും കൈക്കൂലി കൊടുത്ത് കഴിഞ്ഞ കാലങ്ങളിൽ ശീലിച്ചുപോയതാണ്. അതൊക്കെ മാറുമ്പോൾ, കുത്തഴിഞ്ഞ പുസ്തകം കുത്തിക്കെട്ടുമ്പോൾ കാലതാമസം ഉണ്ടാകും. ഇവിടെ എല്ലാവരും പറയുന്നുണ്ട്, ഒരു വർഷംകൊണ്ട് എന്ത് ചെയ്തുവെന്ന്. ഒരു വർഷം കൊണ്ട് കുത്തഴിഞ്ഞ ഒരു പുസ്തകത്തെ കുത്തിക്കെട്ടി. ഇനി അതൊന്ന് വായിക്കണം. അതിൽനിന്ന് പലതും പഠിക്കാനുണ്ട്. അതുകൊണ്ട് അതിനൊരു അവസരം എന്നുകണ്ടാൽ മതി. ഈ ഒരു സന്ദർഭംകൊണ്ട് അഴിമതിയിൽ വലിയൊരു കുറവ് വരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായി മാറി എന്ന് ഞാൻ പറയുന്നില്ല. കള്ളൻമാരും സൂത്രക്കാരുമൊക്കെ ഇതിനിടയിലുണ്ട്. അവരെ ഒന്നുകൂടി കൈകാര്യം ചെയ്യണം.

നാഷണൽ ഹൈവേയെക്കുറിച്ച് ഒരുവാക്ക് പറഞ്ഞുകൊണ്ട് നിർത്താം. എറണാകുളത്തുനിന്ന് ചേർത്തലയിലൂടെ അങ്ങയുടെ മണ്ഡലം കടന്നുവരുന്ന ചേർത്തല-തിരുവനന്തപുരം റോഡിന് ഒരു നാലു വരിപ്പാത പണിയാനുള്ള സ്ഥലം മിക്കവാറും എല്ലാ സ്ഥലത്തും എടുത്തിട്ടുണ്ട്. അങ്ങ് മുൻകയ്യെടുത്ത് ആദ്യം അത് പണിയണം. തിരുവനന്തപുരത്തുനിന്ന് എറണാകുളത്തേയ്ക്ക് പോകാൻ പണ്ട് മൂന്നര മണിക്കൂർ മതിയായിരുന്നു. ഇന്ന് പകൽ സമയം തിരുവനന്തപുരത്തുനിന്ന് എറണാകുളത്ത് എത്താൻ 6 മണിക്കൂർ വേണം. ചേർത്തല കഴിഞ്ഞാൽ കുഴപ്പമില്ല. ചേർത്തല വരെ ഗ്രാമീണ റോഡുകളില്ലാതെ ഒരു നാലു വരിപ്പാത നമുക്ക് നിലവിലുള്ള സ്ഥലത്ത് സുഖമായി പണിയാം. അമ്പലപ്പുഴ വഴി കൊല്ലം വരെ, അതുകഴിഞ്ഞ് കൊല്ലം ബൈപ്പാസ് തീരുന്നതോടുകൂടി തിരുവനന്തപുരം കഴക്കൂട്ടം വരെ കൊണ്ടുവരാനുള്ള,

ഇപ്പോൾ അക്കേഷ്യ മരങ്ങൾ നട്ടുവച്ചിരിക്കുന്ന ആ സ്ഥലങ്ങൾ പി.ഡബ്ല്യൂ.ഡി.-യുടെതാണ്. അത് നമ്മൾ ഉപയോഗപ്പെടുത്തണം. നമുക്കിപ്പോൾ എൻ.എച്ച്. 17, ഇടപ്പള്ളി മുതൽ ചാവക്കാട് വരെ. ഇപ്പോൾ സ്ഥലമെടുപ്പും മറ്റും നടക്കുമെന്ന് എനിക്ക് പ്രതീക്ഷയില്ല. എറണാകുളത്തുനിന്ന് പുറപ്പെട്ട് തലസ്ഥാനമായ തിരുവനന്തപുരത്തേയ്ക്ക് വരുന്ന വഴിയെങ്കിലും ഒന്ന് സുഗമമാക്കാൻ അങ്ങ് ശ്രമിക്കണം.

അങ്ങയുടെ ഓഫീസിൽ ഫയലുകൾ വളരെ വേഗത്തിൽ മൂവ് ചെയ്യുന്നുണ്ട്. അതിൽ എനിക്ക് സന്തോഷമുണ്ട്. റോഡിന് എം.എൽ.എ. ഫണ്ട് കൊടുത്താലും അങ്ങയുടെ ഓഫീസിൽനിന്ന് ഒരു മാസത്തിനുള്ളിൽ അത് എ.എസ്. ആയി കിട്ടുന്നതിൽ വലിയ സന്തോഷമുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയോടും മറ്റ് മന്ത്രിമാരോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഐ.എ.എസ്, ഐ.എഫ്.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ ഒരു ഫയലിൽ തീരുമാനമെടുക്കാൻ ഒരു മാസം വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമെന്താണ്; വിദ്യാഭ്യാസമുള്ള ഡിഗ്രി, അല്ലെങ്കിൽ പോസ്റ്റ് ഗ്രാജ്വേഷൻ പാസ്സായ സെക്രട്ടേറിയറ്റിലെ ഒരു ഉദ്യോഗസ്ഥൻ, അല്ലെങ്കിൽ ലോ പാസ്സായ ഒരു ഉദ്യോഗസ്ഥൻ എന്തിന് ഫയൽ 15-20 ദിവസം വച്ചുകൊണ്ടിരിക്കുന്നു. Yes or No, തീരുമാനം എന്തുമാകട്ടെ 5 ദിവസത്തിനുള്ളിൽ തന്റെ മുന്നിൽനിന്ന് ആ ഫയൽ ഒപ്പിട്ടു വിടാത്ത ഒരു ഉദ്യോഗസ്ഥനെ ആ കസേരയിൽ ഇരുത്തരുത് എന്ന അഭിപ്രായം എനിക്കുണ്ട്. ഇത് ഞാൻ വെറുതേ പറയുന്നതല്ല. വനം വകുപ്പിൽ ഞാൻ മന്ത്രിയായിരിക്കുമ്പോൾ ഒരു സർക്കുലറുണ്ട്. ആദ്യഘട്ടമായി 15 ദിവസത്തിൽ കൂടുതൽ ഒരു ഫയൽ കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ആ ഫയൽ കൈകാര്യം ചെയ്യുന്ന കസേരയിൽ ഇരിക്കാൻ യോഗ്യനല്ല. അയാളെ അവിടെനിന്ന് മാറ്റിയിട്ട് വിശ്രമിക്കുന്ന ചില സ്ഥലങ്ങളുണ്ട്. ചുമ്മാ രാവിലെ വന്ന് ഇരുന്ന് ഉറങ്ങിയിട്ട് പോകുന്ന സ്ഥലങ്ങളുണ്ട്. അവിടെ ഇരുത്തുക. പിരിച്ചു വിടണമെന്ന് ഞാൻ പറയില്ല. അത്തരത്തിൽ ഈ സർക്കാർ ഒരു ഉത്തരവ് ഇറക്കണമെന്നാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, അടുത്തൊരു തലമുറയ്ക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 5 ദിവസത്തിൽ കൂടുതൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനോ സെക്രട്ടേറിയറ്റിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനോ ഫയൽ വച്ചു കൊണ്ടിരിക്കാൻ പാടില്ല എന്നൊരു തീരുമാനം എടുക്കുകയും അത് കർശനമായി നടക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുകയും ചെയ്താൽ ഈ നാട് രക്ഷപ്പെടും. അല്ലാതെ ഒരു കാലത്തും ഈ നാട് രക്ഷപ്പെടില്ല. അതുകൊണ്ട് അഴിമതിരഹിതമായ ഒരു ഭരണം കാഴ്ചവയ്ക്കുകയും പി.ഡബ്ല്യൂ.ഡി. രംഗത്ത് അതുപോലെ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ജനദ്രോഹ നയങ്ങളെ മറികടക്കാനുള്ള പരിശ്രമം നടത്തുന്ന ഈ രണ്ട് മന്ത്രിമാരുടെയും പ്രവർത്തനത്തെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ശക്തമായി ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കഴിഞ്ഞ സർക്കാരിന്റെ പ്രതിച്ഛായ നഷ്ടപ്പെടുത്തുന്നതിൽ വലിയ സംഭാവന നൽകിയ ഒരാൾ ആ സർക്കാരിന്റെ ചെയ്തികളെ ഇവിടെ വന്ന് വിമർശിക്കുമ്പോൾ ഉണ്ടാകുന്ന ഒരു അതിശയോക്തി ഞാൻ ആദ്യമേ പ്രകടിപ്പിക്കുകയാണ്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മിനിസ്റ്റർ അന്ന് കേരളത്തിൽ എല്ലായിടത്തും വികസനം കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹം പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഏറെ ശ്രദ്ധേയനായിരുന്നു. അപ്പുറത്തുള്ളവർക്കും ഒരു ആക്ഷേപമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇവിടെ പ്രസംഗിച്ച ആളെക്കുറിച്ച് അന്നവിടെ ഇരുന്ന ആളുകളുടെ അഭിപ്രായം എന്തായിരുന്നു എന്ന് നിങ്ങളൊന്നു തിരിഞ്ഞുനോക്കിയാൽ (ഫ്ലാഷ് ബാക്ക്) നന്നായിരിക്കും. ഏതായിരുന്നാലും അതിനെക്കുറിച്ച് അത്രയേ പറയുന്നുള്ളൂ.

കഴിഞ്ഞ ദിവസങ്ങളിൽ ഈ സഭയിൽ ഭരണകക്ഷി അംഗങ്ങളുടെയും മന്ത്രിമാരുടെയുമൊക്കെ നിലപാടും അഭിപ്രായങ്ങളും കേൾക്കുമ്പോൾ പൊതുബോധത്തിനും സാമൂഹ്യ ബോധത്തിനും അപവാദമായ കമ്മ്യൂണിസ്റ്റ് മാനസികാവസ്ഥയിൽ ഇപ്പോഴും നമ്മുടെ സി.പി.ഐ.(എം.)കാർ അഭിരമിക്കുകയാണ് എന്ന് തോന്നിപ്പോകും. ഞാൻ ഇതിന് ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയുകയാണ്. 1982-ൽ അൽബേനിയയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അതിന്റെ പേര് The Dictionary of People's Name എന്നാണ്. അതിൽ 3,000 പേരുകളുണ്ടായിരുന്നു. പാർട്ടി അംഗീകരിച്ച ആ 3,000 പേരുകളല്ലാതെ അൽബേനിയയിൽ ജനിക്കുന്ന ഒരു കുഞ്ഞിന് വേറെ പേരിട്ടാൽ പോലീസ് അറസ്റ്റ് ചെയ്യുമായിരുന്നു. ഇന്ന് അൽബേനിയ കമ്മ്യൂണിസ്റ്റ് രാഷ്ട്രമല്ല. കുട്ടികളുടെ പേരിടാനുള്ള മാതാപിതാക്കളുടെ സ്വാതന്ത്ര്യംപോലും കമ്മ്യൂണിസ്റ്റ് പാർട്ടി കവർന്നെടുത്തു. ആറ്റുനോറ്റുണ്ടായൊരുണ്ണി, പക്ഷേ കുട്ടിക്ക് പേരിടാൻ രക്ഷകർത്താക്കൾക്ക് അവകാശമില്ല. അതും പുരോഗമനപരമായിട്ടാണ് പറയുന്നത്.

ഉത്തര കൊറിയയിൽ, പഴയ കമ്മ്യൂണിസ്റ്റ് സ്വർഗ്ഗത്തിൽ ഒരു നിയമമുണ്ട്. കിം ജോങ് ഉൻ-ന്റെ നാട്. ഇന്നത്തെ വട്ടുകേസുണ്ടല്ലോ, ലോകത്തിന് മുഴുവനും ഭീഷണിയുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഉത്തര കൊറിയയിലെ കിം ജോങ് ഉൻ-ന്റെ നാട്ടിൽ പതിനഞ്ച് ഹെയർ സ്റ്റൈലുകളേ പാർട്ടിയും ഗവൺമെന്റും അംഗീകരിച്ചിട്ടുള്ളൂ. അതല്ലാതെ മുടി വെട്ടാൻ പോയാൽ അയാൾക്ക് പണി കിട്ടും. ഏത് പണിയാണെന്നത് മണിയാശാനോട് ചോദിക്കണം. ആ പതിനഞ്ച് ഹെയർസ്റ്റൈലുകളിലൊന്നു മാത്രമേ അവിടെ പാടുള്ളൂ. ലോകത്ത് നിലനിൽക്കുന്ന സംഗതിയാണ്. ലോകത്ത് കമ്മ്യൂണിസ്റ്റുകൾക്ക് മാത്രം കഴിയുന്ന സൈദ്ധാന്തിക ശേഷിയാണിത്. ഇത് ഞങ്ങൾ അംഗീകരിക്കുകയാണ്. ഇതിവിടെ ഓർമ്മപ്പെടുത്തുന്നതിൽ എന്താണ് ബന്ധം എന്ന് ഞാൻ പറയാം. മഹിജയോട് കാണിച്ചത് ക്രൂരത എന്ന് ലോകം പറയുമ്പോൾ സി.പി.ഐ.(എം) പറയുന്നത് അത് 'കേവലം പോലീസ് നടപടി'. ടി.പി.

സെൻകുമാർ കേസിൽ കോടതിയിൽ നിന്ന് സർക്കാരിന് ശക്തമായ അടി കിട്ടിയെന്ന് പൊതുസമൂഹം പറയുമ്പോൾ, കോടതിച്ചെലവ് സഹിതം സർക്കാർ കേസ് തള്ളിയാൽ 'അത് പിഴയല്ലെന്ന് മുഖ്യമന്ത്രി', ചീഫ് സെക്രട്ടറി മാപ്പെഴുതി കൊടുത്തപ്പോൾ അത് മാപ്പല്ല, 'സങ്കട ഹർജി'. ഇങ്ങനെയാണ് നിങ്ങളുടെ ബോധം. ബഹുമാനപ്പെട്ട മന്ത്രി മണിയുടെ പ്രസംഗം തെറിയെന്നും സ്ത്രീ വിരുദ്ധമെന്നും പൊതുസമൂഹം പറയുമ്പോൾ 'അത് നാട്ടുഭാഷയുടെ സൗന്ദര്യമല്ലേ' എന്ന് ഭരണപക്ഷം. മഹാരാജാസ് കോളേജിൽ കണ്ടെടുത്തത് മാരകായുധങ്ങളെന്ന് മാധ്യമങ്ങൾ പറയുമ്പോൾ 'അത് വെറും പണിയായുധങ്ങൾ' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറയുന്നു. നിങ്ങളുടെ നിഘണ്ടുവിൽ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ടാവും. ഏതായാലും ഞാൻ അക്കാര്യങ്ങൾ പറഞ്ഞ് സമയം കളയുന്നില്ല.

രണ്ട് വകുപ്പുകളെ സംബന്ധിച്ചാണ് ഇവിടെ ചർച്ച. അതിലൊന്ന് ഭക്ഷ്യ വകുപ്പാണ്. കേരളത്തിലെ റേഷൻ സംവിധാനം താറുമാറാക്കിയത് ഇന്നത്തെ ഭക്ഷ്യമന്ത്രിയും സർക്കാരുമെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ആഴ്ചകളോളം നമ്മുടെ റേഷൻ കടകൾ മുടങ്ങിക്കിടന്നു. പാവങ്ങളെ ബി.പി.എൽ.-ൽ നിന്ന് പുറത്താക്കി. ഇതൊക്കെ പറയുമ്പോൾ പഴയ കേന്ദ്ര ഗവൺമെന്റിനേയും തോമസ് മാഷിനേയുമൊക്കെ കുറ്റം പറഞ്ഞ് നിങ്ങൾക്ക് എത്രകാലം പോകാൻ കഴിയും; ഒരു കൊല്ലമായില്ലേ? കരഞ്ഞുകൊണ്ടാണ് ബി.പി.എൽ.-ൽനിന്ന് പുറത്തായ പല സഹോദരിമാരും ഞങ്ങളെ കണ്ടത്. ബി.പി.എൽ.-ൽനിന്ന് പുറത്താകുന്നത് വീട്ടിൽ നിന്ന് പുറത്താകുന്നതുപോലെയാണ്, കാരണം അവരുടെ എല്ലാ ആനുകൂല്യങ്ങളും- ഗോതമ്പ്, അരി ഇവയെല്ലാം സൗജന്യമായി കിട്ടുന്നതും, മറ്റാനുകൂല്യങ്ങളുമെല്ലാം നിഷേധിക്കപ്പെടുകയാണ്. അതുകൊണ്ടാണ് അവർ കരഞ്ഞു പോയത്. ഗോതമ്പും അരിയും പഞ്ചസാരയും ഞങ്ങൾ കൊടുത്തതുപോലെ നിങ്ങൾ കൊടുക്കാൻ തയ്യാറുണ്ടോ? അവിടെ നിങ്ങൾ ഞങ്ങളെ വെല്ലുവിളിക്കൂ, യു.ഡി.എഫ്. കൊടുത്തതുപോലെ ഞങ്ങളും കൊടുക്കുമെന്ന് പറയൂ. ഇപ്പോഴും പറയുന്നില്ലല്ലോ, നിങ്ങളെക്കൊണ്ട് കൊടുക്കാൻ കഴിയില്ല. ഭക്ഷ്യഭദ്രതാ നിയമം വന്നിട്ടും ഞങ്ങൾ അരി നൽകിയിരുന്നു. നിങ്ങളുടെ കാലത്തും കൊടുത്തിരുന്നു. കഴിഞ്ഞ നവംബർ മുതലാണ് കൊടുക്കാൻ കഴിയാതെ വന്നത്, കേന്ദ്രം തരുന്നില്ലെങ്കിൽ ബാക്കി നിങ്ങൾ സബ്സിഡി നൽകി കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. മുൻകാലങ്ങളിൽ കിട്ടിയിരുന്ന 1.21 കോടി പേർക്ക് ഇന്ന് ഗോതമ്പ് കിട്ടുന്നില്ല. ഒരു കൊല്ലം കഴിഞ്ഞില്ലേ; 2016 ഏപ്രിൽ വരെ ഒരു കുഴപ്പവുമില്ലായിരുന്നല്ലോ; അതിനുശേഷമല്ലേ കുഴപ്പമുണ്ടായത്? ആട്ട വിതരണം സ്വകാര്യ കമ്പനികൾക്കുവേണ്ടി നിങ്ങൾ അട്ടിമറിച്ചു. കേന്ദ്രസർക്കാരിന്റെ ഗോതമ്പ് പൊടിച്ച്, ഫോർട്ടിഫിക്കേഷനിലൂടെ അതിനെ സമ്പുഷ്ടമാക്കി, ആട്ടയാക്കി, 12-13 രൂപയ്ക്ക് റേഷൻ ഷോപ്പുവഴി കൊടുത്തിരുന്നു. ഇന്നോ, ആ പദ്ധതിയില്ല. ആട്ട

കിട്ടാൻ 45 രൂപ കൊടുക്കണം. ഇതൊക്കെ വലിയ ആശ്വാസമായിരുന്ന പദ്ധതികളായിരുന്നു. നിങ്ങൾ അതൊക്കെ നിർത്തലാക്കി. വാതിൽപ്പടി വിതരണം എന്നുപറഞ്ഞു, വല്ല ഗൃഹപാഠവും നിങ്ങൾ ചെയ്തോ; ഉദ്യോഗസ്ഥരെ വച്ചോ? താലൂക്ക് സപ്ലൈ ഓഫീസിലെ ഉദ്യോഗസ്ഥരെ ഡെപ്യൂട്ട് ചെയ്ത് ഈ ജോലിയ്ക്ക് വച്ചിരിക്കുകയാണ്. അതുകൊണ്ട് വൈകി വരേണ്ട റേഷൻ കാർഡ് ഇനിയും വൈകുമെന്നാണ് പറയുന്നത്. 7 ജില്ലകളിൽ വാതിൽപ്പടി വിതരണം വന്നപ്പോൾ ആക്ഷേപങ്ങൾ ഏറെയാണ്. വാതിൽപ്പടി വിതരണത്തിനുള്ള വാഹനം വാടകയ്ക്കെടുക്കുകയാണ്. ഈ വാഹനങ്ങളിലൊന്നും ജി.പി.എസ്. ഇല്ല. ഇവ എവിടെയാണെന്ന് ആർക്കും കണ്ടുപിടിക്കാൻ കഴിയില്ല. ഗോഡൗണിൽ നിന്നും പോകുന്ന അരി വാതിലിൽ തന്നെ എത്തുന്നു എന്ന് ഉറപ്പിക്കാൻ കഴിയില്ല. അതിനായുള്ള കേന്ദ്ര മാനദണ്ഡമായിരുന്നു ജി.പി.എസ്. വയ്ക്കണമെന്നത്. നിങ്ങൾ എവിടെയും വച്ചില്ല. മുമ്പ് റേഷൻ സാധനങ്ങൾ കരിഞ്ചന്തയ്ക്ക് വിറ്റതിന് കേസുള്ളവർക്കാണ് ഇപ്പോൾ സർക്കാർ ടെണ്ടർ നൽകിയിരിക്കുന്നത്. അവരാണ് ഇത് ചെയ്യുന്നത്. 13-3-2017-ലെ മംഗളം പത്രത്തിന്റെ ഹെഡ്ഡിംഗ് ശ്രദ്ധിക്കുക, റേഷൻ വാതിൽപ്പടി വിതരണത്തിന് സർക്കാർ ക്രിമിനൽ സഹായം തേടി. സമയക്കുറവുകൊണ്ട് ഞാൻ മുഴുവൻ വായിക്കുന്നില്ല. ക്രിമിനലുകളാണ് ഇത് നടത്തുന്നത് എന്നാണ് പറയുന്നത്. രാജ്യത്ത് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പേരിൽ ഉണ്ടായിരിക്കുന്ന സാഹചര്യം പറഞ്ഞുകൊണ്ട് ഇനിയും നിങ്ങൾ പാവപ്പെട്ടവരെ പറ്റിക്കരുത്. മറ്റ് ഏത് സംഗതികൾ മാറ്റിവച്ചാണെങ്കിലും പഴയകാലത്ത് ഞങ്ങൾ കൊടുത്തതുപോലെ അരിയും ഗോതമ്പും പഞ്ചസാരയും കൊടുക്കണം, ഇതിന് പ്രയോറിറ്റി ഉണ്ടാകണം. ബി.പി.എൽ.-ൽനിന്ന് ഒരാൾ പോകുമ്പോൾ അതിന്റെ പ്രയാസങ്ങൾ നമ്മളൊക്കെ നേരിട്ട് അനുഭവിക്കുന്നതാണ്, പഴയ ബി.പി.എൽ. ലിസ്റ്റ് അതേപോലെ മെയിന്റെയിൻ ചെയ്യണം. അതാണ് ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

പൊതുമരാമത്ത് വകുപ്പിൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ ആക്ഷേപങ്ങളില്ലാതെ കാര്യങ്ങൾ കൊണ്ടുപോകാൻ നോക്കുന്നുണ്ട്. ധനകാര്യ വകുപ്പിന്റെ സപ്പോർട്ട് കിട്ടുന്നില്ല. അത് ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചു. ചില കഥകളും ഉദാഹരണങ്ങളും പറഞ്ഞു. ഇപ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ടുണ്ടായ കിഫ്ബി വിവാദത്തിന്റെ കാരണവും അതു തന്നെയാണ്. പണം കൊടുക്കാത്തതിന്റെയും വേണ്ടത്ര സപ്പോർട്ട് ധനകാര്യ വകുപ്പിൽനിന്ന് കിട്ടാത്തതിന്റെയും പേരിൽ ഉള്ളിലുള്ള അമർഷം പുറത്തുവന്നതാണ്. നമ്മുടെ സംസ്ഥാനത്തെ എൻ.എച്ച്-ന്റെ വികസനം മന്ദഗതിയിലാണ്, അതിന്റെ വികസനത്തിൽ വേണ്ട രീതിയിൽ ഇടപെടലുകൾ നടത്തണം. നമ്മളും ഇന്ത്യയുടെ ഭാഗമാണ്, നമുക്ക് കിട്ടാനുള്ളത് കേന്ദ്രത്തിൽ നിന്ന് വാങ്ങണം. എൻ.എച്ച്.-മായി ബന്ധപ്പെട്ട

ബൈപ്പാസുകളിൽ മണ്ണാർക്കാട് ഉൾപ്പെടെയുള്ളവയുടെ പണികൾ വളരെ പതുക്കെയാണ് നീങ്ങുന്നത്. മലയോര ഹൈവേയും തീരദേശ ഹൈവേയും നല്ല പദ്ധതികളാണ്. ഇവ കേരളത്തിന്റെ മുഖച്ഛായ മാറ്റും. ഇവയ്ക്ക് പ്രത്യേകമായ പരിഗണന നൽകണം. കിഫ്ബിയിൽ പറഞ്ഞ പ്രവൃത്തികൾ, മണ്ണാർക്കാട് - ചിന്നത്തടാകം റോഡ്, കോയമ്പത്തൂരിലേയ്ക്ക് പോകുന്ന ഒരു ഇന്റർ സ്റ്റേറ്റ് റോഡാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പെട്ടെന്ന് പണി തുടങ്ങണം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം പി.ഡബ്ല്യു.ഡി.-യിലെ ഒഴിവുകളാണ്. എ.ഇ, എ.എക്സ്.ഇ.-മാരില്ല. എന്റെ മണ്ഡലത്തിലെ ആലപ്പുഴ ജില്ലയുടെ വലിപ്പമുള്ള അട്ടപ്പാടിയിൽ ഒരു എ.ഇ. പോസ്റ്റാണുള്ളത്. ആ പോസ്റ്റിൽ ആളില്ലാതായിട്ട് 6 മാസമായി. ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞപ്പോൾ എന്റെ മുന്നിൽ വച്ചാണ് ചീഫ് എൻജിനീയറോട് പറഞ്ഞത്. എന്നാൽ ഇതുവരെ അവിടെ ആളെ നിയമിച്ചിട്ടില്ല. പാലക്കാട് ജില്ലയിൽ എ.ഇ, എ.എക്സ്.ഇ-മാരുടെ ധാരാളം ഒഴിവുകളുണ്ട്. ഇതിനെല്ലാം ഒരു പരിഹാരം ഉണ്ടാകണം. അതുപോലെ ഗ്രാമീണ റോഡുകളുടെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. യു.ഡി.എഫ്-ന്റെ കാലത്ത് ഒറ്റത്തവണ തീർപ്പാക്കൽ നടപടിയുണ്ടായിരുന്നു. അത് തുടരണം. ധാരാളം ഗ്രാമീണ റോഡുകൾ ഇന്ന് അനാഥമായിക്കിടക്കുകയാണ്. പി.ഡബ്ല്യു.ഡി. സഹായം ചെയ്യണം. 1500 കി.മീ. പഞ്ചായത്ത് റോഡുകൾ പി.ഡബ്ല്യു.ഡി ഏറ്റെടുക്കാൻ പോവുകയാണെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. അത് ചെയ്യുമ്പോൾ ഞങ്ങൾ എം.എൽ.എ.-മാരോടൊന്ന് ചോദിക്കണം. എന്റെ മണ്ഡലത്തിൽ നാലും അഞ്ചും കിലോമീറ്റർ നീളമുള്ള പഞ്ചായത്ത് റോഡുണ്ട്. അവിടെ പഞ്ചായത്തിനൊന്നും ചെയ്യാൻ കഴിയില്ല. അവർ ഞങ്ങളോട് പറയുകയാണ്. ഞങ്ങൾക്ക് അസറ്റ് ഫണ്ട് കൊടുക്കാൻ കഴിയുമോ? 1 കോടി രൂപയൊക്കെ ഒരു റോഡിനുവേണ്ടി കൊടുക്കണം. അതുകൊണ്ട് പഞ്ചായത്ത് റോഡുകൾ പി.ഡബ്ല്യു.ഡി ഏറ്റെടുക്കണം. ഇത് ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ്. 1500 കി.മീ ഏറ്റെടുക്കുമ്പോൾ പ്രത്യേകിച്ച് മണ്ണാർക്കാട് പോലെയുള്ള വിസ്തൃതമായ മലയോര മണ്ഡലങ്ങൾക്ക് പരിഗണന കൊടുക്കണം. നാലും, അഞ്ചും, പത്തും കിലോമീറ്ററുള്ള റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഒറ്റത്തവണ തീർപ്പാക്കൽ സമയത്ത് കുറേയൊക്കെ നന്നാക്കിയിരുന്നു. ഇപ്പോൾ അതിനും മാർഗ്ഗമില്ല. മുമ്പ് അധികാര വികേന്ദ്രീകരണ സമയത്ത് പഞ്ചായത്തിന് കൈമാറിയവയാണ്. അവരുടെ കയ്യിൽ പണമില്ല. അതുകൊണ്ട് ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്തുകയും അതിൽ എം.എൽ.എ.-മാരേക്കൂടി പങ്കാളികളാക്കുകയും ചെയ്യണം. അങ്ങ് എല്ലാ കാര്യങ്ങളിലും ഞങ്ങളെ പങ്കാളികളാക്കുന്നുണ്ട്, ഞങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നുണ്ട്, അതൊക്കെ മനസ്സിൽ വച്ചുകൊണ്ട് പറയുകയാണ് ഇക്കാര്യങ്ങളിൽക്കൂടി ഞങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് 3 കിലോമീറ്ററിന് മുകളിലുള്ള പരമാവധി റോഡുകൾ ഏറ്റെടുക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെ പാലത്തിന്റെ പണികൾ ഇഴഞ്ഞു നീങ്ങുകയാണ്. അതിന്റെ ഡിസൈൻ അംഗീകരിച്ച് വരാൻ ഒന്നര വർഷമെടുക്കുന്നുണ്ട്. അത് ത്വരിതഗതിയിലാക്കണം. സമയ പരിമിതിമൂലം മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്. അരി വില ഇപ്പോൾ 50 രൂപയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇവിടെ എൽ.ഡി.എഫ്./ യു.ഡി.എഫ്. എന്നുള്ള നിലയിൽ വിമർശിക്കുന്നത് സ്വാഭാവികമാണ്. യഥാർത്ഥത്തിൽ ജനങ്ങളുടെ സ്ഥിതിയെന്താണ്? 50 രൂപയിലേയ്ക്ക് അരി വില വന്നിരിക്കുന്ന സാഹചര്യത്തിൽ പരിഹാരത്തിനായി ഗവൺമെന്റിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ചിന്തിക്കണം. ബഹുമാന്യനായ മന്ത്രി ശ്രീ. പി. തിലോത്തമൻ സത്യസന്ധനാണ്. അദ്ദേഹത്തിന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നുണ്ട്.

1.00 PM]

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കിലോയ്ക്ക് 35 - 36 രൂപയ്ക്ക് ഇപ്പോൾ അരി കിട്ടും, 50 രൂപ പഴയ കാര്യമാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള]

ശ്രീ. മോൻസ് ജോസഫ്: സർ, പൊതു മാർക്കറ്റിൽ 50 രൂപയാണ് അരിവില എന്ന സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കുന്നില്ലേ? മാർക്കറ്റിൽ വിലകുറച്ച് കിട്ടുന്ന അരിയുമുണ്ട്. ഇത്തരത്തിലാണ് വിലയിരുത്തുന്നതെങ്കിൽ വിലക്കയറ്റം വളരെ അപകടകരമായ സ്ഥിതിയിലേയ്ക്കായിരിക്കും പോകുക. അങ്ങ് ഇക്കാര്യം കുറച്ചുകൂടി ശ്രദ്ധിക്കണം.

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പൊതുവിതരണ മേഖലയുടെ സ്തംഭനാവസ്ഥ പരിഹരിക്കുകയാണ് വേണ്ടത്. അത് നിങ്ങൾക്ക് ചെയ്യാൻ സാധിച്ചോ? അരിക്കട ആരംഭിച്ചുവെന്നും പിന്നീടത് പൂട്ടിയെന്നും ശ്രീ. കെ. എസ്. ശബരീനാഥൻ പറയുകയുണ്ടായി. ഇതൊന്നും ഫലപ്രദമായി നടത്താൻ കഴിയാത്ത, പരിഹാരത്തിനുവേണ്ടിയുള്ള ചില നടപടികൾ എന്നതിനപ്പുറത്തേയ്ക്ക് പോകാൻ കഴിയാത്തൊരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ബംഗാളിൽനിന്ന് അരി കൊണ്ടുവരുമെന്ന് പറഞ്ഞു. എന്നിട്ട് അരി കൊണ്ടുവന്നോ; കൊണ്ടുവന്ന അരി ഗുണമുള്ളതാണോ? വിലക്കയറ്റത്തെത്തുടർന്ന് ജനങ്ങൾ അനുഭവിക്കുന്ന വലിയൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

റേഷൻ കാർഡ് വിഷയത്തിലുള്ള പ്രശ്നം, എന്തായാലും ജനങ്ങൾക്ക് അത് കൊടുത്തേ മതിയാകൂ. റേഷൻ കാർഡ് ജനുവരി മാസത്തിൽ കിട്ടുമെന്ന് ആദ്യം പറഞ്ഞു. പിന്നീടത് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ അവസാനം മേയ് ആകുമ്പോൾ കിട്ടുമെന്ന് പറഞ്ഞു. ഇതുസംബന്ധിച്ച് മന്ത്രി ഇന്നലെ പ്രസ്താവന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇനി രണ്ടുമാസംകൂടി വേണ്ടിവരുമെന്നാണ് പത്രങ്ങളിൽനിന്നും അറിയാൻ സാധിച്ചത്. അതിൽ തടസ്സങ്ങളുണ്ടാകും, പക്ഷേ ആ തടസ്സങ്ങൾ പരിഹരിക്കപ്പെടണം. അത് പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള ഫലപ്രദമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ബഡ്ജറ്റിലെ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങളെല്ലാം കിഫ്ബിയുടെ കീഴിലാണ് വന്നിട്ടുള്ളത്. കുറേയേറെ നല്ല പദ്ധതികൾ ഏറ്റെടുക്കാനുള്ള സാഹചര്യമുണ്ടാകുകയും കുറേയേറെ വികസന പദ്ധതികൾ ഉണ്ടാകുകയും ചെയ്യുന്നുവെന്നുള്ളതുകൊണ്ട് ആ നിലയിൽ ഞങ്ങളതിനെ സ്വാഗതം ചെയ്യുന്നു. സർക്കാർ പ്രഖ്യാപനം വന്നിട്ട് ഒരു വർഷമായി. ഒരു വർഷമായിട്ടും കിഫ്ബിക്ക് ഇതുവരെ ടേക്ക് ഓഫ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇത് പൈലറ്റിന്റെ കുഴപ്പമാണോ, വിമാനത്തിന്റെ തകരാറാണോ എന്ന് ഞങ്ങൾക്കറിയില്ല. കിഫ്ബിയുടെ ഈ വിമാനം പറക്കാതെ കിടക്കുകയാണ്. സർക്കാർ ലക്ഷ്യമിട്ട നിലയിൽ പൊതുമരമാത്ത് വകുപ്പിന്റെ വികസന പദ്ധതികളിലേയ്ക്ക് പറന്നുയരാൻ സാങ്കേതിക തകരാറുണ്ടെങ്കിൽ അത് പരിഹരിച്ച് കിഫ്ബിയെ സജ്ജമാക്കുക എന്നുള്ളതാണ് ഗവൺമെന്റ് ചെയ്യേണ്ടത്. കിഫ്ബിയുടെ നിലപാടുകൾക്കെതിരെയുള്ള പ്രതികരണങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് വരികയുണ്ടായി. ഇതൊക്കെ നടക്കേണ്ടത് നല്ല കാര്യം തന്നെയാണ്. എന്നാൽ അതിലേയ്ക്ക് വരാനുള്ള കാലതാമസം പരിഹരിക്കാൻ കാര്യമായ ഇടപെടൽ തീർച്ചയായും നടക്കേണ്ടതുണ്ട്. കിഫ്ബിയിൽ മാത്രമായി തുക അനുവദിച്ചാൽ നിലവിലുള്ള പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കാൻ സാധിക്കില്ല. അതിന് ഗവൺമെന്റിന്റെ അഡീഷണൽ അലോട്ട്മെന്റ് ആവശ്യമാണ്. പി.ഡബ്ല്യു.ഡി.-യുടെ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുകയുണ്ടായി. 130 കോടി രൂപ ലഭിച്ചത് കൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രി എടുത്ത നല്ല നിലപാടിനെ ഞാൻ അഭിനന്ദിക്കുകയാണ്. രാഷ്ട്രീയ വ്യത്യാസമില്ലാതെ 140 മണ്ഡലങ്ങളിലെയും എം.എൽ.എ.മാർക്ക് നീതിപൂർവ്വമായ പരിഗണന നൽകിക്കൊണ്ട് വികസന കാര്യങ്ങളിൽ നിലപാട് എടുത്തുവെന്നുള്ളത് അഭിനന്ദിക്കേണ്ട കാര്യമാണ്. പൊതുമരാമത്ത് വകുപ്പിന് മാത്രമായി അഡീഷണൽ അലോട്ട്മെന്റ് എല്ലാക്കാലത്തും കൊടുക്കാറുണ്ട്. തുക വകയിരുത്തിയില്ലെങ്കിൽ ഇക്കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കില്ല. പ്രീ മൺസൂൺ സീസണിലാണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടത്. ഈ പ്രവൃത്തി മഴയ്ക്കുമുമ്പ് പൂർത്തീകരിക്കണം. എന്റെ നിയോജകമണ്ഡലമായ കടുത്തുരുത്തി സബ്ഡിവിഷനിൽ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം രൂപയാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. അതിൽ സന്തോഷമുണ്ട്. എന്നാൽ ഒരു കോടി രൂപയുടെ പ്രൊപ്പോസലാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ഈ സമയത്ത് നടത്തിയില്ലെങ്കിൽ നമ്മുടെ കാലാവസ്ഥയനുസരിച്ച് റോഡുകളെല്ലാം പൂർണ്ണമായും തകർന്നുപോകും. ഇരട്ടി തുകയില്ലാതെ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിക്കില്ല. റോഡുകളുടെ നവീകരണത്തിനായി കൂടുതൽ അലോട്ട്മെന്റ് നൽകണമെന്നാണ് എന്റെ അഭിപ്രായം. ഗ്രാമപഞ്ചായത്തുകൾ വഴി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവരും കുടുംബശ്രീക്കാരുമൊക്കെ ചേർന്ന് ഓടകൾ

നവീകരിക്കാനും കലുങ്കുകൾ ക്ലീൻ ചെയ്യാനുമാണ് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം കൊടുത്തിരിക്കുന്നത്. എന്നാൽ ഇതുവരെ ഒന്നും സംഭവിച്ചിട്ടില്ല. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളും പി.ഡബ്ല്യു.ഡി.-യും സംയുക്തമായി രണ്ട് മന്ത്രിമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് താഴെത്തട്ടിൽ നിർദ്ദേശം നൽകിയില്ലെങ്കിൽ ഓടകളുടെയും കലുങ്കുകളുടെയും കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധിക്കില്ല. ഈ പണികളൊക്കെ പൊതുമരാമത്ത് വകുപ്പാണ് സാധാരണ ചെയ്യാറുള്ളത്. വ്യത്യസ്തമായി ചെയ്യിപ്പിക്കാൻ കഴിയുന്നത് നല്ലതാണ്. പക്ഷേ അക്കാര്യത്തിൽ ഒരു നീക്കവും ഉണ്ടായിട്ടില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടിയന്തരമായി ഇതിന് നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ആർക്കിടെക്ചറൽ ബ്യൂട്ടിഫിക്കേഷൻ ഇന്ന് കേരളത്തിന്റെ ആവശ്യമാണ്. പരമ്പരാഗതമായി പണിതുകൊണ്ടിരിക്കുന്ന കെട്ടിടനിർമ്മാണ രീതിയിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. സാധാരണ പണിയുന്ന കെട്ടിടത്തിൽനിന്നും വ്യത്യസ്തമായി ഹാബിറ്റാറ്റ് അടക്കമുള്ള വിവിധ ഏജൻസികൾ വന്നപ്പോൾ സ്കൂളുകളുടെ കാര്യത്തിൽ നല്ല മാറ്റമുണ്ടാവുകയും സ്കൂൾ ക്യാമ്പസ് മനോഹരമായി മാറുന്ന നല്ല സാഹചര്യവുമുണ്ടായി. ഇതിനായി 5 കോടി രൂപ പ്രഖ്യാപിച്ചു. അതിൽ എം.എൽ.എ.-മാരും കൂടി സഹകരിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടം വിഭാഗത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ ഒരു നവീകരണം ആവശ്യമാണ്. വളരെ കാര്യക്ഷമതയോടെ ഇടപെടുന്ന ഒരു മന്ത്രി എന്നുള്ള നിലയിൽ അദ്ദേഹം ഇതിന് നേതൃത്വം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിസൈൻ വിംഗ് വളരെ വീക്കാണ്. ഡിസൈൻ വിംഗിന്റെ കാലതാമസത്തെ കുറിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ അടക്കമുള്ള എം.എൽ.എ.-മാർ സൂചിപ്പിക്കുകയുണ്ടായി. അതിന് പ്രധാന കാരണം, ഡിസൈൻ വിംഗിലെ പണി ചെയ്യാൻ കുറച്ച് ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. അത് സ്ട്രെങ്ത്തൻ ചെയ്യാതെ ഇതിൽ നടപടി സ്വീകരിക്കാൻ സാധിക്കില്ല. നമ്മുടെ സംസ്ഥാനത്ത് പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കാതെ ലോ ആന്റ് ഓർഡർ ഫലപ്രദമാക്കാൻ കഴിയില്ലെന്ന് പറയുന്നതുപോലെയാണ് ഡിസൈൻ വിംഗിൽ കൂടുതൽ ആളുകളെ നിയമിക്കണമെന്ന് പറയുന്നതും. അതുകൊണ്ട് അതിനുവേണ്ട നടപടി സ്വീകരിക്കണം. ഇപ്പോൾ ഔട്ട് സോഴ്സ് ചെയ്തുപോകുകയാണ്. സർക്കാരിന്റെ കീഴിൽ കഴിവുള്ള നല്ല ഉദ്യോഗസ്ഥരുണ്ട്. അവരെ കൂടുതലായി നിയമിച്ച് ഇത് വിപുലീകരിക്കാൻ നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലമായ കടുത്തുരുത്തിയിൽ പി.ഡബ്ല്യു.ഡി. ഒരു ടി.ബി. (ടൂറിസ്റ്റ് ബംഗ്ലാവ്) നിർമ്മിച്ചു. ഞാൻ മന്ത്രിയായിരിക്കുമ്പോൾ ആരംഭം കുറിച്ച ഒരു പദ്ധതിയായിരുന്നു അത്. കഴിഞ്ഞ വർഷം ഇലക്ഷൻ സമയത്ത് അതിന്റെ പണികളെല്ലാം പൂർത്തീകരിച്ചു. എന്നാൽ ഒരു വർഷമായി അത് തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല. വൈക്കം വഴി അല്ലാതെ കോട്ടയം-എറണാകുളം റോഡ് വഴി പോയാൽ കടുത്തുരുത്തിയിലുള്ളത്

മനോഹരമായ ടി.ബി.യാണ്. ഉദ്യോഗസ്ഥർ ഇല്ലാത്തതുകൊണ്ടാണ് അവിടെ ഇത് തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത്. സ്ഥിരമായി ഒരു ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ മാത്രമേ ഇത് തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് ഞാൻ കത്ത് നൽകുകയും ഇടപെടുകയും ചെയ്തിരുന്നതാണ്. പക്ഷേ അതിന്റെ നടപടികളിലേയ്ക്ക് പോകാൻ സാധിച്ചില്ല. അത് പരിശോധിച്ച് അവിടെ ഉദ്യോഗസ്ഥരെ നിയമിക്കാനും ടി.ബി തുറന്ന് പ്രവർത്തിപ്പിക്കാനും വേണ്ട സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ഥലമെടുപ്പ് സംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. മീനച്ചിലാറിന് കുറുകെ കട്ടുത്തുരുത്തി, പാലാ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചേർപ്പുങ്കൽ പാലത്തിന് ഞാൻ മന്ത്രിയായിരുന്ന സമയത്ത് ഓർഡർ കൊടുത്തതാണ്. നിർഭാഗ്യവശാൽ, സ്ഥലം നൽകേണ്ട ആളുകൾ അത് അനുവദിക്കാതെ കോടതിയിൽ പോയി. അവസാനം സുപ്രീംകോടതി വരെ കേസ്സ് പോയി. ഇപ്പോൾ സുപ്രീംകോടതിയിൽനിന്നും ഗവൺമെന്റിന് അനുകൂലമായാണ് വിധി വന്നിരിക്കുന്നത്. അവിടെ പാലം നിർമ്മിക്കാൻ അര സെന്റ് സ്ഥലമാണ് ആവശ്യം. അതിനിപ്പോഴും കാലതാമസം നേരിടുകയാണ്. സ്ഥലമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ഗവൺമെന്റിന്റെ കാര്യമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്. ചേർപ്പുങ്കൽ പാലത്തിന്റെ സ്ഥലമെടുപ്പ് കാര്യങ്ങൾ പൂർത്തീകരിച്ച് പാലം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. ഡോ. എം. കെ. മുനീർ, എം.എൽ.എ.-യുടെ വാക്ക് ഔട്ട് പ്രസംഗത്തിൽ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് റോഡുകൾ റബ്ബറൈസ് ചെയ്യുക എന്നുള്ള നിർദ്ദേശം വയ്ക്കുകയുണ്ടായി. റബ്ബർ കർഷകരെ സഹായിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പ്രത്യേകമായ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിനുവേണ്ടി ഒരു പ്ലാന്റ് ഇവിടെ വാങ്ങിയിട്ടുണ്ട്. എന്നാൽ അത് ഉപയോഗിക്കുന്നില്ല. റോഡ് റബ്ബറൈസ് ചെയ്യുന്നതിനായി റബ്ബർ മിശ്രിതമായ ബിറ്റുമിൻ ഉല്പാദിപ്പിക്കാനുള്ള ഈ പ്ലാന്റ് ഉപയോഗപ്രദമാക്കി മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. റോഡ് റബ്ബറൈസേഷൻ വ്യാപകമാക്കി മാറ്റുന്നതിനുള്ള നടപടിയുണ്ടായാൽ, ഗുണനിലവാരമുള്ള, ദീർഘകാലം നിലനിൽക്കുന്ന റോഡുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും. അതിന് കഴിയുന്ന വിധത്തിലുള്ള നടപടികൾ കൂടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു കോടി രൂപ എം.എൽ.എ. ഫണ്ട് ഉണ്ടായിരുന്ന സ്ഥാനത്ത് 5 കോടി രൂപ വീതം ഭരണ-പ്രതിപക്ഷ ഭേദമെന്യേ 140 എം.എൽ.എ.-മാർക്കും ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അനുവദിച്ചുകിട്ടി എന്നുള്ളതും ആ തുക ഇപ്പോഴും നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതും സത്യമാണ്. അതുകൊണ്ട് നീതിപൂർവ്വമായ പരിഗണന നേരത്തെയും ഉണ്ടായിട്ടുണ്ട് എന്നുള്ളത് തള്ളിക്കളയാൻ പറ്റില്ല. എങ്കിലും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ

നേതൃത്വത്തിൽ അത്തരത്തിലുള്ള കാര്യങ്ങൾക്ക് കിട്ടുന്ന പരിഗണന ഞാൻ സ്നേഹത്തോടെ ഓർക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രതിസന്ധിയിലായിരിക്കുന്ന റേഷൻ വിതരണം കാര്യക്ഷമമാക്കി മാറ്റാനും റോഡുകളുടെ അറ്റകുറ്റപ്പണികളടക്കമുള്ള കാര്യങ്ങൾ സമയബന്ധിതമായി നടത്താനുമൊക്കെയുള്ള നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. ജോർജ് എം. തോമസ്: സർ, പൊതുമരാമത്ത്, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. പൊതുമരാമത്ത് വകുപ്പ് ഈ ഗൺമെന്റിന്റെ കാലത്ത് ചരിത്രത്തിലെ ഏറ്റവും വലിയ വികസന പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുമെന്ന് അറിയിച്ചിട്ടുള്ളത്. അഞ്ച് വർഷം കൊണ്ട് അമ്പതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ, 'പുതിയ കാലം, പുതിയ നിർമ്മാണം' എന്ന പേരിൽ ഈ ഗവൺമെന്റ് ഏറ്റെടുത്തു നടപ്പാക്കുമെന്ന് മന്ത്രി വ്യക്തമാക്കിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പുത്തൻ സാങ്കേതിക വിദ്യ നമ്മുടെ നാട്ടിൽ പ്രയോഗിക്കാൻ പോകുകയാണ്. കെട്ടിട നിർമ്മാണ രംഗത്ത് ഗ്രീൻ കോൺസെപ്റ്റിനുവേണ്ടി എഞ്ചിനീയർമാരെ പരിശീലിപ്പിച്ചു കൊണ്ടിരിക്കുകയാണ്. റോഡ് നിർമ്മാണ രംഗത്ത് പ്ലാസ്റ്റിക്, റബ്ബർ, ജിയോ ടെക്സ്റ്റെയിൽസ് എന്നിവയുടെ ഉപയോഗം കൂടുതലായി വർദ്ധിപ്പിക്കുകയാണ്. പുതിയ ടെക്നോളജിയോടൊപ്പം ജർമ്മനിയിൽ നിന്നും വരുത്തിയിട്ടുള്ള യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തി നിലവിലുള്ള റോഡിന്റെ ബിറ്റുമിനെല്ലാം കുഴിച്ചെടുത്ത് അവിടെത്തന്നെ പ്രോസസ്സ് ചെയ്ത് പുനരുപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള ടെക്നോളജിയാണ് വരാൻ പോകുന്നത്. കിഫ്ബിയുടെ ആദ്യ ബോർഡ് യോഗത്തിൽ 883.63 കോടി രൂപയുടെയും രണ്ടാമത്തെ യോഗത്തിൽ 823.32 കോടി രൂപയുടെയും വർക്കുകൾക്ക് എ.എസ്. കൊടുത്തതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് തീർച്ചയായും അഭിനന്ദനാർഹമായ കാര്യമാണ്. മലയോരപാതയ്ക്ക് 2017-18-ൽ 3,500 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുമെന്ന് പറഞ്ഞിരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ കോഴിക്കോട് ജില്ലയ്ക്കാവശ്യമായ പണം ഇതിനോടകംതന്നെ വക മാറ്റിയിട്ടുണ്ടെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. തീരദേശപാതയുടെ നിർമ്മാണത്തിനായി 6,500 കോടി രൂപയാണ് വേണ്ടത്. തീരദേശപാത യാഥാർത്ഥ്യമാകുമ്പോൾ തീർച്ചയായും കേരളത്തിലെ ടൂറിസം മേഖലയിൽ വലിയ കുതിച്ചുചാട്ടം ഉണ്ടാകുമെന്നതിൽ തർക്കമില്ല. ഈ ഗവൺമെന്റ് കേന്ദ്രത്തിൽനിന്നും പണം വാങ്ങിയെടുക്കുന്നതിൽ നല്ല ശുഷ്കാന്തിയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെ സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് ഒരു വർഷത്തിൽ 10-ഉം 60-ഉം കോടി രൂപയാണ് ലഭിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 397 കോടി രൂപ സി.ആർ.എഫ്.-ൽ നിന്നും

വാങ്ങാൻ കഴിഞ്ഞു. അതുപോലെ 177.8 കോടി രൂപ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 37 പദ്ധതികൾ ഏറ്റെടുപ്പിക്കാനും ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. ഇത് കാര്യക്ഷമതയോടും ശുഷ്കാന്തിയോടുംകൂടി കാര്യങ്ങൾ നീക്കുന്നതിൽ വന്നിട്ടുള്ള പുരോഗതിയാണ്. അഴിമതി അവസാനിപ്പിക്കുക എന്നത് പി.ഡബ്ല്യു.ഡി.-യിൽ അത്ര എളുപ്പത്തിൽ നടക്കുന്ന കാര്യമല്ലെങ്കിലും മന്ത്രി അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധവയ്ക്കുന്നു എന്നത് ശ്ലാഘനീയമായ കാര്യമാണ്. അദ്ദേഹത്തിൻെറ മണ്ഡലത്തിലെ ഒരു സ്കൂൾ കെട്ടിടത്തിന് 55 ലക്ഷം രൂപ അദ്ദേഹത്തിന്റെ ഫണ്ടിൽനിന്നും കൊടുത്തു. എന്നാൽ തറക്കല്ലിടാൻ ചെന്നപ്പോഴാണ് രണ്ട് ക്ലാസ്സ് മുറികൾ മാത്രമേ ഇതുകൊണ്ട് നിർമ്മിക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലായത്. അതുകാരണം അദ്ദേഹം അവിടെ തറക്കല്ലിടാതെ മടങ്ങിപ്പോന്നു. ആ വിഷയം ഒരു നിസ്സാരമായ വിഷയമായിരുന്നില്ല. അത് കേരളത്തിലാകെ ചർച്ച ചെയ്തു. എന്റെ മണ്ഡലത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു പാലത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുമ്പോൾ വിശ്വപ്രസിദ്ധ ഗായകനായ ഡോ. കെ. ജെ. യേശുദാസ് അമേരിക്കയിൽനിന്ന് അദ്ദേഹത്തെ ഫോണിൽ വിളിച്ച് അഭിനന്ദിച്ചു. പ്രസ്തുത ഫോൺ വരുന്ന സമയത്ത് ഞാൻ അവിടെ ഉണ്ടായിരുന്നു. മന്ത്രിയുടെ ധീരമായ ആ നിലപാടിനെ ഗാന ഗന്ധർവ്വൻ വാനോളം പുകഴ്ത്തിക്കൊണ്ടാണ് സംസാരിച്ചത്. ഇതൊരു തുടക്കമാണ്. അഴിമതിക്കെതിരായി ശക്തമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി വ്യക്തമാക്കിയത് തീർച്ചയായും മറ്റുള്ളവർക്ക് ആ മാതൃക പിന്തുടരാൻ പ്രചോദനമാകും. യു.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെയൊന്നു മായിരുന്നില്ല. ഇവിടെ ന്യായീകരിച്ചുകൊണ്ടെല്ലാം സംസാരിക്കുന്നതു കേട്ടു. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അറിയപ്പെടുന്നത് തന്നെ ഒരു പാവത്താനായാണ്. പക്ഷേ അദ്ദേഹത്തിന്റെ കാലത്ത് റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും കോടിക്കണക്കിന് രൂപ മറ്റ് ഇതര ചെലവുകൾ എന്ന പേരിൽ അടിച്ചുമാറ്റി എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എല്ലാവർഷവും ഏതാണ്ട് 50 കോടി രൂപയിലധികം ഈ ഫണ്ടിലേയ്ക്ക് വരും. അദ്ദേഹമല്ല അത് ചെയ്തത്. അദ്ദേഹത്തിന്റെ പാർട്ടിക്കാരോ മറ്റാരോ ആണെന്ന് പറയാനും പറ്റില്ല. ഏതായാലും റോഡ് സേഫ്റ്റി ഫണ്ടിൽ വന്നിട്ടുള്ള തുകയിൽ പകുതിയിലധികവും വകമാറ്റി ചെലവു ചെയ്യുകയോ അല്ലെങ്കിൽ അഴിമതിക്കാരുടെ കൈകളിൽ എത്തുകയോ ചെയ്തു എന്നത് വ്യക്തമായ കണക്കുകൾ സഹിതം നമുക്ക് തെളിയിക്കാൻ കഴിയുന്നതാണ്. അതുപോലെ അന്നുണ്ടായിരുന്ന രീതി 20-20 എന്നാണ് പറയപ്പെടുന്നത്. ചില എം.എൽ.എ.-മാർ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ പാർട്ടിക്കാരെ കൂട്ടുപിടിച്ച് റോഡിന്റെ പ്രവൃത്തി പാസ്സാക്കും. റോഡിന്റെ പ്രവൃത്തി പാസ്സാക്കിയാൽ അതിന്റെ 20 ശതമാനം പൊളിറ്റിക്കൽ കണക്ഷനുവേണ്ടി ഉപയോഗിക്കും, 20 ശതമാനം മറ്റുള്ളവർക്ക് കൊടുക്കും. അങ്ങനെ 20-20 എന്ന പേരിൽ അറിയപ്പെടുന്ന ഒരു

സംഗതിയായിരുന്ന ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ കാലത്തെ പി.ഡബ്ല്യു.ഡി. വർക്ക്. അത് മാറുകയാണ്. മറ്റു വിഷയങ്ങളിലേയ്ക്ക് പോകുന്നതിനുമുമ്പ് എനിക്ക് എന്റെ മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. തിരുവമ്പാടിയിൽനിന്ന് ആനക്കാംപൊയിൽ-കള്ളാടി വഴി ഒരു ചുരം ബദൽ റോഡ് ആവശ്യമാണ്. 1900-ൽ ആരംഭിച്ചിട്ടുള്ള വയനാട് ചുരമാണ് ഇപ്പോഴുള്ളത്. അത് പണ്ടുകാലത്ത് ബ്രിട്ടീഷുകാർ ഉണ്ടാക്കിയിട്ടുള്ള ചുരമാണ്. അതുവഴി ഒരു ദിവസം ഏതാണ്ട് പതിനായിരത്തിലധികം വാഹനങ്ങളാണ് ഓടിക്കൊണ്ടിരിക്കുന്നത്. ആ റോഡ് വീതി കൂട്ടുകയല്ലാതെ വേറെ മാർഗ്ഗമില്ല. എന്നാൽ അവിടത്തെ വനം വകുപ്പിന്റെ ചട്ടവട്ടങ്ങൾ കാരണം റോഡ് വീതികൂട്ടാൻ സാധ്യമേയല്ല. മൂന്നോ നാലോ വളവുകളുടെ വീതി കൂട്ടാൻ വേണ്ടി 0.99 ഹെക്ടർ ഭൂമി ആവശ്യപ്പെട്ടു, എന്നാൽ അതിനുള്ള തടസ്സങ്ങൾ ഇനിയും മാറ്റാൻ കഴിഞ്ഞിട്ടില്ല. വനം വകുപ്പിന്റെ ഭൂമിയായതുകൊണ്ട് ആ റോഡിന്റെ വീതികൂട്ടൽ ഇനി പ്രായോഗികമല്ല. അത്തരമൊരു സാഹചര്യത്തിൽ വയനാടിലേയ്ക്ക് ടണൽ റോഡ് മാത്രമേ പ്രായോഗികമാകുകയുള്ളൂ. ഏതാണ്ട് 5.63 കിലോമീറ്റർ ദൈർഘ്യം വരുന്ന ടണൽ റോഡാണ് കള്ളാടി മേപ്പാടി ടണൽ റോഡ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആ സ്ഥലം സന്ദർശിച്ച് അതെല്ലാം കണ്ടതാണ്. പ്രസ്തുത ടണൽ റോഡ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പ്രൊപ്പോസലുണ്ട്. കൊങ്കൺ റെയിൽവേ അതിന്റെ ഡി.പി.ആർ. തയ്യാറാക്കാനായി മുന്നോട്ടുവന്നിട്ടുണ്ട്. പക്ഷേ പി.ഡബ്ല്യു.ഡി. സെക്രട്ടറിക്കും പുതിയ ആളുകൾക്കും ഇനിയും സംശയങ്ങൾ തീരുന്നില്ല. പി.ഡബ്ല്യു.ഡി.-ക്ക് ഡി.പി.ആർ. തയ്യാറാക്കാനുള്ള എഫിഷ്യൻസിയുമില്ല. അതുകൊണ്ട് അത് കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കണമെന്നുള്ള ഫയൽ നടപടികൾ അതിവേഗം പൂർത്തി യാക്കണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഭക്ഷ്യ വകുപ്പിനെക്കുറിച്ച് നല്ലതല്ലാതെ മറ്റൊന്നും പറയാനില്ല. ഭക്ഷ്യധാന്യങ്ങളുടെ മാർക്കറ്റ് ഇന്റർവെൻഷൻ എന്ന നിലയിൽ സപ്ലൈകോ ഈ വർഷം സബ്സിഡിയായി നൽകിയത് 688 കോടി രൂപയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സപ്ലൈകോയ്ക്ക് 4,400 കോടി രൂപയുടെ വിറ്റുവരവാണ് ഉണ്ടാക്കാൻ കഴിഞ്ഞത്. ബംഗാളിലെ അരി ശ്രീ. കെ. എസ്. ശബരീനാഥന് തീരെ പിടിക്കുന്നില്ല എന്ന് തോന്നുന്നു. കേരളത്തിന്റെ ഇരട്ടിയോളം വരുന്ന ജനസംഖ്യയുള്ള ബംഗാളിലെ ആളുകൾക്ക് ഭക്ഷിക്കാൻ കഴിയുന്ന ആ അരി വരേണ്യവർഗ്ഗ സംസ്കാരത്തിന്റെ ഭാഗമാണ്. ശ്രീ. കെ. എസ്. ശബരീനാഥന് അതിന്റെ സ്മെൽ ഇഷ്ടപ്പെടുന്നില്ല. പക്ഷേ കേരളത്തിലെ സാധാരണക്കാർ അത് വാങ്ങി ഉപയോഗിക്കുകയാണ്. അതുകൊണ്ട് 40-ഉം 50-ഉം രൂപ വിലയുണ്ടായിരുന്ന അരിക്ക് ഇപ്പോൾ വില കുറയുന്നു. നല്ലൊരു മാതൃകയാണ് കൺസ്യൂമർഫെഡ് അക്കാര്യത്തിൽ ചെയ്തത്. വിലക്കയറ്റം പിടിച്ചുനിർത്തുകയും പൊതുമരാമത്ത് വകുപ്പിന്റെ പണം ചെലവഴിക്കുകയും ചെയ്യുന്നത് ഒരു ബദൽ സാമ്പത്തിക നയം ഉയർത്തി കൊണ്ട് വരുന്നതിന്റെ ഭാഗമായിട്ടാണ്.

ഇന്ത്യയിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾ ചെയ്യുന്നത് ബി.ജെ.പി.-യുടെയും കോൺഗ്രസ്സിന്റെയും സാമ്പത്തിക നയങ്ങൾക്കെതിരെയുള്ള ബദൽ സാമ്പത്തിക നയങ്ങൾ ഉയർത്തുക എന്നതാണ്. ഞങ്ങൾക്ക് അധികാരം ലഭിക്കുന്ന സ്ഥലങ്ങളിലെല്ലാം ഇത്തരം ബദൽ സാമ്പത്തിക നയങ്ങൾ ഉയർത്തിപ്പിടിച്ച് അതിന്റെ പ്രചരണം രാജ്യവ്യാപകമായി നടത്തി ബഹുജന സമരങ്ങളിലൂടെയും പ്രക്ഷോഭണങ്ങളിലൂടെയും ബി.ജെ.പി. ഉൾപ്പെടെയുള്ള ബൂർഷ്വാ പാർട്ടികളുടെ സ്ഥാനം മാറ്റുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഇക്കാര്യത്തിൽ ഇന്ന് ഇന്ത്യയിൽ ആശ്രയിക്കാൻ, ബി.ജെ.പി.ക്കെതിരെ നിൽക്കാൻ കഴിയുന്ന വിശ്വസനീയമായ ഏക പ്രസ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. കോൺഗ്രസ്സിനെ ആശ്രയിച്ചാൽ അതൊരു നിഷ്ഫലമായ പ്രവൃത്തിയായി ചുരുങ്ങും. കാരണം ഉത്തർപ്രദേശിലെ ശ്രീ. അഖിലേഷ് യാദവ് ഏറെക്കുറെ ജനസ്വാധീനമുണ്ടായിരുന്ന മനുഷ്യനാണ്. അദ്ദേഹം രാഹുൽ ഗാന്ധിയുടെകൂടെ കൂടിയതിന്റെ ഫലമായി എസ്.പി. സമാജ് വാദി പാർട്ടിക്കുണ്ടായിരുന്ന സ്വാധീനം കൂടി നഷ്ടപ്പെട്ടു.

ബി.ജെ.പി.-ക്കെതിരെയുള്ള സമരത്തിൽ കോൺഗ്രസ്സിനെ വിശ്വസിക്കാൻ കൊള്ളില്ലെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും ഓരോരുത്തരായി കോൺഗ്രസ്സിൽ നിന്ന് പുറത്തു ചാടിക്കൊണ്ടിരിക്കുകയാണ്. ശ്രീ. എസ്. എം. കൃഷ്ണ ഒരു മാന്യനായിട്ടാണ് അറിയപ്പെടുന്നത്. അദ്ദേഹം വേഷഭൂഷാധികളിൽ യൂറോപ്യൻ കൾച്ചർ നിലനിർത്തുന്ന മനുഷ്യനാണ്. അദ്ദേഹവും പുറത്തുപോയിരിക്കുന്നു. ശ്രീ. എൻ. ഡി. തിവാരിയെ സാൻഡ്‌വിച്ച് തിവാരി എന്നാണ് ഞങ്ങളെല്ലാം പറയാറുള്ളത്. അദ്ദേഹം 88-ാമത്തെ വയസ്സിൽ കോൺഗ്രസ്സ് വിട്ടുപോയിരിക്കുന്നു. വിജയ് ബഹുഗുണ, റീത്താ ബഹുഗുണ തുടങ്ങി എല്ലാവരും പോയിരിക്കുന്നു. ഇനി ആരാണ് ബാക്കിയുള്ളത്? സാമാന്യം അറിയപ്പെടുന്ന എല്ലാ കോൺഗ്രസ്സുകാരും അങ്ങോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബി.ജെ.പി. ഏത്, കോൺഗ്രസ്സ് ഏത് എന്ന് തിരിച്ചറിയാൻ കഴിയുന്നില്ലെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞിരിക്കുന്നു. ശ്രീ. ശശി തരൂർ പോകില്ലെന്നാണ് ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്. ശ്രീ. ശശി തരൂർ പോകില്ല എന്നുപറഞ്ഞാൽ അച്ഛൻ പത്തായത്തിലുമില്ല, തട്ടിൻപുറത്തുമില്ല എന്ന് പറയുന്നതു പോലെയാണ്. അദ്ദേഹം പോകാൻ മനസ്സുവച്ചിരുന്നു എന്നാണ് സാമാന്യ ബുദ്ധിയുപയോഗിച്ച് നമുക്ക് പറയാൻ കഴിയുന്നത്. അങ്ങനെയുള്ള കോൺഗ്രസ്സിനെ ആശ്രയിച്ചാണ് മുസ്ലീം ലീഗുകാർ നിൽക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ പ്രസംഗമദ്ധ്യേ സി.പി.ഐ.(എം)-നെ കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞത്. ശ്രീ. എൻ. ഷംസുദ്ദീനും അദ്ദേഹത്തിന്റെ പാർട്ടി നേതൃത്വവും എന്തൊക്കെ പറഞ്ഞാലും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയാണ് വിശ്വസിക്കാൻ കഴിയുന്നത്, അവർക്ക് ആപത്തിൽ തുണയായി നിൽക്കുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. കേരളത്തിലെ സീറോ മലബാർ സഭയുടെ പരമാധികാരിയായ കർദ്ദിനാൾ ജോർജ് ആലഞ്ചേരിയും ഞാനും കൂടി ഏതാനും ദിവസങ്ങൾക്കുമുമ്പ് ഒരു പൊതുപരിപാടിയിൽ പങ്കെടുത്തിരുന്നു. സാധാരണ ബിഷപ്പുമാരുടെ പ്രസംഗം കഴിഞ്ഞാണല്ലോ നമ്മൾ പ്രസംഗിക്കുന്നത്. എന്നാൽ ഇത്തവണ ഞങ്ങളെല്ലാം

പ്രസംഗിച്ചതിനുശേഷമാണ് അദ്ദേഹം പ്രസംഗിച്ചത്. അദ്ദേഹം പറഞ്ഞത് മദ്യത്തിന്റെ കാര്യത്തിൽ ഒരു സംശയം ഉണ്ടെന്നുള്ളതൊഴിച്ചാൽ ബാക്കി എല്ലാ കാര്യത്തിലും കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളോടും കലവറയില്ലാതെ എന്റെ സഭ പിന്തുണ പ്രഖ്യാപിക്കുന്നു എന്നാണ്. ഞാൻ വെറുതെ പറയുകയല്ല. മതന്യൂനപക്ഷങ്ങൾ ഇത്തരം തിരിച്ചറിവിലെത്തിയതിന്റെ ഫലമായിട്ടാണ് കോട്ടയത്ത് ശ്രീ. കെ. എം. മാണിയുടെ പാർട്ടി സി.പി.ഐ.(എം)-നെ വിശ്വസിക്കാൻ കൊള്ളാവുന്ന പാർട്ടിയാണെന്ന് തിരിച്ചറിഞ്ഞത്. മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ ഒരു ലക്ഷത്തിലേറെ വോട്ടിന്റെ വർദ്ധനവ് ഇടതുപക്ഷത്തിനുണ്ടായത് മതന്യൂനപക്ഷങ്ങളുടെ ഈ തിരിച്ചറിവാണ്. അങ്ങനെ തിരിച്ചറിവുണ്ടാകുന്ന ഒരു കാലഘട്ടത്തിൽ മുസ്ലീം ലീഗ് നേതൃത്വം കാര്യങ്ങൾ മനസ്സിലാക്കുന്നില്ലെന്നതാണ് ഖേദകരം. അവരിൽനിന്നു പോലും ആളുകൾ ബി.ജെ.പി.-യിലേയ്ക്ക് പോകുകയാണ്. ശ്രീമതി ഖമറുന്നീസ അൻവർ വെറുതെയൊരു സംഭാവന കൊടുത്ത് ഉദ്ഘാടനം ചെയ്തതാണെന്ന് വിചാരിക്കാനാവില്ല. മുസ്ലീം ലീഗിലെ പ്രധാനപ്പെട്ട ആളുകളെപ്പോലും ബി.ജെ.പി. ഐഡിയോളജി സ്വാധീനിക്കുന്നുണ്ട്. പാണക്കാട് തങ്ങൾക്ക് സംഭാവന കൊടുക്കാമെങ്കിൽ ശ്രീമതി ഖമറുന്നീസ അൻവറിന് എന്തുകൊണ്ട് സംഭാവന കൊടുത്തുകൂടാ എന്ന് ചോദിച്ചുകൊണ്ട് അവരുടെ മകൻ ഫേസ്ബുക്കിൽ പോസ്റ്റിട്ടിരുന്നു. അവസാനം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത് ശ്രീമതി ഖമറുന്നീസ അൻവറിന്റെ പേരിൽ നടപടിയില്ലെന്നാണ്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും പറഞ്ഞു, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ സ്റ്റേറ്റ്മെന്റും വന്നു. ഞങ്ങളുടെ സ്ഥലത്തെ പോത്തുംപെട്ടി പഞ്ചായത്തിൽ ഒരാൾ നാലും നാലും 8 എന്നും വേറൊരാൾ നാലും നാലും 10 എന്നും പറയും. ആ പഞ്ചായത്തിലുള്ള ആലിക്കുട്ടി ഹാജി മധ്യസ്ഥത വഹിച്ച് ഒത്തുതീർപ്പിന് ശ്രമിക്കുമ്പോൾ നാലും നാലും 10 എന്ന് പറഞ്ഞവനോട് 1 കുറയ്ക്കാനും നാലും നാലും 8 എന്നുപറഞ്ഞവനോട് 1 കൂട്ടാനും പറയും. അങ്ങനെ ആ പഞ്ചായത്തിൽ നാലും നാലും 9 ആകും. ഏതാണ്ട് അതേ രീതിയാണ് ഇവിടെയും. ശ്രീമതി ഖമറുന്നീസ അൻവർ ചെയ്തത് ശരിയല്ല, എന്നാൽ പാണക്കാട് തങ്ങൾ ചെയ്തത് ഇങ്ങനെയൊക്കെ ആയതുകൊണ്ട് ശ്രീമതി ഖമറുന്നീസയുടെ പേരിൽ നടപടിയില്ല. ശ്രീമതി ഖമറുന്നീസയ്ക്കെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല. സ്റ്റേറ്റ് കൗൺസിലിൽനിന്നും മാറ്റിയിട്ടില്ല. വർഗ്ഗ യുവജന സംഘടനയുടെ ഭാരവാഹികൾ ഇടയ്ക്കിടയ്ക്ക് മാറുന്നതാണ്. അതുകൊണ്ട് വനിതാ ലീഗ് ചെയർമാൻ സ്ഥാനം മാറിയതേയുള്ളൂ.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, മറ്റ് വർഗ്ഗ സംഘടനകളുടെ സ്ഥാനം മാറുന്നതുപോലൊരു മാറ്റം എന്നല്ലാതെ ഇത്തരമൊരു സംഭവത്തിന്റെ പേരിൽ നടപടിയെടുത്തിട്ടില്ല. ഞങ്ങളുടെ കൂട്ടത്തിൽ അബ്ദുള്ളക്കുട്ടി എന്നൊരു മനുഷ്യനുണ്ടായിരുന്നു. ഇദ്ദേഹം മോദിയുടെ ഗുജറാത്തിനെക്കുറിച്ചൊക്കെ പ്രശംസിച്ച് സംസാരിച്ചപ്പോൾ ഞങ്ങൾ അയാളെ ചെവിക്കുപിടിച്ച് കറക്കി പുറത്തേയ്ക്കെറിഞ്ഞു. അതാണ്

ആർജ്ജവം എന്നുപറയുന്നത്. മോദിയെ പുകഴ്ത്താനും മോദിയുടെ സംസ്കാരം ശരിയാണെന്ന് പറയാനും നിൽക്കുന്നവർ കർശനമായും നടപടിക്ക് വിധേയരാകണം. അങ്ങനെ നടപടി സ്വീകരിക്കാൻ ലീഗ് മടി കാണിക്കുകയാണ്. മടി കാണിക്കുന്നതിന് കാരണം നാലും നാലും 9 എന്നുപറഞ്ഞ പഞ്ചായത്ത് സമീപനമാണ്. അതുകൊണ്ട് മുസ്ലീം ലീഗിന് ഇടതുപക്ഷ പാർട്ടികളെ കുറ്റംപറയാൻ അവകാശമില്ലെന്ന് മാത്രമല്ല, അങ്ങനെ പറയുന്നത് നിങ്ങളുടെതന്നെ ഭാവിക്ക് ദോഷമായിരിക്കുമെന്ന് നിങ്ങൾ തിരിച്ചറിയണം. ഏതായാലും മുരളിയേട്ടൻ ഇത്തവണ ഒരു നല്ല കാര്യം പറഞ്ഞിരിക്കുന്നു. അത് അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. കാക്ക മലർന്നു പറന്നാലും ഇനി കേരള കോൺഗ്രസ്സിനെ തൊടില്ല എന്നാണ്. എന്നാൽ ഇന്നലത്തെ പത്രത്തിൽ വന്ന ഒരു വാർത്ത മുരളിയേട്ടൻ ശ്രദ്ധിക്കണം. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്, കണ്ടീഷണലായി, കേരള കോൺഗ്രസ്സിലെ ചില ആളുകളുമായി സംസാരം തുടരാം എന്നാണ്. മുരളിയേട്ടൻ കാക്ക മലർന്ന് പറക്കുന്ന ദിവസം വരെ കാത്തിരിക്കുകയാണ്. അതിനിടയിൽ ശ്രീ. എം. എം. ഹസ്സൻ ഇതും കൊണ്ടുപോകും. അങ്ങ് ശ്രദ്ധിച്ചോളൂ. നിലനിൽപ്പിനുവേണ്ടിയുള്ള അവസാന ശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസ് എല്ലാ വൃത്തികേടുകളും കാണിക്കും. ഞങ്ങളാണെങ്കിൽ നിങ്ങളെ ശക്തിപ്പെടുത്താമെന്നൊന്നും കരാർ വച്ചിട്ടില്ല. ശത്രുവർഗ്ഗത്തിനുണ്ടാകുന്ന എല്ലാ ഭിന്നിപ്പുകളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തി തൊഴിലാളിവർഗ്ഗ രാഷ്ട്രീയം മുന്നോട്ടുകൊണ്ടുപോകുക എന്നതാണ് ഞങ്ങളുടെ നയം. അതുകൊണ്ട് നിങ്ങളുടെ ഇടയിലുണ്ടാകുന്ന ഭിന്നിപ്പ് കാണുമ്പോൾ നിസ്സംഗതയോടെ നിഷ്കാമ കർമ്മികളായിരിക്കാം എന്ന് ഞങ്ങൾ ഏറ്റിട്ടില്ല. ഞങ്ങൾ അങ്ങനെ ചെയ്യുകയുമില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ വീണ്ടും പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ രണ്ട് വകുപ്പുകളുടെയും പ്രവർത്തനം വിലയിരുത്തുമ്പോൾ ഒട്ടനവധി മാറ്റങ്ങൾ തീർച്ചയായും ആവശ്യമാണ്. ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് സംസാരിക്കാനാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചില്ലെന്ന് രാവിലെ ചില സാമാജികർ ചോദ്യോത്തര വേളയിൽ പറഞ്ഞിരുന്നു. ശ്രീ. കെ. ബാബുവിനും ശ്രീ. ചിറ്റയം ഗോപകുമാറിനുമാണ് സംശയങ്ങൾ ആവർത്തിച്ചുണ്ടായത്. അവരൊക്കെ മന്ത്രിസഭയിൽ വച്ച മറുപടി പരിശോധിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോയത്. ഈ ഗവൺമെന്റ് അത് അംഗീകരിച്ച കാര്യമാണ്. ആ നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിന് അവകാശപ്പെട്ടത് നേടിയെടുക്കുകയെന്നുള്ളതാണ് ഞങ്ങൾ ആഗ്രഹിച്ചത്. അവർക്കും വ്യത്യസ്തമായ അഭിപ്രായമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. യു.ഡി.എഫ്.-നെ ആവർത്തിച്ചും

മാറിയും കുറ്റം പറയുമ്പോൾ, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ഒരിക്കൽപ്പോലും റേഷൻ മുടങ്ങിയിട്ടില്ല, ഒരിക്കൽപ്പോലും അരിയുടെ വില 35 രൂപയിൽനിന്നും കൂടിയിട്ടില്ല. ഇവിടെ 200-ൽപ്പരം മാവേലി സ്റ്റോറുകൾക്ക് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭം കുറിച്ചിരുന്നു. ഇന്ന് മാവേലി സ്റ്റോറിനെ ശ്വാസം മുട്ടിക്കുന്നത് ആരാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയണം. സപ്ലൈകോയ്ക്കും മാവേലി സ്റ്റോറുകൾക്കും ആവശ്യത്തിന് ഫണ്ടിന്റെ ബാക്കപ്പ് കൊടുക്കാതെ ഇന്ന് ശ്വാസംമുട്ടിക്കുകയാണ്. സബ്സിഡി നിരക്കിലുണ്ടാകുന്ന നഷ്ടം നികത്താൻ ഗവൺമെന്റിന് കഴിയുന്നുണ്ടോ; ധനകാര്യ വകുപ്പിൽനിന്നും ആവശ്യത്തിന് തുക ലഭിക്കാതെ കൺസ്യൂമർഫെഡിനെയും സപ്ലൈകോയെയും ഒരേ വണ്ടിയിലാണ് ഈ ഗവൺമെന്റ് കെട്ടിയിരിക്കുന്നത്. ഇത്തരത്തിലുള്ള വിചിത്രമായ സമീപനങ്ങൾ സംജാതമായിരിക്കുകയാണ്. ഞാൻ രാവിലെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ച ചോദ്യത്തിന് നോൺ പ്രയോറിറ്റി വിഭാഗത്തിന് 8 കിലോ അരി കൊടുക്കുന്നുണ്ട് എന്ന മറുപടിയാണ് അങ്ങ് നൽകിയത്. എന്റെ ചോദ്യം അതായിരുന്നില്ല. നമുക്ക് നിയമപ്രകാരം ലഭിക്കുന്നത് പതിനാലേകാൽ ലക്ഷം ടൺ അരിയാണ്. നമ്മുടെ ആവശ്യം 16 ലക്ഷം ടൺ അരി ലഭിക്കണമെന്നുള്ളതാണ്. എന്റെ ചോദ്യം, ലഭ്യമായിരിക്കുന്ന ഭക്ഷ്യധാന്യ വിഹിതംകൊണ്ട് നോൺ പ്രയോറിറ്റി ഉൾപ്പെടെ, പ്രയോറിറ്റി, എ.എ.വൈ. തുടങ്ങിയ എല്ലാ വിഭാഗങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ കൊടുക്കാൻ സാധിക്കുമോ; അതിന് ഈ ക്വാണ്ടിറ്റി സഫിഷ്യന്റ് ആണോ എന്നതിനെ സംബന്ധിച്ചുള്ള ഏതെങ്കിലും തരത്തിലുള്ള പരിശോധന ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ എന്നതാണ്. നാം കൂടുതൽ ചോദിച്ച് വാങ്ങണം. പക്ഷെ ലഭ്യമായിരിക്കുന്ന ബോഗസ് കാർഡുകൾ ഒഴിവാക്കിക്കഴിഞ്ഞാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് കൊടുക്കാൻ ഇത് ഉതകുന്നതാണോ എന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? ഇപ്പോൾ മണ്ണെണ്ണയും പഞ്ചസാരയും റേഷൻ കടകളിൽ ലഭ്യമല്ല. ശബരി ആട്ട ലഭ്യമല്ലാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ഇതൊന്നും ലഭിക്കാതെ റേഷൻ കടകളിലേയ്ക്ക് ചെല്ലേണ്ട ആവശ്യമെന്താണ്? മണ്ണെണ്ണയും പഞ്ചസാരയും ശബരി ആട്ടയും ലഭിക്കാത്തത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ വൈകിയതുകൊണ്ടാണോ; അല്ല. ആട്ടയുടെ ലഭ്യത പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; ശബരി ആട്ട 15 രൂപയ്ക്കാണ് റേഷൻ കടകളിലൂടെ കൊടുത്തുകൊണ്ടിരുന്നത്. ഇന്ന് അത് കിട്ടാത്ത സാഹചര്യമാണ്. ഒ.എം.എസ്.എസ്. (ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം) റേറ്റിൽ നിങ്ങൾ അരിയെടുത്ത് കൊടുക്കുന്നു എന്നുപറയുമ്പോൾ ഒ.എം.എസ്.എസ്. അല്ലെങ്കിൽ മറ്റേതെങ്കിലും സ്കീം ഉപയോഗിച്ച് ഗോതമ്പ് ലഭ്യമാക്കി അത് ശബരി ആട്ടയാക്കി കൊടുക്കാനുള്ള സാഹചര്യമൊരുക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറാകുന്നില്ല? റേഷൻ മേഖലയിൽ ധാരാളം പ്രതിസന്ധികളുണ്ടെങ്കിലും സമയക്കുറവുള്ളതുകൊണ്ട് ഞാൻ അതൊന്നും പറയാതെ നിർത്തുകയാണ്.

ഉപഭോക്തൃ വകുപ്പുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഉപഭോക്തൃകാര്യ വകുപ്പ് ഇന്ന് സ്തംഭനാവസ്ഥയിലാണ്. കേരളത്തിലെ സ്റ്റേറ്റ് കമ്മീഷൻ പ്രവർത്തിക്കുന്നില്ല. സ്റ്റേറ്റ് കമ്മീഷനിൽ പ്രസിഡന്റും ജുഡീഷ്യൽ മെമ്പറും ജനറൽ മെമ്പറും ലേഡി മെമ്പറുമില്ല. വളരെ ഗൗരവമേറിയ വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ജനറൽ മെമ്പറുടെ ഒഴിവ് 2016 മേയ് മാസത്തിലും, ലേഡി മെമ്പറുടെ ഒഴിവ് 2017 ജനുവരി മാസത്തിലുമാണ് ഉണ്ടായത്. കമ്മീഷന്റെ സിറ്റിംഗിന് ഒറ്റ മെമ്പർ മാത്രമാണുള്ളത്. സ്റ്റേറ്റ് കമ്മീഷന് സിറ്റിംഗ് നടത്താൻ കഴിയുന്നില്ല. 5000-ൽപ്പരം കേസ്സുകൾ കെട്ടിക്കിടക്കുകയാണ്. സ്റ്റേറ്റ് പ്രസിഡന്റ് ഇപ്പോൾ സ്ഥാനം ഒഴിഞ്ഞു. പ്രസിഡന്റിനെ നിയമിച്ച് നോട്ടിഫൈ ചെയ്യണം. അതിന് ചുരുങ്ങിയത് ആറ് മാസമെങ്കിലും വേണ്ടിവരും. സാധാരണക്കാരായ ഉപഭോക്താക്കളുടെ അവകാശങ്ങൾ ഇവിടെ ഹനിക്കപ്പെടുകയാണ്. ഗവൺമെന്റ് ഇതിനെയെല്ലാം നിസ്സാരവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് കമ്മീഷനിൽ മാത്രമല്ല കാസർഗോഡ് ജനറൽ മെമ്പറുടെ തസ്തികയും, കൊല്ലത്ത് 2016 ഒക്ടോബർ മാസം മുതൽ പ്രസിഡന്റിന്റെ തസ്തികയും, കഴിഞ്ഞ ജനുവരി മുതൽ മെമ്പറുടെ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. കൊല്ലത്തും സിറ്റിംഗ് നടക്കുന്നില്ല. കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഒഴിവുകൾ കിടക്കുന്നു. സ്റ്റേറ്റ് കമ്മീഷനിലേയ്ക്കും കൊല്ലത്തും നിയമനത്തിനായി ഭക്ഷ്യ വകുപ്പ് സെക്രട്ടറിയും നിയമ വകുപ്പ് സെക്രട്ടറിയും ഉൾപ്പെടെയുള്ളവരുടെ പാനൽ ഇന്റർവ്യൂ നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ സർക്കാരിന് സമർപ്പിക്കുകയും സർക്കാർ അത് തിരിച്ചയയ്ക്കുകയും ചെയ്തതായാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തുകൊണ്ടാണ് നിയമനം നടത്താത്തതെന്നും ഫയലിലുള്ള സാങ്കേതിക പ്രശ്നം എന്താണെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുമെന്ന് ഞാൻ കരുതുകയാണ്. ഇതൊക്കെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. അരിയുടെ വില 50 രൂപ കടന്നപ്പോൾ അരിക്കടകൾ തുടങ്ങി. അരിക്കടകൾ കൂടുതൽ വ്യാപിപ്പിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. എന്റെ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൂടുതൽ അരിക്കടകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൺടൈം റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവ പണിയുന്നതിന് സാധിച്ചിട്ടുണ്ടെന്ന് മാത്രമല്ല ഏതെങ്കിലും മേഖലയിൽ മാത്രം റോഡുകൾ അനുവദിച്ചുവെന്ന തരത്തിലുള്ള പ്രചരണം ശരിയാണെന്ന് പറയാനും കഴിയില്ല. കേരളത്തിലെ റോഡുകൾ ഏറ്റവും മികച്ച രീതിയിൽ കൊണ്ടുപോകാൻ കഴിഞ്ഞുവെന്നുള്ളത് ഒരു വസ്തുതയാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം. എം.എൽ.എ. ഫണ്ട് തികയില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. അതുകൊണ്ട് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഡിപ്പാർട്ടുമെന്റിൽനിന്നുള്ള തുക എല്ലാ നിയോജകമണ്ഡലങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ എതിർത്തു കൊണ്ടും നിർത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പൊതുമരാമത്ത്, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അഴിമതിയുടെ കൂത്തരങ്ങായിരുന്ന കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണത്തിൽ പൊതുമരാമത്ത് വകുപ്പ് ആകെ കുത്തഴിഞ്ഞ് കിടന്നിരുന്നു. അതിന് വിരാമമിട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. അത് അംഗീകരിച്ചുകൊണ്ടുതന്നെയാണ് യു.ഡി.എഫ്. എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പ്രസംഗിച്ചതും. പൊതുമരാമത്ത് വകുപ്പിൽ അടുത്ത അഞ്ച് വർഷം കൊണ്ട് 50,000 കോടി രൂപയുടെ റോഡ് നവീകരണ പദ്ധതികൾക്ക് തുടക്കം കുറിക്കുകയാണ്. പുതിയ വളർച്ചാ മേഖലയിലേയ്ക്ക് നിക്ഷേപം വൻതോതിൽ ആകർഷിക്കുന്നതിന് ഇതുമൂലം കഴിയുമെന്നുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. പുതിയ കാലം, പുതിയ നിർമ്മാണം എന്ന തത്വം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ സാങ്കേതിക വിദ്യകളും നൂതന നിർമ്മാണ വിദ്യകളും നടപ്പിലാക്കി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ അഴിമതിരഹിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ കേരളത്തിൽ നടന്നുവരികയാണ്. 3500 കോടി രൂപയുടെ മലയോര പാതയും 6500 കോടി രൂപയുടെ തീരദേശ പാതയും കേരളത്തിന്റെ വികസനക്കുതിപ്പിന് കരുത്തേകുമെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. സംസ്ഥാനത്തെ പാലങ്ങൾ പലതും അപകടാവസ്ഥയിലാണ്. സുരക്ഷിതമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ പാലങ്ങളുടെ പുനരുദ്ധാരണ-നവീകരണ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നുവെന്ന തീരുമാനം വളരെയേറെ സ്വാഗതാർഹമാണ്. ഇക്കൂട്ടത്തിൽ പഴയ മലബാറിനെയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന എന്റെ മണലൂർ മണ്ഡലത്തിലെ വളരെയേറെ പഴക്കംചെന്ന കടാന്തോട് പാലവും കൂടി ഉൾപ്പെടുത്തി പുതുക്കി പണിയണമെന്ന് അഭ്യർത്ഥിക്കുന്നു. പുതിയ പാലം നിർമ്മിക്കുമ്പോൾ 100 വർഷം ആയുസ് ഉറപ്പാക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനവും അഴിമതി തടയാനുള്ള നടപടിയാണ്. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാതിരിക്കുന്നത് വളരെയധികം അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു. പി.ഡബ്ല്യു.ഡി.-യിൽ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് വിഭാഗം ആരംഭിക്കാൻ തീരുമാനിച്ചത് ഈ രംഗത്ത് ആശ്വാസകരമായ കാര്യമാണ്. കരാറുകാർ, എഞ്ചിനീയർമാർ, രാഷ്ട്രീയ യജമാനന്മാർ എന്നിവർ ചേർന്ന് പണം കൊള്ളയടിക്കുന്നതിന് അറുതിവരുത്തി ഈ വകുപ്പിനെ അഴിമതിമുക്തമാക്കാനുള്ള അങ്ങയുടെ ലക്ഷ്യം പൂർണ്ണമായും വിജയിക്കുമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്റെ മണ്ഡലത്തിലെ ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കുകയാണ്. തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ ഗതാഗതക്കുരുക്കിന്റെ കേന്ദ്രമായ കേച്ചേരി സെന്ററിന്റെ വികസനത്തിന് കിഫ്ബിയിൽ

50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊന്ന്, ടോൾ പിരിവ് മേഖലയാണ്. കേരളത്തിലെ പല പാലങ്ങളുടെയും ടോളുകൾ അവസാനിപ്പിക്കുന്ന ധീരമായ നടപടി സ്വീകരിച്ചതിനെ പൂർണ്ണമായും അംഗീകരിക്കുന്നു. തൃശ്ശൂർ ജില്ലയിൽ പാലിയേക്കര ടോളിൽ വലിയ കൊള്ളയാണ് നടക്കുന്നത്. അവിടെ മതിയായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്ന് മാത്രമല്ല, ചെറിയ വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉണ്ടായിരുന്ന സൗകര്യംപോലും നിഷേധിച്ച് ആ പാതപോലും ഏകപക്ഷീയമായി അടച്ചുപൂട്ടുന്ന ധിക്കാരപരമായ നിലപാടാണ് കമ്പനി സ്വീകരിച്ചിരിക്കുന്നത്. അത് അവസാനിപ്പിക്കുന്നതിനു വേണ്ടി അങ്ങ് ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മനുഷ്യന്റെ വളർച്ചയിൽ വായുവും വെള്ളവും കഴിഞ്ഞാൽ അവശ്യംവേണ്ട ഘടകമാണ് പോഷകസമൃദ്ധമായ ഭക്ഷണം. രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്ന നാണ്യവിളകളുടെ നാടായ കേരളത്തിന്റെ മക്കൾ പട്ടിണി കിടക്കാതിരിക്കാൻ 1964-ൽ നാം നേടിയെടുത്ത സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം 2013-ൽ നിലവിൽ വന്ന ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തോടുകൂടി ഇല്ലാതായിരിക്കുന്നു. എന്നാൽ അന്ന് സംസ്ഥാനം ഭരിച്ചിരുന്ന ഉമ്മൻ ചാണ്ടി സർക്കാരിന്റെ അനങ്ങാപ്പാറ നയംമൂലം ഭക്ഷ്യകമ്മി നേരിടുന്ന നമുക്ക് അധിക വിഹിതം നേടിയെടുക്കാൻ കഴിയാതെപോയെന്നുള്ളത് കാണേണ്ടതാണ്. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിന്റെ കേരളത്തോടുള്ള ക്രൂരമനോഭാവവും നമുക്ക് ഇരുട്ടടിയായിരിക്കുന്നു. ഈ സന്ദർഭത്തിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ, അർഹതപ്പെട്ടവർക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കൃത്യമായ മാനദണ്ഡങ്ങളും ക്ലേശഘടകങ്ങളും നിശ്ചയിച്ച്, കോൺഗ്രസ് സർക്കാർ കൊണ്ടുവന്ന ഭക്ഷ്യഭദ്രതാ നിയമത്തിനുമുമ്പ് സൗജന്യം ലഭിച്ചിരുന്ന കുടുംബങ്ങളുടെ എണ്ണവും അവർക്ക് ലഭിച്ചിരുന്ന ധാന്യവിഹിതവും വർദ്ധിപ്പിക്കുന്ന നിലപാട് സ്വീകരിച്ചിരിക്കുയാണ്. മുമ്പ് ഇതിനെക്കാളും കൂടുതൽ ഉണ്ടായിരുന്നോയെന്ന നിലയിൽ ചില ചോദ്യങ്ങളുണ്ടായി. ഭക്ഷ്യഭദ്രതാ നിയമത്തിനുമുമ്പ് 20.62 ലക്ഷം കുടുംബങ്ങളിലെ 97.15 ലക്ഷം പേർക്കാണ് ആനുകൂല്യം ലഭിച്ചിരുന്നതെന്നാണ് കണക്കുകൾ കാണിക്കുന്നത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ കുടുംബങ്ങളുടെ എണ്ണം 20 ലക്ഷത്തിൽനിന്നും 35.03 ലക്ഷം ആയി വർദ്ധിപ്പിച്ചതും 97.15 ലക്ഷം പേർക്കു പകരം 1.54 കോടി ആളുകൾക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യം നൽകാൻ നടപടി സ്വീകരിച്ചതും ശ്ലാഘനീയമാണ്. 1.21 കോടി ആളുകൾക്ക് പ്രത്യേകം സബ്സിഡി നൽകി മുൻഗണനേതര പട്ടികയിൽ ഉൾപ്പെടുത്തി 2 രൂപ നിരക്കിൽ 2 കിലോ അരി കൊടുക്കാൻ ആവശ്യമായ നടപടിയിലേയ്ക്ക് സർക്കാർ വന്നത് ശ്രദ്ധേയമാണ്. യേശുദേവൻ തന്റെ പ്രഭാഷണം

നീണ്ടുപോയ സന്ദർഭത്തിൽ ശിഷ്യന്മാർ വിശക്കുന്നുവെന്ന് പറഞ്ഞപ്പോൾ ആരുടെയെല്ലാം കയ്യിൽ അപ്പമുണ്ടെന്ന് അന്വേഷിക്കുകയും ലഭിച്ച അഞ്ച് അപ്പംകൊണ്ട് അയ്യായിരങ്ങളുടെ വിശപ്പടക്കുകയും ചെയ്ത മഹത്തരമായ പ്രവർത്തനമാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭയിലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇപ്പോൾ കേരളത്തിൽ നിർവ്വഹിക്കുന്നതെന്ന് നാം കാണണം. എൽ.ഡി.എഫ്. വരുമ്പോൾ കേരളത്തിന്റെ ഭക്ഷ്യമേഖല തകർന്ന് കിടക്കുകയായിരുന്നു. ആ തകർച്ചയിൽ നിന്നാണ് ഈ മാറ്റം വന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ അന്നംമുട്ടിച്ച യു.ഡി.എഫ്.-നെ തൂത്തെറിഞ്ഞ് തങ്ങളുടെ അന്നദാതാക്കളായ എൽ.ഡി.എഫ്.-നെ വൻഭൂരിപക്ഷത്തോടെ ജനം വിജയിപ്പിച്ചത് ഇതെല്ലാം ശരിയാകുമെന്ന് കണ്ടുകൊണ്ടുതന്നെയാണ്. ഭക്ഷ്യോല്പാദനത്തിൽ കേരളം വളരെ പിറകിലാണ്. 1995-96-ൽ രാജ്യത്തെ മൊത്ത ഭക്ഷ്യോല്പാദനത്തിൽ കേരളത്തിന്റെ പങ്ക് 0.5 ശതമാനമായിരുന്നു. 2014-15-ലെ കണക്കുപ്രകാരം 0.2 ശതമാനമായി അത് കുറഞ്ഞിരിക്കുകയാണ്. ഇന്ത്യയിലെ അരി ഉല്പാദനത്തിൽ കേരളത്തിന്റെ പങ്ക് 1995-96-ൽ 1.2 ശതമാനമായിരുന്നത് 2014-15-ൽ 0.5 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. മൊത്തം ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിലും കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ മൊത്തം ഭക്ഷ്യ ആവശ്യത്തിന്റെ 15 ശതമാനം മാത്രമാണ് കേരളീയർ കോൾ നിലങ്ങളിലും കുട്ടനാട്ടും തൃശ്ശൂരും പാലക്കാട്ടുമായി ഉല്പാദിപ്പിക്കുന്നത്. ഭക്ഷ്യകാര്യത്തിൽ കേരളം കമ്മി സംസ്ഥാനമാണ്. അയൽ സംസ്ഥാനത്തെ വിഷംതീണ്ടിയ പച്ചക്കറിയെ ആശ്രയിക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഇത് നമ്മുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. ഉണ്ടാക്കുന്നവരല്ലാതെ, തിന്നുന്നവരായി മാത്രം നാം മാറി. ഇതിൽ മാറ്റം വരുത്തി നഷ്ടപ്പെട്ട കാർഷിക സംസ്കൃതി തിരിച്ചുപിടിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വലിയ പരിശ്രമങ്ങൾ നടത്തി വരികയാണ്.

വിലവർദ്ധന തടയാൻ സർക്കാർ ശക്തമായി ഇടപെടുന്നുണ്ട്. ഭക്ഷ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിലനിയന്ത്രണ സെൽ പുനഃസംഘടിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്നുള്ളത് നമ്മൾ കാണേണ്ടതുണ്ട്. വിഷുക്കാലത്ത് വൻതോതിൽ വില ഉയർന്നപ്പോൾ അത് നിയന്ത്രിക്കുന്നതിന് സർക്കാർ കൊണ്ടുവന്നതാണ് അരിക്കടകൾ. ആ നടപടി ജനങ്ങൾക്ക് വളരെ ആശ്വാസം പകരുന്ന ഒന്നായിരുന്നു. അതുപോലെ 13 ഇനം ഭക്ഷ്യധാന്യങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രിക കൃത്യമായി പാലിച്ചുകൊണ്ട് 13 ഇനങ്ങൾക്ക് ഒരു പൈസപോലും വർദ്ധിപ്പിക്കാതെയാണ് കേരളം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. വിലക്കയറ്റം തടയാൻ വലിയ മാന്ത്രിക വടികളൊന്നുമില്ല. മുമ്പും പല ഭരണാധികാരികൾ പറഞ്ഞിരിക്കുന്ന കാര്യമാണ്. പൊതുവിപണിയിൽ

ഇടപെടുക എന്ന നിലപാടാണ് അതിൽ പ്രധാനം. ആ നടപടി എല്ലാ കാലത്തും ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും ആ നടപടി ശക്തിപ്പെടുത്തി മുന്നോട്ടുപോകുകയാണ്. 'ഹരിത കേരളം' 'ലൈഫ്' 'ആർദ്രം' 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' തുടങ്ങി കേരളത്തിലെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് മുന്നോട്ടുകുതിക്കുന്ന സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ സർക്കാരിൽ വിശ്വാസമർപ്പിച്ച് കേരള സമൂഹം നീങ്ങുമ്പോൾ പ്രതിപക്ഷത്തിന്റെ ഹൃദയമിടിപ്പ് കൂടിവരികയാണ്. ഹൃദയമിടിപ്പിന് വേഗത കൂടുമ്പോൾ മനോനിലയിലും മാറ്റമുണ്ടാകും. അതാണിപ്പോൾ സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. വിഷയ ദാരിദ്ര്യംമൂലം റൂൾ 50 എന്ന അടിയന്തരപ്രമേയത്തെപ്പോലും പരിഹസിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ഇന്നലെ ചിരിദിനമായിരുന്നു. ആ ചിരിദിനം അർത്ഥപൂർണ്ണമാക്കുന്ന വിഡ്ഢി പ്രകടനങ്ങളാണ് നമ്മൾ സഭയിൽ കണ്ടത്. ക്രമപ്രശ്നത്തിനുപോലും വകുപ്പില്ലാത്ത ഒരു വിഷയം അടിയന്തരപ്രമേയമായി ബഹുമാനപ്പെട്ട വി. ഡി. സതീശൻ കൊണ്ടുവരിക, സഭയിൽ അതിന് അനുമതി കിട്ടാതിരിക്കുക, തുടർന്ന് നടുത്തളത്തിലിറങ്ങുക, സബ്മിഷനായാലും മതിയെന്ന് പ്രതിപക്ഷ നേതാവിന്റെ ദീനരോദനം നമ്മൾ കേൾക്കുക, അതിൽ പ്രതിഷേധിക്കുന്ന പ്രമേയാവതാരകനെ നമ്മൾ കണ്ടു. ആ പ്രമേയാവതാരകന് ചുറ്റുംനിന്ന് പ്രതിപക്ഷാംഗങ്ങൾ സമാധാനിപ്പിക്കുന്ന കാഴ്ച, ഇതൊക്കെ കണ്ടപ്പോൾ സഭാംഗങ്ങൾക്ക് ഈ ചിരിദിനത്തിൽ ഉള്ളുതുറന്ന് ചിരിക്കാനുള്ള അവസരം തന്ന പ്രതിപക്ഷനേതാവിനോട് വലിയ നന്ദിയുണ്ട്. അടിയന്തരപ്രമേയം ഗൗരവത്തിലാണ് കാണുന്നതെങ്കിൽ, ഇന്നലെ ഒരു ബി.ജെ.പി. നേതാവിന്റെ കയ്യും കാലും ഒരു ആർ.എസ്.എസ്.-കാരൻ തല്ലിയൊടിച്ചു. ആ വിഷയമെടുത്താൽ പോരേ; അതെടുക്കാൻ കഴിയില്ല കാരണം ശ്രീ. എ. കെ. ആന്റണി തന്നെ പറഞ്ഞിട്ടുണ്ട് 'പകൽ കോൺഗ്രസും രാത്രി ആർ.എസ്.എസ്.-ഉം എന്നതാണ് കോൺഗ്രസിലെ പലരുടെയും അവസ്ഥ' എന്ന കാര്യം. അപ്പോൾ അങ്ങനെയുണ്ടാകാൻ സാധ്യതയില്ല. എൽ.ഡി.എഫ്. സർക്കാരിനെതിരെ ഇങ്ങനെ ഹാലിളകിയിട്ട് വലിയ കാര്യമൊന്നുമില്ല. ശ്രീ. കുന്നപ്പള്ളി എൽദോസ് പണിക്കർ പറഞ്ഞ കണ്ടകശ്ശനി ഇപ്പോൾ എൽ.ഡി.എഫ്.-ന് അല്ല, യു.ഡി.എഫ്.-നാണ്. എൽ.ഡി.എഫ്.-നെതിരെ എത്ര സമരങ്ങൾ, എത്ര അപവാദ പ്രചരണങ്ങൾ, എത്ര കള്ളക്കഥകൾ എന്നിട്ടും എൽ.ഡി.എഫ്. അചഞ്ചലമായി നിലനിൽക്കുകയാണ്. ഇതുകാണുമ്പോൾ ഒരു സിനിമാരംഗം ഓർമ്മവരികയാണ്. 'ജഗതി തനിക്ക് നഷ്ടപ്പെട്ട ഉരുപ്പടി തിരിച്ചുകിട്ടുന്നതിനായി ഒരു മന്ത്രവാദിയെ കൊണ്ട് പൂജ നടത്തുകയാണ്. ഇന്നസെന്റിന്റെ കയ്യിൽനിന്ന് ആ വസ്തു കിട്ടുന്നതിനാണ് പൂജ നടത്തുന്നത്. യഥാർത്ഥത്തിൽ പ്രതി ഇന്നസെന്റല്ല, മീനയാണ്. ഹോമകുണ്ഡത്തിൽ തീ പടർന്നു, മന്ത്രവാദി ഉറഞ്ഞുതുള്ളി. ആരാണ് മുതലെടുത്തത്, ഇപ്പോൾ പറയണം, ഇല്ലെങ്കിൽ തല തകർന്നുപോകും. ഈ തേങ്ങ ഞാൻ നിലത്തെറിഞ്ഞാൽ യഥാർത്ഥ കള്ളന്റെ തല പൊട്ടിത്തെറിക്കും; ഇതുപറഞ്ഞുകൊണ്ട് കയ്യിലെ തേങ്ങയുമായി മന്ത്രവാദി ഹോമകുണ്ഡത്തിന് ചുറ്റും ഇങ്ങനെ ഓടുകയാണ്. പിന്നാലെ ജഗതി ഓടുകയാണ്. ആ സമയമെല്ലാം അചഞ്ചലനായി യാതൊരു ഭാവവ്യത്യാസവും കൂടാതെ ഹോമകുണ്ഡത്തിനരികിൽ കയ്യുംകെട്ടി നിൽക്കുന്ന ഇന്നസെന്റിനെ നമ്മൾ കാണുന്നു. ഇന്നസെന്റിന്റെ തല ചിതറുന്നത് കാണാൻ കാത്തിരുന്ന ജഗതി അവസാനം സഹികെട്ട് മന്ത്രവാദിയുടെ കയ്യിൽനിന്ന് ആ

തേങ്ങ വാങ്ങി നിലത്ത് ഊക്കോടെ എറിഞ്ഞു. ഊക്കോടെ എറിഞ്ഞത് ഇന്നസെന്റിന്റെ തല പോകാനാണ്. പക്ഷെ നമ്മൾ കണ്ടത് എന്താണ്; നിലവിളി കേൾക്കുന്നത് ഇന്നസെന്റിൽ നിന്നല്ല, അപ്പുറത്ത് ഈ മുതലെടുത്ത മീനയുടെ ഭാഗത്തുനിന്നാണ്. അപ്പോഴും ഇന്നസെന്റ് ആ നിൽപ്പുതന്നെ നിൽക്കുകയാണ്. ആ കാഴ്ചകണ്ട് പകച്ചുനിൽക്കുന്ന ജഗതിയുടെ അവസ്ഥയിലാണ്" ഇപ്പോൾ കേരളത്തിലെ പ്രതിപക്ഷം നിൽക്കുന്നത്. ഒരുപാട് തേങ്ങയെറിഞ്ഞു, എന്നിട്ടും തല പോകുന്നത് കാണാൻ കഴിഞ്ഞില്ല. കേരളത്തെ കേരളമാക്കി മാറ്റുന്നതിന് അടിത്തറ പാകിയ 1957-ലെ ഇ.എം.എസ്. മന്ത്രിസഭയുടെ പിന്തുടർച്ചക്കാരനായി കേരളത്തിൽ അധികാരത്തിൽവന്ന സഖാവ് പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയുടെ ആ തല തകർന്ന് കാണാൻവേണ്ടി കാത്തിരുന്ന നിങ്ങൾ എത്ര തേങ്ങയുടച്ചു; ഒരു തേങ്ങയുടച്ചിട്ടും പ്രയോജനമുണ്ടാകുന്ന കാഴ്ചയല്ല കാണുന്നത്. എല്ലാം വിഫലമാകുന്ന കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. ജനഹൃദയങ്ങളിൽ ഇടം നേടിക്കൊണ്ട് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. എത്രയെത്ര ആഭിചാര ക്രിയകൾ, എത്ര മന്ത്രവാദികൾ. ഇതിനെയെല്ലാം നിഷ്പ്രഭമാക്കി കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോയി കൊണ്ടിരിക്കുകയാണ്. ഭരണപക്ഷം പ്രതിപക്ഷത്തെ ഭയക്കുന്നുവെന്നാണ് പ്രതിപക്ഷത്തിന്റെ വിമർശനം, ഇന്നലെ ശ്രീ. വി. ഡി. സതീശൻ പറയുന്നത് കേട്ടതാണ്. യഥാർത്ഥത്തിൽ മറിച്ചാണ്. ഈ സർക്കാരിന്റെ പ്രകടനം കാണുമ്പോൾ പ്രതിപക്ഷം വിയർക്കുകയാണ്. സഹികെട്ടുപോകുകയാണ്. ആ സഹികേടിൽനിന്നുള്ള നടപടികളാണ് ഇവിടെ കാണാൻ കഴിയുന്നത്. അവർ തളർന്നുവീഴുകയാണ്. കവചകുണ്ഡലങ്ങൾ നഷ്ടപ്പെട്ട കർണ്ണനെപ്പോലെ (ഇന്നലെ സുപ്രീം കോടതി ശിക്ഷിച്ച കർണ്ണനല്ല) അധികാരം നഷ്ടപ്പെട്ട പ്രതിപക്ഷത്തിന്റെ അവസ്ഥ പരമ ദയനീയമാണ്. ആ പ്രതിപക്ഷമെന്ന ഇന്നത്തെ ഈ കർണ്ണന്റെ മനോനില ഒന്നു പരിശോധിക്കുന്നത് വളരെ നന്നായിരിക്കും. ആ മനോവിഭ്രാന്തിയിൽ നിന്നാണ് ഇതെല്ലാം നടക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിലെ ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അവരുടെ ജീവിത പ്രയാസങ്ങൾ ലഘൂകരിക്കാനാവശ്യമായ വലിയ പദ്ധതിയുമായിട്ടാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ചന്തുവിനെ തോൽപ്പിച്ച കഥയൊക്കെ ശ്രീ. കെ. എസ്. ശബരീനാഥനിൽനിന്ന് ഇവിടെ കേട്ടു. ഏത് ചന്തുവാണ് തോറ്റത്? "പെമ്പിളൈ എരുമൈ" ..തെറ്റിപ്പോയതാണ്, "പൊമ്പിളൈ ഒരുമൈ..... സമരത്തിന് പിന്തുണയുമായി മൂന്നാറിൽപോയ ശ്രീ. ഉമ്മൻ ചാണ്ടി എന്ന ചന്തുവിനെ തോൽപ്പിച്ചതാരാണ്; വേലിയിൽ കിടന്ന പാമ്പിനെ കഴുത്തിലിട്ട അവസ്ഥയല്ലേ ആ സമരമേറ്റെടുത്തപ്പോൾ യു.ഡി.എഫ്.-ന് ഉണ്ടായിരിക്കുന്നത്. ഇവിടെ തോൽക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയോ അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയോ ഈ ഗവൺമെന്റോ അല്ല. പ്രതിപക്ഷമാണ് ഓരോ വിഷയത്തിലും തോറ്റുകൊണ്ടിരിക്കുന്നത്. ഒന്നും ക്ലച്ച് പിടിക്കുന്നില്ലല്ലോ; ഏത് സമരമാണ് ജനങ്ങളുടെ പിൻബലത്തോടെ നടത്താൻ നിങ്ങൾക്ക് കഴിഞ്ഞത്? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനഹൃദയങ്ങളിൽ ഇടം നേടിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. ഒരു വർഷമേ പിന്നിട്ടിട്ടുള്ളൂ. ഈ ഒരു വർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കപ്പെട്ട ആ പ്രകടന പത്രികയിൽ പറയുന്ന

കാര്യങ്ങൾ ഒന്നൊന്നായി നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോയി കൊണ്ടിരിക്കുകയാണ്. അടുത്ത നാലുവർഷം കൊണ്ട് കേരളത്തെ വമ്പിച്ച മുന്നേറ്റത്തിലേയ്ക്ക് നയിക്കുക എന്ന മിഷനുമായാണ് കേരള സർക്കാർ മുന്നോട്ടുപോകുന്നത്. അത് തടയാനുള്ള കരുത്ത് പ്രതിപക്ഷത്തിനില്ല എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, രണ്ട് മാന്യ മന്ത്രിമാരായ ശ്രീ. ജി. സുധാകരനും ശ്രീ. പി. തിലോത്തമനും കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ ഡിമാന്റാണ് ഇന്ന് ചർച്ച ചെയ്യുന്നത്. പക്ഷേ നിങ്ങൾക്ക് അനുകൂലമായി വോട്ടുചെയ്യാൻ ഉദ്ദേശിക്കുന്നില്ലെന്ന് ആദ്യമേ പറയുന്നു. അത് പോളിസിയുടെ ഭാഗമാണ്. എനിക്ക് ശ്രീ. ജി. സുധാകരൻ സഖാവിനോട് പറയാനുള്ളത്, അങ്ങ് ഇപ്പോൾ ചെയ്യുന്ന 'ഈജിയൻ തൊഴുത്ത് വൃത്തിയാക്കുന്ന' നടപടിയുണ്ടല്ലോ, അത് അതിശക്തമായി മുമ്പോട്ടുകൊണ്ടു പോകണം. പി.ഡബ്ല്യു.ഡി. കൊള്ളക്കാരുടെ കേന്ദ്രമായി മാറിയില്ലേ; ഉദ്യോഗസ്ഥർ കൊള്ളക്കാരാണെന്ന് പറഞ്ഞാൽ ആരാണ് അവരെ കൊള്ളക്കാരാക്കിയത്? കാശ് വാങ്ങാത്ത ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരെ സ്ഥലത്ത് ഇരുത്താത്ത അവസ്ഥയല്ലേ കഴിഞ്ഞ കാലങ്ങളിൽ സംസ്ഥാനത്തുണ്ടായിരുന്നത്. ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുന്നവരോട് യോജിക്കുന്നില്ല. കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ആ രീതിയിലായിരുന്നു. കോൺട്രാക്ടർ പറയുന്നതു പോലെ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ലെങ്കിൽ ഉദ്യോഗസ്ഥൻ സ്ഥലത്തിരിക്കില്ല. ആരാണ് ഇത് ചെയ്തിരുന്നത്? ഈ രാജ്യം കൊള്ളയടിച്ചത് നമ്മുടെ രാഷ്ട്രീയ നേതാക്കന്മാരാണ്. അത് ഒളിച്ചുവച്ചിട്ട് കാര്യമില്ല. RICK (Road Infrastructure Company Kerala Limited)-ന്റെ എം.ഡി. ശ്രീമതി പെണ്ണമ്മയെപ്പോലുള്ള ഉദ്യോഗസ്ഥരെകൊണ്ട് പി.ഡബ്ല്യു.ഡി. നിറയ്ക്കണം. അവർ അഴിമതിയില്ലാത്ത, സത്യസന്ധയായ ഒരു ഉദ്യോഗസ്ഥയാണ്. നേരിട്ട് ബോധ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. സത്യസന്ധമായി കാര്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥരെ അവിടെ പോസ്റ്റ് ചെയ്ത് ഈ ഷെഡ്യൂളൊന്ന് പുതുക്കണം. ഒരു ലക്ഷം രൂപ എം.എൽ.എ. ഫണ്ട് കൊടുത്താൽ 33 മീറ്റർ റോഡാണ് കോൺക്രീറ്റ് ചെയ്യുന്നത്. ഒരു ലക്ഷം രൂപ തന്ന് എന്നെ അനുവദിച്ചാൽ 100 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തു തരാം. ഒരു പൈസയും എന്റെ കയ്യിൽനിന്ന് പോവുകയില്ല. 100 മീറ്റർ ചെയ്യാൻ പറ്റും. പക്ഷെ ഷെഡ്യൂൾ ഉണ്ടാക്കിയത് 33 മീറ്ററാണ്. ഇത് ശരിയാണോ; ഷെഡ്യൂൾ പുതുക്കി ഈ കൊള്ള അവസാനിപ്പിച്ചുകൊണ്ട് ഇപ്പോഴത്തെ റിയാലിറ്റിയുടെ അടിസ്ഥാനത്തിൽ തീരുമാനമുണ്ടാക്കാൻ അങ്ങ് ശ്രമിക്കണം. മുണ്ടക്കയം ബൈപ്പാസ് റോഡിന്റെ പണി നടക്കുകയാണ്. ഒരുവിധം മാന്യമായി പണി നടക്കുന്നുണ്ട്. അൽപ്പംകൂടി സ്പീഡാക്കണം. കാഞ്ഞിരപ്പള്ളി - ഈരാറ്റുപേട്ട റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ഈരാറ്റുപേട്ട - വാഗമൺ റോഡിന് 25 കോടി രൂപ ബഡ്ജറ്റിലുണ്ട്. മുണ്ടക്കയം - കൂട്ടിക്കൽ ഇളങ്കാട് - വാഗമൺ എന്നീ റോഡുകൾക്ക് 35 കോടി രൂപ ബഡ്ജറ്റിലുണ്ട്. ഈ കാര്യങ്ങളിൽ മന്ത്രി പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് വിനയപുരസരം അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവകുപ്പിനെപ്പറ്റി ഒരു കാര്യംകൂടി പറയാം. നമ്മുടെ സംസ്ഥാനത്ത് 3 കോടി 40 ലക്ഷം ജനങ്ങളുണ്ട്. 1 കോടി 20 ലക്ഷം പേർക്ക് 2 രൂപയ്ക്ക് അരി നൽകുകയാണ്. കൊല്ലം ജില്ലയിൽ ഞാൻ അന്വേഷിച്ചപ്പോൾ രണ്ട് കിലോയുടെ സ്ഥാനത്ത് മൂന്ന് കിലോഗ്രാം അരി കൊടുക്കുന്നുണ്ട്. ഒരു കോടി അമ്പത്തിനാല് ലക്ഷം പേർക്ക് സൗജന്യമായി അരി കൊടുക്കുന്നുണ്ട്. 25 ലക്ഷം പേർക്ക് ഐ.എ.വൈ.-യുണ്ട്. 35 കിലോഗ്രാം ധാന്യം കൊടുക്കുന്നുണ്ട്. 5 കിലോഗ്രാം ധാന്യം 129 ലക്ഷം പേർക്ക് കൊടുക്കുകയാണ്. 65 ലക്ഷം കുടുംബങ്ങൾക്ക് എട്ട് രൂപ തൊണ്ണൂറ് പൈസ വച്ച് ധാന്യങ്ങൾ കൊടുക്കുകയാണ്. അപ്പോൾ കേരളത്തിലെ മുഴുവൻ പേർക്കും സൗജന്യമായി കൊടുക്കുകയാണല്ലോ. കേരളത്തിൽ മൂന്നുകോടി നാൽപ്പത് ലക്ഷം ജനങ്ങളേയുള്ളൂ. ആ ജനത്തിന് മുഴുവൻ സൗജന്യമായി അരികൊടുക്കുകയാണ്. രണ്ട് രൂപയ്ക്ക് അരി, എട്ട് കിലോയ്ക്ക് എട്ട് രൂപ തൊണ്ണൂറ് പൈസയ്ക്ക് അരി. ഇതെങ്ങനെ സാധിക്കുന്നു; ഇത് ശരിയാണോ? ഞാൻ മനസ്സിലാക്കിയിടത്തോളം രണ്ടു രൂപയ്ക്കുള്ള അരി നിർത്തലാക്കണം അല്ലെങ്കിൽ അത് മുഴുവൻ പേർക്കും സൗജന്യമായി കൊടുക്കണം. എന്തിന് അതിന്റെ പേരിൽ തർക്കമുണ്ടാക്കുന്നു. റേഷൻകടക്കാർ ഇടയ്ക്കുനിന്നു കൊണ്ട് തട്ടുന്നുണ്ടോ; മുഴുവൻ ആളുകളും അരി വാങ്ങുന്നുണ്ടോ; അരി വാങ്ങാത്തവരുടെ പേരിലും കണക്കെഴുതി അരി തട്ടിയെടുക്കുന്നുണ്ടോ എന്നൊക്കെ പരിശോധിക്കണം. ഹോൾസെയിലുകാരെ ഒഴിവാക്കിയതുകാരണം അത്രയും കൊള്ള കുറഞ്ഞു. നൂറ് കിലോയ്ക്കുപകരം തൊണ്ണൂറ് കിലോഗ്രാമാണ് കൊടുത്തുകൊണ്ടിരുന്നത്. ഇനി അത് നൂറു കിലോയും കൊടുക്കാമല്ലോ. റേഷൻ കടക്കാർക്ക് ന്യായമായ രീതിയിൽ ലാഭം കൊടുക്കണം. അവരുടെ പണിക്കൂലിയെന്ന നിലയിൽ റേഷൻ കടയ്ക്ക് പണം കൊടുത്തുകൊണ്ട് അരി വിതരണത്തിൽ മോഡറേറ്റ് ചാർജ് ഈടാക്കിക്കൊണ്ട് നടപടി സ്വീകരിച്ച് എല്ലാവരേയും പട്ടിണിയിൽനിന്ന് രക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ നിർത്തുന്നു. നന്ദി, നമസ്കാരം. ഞാൻ വോട്ട് ചെയ്യില്ല.

<u>ശ്രീ. വി. ജോയി</u>: സർ, പൊതുമരാമത്ത്, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഒരു സഹകരണ സ്ഥാപനത്തിന്റെ പരസ്യമാണ് എനിക്ക് ഇപ്പോൾ ഓർമ്മ വരുന്നത്. 'കേരളം കണികണ്ടുണരുന്ന നന്മ' എന്നാണ് ആ പ്രോഡക്ടിന്റെ പരസ്യം. കേരളത്തിന്റെ പശ്ചാത്തല വികസന രംഗത്ത് മലയാളികൾ മനസ്സുനിറയെ കണികണ്ടുണരുന്ന ഒരു നന്മയുടെ മുഖമാണ് ശ്രീ. ജി. സുധാകരന്റെ മുഖം. എവിടെ നോക്കിയാലും റോഡുപണി, പാലം പണി, കെട്ടിടം പണി. മനോഹരവും ഉറപ്പുള്ളതുമായ റോഡുകൾ നാടിന് ഐശ്വര്യമാണ്. കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസന പ്രക്രിയയിൽ ഒരു സുപ്രധാന പങ്കാണ് പൊതുമരാമത്ത് വകുപ്പ് വഹിക്കുന്നതെന്ന് നമുക്കറിയാം. സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിലവിലെ അവസ്ഥ പരിശോധിച്ചാൽ നൂറിൽ നൂറ്റിയൊന്ന് മാർക്ക് പൊതുമരാമത്ത് വകുപ്പിന് നൽകാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പിന്റെ മുദ്രാവാക്യംതന്നെ ശ്രദ്ധേയമാണ്. 'പുതിയ കാലം പുതിയ നിർമ്മാണം'

എന്നാണ് ആ മുദ്രാവാക്യം. ഇവിടെ ധാരാളം എം.എൽ.എ.-മാർ സംസാരിച്ചു. പൊതുമരാമത്ത് വകുപ്പിൽ ആദ്യമായി സമത്വവും തുല്യനീതിയുമുണ്ടായി എന്നുള്ളത് പരക്കെ അംഗീകരിക്കപ്പെടുന്ന ഒരു സത്യമാണ്. ഇതുവരെ 1170 കോടിയുടെ 571 പ്ലാൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തെ കാര്യങ്ങൾ ഞാൻ പറയുന്നില്ല. ബഹുമാന്യരായിട്ടുള്ള എം.എൽ.എ.-മാർ ശ്രദ്ധിച്ചാൽ അറിയാം കയ്യൂക്കുള്ളവർ കാര്യക്കാരായിരുന്നു. 140 നിയമസഭാ മണ്ഡലങ്ങളിൽ 40 മണ്ഡലങ്ങളിലായി പൊതുമരാമത്തിന്റെ പ്രവർത്തനം ഏറിയ പങ്കും ഒതുങ്ങിയ സാഹചര്യമുണ്ടായിരുന്നില്ലേ? ഇവിടെ ചരിത്രത്തിലാദ്യമായി ഒരു എം.എൽ.എ.-യ്ക്ക് ഒരു കോടിയിലധികം രൂപ മെയിന്റനൻസ് വർക്കിന് ലഭിച്ചു എന്നുള്ളത് പ്രധാനപ്പെട്ട വസ്തുതയാണ്. പുതിയ നിർമ്മാണ രീതികൾ ഈ ഗവൺമെന്റ് അവലംബിക്കുകയും ആധുനിക ജർമ്മൻ സാങ്കേതിക വിദ്യ ഇവിടെ ഉപയോഗപ്പെടുത്തുകയുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. നേരത്തെ അദ്ദേഹം ഇവിടെ ഉണ്ടായിരുന്നു. കെ.എസ്.ടി.പി. എന്നുപറയുന്ന വെള്ളാനയുടെ സ്ഥിതിയെന്താണെന്ന് പരിശോധിക്കണം. 500 കോടി രൂപയുടെ പ്രവർത്തനമെടുത്താൽ 300 കോടി രൂപയുടെ ജോലി ചെയ്യുകയും 200 കോടി രൂപ അടിച്ചുമാറ്റുകയും ചെയ്ത സാഹചര്യമുണ്ടായിരുന്നു. അഴിമതി തടയാൻ ഒരു ചെറുവിരലനക്കാൻ പോലും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന് കഴിഞ്ഞില്ല എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട എല്ലാ അഴിമതിക്കേസ്സുകൾക്കും നടപടിയെടുക്കാൻ സാധിച്ചു. ഒരു ചീഫ് എഞ്ചിനീയറടക്കം നിരവധി എഞ്ചിനീയർമാരുടെ പേരിൽ നടപടിയെടുക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട വസ്തുതയാണ്. പൊതുമരാമത്ത് വകുപ്പിൽ അഴിമതി സർവ്വവ്യാപിയായി വിലസുകയായിരുന്നു. മലപ്പുറം-മഞ്ചേരി റോഡ് ഡിവിഷന്റെ കീഴിൽ വരുന്ന മൈത്രക്കടവ് പാലത്തിന്റെ ഒരു വർക്കിന് രണ്ടുപ്രാവശ്യമാണ് ഒരു ക്ലെയിമിനുവേണ്ടി 14 ലക്ഷം രൂപ വീതം എഴുതിയെടുത്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അത് കണ്ടുപിടിച്ച് നടപടിയെടുത്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി ഉദ്യോഗസ്ഥർ അത് പരിശോധിച്ചുപോയി. ആരും ഒരു വരിയെഴുതാൻ തയ്യാറായില്ല. കുറ്റപ്പെടുത്തുകയല്ല, യഥാർത്ഥ വസ്തുതയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ഏത് പി.ഡബ്ല്യു.ഡി. വർക്കെടുത്താലും ആ വർക്കുമായി ബന്ധപ്പെട്ട് തൊട്ടടുത്തുതന്നെ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് (ആർ.ഇ) വരും. ആർ.ഇ. ആണ് ഏറ്റവും വലിയ അഴിമതിയുടെ കേന്ദ്രമായി മാറിയിട്ടുള്ളത്. ഞാൻ വർക്കല മണ്ഡലത്തിൽനിന്നാണ് വരുന്നത്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ അവിടത്തെ പി.ഡബ്ല്യു.ഡി. വർക്കുകളുടെ സ്ഥിതി ഞാൻ പരിശോധിച്ചു. 90 ശതമാനം വർക്കിനും ആർ.ഇ. എഴുതിയെടുത്തിരിക്കുകയാണ്. 20 ശതമാനം മുതൽ 30 ശതമാനം വരെ റിവൈസ്ഡ് എസ്റ്റിമേറ്റെടുത്ത് പണം വീതംവച്ചുകൊണ്ടുപോകുന്ന സാഹചര്യം കേരളത്തിൽ നിലവിലുണ്ടായിരുന്നുവെന്ന വസ്തുത അപ്പുറത്തിരിക്കുന്ന ആളുകൾ മറക്കരുത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതി ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞു. ഇല്ലാത്ത പ്രവൃത്തികൾക്കുകൂടി എസ്റ്റിമേറ്റെടുക്കും. എന്നിട്ട് ആ തുക വീതംവച്ചെടുക്കുന്ന സംവിധാനം കേരളത്തിലുണ്ടായിരുന്നു. പി.ഡബ്ല്യു.ഡി. വകുപ്പിൽ

ഏതാണ്ട് 20-25 ശതമാനം എഞ്ചിനീയർമാർ അഴിമതിക്കാരാണ്. ഈ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ താങ്കൾ നടപടിയെടുക്കുന്നുണ്ടോ; ബഹുമാന്യനായ മന്ത്രി ശ്രദ്ധിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യുമോ? ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ചതുപോലെ ഒരാളെയെങ്കിലും നടപടിയുടെ ഭാഗമായി പിരിച്ചുവിടാൻ തയ്യാറാകുമോ? എങ്കിൽ മാത്രമേ ഈ വകുപ്പ് കൂടുതൽ ശക്തിയായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ധാരാളം ആളുകൾ ജോലിയില്ലാതെ പുറത്തുനിൽക്കുകയാണ്. എഞ്ചിനീയർമാരുടെ എണ്ണം വർദ്ധിപ്പിക്കണം. വിവിധ സ്ഥലങ്ങളിൽ അതിനാവശ്യമായിട്ടുള്ള ഏർപ്പാടുകൾ ചെയ്യാൻ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണം. അങ്ങയുടെ ശ്രദ്ധയിൽപ്പെടാനായി മറ്റൊരു കാര്യംകൂടി പറയുകയാണ്. കെ.എസ്.ടി.പി.യിൽ കുറെ കൺസൾട്ടന്റുമാരുണ്ട്. എത്ര കാശാണ് ഇവർ കൊണ്ടുപോകുന്നത്; എന്ത് അഴിമതിയാണ് ഇവർ നടത്തുന്നത്? ആ കൺസൾട്ടന്റുമാരെ ഉപേക്ഷിക്കണം. എന്നിട്ട് പുതിയ സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. അതിനുവേണ്ട ശ്രദ്ധ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. റോഡുപണി പൂർത്തീകരിച്ചുകഴിഞ്ഞാൽ ഒരു ചെറിയ കുഴി രൂപപ്പെട്ടാൽ ആ കുഴിയിലൂടെ പത്തും ഇരുപതും നൂറും വണ്ടി ഓടി ആ കുഴി വലുതായി വലുതായി വരും. നമ്മുടെ ഉത്തരവാദപ്പെട്ട എഞ്ചിനീയർമാർക്ക് റോഡ് വീതംവച്ച് നൽകണം. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ചുമതലയുള്ള റോഡിലെ കുഴി കണ്ടാൽ 24 മണിക്കൂറിനകം ആ കുഴി നികത്തുന്നതിനുവേണ്ട സംവിധാനമുണ്ടാക്കണം. പണ്ട് ഇവിടെ എൻ.എം.ആർ. സംവിധാനമുണ്ടായിരുന്നു. പിന്നീട് ഇല്ലാതായിപ്പോയി. ഇല്ലാത്ത കുഴി അടയ്ക്കാൻ വേണ്ടി എഞ്ചിനീയർമാർ പൈസ എഴുതിയെടുക്കുന്ന സ്ഥിതിക്ക് മാറ്റംവരും. അങ്ങ് കൊണ്ടുവന്ന സോഷ്യൽ ആഡിറ്റിന്റെ ഭാഗമായി അത് ചെയ്യാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങയെക്കുറിച്ച് അപ്പുറത്തിരിക്കുന്നവർപോലും നല്ല അഭിപ്രായമാണ് പറയുന്നത്. അങ്ങയെക്കുറിച്ച് ആരും മോശപ്പെട്ട അഭിപ്രായം പറയുന്നില്ല. കണ്ടകശ്ശനിക്കാർ നൽകുന്ന വികസന പ്രവർത്തനം രണ്ട് കയ്യും നീട്ടി വാങ്ങുന്നതിൽ ഒരു കുഴപ്പവുമില്ലെന്ന് തോന്നുന്നു. ജ്യോതിഷത്തിൽ കണ്ടകശ്ശനിക്കാരിൽനിന്ന് വല്ലതും വാങ്ങിയാൽ അവർക്കും കണ്ടകശ്ശനി പിടിക്കുമെന്നാണ് പഴമക്കാർ പറയുന്നത്. അങ്ങനെയാണെങ്കിൽ ശ്രീ. എൽദോസ് കുന്നപ്പിള്ളിക്ക് ഈ ബഡ്ജറ്റിൽ മാത്രം പുല്ലുവഴി റോഡിന് 20 കോടിയും വല്ലം റിംഗ് റോഡിന് 25 കോടി രൂപയും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയിൽ അനുവദിച്ചു. 5 കോടി രൂപ പെരുമ്പാവൂർ ഹയർ സെക്കണ്ടറി സ്കൂളിന് അനുവദിച്ചു. ഇപ്പോൾ ഇതാ ബഹുമാന്യനായ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി 5 കോടി രൂപ വേറെയും സ്പെഷ്യൽ റോഡിനുവേണ്ടി അനുവദിച്ചു. അങ്ങനെ കൂട്ടിയാൽ 60 കോടി രൂപ കണ്ടകശ്ശനിക്കാരുടെ കയ്യിൽനിന്ന് ഇരുകയ്യും നീട്ടി സ്വീകരിച്ച ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇങ്ങനെ പറയാമോ? അദ്ദേഹത്തിന് ശുക്രൻ അടിച്ചിരിക്കുകയാണ്, ബമ്പർ ലോട്ടറി അടിച്ചിരിക്കുകയാണ്. ബമ്പറടിച്ചിട്ടും കണ്ടകശ്ശനിയെന്ന് പറയുന്നത് ശരിയാണോയെന്ന് ദയവായി ആലോചിക്കണം.

2.00 PM]

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇദ്ദേഹത്തെ ഒന്ന് ഉപദേശിക്കണം. പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിനെയും ആറാട്ടുപുഴ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന 146 കോടി രൂപയുടെ ഒരു പാലം പണി നടക്കുന്നുണ്ട് എന്നുള്ള കാര്യം ശ്രദ്ധിക്കണം. പൊതുമരാമത്ത് വകുപ്പിലെ മുൻകാല തീവെട്ടിക്കൊള്ളയും അഴിമതിയും അവസാനിച്ചപ്പോൾ കേരളത്തിന്റെ ഗ്രാഫ് ഉയർന്നു. സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ റിപ്പോർട്ടനുസരിച്ച് ഇപ്പോൾ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി ഈ കൊച്ചുകേരളം മാറിയെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്.

ഞാൻ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ വിവാദങ്ങളുടെ വലിയ മാറാല സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മേയ് മാസം 3-ാം തീയതി കേരള കൗമുദി പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് - വിവാദങ്ങൾക്കിടെ വിലപ്പെട്ട കാര്യങ്ങൾ. രണ്ട് പ്രധാനപ്പെട്ട കാര്യമാണ് കേരള കൗമുദിയിലെ ശ്രീ. വി. എസ്. രാജേഷ് വരച്ചുകാട്ടുന്നത്. ഒന്ന്, വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ തീരുമാനം. രണ്ട്, നമ്മുടെ നാട്ടിലെ ലൈബ്രേറിയന്മാർക്കും നഴ്സറി ടീച്ചർമാർക്കും ആയമാർക്കുമുള്ള ഓണറേറിയം വർദ്ധിപ്പിച്ചത്. നേഴ്സറി ടീച്ചർമാർക്ക് 12000 രൂപയും ആയമാർക്ക് 8000 രൂപയുമാണ് ഓണറേറിയത്തിൽ വർദ്ധനവ് വന്നത്. നേരത്തെ ആയമാർക്ക് 1400 രൂപയും നഴ്സറി ടീച്ചർമാർക്ക് 2050 രൂപയുമായിരുന്നു. 2050 രൂപയിൽ നിന്ന് 12000 രൂപയിലേയ്ക്ക് വർദ്ധനവ് വരുത്തി. പ്രധാനപ്പെട്ട കാര്യം കേരള കൗമുദി ഇതിനിടയ്ക്ക് തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഇന്നലെ ശ്രീ. എം. വിൻസെന്റ് വളരെ മോശപ്പെട്ട ഒരു പദപ്രയോഗം ഇവിടെ നടത്തി. മന്ത്രിമാർ കതകടച്ച് എന്തോ ചെയ്യുന്നുവെന്ന്; ഞങ്ങൾ പറഞ്ഞാൽ ശരിയാകില്ലേ എന്നാണ് അദ്ദേഹം ചോദിച്ചത്. വളരെ മോശപ്പെട്ട ഒരു പദപ്രയോഗമാണ്. മണിയാശാനെ കുറിച്ചുതന്നെ നിങ്ങൾ പറഞ്ഞോ. പക്ഷേ ഇതൊരു വാക്കാണ്. ഇവിടെ പ്രവൃത്തിയുടെ ഒരു കാലഘട്ടമുണ്ടായിരുന്നു. വ്യവസായം അന്വേഷിച്ചുവന്ന ഒരു സ്ത്രീ, ഈ നാട് മുഴുവൻ ആർത്തലച്ച് നിലവിളിച്ച് കടന്നുപോയ ഒരു സാഹചര്യമുണ്ടായിരുന്നു. അത് നിങ്ങൾ ഓർക്കുന്നില്ലായിരിക്കും. അതിൽ എല്ലാവരും പെടും. അവരെ രാത്രിയിൽ ഉറങ്ങാൻ സമ്മതിക്കാതെ ഓരോരുത്തരും ആയിരക്കണക്കിന് ഫോൺ ചെയ്തതിന്റെ കഥ വന്നു. പഴയ ഒരു പാട്ടുണ്ട്,

ഇന്നത്തെ രാത്രി പുലരാതിരുന്നെങ്കിൽ;

പൂങ്കോഴി കൂവാതിരുന്നെങ്കിൽ;

മറുതലയ്ക്കലെ ആൾ ഇങ്ങനെ ധരിച്ചിരുന്നു. ഇന്നത്തെ രാത്രി പുലരാതിരുന്നെങ്കിൽ നീളത്തിൽ ഫോൺ കോളുകൾ ചെയ്യാമായിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ച് നിങ്ങൾ മറന്നിട്ടാണ് ഇവിടെ ഒരു വാക്ക് പറഞ്ഞതിന്റെ പേരിൽ കയറിപ്പിടിക്കുന്നത് എന്ന

കാര്യം നിങ്ങൾ ഓർക്കണം. ഇവിടെ സ്ത്രീ സുരക്ഷയെ സംബന്ധിച്ചാണല്ലോ നെഞ്ചത്തടിച്ച് നിലവിളിക്കുന്നത്. നിങ്ങളുടെ പ്രിയപ്പെട്ട നേതാവ്, ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ ഇപ്പോഴും കോൺഗ്രസ്സിന്റെ വക്താവായി ചാനലുകളിൽ വരുന്നുണ്ടല്ലോ. അദ്ദേഹത്തിന്റെ ഒരു വാക്ക് സോഷ്യൽ മീഡിയകളിൽ ഇന്നും വൈറലായി നിൽക്കുകയല്ലേ? എന്താണ് അദ്ദേഹം പറഞ്ഞത്. 'അള്ളാ കി കസം, അബു കാ ഹുക്കം, തുറക്കു സീസേ' എന്നുപറഞ്ഞാൽ ഒരു ഗുഹയിലെ വാതിൽ തുറക്കുന്നതിനു വേണ്ടി ഒരു സിനിമയിലെ വാചകമാണിത്. അദ്ദേഹം അതിനെ മാറ്റുകയാണ്. മാറ്റിയിട്ട് 'തുറക്കു സീസേ' എന്നുള്ളതിനുപകരം വേറൊരാളിന്റെ പേര് പറയുകയാണ്. ഞാൻ മാന്യത കൊണ്ട് ഇവിടെ പറയുന്നില്ല. 'ഏതാണ് ആ ഗുഹ; ഏതാണ് ആ വാതിൽ'. നിങ്ങൾ തന്നെ പരിശോധിക്കു. നിങ്ങൾ തുപ്പുന്നത് നിങ്ങളുടെ മുഖത്താണ് വീഴുന്നത് എന്നുള്ള തോന്നൽ നിങ്ങൾക്കുണ്ടാകണം.

ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ, സി.പി.ഐ.(എം)-നെയും ഇടതുപക്ഷത്തെയും മോശമാക്കാൻ വേണ്ടി വല്ലാതെ ശ്രമിക്കുകയാണ്. ഇവിടെ കോൺഗ്രസിന്റെ ശക്തി ക്ഷയിച്ചുവരികയാണെന്ന് നിങ്ങൾ ഓർക്കണം. ശ്രീ. നരേന്ദ്രമോദിയുടെ ഫാസിസത്തിനെതിരായി ഇന്ത്യയിൽ ഒരു ചെറിയ സംസാരമെങ്കിലും ഉയരുന്നത് ഇടതുപക്ഷത്തിന്റേതാണെന്ന ബോദ്ധ്യം നിങ്ങൾക്കുണ്ടാകണം. പശ്ചിമ ബംഗാളിനെക്കുറിച്ച് കളിയാക്കുമല്ലോ നിങ്ങൾ, പശ്ചിമ ബംഗാളിൽ പോയി എന്നൊക്കെ പറയുമല്ലോ: 1977-നുശേഷം നഷ്ടപ്പെട്ട സംസ്ഥാനങ്ങൾ ഏതെങ്കിലും തിരിച്ചു പിടിക്കാൻ കോൺഗ്രസിന് സാധിച്ചിട്ടുണ്ടോ? ഇല്ല. 1977-ൽ പശ്ചിമ ബംഗാളിൽ സിദ്ധാർത്ഥ് ശങ്കർ റേ കോൺഗ്രസിന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരുന്നു. പിന്നെ ഞങ്ങൾ വന്നു. ഞങ്ങൾക്കുശേഷം വീണ്ടും നിങ്ങൾ വന്നില്ലെന്നുള്ളത് ഓർക്കണം. 1993-ൽ ത്രിപുര നിങ്ങൾക്ക് നഷ്ടപ്പെട്ടു, തിരിച്ചുകിട്ടിയോ എന്ന് നിങ്ങൾ ഓർക്കണം. അപ്പുറത്ത് തമിഴ്നാട് നിങ്ങൾക്ക് തിരിച്ചുകിട്ടിയോ എന്ന് ഓർക്കണം. 1990-ൽ ബീഹാർ നിങ്ങൾക്ക് നഷ്ടപ്പെട്ടു, തിരിച്ച് കോൺഗ്രസിന് കിട്ടിയോ എന്ന് ഓർക്കണം. 1995-ൽ ഗുജറാത്ത് നിങ്ങൾക്ക് നഷ്ടപ്പെട്ടു, തിരിച്ചുകിട്ടിയോ എന്ന് നിങ്ങൾ ഓർക്കണം. നിങ്ങളുടെ ഗ്രാഫ് താഴ്ന്നുതാഴ്ന്ന് 2014-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ 19.3 ശതമാനമായി കുറഞ്ഞു. നിങ്ങൾ ഏറ്റവും താഴെപ്പോകുന്നതിൽ വിഷമമുള്ളവരാണ് ഞങ്ങൾ. ഒരു മതേതര പാർട്ടി എന്നുള്ള നിലയിൽ വളരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ടവരാണ് നിങ്ങൾ എന്നുള്ള കാഴ്ചപ്പാട് ഞങ്ങൾക്കുണ്ട്.

ഞാൻ ദീർഘിപ്പിക്കുന്നില്ല, അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരെ ഊട്ടിയ കഥ ശ്രീ. മുരളി പെരുനെല്ലി പറഞ്ഞു. ഇവിടെ ഭക്ഷ്യ വകുപ്പുമന്ത്രി ആവുന്നതെല്ലാം ചെയ്യുകയാണ്. 1964-ൽ സംസ്ഥാനത്തിന് ലഭിച്ച സ്റ്റാറ്റ്യൂട്ടറി സമ്പ്രദായത്തെ പിഴുതെറിഞ്ഞ ഒരു ഭരണമാണ് ഇന്ന് കേന്ദ്രത്തിലുള്ളത്. അതിന് ഏറെക്കുറെ കാര്യങ്ങൾ ചെയ്തുകൊടുത്തതും നിങ്ങളാണ് എന്നുള്ള കാര്യം മറക്കുന്നില്ല. എങ്കിലും പരമാവധി ആളുകൾക്ക് സഹായം നൽകാൻ കേരളത്തിന്റെ ഭക്ഷ്യ വകുപ്പുമന്ത്രിക്ക് സാധിക്കുന്നുണ്ട് എന്നുള്ളതുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ശ്രീ. വി. ജോയി പറഞ്ഞു, എങ്ങോട്ടു തിരിഞ്ഞുനോക്കിയാലും അവിടെ പണി നടന്നുകൊണ്ടിരിക്കുകയാണെന്ന്. അതുതന്നെയാണ് മണിയാശാനും പറഞ്ഞത് - എങ്ങോട്ട് തിരിഞ്ഞുനോക്കിയാലും പണികളാണെന്ന്. പക്ഷേ എവിടെയാണ് പണി നടക്കുന്നതെന്ന് ഞങ്ങൾക്കാർക്കും കാണാൻ കഴിഞ്ഞില്ല. അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരെ തൃപ്തിപ്പെടുത്തിയ യേശു ക്രിസ്തുവിനെപ്പോലും കടത്തിവെട്ടി കൊണ്ട് മൂന്ന് അരിക്കട തുടങ്ങി മൂന്നു കോടി ജനങ്ങൾക്ക് അധികം അരി കൊടുത്ത് തൃപ്തിപ്പെടുത്തിയ മഹാനായ ശ്രീ. പി. തിലോത്തമന്റെ ഭക്ഷ്യ വകുപ്പിനെക്കുറിച്ച് എളിയവനായ എനിക്ക് ഒന്നും തന്നെ പറയാനില്ല. എന്തിനാണ് ഈ ഗവൺമെന്റിന് ഇത്രമാത്രം ഉപദേശികൾ? നമ്മുടെ മുഖ്യമന്ത്രി അതിബുദ്ധിമാനാണ്, ഈ ഉപദേശികളുടെയൊന്നും ആവശ്യമില്ല. അദ്ദേഹം അതിബുദ്ധിമാനല്ലായിരുന്നെങ്കിൽ സഖാവ് വി. എസ്. അച്ചുതാനന്ദനെ മലമ്പുഴയിൽ മത്സരിപ്പിക്കുമായിരുന്നോ; അദ്ദേഹം ബുദ്ധിമാനല്ലായിരുന്നെങ്കിൽ ഭരണപരിഷ്കാര കമ്മിറ്റിയുടെ ചെയർമാനാക്കുമായിരുന്നോ; അദ്ദേഹം ബുദ്ധിമാനല്ലായിരുന്നെങ്കിൽ ചെയർമാൻ സ്ഥാനം ആറുമാസം വൈകിപ്പി ക്കുമായിരുന്നോ; അവസാനം സെക്രട്ടേറിയറ്റിനകത്ത് കയറ്റാതെ അതിന് ചുറ്റും വലം വയ്പിക്കുമായിരുന്നോ; നമ്മുടെ മുഖ്യമന്ത്രി ബുദ്ധിമാനായതുകൊണ്ടാണ് ആറുമാസം ശമ്പളം കൊടുക്കാതെ അദ്ദേഹത്തിനെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചത്. അവസാനം കേരള ഹൗസിലും ഗസ്റ്റ് ഹൗസിലുമൊക്കെ ചെല്ലുമ്പോൾ മുറി കൊടുക്കാതെ വട്ടം കറക്കുന്ന സ്ഥിതിയാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന് ഇപ്പോഴുള്ളത്. നമ്മുടെ മുഖ്യമന്ത്രി അതീവതന്ത്രശാലിയാണ്, ബുദ്ധിമാനായ ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലും കടത്തിവെട്ടുന്ന തന്ത്രശാലി. ഈ ഉപദേശകരുടെ ഉപദേശമാണ് സുപ്രീം കോടതിയിൽ പോയി 'ലേലു അല്ല, ലേലു അല്ല' എന്ന് പറയേണ്ടിവന്നത്. ഇനിയും ഇവരുടെ ഉപദേശം കേട്ട് മുന്നോട്ടുപോയാൽ അധികം താമസിയാതെ കേരളത്തിലെ മൂന്നുകോടി ജനങ്ങളോട് 'ലേലു അല്ല, ലേലു അല്ല' എന്ന് പറയേണ്ട സ്ഥിതി ഈ ഗവൺമെന്റിനുണ്ടാകും. എനിക്ക് ഒരു സംശയം, ഈ ഉപദേശകരെ ഉപദേശിക്കുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദനാണോ എന്ന് പരിശോധിക്കേണ്ട സമയമായിരിക്കുന്നു. കാരണം ഈ ഒരു വർഷക്കാലത്തെ ഗവൺമെന്റിന്റെ കണ്ടകശ്ശനി പരിശോധിക്കുമ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദനായിരിക്കും മിക്കവാറും ഈ എട്ട് ഉപദേശകർക്കും ഉപദേശം കൊടുക്കുന്നത്. പേരുകൊണ്ട് ഈ വകുപ്പ് കൈകാര്യം ചെയ്യാൻ സർവഥാ ഉത്തമനാണ് ശ്രീ. പി. തിലോത്തമൻ. തിലം എന്നാൽ എള്ളാണെന്ന് അങ്ങേയ്ക്കറിയാമല്ലോ. 'തിലപുഷ്പമുഖി'-സുന്ദരിയായ പെണ്ണുങ്ങളെ പഴയകാല കവികൾ വിശേഷിപ്പിക്കുന്നത് അങ്ങനെയാണ്. എള്ളിൽ നിന്നാണ് നല്ലെണ്ണയെടുക്കുന്നത്. ഒരു കുഞ്ഞിന്റെ ജനനം മുതൽ മരണംവരെ എള്ളിന്റെ ആവശ്യമുണ്ട്. കേരളത്തിലെ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഇന്ത്യ മുഴുവൻ കേൾവികേട്ടതാണ്. ഇന്ത്യയിലെ മറ്റ് നിയമസഭകളിൽ നിന്നെല്ലാം കേരളത്തിലേയ്ക്ക് വരുന്നത് ഈ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പഠിക്കാൻ വേണ്ടിയാണ്. ഇപ്പോഴത്തെ പി.ഡി.എസ്. സംവിധാനം മരണാസന്നമാണ്. അതിന് തിലഹോമം അർപ്പിക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്യുന്നത്. പി.ഡി.എസ്.

സിസ്റ്റത്തിന്റെ ഉദകക്രിയയുടെ കാർമ്മികനായിട്ടാണ് ഈ മന്ത്രി ഇപ്പോൾ അവതരിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരാൾക്കുപോലും റേഷൻ കാർഡ് കൊടുക്കാൻ കഴിഞ്ഞിട്ടില്ല ശ്രീ. ടി. പി. സെൻകുമാർ കേസ്സിൽ സംസ്ഥാനത്തെ മൂന്ന് കോടി ജനങ്ങൾക്കും കുനിഞ്ഞു നിന്ന് സുപ്രീംകോടതിയിൽ മാപ്പ് അപേക്ഷിക്കേണ്ടിവന്നു. ഒരു ജനതയുടെ ആത്മാവിഷ്കാരം എന്ന് കൈരളി ചാനലിന്റെ തലവാചകത്തിലുണ്ട്. ചീഫ് സെക്രട്ടറി സർക്കാരിനെയും സർക്കാർ മൂന്ന് കോടി ജനങ്ങളെയുമാണ് പ്രതിനിധീകരിക്കുന്നത്. ഈ കേസ് നടത്തിയ അഡ്വക്കേറ്റ് ലൂത്രയ്ക്ക് ഒന്നും നഷ്ടപ്പെട്ടില്ല, മാനം നഷ്ടപ്പെട്ടില്ല. എനിക്കും നിങ്ങൾക്കും കേരളത്തിലെ മൂന്ന് കോടിയിലധികം ജനങ്ങൾക്കുമാണ് ഇവിടെ നഷ്ടം വന്നിരിക്കുന്നതെന്നാണ് പറയുന്നത്. ഇവിടെ എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന് പറഞ്ഞു. മന്ത്രിമാരുടെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും കാര്യമറിയില്ല. പക്ഷെ, ഞാൻ പല എം.എൽ.എ.-മാരോടും ചോദിച്ചെങ്കിലും ഒന്നും ശരിയായില്ല എന്ന് അവർ പറയും. ആകെ ശരിയായത് എന്റെ അടുത്തിരിക്കുന്ന ശ്രീ. കെ. എസ്. ശബരീനാഥന്റെ കല്യാണമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. എസ്. ശബരീനാഥന്റെ അമ്മ ശ്രീമതി സുലേഖ ടീച്ചർ കല്യാണം പലതും ആലോചിച്ചെങ്കിലും ഒന്നും നടന്നില്ല. ഒരു ബ്രോക്കർ വന്ന് പറഞ്ഞു, ടീച്ചറേ പേടിക്കണ്ട എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന്. ഏതായാലും എൽ.ഡി.എഫ്. വന്നതോടെ അദ്ദേഹത്തിന്റെ കല്യാണക്കാര്യം നടന്നു. പക്ഷെ, ശ്രീ. കോവൂർ കുഞ്ഞുമോന്റെ സ്ഥിതി ഇപ്പോഴും പഴയതുപോലെ തുടരുകയാണ്. അദ്ദേഹം കല്യാണം കഴിക്കാൻവേണ്ടി രണ്ട് മുന്നണി മാറി നോക്കി. പക്ഷെ നടന്നില്ല. അടുത്തകാലത്ത് ശ്രീ. പി. ടി. തോമസ് ഒരു കല്യാണാലോചന കാര്യം എന്നോട് പറഞ്ഞപ്പോൾ ഞാൻ ശ്രീ. കോവൂർ കുഞ്ഞുമോന്റെ വീട്ടിൽ വിളിച്ച് സംസാരിച്ചു. പെണ്ണുകാണൽ ചടങ്ങ് ഇല്ലായെങ്കിൽ ഈ കല്യാണം നടക്കുമെന്ന് അദ്ദേഹത്തിന്റെ അമ്മ പറഞ്ഞു. എന്താണ് കാര്യമെന്ന് ഞാൻ അമ്മയോട് ചോദിച്ചപ്പോൾ, കുഞ്ഞുമോൻ ഏത് പെണ്ണിനെ കണ്ടാലും മൂന്ന് മാസത്തിനുള്ളിൽ ആ പെണ്ണിന്റെ കല്യാണം നടക്കുമെന്നാണ് പറഞ്ഞത്. അതുകൊണ്ട് കുഞ്ഞുമോന്റെ കല്യാണം പെണ്ണുകാണൽ ചടങ്ങ് നടത്താതെ ചെയ്യാൻ പറ്റുമോയെന്ന് ചോദിച്ചു. എന്തായാലും ഡോ. ടി. എം. തോമസ് ഐസകിന്റെ കിഫ്ബി പദ്ധതിപോലെ കോവൂർ കുഞ്ഞുമോന്റെ കല്യാണവും നീണ്ടുപോവുകയാണ്. കിഫ്ബി എന്നാകുന്നുവോ അന്നത്തോടുകൂടി കോവൂറിന്റെ കല്യാണവും നടക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നത് കേരളത്തിൽ ഗുണ്ടകൾ തേർവാഴ്ച നടത്തിയെന്നാണ്. മഹാരാജാസ് കോളേജിൽ എസ്.എഫ്.ഐ.യുടെ ഗുണ്ടകളിൽനിന്ന് പിടിച്ചെടുത്ത മാരകായുധങ്ങൾ വാർക്കപ്പണിക്കുള്ള ടൂൾസാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വാർക്കപ്പണിയുടെ കോഴ്സ് തുടങ്ങിയോ എന്ന് എനിക്കറിയില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയില്ല, അദ്ദേഹത്തോട് ചോദിക്കണം. വാർക്കപ്പണിക്ക് കോഴ്സ് തുടങ്ങിയ ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്.

എനിക്ക് ഏറ്റവും ഇഷ്ടമുള്ള മന്ത്രിയാണ് ശ്രീ. ജി. സുധാകരൻ. അദ്ദേഹത്തിന്റെ കാര്യത്തിൽ എല്ലാത്തിനും സുധാകരൻ ടച്ചുണ്ട്. അദ്ദേഹം ഏത് നിലപാട് എടുത്താലും നിഷ്പക്ഷമാണ്, അഴിമതിവിരുദ്ധനാണെന്ന് ജനങ്ങൾക്കറിയാം. അഴിമതിയുടെ കാര്യത്തിൽ ഇത്രയും ശക്തമായ നിലപാട് എടുക്കുന്ന ഏത് മന്ത്രിയാണുള്ളത്? കേരളം എന്ന് കേട്ടാൽ അഭിമാനി ആണെന്ന് പറയുന്നതുപോലെ, അഴിമതിക്കെതിരെ ശക്തമായ നിലപാട് എടുത്തുകൊണ്ട് അദ്ദേഹം മുന്നോട്ടുപോകുകയാണ്. അദ്ദേഹം എവിടെ ചെന്നാലും അദ്ദേഹത്തിന്റേതായ ഒരു റെക്കോർഡ് സ്ഥാപിക്കും. ഇപ്പോൾ അഴിമതിക്കെതിരെ ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തു. സെക്രട്ടേറിയറ്റിനുള്ളിൽ വച്ച് കൈക്കൂലി വാങ്ങിയ ഒരു ഇ.ഇ.-യെ സസ്പെൻഡ് ചെയ്തു. സുധാകരൻ സാർ പറയുന്നത്, അഴിമതിക്കാരായ എല്ലാ ഉദ്യോഗസ്ഥരെയും പാഠം പഠിപ്പിക്കുമെന്നാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥർ പറയുന്നത് മന്ത്രി സുധാകരനെ ഒരു പാഠം പഠിപ്പിക്കുമെന്നാണ്. അങ്ങനെ ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ, എല്ലാ ഉദ്യോഗസ്ഥരെയും ഞാൻ പറയുന്നില്ല, ചെറിയ ശതമാനം ഉദ്യോഗസ്ഥരിൽ ഇപ്പോഴും അഴിമതിക്കാരുണ്ട്. അവർ മനഃപൂർവ്വം പ്രവൃത്തികൾ വൈകിപ്പിക്കാനുള്ള ശ്രമം നടത്തുന്നുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

അദ്ദേഹം കൊല്ലം എസ്.എൻ. കോളേജിൽനിന്ന് ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ഒന്നാം റാങ്ക് മാത്രമല്ല, ഏറ്റവും ഉയർന്ന മാർക്കും നേടിയ ആളാണ്. ആ റെക്കോർഡ് തകർക്കാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് എന്റെ ഓർമ്മ. അദ്ദേഹം എവിടെ ചെന്നാലും ഒരു റെക്കോർഡ് സ്ഥാപിക്കും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അദ്ദേഹം മറ്റൊരു റെക്കോർഡ് കൂടി സ്ഥാപിച്ചു, ഭൂരിപക്ഷത്തിന്റെ കാര്യത്തിലല്ല. 93 വയസ്സുള്ള സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പോളിംഗ് ബൂത്തിൽ വോട്ട് ചെയ്യാനായി വന്നപ്പോൾ വോട്ട് ചെയ്യുന്നുണ്ടോയെന്ന് അറിയാനായി അവിടെ പോയി എത്തിനോക്കി മറ്റൊരു റെക്കോർഡ് കൂടി സ്ഥാപിച്ചിരിക്കുകയാണ്. ഇനി ആർക്കും നോക്കാമെന്നുള്ള പുതിയ ഒരു നിയമം ഇലക്ഷൻ കമ്മീഷൻ കൊണ്ടുവന്നാൽ മാത്രമേ സുധാകരൻ സാറിന്റെ റെക്കോർഡ് തകർക്കാൻ കഴിയൂ. അതുകൊണ്ട് എല്ലാ കാര്യത്തിലും സുധാകരൻ ടച്ചോടുകൂടി പോകുന്ന ഈ മന്ത്രിക്ക് പൂർണ്ണ പിന്തുണയാണ്. അഴിമതിക്കാരെ ഇല്ലാതാക്കുന്ന കാര്യത്തിൽ ഞങ്ങൾ എം.എൽ.എ.-മാരുടെ പൂർണ്ണ പിന്തുണ അദ്ദേഹത്തിന് കൊടുക്കുന്നു. പി.ഡബ്ല്യു.ഡി. വകുപ്പിൽ കുറേ കാര്യങ്ങൾ ചെയ്യാൻ അങ്ങേയ്ക്ക് മനസ്സുണ്ട്. പക്ഷെ, അങ്ങ് സൂക്ഷിച്ചോളൂ, ഉദ്യോഗസ്ഥർ അങ്ങയുടെ പുറകിൽ നിന്നുകൊണ്ട് ചതിക്കും. ഈ കിട്ടുന്ന എ.എസ്. വർക്കുകളും മറ്റും നടത്തിക്കൊണ്ട് പോകാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്, ഞങ്ങളെല്ലാം ഫോളോ അപ് ചെയ്യുന്ന ആളുകളാണ്. അതുകൊണ്ട് അക്കാര്യം കൂടി ശ്രദ്ധിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ എതിർത്തു കൊണ്ട് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ എനിക്ക് അവരോട് പറയാനുള്ളത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇവിടെ നടത്തുന്ന നടപടികളിലൂടെ, ജനപക്ഷ വികസന സമീപനങ്ങളിലൂടെ രാജ്യത്ത് ഇടതുപക്ഷ മാതൃക കാട്ടിക്കൊടുക്കുകയാണെന്നാണ്. അതുകാണാതെ പരസ്പരം അധിക്ഷേപിച്ച് വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല. നമ്മൾ ജീവിക്കുന്ന രാജ്യത്തിന്റെ പൊതുസ്ഥിതി മനസ്സിലാക്കണം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോവുകയല്ല. ഇന്ന് യു.എൻ.ഒ. നടത്തിയ കണക്കെടുപ്പിൽ മനുഷ്യജീവിത വികസന ശേഷിയിൽ 135-ാമത് രാജ്യമായി ഇന്ത്യ നിൽക്കുകയാണ്. അതിൽ വീടില്ലാത്തവർ, കറണ്ടില്ലാത്തവർ, ചികിത്സ കിട്ടാത്തവർ, കുടിവെള്ളമില്ലാത്തവർ, അത്താഴപ്പട്ടിണിക്കാർ, നിരക്ഷരർ തുടങ്ങിയവരുടെ കാര്യങ്ങളെല്ലാം വിശദമായി പറയുന്നുണ്ട്. എങ്ങനെയാണ് ഈ വ്യവസ്ഥയുണ്ടായത്? ബഹുഭൂരിപക്ഷത്തെ മറന്നുകൊണ്ട് ചെറു ന്യൂനപക്ഷത്തെ സഹായിക്കുന്ന സാമ്പത്തിക നയസമീപനങ്ങൾ, നമ്മുടെ രാജ്യത്തെ ജനാധിപത്യത്തെയും അഖണ്ഡതയെയും മതേതരത്വത്തെയും പരമാധികാരത്തെയും പൗരസ്വാതന്ത്ര്യത്തെയും എല്ലാം വെല്ലുവിളിക്കുന്ന തരത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഒരു ജനാധിപത്യ ഗവൺമെന്റ് ജനപക്ഷ വികസന കാഴ്ചപ്പാടോടുകൂടി എങ്ങനെയാണ് പ്രവർത്തിക്കേണ്ടത്; ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഞങ്ങളുടേതാണ് ഈ ഗവൺമെന്റ് എന്ന് തോന്നുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ എങ്ങനെയാണ് സ്വീകരിക്കേണ്ടത്; വികസന നയം എങ്ങനെയാണ് രൂപീകരിക്കേണ്ടത് എന്നുള്ളതിന്റെയൊക്കെ തെളിവാണ് ഇടതുപക്ഷ ബദൽ. ഈ രാജ്യത്തെ രക്ഷിക്കാൻ വേണ്ടി നടപ്പാക്കുന്ന ഇടതുപക്ഷ ബദലിന്റെ ഭാഗമായിട്ടാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെന്നുള്ളത് നമ്മളെല്ലാവരും അംഗീകരിക്കേണ്ടതാണ്. അങ്ങനെയുള്ള ധനവിനിയോഗ സമ്പ്രദായത്തെക്കുറിച്ചാണ് നാം ഇവിടെ സംസാരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആരോഗ്യം, വിദ്യാഭ്യാസം, പ്രകൃതി സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള സമീപനങ്ങൾ നോക്കിക്കാണണം. കേരളത്തിലെ പാവപ്പെട്ട മനുഷ്യന്റെ ജീവിതം സംരക്ഷിക്കാൻ വേണ്ടി നീതിപൂർവ്വമായ സാമ്പത്തിക വിതരണമാണ് അത്തരം വിഷയങ്ങളിലെല്ലാം സ്വീകരിച്ചുവരുന്നത്.

ഭക്ഷ്യം, പൊതുമരാമത്ത് വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളാണ് ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കൂടുതലായൊന്നും ഞാൻ പറയുന്നില്ല. അത് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വകുപ്പ് പൊതുമരാമത്താണ്. പൊതുമരാമത്ത് വകുപ്പിലെ അഴിമതി അവസാനിപ്പിക്കുന്നതിന് എടുത്തിട്ടുള്ള സമീപനങ്ങൾ, അഴിമതി വിമുക്തമായി വകുപ്പിനെ കൊണ്ടുപോകുന്നതിന് മന്ത്രി എടുക്കുന്ന ഇച്ഛാശക്തി കേരളം മുഴുവൻ അംഗീകരിക്കുന്നതാണ്. പൊതുമരാമത്ത് പ്രവൃത്തികൾ, 1267 കി.മീ മലയോര ഹൈവേ 652 കി.മീ തീരദേശ ഹൈവേ തുടങ്ങിയ പുത്തൻ പദ്ധതികൾ.

പി.ഡബ്ല്യൂ.ഡി. വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. രാജ്യത്തിനാകെ മാതൃകയായിട്ടുള്ള സോഷ്യൽ ഓഡിറ്റ് കൊണ്ടുവന്നു. അത് രാജ്യത്ത് ആദ്യമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഡിസൈൻ ക്വാളിറ്റി ശാക്തീകരണം. ജില്ലാതലത്തിലേയ്ക്ക് ഇത്തരം ഏജൻസികളെ ക്രമീകരിക്കുന്നതിൽ അങ്ങ് ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. പലപ്പോഴും ഡിസൈൻ ക്വാളിറ്റി, ആർക്കിടെക്ചർ വിംഗ് തുടങ്ങിയവയൊക്കെ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ സംവിധാനം ഒരുക്കുന്നത് നല്ലതായിരിക്കും. പലപ്പോഴും എ.ഇ.-മാർ തന്നെ ഡിസൈൻ ചെയ്ത് അവസാനം കുറ്റം പറയാൻവേണ്ടി ഇവരെയൊക്കെ വരുന്ന ശൈലി നമ്മുടെ നാട്ടിൽ നിലനിൽക്കുന്നത് മാറ്റിയെടുക്കാൻ ശ്രദ്ധിക്കണമെന്നുകൂടി കൂട്ടിച്ചേർക്കുകയാണ്. ഇത്തരം നല്ല പ്രവർത്തനങ്ങൾ നടക്കുമ്പോൾ സാങ്കേതികമായി മറ്റു പല പ്രവർത്തനങ്ങൾക്കും കാലതാമസം നേരിടുന്നുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമായി ചേർന്ന് സാങ്കേതികമായിട്ടുള്ള നടപടിക്രമങ്ങളൊക്കെ ലഘൂകരിച്ചുകൊണ്ട് പി.ഡബ്ല്യൂ.ഡി. വകുപ്പ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന് ആലോചിക്കുന്നത് നന്നായിരിക്കും. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കണം. സ്വകാര്യ സംവിധാനങ്ങൾ ഉപയോഗിച്ച് കയ്യേറ്റം ഒഴിപ്പിക്കാൻ ചെല്ലുമ്പോൾ ഉദ്യോഗസ്ഥർക്ക് വലിയ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നുണ്ട്. അതുകൊണ്ട് സ്ഥിരം സംവിധാനം ആവശ്യമാണ്. കയ്യേറ്റം ഒഴിപ്പിക്കാനുള്ള നോട്ടീസ് കൊടുക്കുക, അതിൽ കാലതാമസം ഉണ്ടാക്കുക എന്നുപറയുന്നത് വികസന പ്രവർത്തനങ്ങളെ വല്ലാതെ ബാധിക്കും. അങ്ങയുടെ ഇച്ഛാശക്തി അത്തരം കാര്യങ്ങളിൽ കൂടി വേണം. അതിനൊക്കെ പ്രത്യേക ഡിപ്പാർട്ടുമെന്റുണ്ടാക്കി അതിൽ ഇടപെടൽ നടത്തുന്നത് നന്നായിരിക്കും.

ഈ നിയമസഭയിൽ യു.ഡി.എഫ്. അടിയന്തരപ്രമേയം അവതരിപ്പിച്ചു. കേരളത്തിൽ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ടും മുൻഗണനാപട്ടിക കാര്യക്ഷമമായി വരാത്തത് സംബന്ധിച്ചും ഇന്നിവിടെ സംസാരിച്ച പലരും സൂചിപ്പിക്കുന്നത് കേൾക്കുമ്പോൾ, ഇതെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷമുണ്ടായിട്ടുള്ള പ്രശ്നങ്ങളാണെന്ന് തോന്നും. വിശപ്പിന് ജാതിയും മതവും ഒന്നുമില്ല. അവിടെയൊന്നും രാഷ്ട്രീയം കാണാൻ പാടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏത് കാലത്ത് അധികാരത്തിൽ വരുമ്പോഴും നല്ല കയ്യടക്കത്തോടുകൂടി, ഇച്ഛാശക്തിയോടുകൂടി ഭക്ഷ്യവിതരണ വകുപ്പിനെ നയിച്ചിട്ടുള്ളതാണ്. ഈ ഗവൺമെന്റ് വരുമ്പോൾ ഇവിടത്തെ പൊതുവിതരണ സമ്പ്രദായത്തിന്റെ സ്ഥിതി എന്തായിരുന്നു; അഴിമതി നിറഞ്ഞതായിരുന്നില്ലേ? 2013-ൽ നടപ്പിലാക്കിയ ഭക്ഷ്യ ഭദ്രതാ നിയമം ഇവിടെ പലതവണ ചർച്ച ചെയ്തതാണ്. ആ നിയമം യഥാസമയം നടപ്പിലാക്കാത്തതു കൊണ്ട് ഈ സംസ്ഥാനം അനുഭവിച്ച ദോഷങ്ങൾ ഗൗരവമുള്ളതല്ലേ? ഏതാണ്ട് 2000 കോടി രൂപയുടെ നഷ്ടം സംസ്ഥാനത്തിന് കാലതാമസം വരുത്തിയതു

കൊണ്ട് ഉണ്ടാക്കിയില്ലേ; ഈ സാങ്കേതിക പ്രശ്നം മാത്രമാണോ; സൗജന്യ നിരക്കിൽ അരിയും ഗോതമ്പും ലഭിക്കാനുള്ള സാധ്യതകൾ അതുമൂലം അടഞ്ഞില്ലേ; എന്തിനുവേണ്ടിയായിരുന്നു? ഇവിടത്തെ വൻകിട മൊത്ത വ്യാപാരികളെയും അഴിമതിക്കാരെയും സംരക്ഷിക്കാൻ വേണ്ടിയായിരുന്നില്ലേ; സംസ്ഥാന താൽപ്പര്യം മാത്രമായിരുന്നോ? മുൻഗണനാ പട്ടിക തയ്യാറാക്കിയില്ലെന്ന് മാത്രമല്ല, റേഷൻ കാർഡിന്റെ ഫോട്ടോയെടുപ്പുപോലും നടത്തിയിരുന്നില്ല. തെറ്റായ തരത്തിൽ ഫാറം അച്ചടിച്ച് കൊടുത്ത്, അതുസംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച്, അത്തരത്തിൽ ക്രമംവിട്ട സമീപനമായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷ കാലം നടത്തിയത്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് സാവകാശം ചോദിച്ചിട്ടും ലഭിക്കാതെ അടിയന്തരമായി നടപ്പിലാക്കാൻ നിർബന്ധിതമായ സാഹചര്യത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരണം ഏറ്റെടുക്കുന്നത്. എന്നാൽ കുറച്ച് നാളുകൾകൊണ്ട് നമുക്ക് നടത്താൻ കഴിഞ്ഞ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. 1964-മുതൽ ആരംഭിച്ച സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇല്ലാതാക്കിയെന്ന് മാത്രമല്ല, നമുക്ക് ലഭിച്ചുകൊണ്ടിരുന്ന 16.5 ലക്ഷം ടൺ ഭക്ഷ്യധാന്യം കൃത്യമായി വാങ്ങിയെടുക്കാൻപോലും കഴിയാതെ 14 ലക്ഷം ടൺ മാത്രം ലഭിക്കുന്ന അവസ്ഥയിലേയ്ക്ക് കേരളത്തെ കൊണ്ടെത്തിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഇന്ത്യയിൽ നിയമം അനുസരിച്ച് 67 ശതമാനം ജനങ്ങൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുമ്പോൾ, കേരളത്തിൽ കേവലം 46 ശതമാനം ജനങ്ങൾക്ക് മാത്രമാണ് ഈ പറയുന്ന ആനുകൂല്യം ലഭിച്ചിട്ടുള്ളത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രകടന പത്രികയിൽ പറഞ്ഞതുപോലെ വിലക്കയറ്റം പിടിച്ചുനിർത്താൻ പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾക്ക് ഒരു നയാപൈസ വർദ്ധിപ്പിക്കാത്ത തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സബ്സിഡിയായി 440 കോടി രൂപയാണ് സിവിൽ സപ്ലൈസ് വകുപ്പ് ചെലവഴിച്ചിട്ടുള്ളത്. 4200 കോടി രൂപയുടെ റെക്കാർഡ് വിൽപ്പനയാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട്ലെറ്റുകളിൽക്കൂടി നടന്നിട്ടുള്ളത്. കഴിഞ്ഞ ഏതൊരു കാലത്തേക്കാളും വലിയ റെക്കോർഡാണിത്. ഇവിടെ അരിക്കടയെ സംബന്ധിച്ച് പറഞ്ഞല്ലോ? വിലക്കയറ്റം പിടിച്ചുനിർത്താൻ റെക്കോർഡ് സബ്സിഡിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകിയിട്ടുള്ളത്. വിപണി ഇടപെടലിൽ സ്തുത്യർഹമായ സേവനമാണ് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കേരളത്തിലെ 1.54 കോടി ജനങ്ങൾക്കുമാത്രം നിജപ്പെടുത്തിയിട്ടുള്ള മുൻഗണനാ പട്ടികയിൽ സ്റ്റേറ്റ് സബ്സിഡി ഉൾപ്പെടെ 1.23 കോടി ജനങ്ങൾക്കുകൂടി ആനുകൂല്യം കൊടുത്തു കൊണ്ട് രണ്ടേമുക്കാൽ കോടി ജനങ്ങൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്ന സ്ഥിതിയിലേയ്ക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നത്.

നിയമം നടപ്പിലാക്കുന്നതിനുമുമ്പ് 20 ലക്ഷം കുടുംബങ്ങളിലായി 97 ലക്ഷം ആളുകൾക്കാണ് ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതെങ്കിൽ ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ നിയമം നടപ്പിലാക്കുമ്പോൾ 35 ലക്ഷം കുടുംബങ്ങളിലായി 154 ലക്ഷം ആളുകളിലേയ്ക്ക് അത് വ്യാപിപ്പിക്കാൻ കഴിഞ്ഞു. സ്റ്റേറ്റ് സബ്സിഡി ഉൾപ്പെടെ രണ്ടേമുക്കാൽ കോടി ആളുകൾക്ക് ആനുകൂല്യം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ-പൊതുമരാമത്ത് വകുപ്പുകളുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ കേരളത്തിന് ആശ്വാസമായ നടപടികളുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഈ യുഗത്തിന്റെ സാമൂഹ്യ ശക്തിയാണ് ഇടതുപക്ഷം. ആ ജനപക്ഷത്തിന്റെ ചൈതന്യ വീഥികൾ മായ്ക്കുവാൻ ഒരു ദുഷ്ടശക്തിക്കും കഴിയില്ലെന്ന് പറഞ്ഞുകൊണ്ട് അഭിമാനത്തോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ നാടിന്റെ വികസനത്തിൽ വളരെ പ്രകടമായി കാണുന്ന ഒന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം. എല്ലാവരും ഇവിടെ പറഞ്ഞതുപോലെ നമുക്ക് നല്ലൊരു പൊതുമരാമത്ത് വകുപ്പുമന്ത്രിയുണ്ട്. അദ്ദേഹത്തിന് ചില ആശയങ്ങളുണ്ട്, ഭാവനയുണ്ട്, ഒത്തൊരുമിച്ച് പ്രവർത്തിക്കാനുള്ള ഇച്ഛാശക്തിയുണ്ട്, അഴിമതിക്കെതിരെ ശക്തമായ പോരാട്ടമുണ്ട്. ഒരു ഭരണാധികാരിക്കുവേണ്ട എല്ലാ ഗുണഗണങ്ങളുമുണ്ട്. പക്ഷേ ഏറ്റവും അനിവാര്യമായി ഉണ്ടാകേണ്ട ഫണ്ട് അദ്ദേഹത്തിന് ആവശ്യത്തിന് ലഭിക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രാഗത്ഭ്യവും പ്രാപ്തിയും കഴിവുമൊക്കെ ഉപയോഗപ്പെടുത്തണമെങ്കിൽ കാര്യമായി ഫണ്ട് കൊടുക്കണം. ബഡ്ജറ്റ് പ്രൊവിഷനായി 129 കോടി രൂപയാണ് ആകെ കൊടുത്തിട്ടുള്ളതെന്ന് അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റുണ്ടായിരുന്നു. അപ്പുറത്തായാലും ഇപ്പുറത്തായാലും നാടിന്റെ വികസനമെന്ന് പറയുന്നത് പരസ്പര പൂരകങ്ങളാണ്. രാഷ്ട്രീയത്തിനതീതമായി ചിന്തിക്കുകയും അതനുസരിച്ചുള്ള കാഴ്ചപ്പാടുണ്ടാവുകയും ചെയ്താൽ മാത്രമേ നാടിന് വികസനമുണ്ടാകൂ. ഒരു ഗവൺമെന്റ് തുടങ്ങിവയ്ക്കുന്ന വർക്ക് പൂർത്തിയായില്ലെങ്കിൽ തീർച്ചയായും അത് അടുത്ത ഗവൺമെന്റിലേയ്ക്ക് എത്തും. ചെറിയൊരു ഉദാഹരണം പറയാം. 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് എക്സ്പ്രസ് ഹൈവേ എന്നൊരു പദ്ധതി കൊണ്ടുവന്നു. ആ പദ്ധതിയെ അപ്പുറത്തുള്ളവർ ശക്തമായി എതിർത്തു. അന്ന് ആ പദ്ധതി വന്നിരുന്നെങ്കിൽ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേയ്ക്ക് നാല് മണിക്കൂർ കൊണ്ട് എത്താൻ കഴിയുന്ന റോഡുണ്ടാകുമായിരുന്നു. ഇന്നിപ്പോൾ 15 വർഷം കഴിഞ്ഞു. അന്ന് ആ റോഡുണ്ടാക്കിയിരുന്നെങ്കിൽ ഇന്ന് എത്രമാത്രം വികസനം നമ്മുടെ നാട്ടിലുണ്ടാകുമായിരുന്നു. ഇന്നിപ്പോൾ ഭൂമി ഏറ്റെടുക്കണമെങ്കിൽ വലിയ തുക കൊടുക്കണം. തുക കൊടുത്താൽപോലും ഭൂമി ഏറ്റെടുക്കാൻ കഴിയില്ല. സെൻട്രൽ ആക്ട് അനുസരിച്ച് സോഷ്യൽ ആഘാത പഠനം നടത്തണം. സോഷ്യൽ ആഘാത പഠനം നടത്താൻ ഇപ്പോൾ ഏജൻസിയില്ല. കഴിഞ്ഞ ദിവസം ഒരു പാലത്തിനു

വേണ്ടി സ്ഥലമെടുക്കാൻ ചെന്നപ്പോൾ അഞ്ച് ഏക്കറിന് മുകളിലായതിനാൽ സോഷ്യൽ ആഘാത പഠനം നടത്താനുള്ള ഏജൻസിയില്ലാത്തതുകൊണ്ട് അതിന്റെ പഠനം നടക്കുന്നില്ല. സ്ഥലമെടുപ്പ് എന്നുപറയുന്നത് എപ്പോഴും ഒരു മരീചികയായി മാറുകയാണ്. ഒരിക്കലും അത് നടത്താൻ കഴിയില്ല. ഏതെങ്കിലും ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലമെടുപ്പുണ്ടെങ്കിൽ ആ പദ്ധതി നടക്കത്തില്ല. പ്രത്യേകിച്ചും പുതിയ സെൻട്രൽ ആക്ട് വന്നതോടുകൂടി ചുരുങ്ങിയത് 15 വർഷം കഴിഞ്ഞതിനുശേഷമേ ആ പദ്ധതി പൂർത്തിയാകൂ. കേരളത്തിൽ സ്ഥലമെടുക്കുന്നതിന് ഒരുപാട് നൂലാമാലകളുണ്ട്, പൊന്നും വിലയെന്ന് പറഞ്ഞാൽ പോര, അടുക്കാൻ പറ്റാത്ത വില. തിരൂരിലടക്കം ഒരു സെന്റിന് ഒരു കോടി രൂപ വരെയുണ്ട്. ഒരു സമാന്തര പാലമുണ്ടാക്കാൻവേണ്ടി കഴിഞ്ഞ ദിവസം സ്ഥലമെടുപ്പിന് ഉദ്യോഗസ്ഥർ വന്നു. റവന്യൂ വകുപ്പിനെക്കൊണ്ട് സർവ്വേ നടത്തിച്ചപ്പോൾ പത്തര സെന്റ് ഭൂമി ഫ്രീയായി കിട്ടി. സ്ഥലമെടുപ്പിന്റെ ആവശ്യമുണ്ടായില്ല. പത്തരക്കോടി രൂപ ഗവൺമെന്റിന് ലാഭമായി. ഇതുപോലെ കയ്യേറുന്ന ധാരാളം സ്ഥലങ്ങളുണ്ട്. ഗവൺമെന്റിന് ഭൂമിയുണ്ട്. നേരത്തെ ഉണ്ടായിരുന്ന സർക്കാർ ഭൂമി അന്യാധീനപ്പെട്ടുപോകുന്നത് പിടിച്ചുനിർത്താനോ പരിശോധിക്കാനോ ഉള്ള സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇനി ഇവിടെ എലിവേറ്റഡ് ഹൈവേയാണ് നല്ലത്. കാസർഗോഡ് നിന്നും തിരുവനന്തപുരത്തേയ്ക്ക് വരാൻ എലിവേറ്റഡ് ഹൈവേ അതായത് രണ്ടോ മൂന്നോ ലെയറിൽ റോഡുണ്ടാക്കാം. നാലുവരി എന്നത് എട്ടുവരി ആയിക്കോട്ടെ. അതിനായി എടുക്കുന്ന ഭൂമി ആരുടേതാണോ അതവർക്ക് സൗജന്യമായി വിട്ടുകൊടുക്കാം. എങ്കിൽപ്പോലും അത് ലാഭമാണ്. ഇതിന്റെ കൺസ്ട്രക്ഷൻ കോസ്റ്റ് പരിശോധിച്ചാൽ ആർക്കും തടസ്സമില്ലാതെ മനോഹരമായി എത്രയും പെട്ടെന്നുണ്ടാക്കാൻ കഴിയുന്ന ആ പദ്ധതിയെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പഞ്ചായത്ത് റോഡുകൾ ഒരിക്കൽ സർക്കാർ ഏറ്റെടുത്തു. ഇപ്പോൾ വീണ്ടും വിട്ടുകൊടുത്തു. എന്റെ നിയോജകമണ്ഡലത്തിൽ 12 മീറ്റർ വീതിയുള്ള പ്രൈമറി സ്കീമിൽപ്പെട്ട മനോഹരമായ റബ്ബറൈസ്ഡ് റോഡുണ്ട്. ഗവൺമെന്റ് ഏറ്റെടുത്തിട്ടില്ല. മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന റോഡാണ്. കേരളത്തിൽ അങ്ങനെയുള്ള റോഡുകൾ ഗവൺമെന്റ് ഏറ്റെടുക്കാൻ തീർച്ചയായും നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ ഗവൺമെന്റ് കാര്യമായൊന്നും ചെയ്തില്ലായെന്ന് നേരത്തെ ഇവിടെ പറയുകയുണ്ടായി. ഒരിക്കലും ഒരു ഗവൺമെന്റിനു മാത്രമായി ഒന്നും ചെയ്യാൻ കഴിയില്ല. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ കാലത്ത് എറണാകുളത്തും മലപ്പുറത്തും മാത്രമാണ് വർക്ക് ചെയ്തതെന്ന് ഇവിടെ ആരൊക്കെയോ പ്രസംഗിക്കുന്നത് കേട്ടു. കഴിഞ്ഞ ദിവസം കണ്ണൂർ പട്ടുവം പാലത്തിന്റെ ഉദ്ഘാടനം വളരെ മനോഹരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ആ പാലം ആരാണ് നിർമ്മിച്ചത്? കണ്ണൂർ ജില്ലയിൽ ശ്രീ. റ്റി. വി. രാജേഷിന്റെയും ശ്രീ. കെ. എം. ഷാജിയുടെയും മണ്ഡലങ്ങളിൽ കെ.എസ്.ടി.പി. രണ്ടാം ഘട്ടം പണി നടത്തിയല്ലോ. ആലപ്പുഴ ബൈപ്പാസ് ആരാണ് നിർമ്മിച്ചത്? 31 വർഷമായി കിടന്നിരുന്ന ആ സ്ഥലത്ത് 50 ശതമാനം സെൻട്രൽ ഗവൺമെന്റ് ഫണ്ടും 50 ശതമാനം സ്റ്റേറ്റ് ഗവൺമെന്റ് ഫണ്ടും

ഉപയോഗിച്ച് ചെയ്തതാണ്. കൊല്ലം ബൈപ്പാസ് ആരാണ് നിർമ്മിച്ചത്; അതിന് ഫണ്ട് അനുവദിച്ച് നടപടി സ്വീകരിച്ചത് ആരാണ്? കല്യാണം കഴിഞ്ഞാൽ പത്തുമാസം കഴിഞ്ഞാലല്ലേ പ്രസവിക്കുകയുള്ളൂ. അല്ലാതെ പിറ്റേന്ന് പ്രസവിക്കുമോ? സ്വാഭാവികമായും നമുക്ക് അതിനുള്ള സാവകാശമുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു വൈറ്റ് പേപ്പർ അവതരിപ്പിക്കാൻ തയ്യാറാണ്. കഴിഞ്ഞ ഗവൺമെന്റ് 245 പാലം പണിതു. ഇതെല്ലാം ഈ രണ്ട് ജില്ലയിൽ മാത്രമാണോ ചെയ്തത്; കേരളത്തിലെ ഏത് മണ്ഡലത്തിലാണ് കിട്ടാത്തത്? നിങ്ങളിൽ പ്രഗത്ഭരായ ധാരാളം മന്ത്രിമാരുണ്ട്. അപ്പുറമായാലും ഇപ്പുറമായാലും ഉള്ളത് അംഗീകരിക്കാൻ നാം തയ്യാറാകണം. അതിന് വിശാല മനഃസ്ഥിതി കാണിക്കണം. രാഷ്ട്രീയമായ സങ്കുചിതത്വം വച്ചുകൊണ്ട് രാജ്യത്തിന്റേയോ ഒരു നാടിന്റേയോ വികാസം തടസ്സപ്പെടാൻ പാടില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, അത് അംഗീകരിച്ചു.

ശ്രീ. സി. മമ്മൂട്ടി: സർ, തീർച്ചയായും അംഗീകരിക്കണം. കാരണം ഭരണപക്ഷമായാലും പ്രതിപക്ഷമായാലും വിശാലമായ കാഴ്ചപ്പാടുണ്ടെങ്കിൽ മാത്രമേ അത് നടക്കുകയുള്ളൂ. അതിൽ വാശിപിടിക്കേണ്ട കാര്യമില്ല. പ്രാക്ടിക്കലായി ചിന്തിക്കുന്നതുകൊണ്ട് ശ്രീ. ഇ. പി. ജയരാജന് അത് ഉൾക്കൊണ്ടേ മതിയാകൂ. അല്ലാതെ നെഗറ്റീവായി ചിന്തിക്കാൻ കഴിയില്ല.

ഇപ്പോൾ ഉദ്ഘാടനം ചെയ്യുന്ന പാലങ്ങളെല്ലാം ഈ ഗവൺമെന്റ് നിർമ്മിച്ചതാണോ? സ്വാഭാവികമായും ഈ ഗവൺമെന്റ് ചെയ്ത പല നിർമ്മാണങ്ങളും അടുത്ത ഗവൺമെന്റ് വരുമ്പോൾ ആ ഗവൺമെന്റ് ഉദ്ഘാടനം ചെയ്യും. ഇത് കുടുംബ സ്വത്തൊന്നുമല്ലല്ലോ? നാടിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ ചെയ്തുകഴിയുമ്പോൾ ആ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുകൊണ്ട് അവർ ഒന്നിനും കൊള്ളാത്തവരും പുതിയതായി വരുന്ന ഗവൺമെന്റ് എല്ലാത്തിനും കൊള്ളുന്നവരെന്നും അർത്ഥമില്ല. വിശാലമായ കാഴ്ചപ്പാടാണ് നമുക്കുണ്ടാകേണ്ടത്.

കോഴിക്കോട് ജില്ലയിൽ ഇപ്പോൾ തലങ്ങും വിലങ്ങും ഹൈവേ കൊണ്ട് നിറയും. കാരണം അവിടെ നിരന്തരമായ പണിയാണ്. ഡോ. എം. കെ. മുനീറിന്റെയും ശ്രീ. എ. പ്രദീപ് കുമാറിന്റെയും മണ്ഡലത്തിൽക്കൂടി ഞാൻ കടന്നുപോകുമ്പോൾ എത്രമാത്രം റോഡുകളാണ് അവിടെ വന്നിരിക്കുന്നത്. കൂടാതെ സിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രം അനുസരിച്ച് ഫ്ലൈ ഓവറും വന്നിരിക്കുന്നു. അങ്ങനെ ധാരാളം പദ്ധതികൾ വരുന്നു. നമ്മൾ അതിനെയൊക്കെ ഉൾക്കൊള്ളാനും അതനുസരിച്ച് മുന്നോട്ടുപോകാനും തയ്യാറാകണം. അല്ലാതെ ഒന്നിനേയും സങ്കുചിതമായി കാണാൻ പാടില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കാലതാമസമുണ്ടായ കേസ്സുകളിൽ ഇപ്പോൾ സെൻട്രൽ ആക്ട് അനുസരിച്ചു മാത്രമേ സ്ഥലമെടുപ്പ് പാടുള്ളൂവെന്ന് പലരും നിർദ്ദേശം കൊടുക്കുന്നു. സെൻട്രൽ ആക്ട് അനുസരിച്ചാണെങ്കിൽ സോഷ്യൽ ആഘാതപഠനം നടത്താൻ ആളില്ല. അങ്ങനെയുണ്ടെങ്കിൽ തന്നെ ആറ് മാസം അവർക്ക് സമയം കൊടുക്കണം.

ഇപ്പോൾ കിഫ്ബി പദ്ധതിയെക്കുറിച്ച് പറഞ്ഞല്ലോ; ധാരാളം പദ്ധതികൾ ഇവിടെ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബിയുടെ പദ്ധതി കൊടുത്തു; അതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ എങ്ങനെയായാലും 5-8 മാസമെടുക്കും. സോഷ്യൽ ആഘാതപഠനം നടത്തേണ്ട സ്ഥലമെട്ടപ്പുണ്ടെങ്കിൽ ആറ് മാസം അവർക്കുവേണ്ടി മാത്രം വേണം. ഞാൻ ചോദിക്കട്ടെ, ഇതൊക്കെ എപ്പോഴാണ് നടക്കുന്നത്? ഇതിന്റെ പരിപാടി സമയബന്ധിതമായി തീർക്കാനും ഇതനുസരിച്ച് മുന്നോട്ടുകൊണ്ടുപോകാനും തയ്യാറായാൽ മാത്രമേ നമ്മുടെ പല പദ്ധതികളും പ്രായോഗികമായി പൂർത്തിയാക്കാൻ കഴിയുകയുള്ളൂവെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, റേഷൻ കാർഡിൽ ബി.പി.എൽ. കുടുംബമെന്ന് പറഞ്ഞ് അനർഹരായ ആളുകൾ റേഷൻ വാങ്ങുന്നു; അർഹതപ്പെട്ട പലർക്കും കൊടുക്കുന്നുമില്ല; ഇത് വ്യാപകമായിട്ടുണ്ട്. ഇത് പരിശോധിക്കുകയും റേഷൻ കാർഡ് കൃത്യമായും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനുള്ള പരിപാടി ആവിഷ്കരിക്കുകയും ചെയ്യണം. പൊതുവിതരണം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കൂടുതൽ കടക്കുന്നില്ല. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കണം. ഗ്രാമസഭ കൂടിയതുകൊണ്ടോ അല്ലെങ്കിൽ കുറച്ച് ആളുകൾ പോയി സർവ്വേ നടത്തിയതുകൊണ്ടോ മാത്രം ഇതിനൊരു പരിഹാരമാവില്ല. വസ്തുതാപരമായി പരിശോധിക്കാൻ, നേരത്തെ ഉണ്ടായിരുന്നതിൽ യോഗ്യതയുള്ള ആളുകൾ പുറന്തള്ളി പോകുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ, ബി.പി.എൽ. എന്നുപറഞ്ഞാൽ പല ആനുകൂല്യങ്ങളും ഘടകമായി കണക്കാക്കുന്ന ഒരു മാനദണ്ഡം എന്നുള്ള നിലയ്ക്ക് അക്കാര്യങ്ങൾക്കൂടി ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പൊതുമരാമത്ത് വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ് എന്നീ രണ്ട് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഒന്ന് നമ്മുടെ നാടിന്റെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യം വച്ചുകൊണ്ട് മുന്നോട്ടു പോകുന്ന വകുപ്പും മറ്റൊന്ന്, മനുഷ്യന്റെ ആഹാര സൗകര്യ വികസനം മുൻനിർത്തി പ്രവർത്തിക്കുന്ന വകുപ്പുമാണ്. ഈ രണ്ട് വകുപ്പുകളിലും പ്രതിപക്ഷത്തിന്റെ പോലും പ്രശംസ പിടിച്ചുപറ്റാവുന്ന നിലയിൽ ഏറ്റവും പ്രഗത്ഭരായിട്ടുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ, കഴിഞ്ഞ പത്തുമാസത്തിലേറെയായി നടക്കുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് ഇവിടെ ചർച്ചകളൊക്കെ നടന്നത്. പ്രതിപക്ഷത്തെ ചിലർ ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് സംസാരിച്ച സമയത്ത് സർക്കാരിന്റെ ഭാഗത്തു നിന്ന് എന്തെല്ലാമോ അപാകതകളുണ്ടായി എന്നുള്ള ധ്വനിയിൽ സംസാരിച്ചു. ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് പൊതുവിതരണം താറുമാറാക്കാൻ പോകുന്നു എന്ന് സൂചിപ്പിച്ചു. കഴിഞ്ഞ അഞ്ചുവർഷക്കാലം കൗണ്ടർ വച്ച് പണം പിരിച്ച വകുപ്പാണിത്. എന്തിനാണ് കൗണ്ടർ വച്ച് പണം പിരിച്ചത്? താലൂക്ക് സപ്ലൈ ഓഫീസർമാരുടെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗിന് ഒന്നര-രണ്ടു ലക്ഷം രൂപ, ഹോൾസെയിൽ ഏജൻസികൾക്ക്

കൊടുക്കാൻ 60 ലക്ഷം രൂപ, ഇതൊക്കെ അന്ന് ധാരാളം ചർച്ച ചെയ്യപ്പെട്ടതാണ്. ആ തത്രപ്പാടിനിടയിൽ നിങ്ങൾ ചെയ്യാൻ മറന്നുപോയ കാര്യങ്ങളാണ് ഈ പത്തു മാസമായി ഓരോന്നോരോന്നായി ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് ഞങ്ങളുടെ ഭാഗത്തുനിന്ന് സംസാരിച്ചതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. പൊതുവിതരണത്തിന്റെ കാര്യം നമുക്കറിയാം. മാവേലി സ്റ്റോറുകളിലൂടെയും സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിലൂടെയും ന്യായവിലയ്ക്ക് ലഭ്യമായിരുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ എണ്ണം നിങ്ങൾ കുറച്ചില്ലേ? അന്ന് അഞ്ച് ഇനം സാധനങ്ങൾ നിങ്ങൾ ഒഴിവാക്കി; ആവശ്യത്തിന് സാധനമുണ്ടായിരുന്നില്ല. ഉത്സവകാലത്ത് വിലക്കയറ്റത്തിന്റെ ആഘാതത്തിൽനിന്ന് ആളുകൾക്ക് ആശ്വാസം നൽകുന്നതിനു വേണ്ടി ഉത്സവകാല ചന്തകൾ നടത്തിയിരുന്നത് ഓണക്കാലത്ത് പേരിനുമാത്രം നടത്തുന്ന ഒരു ചന്തയായി മാറി. ഈ ഗവൺമെന്റ് വന്നതിനുശേഷം വീണ്ടും കോഴിക്കോട്ടും എറണാകുളത്തും തിരുവനന്തപുരത്തും മാത്രമുണ്ടായിരുന്ന മെട്രോ ഫെയർ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. മലപ്പുറം ജില്ലയിൽ അങ്ങനെയൊരു മെട്രോ ഫെയർ നടത്തുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണെന്നും മുമ്പൊരിക്കലും നടത്തിയിട്ടില്ലായെന്നും ലീഗിലെ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞല്ലോ; അതുപോലെ ക്രിസ്തുമസ്സിനും റംസാനും ഓണത്തിനും വിഷുവിനുമൊക്കെയുള്ള ചന്തകൾ നേരത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന രീതിയിലേയ്ക്ക് തിരിച്ചുവന്നു. ചന്ത നടത്തുക മാത്രമല്ല, സാധനങ്ങളും ലഭ്യമാക്കി. അതുപോലെ പൊതുവിതരണ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി അവസാന ബഡ്ജറ്റിൽ നിങ്ങൾ അലോട്ട് ചെയ്തത് 65 കോടി രൂപയാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ ആദ്യത്തെ ബഡ്ജറ്റിൽ തന്നെ 150 കോടി രൂപ അനുവദിച്ചു. ബഹുമാനപ്പെട്ട മന്ത്രി അതിന്റെ വിശദാംശം പറയും. ചിലപ്പോൾ 200 കോടിയിലധികം രൂപ ചെലവ് ചെയ്തിട്ടുണ്ടാവുമെന്നാണ് കരുതുന്നത്. ഇതാണ് വ്യത്യാസം. ഭക്ഷ്യഭദ്രതാ നിയമം കേരളത്തിനും കൂടി അനുകൂലമാകുന്ന നിലയിൽ നടപ്പാക്കുന്നതിൽ നിങ്ങൾ മൂന്നുവർഷം വൈകിപ്പിച്ചത് എന്തിനാണ്? 300-ഓളം വരുന്ന ഹോൾസെയിൽ കച്ചവടക്കാർക്കുവേണ്ടിയാണ് അത് ചെയ്തത്. ഭക്ഷ്യഭദ്രതാ നിയമം വരുമ്പോൾ അവർ ഒഴിവാകും. എന്നാൽ പരമാവധി ഗുണം അവർക്ക് കിട്ടട്ടെയെന്ന് കരുതിയാണ് ഇത് ചെയ്തത്.

ഇവിടെ റേഷൻ കാർഡിന്റെ കാര്യം പറഞ്ഞു. റേഷൻ കാർഡ് പുതുക്കാത്തതിന് ഞങ്ങളോട് പറയുന്നത് എന്തിനാണ്? ശ്രീ. സി. ദിവാകരൻ നേരത്തെ ഭക്ഷ്യ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ഞങ്ങൾ പുതുക്കിയതാണ്. ഇത് പുതുക്കേണ്ടത് 2012-ലായിരുന്നു; നിങ്ങൾ എന്തുചെയ്യുകയായിരുന്നു? 2012, 2013, 2014, 2015 എന്നീ വർഷങ്ങൾ കഴിഞ്ഞിട്ടും നിങ്ങൾ ഒന്നും ചെയ്തില്ല. നിങ്ങൾ കൗണ്ടർ വച്ച് പണം പിരിക്കുന്നതിൽ അഭിരമിച്ചിരിക്കുകയായിരുന്നു. അതാണ് സംഭവിച്ചത്. ആ കാര്യങ്ങൾ ഓരോന്നും ഇപ്പോൾ പരിഹരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഭരിച്ചിരുന്നത് അഴിമതിയുടെ രാജാക്കന്മാരാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് ഭരിച്ചിരുന്നത് അഴിമതിയുടെ ചക്രവർത്തി പട്ടം കിട്ടിയവരാണ്; ഭരണാധികാരികളും ഉദ്യോഗസ്ഥരുമെല്ലാം ചേർന്നതാണത്. പൊതുമരാമത്ത് വകുപ്പ്

അഴിമതിയെ മറ്റു പല വകുപ്പുകളിൽ നിന്നും, പ്രത്യേകിച്ച് ഭക്ഷ്യ വകുപ്പിൽ നിന്നും, വ്യത്യസ്തമായി നല്ലൊരു കലയായി വികസിപ്പിച്ചു. 'കലാകാരൻ പ്രിയേ'....എന്ന ഒരു പാട്ടില്ലേ; ഏതാണ്ട് അതുപോലെയാണ്. ആ പാട്ട് എനിക്ക് ഓർമ്മയില്ല. 'അഴിമതി' എന്ന കല അതിസുന്ദരമായി നടപ്പാക്കിയ ഒരു സംവിധാനമായിരുന്നു കൺസ്ട്രക്ഷൻ കോർപ്പറേഷൻ. ആ കൺസ്ട്രക്ഷൻ കോർപ്പറേഷന് നേരിട്ട് പ്രവൃത്തി ഏറ്റെടുക്കാനുള്ള സംവിധാനമില്ല. ഗവൺമെന്റിന്റെ ഏജൻസിയാണെന്ന് പറഞ്ഞു കൊണ്ട് അവർക്ക് വർക്ക് കൊടുക്കും. 10 ശതമാനം കൂടുതൽ ക്വാട്ട് ചെയ്താൽ അവർക്ക് കൊടുക്കാം. അവർ സബ് ആയിട്ട് ഇവരുടെ സ്വന്തക്കാരും ബന്ധുക്കളുമായ കോൺട്രാക്ടേഴ്സിന് കൊടുക്കും. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കോൺട്രാക്ടേഴ്സ് വർക്ക് എടുത്തിട്ട് കുറേക്കാലം വർക്ക് ചെയ്യാതിരിക്കും. പിന്നെ പറയും, ഈ റേറ്റനുസരിച്ച് വർക്ക് ചെയ്യാനാവില്ല എന്ന്. അങ്ങനെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കും. റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നുപറഞ്ഞാൽ, ഓരോ പദ്ധതിയിലും 35-ഉം 40-ഉം കോടിയിലധികം രൂപയാണ് വരുന്നത്. അങ്ങനെയല്ലെന്ന് അന്ന് ആ വകുപ്പ് കൈകാര്യം ചെയ്ത മന്ത്രി പറയട്ടെ. അദ്ദേഹം ഇവിടെ ഇരിപ്പുണ്ട്. ഇതിന് കൂട്ടുനിന്നത് ഇവിടത്തെ ഉദ്യോഗസ്ഥ പ്രമാണിമാരായിരുന്നു. അങ്ങനെ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മറവിൽ കോൺട്രാക്ടർമാർ കൊള്ള ലാഭം നടത്തി. അന്ന് ഭരണത്തിന്റെ തലപ്പത്തിരുന്നവരും അതിന് നേതൃത്വം കൊടുത്തവരും ഉദ്യോഗസ്ഥരും അതുപോലെ ഭരിച്ച പാർട്ടിയും ആളുകളുമെല്ലാം അതിന്റെ പങ്ക് പറ്റുകയാണ് ചെയ്തത്. ഇപ്പോൾ നിരവധി വിജിലൻസ് കേസ്സുകൾ അതിന്റെ പേരിലുണ്ട്.

എൽ.ഡി.എഫ്. വന്നു എല്ലാം ശരിയായിയെന്നു പറഞ്ഞില്ലേ, എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ എല്ലാം ശരിയായി. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മറവിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന കൊള്ളയെന്ന കലാപരിപാടി അവസാനിപ്പിച്ചു. അതാണ് എൽ.ഡി.എഫ്. വന്നപ്പോൾ എല്ലാം ശരിയായത്. ഇതാണ് വ്യത്യാസം. റിലയൻസ്, എയർടെൽ പോലുള്ള കമ്പനികൾക്ക് റോഡ് കട്ടിംഗിനുവേണ്ടി പെർമിഷൻ നൽകുന്ന കാര്യം ശ്രദ്ധിക്കപ്പെടാതെ പോയ ഒരു വിഷയമാണ്. റിട്ടയർ ചെയ്ത പോലീസ് ഓഫീസർമാരെയാണ് റിലയൻസ് കമ്പനി അതിന്റെ തലപ്പത്ത് നിയമിക്കുന്നത്. അവർ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുമായി ആവശ്യമായ ഡീലിംഗ്സ് നടത്തും. പുതിയ ടെക്നോളജി വരുന്നതിന്റെ ഭാഗമായി റോഡ് കട്ടിംഗ് നടത്തേണ്ടിവരും. അവരുമായി ചേർന്നുകൊണ്ട് റോഡ് കട്ടിംഗിന്റെ ഭാഗമായി പി.ഡബ്ല്യു.ഡി.-യിൽ അടയ്ക്കേണ്ട തുക അടയ്ക്കില്ല. പേരിന് ഐ.റ്റി. വകുപ്പിൽ ചില്ലറ പൈസ അടയ്ക്കും. പണം മുഴുവൻ ഈ ഭരണത്തിന് നേതൃത്വം കൊടുത്ത, അന്ന് പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്ത ആൾക്കാർ വാങ്ങിക്കും. ഇത് അക്കാലത്ത് നടന്ന ഏറ്റവും വലിയ അഴിമതിയാണ്. കഴിഞ്ഞ സർക്കാരിന്റെ നല്ല പ്രവർത്തനങ്ങളെ അംഗീകരിക്കുകയും തെറ്റായ പ്രവർത്തനങ്ങളെ വിമർശിക്കുകയും ചെയ്യും. ഈ അഴിമതി സംബന്ധിച്ച് ഒരു അന്വേഷണവും ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് പ്രത്യേകമായി വിജിലൻസ്

വകുപ്പിനെയോ അല്ലെങ്കിൽ ഏതെങ്കിലും ഏജൻസിയെയോ ചുമതലപ്പെടുത്തി ഇതുസംബന്ധിച്ച് അന്വേഷണം നടത്തണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. നേരത്തെ സംസാരിച്ചവർ പി.ഡബ്ല്യു.ഡി.-യിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ വിശദമായി പറഞ്ഞു. കേരള ചരിത്രത്തിലെ ഏറ്റവും വലിയ വികസനക്കുതിപ്പിന് കളമൊരുക്കുന്ന അടിസ്ഥാന സൗകര്യവികസനങ്ങളാണ് നടക്കാൻ പോകുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മുമ്പ് ഉണ്ടായിരുന്ന കണ്ടീഷനുകളിൽ നിന്നും വളരെ ഉദാരമായ കണ്ടീഷനുകളിലാണ് ഇന്ന് റോഡ് കട്ടിംഗ് നടക്കുന്നത്. ഇന്ന് റോഡ് കട്ടിംഗ് നടക്കുന്നില്ലേ; അതങ്ങ് വ്യക്തമാക്കണം. ഇന്ന് കേരളത്തിൽ മൊത്തത്തിൽ റോഡ് കട്ടിംഗ് നടക്കുന്നു. കൊച്ചി നഗരത്തിലായാലും വേറെ എവിടെയാണെങ്കിലും ഗ്രാമങ്ങളിലായാലും റോഡ് കട്ടിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെപ്പറ്റി എന്താണ് അങ്ങ് പറയുന്നത്; അതിന്റെ വ്യവസ്ഥ മാറിയോ? വ്യവസ്ഥ ഉദാരമാക്കി പുതിയ ഗവൺമെന്റ് ഓർഡർ വന്നിട്ടുണ്ട്. ആ ഓർഡർ വച്ച് പലരും കളിക്കുകയാണ്. അത് പരോക്ഷമായി സൂചിപ്പിക്കാനായിരിക്കാം അങ്ങ് ഇപ്പോൾ ഇക്കാര്യം പ്രത്യേകം സൂചിപ്പിച്ചതെന്നാണ് ഞാൻ കരുതുന്നത്. അതിൽ എന്ത് അന്വേഷണം വന്നാലും നേരിടാൻ ഞാൻ തയ്യാറാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പറയാനുള്ളത് പറയും. ഒരു കാര്യം വ്യക്തമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് എന്ത് നടപടിയുണ്ടായാലും അതിന് കൃത്യമായ വ്യവസ്ഥയുണ്ടാകും. നിങ്ങളുടെ കാലത്ത് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള തീവെട്ടിക്കൊള്ളയ്ക്ക് വിരാമമിട്ടതുപോലെ തന്നെ ഓരോ രംഗത്തും അതുണ്ടാകും. റോഡ് കട്ടിംഗിന് പെർമിഷൻ കൊടുക്കുമോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. റോഡ് കട്ടിംഗ് അനുവദിക്കുന്ന സമയത്ത് സർക്കാരിന്, പി.ഡബ്ല്യു.ഡി.-യ്ക്ക് പണം കിട്ടണം. ഐ.റ്റി. ഡിപ്പാർട്ടുമെന്റിനെ മറയാക്കി നിങ്ങൾ നടത്തിയ തീവെട്ടി കൊള്ളയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീ. ടി. ഒ. സൂരജ് എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ റോഡ് കട്ടിംഗ് അനുവദിച്ചുകൊണ്ട് ഒരു ഉത്തരവിറക്കി. ബഹുമാനപ്പെട്ട മുൻമന്ത്രി അത് സ്റ്റോപ്പ് ചെയ്തു. അതിനുശേഷം അക്കാലത്തുതന്നെ എല്ലാ ജില്ലകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഉദാരമായി റോഡ് കട്ടിംഗ് നടത്താൻ മന്ത്രിയുടെ ഓഫീസിൽനിന്നും നിർദ്ദേശം നൽകുമായിരുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അന്ന് കൊടുത്തിരുന്നു. അങ്ങനെ കൊടുത്തത് ഞാൻ പോയി തടഞ്ഞിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ പറഞ്ഞത് അർദ്ധ സത്യമാണ്. അത്തരത്തിലൊരു ഉത്തരവ് എന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ഞാൻ അത് റദ്ദ് ചെയ്തു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്നും പോയിട്ട് പതിനൊന്ന് മാസമായി. ഇപ്പോഴും റോഡ് കട്ടിംഗ് നടക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് കൊടുത്തതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് നിങ്ങൾ ഇപ്പോൾ റോഡ് കട്ടിംഗ് അനുവദിക്കുന്നത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, എന്റെ നിലപാട് ഞാൻ പറഞ്ഞുകഴിഞ്ഞു. അതെല്ലാം പരിശോധിക്കട്ടെ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് controversy ഉണ്ടാക്കുന്ന ഒരു കാര്യവും പറഞ്ഞിട്ടില്ല. ശ്രീ. ടി. ഒ. സൂരജ് ഇറക്കിയ എല്ലാ ഓർഡറുകളും നിയമ വിരുദ്ധമായിരുന്നു. മുഴുവൻ അഴിമതിയായിരുന്നു. നിങ്ങൾ അത് ന്യായീകരിക്കേണ്ട. അത് മുഴുവൻ ഞാൻ റദ്ദ് ചെയ്തു. അതിനേക്കാൾ ഉദാരമൊന്നുമല്ല. വളരെ കർശനമാണ്. ചിലർ അതും ലംഘിച്ചു. കണ്ണൂർ നാഷണൽ ഹൈവേയിൽ രാത്രിയിൽ റോഡ് കട്ട് ചെയ്തതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്തില്ലേ? റോഡ് കട്ട് ചെയ്യണ്ടെന്ന് ആര് പറഞ്ഞു; റോഡ് കട്ട് ചെയ്യാതിരിക്കാൻ സാധിക്കുമോ; വാട്ടർ അതോറിറ്റിക്ക് പൈപ്പ് ഇടണ്ടേ; ഇലക്ട്രിസിറ്റിക്കും മൊബൈൽ കമ്പനികൾക്കും കേബിളുകൾ ഇടണം. ചിലപ്പോൾ ചിലത് സാധിക്കാതെ വന്നാൽ അതിന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥപ്രകാരം അല്ലാതെ ചെയ്തതിനൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്. അത്രയും മനസ്സിലാക്കിയാൽ മതി. റോഡ് കട്ട് ചെയ്യേണ്ടിവരും. അങ്ങ് പരിശോധിച്ചാൽ മതി. ഞാനൊരു അന്വേഷണത്തിനും പോകുന്നില്ല. എന്നെ വെല്ലുവിളിക്കുകയെന്നും വേണ്ട.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിലുള്ള അഴിമതിക്ക് വിരാമമിടുക മാത്രമല്ല കഴിഞ്ഞ സർക്കാരിന് സ്വപ്നം കാണാൻ പറ്റാത്ത നിലയിൽ ഈ നാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് അരങ്ങൊരുക്കുന്ന പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. അതിൽ ഒരുപാട് കാര്യങ്ങൾ ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ഈ വർഷം തീരദേശ ഹൈവേയും മലയോര ഹൈവേയും നടത്തുന്ന പ്രവർത്തനങ്ങൾ, അത് എങ്ങനെയെങ്കിലും നടത്തുക എന്നതല്ല, വളരെ ആസൂത്രിതമായി കാര്യങ്ങൾ ചെയ്യാൻ പോകുകയാണ്. നമ്മുടെ റോഡുകൾ മികച്ച ഡിസൈനർ റോഡുകളാക്കുന്നതിനുവേണ്ടി കൈക്കൊണ്ട നടപടികളൊക്കെ ബഹുമാനപ്പെട്ട മന്ത്രിതന്നെ പലവട്ടം ഇവിടെ പറഞ്ഞിട്ടുണ്ട്. എറണാകുളം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ റീജിയണൽ ഡിസൈൻ ഓഫീസുകൾ സ്ഥാപിക്കുക എന്ന തീരുമാനം ഇതിന്റെ ഭാഗമായി നേരത്തെ തന്നെ എടുത്തിട്ടുണ്ട്. പ്രസ്തുത ഓഫീസ് കോഴിക്കോട് വേണമെന്ന് ആവശ്യപ്പെട്ട ആളാണ് ഞാൻ. അത് റോഡുകൾ നല്ല രീതിയിൽ രൂപകൽപ്പന ചെയ്യുന്നതിന് സഹായകരമായിരിക്കുമെന്നാണ് കരുതുന്നത്.

റോഡ് ഫണ്ട് ബോർഡുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളിൽ കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ രണ്ടാംഘട്ടം കൂടി ഉൾപ്പെടുത്താൻ ബഡ്ജറ്റ് അലോക്കേഷനിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അതിന് സന്നദ്ധമാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാവർക്കും ഒരുപോലെ പരിഗണന നൽകിക്കൊണ്ട് പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട പ്രവർത്തനം വളരെ നീതിപൂർവ്വം നടപ്പിലാക്കിയെന്ന് അപ്പുറത്തുനിന്നും സംസാരിച്ചവർ പറഞ്ഞു. അതിനോട് അതിശക്തമായി വിയോജിച്ചുകൊണ്ട് നേരത്തെയും ഞാൻ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഒരു നീതിയും ഇല്ലാതെ നടന്ന ഒരു വകുപ്പായിരുന്നു പി.ഡബ്ല്യു.ഡി. വകുപ്പെന്ന് ഇപ്പോഴും പറയുകയാണ്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മന്ത്രിയായിരുന്നപ്പോൾ ആ ഗവൺമെന്റിന് അഞ്ചുകൊല്ലം കൊണ്ട് 214 കോടി രൂപ അനുവദിച്ചപ്പോൾ ശ്രീമതി ഗീതാ ഗോപിക്ക് കൊടുത്തത് 2.9 കോടി രൂപ, ശ്രീ. പി. തിലോത്തമന് കൊടുത്തത് 3 കോടി രൂപ, ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് കൊടുത്തത് 3.2 കോടി രൂപ ഇങ്ങനെ ഒരു നീതിയും ഇല്ലാതെ സ്വജനപക്ഷപാതം കാണിച്ചുകൊണ്ട് തന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ച് പ്രവർത്തിച്ചു. ഒരു മന്ത്രിയും ഇതുവരെ ഇതുപോലൊരു അന്യായവും കാണിച്ചിട്ടില്ല. പരസ്പരം ആദരിക്കണം, ബഹുമാനിക്കണമെന്നൊക്കെ ശ്രീ. സി. മമ്മൂട്ടി സംസാരിച്ചപ്പോൾ പറഞ്ഞു. ശരിയാണ് ആദരവിനും ബഹുമാനത്തിനുമൊന്നും ഒരു കുറവുമില്ല. ഞങ്ങൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് പറഞ്ഞല്ലോ. അദ്ദേഹവും ഞങ്ങളോട് നീതിപൂർവ്വം പെരുമാറിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ തൊട്ടടുത്തിരിക്കുന്ന ശ്രീ. ജെയിംസ് മാത്യുവിനോട് ചോദിച്ചുനോക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. ജെയിംസ് മാത്യുവിനോട് ചോദിച്ചിട്ട് കാര്യമില്ലല്ലോ; ഞങ്ങളുടെ എല്ലാവരുടെയും അനുഭവമല്ലേ പറയുന്നത്. ഇവിടത്തെ അനുഭവമല്ലേ പറയുന്നത്. ഇതിനുമുമ്പും പി.ഡബ്ല്യു.ഡി. മന്ത്രിമാർ ഉണ്ടായിട്ടുണ്ട്. ഇത്രയും നീതികെട്ട, നെറികെട്ട നിലയിൽ പ്രവർത്തിച്ച ഒരു മന്ത്രി ഉണ്ടായിട്ടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കോഴിക്കോട് ജില്ലയിൽ അഞ്ച് കോടി രൂപ വീതം വൺടൈം മെയിന്റനൻസിന്റെ ഭാഗമായി മൂന്ന് മുസ്ലീം ലീഗ് എം.എൽ.എ.-മാർക്ക് നൽകിയപ്പോൾ എൽ.ഡി.എഫ്.-ന്റെ പത്ത് എം.എൽ.എ.-മാർക്ക് ഒന്നും നൽകിയില്ല. അന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇടപെട്ടിട്ടാണ് രണ്ട് കോടി രൂപ വീതം അനുവദിക്കാൻ അവസാനം അദ്ദേഹം നിർബന്ധിതനായത്. ഇടപെട്ടതും സഹായിച്ചതും ഞങ്ങൾ പറയും. ഞങ്ങൾക്ക് ശ്രീ. അടൂർ പ്രകാശ് ഫ്ലഡിന്റെ ഫണ്ട് നൽകിയിട്ടുണ്ട്. പക്ഷെ അതുപോലെയല്ല ഈ വകുപ്പ്. ഈ വകുപ്പിനെക്കുറിച്ച് പ്രത്യേകം പറയണം. കാരണം ഒരു നീതിയും കാണിക്കാത്ത വകുപ്പാണിത്. അത് പറഞ്ഞു കൊണ്ടേയിരിക്കും.

ഭാവിയിൽ ആരും ആ നിലയ്ക്ക് തെറ്റ് ചെയ്യാൻ പാടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്ത തെറ്റായ പ്രവൃത്തികൾ സ്വാഭാവികമായും ഇവിടെ ചർച്ചയ്ക്ക് വരുമല്ലോ? നിങ്ങൾ പറഞ്ഞ് പറയിപ്പിക്കുകയാണ്. അവിടെനിന്നും അങ്ങനെ പറഞ്ഞതുകൊണ്ടു മാത്രമാണ് എനിക്ക് വീണ്ടും പ്രതികരിക്കേണ്ടിവന്നത്. ഈ സഭ തുടങ്ങിയതിനു ശേഷം പ്രതിപക്ഷം എത്രമാത്രം പരിഹാസ്യമായ നിലപാടാണ് സ്വീകരിക്കുന്നത്. ജനാധിപത്യത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ശക്തമായ ഒരു പ്രതിപക്ഷം ആവശ്യമാണ്. പക്ഷെ പ്രതിപക്ഷം മുനയൊടിഞ്ഞ അടിയന്തര പ്രമേയങ്ങളുമായി വന്നതിനെ സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി സംസാരിച്ചു. എന്തുകൊണ്ടാണ് അങ്ങനെ; ഗവൺമെന്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുമ്പോൾ അതിനകത്തുണ്ടാകുന്ന താളപ്പിഴകളോ അപാകതകളോ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം, അടിയന്തരപ്രമേയങ്ങളൊക്കെ കൊണ്ടുവരാം. വളരെ നിസ്സാര കാര്യങ്ങൾ പറഞ്ഞു കൊണ്ട് അപഹാസ്യമായ നിലപാടാണ് പ്രതിപക്ഷം കാണിക്കുന്നത്.

മി.സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, നമുക്ക് നല്ല പ്രതിപക്ഷത്തെ ആവശ്യമാണ്. നല്ല പ്രതിപക്ഷത്തെ കിട്ടണമെങ്കിൽ ബഹുമാനപ്പെട്ട ചെയർ ഒരു ആഗോള ടെണ്ടർ വിളിക്കണം. ഇന്ത്യയിൽനിന്നും കിട്ടാനില്ല. ആഗോള ടെണ്ടർ വിളിച്ചിട്ട് എവിടെ നിന്നെങ്കിലും കൊണ്ടുവരണം.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അതെ. 'ഇടതുപക്ഷക്കാർ ശ്രീമതി സോണിയ ഗാന്ധിക്ക് സിന്ദാബാദ് വിളിക്കുന്ന ഒരു കാലം വരും' എന്ന് ബഹുമാനപ്പെട്ട എ. കെ. ആന്റണി കഴിഞ്ഞ ദിവസം പറയുകയുണ്ടായി. അദ്ദേഹത്തിന് അങ്ങനെ സ്വപ്നം കാണാം. സ്വപ്നം കാണുന്നതിന് ടാക്സ് കൊടുക്കേണ്ട കാര്യമില്ലല്ലോ?

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്. നിങ്ങൾക്കെല്ലാവർക്കും വഴങ്ങിത്തന്നിട്ടാണ് അദ്ദേഹത്തിന്റെ സമയം നീണ്ടുപോയത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. എ. കെ. ആന്റണിയെ ഇവിടെ നിന്നും പുകച്ചുചാടിച്ചത് ആരാണ്?

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇവിടെനിന്നും പുകച്ചുചാടിച്ചവർ, ഒന്നിച്ചിരുന്നവരാണ് ഇവിടെ നിൽക്കുന്നത്. അദ്ദേഹത്തിന് കോൺഗ്രസ്സിനോട് സ്നേഹമുള്ളതുകൊണ്ടാണ് ഇത് പറയുന്നത്. കാരണം കുറച്ചുനാൾ കഴിയുമ്പോൾ ശ്രീമതി സോണിയ ഗാന്ധിക്ക് സിന്ദാബാദ് വിളിക്കാൻ കോൺഗ്രസ്സിനകത്തുനിന്നും ആരും ഉണ്ടാകില്ലെന്ന് അദ്ദേഹത്തിന്

അറിയാം. പകൽ സമയം കോൺഗ്രസ്സും രാത്രിയിൽ ആർ.എസ്.എസ്.-മായി നടക്കുന്ന ഒരു സംസ്കാരം ഇതിനകത്ത് ശക്തിപ്പെട്ടു വരികയാണല്ലോ; അതുകൊണ്ട് അതിനകത്ത് ആരും ഉണ്ടാകില്ലെന്ന് അറിയാം. ഇടതുപക്ഷക്കാരെങ്കിലും ഉണ്ടാകുമെന്നാണ് അദ്ദേഹം കരുതുന്നത്. ഇവിടെ ഇപ്പോഴും യു.ഡി.എഫ്.-ന് നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ്സാണ്. കോൺഗ്രസ്സുകാർക്ക് ഇനിയെങ്കിലും ഒരു പ്രതിപക്ഷമായി ഇവിടെ നിൽക്കണമെങ്കിൽ അവർ ഇപ്പോൾ സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാട് പുനഃ പരിശോധിക്കണം. ആർ.എസ്.എസ്.-ഉം ആയി അവർക്കുള്ള രാഷ്ട്രീയ അയവേറിയ സമീപനം പുനഃപരിശോധിക്കണം. ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് പണ്ട് കേസരി പത്രത്തിൽ ഒരു ലേഖനം വന്നിരുന്നു. അതിൽ ലേഖകൻ മഹാത്മാഗാന്ധി വധിക്കപ്പെടുന്നതിനുമുമ്പ് വധിക്കപ്പെടേണ്ടത് നെഹ്റുവായിരുന്നുവെന്ന് പറഞ്ഞപ്പോൾ അതിനെതിരെ ഒരക്ഷരം ഉരിയാടാൻ കോൺഗ്രസ്സിൽ ആരുമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ആർ.എസ്.എസ്.-ന് നോവുന്നതൊന്നും പറയാൻ ഇവർ സന്നദ്ധമല്ല എന്നതുകൊണ്ടാണ്. ഇവിടെ പ്രതിപക്ഷ നേതൃസ്ഥാനം പോലും നിയമം വഴി സ്ഥാപിതമായതാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. പ്രദീപ്കുമാർ: സർ, കേരളത്തിലെ ആദ്യത്തെ ഇ.എം.എസ്. ഗവൺമെന്റിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന ഒരു സന്ദർഭം കൂടിയാണിത്. ബഹുമാനപ്പെട്ട ചെയർ മുൻകയ്യെടുത്ത് അതിന്റെ ആഘോഷ പരിപാടികൾ നടത്തി. ആ പരിപാടി സംഘടിപ്പിക്കുന്ന സമയത്ത് ആ ഗവൺമെന്റ് എങ്ങനെയായിരുന്നു അട്ടിമറിക്കപ്പെട്ടത് എന്നതുൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ടത് സഭയാണ്. ആ സർക്കാരിനെ അട്ടിമറിച്ച പാപ പങ്കിലമായ ചരിത്രത്തിൽനിന്ന് യു.ഡി.എഫ്.-ന് ഒഴിഞ്ഞുമാറാനാകില്ല എന്ന കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞാൻ സംസാരിക്കുന്നതിനുമുമ്പ് ശ്രീ. എ. പ്രദീപ് കുമാർ നല്ല ഒരു പ്രതിപക്ഷത്തെക്കിട്ടാൻ ആഗോള ടെണ്ടർ വിളിക്കേണ്ട അവസ്ഥയെക്കുറിച്ച് പറഞ്ഞു. അതിന്റെ ആവശ്യമില്ല. ശ്രീ. കാനം രാജേന്ദ്രൻ തന്നെ ഏറ്റവും നല്ല പ്രതിപക്ഷമായി കേരളത്തിൽ നിൽക്കുകയാണ്. പിന്നെ എന്തിനാണ് ആഗോള ടെണ്ടർ വിളിക്കുന്നത്? അതിന്റെ ആവശ്യം നമുക്കില്ല. അതൊന്ന് പറഞ്ഞിട്ട് തുടങ്ങാമെന്ന് വച്ചു.

രണ്ട് വകുപ്പുകളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. രണ്ട് വകുപ്പും മറ്റെല്ലാ വകുപ്പുകളെയുംപോലെ തന്നെ പ്രധാനപ്പെട്ടതാണ്. പക്ഷേ ജനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകളാണ്. നമ്മുടെ റോഡുകൾ മോശമായാൽ ജനങ്ങൾ മുഴുവൻ അതിന്റെ ദുരിതമനുഭവിക്കും. ഭക്ഷ്യരംഗത്ത് പാളിച്ചയുണ്ടായാൽ അടുക്കളയിലെ ചൂടിനെക്കാൾ അധികമായിരിക്കും നമ്മുടെ അമ്മമാരുടെ നെഞ്ചിലെ ചൂട്. ഇത് രണ്ടും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഈ രണ്ട് കാര്യങ്ങളും രാഷ്ട്രീയമായി പരസ്പരം പറയുന്നതിനപ്പുറം ഈ ഗവൺമെന്റ് 25-ാം തീയതി ഒരു

വർഷം പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ എത്രമാത്രം കാര്യങ്ങൾ ചെയ്തുവെന്ന് ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത് പ്രത്യേകിച്ച് ഭക്ഷ്യ വകുപ്പിന്റെ കാര്യത്തിൽ. പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് ഞാൻ കൂടുതൽ പറയാത്തത് അദ്ദേഹം തന്നെ വിമർശനം നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം രണ്ടുദിവസം മുമ്പ് പറഞ്ഞത് ഒരു നല്ല വിമർശനമാണ്. നിങ്ങൾ ഇവിടെ ധാരാളം കാര്യങ്ങൾ ശരിയായിയെന്ന് പറഞ്ഞു. ശരിയാക്കാത്തതിന് ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. ശരിയാക്കാൻ തക്കരീതിയിലുള്ള ഫണ്ട് അദ്ദേഹത്തിന് ലഭിച്ചിട്ടില്ല. ലഭിച്ചത് വളരെ വൈകിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച വർക്കുകളല്ലാതെ പുതിയ എത്ര വർക്കുകൾ തുടങ്ങാൻ സാധിച്ചു; എത്രയെണ്ണത്തിന് എ.എസ്. കൊടുത്തു? അദ്ദേഹം പറഞ്ഞത് ശരിയാണ്. പല എ.എസ്.-ഉം വന്നത് ജനുവരി മാസത്തിലല്ലേ? എത്ര വൈകിയാണ് എ.എസ്. കിട്ടിയത്. വളരെ അപൂർവ്വം വർക്കുകൾക്കാണ് നേരത്തെ എ.എസ്. കിട്ടിയത്. അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട കാര്യം ഈ ഗവൺമെന്റിന്റെ കാലത്തു മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും പി.ഡബ്ല്യു.ഡി.-ക്ക് ധനകാര്യ വകുപ്പ് കുറച്ച് പണം മാത്രമേ അനുവദിക്കാറുള്ളൂ. അതിനുശേഷം ധനകാര്യ വകുപ്പിലേയ്ക്ക് പി.ഡബ്ല്യു.ഡി. ഫയൽ അയയ്ക്കണം, അതിന്റേതായ നടപടിക്രമങ്ങൾ നടത്തണം. അങ്ങേയ്ക്ക് പരിശോധിച്ചാൽ അറിയാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്രയും ഡിലേ വന്നിട്ടില്ല. ഇപ്രാവശ്യം ഒരുപാട് ഡിലേ വന്നു. അതുകൊണ്ട് ഒരു വർഷം ഏതാണ്ട് നഷ്ടമായി. ഏത് ഗവൺമെന്റ് വന്നാലും ജനങ്ങളുമായി ഏറ്റവും ബന്ധപ്പെട്ട് നിൽക്കുന്ന ധനകാര്യ വകുപ്പിന് ആദ്യം കുറച്ച് കൂടുതൽ പണം അനുവദിക്കണം. അനുബന്ധമായി കൂടുതൽ പണം അനുവദിക്കുന്ന സാഹചര്യമില്ലെങ്കിൽ നമുക്ക് പരസ്പരം പറയാമെന്നല്ലാതെ വർക്കുകൾ യഥാസമയം നടത്താൻ കഴിയില്ല. മെയിന്റനൻസ് വർക്ക് നന്നായി അദ്ദേഹം നടത്തി. പക്ഷേ മറ്റ് വർക്കുകളിൽ എത്ര എണ്ണത്തിന് എ.എസ്. കൊടുത്തു; എത്ര എണ്ണത്തിന് ടി.എസ്. കിട്ടി; ടെണ്ടർ നടപടി സ്വീകരിച്ച് എഗ്രിമെന്റുവച്ച് എത്ര വർക്കുകൾ തുടങ്ങാൻ സാധിച്ചു? കേരളത്തിൽ ധാരാളം വർക്കുകൾ നടക്കുന്നു, റോഡുകളൊക്കെ മനോഹരമായി എന്നൊക്കെ പറഞ്ഞ് അദ്ദേഹത്തെ പോലുള്ള ഒരാളെ തെറ്റിദ്ധരിപ്പിക്കണോ? അദ്ദേഹം ചെയ്യുമായിരിക്കും. അദ്ദേഹത്തിന് ആഗ്രഹമുണ്ട്. അദ്ദേഹം അത് പറയുന്നു. പക്ഷേ വളരെ അപൂർവ്വം വർക്കുകൾ മാത്രമാണ് എല്ലാ നടപടികളും പൂർത്തീകരിച്ച് നടത്താൻ സാധിച്ചത്. അത്തരമൊരു സാഹചര്യത്തിൽ ഈ പന്ത്രണ്ട് മാസക്കാലം കൊണ്ട് കേരളത്തിലെ നിരത്തുകളൊക്കെ മനോഹരമായി എന്നുപറഞ്ഞാൽ അത് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതല്ല എന്നു മനസ്സിലാക്കാനാകും. അഥവാ അങ്ങനെ ഉണ്ടെങ്കിൽത്തന്നെ അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ പ്രവൃത്തി പൂർത്തീകരിക്കാത്ത വർക്കുകളാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞു. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം പ്രതിപക്ഷത്തിന് കൂടുതൽ കൊടുക്കുന്നുവെന്നായിരുന്നു ഞങ്ങളുടെ ബഞ്ചിലെ ഒരഭിപ്രായം. രാഷ്ട്രീയം നോക്കാതെ കൊടുക്കുമായിരുന്നു. ചില മണ്ഡലങ്ങളിൽ കുറഞ്ഞിരിക്കും.

ഇടതുപക്ഷ എം.എൽ.എ.മാർക്ക് ലഭിച്ചിട്ടില്ല എന്നുപറയുന്നതിനോട് എനിക്ക് ഒരിക്കലും യോജിക്കാൻ കഴിയില്ല. ഫയലുകളൊക്കെ നിങ്ങളുടെ കയ്യിലുണ്ടല്ലോ, അതെടുത്ത് പരിശോധിച്ച് നോക്കിയാൽ അറിയാം ഓരോ നിയോജക മണ്ഡലത്തിലും എത്രമാത്രം വർക്ക് നടന്നിരുന്നുവെന്ന്. അതുകൊണ്ട് അത്തരത്തിൽ പ്രസ്താവന നടത്തുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്തും അത്തരം വ്യത്യാസങ്ങളുണ്ട്. നിങ്ങൾ പറഞ്ഞല്ലോ ഈ ഗവൺമെന്റ് 50 കോടി രൂപ വച്ച് കിഫ്ബിയിൽനിന്നും കൊടുത്തുവെന്നൊക്കെ. ഞാൻ കിഫ്ബിയുടെ ലിസ്റ്റ് എടുത്ത് പരിശോധിച്ചപ്പോൾ എനിക്ക് 10 കോടി രൂപയുടെ വർക്കാണ് നൽകിയിട്ടുള്ളത്. അതുപോലെ വീഴ്ചകൾ ചില കാര്യങ്ങളിലുണ്ടാകും. പരിപൂർണ്ണമായി എല്ലാവർക്കും കൊടുക്കാൻ സാധിച്ചുവെന്ന് വരില്ല. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.-യുടെ മണ്ഡലത്തിൽ ഒന്നും കിട്ടിയില്ല എന്നുപറഞ്ഞു. ഞാൻ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. അങ്ങനെയുള്ള ചെറിയ ചില വീഴ്ചകളല്ലാതെ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, ഈ വകുപ്പ് ഏറ്റവും നല്ല രീതിയിൽ കൊണ്ടുപോയി എന്നുള്ള കാര്യത്തിൽ സംശയമില്ല. ഒട്ടനവധി വർക്കുകൾ - പാലങ്ങൾ, റോഡുകൾ എന്നിവ നന്നാക്കിയെടുക്കാൻ കഴിഞ്ഞു. അഴിമതിയുണ്ടെങ്കിൽ അതന്വേഷിക്കാൻ സംവിധാനമുണ്ടല്ലോ; അന്വേഷിക്കണം. അഴിമതി നടത്തി എന്നുപറഞ്ഞ് ആളുകളെ ആക്ഷേപിക്കുന്നതിനു പകരം ഉദ്യോഗസ്ഥർ അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ അത് കണ്ടുപിടിക്കണം. എല്ലാത്തിനെയും അടച്ചാക്ഷേപിക്കുക, ഒന്നും നടന്നില്ല എന്നുപറയുക, അതിനോട് ഒരു കാരണവശാലും യോജിക്കാൻ കഴിയില്ല. ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ഒരിക്കൽകൂടി പറയുകയാണ്, ധനകാര്യ വകുപ്പ് പണം കൊടുത്താലും നിങ്ങളുടെ അടുത്ത് പിന്നീട് ഫയൽ വരണം. പണ്ട് മുതലേയുള്ള നടപടിക്രമം അങ്ങനെയാണ്. 1957-ലെ ഗവൺമെന്റിൽ മാത്രമാണ് മറിച്ചൊരു സാഹചര്യമുണ്ടായിരുന്നത്. ശ്രീമതി കെ. ആർ. ഗൗരിയമ്മ ഒരിക്കൽ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു. മുമ്പ് ധനകാര്യ വകുപ്പ് ഓരോ വകുപ്പിനും പണം അനുവദിച്ചുകഴിഞ്ഞാൽ അവർക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്ന്. മാറിമാറി വന്ന ഗവൺമെന്റുകൾ, എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും പണം അനുവദിച്ചാൽ വീണ്ടും ഫയൽ ധനകാര്യ വകുപ്പിൽ പോകുകയും അവരുടെ ക്ലിയറൻസ് വാങ്ങുകയും വേണം. അതിന് വലിയ നടപടിക്രമങ്ങൾ ഉണ്ടാകുകയാണ്. അതിലും കഷ്ടമാണ് പി.ഡബ്ല്യൂ.ഡി.-യുടെ സ്ഥിതി. കാരണം പി.ഡബ്ല്യൂ.ഡി.-ക്ക് പണം അനുവദിക്കുന്നില്ല. പണം അനുവദിക്കാൻ എഴുതണം. അത് അനുവദിച്ചു കഴിഞ്ഞാൽ വർക്കുകൾക്ക് എ.എസ്. കൊടുക്കണം. ആ എ.എസ്.-കളുടെ അംഗീകാരത്തിന് വീണ്ടും ഫയൽ പോകണം. ധാരാളം നടപടിക്രമങ്ങൾ വരികയാണ്. അതുകൊണ്ടാണ് ഡിലേ വരുന്നത്. ജനങ്ങളുമായി ഏറ്റവും ബന്ധപ്പെട്ട് നിൽക്കുന്ന വകുപ്പാണ് പി.ഡബ്ല്യൂ.ഡി. ആ വകുപ്പിൽ നമുക്ക് കുറേക്കൂടി സുതാര്യമായി എളുപ്പത്തിൽ കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള സൗകര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തുകൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

3.00 PM]

ഭക്ഷ്യവിതരണവുമായി ബന്ധപ്പെട്ടാണ് ഈ ഒരു വർഷം ഏറ്റവും കൂടുതൽ അടിയന്തരപ്രമേയവും സബ്മിഷനും സഭയിൽ ഉന്നയിച്ചത്. ഞാൻ മന്ത്രിയോട് വിരോധം വച്ച് പറയുകയല്ല, പക്ഷേ ഒരു വർഷമായി കേൾക്കുന്ന മറുപടിയാണ് ഇന്നും അങ്ങ് പറയാൻ പോകുന്നത്. അങ്ങ് എഴുന്നേറ്റ് നിന്നുകഴിഞ്ഞാൽ എന്താണ് പറയാൻ പോകുന്നതെന്ന് ഞങ്ങൾക്ക് ഇവിടെ ഇരുന്ന് പറയാൻ സാധിക്കും. ആ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. അങ്ങനെ മതിയോ; പാളിച്ചകൾ ഗവൺമെന്റിന്റെ ഭാഗത്തുണ്ടെങ്കിൽ അത് തിരുത്തി മുന്നോട്ട് കൊണ്ടുപോകാനല്ലേ നിങ്ങളെ ഉത്തരവാദിത്വം ഏൽപ്പിച്ചത്; ഈ ഒരു വർഷമായി നിങ്ങൾ എന്താണ് ചെയ്യുന്നത്; ഭക്ഷ്യമേഖലയിൽ ഇതുപോലെ തകർച്ച നേരിട്ട കാലമുണ്ടായിട്ടുണ്ടോ; ഭക്ഷ്യഭദ്രതാ നിയമത്തിന്റെ സാധ്യത കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്ത് വളരെ വലുതാണ്. ആ സാധ്യത ഞങ്ങൾ വിനിയോഗിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അരി വിഹിതം അൽപ്പം കുറഞ്ഞപ്പോൾ ഞങ്ങൾക്ക് അത് വാങ്ങിയെടുക്കാൻ കഴിഞ്ഞു. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റിന്റെ കാലമായതുകൊണ്ടാകാം നിങ്ങൾക്ക് നൽകുന്നില്ല. അത് നമുക്ക് മനസ്സിലാക്കാനാകും. പക്ഷേ നിലവിലുള്ള സാഹചര്യങ്ങൾ വച്ചുകൊണ്ട് 14.25 ലക്ഷം മെട്രിക് ടൺ അരി നമുക്ക് ലഭിക്കുന്നുണ്ട്. അത് എങ്ങനെ നല്ല രീതിയിൽ വിതരണം ചെയ്യാൻ കഴിയുമെന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടോ; അത്രയും അരിപോലും ജനങ്ങൾക്ക് എത്തിക്കാൻ കഴിയുന്നുണ്ടോ; ഞാൻ കുറ്റപ്പെടുത്തുന്നില്ല. ആ രംഗത്ത് വലിയ വീഴ്ചയാണ് ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതെന്ന കാര്യം പറയാതിരിക്കാൻ വയ്യ. ആ വീഴ്ച മാറ്റണം. ഞാൻ നേരത്തേ സൂചിപ്പിച്ചല്ലോ; ഭക്ഷ്യവിതരണ രംഗത്തുണ്ടാകുന്ന, ഭക്ഷ്യമേഖലയിലുണ്ടാകുന്ന ഓരോ ചലനവും നമ്മുടെയൊക്കെ വീടുകളുടെ അടുക്കളയിലാണ് അറിയുന്നത്. ഏറ്റവും കൂടുതൽ ശ്രദ്ധാപൂർവ്വം കാര്യങ്ങൾ നടത്തേണ്ട വകുപ്പാണിത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ ഒരു കൊല്ലമായി നിങ്ങൾ അവിടെ എഴുന്നേറ്റ് നിന്ന് പറയുന്നത് മുഴുവൻ ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിനെക്കുറിച്ചും അഴിമതിയെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചുമാണ്. ഇങ്ങനെ പറഞ്ഞ് എത്രകാലം നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും?

ശ്രീ. പി. ടി. തോമസ്: സർ, അഴിമതിയെ സംബന്ധിച്ച് ഇവർ പറയുന്നത് ഒട്ടും ആത്മാർത്ഥമായല്ല എന്ന് അടുത്ത കാലത്തെ ചില സംഭവങ്ങൾ തെളിയിക്കുന്നു. ഈ സഭയിലെ വെല്ലിനപ്പുറത്തേയ്ക്ക് വന്നാൽ എല്ലാ അഴിമതിക്കാരും ശുദ്ധന്മാരായി. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ അഴിമതിക്കാരനാണെന്ന് പറഞ്ഞ് ജയിലിലടച്ചു. ജയിലിൽ നിന്നും പുറത്തുവന്നപ്പോൾ അവരുടെ മുന്നണിയിലാണ് നമ്മൾ കണ്ടത്. ശ്രീ. കെ. എം. മാണി സാറിന് നോട്ടെണ്ണുന്ന യന്ത്രമുണ്ട് എന്നുപറഞ്ഞ് ആക്ഷേപിച്ചു. അഴിമതിയുടെ കാരണം പറഞ്ഞ് അദ്ദേഹത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോലും അനുവദിക്കാതെ കസേര മറിച്ചിടുകയാണുണ്ടായത്. ഇപ്പോൾ കോട്ടയം ജില്ലാപഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നപ്പോൾ ശ്രീ. കെ. എം. മാണി സാർ പുണ്യവാളനാണെന്ന് ഇവർ പറയുന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, സി.പി.ഐ.(എം.)-ന്റേത് എന്നും അവസരവാദ രാഷ്ട്രീയമാണ്. അതാണ് കോട്ടയത്തെ ഇപ്പോഴത്തെ സാഹചര്യം. നിങ്ങൾ പലരും അന്ന് പ്രതിപക്ഷത്ത് ഇരുന്നവരല്ലേ; പ്രതിപക്ഷത്തിരുന്നുണ്ടാക്കിയ ബഹളങ്ങൾ എന്തായിരുന്നു; ആ നിങ്ങളാണല്ലോ ഇപ്പോൾ ജില്ലാപഞ്ചായത്തിൽ ശ്രീ. കെ. എം. മാണിക്ക് പിന്തുണ കൊടുത്തുകൊണ്ട് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് നിങ്ങൾ എല്ലാക്കാലത്തും ഓരോ നിലപാടാണ് സ്വീകരിക്കുന്നത്. ബംഗാളിൽ നിങ്ങൾ കോൺഗ്രസ്സുമായി ഒത്തുചേർന്ന് നിലപാടെടുത്തു. അത് ദേശീയ കാഴ്ചപ്പാടാണ്. അത് ദേശീയ രംഗത്തുള്ള ഒത്തുതീർപ്പാണ് അല്ലെങ്കിൽ അവിടെയുണ്ടാകുന്ന കൂട്ടുകെട്ടാണ്. കോട്ടയത്ത് മാർക്സിസ്റ്റ് പാർട്ടി കേരളാ കോൺഗ്രസ്സുമായി ചേർന്നുകഴിഞ്ഞാൽ അത് പ്രാദേശിക കൂട്ടുകെട്ടാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കഴിഞ്ഞ ദിവസം കോൺഗ്രസ്സ് കമ്മിറ്റി ചേർന്ന് ശ്രീ. കെ. എം. മാണി സാറിനെ 'മാണി' എന്ന് വിളിക്കാൻ തീരുമാനിച്ചു. ഇന്നലെ എന്തോ ഒരു ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്. മാണി സാർ എന്ന് വിളിക്കാനുള്ള മാറ്റമാണോ എടുത്തത്; അതെന്താണ്?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ആളുകളെ ബഹുമാനിക്കുന്നതിൽ നമുക്ക് വ്യത്യസ്തങ്ങളായ രീതികളില്ലേ; പ്രതിഷേധം അറിയിക്കൽ 'സാർ' എന്ന് വിളിക്കാതിരിക്കുന്നതാണോ; ആ അഭിപ്രായത്തോട് യോജിപ്പുള്ള ആളല്ല ഞാൻ.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, നിങ്ങൾ മത്സരിക്കുന്നു. കേരളാ കോൺഗ്രസ് മത്സരിക്കുന്നു. ഞങ്ങൾ മത്സരിപ്പിച്ച് നിങ്ങളെ ജയിപ്പിക്കണോ; ഞങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ബി.ജെ.പി.-യെയും കോൺഗ്രസ്സിനെയും ശക്തമായി എതിർക്കുന്ന പാർട്ടിയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ശ്രീ. ഇ. പി. ജയരാജൻ, ഞാൻ ഇവിടെ കേരളാ കോൺഗ്രസ്സിന്റെ കാര്യമാണ് സംസാരിക്കുന്നത്. കേരളാ കോൺഗ്രസ്സിന്റെയും കോൺഗ്രസ്സിന്റെയും പ്രശ്നം വരുമ്പോൾ, ശ്രീ. കെ. എം. മാണി നടത്തിയ അഴിമതിയെക്കുറിച്ച് പറഞ്ഞാണ് നിങ്ങൾ കഴിഞ്ഞ ഗവൺമെന്റിനെ ഏറ്റവും കൂടുതൽ എതിർത്തത്. അദ്ദേഹത്തെ ബഡ്ജറ്റ് പോലും അവതരിപ്പിക്കാൻ സമ്മതിച്ചില്ല. ഞങ്ങളാണ് അദ്ദേഹത്തെ സംരക്ഷിച്ചത്. അന്ന് എതിർത്ത നിങ്ങൾ ഇന്ന് കോട്ടയത്ത് എടുത്ത നിലപാടിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അത് പ്രാദേശിക നിലപാടാണ്. ബംഗാളിൽ വന്നുകഴിഞ്ഞാൽ ദേശീയ നിലപാട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ശ്രീ. കെ. എം. മാണിയെ എൽ.ഡി.എഫ്.-ൽ കൊണ്ടുപോകാനുള്ള നാടകത്തിനുപിന്നിൽ ശ്രീ. ഇ. പി. ജയരാജൻ ആണെന്ന് അറിയാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിശാലമായൊരു മനസ്സുള്ള ആളാണ് ശ്രീ. ഇ.പി. ജയരാജൻ.

മി. സ്പീക്കർ: ശ്രീ. എ.പി. അനിൽ കുമാർ, അദ്ദേഹത്തെ വിഷമിപ്പിക്കണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ പണിയെല്ലാം ഒപ്പിച്ചിട്ട് നിയമസഭയിൽ വന്ന് പൊട്ടൻ കളിക്കുന്നത് ശരിയാണോ? അത് ശരിയല്ലല്ലോ.

ശ്രീ. റ്റി. വി. രാജേഷ്: സർ, ശ്രീ. കെ. എം. മാണിയോടുള്ള അങ്ങയുടെ മുന്നണിയുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞങ്ങൾക്ക് വ്യക്തമായ നിലപാടുണ്ട്. നിങ്ങളുടെ നിലപാടല്ല ഞങ്ങൾക്കുള്ളത്. ഒരു ഭാഗത്ത് നിങ്ങൾ ശ്രീ. കെ. എം. മാണിയെ എതിർക്കുന്നു എന്ന് പറയും. മറുഭാഗത്ത് നിങ്ങൾ കോട്ടയത്ത് പിന്തുണയ്ക്കുന്നുവെന്ന് പറയും. ഞങ്ങൾ എടുത്ത നിലപാടിനെക്കുറിച്ച് യു.ഡി.എഫ്. ഇന്നലെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതാണ് ഞങ്ങളുടെ നിലപാട്. അതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. ഞാൻ സൂചിപ്പിച്ചത് ഏത് കാലത്തും സി.പി.ഐ.(എം.)-ന്റേത് അവസരവാദ രാഷ്ട്രീയമാണ്. തിരുവമ്പാടി അംഗം പ്രസംഗിച്ചപ്പോൾ ചില മണ്ഡലങ്ങളിലുണ്ടായ കൂട്ടുകെട്ടിനെക്കുറിച്ച് പറയുകയുണ്ടായി. ഞാൻ പത്രത്തിൽ വായിച്ചതാണ്. ശരിയാണോ എന്നെനിക്കറിയില്ല. തിരുവനന്തപുരത്തെ നേമം ബ്ലോക്കിൽ സി.പി.ഐ.(എം.)-ഉം ബി.ജെ.പി.-യും ഒരുമിച്ച് കോൺഗ്രസ്സിനെ പുറത്താക്കി എന്നുപറഞ്ഞു. അവിടത്തെ ബി.ജെ.പി.-ക്ക് നിങ്ങൾ വല്ല വിശുദ്ധിയും കൽപ്പിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. നേമത്തെ ബി.ജെ.പി. ഒഴികെയുള്ള എല്ലാ പാർട്ടിയും മോശമാണ് എന്നൊരു കണ്ടെത്തൽ സി.പി.ഐ.(എം.) നടത്തിയോ എന്നെനിക്കറിയില്ല. പക്ഷേ നേമത്ത് നിങ്ങൾ നടത്തിയെന്നുള്ളത് തിരുവമ്പാടി അംഗം സംസാരിച്ചതുകൊണ്ട് അങ്ങയെ ബോദ്ധ്യപ്പെടുത്തുകയാണ്. ഞാൻ സംസാരിച്ചുവന്നത് ഭക്ഷ്യമേഖലയിൽ ഭക്ഷ്യവകുപ്പ് കുറെക്കൂടി കാര്യങ്ങൾ നല്ല രീതിയിൽ കാണണമെന്നുള്ളതാണ്. എല്ലാ കാര്യവും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് കുഴപ്പം, മുൻഗവൺമെന്റിന്റെ കുഴപ്പമെന്നാണ് ഇവിടെ സൂചിപ്പിച്ചത്. മണ്ണെണ്ണയും പഞ്ചസാരയും മറ്റ് ധാന്യങ്ങളും ഭക്ഷ്യസുരക്ഷയുടെ ഭാഗമായി കുറഞ്ഞതല്ലല്ലോ; പക്ഷെ അതൊക്കെ കുറഞ്ഞില്ലേ; അത് കേന്ദ്രത്തിൽ നിന്നും വാങ്ങിയെടുക്കുന്ന കാര്യത്തിൽ നിങ്ങൾ പരാജയപ്പെട്ടില്ലേ; പരാജയപ്പെട്ടുവെന്ന് സമ്മതിച്ച് ഒരുമിച്ച് ബി.ജെ.പി. ഗവൺമെന്റിനെതിരെ പ്രതികരിക്കുന്നതിനുപകരം ഇപ്പോഴും കഴിഞ്ഞ ഗവൺമെന്റിനെ കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ഒരു കാര്യം പറയുകയാണ്. ഈ ഗവൺമെന്റ് 25-ാം തീയതി ഒരു വർഷം പൂർത്തീകരിക്കുകയാണ്. ഒരു വർഷം കൊണ്ട് എല്ലാം ചെയ്യാൻ പറ്റില്ല. പക്ഷേ നല്ല ഒരു തുടക്കം കുറിക്കാൻ ഒരു വർഷംകൊണ്ട് കഴിയും. ഭക്ഷ്യ വകുപ്പുമന്ത്രി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു വർഷക്കാലത്തെ പ്രവർത്തനം ഒന്ന്

പരിശോധിക്കണം. തെരഞ്ഞെടുപ്പ് വേളയിൽ ഒരു രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കാമെന്ന് പറഞ്ഞത് 100 ദിവസം കൊണ്ട് പൂർത്തിയാക്കിയ ഗവൺമെന്റായിരുന്ന ഉമ്മൻ ചാണ്ടി ഗവൺമെന്റ്. ഒരു ലക്ഷത്തിലധികം ആളുകൾക്ക് നൽകാനുണ്ടായിരുന്ന റേഷൻ കാർഡ് വിതരണം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞു. പിന്നീട് 24 മണിക്കൂർ കൊണ്ട് റേഷൻ കാർഡ് കൊടുക്കണമെന്നുള്ള തീരുമാനം എടുത്ത് നടപ്പിലാക്കിയത് ഒരു വർഷക്കാലം കൊണ്ടാണ്. വിലക്കയറ്റം ഇതുമായി ബന്ധപ്പെട്ടതാണ്. വിലക്കയറ്റവുമായി ബന്ധപ്പെട്ട് ഞങ്ങൾ എടുത്ത നിലപാട് ശ്രദ്ധേയമാണ്.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ വിലക്കയറ്റമുണ്ടായി. നിങ്ങൾ എന്തുചെയ്തു; യു.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റ് ആറ് മാസത്തിനിടയിൽ പെട്രോളിനും ഡീസലിനും ചെറിയ തോതിൽ വിലക്കയറ്റമുണ്ടായപ്പോൾ അധിക നികുതിയായ 131 കോടി രൂപയാണ് വേണ്ടെന്നുവച്ചത്. അങ്ങനെയാണ് ഞങ്ങൾ വിലക്കയറ്റം പിടിച്ചുനിർത്തിയത്. എന്താണ് നിങ്ങൾ ചെയ്യുന്നത്; ഒരു വർഷക്കാലം കൊണ്ട് ഈ ഗവൺമെന്റ് വിലക്കയറ്റമുണ്ടാക്കി. അത് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഭക്ഷ്യരംഗം പൂർണ്ണമായും താറുമാറാക്കി.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. റേഷൻ കാർഡിന്റെ വില 30 രൂപയിൽ നിന്ന് 50 രൂപയാക്കി. 50 രൂപ എന്നത് 100 രൂപയാക്കി. നൂറോ ഇരുന്നൂറോ കൊടുത്താലും പാവപ്പെട്ട ജനങ്ങൾ റേഷൻ കാർഡിനുവേണ്ടി കാത്തിരിക്കുകയാണ്. ഏപ്രിൽ മാസത്തിൽ കിട്ടുമെന്ന് പറഞ്ഞു, മെയ് മാസം കിട്ടുമെന്ന് പറഞ്ഞു. ഇപ്പോൾ പറയുന്നു ജൂലൈ മാസം ആകുമെന്ന്. അതോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം പറഞ്ഞല്ലോ; എന്റെ നിയോജക മണ്ഡലത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ പഞ്ചായത്ത് പ്രസിഡന്റ് എന്നോട് പറഞ്ഞു ഗ്രാമസഭയ്ക്ക് അധികാരം കൊടുത്തിരിക്കുകയാണ് എന്ന്. എന്തിനാണ് അധികാരം കൊടുത്തത്; സിവിൽ സപ്ലൈസ് വകുപ്പ് ഗ്രാമസഭയ്ക്ക് അവർ ഉണ്ടാക്കിയ റേഷൻ കാർഡ് ലിസ്റ്റിൽ നിന്ന് അനർഹരെ പുറത്താക്കാൻ അധികാരം കൊടുത്തു. അർഹരെ ഉൾപ്പെടുത്താനല്ല. ഏത് ഗ്രാമസഭയ്ക്ക് അനർഹരെ പുറത്താക്കാൻ കഴിയും? ഒരു പഞ്ചായത്ത് മെമ്പർക്ക് അതിന് കഴിയുമോ; സ്വന്തം വാർഡിലുള്ള അനർഹരെ പുറത്താക്കുന്ന പണി മാത്രം ഗ്രാമസഭയ്ക്ക് കൊടുത്താൽ ഏത് ഗ്രാമസഭ അത് ചെയ്യും; യാതൊരു തത്വദീക്ഷയുമില്ലാതെ, യാതൊരു കാഴ്ചപ്പാടുമില്ലാതെ നിരുത്തരവാദപരമായി കാര്യങ്ങൾ ചെയ്യുതുകൊണ്ടാണ് ഭക്ഷ്യ വകുപ്പിനെക്കുറിച്ച് ഒരു കൊല്ലം കൊണ്ട് ഞങ്ങൾക്കൊക്കെ ഇങ്ങനെ പറയേണ്ട സാഹചര്യമുണ്ടായത് എന്നുകൂടി സൂചിപ്പിച്ചു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട പതിനാറ് മെമ്പർമാർ അപ്പുറത്തു നിന്നും ഇപ്പുറത്തുനിന്നും സംസാരിച്ചിട്ടുണ്ട്. വളരെ ക്രിയാത്മകവും സർഗാത്മകവുമായ നിർദ്ദേശങ്ങളാണ് ഇരുഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഈ കാലഘട്ടത്തിൽ നമ്മുടെ നിർമ്മാണപ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടോടു കൂടിയാണ് ബഹുഭരിപക്ഷം മെമ്പർമാരും സംസാരിച്ചത്. അതിനെയെല്ലാം സ്വാഗതം ചെയ്യുകയാണ്. ഇനിയുള്ള നാലുവർഷം പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മോട്ടോ പ്രകാരം മുന്നോട്ടുപോകുമെന്നാണ് കരുതുന്നത്. പുതിയ നിർമ്മാണ പ്രവർത്തനം എല്ലാപേരും ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ വകുപ്പിന്റെ കാര്യങ്ങളൊഴിച്ച് മറ്റൊന്നും പറയാൻ ഞാൻ ഉദ്ദേശിച്ചതല്ല. എങ്കിലും ഒരു കാര്യം മാത്രം പറയേണ്ടതുണ്ട്. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ സംസാരിച്ചപ്പോൾ കുഞ്ഞുങ്ങൾക്ക് പേരിടണമെങ്കിലും മുടി വെട്ടണമെങ്കിലും പാർട്ടി തീരുമാനിക്കണം എന്നുപറഞ്ഞു. പതിനഞ്ച് സൈസ് മുടിവെട്ടുകൾ ഉണ്ട്. ഇങ്ങനെയൊക്കെ അദ്ദേഹം സംസാരിക്കുകയുണ്ടായി. മറ്റുള്ളവർ പറഞ്ഞ കാര്യങ്ങളെല്ലാം വകുപ്പുമായി ബന്ധപ്പെട്ടതായതുകൊണ്ട് അതിനെക്കുറിച്ചൊന്നും അഭിപ്രായ വ്യത്യാസമില്ല. പക്ഷേ ഇത് പഴകിത്തുരുമ്പിച്ച ഒരു വാദമാണ്. മുമ്പും ഇത് പറയുമായിരുന്നു. സി.ഐ.എ. ആണ് ഇത്തരത്തിലുള്ള വാദം ലോകമെമ്പാടും സോവിയറ്റ് യൂണിയനെപ്പറ്റി പറഞ്ഞത്. 1920-കളിൽ ആലപ്പുഴയിൽ ആദ്യത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനം വരുന്നതേയുള്ളൂ. കയർ ഫാക്ടറി തൊഴിലാളികളെ അന്ന് സംഘടിപ്പിക്കുമ്പോൾ കേശവ് ദേവ് അന്ന് കമ്മ്യൂണിസ്റ്റുകാരോടൊപ്പം നിന്ന് പ്രവർത്തിച്ച നേതാവായിരുന്നു. പിന്നീട് അദ്ദേഹം പിണങ്ങി. അദ്ദേഹമൊരു പുസ്തകമെഴുതി. 'മഴയങ്ങും കുടയിങ്ങും'. റഷ്യയിൽ മഴ പെയ്താൽ ഇവിടെ കമ്മ്യൂണിസ്റ്റുകാർ കുടപിടിക്കും. അതെല്ലാം തെറ്റാണെന്ന് ഇപ്പോൾ മനസ്സിലായില്ലേ. സോവിയറ്റ് യൂണിയൻ തകർന്നെങ്കിലും ഇവിടത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് എന്തെങ്കിലും സംഭവിച്ചോ? ഞങ്ങൾ ഇപ്പോൾ അധികാരത്തിലിരിക്കുകയാണ്. അവിടെ മഴ പെയ്താൽ ഇവിടെ ഞങ്ങൾ കുട പിടിക്കില്ല. സോവിയറ്റ് വിപ്ലവത്തോട് ഞങ്ങൾക്ക് അഭിമാനമുണ്ട്; ഇന്നുമുണ്ട്. "ആ നവംബർ ഏഴില്ലായിരുന്നുവെങ്കിൽ ലോകമിന്ന് ഇരുളിൽ കഴിയേണ്ടി വന്നേനെ" എന്ന് കവി വെറുതെ പാടിയതല്ല. നിങ്ങൾക്കെല്ലാം അതറിയാവുന്നതാണ്. മനസ്സിന്റെ ഉള്ളിൽ നിങ്ങളിൽ പലർക്കും പുരോഗമന ചിന്താഗതിയുണ്ട്. പക്ഷേ കോൺഗ്രസ്സിൽ കയറിക്കഴിഞ്ഞാൽ പിന്നെ വേറെയായിരിക്കും. മുസ്ലീം ലീഗുകാരനും കേരള കോൺഗ്രസ്സുകാരനുമുണ്ട് പുരോഗമനം. എനിക്ക് വ്യക്തിപരമായി അറിയാം. പിന്തിരിപ്പൻമാരെന്ന് പറയാൻ അങ്ങനെ അധികം പേരില്ല. പൊളിറ്റിക്കൽ പാർട്ടിയുടെ പ്രസംഗത്തിലേയ്ക്ക് കടക്കുകയല്ല. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളായ ബ്രസീലിലും ബൊളീവിയയിലും ഇന്ന് ഇടതുപക്ഷം പ്രതിപക്ഷത്തായി. പക്ഷേ നാളെ അധികാരത്തിൽ വരും. സോഷ്യലിസ്റ്റ് രാജ്യങ്ങൾ ബാക്കി നിൽപ്പുണ്ട്. കിഴക്കൻ യൂറോപ്പെല്ലാം പോയി. പക്ഷേ ഇവിടെ അധികാരം പോയില്ല. 1937 ആണ് എടുക്കുന്നതെങ്കിൽ, സഖാവ് പി. കൃഷ്ണപിള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സ്ഥാപിച്ചിട്ട് 80 വർഷമായി. 80 വർഷമായി ഈ പ്രസ്ഥാനം ഇവിടെ നിൽക്കുകയാണ്.

അതൊരു ശക്തിയാണ്. ഇവിടെ ഞങ്ങൾ രണ്ട് കൂട്ടരുണ്ട്. സി.പി.ഐ.(എം.)-ഉം സി.പി.ഐ.-യും ഉണ്ട്. രണ്ടും കമ്മ്യൂണിസ്റ്റുകാരാണ്. ഒരു പ്രശ്നവും ഉണ്ടായില്ല, ഇനിയൊരു പ്രശ്നം ഉണ്ടാകാനും പോകുന്നില്ല. പി. കൃഷ്ണപിള്ള ആദ്യത്തെ സെക്രട്ടറിയായി, പിന്നെ എം. എൻ. ഗോവിന്ദൻ നായർ അങ്ങനെയാണ് ചരിത്രം. പിന്നെ ബൽറാം ഉണ്ടായിരുന്നു. അതുകഴിഞ്ഞ് ഇ.എം.എസ്സും എ.കെ.ജിയും ഇ. കെ. നായനാരും സെക്രട്ടറിമാരായി. അത് കഴിഞ്ഞ് ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. പിണറായി വിജയനും ഇടയ്ക്ക് ചടയൻ ഗോവിന്ദനും സെക്രട്ടറിമാരായി ചുമതലയേറ്റു. ഇവരെല്ലാം കൂടി കെട്ടിപ്പടുത്തുയർത്തിയ പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഏറ്റവും അവസാനം ഇപ്പോൾ സഖാവ് കോടിയേരി ബാലകൃഷ്ണനാണ് പാർട്ടിയെ നയിക്കുന്നത്. സഖാവ് പിണറായി വിജയൻ പത്തുപതിനാല് വർഷം പാർട്ടിയെ നയിച്ചു. പാർട്ടി ആശയപരമായും രാഷ്ട്രീയപരമായും കായികമായും കടുത്ത ആക്രമണം നേരിട്ടുകൊണ്ടാണ് മുന്നോട്ടു പോയത്. ആ വലിയ മനുഷ്യനെപ്പറ്റിയും നേരത്തെ ഇവിടെ പറയുന്നതുകേട്ടു. അതിനൊന്നും മറുപടി പറയാൻ ഉദ്ദേശിച്ചതല്ല. നിങ്ങൾ പ്രവൃത്തിയുടെ ഫലം കണ്ട് ആളിനെ നിർണ്ണയിക്കണം. പിണറായി വിജയൻ നയിച്ച ഈ പാർട്ടി ഇന്ന് അധികാരത്തിൽ ഇരിക്കുകയാണ്. അദ്ദേഹത്തിന്റെ കൂടെ നേതാവായ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഇവിടെ എന്റെ അടുത്ത് ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ ഒരു കടലാസ് താഴെപ്പോയപ്പോൾ ഞാനാണ് എടുത്തുകൊടുത്തത്, ഞാനല്ല ആരായാലും അത് എടുത്തുകൊടുക്കും. ഞങ്ങൾ തമ്മിലുള്ള ബന്ധം വാക്കുകൾ കൊണ്ട് പറയാൻ കഴിയുന്നതല്ല. അതുകൊണ്ട് മുസ്ലീം ലീഗിലെ രാഷ്ട്രീയ ഭാവിയുള്ള ശ്രീ. എൻ. ഷംസുദ്ദീൻ കുറെക്കൂടി വസ്തുനിഷ്ഠമായി പറയണം. ഞാൻ കൂടുതലൊന്നും പറയുന്നില്ല. അങ്ങയോട് സ്നേഹമുള്ളതുകൊണ്ടാണ് പറയുന്നത്. അല്ലെങ്കിൽ പറയേണ്ട കാര്യമില്ല. അത് ഇവിടെ വച്ച് അവസാനിപ്പിക്കുന്നു. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. 2016 മേയ് 25-നാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. 2017-18 സാമ്പത്തിക വർഷം തുടങ്ങിയിട്ടേയുള്ളൂ. 2016 മേയ് മുതൽ 2017 ഡിസംബർ വരെയുള്ള 19 മാസത്തിനുള്ളിൽ ഇവിടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു പൂക്കാലം തന്നെ ഉണ്ടാകും. പൂക്കൾ ഇവിടെ വിടർന്നുതുടങ്ങി.

"എവിടെ തിരിഞ്ഞൊന്നു നോക്കിയാലും-

അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം" -

എന്ന ചങ്ങമ്പുഴയുടെ കവിത ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാമല്ലോ. ഇപ്പോൾ തുടങ്ങിയിട്ടേയുള്ളൂ. എവിടെ നോക്കിയാലും നിർമ്മാണ പ്രവർത്തനങ്ങളും വികസനവും കാണാം. ആ ആരാമം 2017 ഡിസംബർ ആകുമ്പോൾ പൂക്കൾ കൊണ്ട് വൈവിധ്യമാർന്ന ഡിസൈനുകളാൽ അങ്ങനെ സമൃദ്ധമാകും. പിന്നെ ബാക്കിയുള്ള കാലം. ഇത് നമ്മളുടെയെല്ലാം കൂടിയുള്ള പ്രയത്നമാണ്, ഞങ്ങളുടെ മാത്രമല്ല. അതിന് നേതൃത്വം കൊടുക്കാൻ ജനങ്ങൾ പറഞ്ഞതിനാൽ ഞങ്ങൾ നേതൃത്വം കൊടുക്കുകയാണ്. നിങ്ങൾ പൊതുവെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കാരണം അഴിമതിക്കെതിരെ നിങ്ങൾ എല്ലാപേരും സംസാരിച്ചു. അത് വളരെ സന്തോഷമുള്ള കാര്യമാണ്. നമ്മളെല്ലാപേരും സംസാരിക്കണം. ഇവിടെ ആദ്യം ചർച്ച തുടങ്ങിയ സമയത്ത് ബഹുമാനപ്പെട്ട ഒരു മെമ്പർ അവിടെ ഇരുന്നുകൊണ്ട് പ്രസംഗിച്ചപ്പോൾ, ശ്രീ. അടൂർ പ്രകാശ് മൈക്കില്ലാതെ എഴുന്നേറ്റ് നിന്ന് ഉറച്ച് പറയുന്നുണ്ട്. ഇതെല്ലാം ഞങ്ങളുടെ കാലത്തേതല്ലേയെന്ന്. ആരുടെ കാലത്തേതാണെന്ന് ശ്രീ. അടൂർ പ്രകാശ് കൃത്യമായി പഠിച്ചോ? അതിൽ നിങ്ങളുടെ കാലത്തേതാണ് കൂടുതൽ. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ കാലത്തേതുമുണ്ട്. ഇ. ക. നായനാരുടെ കാലത്ത് തുടങ്ങിയ റോഡ് പണി ഇപ്പോഴും തീരാനുള്ളതുണ്ട്, എന്റെ കയ്യിൽ അതിന്റെ ഫയലുകളുണ്ട്. 1970-ലെ നാല് വർക്കുകളുമുണ്ട്, അത് അച്ചുതമേനോന്റെ കാലത്ത് തുടങ്ങിയതാണ്. ഈ നാട്ടിലെ നിർമ്മാണ പ്രവൃത്തികൾ താളം തെറ്റിയാണ് നടന്നുകൊണ്ടിരുന്നത്. ഇതിൽ 80 ശതമാനവും ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്തെ വർക്കുകളാണെന്ന കാര്യത്തിൽ സംശയമില്ല. നിങ്ങളല്ലേ തൊട്ട് മുമ്പുണ്ടായിരുന്നത്. അതിൽ എന്തിനാണ് തർക്കം? ഞങ്ങൾ കഴിഞ്ഞ ഒരു വർഷം പണി ചെയ്ത കാര്യം ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സാഹിബ് മറന്നുപോയെന്ന് തോന്നുന്നു. വലിയ വർക്കുകളുടേതടക്കം പണി തുടങ്ങി പൂർത്തിയാക്കാതിരുന്ന 45 വർക്കുകളാണ് ഞങ്ങൾ കമ്മീഷൻ ചെയ്തത്. അതിന്റെ 70 ശതമാനം പണിയും പൂർത്തിയാക്കി. ഞങ്ങൾക്ക് വേണമെങ്കിൽ അതവിടെ അങ്ങനെ ഇട്ടിരിക്കാമായിരുന്നു. ഞങ്ങൾ അങ്ങനെ ഇടില്ല, ഇടുന്ന പ്രശ്നമേ ഉദിക്കുന്നില്ല. എല്ലാം ചെയ്ത് തീർക്കുകയാണ്. പുതിയതായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രധാനപ്പെട്ട 25 വർക്കുകൾ തുടങ്ങി. അറ്റകുറ്റപ്പണികൾ ഇതുപോലെ ഭംഗിയായി ചെയ്തുതീർത്ത ഒരു കാലഘട്ടമുണ്ടാകില്ല. സമയക്കുറവു കൊണ്ട് എനിക്ക് മറുപടി പറയാൻ ഒരുപാട് സമയമെടുക്കാൻ പറ്റില്ല, എന്നാലും വലിയ വകുപ്പാകുമ്പോൾ അൽപ്പം സമയം തന്നേ പറ്റൂ. ഇതുപോലെ ഒരു വലിയ വകുപ്പ് കൈകാര്യം ചെയ്യുന്ന ഭക്ഷ്യ വകുപ്പുമന്ത്രിക്ക് സംസാരിക്കേണ്ടതുണ്ട്. അറ്റകുറ്റപ്പണി എങ്ങനെ നടത്തിക്കൊണ്ടുപോകുമെന്ന് എന്റെ ജില്ലയിൽക്കൂടി കടന്നുപോകുന്ന നാഷണൽ ഹൈവേ ഉദാഹരണമായി എടുത്താൽ മതി. റോഡിലെ കുഴിയിൽ കുറെ മണ്ണ് ഇടുകയാണ്. ഞാൻ മിനിസ്റ്ററായപ്പോൾ കണ്ടതാണ്. ഒരു ലോറി മണ്ണാണ് തട്ടിയത്, വീണ്ടും അങ്ങനെ ചെയ്തു. ഇങ്ങനെ പൂർണ്ണമായ അഴിമതിയായിരുന്നു. തുടർന്ന് നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാരേയും സസ്പെന്റ് ചെയ്തു. പിന്നെ രണ്ടുമാസം കഴിഞ്ഞ് പണി നടത്തി. ഇന്നുവരെ പൊളിഞ്ഞിട്ടില്ല. റോഡിന് മീതെ ഒരു ഷീറ്റ് പൊതിഞ്ഞിട്ടുണ്ട്, അത് പുതിയൊരു ടെക്നോളജിയാണ്. കേരളത്തിൽ മൊത്തം ഇട്ടിട്ടുണ്ട്. ആവശ്യത്തിന് ഫണ്ടും തന്നു. ഇനിയും കുറച്ച് പണി ബാക്കിയുണ്ട്. അത് ചെയ്യാം. 846 കോടി രൂപ മെയിന്റനൻസ് ഇനത്തിൽ അനുവദിച്ചു. അതിൽ 384 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഈ വർഷത്തേത്

വരാൻ പോകുന്നതേയുള്ളൂ. അതിൽ ഒൻപതിനായിരം ചെറിയ വർക്കുകളാണ് ചെയ്തത്. അഞ്ച് ലക്ഷം, പത്ത് ലക്ഷം, പതിനഞ്ച് ലക്ഷം രൂപയുടെ ചെറിയ ചെറിയ ഒൻപതിനായിരം വർക്കുകളാണ്. അതിൽ നാലായിരം വർക്കുകൾ ചെയ്തുകഴിഞ്ഞു. ഇനി അയ്യായിരം വർക്ക് ഈ സാമ്പത്തിക വർഷം ചെയ്യേണ്ടതുണ്ട്. കുഴിയെണ്ണിയാണ് ചെയ്തതെന്ന് പറഞ്ഞ് പത്രക്കാരെല്ലം കളിയാക്കി. സത്യത്തിൽ കുഴിയെണ്ണിയാണ് ചെയ്തത്. ആരും അറിയാതെയാണ് എണ്ണിയത്. എണ്ണിക്കഴിഞ്ഞതിനുശേഷമാണ് ഞാൻ വിളിച്ച് പറഞ്ഞത്. സത്യത്തിൽ ഈ ഗവൺമെന്റ് വരുമ്പോൾ നാഷണൽ ഹൈവേയിൽ അയ്യായിരം കുഴികൾ ഉണ്ടായിരുന്നു. ഇപ്പോൾ പുതിയ നിർമ്മാണം നടക്കുകയാണ്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം നിങ്ങൾ മനസ്സിലാക്കണം. അങ്ങ് പോയി കുഴി എണ്ണണമെന്നല്ല ഞാൻ പറഞ്ഞത്. നമ്മൾ ഓരോരുത്തരും നമ്മുടേതായ രീതികൾ അവലംബിക്കുന്നു. ശൈലിയും കാലത്തിന്റെ ആവശ്യവുമൊക്കെയുണ്ടല്ലോ. അതുകൂടാതെ ഈ 19 മാസംകൊണ്ട് അതായത് 2016 മേയ് 25 മുതൽ 2017 ഡിസംബർ 31 വരെ 2,642 വർക്കുകൾ ഈ കേരളത്തിൽ നടക്കും. കുഴി അടയ്ക്കുന്നത് ഇതിൽ വരില്ല. 2,642 വർക്കുകളിൽ 1,400 വർക്കുകൾക്ക് എ.എസ്. കൊടുത്തുകഴിഞ്ഞു. അവ ടെണ്ടർ നടപടികളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഈ കാലയളവിൽ കിഫ്ബിയിലെ 15,000 കോടി രൂപയടക്കം 1,11,590 കോടി രൂപയുടെ വർക്കുകൾ ഇവിടെ നടക്കും. അതിൽ 40,000 കോടി രൂപ നാഷണൽ ഹൈവേയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതാണ്. അത് ദേശീയ പാത നാലുവരി ആക്കാനുള്ളതാണ്. പിന്നെ രണ്ട് സർവ്വീസ് റോഡുകളാണ്. അതടക്കമാണ് ഈ പറയുന്നത്. മലയോര ഹൈവേയുടെ 6,500 കോടി രൂപയും അതിൽ വരും. ഇത് മുഴുവൻ പൂർത്തിയാക്കാനൊന്നും ഈ ഡിസംബർ 31-നുള്ളിൽ കഴിയില്ല. പക്ഷേ ഇത് നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ ക്വാളിറ്റിയും മറ്റു കാര്യങ്ങളുമെല്ലാം മാറിക്കഴിഞ്ഞാൽ കേരളമാകെ മാറും. പിന്നെ അടുത്ത് വരുന്ന സർക്കാർ ഏതായാലും, മന്ത്രി ആരായാലും അദ്ദേഹത്തിന് മുന്നോട്ടുപോകാൻ കഴിയും. അങ്ങനെ കേരളത്തെ മാറ്റാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. പറയുക മാത്രമല്ലല്ലോ ചെയ്യുന്നത്, അതിനൊരു പുതിയ ടെക്നോളജി കൊണ്ടുവന്നില്ലേ. കാക്കാലം പാലം ആ ടെക്നോളജി ഉപയോഗിച്ച് പണിതു. ഒഴുകിപ്പോകുന്നതുപോലെ തോന്നുന്നുവെന്നാണ് ആ പാലത്തിൽ കയറുന്നവരെല്ലാം പറയുന്നത്. അതേ ടെക്നോളജി ഉപയോഗിച്ചാണ് പാതിരാപ്പള്ളി മുതൽ പുറക്കാട് വരെയുള്ള നാഷണൽ ഹൈവേ ചെയ്തത്. വർജിറ്റൻ എന്ന ജർമ്മൻ മെഷീൻ ഉപയോഗിച്ചാണ് അത് ചെയ്തത്. 10 കോടി രൂപയാണ് അതിന്റെ ചെലവ്. അത് മംഗലാപുരത്ത് കപ്പലിൽ വന്നു. ആ പാലത്തിലൂടെ പോകുമ്പോൾതന്നെ ഏകദേശം എല്ലാവർക്കും മനസ്സിലായിക്കാണും. 8-10 വണ്ടികൾ കോർത്തിട്ടിരിക്കുകയാണ്. ഓരോ വാഹനത്തിനും ഓരോ ഉത്തരവാദിത്തമാണുള്ളത്. ഇത് കൂടുതൽ മെറ്റലോ ടാറോ ചേർക്കേണ്ടതുണ്ടെങ്കിൽ

അതിന് വേറെ മെഷീനുണ്ട്. റോഡ് പൊളിക്കുന്നതും നിർമ്മിക്കുന്നതുമെല്ലാം ഒരേ പ്രക്രിയയായി നടക്കുകയാണ്. പുകയോ ബഹളമോ ശബ്ദമോ ഒന്നുമില്ല. കേരളത്തിലെ വീതിയുള്ള എല്ലാ റോഡിലും ഇത് ചെയ്യാം. ഇ.കെ.കെ. വളരെ നല്ല കോൺട്രാക്ടറാണെന്നാണ് കേട്ടിരിക്കുന്നത്. ഞാൻ അദ്ദേഹത്തോട് ഇതുപോലെ ഒരെണ്ണം വാങ്ങാൻ പറഞ്ഞു. അദ്ദേഹം പണിചെയ്ത റോഡിനെക്കുറിച്ചെല്ലാം നല്ല അഭിപ്രായമാണ്. ഈ മെഷീൻ ഇന്ത്യയിൽ ആകെ മൂന്നെണ്ണമേയുള്ളൂ. ഇത് നമ്മൾ ജർമ്മനിയിൽ നിന്ന് വരുത്തുകയായിരുന്നു. ഇത് മൂന്നാമത്തെ റോഡ് മാത്രമാണ്. ഇത്തരത്തിൽ ഇന്ത്യയിൽ രണ്ടെണ്ണം മാത്രമേ ഇതുവരെ ചെയ്തിട്ടുള്ളൂ. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട റോഡുകളിലും ഇത് കൊണ്ടുവരണമെന്നുണ്ട്. പ്ലാസ്റ്റിക്, റബ്ബർ, ജിയോ ടെക്സ്റ്റയിൽസ്, ടൈൽസ് എന്നിവയൊക്കെ സാർവ്വത്രികമാക്കാൻ തീരുമാനിക്കുകയും അതിന് തുടക്കം കുറിച്ചിരിക്കുകയുമാണ്. കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാനുണ്ട്. കോൺട്രാക്ടർമാർ കുറച്ചുപേർ ജോലി ചെയ്യില്ലെന്നും അവരെയൊക്കെ അഴിമതിക്കാരെന്ന് വിളിച്ചുവെന്നും പറഞ്ഞു. എല്ലാവരേയും അഴിമതിക്കാരെന്ന് വിളിച്ചിട്ടില്ല. അഴിമതി കാണിക്കാത്ത വരൊന്നും വിറയ്ക്കേണ്ട കാര്യമില്ല.

കോൺട്രാക്ടർ എന്നുപറഞ്ഞാൽ കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയല്ലേ. ലോ ഓഫ് കോൺട്രാക്ട് പ്രകാരം ഇപ്പുറത്ത് ഗവൺമെന്റും അപ്പുറത്ത് കോൺട്രാക്ടറുമല്ലേ. രണ്ടുപേരും കൂടിയല്ലേ റോഡ് നിർമ്മിക്കുന്നത്. അതിന്റെ പ്രൊഫഷണൽസ് മാത്രമാണ് എഞ്ചിനീയേഴ്സ്. കോൺട്രാക്ടർ ഇല്ലാതെ എങ്ങനെയാണ് റോഡ് പണിയുന്നത്; കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയാണെന്ന് അങ്ങേർക്കുകൂടി തോന്നൽ വേണം. ഇങ്ങനെ കൈക്കൂലിയും കൊടുത്ത് അലഞ്ഞു നടക്കേണ്ട ഒരുത്തനാണെന്നും ഇഷ്ടമുള്ള റോഡ് പണിയാമെന്നും അയാളും ധരിക്കരുത്. അയാൾക്ക് അയാളെപ്പറ്റി ഒരു ധാരണ വേണം. കോലഞ്ചേരി എന്ന സ്ഥലത്ത് പ്രശസ്തരായ കോൺട്രാക്ടർമാർ ഉണ്ടായിരുന്നു. കോലഞ്ചേരി കോൺട്രാക്ടർമാർ എന്നുപറഞ്ഞാൽ തറവാടികളാണ്. അവർ ഞാനാണ് ഈ റോഡും പാലവും പണിതതെന്ന് അഭിമാനിക്കുന്നവരാണ്. ഇപ്പോൾ അങ്ങനെ എത്രപേരുണ്ട്? അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതുകൊണ്ട് കോൺട്രാക്ടർമാരെ നമ്മൾ അംഗീകരിക്കുന്നു. പക്ഷേ കോൺട്രാക്ടർമാരുടെ ഭീഷണിയൊന്നും വേണ്ട. സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കിയാൽ മന്ത്രി ആ സ്ഥാനത്തുനിന്നും പോകുമെന്ന് ഒരു ചെറിയ സംഘടനയുടെ പ്രസിഡന്റ് രേഖാമൂലം എഴുതി അയച്ചിരിക്കുകയാണ്. പേര് ഞാൻ പറയുന്നില്ല. അപ്പോൾ വേറൊരു സംഘടന- "ധൈര്യമുണ്ടെങ്കിൽ ആ പേരൊന്ന് പറയാമോ" എന്ന് ചോദിക്കുന്നു. ഞാൻ പറയുന്നത് ഈ വേലയൊന്നും വേലായുധനോട് വേണ്ട എന്നാണ്. നിങ്ങൾ നിങ്ങളുടെ കാര്യം നോക്കിയാൽ മതി. നിങ്ങൾ റോഡ് നന്നായി പണിയുക.

നന്നായി പണിതാൽ പണം തരും അല്ലെങ്കിൽ തരുകയില്ല. അത്രയേയുള്ളൂ. എങ്ങനെയാണ് നമ്മുടെ വർക്കുകൾ ഏറ്റെടുക്കേണ്ടത് എന്നതു സംബന്ധിച്ച് കോൺട്രാക്ടർമാർക്കുവേണ്ടി ഒരു അക്കാഡമി തുടങ്ങണമെന്ന് ആലോചിക്കുകയാണ്. അവർക്ക് ക്ലാസ് കൊടുക്കേണ്ടതുണ്ട്. എഞ്ചിനീയർമാർക്ക് തന്നെ ക്ലാസ് ഉണ്ടായിട്ടില്ല. അത് കോളേജിൽ പഠിച്ചത് മാത്രമാണ്. ധാരാളം മാറ്റങ്ങൾ ഈ നാട്ടിൽ വരണം. അവരുടെ ബാങ്ക് ഗ്യാരണ്ടി പുനഃസ്ഥാപിക്കും. ലൈസൻസ് രജിസ്ട്രേഷന്റെ തീയതി 2018 മാർച്ച് 31 വരെ നീട്ടിക്കൊടുക്കാനും ഗവൺമെന്റ് തയ്യാറാണ്. പക്ഷേ സ്ഥിരമായി അത് പ്രതീക്ഷിക്കരുത്. നിങ്ങൾ സ്വന്തം കാലിൽ നിൽക്കേണ്ടതായിട്ടുണ്ട് എന്നാണ് പറയാൻ ഉദ്ദേശിക്കുന്നത്.

സി.ആർ.എഫ്.-ൽ നിന്ന് നാനൂറ്റി ചില്വാനം കോടി രൂപ ചരിത്രത്തിൽ ആദ്യമായാണ് കിട്ടിയത്. അതുപോലെ പത്ത് ഇരുനൂറോളം കോടി രൂപ നബാർഡിൽ നിന്നും കിട്ടുകയുണ്ടായി. രണ്ടും കൂടി ഏതാണ്ട് അമ്പതോളം വർക്കുകൾ ഇവിടെ കിട്ടിയിട്ടുണ്ട്. മറ്റൊരു കാര്യം പറയാനുള്ളത് നാഷണൽ ഹൈവേ നാലുവരിപ്പാത ആക്കുന്നത് സംബന്ധിച്ചാണ്. രണ്ട് വരി സർവ്വീസ് റോഡും വരും. 40,000 കോടി രൂപയുടെ അടങ്കൽ ഇപ്പോൾ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് ചിലപ്പോൾ വർദ്ധിക്കാനാണ് സാധ്യത. കൂടാതെ ഈ വർഷം 3,170 കോടി രൂപ കേരളത്തിന് നാഷണൽ ഹൈവേയ്ക്കുവേണ്ടി വിവിധ ബഡ്ജറ്റുകളിലായി വന്നിട്ടുണ്ട്. അങ്ങനെ 43,170 കോടി രൂപയുടെ വർക്ക് 2017 ഡിസംബർ വരെയുള്ള കാലയളവിൽ കേരളത്തിൽ നടക്കുമെന്നാണ് പറയാനുള്ളത്. തീരദേശ റോഡും മലയോര ഹൈവേയുമുണ്ട്. തീരദേശത്തുള്ള എല്ലാ ജില്ലകളും ഇതിൽ വരും. മലയോരത്തുള്ള റോഡുകളും വരും. അതിന്റെ അലൈൻമെന്റ് ഏകദേശമൊക്കെ ആയിട്ടുണ്ട്. ഇനി അതിന്റെ ഡി.പി.ആർ. തയ്യാറാക്കണം. അതിനുവേണ്ട ശ്രമങ്ങളിലേയ്ക്ക് പോവുകയാണ്.

ഞാൻ കിഫ്ബിക്കെതിരെ ഒന്നും പറഞ്ഞിട്ടില്ല. അതിന് ഇന്നലത്തെ ഏഷ്യാനെറ്റ് ചാനൽ നോക്കിയാൽ മതി. ഏഷ്യാനെറ്റാണല്ലോ ഈ വെടി പൊട്ടിച്ചത്. അതവർ തന്നെ ഇന്നലെ ഭംഗ്യന്തരേണ തിരുത്തിയിട്ടുണ്ട്. 'ചിത്രം വിചിത്രം' പരിപാടിയിൽ അതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഞാൻ അങ്ങനെ പ്രസംഗിച്ചില്ല. ഞാൻ പറഞ്ഞത് വേറൊരു പ്രശ്നമാണ്. 1960 മുതൽ നീണ്ടു നിൽക്കുന്നതാണ് അത്. ബഡ്ജറ്റിൽ പണം ഇന്നതിനാണെന്ന് യഥാസമയം പേരെഴുതി വയ്ക്കാതെ അവസാനം വർക്ക് ചെയ്യാൻ നിർബന്ധിതരാകുന്ന രീതി പണ്ടു മുതലേ ഉള്ളതാണ്. ഇത് മാറ്റാൻ കഴിയണം എന്നാണ് എന്റെ അഭിപ്രായം. കാരണം ഞങ്ങൾക്കുപോലും എനിക്ക് ഇത്രയും രൂപയുണ്ടല്ലോ എന്നോർത്ത് അഭിമാനം ഉണ്ടാകും. എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയുന്നത് വർഷാവസാനം ഡിസംബറിലോ ജനുവരിയിലോ ആയിരിക്കും. അപ്പോഴേയ്ക്കും കാലാവധി കഴിയും. അതിൽ മൊത്തത്തിൽ പൊതുമരാമത്ത് വകുപ്പിനും ഒരു റോൾ ഉണ്ടാകും. പണ്ടുമുതലേ ഉള്ള അറേഞ്ച്മെന്റാണത്. അതുപോലെ

തന്നെ ധനകാര്യവകുപ്പിനും ഉണ്ടാകും. ഭരണപരമായ മാറ്റങ്ങൾ വേണം. അതിനാണ് ഭരണപരിഷ്കാര കമ്മീഷനെ വച്ചത്. എല്ലാ വകുപ്പിലും പരിഷ്കരണം വേണം. ധനകാര്യ വകുപ്പ്, പി.ഡബ്ല്യൂ.ഡി., പൊതുഭരണം എന്നിവയൊക്കെ ആദ്യംതന്നെ പരിഷ്കരണം വരേണ്ട വകുപ്പുകളാണ്. അങ്ങനെയൊക്കെ വരുമ്പോൾ ഒരു സാമ്പത്തിക നഷ്ടവും ഉണ്ടാവില്ലെന്ന് മാത്രമല്ല ഉള്ളത് കൃത്യമായി പറഞ്ഞ് കാര്യങ്ങൾ നടന്നു പോകും. പിന്നെ അധികം തുക വേണമെങ്കിൽ അത് ധനകാര്യ വകുപ്പ് മറ്റുതരത്തിൽ വായ്പയെടുത്തൊക്കെ അറേഞ്ച് ചെയ്യുമെന്നതാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

പാലങ്ങളെ സംബന്ധിച്ച് അത്യന്തം ഉത്കണ്ഠാജനകമായൊരു സ്ഥിതിയാണുള്ളത്. കേരളത്തിൽ ഏതാണ്ട് 2,300-ഓളം പാലങ്ങളുണ്ട്. ഇവയിൽ 606 പാലങ്ങൾ മാത്രമാണ് പൂർണ്ണമായും കുറ്റമറ്റതായിട്ടുള്ളത്. 365 പാലങ്ങൾ അടിയന്തരമായി റീപ്ലേസ് ചെയ്യേണ്ടതാണ്. ഇത് എല്ലാ ജില്ലകളിലുമുണ്ട്. അതിന്റെ എസ്റ്റിമേറ്റും കാര്യങ്ങളുമൊക്കെ തയ്യാറാക്കാൻ പറഞ്ഞിരിക്കുകയാണ്. അതിനാവശ്യമായ പണം തരുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. പ്രൊപ്പോസൽ കൊടുക്കുന്ന മുറയ്ക്ക് നമുക്ക് അത് ചെയ്യേണ്ടിവരും. കാരണം 100 വർഷമായി പാലങ്ങളൊന്നും ആരും പരിശോധിച്ചിട്ടില്ല. അതുകൊണ്ട് അവ കേടായിക്കേടായി വരികയാണ്. പി.ഡബ്ല്യൂ.ഡി.-യുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് മൊത്തം പാലങ്ങളും പരിശോധിച്ചത്. പാലങ്ങൾ പരിശോധിച്ച് അതുസംബന്ധിച്ച് ഒരു ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പാലങ്ങൾ പുതുക്കി പണിയേണ്ടതായിട്ടുണ്ട്. അത്ഭുതകരമായൊരു കാര്യമെന്ന് പറയുന്നത് 100 വർഷം കഴിഞ്ഞിട്ടും ഏതാണ്ട് 10 പാലങ്ങൾക്ക് ഒരു കുഴപ്പവുമില്ല എന്നതാണ്. കാട്ടാക്കട - കുണ്ടമൺ കടവ്, പാമാംകോട് പാലം - നേമം, മാറികപാലം - തൊടുപുഴ, കല്ലാർ പാലം - അരുവിക്കര, ചിറ്റാർ പാലം - അരുവിക്കര, ജഗതി പാലം - തിരുവനന്തപുരം. ഇതിൽ ആറ് പാലവും തിരുവനന്തപുരത്താണ്. ഐക്കാട്ട് പാലം - ആറന്മുള, ളായിക്കാട് പാലം - കോട്ടയം, മൂവാറ്റുപുഴ പാലം - മൂവാറ്റുപുഴ, വാളിക്കോട് പാലം - നെടുമങ്ങാട്. പിന്നെ 90, 87, 80 വർഷം പഴക്കമുള്ള 17 പാലങ്ങളുമുണ്ട്. ഇവിടത്തെ എം.എൽ.എ.മാരും പഞ്ചായത്തും നഗരസഭയുമൊക്കെ ചേർന്ന് 100 വർഷം കഴിഞ്ഞ പാലങ്ങളെ ഒന്ന് ആദരിക്കണം. ആ പാലവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഒരു ചടങ്ങ് സംഘടിപ്പിക്കണം. ഈ പാലങ്ങൾ പണിതിട്ട് 100 വർഷമായി എന്ന് ആർക്കും അറിയില്ലല്ലോ. ഇങ്ങനെയൊക്കെയുള്ള പാലങ്ങൾ ഉണ്ടായിരിക്കെ പണിത് 19 വർഷമായിട്ടുള്ള ഏനാത്ത് പാലം എങ്ങനെ താഴെ വീണു; അത് നിർമ്മാണത്തിലുള്ള തകരാറാണ്. പാലങ്ങളെ സംബന്ധിച്ച് നമുക്കൊരു കാഴ്ചപ്പാട് വേണം.

അതുപോലെ മണ്ഡലതലം മുതൽ ജില്ലാതലംവരെ സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സ്റ്റേറ്റ് തലത്തിലും ജില്ലാ തലത്തിലും അസംബ്ലി തലത്തിലും കമ്മിറ്റികൾ വരും. നമുക്ക് 150-ഓളം റസ്റ്റ് ഹൗസുകളുണ്ട്. ഇതിൽ കുറേയൊക്കെ നല്ലതാണെങ്കിലും കുറേയെണ്ണം ദീർഘകാലമായി ആരും ശ്രദ്ധിച്ചിട്ടില്ല. റസ്റ്റ് ഹൗസുകൾ പുതുക്കിപ്പണിയുകയും മെച്ചപ്പെടുത്തുകയും ആവശ്യമായത് പുനർ നിർമ്മിക്കുകയും എക്സ്റ്റൻഷൻ വേണ്ടത് ചെയ്യുകയും ഭക്ഷണ സൗകര്യം ഏർപ്പെടുത്തി റസ്റ്റ്

ഹൗസുകൾ നവീകരിക്കേണ്ടതായിട്ടുണ്ട്. അവിടെ എം.എൽ.എ.-മാർക്ക് മറ്റുള്ളവരെപ്പോലെ റേറ്റ് വാങ്ങുന്നു എന്നൊരു ആരോപണം വന്നിട്ടുണ്ട്. ഒരു എം.എൽ.എ. അതുസംബന്ധിച്ച് എഴുതിത്തന്നു. അതുപോലെ പെറ്റീഷൻസ് കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. രാജു എബ്രഹാം എഴുതിത്തന്നു. അതുസംബന്ധിച്ച് അന്വേഷിക്കുകയാണ്. എല്ലാ എം.എൽ.എ.-മാർക്കും ഗസ്റ്റ് ഹൗസിലെ അതേ ചാർജ്ജേ വാങ്ങാൻ പാടുള്ളൂ എന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം അധികം വാങ്ങിയ പണം തിരിച്ചു കൊടുക്കണമെന്നും ഉത്തരവിട്ടിട്ടുണ്ട്. അതിന് മുമ്പുള്ള കാര്യം എത്രമാത്രം കണ്ടുപിടിക്കാൻ കഴിയുമെന്ന് എനിക്കറിയില്ല. അവിടെ ആവശ്യത്തിന് സ്റ്റാഫ് ഇല്ലായിരുന്നു. വർഷങ്ങളായി നിയമനം നടന്നിട്ടില്ല. ഇപ്പോൾ എഞ്ചിനീയർമാർ, ഓവർസീയർമാർ ഉൾപ്പെടെ 1,207 പേരെ പി.എസ്.സി. വഴിയും 160 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമിച്ചു. അങ്ങനെ ആകെ 1,367 പേരെ നിയമിച്ചു. പക്ഷേ ഇതുകൊണ്ടൊന്നും തികയില്ല. എന്നാലും ആ ശൂന്യതയ്ക്ക് അത്രത്തോളം വലിയൊരു മാറ്റം വന്നു എന്നുള്ളതാണ് സത്യം. ശ്രീ. കെ. ബി. ഗണേഷ് കുമാർ അടക്കം പല എം. എൽ.എ.മാരും എടുത്തുപറഞ്ഞ കാര്യങ്ങൾ ശരിയാണ്. അതിലൊക്കെ പരിശോധനയുണ്ടാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക 1600 കോടി രൂപയായിരുന്നു. അത് മുഴുവനായും കൊടുത്തു കഴിഞ്ഞു. ഇപ്പോൾ 1600 കോടി രൂപ പുതിയതായി വന്നിട്ടുണ്ട്. അതും താമസിയാതെ കൊടുത്തു തീർക്കും. അതുകൊണ്ട് പണം കൊടുക്കാത്തതിനാൽ പണി നിർത്തിവച്ചു എന്നൊരു സ്ഥിതി ഉണ്ടായിട്ടില്ല. ഈ വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ക്യാബിനറ്റ് തീരുമാനപ്രകാരം 90 എഞ്ചിനീയർമാരെ കേരള സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡിലേയ്ക്ക് ഡിപ്ലോയ് ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ വർക്കുകൾ കൂടുതലായും അവിടെയാണ് വരുന്നത്. ഡിസൈനിംഗിനായി തിരുവനന്തപുരത്ത് മാത്രമല്ല, കോഴിക്കോടും എറണാകുളത്തും മേഖലാ ഓഫീസുകൾ ഓപ്പൺ ചെയ്തിരിക്കുകയാണ്; അതുകൊണ്ട് വികേന്ദ്രീകൃതമായി ഡിസൈനിംഗ് നടക്കും. എല്ലാ ജില്ലകളിലും പി.ഡബ്ല്യൂ.ഡി.-യുടെ ലബോറട്ടറികളുണ്ടെങ്കിലും അവയൊന്നും വേണ്ടത്ര ഭംഗിയായി പ്രവർത്തിക്കുന്നില്ല; അവ പ്രവർത്തിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പ്രവൃത്തിയിൽ 6 മാസത്തെ കാലതാമസം വന്നിട്ടുണ്ട്. ആലപ്പുഴയെ സംബന്ധിച്ച്, പാലം ഡിസൈനിംഗിന് രണ്ട് എഞ്ചിനീയർമാരെ തരാമെന്ന് ഇന്ത്യൻ റെയിൽവേ പറഞ്ഞെങ്കിലും ഇപ്പോഴും തന്നിട്ടില്ല. കൊല്ലത്ത്, മണ്ണ് കിട്ടാതിരുന്നത് പ്രശ്നമായി. കൂടാതെ ചില തൊഴിലാളികൾ കാര്യമറിയാതെ പോയി തടസ്സപ്പെടുത്തി. രണ്ടാഴ്ചക്കാലം അങ്ങനെപോയി. ഇപ്പോഴെല്ലാം പരിഹരിക്കപ്പെട്ടിട്ടുണ്ട്. 2018 മേയ് 31-നകം രണ്ട് ബൈപ്പാസുകളും പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ആ നിലയിലാണ് ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ 4 ഫ്ലൈ ഓവറുകൾ പൂർത്തീകരിച്ച് ഉപയോഗത്തിനായി തുറന്നുകൊടുത്തു. കോഴിക്കോട് അതിവേഗം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. വൈറ്റിലയിലും കുണ്ടന്നൂരും ബഡ്ജറ്റിൽ പറഞ്ഞതുപോലെ ഫ്ലൈ ഓവറുകൾ നിർമ്മിക്കാനുള്ള ഗവൺമെന്റ് ഉത്തരവുകളിറക്കി, അതിന്റെ ഡി.പി.ആർ. നേരത്തെ തയ്യാറാക്കിയത് ഒന്നുകൂടി പരിഷ്കരിച്ച് ഈ മാസം 31- ാം തീയതി കൂടുന്ന കിഫ്ബിയുടെ യോഗത്തിൽ പാസ്സാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ടോളുകൾ എട്ടെണ്ണം നിർത്തലാക്കി. 100 കോടി രൂപയിൽ കവിഞ്ഞ് ചെലവുള്ള പാലങ്ങളുടെ ടോളുകൾ നിർത്തലാക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറല്ല. നമ്മുടെ പോളിസി എല്ലാ ടോളുകളും നിർത്തണമെന്നതാണ്. സംസ്ഥാന ഗവൺമെന്റ് പുതുതായി പണി ചെയ്യുന്നതിനും ടോൾ പിരിക്കുന്നില്ല. നിലവിൽ ടോൾ പിരിച്ചുകൊണ്ടിരിക്കുന്ന എട്ടു പത്ത് പാലങ്ങളുണ്ട്. കുറച്ചധികം പൈസയുള്ളതാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും ആലോചിച്ചശേഷം അക്കാര്യത്തിൽ തീരുമാനമെടുക്കും. എം.എൽ.എ. ക്വാർട്ടേഴ്സിലേയും അസംബ്ലി മന്ദിരത്തിലെയും റോഡുകളുടെ മെയിന്റനൻസ് ഈ സമ്മേളനം കഴിഞ്ഞാലുടൻ ചെയ്യും. ജില്ലാ കളക്ടറേറ്റുകളിലെയും മെഡിക്കൽ കോളേജുകളിലെയും കോമ്പൗണ്ടുകൾ വൃത്തിയാക്കേണ്ടതായിട്ടുണ്ട്, അവയെല്ലാം മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള പി.ഡബ്ല്യു.ഡി. ഓഫീസുകളെയും മറ്റ് മേഖലകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർവത്കരണം സജീവ പരിഗണനയിലാണ്.

ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ ഓരോരുത്തരും പറഞ്ഞ കാര്യങ്ങൾക്ക് എടുത്തെടുത്ത് മറുപടി പറയുന്നില്ല. അഴിമതിയുടെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അഴിമതി എതിർക്കാൻ നമുക്ക് ധാരാളം നിയമങ്ങളുണ്ട്. പാർലമെന്റ് പാസ്സാക്കിയ നിയമമാണ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട്. കഴിഞ്ഞ ആഗസ്റ്റ് മാസം തന്നെ ക്യാബിനറ്റ് തീരുമാനപ്രകാരം റോഡ് കയ്യേറ്റവുമായി ബന്ധപ്പെട്ട ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഇവിടെ നടപ്പിലാക്കിയിരിക്കുകയാണ്. കയ്യേറ്റത്തിനെതിരായി ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധിയുണ്ടെങ്കിലും ആളുകൾ വീണ്ടും കയ്യേറിക്കൊണ്ടിരിക്കുകയാണ്. ഇതിനായുള്ള ജുഡീഷ്യൽ ഒഫീസേഴ്സ് ജില്ലയിൽ ഇ.ഇ., എ.എക്സ്.ഇ., എ.ഇ. എന്നിവരാണ്. അവിടെ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കാം. നമ്മൾ അതിലേയ്ക്കൊന്നും കടന്നിട്ടില്ല. പ്രാദേശികമായി ശക്തമായ സമ്മർദ്ദമല്ലേ? ഇങ്ങനെ നടപടിയെടുക്കുമ്പോൾ കേരളത്തിൽ അവകാശം പറഞ്ഞ് സംഘടിച്ച് ജാഥയൊക്കെ നടക്കുന്നുണ്ട്, പല രാഷ്ട്രീയ നേതാക്കളും പോയി പ്രസംഗിക്കുന്നുണ്ട്, ഇതൊക്കെ പത്രത്തിൽ വന്നിട്ടുണ്ട്. അതൊന്നും ശരിയല്ല. ഈ കയ്യേറ്റമെല്ലാം ഒഴിപ്പിച്ചെടുത്ത് റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരത്ത് ജില്ലാ കേന്ദ്രങ്ങളിലുള്ള റോഡ് നിർമ്മാണം ഏകദേശം പൂർത്തിയായി, കോഴിക്കോട് ചെയ്തുകൊണ്ടിരിക്കുകയാണ്. കണ്ണൂർ, ആലപ്പുഴ, കൊല്ലം ഇവ തഴയപ്പെട്ട ജില്ലകളായിരുന്നു. ഇവിടെ ജില്ലാ കേന്ദ്രങ്ങളിലുള്ള സകലമാന പി.ഡബ്ല്യു.ഡി. റോഡുകളും റോഡ് ഫണ്ട് ബോർഡിനെക്കൊണ്ട് ചെയ്യിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഏതാണ്ട് 1200 കോടി രൂപയുടെ പ്രവൃത്തി തീരുമാനിച്ചു കഴിഞ്ഞു. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇതുപോലെ ചെയ്യുന്നതാണ്.

സംസ്ഥാനത്ത് കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികളാണ് നടക്കുന്നത്. 111000 കോടി രൂപ പത്തിരുപത് മാസംകൊണ്ട് ചെലവഴിക്കുന്നുണ്ട്. നമ്മൾ ജാഗ്രത പാലിച്ചില്ലെങ്കിൽ, ഇതിൽ അഴിമതിക്കുള്ള സാധ്യത വളരെ കൂടുതലാണ്. അത് നമ്മുടെ വ്യവസ്ഥയുടെ ഭാഗമാണ്. ഞാൻ പറയുന്നത് അഴിമതി ഇന്നും ഇന്നലെയും തുടങ്ങിയതല്ല എന്നാണ്. ഞാൻ 'കൗടില്യന്റെ അർത്ഥശാസ്ത്രം' കൊണ്ടുവന്നിരിക്കുകയാണ്.

ഇത് ഏതാണ്ട് 2400 വർഷം പഴക്കമുള്ള ഗ്രന്ഥമാണ്. അന്ന് കൗടില്യൻ പറഞ്ഞത്, 'ധനാപഹരണം നടത്തിയാൽ അപകർത്താവിൽ നിന്നോ ബന്ധുക്കളിൽ നിന്നോ മുഴുവൻ തുകയും ഈടാക്കണം' എന്നാണ്. ഇവിടെ ഒറ്റ പൈസ ഈടാക്കുന്നുണ്ടോ? ഒന്നുകിൽ സസ്പെന്റ് ചെയ്യും, അത് സന്തോഷമാണ്, ആ പൈസയുംകൊണ്ട് പോകാമല്ലോ. ഇന്ത്യയിൽ അതേയുള്ളൂ, വളരെ അപൂർവ്വമായ കേസുകളിൽ മാത്രമേ ശിക്ഷിക്കപ്പെടുന്നുള്ളൂ. അന്ന് കൗടില്യൻ പറഞ്ഞതെല്ലാം ചെയ്യാമെന്നല്ല. അതേപോലെ ഉദ്യോഗസ്ഥർ, അവർക്ക് സംഘടനയ്ക്കൊന്നും കുഴപ്പമില്ല. ഇതിൽ കൗടില്യൻ പറയുന്നത്, 'തമ്മിൽ ഒത്തുകൂടി സംസാരിച്ചാൽ രാജാവിന്റെ വരുമാനമാണ് അപഹരിക്കപ്പെടുന്നത് '. രാജാവെന്നു പറഞ്ഞാൽ ഭരണ കർത്താവ്, ഇപ്പോൾ ഗവൺമെന്റ്. അപ്പോൾ ഉദ്യോഗസ്ഥർക്ക് സംഘടനാ സ്വാതന്ത്ര്യം ആവശ്യമാണ്, പക്ഷേ നമ്മുടെ ഖജനാവിന്റെയും നാടിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അപ്പുറത്തേയ്ക്ക് പോയിക്കൂടാ. ഇപ്പോൾ ഐ.എ.എസ്.-കാരെല്ലാം സംഘടന ഉണ്ടാക്കി, അവിടെ കൂടി, ഇവിടെ കൂടി എന്നെല്ലാം പത്രത്തിൽ വരാറില്ലേ, പത്രക്കാർക്ക് പറയാൻ രസമാണ്, ഇതിനെല്ലാം ലിമിറ്റേഷൻസ് ഉണ്ടാകണം. ആദ്യകാലം മുതലേ ഇതിനെല്ലാം വ്യവസ്ഥയുണ്ട്. ഇക്കാര്യങ്ങളൊക്കെ എല്ലാവരും ശ്രദ്ധിച്ചാൽ കൊള്ളാമെന്നാണ് എനിക്ക് പറയാനുള്ളത്.

'പൊതുമുതൽ നഷ്ടപ്പെടുത്തുന്നവൻ രാജാവിന്റെ ധനം ഭക്ഷിക്കുന്നു', രാജാവെന്നാൽ ഗവൺമെന്റ്. അദ്ധ്യക്ഷൻ ജനങ്ങളെ ഭക്ഷിക്കുന്നവനാണെങ്കിൽ ജനങ്ങളുടെ സ്ഥിതി എന്തായിരിക്കും? ഈ ഗവൺമെന്റിന്റെ അദ്ധ്യക്ഷൻ ആരേയും ഭക്ഷിക്കുന്നില്ല, ഭക്ഷണം മാത്രമേ കഴിക്കുന്നുള്ളൂ, ജനങ്ങളുടേതൊന്നും എടുത്തു കഴിക്കുന്നില്ല. നിങ്ങളുടെ കീഴിൽ എല്ലാ വകുപ്പുകളും അങ്ങനെയായിരുന്നുവോയെന്ന് യു.ഡി.എഫ്. ആത്മപരിശോധന നടത്തിയാൽ മതി. ഞാൻ ആരെയും കുറ്റം പറയുന്നില്ല. അപ്പോൾ ഇതൊക്കെ ഞങ്ങൾ നോക്കുന്നുണ്ടെന്ന് മനസ്സിലായില്ലേ? നമ്മുടെ കാലത്തെ കാര്യം മാത്രമല്ല, ചിരപുരാതനകാലം മുതൽ ലോകത്ത് എങ്ങനെയാണ് ഭരണാധികാരികൾ പ്രവർത്തിച്ചത്, എന്തായിരുന്നു സന്മാർഗ്ഗ നിർദ്ദേശങ്ങൾ, എന്തായിരുന്നു വഴുതിപ്പോകലുകൾ, അന്നത്തെ സ്ഥിതി എന്തായിരുന്നു, ഇന്നത്തെ സ്ഥിതി എന്താണ്, ഇതെല്ലാം മനസ്സിലാക്കണം. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം പറയുമ്പോൾ, ഇത്ര വിപുലവും ധാരാളം തുക മുടക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങളിൽ ഒരു ശതമാനംപോലും അഴിമതി ഉണ്ടാകാൻ പാടില്ല. നമ്മൾ എത്ര വിചാരിച്ചാലും ചെറുതായുണ്ടാകും, പക്ഷേ നമുക്കത് നിയന്ത്രിച്ചാൽ വളരെയേറേ മാറ്റം വരുത്താൻ കഴിയും. അഴിമതിക്കെതിരായ പോരാട്ടം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മുഖമുദ്രയാണ്. ഈ വകുപ്പ് അത് ഏറ്റെടുത്തിട്ടുണ്ട്. ഏതാണ്ട് 105 ഓളം പേർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. ഒരാളെയൊഴിച്ച് മറ്റുള്ളവരെ തിരിച്ചെടു ത്തിട്ടുണ്ടെന്നുള്ളത് മറ്റൊരു കാര്യം. അതുകൊണ്ട് സുതാര്യമായ, സാങ്കേതിക മേന്മയുള്ള, പ്രത്യക്ഷ ഫലം തരുന്ന, അതിവേഗം കാര്യങ്ങൾ നടക്കുന്ന, കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാത്ത വികസനം. ഒറ്റ വാക്ക് കൂടിയേ പറയുന്നുള്ളൂ. 140 മണ്ഡലങ്ങൾക്കും തന്നു. കഴിഞ്ഞ

കാലത്ത് അങ്ങനെയായിരുന്നുവെന്ന് ആരും വാദിക്കരുത്. എന്റെ കയ്യിൽ ലിസ്റ്റുണ്ട്, ഞാൻ അതൊന്നും പറയുന്നില്ല ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്ന പേരുപോലും പറയില്ല. അങ്ങ് അതിൽ വിഷമിക്കരുത്, അങ്ങേയറ്റം അന്യായമാണ് നടന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് എത്ര എം.എൽ.എ.-മാർക്ക് ഒന്നും കിട്ടിയില്ല എന്ന് ഞാൻ ലിസ്റ്റ് നോക്കിപ്പറയാം. അടുത്ത അസംബ്ലിയിൽ മേശപ്പുറത്ത് വയ്ക്കാം. അങ്ങനെയൊന്നും ചെയ്യാൻ പാടില്ല. എല്ലാവർക്കും തുല്യമായിട്ട് ചെയ്യണം. ചില സ്ഥലങ്ങളിൽ കുറച്ച് മതിയാകും. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ മണ്ഡലത്തിൽ കൂടുതലൊന്നും ചെയ്യേണ്ട കാര്യമില്ല കാരണം എല്ലാം ഭംഗിയായി ചെയ്തിട്ടുണ്ട്. അവിടെ കുറച്ച് കൊടുത്താൽ മതിയാകും. അങ്ങനെയുള്ള ധാരാളം മണ്ഡലങ്ങളുണ്ട്. ബഹുമാനപ്പെട്ട പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റിലെ മന്ത്രിമാരുടെയോ, ഞങ്ങളിലാരുടെയെങ്കിലുമോ അല്ല ഈ ഖജനാവ്. ഇത് ജനങ്ങളുടേതാണ്. ജനങ്ങൾക്കുവേണ്ടി ഭരിക്കുകയാണ്. എല്ലാ എം.എൽ.എ.-മാർക്കും തുല്യനീതി, സാമൂഹ്യനീതി ഇതാണ് ഞങ്ങളുടെ ലക്ഷ്യം. ആ പാഠം നിങ്ങൾ ഞങ്ങളിൽ നിന്ന് പഠിച്ചേ പറ്റൂ. നിങ്ങൾ പഠിക്കില്ല എന്നു പറഞ്ഞാൽ ശരിയാവില്ല, പഠിച്ചേ പറ്റൂ. ആ കാര്യത്തിൽ ഗുരുതരമായ വീഴ്ച വന്നതിന്റെ ഫലമായുണ്ടായ, ഗുരുതരമായ അഴിമതികളൊക്കെയുണ്ട്. സൂരജിന്റെ കാര്യം പറഞ്ഞില്ലേ, ദയവായി അയാളുടെ കാര്യം മിണ്ടരുത്. അന്നത്തെ അദ്ദേഹത്തിന്റെ പല ഓർഡറുകളും നല്ല ഓർഡറുകളായിരുന്നില്ല. അഴിമതിക്കെതിരെ, സുതാര്യതയ്ക്കുവേണ്ടി, ശക്തമായി റോഡുകൾ, സൗന്ദര്യവത്കരണം തുടങ്ങി കേരളത്തെ ലോകത്തിന്റെ ഏറ്റവും മുമ്പിൽ നിൽക്കുന്ന മഹത്തായ ഒരു അടിസ്ഥാന സൗകര്യ വികസന സംസ്ഥാനമാക്കി മാറ്റാനുള്ള പിണറായി ഗവൺമെന്റിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. നിങ്ങളുടെ പിന്തുണയ്ക്ക് നന്ദിയുണ്ട്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യവകുപ്പിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളെയും നല്ല വാക്കുകളെയും വിമർശനങ്ങളെയും നിറഞ്ഞ മനസ്സോടെ സ്വാഗതം ചെയ്യുകയാണ്. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇത് ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാനും നാളുകൾക്കുള്ളിൽ തന്നെ ഈ നിയമം നടപ്പിലാക്കണമെന്ന കർശന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നത്. മുൻഗണനാ/മുൻഗണനേതര പട്ടിക തയ്യാറാക്കി റേഷൻ കാർഡ് വിതരണം ചെയ്യുക എന്നുള്ളതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. ആ സന്ദർഭത്തിൽ അതിന്റെ വിവര ശേഖരണം പ്രത്യേകമായി നടത്താൻ അവസരമുണ്ടായില്ല. കഴിഞ്ഞ ഗവൺമെന്റ് തയ്യാറാക്കിയ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിലാണ് കരട് പട്ടിക തയ്യാറാക്കി

പ്രസിദ്ധീകരിച്ചത്. ആ പട്ടികയിൽനിന്നുതന്നെ റേഷൻ വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുകയുണ്ടായി. കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പരാതികൾ ക്ഷണിക്കുകയും വെരിഫിക്കേഷൻ കമ്മിറ്റിയും അപ്പീൽ കമ്മിറ്റിയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്മേൽ തീരുമാനങ്ങളെടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കുകയും ചെയ്തു. അവരുടെ അഭിപ്രായങ്ങൾ കൂടി കേട്ടതിനുശേഷമാണ് നടപടികളുമായി മുന്നോട്ടുപോകുന്നത്. ഇത്രയും കാര്യങ്ങൾ നിർവ്വഹിച്ചതിനുശേഷമുള്ള പട്ടികയാണ് അന്തിമ പട്ടികയായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ അന്തിമ പട്ടിക ഞങ്ങളുടെ ഇഷ്ടപ്രകാരം ചെയ്തതല്ല. ഇതെല്ലാം സ്റ്റാറ്റ്യൂട്ടറി പ്രോസസ്സാണ്. കേന്ദ്ര സർക്കാർ പാസ്സാക്കിയ ഭക്ഷ്യഭദ്രതാ നിയമത്തിലെ വ്യവസ്ഥപ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് സ്റ്റാറ്റ്യൂട്ടറി പ്രോസസ്സെല്ലാം നടത്തിയത്. ആ നടപടികൾ പൂർത്തിയാക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അത് പൂർത്തിയാക്കി കൊണ്ട് മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. കൂട്ടിച്ചേർക്കേണ്ടവരുടെയും ഒഴിവാക്കേണ്ടവരുടെയും ലിസ്റ്റുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിനുശേഷം വകുപ്പ് വഴി ലഭിച്ച പരാതികളും പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇന്നത്തെ മുൻഗണനാ പട്ടികയിൽ ഏതാണ്ട് ഒരു ലക്ഷത്തോളം അനർഹരെ കണ്ടെത്തിയിട്ടുണ്ട്. ചേർക്കേണ്ടവരുടെ പട്ടികയും ലഭിച്ചിട്ടുണ്ട്. അതിന്മേലുള്ള നടപടികൾ ഇപ്പോൾ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. നാൽപ്പത് ശതമാനത്തോളം നടപടികൾ ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. നിങ്ങൾ എന്തിനാണ് പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിച്ചത് എന്നാണ് ശ്രീ. എ. പി. അനിൽ കുമാർ വളരെ വിമർശനപരമായി ഉന്നയിച്ചത്. ആക്ട് പ്രകാരം ചെയ്യേണ്ട, നടപടിക്രമത്തിന്റെ ഭാഗമായാണ് ചെയ്തത്. ബാക്കി പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഗ്രാമസഭകൾ വിളിച്ചുചേർത്ത് അനർഹർ ആരെങ്കിലും ലിസ്റ്റിലുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്ന ജോലിയാണ് പഞ്ചായത്തുകളുടെ ചുമതല. അർഹതപ്പെട്ടവർ ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെക്കൂടി ആ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ചുമതല പഞ്ചായത്തുകൾക്ക് ഇല്ലേ; അതാണ് ഇതിലെ ന്യായം എന്നുള്ളതാണ് ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത്.

ശ്രീ. പി. തിലോത്തമൻ: സർ, ഈ രണ്ട് വിഷയത്തിലും അഭിപ്രായം പറയാനുള്ള അവകാശം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതിനുകീഴിലുള്ള ഗ്രാമസഭകൾക്കുമുണ്ട്. അതുകൊണ്ടാണ് പട്ടികയിൽ കൂട്ടിച്ചേർക്കേണ്ടവരെയും ഒഴിവാക്കേണ്ടവരെയും സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കണമെന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയത്. അനർഹർ വീണ്ടും ആ പട്ടികയിലുണ്ടെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എൻക്വയറി നടത്തിയതിന്റെ റിപ്പോർട്ട് ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അതെല്ലാം പൂർത്തീകരിച്ചുകൊണ്ട് മാത്രമേ ശരിയായ രീതിയിലുള്ള മുൻഗണനാ-മുൻഗണനേതര പട്ടിക തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. അതിന് കുറച്ചുകൂടി സമയം ആവശ്യമായി വരുമെന്നാണ് എനിക്ക് അത് സംബന്ധിച്ച്

പറയാനുള്ളത്. ഈ ആക്ട് നടപ്പാക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഘടകം വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം എന്ന സംവിധാനമാണ്. പ്രസ്തുത പദ്ധതി കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ ആരംഭിക്കുകയുണ്ടായി. അത് വളരെ വിജയകരമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ 6 ജില്ലകളിൽ ഈ സംവിധാനത്തിൽ ധാന്യവിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ശേഷിക്കുന്ന 7 ജില്ലകളിൽക്കൂടി അടുത്ത മാസം വാതിൽപ്പടി വിതരണത്തിന് അരി സംഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതും വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനമൊട്ടാകെ ധാന്യവിതരണം വളരെ കൃത്യമായി നിർവ്വഹിക്കാനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഓരോ കടമ്പകളും കടക്കുമ്പോൾ ധാരാളം പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നത് സ്വാഭാവികമാണ്. വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ടേഷന്റെ വിഷയം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ പറഞ്ഞതൊന്നും ശരിയല്ല. അതൊക്കെ ഞങ്ങൾ കൃത്യമായി പരിശോധിച്ചുകൊണ്ടും ഇവിടെ ഉയർന്നുവന്ന വിമർശനങ്ങൾ ശരിയായി ഉൾക്കൊണ്ടുകൊണ്ടും കുറ്റമറ്റ രീതിയിൽ ട്രാൻസ്പോർട്ടേഷന്റെ കരാറുണ്ടാക്കി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വാതിൽപ്പടി വിതരണം നടത്തിയ കൊല്ലം ജില്ലയിൽ ധാന്യം മിച്ചം വന്നു. രണ്ട് കിലോ ധാന്യം കൊടുത്തിരുന്നത് ഇപ്പോൾ മൂന്ന് കിലോ ധാന്യമാക്കി വർദ്ധിപ്പിക്കാൻ സാധിച്ചു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിലവിലുള്ള റേഷൻ കടകളുടെ എണ്ണം കുറയ്ക്കുന്നു എന്നൊരു അഭ്യൂഹമുണ്ടായി. അങ്ങനെ റേഷൻ കടകളുടെ എണ്ണം കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇനി എണ്ണം കുറയ്ക്കാൻ തീരുമാനമുണ്ടാകുകയാണെങ്കിൽ അത് സർവ്വേയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ശാസ്ത്രീയമാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഞാൻ പറഞ്ഞുകൊണ്ടിരുന്ന കാര്യം പൂർത്തീകരിക്കട്ടെ. വാതിൽപ്പടി വിതരണം കൊല്ലം ജില്ലയിൽ നടത്തിയതിന്റെ റിസൾട്ടിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അവിടെ അരി മിച്ചമുണ്ടായി. അതുകൊണ്ട് രണ്ട് കിലോ ഗ്രാം അരി വീതം കൊടുത്തിരുന്ന ആളുകൾക്ക് മൂന്ന് കിലോ ഗ്രാം അരി വീതം കൊടുക്കാൻ സാധിച്ചു. എല്ലായിടത്തും ഈ സംവിധാനം നടത്തുന്നതിനുമുമ്പ് അരി മിച്ചമുണ്ടായിരുന്നു. നമ്മുടെ കണക്കുപ്രകാരം ഒരു കുടുംബത്തിന് രണ്ടു കിലോ അരി വീതം കൊടുക്കാൻ കഴിയുമായിരുന്ന നോൺ പ്രയോറിറ്റി/നോൺ സബ്സിഡി വിഭാഗത്തിലെ 65 ലക്ഷം ആളുകൾക്ക് കഴിഞ്ഞ മാസം മുതൽ 8 കിലോ അരി വീതം കൊടുക്കുകയാണ്. ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ചതുപോലെ മുൻഗണനാ പട്ടികയിൽ 154 ലക്ഷം പേർക്ക്, അതിന്റെ ആദ്യഭാഗത്തു വരുന്ന എ.എ.വൈ. പദ്ധതി പ്രകാരം 25 ലക്ഷം പേർക്ക് 35 കിലോ ധാന്യം വീതം കൊടുക്കുകയാണ്. പിന്നീട് വരുന്ന 129 ലക്ഷം ആളുകൾക്ക്, ഒരാൾക്ക് 5 കിലോ ധാന്യം വീതം കൊടുക്കുകയാണ്. 154 ലക്ഷം പേരടങ്ങുന്ന, കഴിഞ്ഞ തവണ കൊടുത്തിരുന്നതിനേക്കാൾ കൂടുതൽ ആളുകൾക്ക് സമ്പൂർണ്ണമായി സൗജന്യ അരി വിതരണം നടത്തി. മുമ്പ് തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം കേരളത്തിൽ

എല്ലായിടത്തും അരി കൊടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 97 ലക്ഷം പേർക്കാണ് സൗജന്യമായി അരി വിതരണം നടത്തിയത്. എ.എ.വൈ. പദ്ധതി പ്രകാരം 35 കിലോ അരി കിട്ടുമായിരുന്നു. പിന്നീട് വരുന്ന ഒരു ബി.പി.എൽ. കാർഡുടമയ്ക്ക് 25 കിലോ അരി ലഭിക്കുമായിരുന്നു. ആ സ്ഥാനത്ത് ഇപ്പോൾ എ.എ.വൈ. പദ്ധതി പ്രകാരം 35 കിലോയും ശേഷിക്കുന്ന 154 ലക്ഷത്തിൽ ഒരു കുടുംബത്തിലെ ബാക്കിവരുന്ന ആളുകൾക്ക് ഒരംഗത്തിന് 5 കിലോ പ്രകാരവും ധാന്യം കൊടുക്കുകയാണ്. അങ്ങനെ 97 ലക്ഷം ആളുകൾ 154 ലക്ഷമായി, സമ്പൂർണ്ണ സൗജന്യം വാങ്ങുന്നവരായി. 178 ലക്ഷം ആളുകൾക്ക് രണ്ടു രൂപ പ്രകാരമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അരി കൊടുത്തിരുന്നത്, അതിൽ ശേഷിക്കുന്ന 121 ലക്ഷം ആളുകൾക്ക്, ഒരു കുടുംബത്തിലെ ഒരംഗത്തിന് രണ്ട് രൂപ നിരക്കിൽ ഒരു കിലോ അരി കൊടുക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. മുൻഗണനാ പട്ടിക അനുസരിച്ച് 154 ലക്ഷം ആളുകൾക്ക് നൽകാൻ കേന്ദ്രസർക്കാർ നൽകുന്ന 14.25 ലക്ഷത്തിൽ 10.25 ലക്ഷം മെട്രിക് ടൺ ധാന്യം വേണം. രണ്ട് രൂപയ്ക്കും മൂന്ന് രൂപയ്ക്കുമുള്ള ധാന്യമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. അതാണ് നാം സമ്പൂർണ്ണ സൗജന്യമായി നൽകുന്നത്. പിന്നീട് നാല് ലക്ഷം വരുന്ന ട്രൈഡ് ഓവർ അലോക്കേഷനിൽ ഒരു കിലോ അരി 8.30 രൂപയ്ക്കാണ് തരുന്നത്. അതാണ് സംസ്ഥാന സർക്കാർ രണ്ട് രൂപയ്ക്ക് നൽകുന്നത്. മുൻഗണനേതര പട്ടികയിലെ സബ്സിഡി വിഭാഗം 121 ലക്ഷം കഴിഞ്ഞുള്ള 65 ലക്ഷം ആളുകൾക്ക് സബ്സിഡി ഇല്ലാതെ കേന്ദ്രസർക്കാർ നൽകുന്ന അതേ റേറ്റിലാണ് സംസ്ഥാന സർക്കാർ ഇവിടെ അരി കൊടുക്കുന്നത്. അവർക്ക് നൽകാൻ നമ്മുടെ കയ്യിൽ കണക്കു പ്രകാരം ഉണ്ടായിരുന്നത് 2 കിലോ ധാന്യമായിരുന്നു. എന്നാൽ കഴിഞ്ഞ മാസം മുതൽ 8 കിലോയാണ് കൊടുക്കുന്നത്. മുൻ സിസ്റ്റത്തിൽ കൊടുത്തു കൊണ്ടിരുന്ന അതേ അളവിൽ ധാന്യം നോൺ സബ്സിഡി വിഭാഗത്തിന് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ധാന്യ വിതരണം. ധാന്യ വിതരണം നിലച്ചു, റേഷൻ സമ്പ്രദായം തകർന്നു തുടങ്ങിയ വിമർശനങ്ങൾ നടത്തുന്നത് ഈ വസ്തുതകൾ മനസ്സിലാക്കാതെയാണ്. സംസ്ഥാനത്ത് എൻ.എഫ്.എസ്.എ. പൂർണ്ണമായി നടപ്പാക്കണമെങ്കിൽ നാം ഇനിയും കുറെക്കൂടി മുന്നോട്ടുപോകേണ്ടതുണ്ട്. ഈ ഗവൺമെന്റ് വളരെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തുകൊണ്ട് വളരെ ഗൗരവമേറിയ കടമ്പകൾ കടന്ന് സംസ്ഥാനത്തെമ്പാടും വാതിൽപ്പടി വിതരണത്തിന് ഇപ്പോൾ ധാന്യം സംഭരിച്ചുകൊണ്ടിരിക്കുകയാണ്. ഇടനിലക്കാരെ പൂർണ്ണമായി ഈ രംഗത്തു നിന്ന് ഒഴിവാക്കിയിരിക്കുകയാണ്.

ഇവിടെ ഉയർന്ന മറ്റൊരു വിമർശനം ധാന്യം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചിട്ടില്ല എന്നതാണ്. അതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജി.പി.എസ്. ഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തിയാകുകയും ബിസിനസ് മൊഡ്യൂളുകൾ നിശ്ചയിക്കുകയും ചെയ്തു. ജൂലൈ മുതൽ ധാന്യം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കാൻ കഴിയും. അതോടൊപ്പം റേഷൻ കടകളിൽ e POS സംവിധാനം ജൂൺ-ജൂലൈ മാസത്തിൽ ഏർപ്പെടുത്താനാകും. അതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം സംവിധാനങ്ങൾ വന്നുകഴിഞ്ഞാൽ വിതരണം ചെയ്യുന്ന ധാന്യം അരിയാണെങ്കിലും ഗോതമ്പാണെങ്കിലും നാം നിശ്ചയിക്കുന്ന അളവിൽ തന്നെ ഉപഭോക്താക്കളുടെ കയ്യിൽ എത്തിക്കാൻ കഴിയും.

റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനെക്കുറിച്ച് ഇവിടെ ചോദിച്ചിരുന്നു. വളരെ തമാശ തോന്നിയ കാര്യമാണത്. റേഷൻ കാർഡ് കൊടുക്കേണ്ട സമയം എത്രയോ കഴിഞ്ഞു. റേഷൻ കാർഡ് കൊടുക്കേണ്ട സമയത്ത് കൊടുക്കാൻ കഴിഞ്ഞില്ല. എൻ.എഫ്.എസ്.എ. ആക്ട് വന്നപ്പോൾ അതിന്റെ മാറ്റങ്ങൾകൂടി ഉൾക്കൊണ്ടു കൊണ്ട് വിതരണം ചെയ്യാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചു. അതിനും സാധിച്ചില്ല. ഇപ്പോൾ ആ ഉത്തരവാദിത്വവും ഈ ഗവൺമെന്റിന്റെ ചുമലിൽ വന്നിരിക്കുകയാണ്. കൊല്ലം ജില്ലയിൽ റേഷൻ കാർഡിന്റെ അച്ചടി പൂർത്തിയായി കാർഡ് വിതരണത്തിനായി ഡിപ്പാർട്ടുമെന്റിൽ കിട്ടിയിട്ടുണ്ട്. ആലപ്പുഴ, വയനാട്, എറണാകുളം, കോട്ടയം ജില്ലകളിൽ അച്ചടി പൂർത്തിയായി മേയ് 15-നകം വിതരണം ചെയ്യാൻ കഴിയുംവിധം ലഭ്യമാകും. ബാക്കി ജില്ലകളിൽ മേയ് 31-നകം വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എല്ലാ ജില്ലകളിലും റേഷൻ കാർഡ് വിതരണം ചെയ്യാനുള്ള സെന്ററുകൾ തീരുമാനിച്ചുകഴിഞ്ഞു. റേഷൻ കാർഡിന്റെ കാര്യത്തിൽ ആശങ്ക വേണ്ട. എന്നാൽ ആക്ഷേപങ്ങളും പരാതികളുമുള്ളതും അനർഹർ കടന്നു കൂടിയിട്ടുള്ളതുമായ കാർഡുകൾ ഹോൾഡ് ചെയ്താായിരിക്കും വിതരണം നടത്തുന്നത്. അത്തരം റേഷൻ കാർഡുകളിൽ തീരുമാനമെടുത്തതിനുശേഷം മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. റേഷൻ കടകളുടെ എണ്ണം കുറയ്ക്കാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. എൻ.എഫ്.എസ്.എ. നടപ്പാക്കുമ്പോൾ റേഷൻ വ്യാപാരികളുടെ വരുമാനം കുറയുമോ എന്ന ആശങ്കയുണ്ട്. അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തെ സംബന്ധിച്ച് നമുക്ക് അറിയാവുന്നതാണ്. ഞാൻ അതുസംബന്ധിച്ച് പറയേണ്ട കാര്യമില്ല. ഹോൾസെയിൽ ഉടമകൾ ഈ രംഗത്തുനിന്ന് മാറിയാലും അവർക്ക് അവരുടേതായ പ്രശ്നങ്ങളുണ്ട്. ഈ ആശങ്കകളെല്ലാം പ്രകടിപ്പിച്ച സന്ദർഭത്തിൽ അതുസംബന്ധിച്ച് പഠിക്കാൻ റേഷൻ വ്യാപാരികളുടെ സംഘടനാ പ്രതിനിധികളും സിവിൽ സപ്ലൈസ് ഡയറക്ടറും ഉൾപ്പെടെയുള്ളവരുടെ ഒരു സമിതിയെ സർക്കാർ നിയോഗിച്ചു. ആ സമിതി അതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ചർച്ച നടത്തി കഴിഞ്ഞു. ഈ മാസംതന്നെ ഇതുമായി ബന്ധപ്പെട്ട് ഗൗരവകരമായ തീരുമാനമുണ്ടാകും. മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ മുൻകയ്യെടുത്ത് മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. 350 റേഷൻ കാർഡുകളിൽ കുറവുള്ള റേഷൻ കടകൾ എക്കണോമിക്കലി വയബിളല്ല എന്നത് ആ റിപ്പോർട്ടിലെ ശിപാർശയാണ്. അതുകൊണ്ട് അത്തരം റേഷൻ കടകളെ സംയോജിപ്പിക്കണം. 1500, 2000, 2500 റേഷൻ കാർഡുകളുള്ള കടകളെ സ്പ്ലിറ്റ് ചെയ്യണമെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നു. റേഷൻ കടകൾ കുറയ്ക്കാൻ നമ്മൾ തീരുമാനമെടുത്തിട്ടില്ല. ആ കമ്മിറ്റിയുടെ ശിപാർശകൾ ഗവൺമെന്റിന് മുന്നിൽ പരിശോധനയ്ക്കായി വച്ചിട്ടുണ്ട്. എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന ആദ്യഘട്ടത്തിൽ റേഷൻ വിതരണത്തിലുണ്ടായ ചില പ്രശ്നങ്ങൾ

എല്ലാവർക്കും അറിയാവുന്നതാണ്. എഫ്.സി.ഐ. ഡിപ്പോകളിൽ തൊഴിലാളികൾ അരി സമയത്ത് കയറ്റിത്തന്നില്ല. ആ മാസവും അതിനു പിന്നീടുള്ള മാസവും റേഷൻ വിതരണം ന്യായമായി നടത്തുന്നതിന് ചില പ്രയാസങ്ങളുണ്ടായി. ആ സന്ദർഭത്തിൽ ആന്ധ്രയിൽനിന്ന് വരുന്ന അരിയുടെ അളവും കുറഞ്ഞു. അതാണ് സംസ്ഥാനത്ത് അരിയുടെ വില ഉയരാൻ കാരണമായത്. ഇത് നമ്മൾ പല സന്ദർഭങ്ങളിലും ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. അരി വില 50 രൂപയോളം ഉയർന്നത് ആ സന്ദർഭത്തിലാണ്. എന്നാൽ നാം ആ വിഷയത്തിൽ വളരെ ഗൗരവമായി ഇടപെടുകയും നമ്മുടെ എല്ലാ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്തു. കൺസ്യൂമർ ഫെഡ് അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചു. ബംഗാളിൽനിന്നുൾപ്പെടെ അരി കൊണ്ടു വന്ന് വളരെ റീസണബിളായ പ്രൈസിന് പൊതുമാർക്കറ്റിൽ ലഭ്യമാക്കി. അരിയുടെ വില താഴോട്ടുവന്നു. ഇന്നും അരിയുടെ വില 50 രൂപയാണെന്ന് ഇവിടെ പറഞ്ഞപ്പോൾ ഞാൻ അതിൽ ഇടപെട്ട് പറഞ്ഞിരുന്നു. അരിയുടെ വില 50 രൂപയാണെന്ന് പറയുന്നത് ശരിയല്ല. ബ്രാൻഡഡ് ഐറ്റം അരിക്ക് ചിലപ്പോൾ അത്രത്തോളം വില ഉണ്ടായേക്കാം. എന്നാൽ സാധാരണക്കാർ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട എല്ലായിനം അരിക്കും വില കുറഞ്ഞു. ഇന്ന് ആ സ്ഥിതിയാണ് പൊതുമാർക്കറ്റിലുള്ളത്. റേഷൻ വിതരണത്തിന്റെ കാര്യം മാത്രമല്ല, എല്ലാ പൊതുവിതരണ രംഗത്തും നമ്മൾ നന്നായി ഇടപെട്ടതിന്റെ ഫലമായി അരിയുടെ വില കുറയ്ക്കാൻ സാധിച്ചു. അരിവില വർദ്ധിച്ചപ്പോൾ അരിക്കടകൾ മൂന്ന് എണ്ണമാണോ സംസ്ഥാനത്ത് പ്രവർത്തിച്ചത്? 1500-ൽപ്പരം വരുന്ന മാവേലി ഔട്ട്ലെറ്റുകളിലൊക്കെ അരി ലഭ്യമാക്കി. അതു കൂടാതെയാണ് നിരവധി അരിക്കടകൾ സംസ്ഥാനത്താകെ തുറന്ന് ഈ പ്രയാസകരമായ സാഹചര്യത്തെ അതിജീവിച്ചത്. മാവേലി സ്റ്റോറുകളിൽ സാധനങ്ങളില്ല, വില കൂടുതലാണ്, അവയൊക്കെ പേരിന് പ്രവർത്തിക്കുന്നു എന്ന വിമർശനം ഇവിടെ ചില സുഹൃത്തുക്കൾ നടത്തുകയുണ്ടായി. അത് ശരിയല്ല. എല്ലാ മാവേലി സ്റ്റോറുകളിലും പലവ്യഞ്ജനങ്ങൾ നന്നായി വിപണനം ചെയ്യാനുള്ള സൗകര്യങ്ങളുമായി. സബ്സിഡൈസ്ഡ് ഉൽപന്നങ്ങൾ കിട്ടുന്നില്ലെന്ന പരാതി ഒരിടത്തുമില്ല. മിക്കവാറും എല്ലാ പലവ്യഞ്ജനങ്ങളുടെയും വില കുറഞ്ഞതായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇവിടെ സബ്സിഡി നിരക്കിൽ നൽകിയിരുന്ന പതിമൂന്നിനം ഉൽപന്നങ്ങൾ ഇന്ന് 16 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. എഫ്.സി.ഐ.-യിൽനിന്ന് വാങ്ങുന്ന പച്ചരിയും പുഴക്കലരിയും കുട്ടനാട് റൈസും ഉൾപ്പെടെ 16 ഉല്പന്നങ്ങൾ സബ്സിഡൈസ്ഡ് റേറ്റിൽ നൽകുന്നുണ്ട്. ആ ഉൽപന്നങ്ങൾക്ക് ഒരു കാരണവശാലും ഒരു സന്ദർഭത്തിലും വില വർദ്ധിപ്പിക്കില്ല എന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ നിലപാടാണ് നിത്യോപയോഗ സാധനങ്ങൾക്ക് വില കുറയ്ക്കാൻ സാഹചര്യമൊരുക്കിയതെന്ന കാര്യം ആരും വിസ്മരിക്കരുത്. മാവേലി സ്റ്റോറുകൾക്ക് ബഡ്ജറ്റ് വിഹിതം കുറഞ്ഞു, ധനകാര്യ വകുപ്പ് ചിറ്റമ്മനയം കാണിക്കുന്നു എന്ന വിമർശനം

ശരിയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നീക്കിവച്ച സബ്സിഡി തുക 70 കോടി രൂപയായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യ ക്യാബിനറ്റ് യോഗത്തിൽ തന്നെ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി വർദ്ധിപ്പിക്കുമെന്നതാണ്. ആ യോഗത്തിൽ തന്നെ സബ്സിഡി തുക 70 കോടി രൂപ എന്നത് 150 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചരിത്രത്തിൽ 150 കോടി രൂപയായി സബ്സിഡി തുക വർദ്ധിപ്പിച്ചുകിട്ടുന്നത് ഈ ഗവൺമെന്റിന്റെ കാലത്താണ്. കഴിഞ്ഞ ബഡ്ജറ്റിൽ 150 കോടി രൂപ എന്നത് 200 കോടി രൂപയായി വർദ്ധിപ്പിച്ചു. 200 കോടി രൂപ ലഭിച്ചുവെങ്കിലും 440 കോടി രൂപയുടെ സബ്സിഡി ഉൽപ്പന്നങ്ങൾ ഇതുവരെ വിറ്റഴിച്ചു എന്നതാണ് പ്രത്യേകത.

4.00 PM]

കാര്യമായ വിമർശനം വന്നത് ഉപഭോക്തൃ തർക്ക പരിഹാര ജില്ലാ ഫോറങ്ങളുടെയും സംസ്ഥാന കമ്മീഷന്റെയും പ്രവർത്തനം സംബന്ധിച്ചാണ്. അതിൽ വേക്കൻസികൾ ഉണ്ടാവുകയും നിയമനത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തെങ്കിലും പരാതികൾ ഉയർന്നുവന്നപ്പോൾ നടപടി നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും അത്തരം നടപടികളുമായി മുന്നോട്ടുപോവുകയാണ്. വളരെവേഗം ആ രംഗത്ത് ആവശ്യമായ കാര്യങ്ങൾ ചെയ്യാനും ഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും കഴിയുമെന്നാണ് ഞാൻ കരുതുന്നത്. അതോടൊപ്പം പറയേണ്ട പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങളിൽ ഒന്ന്, പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചുവെന്നുള്ളതാണ്. ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന സംസ്ഥാനമെന്ന നിലയിൽ ഏത് സാഹചര്യത്തിലും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഉണ്ടാകുന്ന സ്ഥിതിയാണ് കണ്ടിട്ടുള്ളത്. ആ സാഹചര്യത്തിൽ മാർക്കറ്റിൽ ഉണ്ടാകുന്ന ഓരോ ചലനങ്ങളും മനസ്സിലാക്കാനും മുൻകൂർ നടപടി സ്വീകരിക്കാനും കഴിയുന്ന സംവിധാനം ഒരുക്കേണ്ടതിന്റെ അടിസ്ഥാനത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രൈസ് മോണിറ്ററിംഗ് സെൽ ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതിനുപുറമേ ട്രൈബൽ ഊരുകളിൽ ചെറുധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുണ്ട്. അരി കൂടാതെ തിന, റാഗി, ചോളം തുടങ്ങിയ ചെറുധാന്യങ്ങൾ ഉപയോഗിക്കുന്ന ഗോത്രവർഗ്ഗ വിഭാഗങ്ങൾ സംസ്ഥാനത്തുണ്ട്. അവരുടെ വിഷമങ്ങൾ കണ്ടറിഞ്ഞ് അവർക്ക് അത്തരം പ്രധാനപ്പെട്ട ധാന്യങ്ങൾ എത്തിക്കാൻ കഴിയുന്ന സംവിധാനമൊരുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

അതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ റേഷൻ കടകളുടെ വിഷയത്തിൽ വളരെ ഗൗരവതരമായ ഇടപെടൽ നടത്താൻ പോവുകയാണ്. കേന്ദ്ര ഗവൺമെന്റ് തരുന്ന പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ് വെട്ടിക്കുറച്ചിരിക്കുകയാണ്. ആ വിഷയങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന് മുമ്പിൽ അതത് സന്ദർഭങ്ങളിൽ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് വ്യത്യസ്തമാണ്. പിന്നെയെന്തിന് റേഷൻ കടയിൽ പോകണമെന്ന ചോദ്യം വളരെ പ്രസക്തമാണ്. പൊതുവിതരണ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായി നിലകൊള്ളുന്ന റേഷൻ കടകൾ ഫലപ്രദമായി പ്രവർത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചേ മതിയാകൂ. അതുകൊണ്ട് റേഷൻ കടകളെ അരിയും ഗോതമ്പും മണ്ണെണ്ണയും മാത്രമല്ല, ജനങ്ങൾ ഉപയോഗിക്കുന്ന അവശ്യസാധനങ്ങൾകൂടി ലഭ്യമാക്കുന്ന കേന്ദ്രങ്ങളാക്കിത്തീർക്കണമെന്ന കാര്യവും നമ്മുടെ മുമ്പിലുണ്ട്. വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് ആ വിഷയത്തെ കാണുന്നത്. റേഷൻ കടകൾ നവീകരിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ റേഷൻ കടകൾക്ക് കുറച്ചുകൂടി സൗകര്യങ്ങളുണ്ടാക്കി ഫർണിഷ് ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങളുമായി മുന്നോട്ടുപോവുകയാണ്. സപ്ലൈകോ ഔട്ട്‌ലെറ്റുകളുടെ കാര്യത്തിലും ഇതുപോലെ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയാണ്. ആതുരാലയങ്ങൾ, കുറഞ്ഞ വരുമാനക്കാർ താമസിക്കുന്ന സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ എന്നിവയ്ക്കുള്ള ഭക്ഷ്യധാന്യ വിതരണം കേന്ദ്ര വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്. എന്നാൽ അത് കൊടുക്കുന്നില്ല. അവർക്കും റേഷൻ കാർഡ് ഏർപ്പെടുത്തി ധാന്യങ്ങൾ ലഭിക്കാനുള്ള അവസരമൊരുക്കണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഫോർട്ടിഫൈഡ് ആട്ടയെക്കുറിച്ചും ആട്ട റേഷൻ കടകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷനിലും വിതരണം ചെയ്യുന്നില്ലെന്നും പറയുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ ജനുവരി മുതൽ മാർച്ച് വരെ ഗോതമ്പ് തന്നിരുന്നില്ലെന്നുള്ളത് എല്ലാവരും അറിയേണ്ട കാര്യമാണ്. അതിനുശേഷം ഗോതമ്പ് ലഭിക്കുകയുണ്ടായി. അതുകൊണ്ട് ടൈഡ് ഓവർ അലോട്ട്മെന്റിൽ കൊടുക്കുന്ന നോൺ സബ്സിഡി വിഭാഗത്തിന്റെ ഗോതമ്പ് ഇപ്രകാരം ഫോർട്ടിഫൈ ചെയ്ത് ആട്ടയാക്കി കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ബാക്കിവരുന്ന ആളുകളുടെ വിഷയം ആവശ്യം കണ്ടറിഞ്ഞ് ഫോർട്ടിഫൈഡ് ആട്ടയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കാമെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്.

ഈ രംഗത്ത് ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ നാട്ടിൽ നിലവിൽ വന്നിട്ടുള്ള ഡയറക്ട് സെല്ലിംഗ് മൾട്ടി ലെവൽ മാർക്കറ്റിംഗ് സംവിധാനമാണ്. സംസ്ഥാനത്ത് 2.9 ബില്ല്യൻ രൂപയുടെ കച്ചവടം ഈ രീതിയിൽ നടക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഡയറക്ട് ഓൺലൈൻ സെല്ലിംഗും മൾട്ടി ലെവൽ മാർക്കറ്റിംഗും നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റ് ഗൈഡ്‌ലൈൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 2025-ൽ 18 മുതൽ 20 ബില്ല്യൻ രൂപയുടെ വിൽപ്പന ഇത്തരത്തിൽ

നടക്കാനുള്ള സാധ്യത ഉണ്ടെന്നാണറിയുന്നത്. അതുകൊണ്ട് ആ രംഗത്ത് ആവശ്യമായ പ്രവർത്തനങ്ങൾ മുൻകൂട്ടി ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവിടെ എല്ലാവരും പറഞ്ഞതുപോലെ ഇന്ത്യയ്ക്ക് മാതൃകയായി നിലകൊണ്ട പൊതുവിതരണ രംഗം എല്ലാ അർത്ഥത്തിലും അതിന്റെ മേന്മ ഉയർത്തിപ്പിടിച്ചുകൊണ്ട് വളരെ ഫലപ്രദമായി, സുതാര്യമായി പ്രവർത്തിക്കുന്ന രംഗങ്ങളാക്കിത്തീർക്കാനുള്ള പരിശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സുതാര്യത ഉറപ്പുവരുത്തി, കാര്യക്ഷമമായ പൊതുവിതരണ രംഗമായി സംസ്ഥാനത്തെ റേഷൻ സംവിധാനവും മാവേലി സ്റ്റോറുകളും മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഈ രംഗത്തെല്ലാം അഴിമതി കൊടികുത്തി വാണിരുന്നതാണെന്ന് നിങ്ങൾക്ക് എല്ലാവർക്കുമറിയാം. ഇവിടെ ചർച്ചയിൽ പങ്കെടുത്ത പല അംഗങ്ങളും അത് ചൂണ്ടിക്കാണിക്കുകയും ചെയ്തതാണ്. കേരളത്തിലെ പൊതുവിതരണ രംഗത്ത്, പ്രത്യേകിച്ച് ധാന്യ വിതരണ രംഗത്ത് റേഷൻ കടകളിൽ വിതരണം ചെയ്യുന്ന ധാന്യങ്ങൾ ഏതാണെങ്കിലും കേന്ദ്രം അലോട്ട് ചെയ്യുന്നതിൽ വളരെ ചെറിയൊരു ഭാഗം മാത്രമാണ് ജനങ്ങളിലേയ്ക്ക് എത്തിക്കൊണ്ടിരുന്നത് എന്നുള്ളതാണ് വസ്തുത. ആ സ്ഥാനത്ത് ഗവൺമെന്റ് എന്ത് നിശ്ചയിക്കുന്നുവോ അതിൽ ഒരു വ്യത്യാസവുമില്ലാതെ ജനങ്ങളിലേയ്ക്ക് എത്തുന്ന സംവിധാനത്തിലേയ്ക്കാണ് നാം പോകുന്നത്. അഴിമതിയോട് ഒരു വിട്ടുവീഴ്ചയുമില്ലാത്ത ഈ ഗവൺമെന്റിന്റെ നടപടി ഈ രംഗത്തും ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് എല്ലാ അംഗങ്ങളുടെയും പിന്തുണ ഉണ്ടാകണമെന്നും ഈ ധനാഭ്യർത്ഥന അംഗീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ പാറക്കൽ അബ്ദുല്ല, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, കെ. സി. ജോസഫ്, മോൻസ് ജോസഫ്, അബ്ദുൽ ഹമീദ്. പി., എൻ. ഷംസുദ്ദീൻ, പി. ബി. അബ്ദുൽ റസ്സാക്ക്, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, ടി. എ. അഹമ്മദ് കബീർ, എം. ഉമ്മർ, റോജി എം. ജോൺ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി

24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ് കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. കാരാട്ട് റസാഖ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. മഞ്ഞളാംകുഴി അലി

6. ശ്രീ. അനിൽ അക്കര

7. ശ്രീ. എ. പി. അനിൽ കുമാർ

8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

10. ശ്രീ. വി. ടി. ബൽറാം

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് കുന്നപ്പിള്ളി

13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ശ്രീ. കെ. സി. ജോസഫ്

16. ശ്രീ. സി. മമ്മൂട്ടി

17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ

19. ശ്രീ. കെ. മുരളീധരൻ

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്.

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>:

ശ്രീ. പി. സി. ജോർജ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 77 |
| പ്രതികൂലിക്കുന്നവർ | : | 32 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | 1 |

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: സർവ്വശ്രീ വി. പി. സജീന്ദ്രൻ, എ. പി. അനിൽ കുമാർ, എൻ. എ. നെല്ലിക്കുന്ന്, സണ്ണി ജോസഫ്, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി., ടി. എ. അഹമ്മദ് കബീർ, കെ. എസ്. ശബരീനാഥൻ, അനൂപ് ജേക്കബ്, മോൻസ് ജോസഫ്, പാറക്കൽ അബ്ദുല്ല, ഹൈബി ഈഡൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എം. ഉമ്മർ, പി. ബി. അബ്ദുൽ റസ്സാക്ക്, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ

15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. എം. നൗഷാദ്

39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ്കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

53. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

54. ശ്രീ. മുല്ലക്കര രത്നാകരൻ

55. പ്രൊഫ. സി. രവീന്ദ്രനാഥ്

56. ശ്രീ. കാരാട്ട് റസാഖ്

57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. സി. കെ. ശശീന്ദ്രൻ

60. ശ്രീ. പി. കെ. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് കുന്നപ്പിള്ളി
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. കെ. സി. ജോസഫ്
16. ശ്രീ. സി. മമ്മൂട്ടി
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ : 77

പ്രതികൂലിക്കുന്നവർ : 32

നിഷ്പക്ഷത പാലിക്കുന്നവർ : 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## X അറിയിപ്പ്

### ചിത്രപ്രദർശനം

<u>മി. സ്പീക്കർ</u>: ഇടുക്കി ജില്ലയിലെ രാജാക്കാട് ഗവൺമെന്റ് ഹൈസ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥിനി കുമാരി റോസ് മരിയ സെബാസ്റ്റ്യൻ വരച്ച ബഹുമാന്യരായ ഗവർണർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, നിയമസഭാ സാമാജികർ എന്നിവരുടെ ചിത്രങ്ങളുടെ ഒരു പ്രദർശനം 2017 മേയ് 10-ാം തീയതി ബുധനാഴ്ച രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ നിയമസഭാ മന്ദിരത്തിലെ മെമ്പേഴ്സ് ലോഞ്ചിൽ നടക്കുകയാണ്. സഭാസമ്മേളനത്തിനു ശേഷം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രസ്തുത പ്രദർശനം വീക്ഷിക്കാവുന്നതാണ്.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.)